മാത്യൂസ് മാർ ബർണബാസ്

കുരിശിന്റെ വഴിയിലെ ഇതിഹാസം

(Malayalam)

Kurisinte Vazhiyile Ithihasam
(Epic in the way of the Cross)

Vision & Mission of
Mathews Mar Barnabas Metropolitan (1924-2012).

Editor:
Fr. John Thomas Karingattil

Compiled by Joice Thottackad & Bibin Kuriakose

First Published: Jan. 17, 2013

Published by Joice Thottackad on behalf of **Sophia Books** (IInd Floor, Kandathil Bldg, Thirunakkara, Kottayam) for the glory of God and for the benefit of humankind.
Cover Design,
Typesetting & Printing: Sophia Print House, Kottayam

Rs. 125/-

മാത്യൂസ് മാർ ബർണബാസ്

കുരിശിന്റെ വഴിയിലെ ഇതിഹാസം

എഡിറ്റർ

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

SOPHIA BOOKS

സോഫിയാ ബുക്സ്

കോട്ടയം

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

MA (മലയാളം), M.Th. (കമ്മ്യൂണിക്കേഷൻ), M.Phil. (സാമൂഹിക ശാസ്ത്രം). മദ്രാസ് ക്രിസ്ത്യൻ കോളജിൽനിന്നും ജേർണലിസം. മലയാള മനോരമയിൽ പത്രപ്രവർത്തനത്തിൽ പ്രായോഗിക പരിശീലനം. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ "ഇന്ത്യൻ മാധ്യമങ്ങളിലെ സാംസ്കാരിക അധീശത്വം" എന്ന വിഷയത്തിൽ Ph.D. ഗവേഷണം പൂർത്തിയാക്കി. കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ 1995 മുതൽ 'കമ്മ്യൂണിക്കേഷൻ' വിഭാഗത്തിൽ അദ്ധ്യാപകൻ. 2012 മുതൽ മലങ്കരസഭാ മാസികയുടെ ചീഫ് എഡിറ്റർ.

കൃതികൾ: മലങ്കരസഭയുടെ യുഗശില്പി, മൗനത്തിന്റെ പ്രകാശം, പരുമല തിരുമേനി മലയാള സാഹിത്യത്തിൽ, എന്റെ മുഖം അന്വേഷിപ്പിൻ, സഭയും സംവേദനവും, പ്രസംഗപീഠത്തിലെ സുവർണ്ണ നാവുകൾ, മലങ്കരയുടെ സൗമ്യതേജസ്സ് (എഡി.), സഭയും സ്ത്രീകളും (എഡി.), സ്നേഹ സംവേദനം, കുരിശിന്റെ വഴിയിലെ ഇതിഹാസം (എഡി.).

ഭാര്യ : അഡ്വ. ജെയ്സി കരിങ്ങാട്ടിൽ. മക്കൾ: ബോധിഷ്, ബോധിഷ.
വിലാസം: കരിങ്ങാട്ടിൽ, പന്തളം, 689501
Ph.: 94471 41639
karingattilachan@gmail.com
www.frkaringattil.com



"നമുക്ക് എപ്പോഴും ഓർക്കുവാനുള്ളത്, ദൈവത്തെപ്പോലെ ആയിത്തീരുക എന്നുള്ളതാണ്. ലോകത്തിൽ നമുക്ക് പലതും ചെയ്യുവാനുണ്ട്. ദൈവത്തെപ്പോലെയുള്ള സ്നേഹം, ദൈവത്തെപ്പോലെയുള്ള വിനയം, ദൈവത്തെപ്പോലെയുള്ള സർവ്വസ്വവും നേടണം. അതിൽ കവിഞ്ഞ് ഒന്നുമില്ല."

– മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

ആമുഖം

"ക്രിസ്തുശിഷ്യത്വം ക്രൂശിക്കപ്പെടുവാനുള്ളതാണ്.
ഭൗതികമായ സർവ്വതും ക്രൂശിക്കപ്പെടണം.
ക്രിസ്തുവിനെ അനുഗമിച്ചാൽ ഭൗതിക
സമ്പാദ്യങ്ങളെ വെറുക്കും; ആഢംബരങ്ങളേയും....
പട്ടിണിയുടെയും പീഡനത്തിന്റെയും മദ്ധ്യത്തിൽ
ക്രിസ്തുസാന്നിധ്യം തിരിച്ചറിയുമ്പോഴാണ്
കുരിശിന്റെ ശിഷ്യത്വം യാഥാർത്ഥ്യമാകുന്നത്."

ഡീട്രീച്ച് ബോൺഹോഫർ (1906–1945)

മലങ്കര ഓർത്തഡോക്സ് സഭയുടെ അങ്കമാലി, കോട്ടയം, ഇടുക്കി അമേരിക്ക ഭദ്രാസനങ്ങളിൽ വിവിധ കാലഘട്ടങ്ങളിലായി 33 വർഷത്തിലധികം ഫലപ്രദമായ ഇടയശുശ്രൂഷ നിർവ്വഹിച്ച അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ (1924–2012) ജീവിതവും സാക്ഷ്യവും വെളിപ്പെടുത്തുന്ന കൃതിയാണ് 'കുരിശിന്റെ വഴിയിലെ ഇതിഹാസം.'

ഇടയപരിപാലനത്തിൽ ലഭ്യമായ അധികാരവും സമൃദ്ധമായ അമേരിക്കൻ സംസ്കാരത്തിലെ ജീവിതസുഖവും സമ്പാദിച്ച മുഴുവൻ പണവും ഉപേക്ഷിച്ച് ക്രിസ്തുമാർഗ്ഗം പകർന്ന പരിത്യാഗിയുടെ ജീവിതം അനസ്യൂതമായ പ്രത്യാശയുടെ ഊർജ്ജപ്രവാഹമാണ്.

'മെത്രാപ്പോലീത്തായ്ക്ക് സ്വർണ്ണവടിയും സ്വർണ്ണ സ്ലീബായും ആവശ്യമില്ല. ലളിതജീവിതമാണ് ആവശ്യം. അതിനാൽ തടി കൊണ്ടുള്ള വടിയും സ്ലീബായും കാവിവസ്ത്രവും മതി' എന്നു പ്രഖ്യാപിച്ച മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ വളർത്തിയെടുത്തത് ഇടയപരിപാലനത്തിന്റെ ബദൽ മാതൃകയാണ്. വ്യതിരിക്തവും നിർഭയത്വവുമായ ആ വ്യക്തിത്വം ലാളിത്യം, നിഷ്കളങ്കത, കൃത്യനിഷ്ഠ, സാന്ത്വനം എന്നിവ പങ്കിട്ടു. പ്രാർത്ഥനയും ജീവിതവിശുദ്ധിയും ശുശ്രൂഷയിൽ നിറച്ച ഈ ജ്ഞാനയോഗി പ്രതിസംസ്കാരത്തിന്റെ മാതൃകയാണ്. അത് സഹനത്തിന്റെയും പ്രത്യാശയുടെയും മാർഗ്ഗമാണ്.

'ഇനിയുള്ള ശിഷ്ടായുസ്സ് രോഗങ്ങളും കഷ്ടതകളും ഉള്ളവരോട് ഒപ്പം പ്രവർത്തിക്കണം. അവർക്ക് എന്റെ സാന്നിധ്യം ഉണ്ടാകണം' എന്ന ദൃഢലക്ഷ്യത്തോടെയാണ് 2011 മെയ് അന്ത്യത്തോടെ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ കേരളത്തിൽ എത്തിയത്.

കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ പത്തു മാസ

MalankaraorthodoxTV

ത്തോളം താമസിച്ചു. തുടർന്ന് പെരുമ്പാവൂർ സാഞ്ചോ ആശുപത്രിയിലും. പിന്നീട് മാതൃദേവാലയമായ വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ രണ്ടാഴ്ചയും ജന്മഗൃഹമായ തോമ്പ്ര കല്ല റയ്ക്കപറമ്പിൽ ഹ്രസ്വനാളും താമസിച്ചു. അതേതുടർന്ന് കോട്ടയം ഭദ്രാ സനാധിപൻ അഭിവന്ദ്യ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോ ലീത്തായുടെ നിർദ്ദേശപ്രകാരം 2012 ഏപ്രിൽ 20 വെള്ളിയാഴ്ച മുതൽ പാമ്പാടി ദയറായിൽ താമസമാക്കി.

പ്രശാന്തമായ പാമ്പാടി ദയറായിൽ താമസിച്ച് കോട്ടയം ഭദ്രാസന ത്തിന്റെ വിവിധ പള്ളികളിലും ആതുരസേവന കേന്ദ്രങ്ങളിലും ആശുപ ത്രികളിലുമായി ഇടയശുശ്രൂഷ നിർവ്വഹിച്ചു. പാമ്പാടിയിൽ വന്നതു മുതൽ തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിലെ ചികിത്സയിലായിരുന്നു. ചില ആഴ്ചകളിൽ ആശുപത്രിയിൽ താമസിക്കും. അല്പം സൗഖ്യം തോന്നു മ്പോൾ പാമ്പാടിക്ക് മടങ്ങും. കഴിഞ്ഞ ഡിസംബർ 8-ന് പുഷ്പഗിരി ആശു പത്രിയിൽ പ്രവേശിപ്പിച്ച അദ്ദേഹം ഹൃദയാഘാതത്തെ തുടർന്ന് ഡിസം ബർ 9-ന് പുലർച്ചെ 2.30-ന് കാലം ചെയ്തു. ഭൗതികശരീരം പാമ്പാടി ദയറായിൽ പൊതുദർശനത്തിനു വച്ചു. പഴയസെമിനാരി, കോലഞ്ചേരി വഴി വിലാപയാത്രയായി ഭൗതികശരീരം മാതൃദേവാലയമായ വളയൻചി റങ്ങരയിൽ എത്തിച്ചു. ഡിസംബർ 12-ന് 12 മണിക്ക് കബറടക്കി.

II

അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ എൺപത്തി യെട്ടാം ജന്മദിനം ആഘോഷിക്കുവാനായി 2012 ഓഗസ്റ്റ് 9-ന് ഞങ്ങൾ പാമ്പാടിയിൽ എത്തിയത് അദ്ദേഹത്തെക്കുറിച്ചുള്ള ഒരു ഹ്രസ്വചലച്ചി ത്രവുമായാണ്. അത് കമ്പ്യൂട്ടറിലൂടെ കണ്ടു. 'കൊള്ളാം' എന്നു പറ ഞ്ഞു. അതിൽ സന്തോഷിച്ചു. ആത്മകഥ ഒന്നു കൂടി എഡിറ്റു ചെയ്തു പ്രസിദ്ധീകരിക്കണമെന്നും വി. കുർബ്ബാനയെക്കുറിച്ചുള്ള പഠനം പുന ഃപ്രസിദ്ധീകരിക്കണമെന്നും ആഗ്രഹം പ്രകടിപ്പിച്ചു. തിരക്കിൽ രണ്ടും സാധ്യമായില്ല.

മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ ആഗ്രഹം ഒരു പരിധി വരെ ഇവിടെ സഫലമാകുകയാണ്. പ്രശസ്ത മാധ്യമപ്രവർത്തകനും യുവഗവേഷകനുമായ ജോയ്സ് തോട്ടയ്ക്കാടിന്റെ കഠിനാദ്ധ്വാനം കൊണ്ട് ഹ്രസ്വനാളിനുള്ളിൽ 'കുരിശിന്റെ വഴിയിലെ ഇതിഹാസം' യാഥാർത്ഥ്യ മായി.

രണ്ടു ഭാഗങ്ങളിലായി മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീ ത്തായുടെ ജീവിതത്തിന്റെ പ്രകാശം അക്ഷരങ്ങളിലൂടെ ഇതൾ വിരിയു കയാണ്. ആദ്യ ഭാഗം യാതൊരുവിധ എഡിറ്റിങ്ങും കൂടാതെ 'ദൈവ

Malankaraorthodox.TV

ത്തിന്റെ കൃപ' എന്ന മാത്യൂസ് മാർ ബർണബാസിന്റെ ആത്മകഥയാണ്. രണ്ടാം ഭാഗത്ത് മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ ജീവിതത്തെ തൊട്ടറിയുന്ന ആത്മീയ അനുഭവങ്ങളാണ്.

ഈ കൃതിയുടെ പ്രകാശനത്തിന് കൃപചൊരിഞ്ഞ ദൈവത്തെ സ്തുതിക്കുന്നു. രചനകൾ നൽകിയ അഭിവന്ദ്യരായ പിതാക്കന്മാരോടും വന്ദ്യരായ ഗുരുക്കന്മാരോടും സ്നേഹിതരോടും നന്ദി പ്രകാശിപ്പിക്കുന്നു. ലേഖനങ്ങൾ സമാഹരിക്കുന്നതിന് നേതൃത്വം വഹിച്ചത് അഭിവന്ദ്യ ബർണബാസ് തിരുമേനിയെ കേരളത്തിൽ വന്നതു മുതൽ ശുശ്രൂഷിച്ച ബിബിൻ കുറിയാക്കോസാണ്. പ്രത്യേകമായ നന്ദി. ഇതിലെ പല ലേഖനങ്ങളും *ഓർത്തഡോക്സ് ടി. വി.* യിലും *മലങ്കര ഓർത്തഡോക്സ് ടി. വി.* യിലും വന്ന പ്രഭാഷണങ്ങളാണ്. അവ ലേഖനരൂപത്തിൽ ക്രോഡീകരിച്ചതിൽ അക്ഷീണം യത്നിച്ചത് ഈ ഗ്രന്ഥത്തിന്റെ പ്രസാധകനായ ജോയ്സ് തോട്ടയ്ക്കാടാണ്. പ്രതിഫലേച്ഛ കൂടാതെയുള്ള നിസ്വാർത്ഥമായ അദ്ദേഹത്തിന്റെ സേവനമാണ് *മലങ്കര ഓർത്തഡോക്സ് ടെലിവിഷൻ.* ഇത് മലങ്കരസഭയുടെ ആഗോളതലത്തിലുള്ള ജനകീയ മാധ്യമമായി വളർന്നു.

മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ ആത്മകഥയുടെ പേര് 'ദൈവത്തിന്റെ കൃപ' എന്നാണ്. ഈ കൃതി നാല്പതു ദിവസത്തിനുള്ളിൽ പ്രസിദ്ധീകൃതമാകുന്നതും 'ദൈവത്തിന്റെ കൃപ' എന്നു മാത്രം തിരിച്ചറിയുന്നു. ഈ കൃതിയുടെ അകത്തും പുറത്തും പ്രകാശം പകർന്ന എല്ലാവരോടും ഹൃദയപൂർവ്വമായ നന്ദി സമർപ്പിച്ച് ആദരപൂർവ്വം വായനാസമക്ഷം ഈ കൃതി സമർപ്പിക്കുന്നു.

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

ബോധി, പന്തളം
15-1-2013

Malankaraorthodox.TV

അവതാരിക

ഒരു വിശുദ്ധൻ ഹൃദയങ്ങളിൽ ജനിക്കുന്നു

സമീപകാല മലങ്കര ഓർത്തഡോക്സ് സഭാചരിത്രത്തിൽ നിസ്തുലശോഭ പരത്തി ശാന്തിതീരമടഞ്ഞ പിതാവാണ് മാത്യൂസ് മാർ ബർണബാസ് തിരുമേനി. വൈദികസെമിനാരിയിലെ അധ്യാപകനും വാർഡനുമായിട്ടാണ് അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ ചുരുളഴിയുന്നത്.

സെമിനാരിയിൽ ഞാൻ പഠിക്കുവാൻ ചേർന്നത് ആയിരത്തിത്തൊള്ളായിരത്തിഅറുപത്തിഒമ്പതിലാണ്. അന്ന് ഞങ്ങളുടെ വാർഡൻ കെ. കെ. മാത്യൂസ് അച്ചനായിരുന്നു (പുണ്യസ്മരണാർഹനായ ബർണബാസ് തിരുമേനി). ഗ്രീക്കും, സഭാചരിത്രവുമാണ് അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചത്. ഡിസിപ്ലിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലെങ്കിലും, ഞങ്ങൾക്ക് അച്ചന്റെയടുക്കൽ കുമ്പസാരിക്കാനും, വ്യക്തിപരമായ പ്രശ്നങ്ങൾ പറയുവാനും ഒത്തിരി സ്വാതന്ത്ര്യമുണ്ടായിരുന്നു.

എന്റെ മാതാവിന് അക്കാലത്ത് കൂടെക്കൂടെ വയറ്റിൽ കഠിനമായ വേദന ഉണ്ടാകുമായിരുന്നു. കോട്ടയം മെഡിക്കൽ കോളജിലെ പ്രഗത്ഭരായ ഡോക്ടറന്മാരുടെ കൂട്ടത്തിൽ എന്റെ നാട്ടുകാരനെങ്കിലും കോട്ടയത്ത് താമസിച്ചിരുന്ന ഡോക്ടർ ജോർജ് ജേക്കബും ഉണ്ടായിരുന്നു. അദ്ദേഹത്തെ എനിക്ക് വലിയ പരിചയം ഇല്ലായിരുന്നുവെങ്കിലും, പൊതുവെ സേവനസന്നദ്ധനായ ഡോക്ടറെ മാത്യൂസ് അച്ചന് പരിചയമായിരുന്നു. അമ്മയുടെ കാര്യം അച്ചനോട് പറഞ്ഞപ്പോൾ അച്ചൻ തന്നെ പറഞ്ഞത് എന്നെ അതിശയിപ്പിച്ചു: "ഞാൻ വീട്ടിൽ വരാം. അമ്മയെ കണ്ടിട്ട്, ആവശ്യമെങ്കിൽ ഒരു വണ്ടി പിടിച്ച് കോട്ടയത്ത് ഡോക്ടറുടെ അടുത്തുകൊണ്ടുപോകാം." ബഹു. അച്ചൻ ബസിൽ കയറി ഞങ്ങളുടെ വീട്ടിൽ വന്ന് അമ്മയെ കണ്ടു. ഉടനെതന്നെ, കോട്ടയത്തിന് ഞങ്ങൾ ഒരു വണ്ടി പിടിച്ച് അമ്മയെ ഡോക്ടർ ജോർജ്ജ് ജേക്കബിന്റെ അടുക്കൽ കൊണ്ടുപോയി. അതെത്തുടർന്ന് കോട്ടയം മെഡിക്കൽ കോളജിലെ മെഡിസിൻ വിഭാഗം ഡോക്ടറുടെ ചികിത്സയിൽ രണ്ടാഴ്ചയോളം അമ്മ കഴിഞ്ഞു, സുഖം പ്രാപിച്ചു തിരിച്ചുപോന്നു. ഈ ശിഷ്യനെ ഇത്രമാത്രം കരുതിയ ഗുരുവിനെക്കുറിച്ചുള്ള ആദ്യ സ്മരണകളിൽ ഒന്നാണിത്. അദ്ദേഹം സെമിനാരിയിൽ നിന്ന് മാറിക്കഴിഞ്ഞും ജന്മദിനങ്ങളിൽ കൃത്യമായി അയയ്ക്കുമായിരുന്ന ആശംസാകത്തുകളിൽ, ദൈവവചനത്തിൽ നിന്ന് തെരഞ്ഞെടുത്തു ചേർത്ത ഭാഗങ്ങൾ ആവേശം പകരുമായിരുന്നു.

Malankaraorthodox.TV

ഇടുക്കിയിലോ, അമേരിക്കയിലോ എവിടെയായിരുന്നാലും, കോട്ടയത്തു വരുമ്പോൾ സെമിനാരിയിലായിരിക്കും താമസം. പ്രഭാതപ്രാർത്ഥനയ്ക്കുശേഷം ഞങ്ങളൊക്കെ താമസിക്കുന്നിടത്ത് വന്ന് ക്ഷേമാന്വേഷണം നടത്തും. പ്രാർത്ഥനയുടെ ഒടുവിൽ വീടിന്റെ കട്ട്ളയിൽ റൂശ്മാ ചെയ്യുക പതിവായിരുന്നു. അദ്ദേഹം പുതിയത് എന്തെഴുതിയാലും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് എളിയവനായ എനിക്ക് കൊടുത്തയക്കുമായിരുന്നു. ഇങ്ങനെ നിരവധി കാര്യങ്ങളുണ്ട് തിരുമേനിയെക്കുറിച്ച് എനിക്കും എന്റെ സഹപാഠികൾക്കും ഓർമ്മിക്കുവാൻ.

“സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കാപട്യമില്ല” എന്ന് യേശുതമ്പുരാൻ നഥനയേലിനെക്കുറിച്ച് പറഞ്ഞ വാക്കുകൾ കൂടുതൽ മനസ്സിലാക്കണമെങ്കിൽ, നഥനയേൽ ബർണബാസ് തിരുമേനിയെപ്പോലെ ആയിരുന്നുവെന്നു പറഞ്ഞാൽ മതി.

പേരിൽ എന്തു കാര്യം എന്നു ചോദിക്കാമെങ്കിലും, ബർണബാസ് തിരുമേനിക്ക് ആ പേരുണ്ടായിരുന്നതിൽ അല്പം കാര്യം ഉണ്ടെന്നു പറയാതിരിക്കാൻ വയ്യ. ഒന്ന്, “ബർണബാസ്” എന്ന പേരിന്റെ അർത്ഥം, “പ്രബോധനപുത്രൻ” (അപ്പോ. പ്ര. 4:36) എന്നാണ്. ആ അർത്ഥസൂചന ബർണബാസ് തിരുമേനിയുടെ വ്യക്തിത്വത്തെ പൂർണ്ണമായും വരച്ചുകാട്ടി. ക്രിസ്തീയ പ്രബോധനം അതർഹിക്കുന്നവിധത്തിൽ സ്വീകരിച്ചു ജീവിച്ച മാതാപിതാക്കളുടെ മകനായിട്ടുതന്നെ 1924 ആഗസ്റ്റ് 9-ന് അദ്ദേഹം ജനിച്ചു. പെരുമ്പാവൂർ, തുരുത്തിപ്ലി, തോമ്പ്ര കല്ലറയ്ക്കപ്പറമ്പിൽ കെ. പി. കൊറളയുടെയും മറിയാമ്മയുടെയും ഒമ്പതു മക്കളിൽ ഇളയവരായി ജനിച്ച ഇരട്ടകളിൽ ഒരുവനായ മാത്തുക്കുട്ടിക്ക് “പ്രബോധനം” പണ്ടേ ഇഷ്ടമായിരുന്നു. പഠിക്കുവാൻ സമർത്ഥനും, നോമ്പിന്റെയും പരമാർത്ഥതയുടെയും പ്രബോധനം അമ്മയപ്പന്മാരിൽ നിന്ന് സ്വീകരിച്ചവനുമായി പ്രബോധനപുത്രൻ വളർന്നുവന്നു.

രണ്ട്, പുതിയനിയമത്തിലെ ബർണബാസ് സമ്പൂർണ്ണ സമർപ്പണത്തിന്റെ വ്യക്തിത്വമായിരുന്നു. അപ്പോസ്തോലന്മാരുടെ കാൽക്കൽ വച്ചത് സമ്പാദ്യം മുഴുവനും ആയിരുന്നു (അപ്പോ. പ്ര. 4:37). ബർണബാസ് തിരുമേനിക്കും സ്വകാര്യതയുടെ “അജണ്ട” ഒന്നുമില്ലായിരുന്നു; എല്ലാം ദൈവത്തിനുവേണ്ടി, സഭയ്ക്കുവേണ്ടി. *മൂന്ന്,* ബർണബാസ്, പൗലൂസ് ശ്ലീഹായെ സഭയ്ക്ക് പ്രയോജനപ്പെടുത്തിയ വ്യക്തിത്വമാണ് (അപ്പോ. പ്ര. 9:27). ബർണബാസ് തിരുമേനി, സഭാജീവിതത്തിലേക്ക് പ്രയോജനപ്പെടുത്തിയവർ അനേകരുണ്ട്. ഏറ്റവും ഒടുവിലായി അമേരിക്കയിലെ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ പല കുട്ടികളും സഭാസേവനത്തിനായി സമർപ്പിച്ചിരിക്കുന്നതിന്റെ ചാലകശക്തി ബർണബാസ് “തിരുമേനി അപ്പച്ച”നാണ്.

നാല്, "ബർണബാസ്' ചതുർഗുണ സമ്മേളനമായിരുന്നു; "അവൻ നല്ല മനുഷ്യനും, പരിശുദ്ധാത്മാവിനാലും, വിശ്വാസത്താലും നിറഞ്ഞവനും ആയിരുന്നു. വളരെ പുരുഷാരം കർത്താവിനോടു ചേർന്നു" (അപ്പോ. പ്ര. 11:24). നല്ല മനുഷ്യനാകുക, പരിശുദ്ധാത്മാവിൽ നിറയുക; വിശ്വാസത്തിൽ നിറയുക; കർത്താവിനോട് ആളുകളെ ചേർക്കുക – ഈ നാലു നന്മകൾ തന്നെ ബർണബാസ് തിരുമേനിയുടെയും മുഖമുദ്രകളായിരുന്നു. *അഞ്ച്,* ബർണബാസ് യഹൂദ്യയിലെ ക്ഷാമത്തിന് അന്ത്യോഖ്യയിലെ ശിഷ്യരുടെ സഹായം എത്തിച്ച സേവകനായിരുന്നു (അപ്പോ. പ്ര. 11:27–30). കെ. കെ. മാത്യൂസച്ചനായിരുന്നപ്പോൾ മുതൽ ബർണബാസ് തിരുമേനിയുടെ പ്രധാന പ്രബോധന വിഷയവും, പ്രവർത്തന മാതൃകയും, ക്രിസ്തീയകാര്യവിചാരകത്വവും ദശാംശദാനവുമായിരുന്നു. *ആറ്,* സഭ ഏല്പിക്കുന്ന ഏതു പുതിയ ദൗത്യത്തെയും ശിരസാവഹിച്ച വ്യക്തിത്വമായിരുന്നു ബർണബാസിന്റേത് (അപ്പോ. പ്ര. 13:1–3). ബർണബാസ് തിരുമേനിയുടെ ജീവിതം ഒന്നിനു പുറകെ ഒന്നായി, പുതിയ നിയോഗങ്ങളുടെ നിഷ്ക്കാമ നിർവ്വഹണമായിരുന്നു; ഇടവകപ്പട്ടക്കാരൻ, ആശുപത്രി ചാപ്ലെയിൻ, സെമിനാരി അധ്യാപകനും വാർഡനും, പിന്നോക്ക ഭദ്രാസനത്തിന്റെ മെത്രാൻ, മുന്നോക്ക ഭദ്രാസനത്തിന്റെ മെത്രാൻ ഇങ്ങനെയൊക്കെയുള്ള ദൗത്യങ്ങൾ ഭംഗിയായി നിറവേറ്റി. *ഏഴ്,* പിന്മാറ്റക്കാരനെ വീണ്ടും സ്വീകരിച്ച് സഭയ്ക്ക് ആദായപ്പെടുത്തുവാൻ, ബർണബാസ്, യോഹന്നാനുവേണ്ടി അല്പം കാർക്കശ്യം കൂടി പ്രദർശിപ്പിച്ചു (അപ്പോ. പ്ര. 15:36–38). ബർണബാസ് തിരുമേനിക്ക് ആരോടും നീണ്ടുനിൽക്കുന്ന അപ്രീതി ഉണ്ടായിരുന്നില്ല. മടങ്ങിവരുന്നവരെ ആർദ്രതയോടെ സ്വീകരിച്ചു സഹായിച്ച ചരിത്രങ്ങൾ ചില വൈദികരുടെപോലും ജീവിതങ്ങളോട് ബന്ധപ്പെട്ട വസ്തുതയാണ്.

പുതിയനിയമത്തിലെ ബർണബാസിന്റെ പേരിലും, പ്രവർത്തനശൈലിയിലും ബർണബാസ് തിരുമേനിക്ക് സമാനതകൾ ഉണ്ടെങ്കിലും, ആ വ്യക്തിത്വം ഒന്നു വേറിട്ട വ്യക്തിത്വമായിരുന്നു. ഇടുക്കിയിലെ ഇടയശൈലി എങ്ങനെ അമേരിക്കയിൽ വിലപ്പോകും എന്നു സംശയിച്ചവർ പലരുമുണ്ടായിരുന്നു. പക്ഷേ, ആളെ ആശ്രയിച്ചിരിക്കും ശൈലിയുടെ ശേലെന്നു തെളിയിച്ചു ബർണബാസ് തിരുമേനി. എന്തിനേറെ, ദൈവകൃപ സ്വയം കാണുവാനും മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാനും തനതായ ശൈലിയിലൂടെ "പ്രബോധനപുത്രനു" കഴിഞ്ഞു. പള്ളികളിൽ സമാധാനം; ഭദ്രാസനത്തിന് അഭിമാനാർഹമായ കേന്ദ്രം; ഒരു പുതിയ ഭദ്രാസനം കൂടി രൂപപ്പെട്ടു; ദൈവവിളി തിരിച്ചറിഞ്ഞ അമേരിക്കൻ യുവജനങ്ങളുടെ ഒരു നിര. അമേരിക്കയിൽ തനിക്കു ലഭിച്ചതു മുഴുവൻ രണ്ടു ഭദ്രാസനങ്ങൾക്കുമായി വീതിച്ചുനൽകി, യാത്രയിൽ ഏറിയ ഭാരമെല്ലാം ഇറക്കിവച്ച ആശ്വാസത്തോടെ, ആ തീർത്ഥാടകൻ നിസ്സംഗതയോടെ മടങ്ങി.

Malankaraorthodox.TV

തന്റെ ഭക്തന്മാരെ കാക്കുന്ന ദൈവം, ബർണബാസ് തിരുമേനിയെക്കുറിച്ച് പ്രത്യേകമായി കരുതുവാൻ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയിലൂടെ പ്രവർത്തിച്ചു. ഊർജ്ജസ്വലതയോടെ ഓടിനടക്കുവാൻ ആത്മശരീരമനസ്സുകളുടെ ഒരു രണ്ടാമൂഴം കൂടി ഒരുക്കപ്പെട്ടു. അവസാനം ആ വേർപാടിന്റെ ശാന്തിസൗരഭ്യം ഹൃദയങ്ങളിൽ ഏറ്റുവാങ്ങിയവർ പലരും ഏഴാം കടലിനക്കരെ നിന്നും ഓടിയെത്തി നടത്തിയത് ഒരു രാജകീയ യാത്രാവന്ദനം! ഇതൊക്കെ കൂടി ചേർത്തുവായിക്കുമ്പോൾ, അതുല്യതയുടെ ഒരു ജീവിതചിത്രത്തിന് അനശ്വരശോഭ തെളിയുന്നു; ഇവിടെ ഒരു വിശുദ്ധൻ ഹൃദയങ്ങളിൽ ജനിക്കുന്നു.

ആ വിസ്മയത്തിന് സാക്ഷികളായ പലരും തങ്ങളുടെ തൂലിക ചലിപ്പിച്ചപ്പോൾ ഈ സ്മരണാപത്രം രൂപം പ്രാപിച്ചു. സമാരാധ്യരും, സുമനസ്സുകളും അണിയിച്ചൊരുക്കിയ ഈ സ്നേഹത്തിന്റെ വിതുമ്പൽ, വന്ദ്യപിതാവിന്റെ ധന്യസ്മരണയുടെ പ്രതിസ്പന്ദനമാണ്.

നേതൃത്വത്തിന്റെ ഒരു തലമുറ ഇവിടെ വിടപറയുമ്പോൾ, ഒരു പുതിയ ചോദ്യം പലരും ചോദിക്കുന്നു. നന്മയുടെ ആ ദീപ്തി ആത്മാവിലേക്ക് ആവാഹിച്ച ഒരു പുതിയ നിരയുടെ ചുവടുകളുടെ ശബ്ദമെങ്ങാനും അന്തരീക്ഷത്തിൽ കേൾക്കാനുണ്ടോ? ഉണ്ട് എന്ന് പറയുന്നവർക്കായി, അതിന് തെളിവുകൾ നൽകുവാനാഗ്രഹിക്കുന്നവർക്കായി, ഈ ഗ്രന്ഥം അവതരിക്കപ്പെടുന്നു. പുതിയ പ്രബോധനപുത്രന്മാർക്കും പ്രബോധനപുത്രിമാർക്കും, ഈ സ്മരണാപത്രത്തിന്റെ താളുകൾ വിരിയുന്നു.

ഫാ. ഡോ. ജേക്കബ് കുര്യൻ
(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി)

കോട്ടയം
നാല്പതാം ചരമദിനം (ജനു. 17, 2013)

MalankaraOrthodox.TV

പ്രസാധകക്കുറിപ്പ്

അഭിവന്ദ്യനായ മാത്യൂസ് മാർ ബർണബാസ് തിരുമേനി നമ്മിൽ നിന്ന് വാങ്ങിപ്പോയിട്ട് നാല്പതു നാൾ ആകുന്നു. മലങ്കരസഭയ്ക്ക് ദീർഘകാലം ഇടയപരിപാലനം സ്തുത്യർഹമായി നിർവ്വഹിച്ച ഇടയശ്രേഷ്ഠനാണ് അദ്ദേഹം.

വൈദികസെമിനാരിയിലെ രണ്ടാം വർഷ വിദ്യാർത്ഥിയായി ഞാൻ 1967–ൽ പഠിക്കുന്ന കാലത്താണ് അദ്ദേഹം സെമിനാരി അദ്ധ്യാപകനായി വന്നത്. ഗ്രീക്ക്, പാസ്റ്ററൽ കൗൺസലിങ്ങ് എന്നിവ വിദ്യാർത്ഥികളെ പഠിപ്പിച്ചു. സെമിനാരി വാർഡനായും അദ്ധ്യാപകനായും പ്രവർത്തിച്ച അദ്ദേഹം കർക്കശ സ്വഭാവക്കാരനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതവും പ്രബോധനവും മാതൃകയും എക്കാലവും വിദ്യാർത്ഥികളിൽ പച്ചപിടിച്ചു നിൽക്കും. അത്രയ്ക്ക് സ്വാധീനിക്കുവാൻ ആ ജീവിതത്തിന് കഴിഞ്ഞു.

അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ ജീവിതനിഷ്ഠയും ലാളിത്യവും പ്രത്യേകം ശ്രദ്ധേയമാണ്. അദ്ദേഹത്തിന് സ്വകാര്യമായ ഒരു ജീവിതം ഇല്ല. അകവും പുറവും സുതാര്യമായിരുന്നു. എല്ലാവർക്കും ആ ജീവിതം കാണുവാൻ കഴിയുമായിരുന്നു. ആതുരശുശ്രൂഷയിൽ പ്രത്യേകം താല്പര്യം പ്രകടിപ്പിച്ച അദ്ദേഹം രോഗികളെ കാണുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു. രോഗികളെ സ്നേഹിക്കാൻ ദയാലുവായ മനസ്സലിവുള്ള മെത്രാപ്പോലീത്തായായിരുന്നു അദ്ദേഹം. അജപാലന ശുശ്രൂഷ കൃത്യനിഷ്ഠയിലും ലാളിത്യത്തിലും നിറഞ്ഞതായിരുന്നു. ആഢംഭരത്തോടും ധൂർത്തിനോടും ആഭിമുഖ്യം പുലർത്തിയില്ല. സർവ്വവും പരിത്യജിക്കുന്ന സന്യാസത്തിന്റെയും ത്യാഗത്തിന്റെയും ജീവിതമാതൃക അദ്ദേഹത്തിൽ പ്രകടമായിരുന്നു. ഇത് സഹജമായ ഭാവമായിരുന്നു. പരിത്യാഗം സ്വഭാവത്തിൽ അലിഞ്ഞുചേർന്നിരുന്നു. പ്രാർത്ഥനയും ഉപവാസവും ആ ജീവിതത്തെ പ്രകാശപൂർണ്ണമാക്കി.

ഇടുക്കിയുടെ പ്രഥമ മെത്രാപ്പോലീത്തായായി അദ്ദേഹം നിയമിതനായി. പിന്നോക്ക പ്രദേശമായ ഇടുക്കിയുടെ സമഗ്രമായ സമുദ്ധാരണത്തിന് അദ്ദേഹം നേതൃത്വം നൽകി. മെത്രാപ്പോലീത്താ ഉയർന്ന സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു എന്ന സാധാരണ സങ്കല്പത്തെ തിരുത്തിക്കൊണ്ട് അദ്ദേഹം പാവപ്പെട്ടവരുടെയും രോഗികളുടെയും ആതുരരുടെയും അടുക്കലേക്ക് ഇറങ്ങിച്ചെന്നു. ഇടയശുശ്രൂഷ വഴി ഇടുക്കിയിൽ സമഗ്രമായ സാമൂഹിക പരിവർത്തനം തന്നെ സൃഷ്ടിച്ചു. 'ഒരു മെത്രാപ്പോലീത്താ എന്ന സങ്കൽപ്പത്തെ' അദ്ദേഹം ജീവിതത്തിലൂടെ തിരുത്തിക്കുറിച്ചു. സാധാരണക്കാരുടെ ഹൃദയത്തിൽ അദ്ദേഹം ചിരപ്രതിഷ്ഠ നേടി.

അമേരിക്കയിൽ അജപാലനശുശ്രൂഷ നിർവ്വഹിച്ചപ്പോഴും അതേ ജീവിതശൈലിയിൽ നിലഉറപ്പിച്ചു. ഇംഗ്ലീഷ് ആരാധനാക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു. അമേരിക്കയിലെ അജപാലനശുശ്രൂഷയിലും ജീവിതവിശുദ്ധിയും ത്യാഗവും സ്വാംശീകരിച്ച അദ്ദേഹം ജനഹൃദയങ്ങളിൽ സ്ഥാനം നേടി. പ്രത്യേകിച്ച് യുവജനങ്ങളിൽ സ്വാധീനം ചെലുത്തിയത് ഇടയജീവിതത്തിന്റെ മാതൃകകൊണ്ടാണ്. വിശുദ്ധിയും പരിത്യാഗവും ആ ജീവിതത്തിൽ പ്രകാശം പരത്തി.

ഒരു മെത്രാപ്പോലീത്തായുടെ ജീവിതംകൊണ്ട് എന്തു നേടുവാൻ കഴിയും? ഒരു മെത്രാപ്പോലീത്തായുടെ ഇടയപരിപാലനത്തിലൂടെ ജനങ്ങളുടെ ഹൃദയത്തിൽ യേശുക്രിസ്തുവിനെ തൊട്ടറിയുവാൻ കഴിയണം. അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ ജീവിതത്തിലൂടെ യേശുക്രിസ്തുവിന്റെ കുരിശിന്റെ മാർഗ്ഗം അനുഭവിച്ചറിയുവാൻ ജനങ്ങൾക്ക് കഴിഞ്ഞു. ആ ജീവിതം വിശുദ്ധിയുടെയും പരിത്യാഗത്തിന്റേതുമായിരുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രസാധകനായ ജോയ്സ് തോട്ടയ്ക്കാട്, മാത്യൂസ് മാർ ബർണബാസ് തിരുമേനിയെ പരിചയപ്പെടുന്നത് 1991-ലാണ്. 1992-ൽ തിരുമേനി അമേരിക്കയിലേക്കു പോയി. 1998 ഫെബ്രുവരിയിലെ സുന്നഹദോസിൽ പങ്കെടുക്കാനെത്തിയ ബർണബാസ് തിരുമേനിക്ക്, ജോയ്സ് രചിച്ച പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവചരിത്രം നൽകി. അമേരിക്കൻ ദൗത്യം കഴിഞ്ഞ് മടങ്ങിയെത്തി വിശ്രമിച്ചിരുന്ന തിരുമേനിയെ പാമ്പാടി ദയറായിൽ 2012-ൽ സന്ദർശിച്ച് പരിചയം പുതുക്കിയപ്പോൾ, 88-ാം വയസ്സിലും ജോയ്സിനെ ബർണബാസ് തിരുമേനി മറന്നിട്ടില്ല. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവചരിത്രകാരനെന്ന നിലയിലാണ് ജോയ്സിനെ തിരുമേനി ഓർമ്മയിൽ സൂക്ഷിച്ചിരുന്നത്. തിരുമേനിയെക്കുറിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കാനായി ആ ജീവിതം ജോയ്സ് പഠിക്കുവാൻ ശ്രമിച്ചു. പാമ്പാടി ദയറായിലും പുതുപ്പള്ളി പാറേട്ട് ആശുപത്രിയിലുമായി ഏതാനും മണിക്കൂറുകൾ തിരുമേനിയോടൊത്ത് ചിലവഴിച്ചു. ഡോക്യുമെന്ററി തയ്യാറാക്കി തിരുമേനിയുടെ 88-ാം ജന്മദിനത്തിൽ പാമ്പാടി ദയറായിലെത്തി തിരുമേനിയെ ലാപ്ടോപ്പിൽ കാണിച്ചു. ഡോക്യുമെന്ററിയിലെ പാമ്പാടി തിരുമേനിയുമായി ബന്ധപ്പെട്ട ഭാഗങ്ങൾ കാണിച്ചപ്പോൾ തിരുമേനി വികാരാധീനനായി കരഞ്ഞു. ഡോക്യുമെന്ററിയെക്കുറിച്ച് അഭിപ്രായം ചോദിച്ചപ്പോൾ 'കൊള്ളാം' എന്നു പറഞ്ഞു. കൊള്ളാമെങ്കിൽ കൊള്ളാമെന്നും ഇല്ലെങ്കിൽ കൊള്ളുകയില്ല എന്നും വെട്ടിത്തുറന്നു പറയുന്ന ആ നിഷ്കളങ്ക മനസ്സിൽ നിന്ന് കിട്ടിയ ഈ അഭിനന്ദനം ഓസ്ക്കാർ അവാർഡിനേക്കാൾ വിലപിടിപ്പുള്ളതായി ജോയ്സ് കരുതുന്നു.

MalankaraOrthodoxTV

ഡോക്യുമെന്ററി നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുമേനിയുമായി ഉണ്ടായ ആത്മബന്ധം, പിന്നീട് അദ്ദേഹത്തിന്റെ മരണം മുതൽ കബറടക്കം വരെയുള്ള ചടങ്ങുകൾ വിവിധ കേന്ദ്രങ്ങളിൽ നിന്ന് തത്സമയം സംപ്രേക്ഷണം ചെയ്യുന്നതിനും ആരുടെയും പ്രേരണ കൂടാതെ ബർണബാസ് തിരുമേനിയെക്കുറിച്ച് ഈ ഗ്രന്ഥം തയ്യാറാക്കുന്നതിലും എത്തി നിൽക്കുന്നു.

അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ ജീവിതവും ദർശനവും എക്കാലവും മാതൃകാപരമാണ്. സഭാവ്യത്യാസമെന്യേ ആ പുണ്യജീവിതത്തിന്റെ മാതൃക ഈ തലമുറ ഉൾക്കൊള്ളേണ്ടത് അനിവാര്യമാണെന്ന ബോധ്യം മൂലമാണ് സോഫിയാ ബുക്സ് വളരെ ധൃതിയിൽ ഈ കൃതി പ്രസിദ്ധീകരിക്കുന്നത്. ഞങ്ങളുടെ ഗുരുവും സോഫിയാ ബുക്സിന്റെയും സഹോദര സംരംഭങ്ങളുടെയും മാർഗ്ഗദർശിയുമായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിക്ക് മാത്യൂസ് മാർ ബർണബാസ് തിരുമേനിയോടുണ്ടായിരുന്ന സ്നേഹവും ആദരവും ഈ ഗ്രന്ഥ പ്രസിദ്ധീകരണത്തിന് പ്രചോദനം ഏകിയിട്ടുണ്ട്. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ തുടർന്ന് മാത്യൂസ് മാർ ബർണബാസ് തിരുമേനിയും യാത്രയാകുമ്പോൾ ഞങ്ങൾക്കു പെട്ടെന്നുണ്ടായ ശൂന്യതാബോധമാണ് നാല്പതു നാളുകൾക്കുള്ളിൽ ഇത്തരമൊരു ഗ്രന്ഥം തയ്യാറാക്കി ആ ജീവിതത്തെ മലയാളികൾക്കു പകർന്നുകൊടുക്കുവാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. ഒസ്താത്തിയോസ് തിരുമേനി കാലം ചെയ്ത് ആറു മാസത്തിനു ശേഷമാണ് ആ ജീവിതം ഒരു ഗ്രന്ഥത്തിൽ സമാഹരിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞത്. എത്രയും പെട്ടെന്ന് ബർണബാസ് തിരുമേനിയുടെ ജീവിതത്തെ കാണിച്ചുകൊടുക്കേണ്ട അനിവാര്യമായ സാമൂഹിക-സഭാ സാഹചര്യമാണ് നമുക്ക് ചുറ്റുമുള്ളത്. ആ ദൗത്യം ഈ ഗ്രന്ഥത്തിലൂടെ നിർവ്വഹിക്കുന്നു. ഇത് യാഥാർത്ഥ്യമാക്കുവാൻ സഹായിച്ചവരും സഹകരിച്ചവരും അനവധിയാണ്. എല്ലാവർക്കും ഹൃദയപൂർവ്വമായ നന്ദി.

ഈ ഗ്രന്ഥം ആർക്കെങ്കിലും ക്രിസ്തുസാന്നിദ്ധ്യം തിരിച്ചറിയുവാനും ക്രിസ്തുവിലേക്ക് തിരിയുവാനും നന്മ ചെയ്യുവാനും ലളിതജീവിതം നയിക്കുവാനും മറ്റുള്ളവരോട് കരുണ കാണിക്കുവാനുമൊക്കെ പ്രചോദനമേകിയാൽ ഞങ്ങൾ കൃതാർത്ഥരായി. ഈ ഗ്രന്ഥം ദൈവതിരുനാമ മഹത്വത്തിനും സർവ്വസൃഷ്ടികളുടെയും നന്മയിലേക്കുള്ള നിറവിനും ഉതകുമെന്ന പ്രതീക്ഷയോടെ.

സോഫിയാ ബുക്സിനുവേണ്ടി

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

ഉള്ളടക്കം

ജീവിതരേഖ: മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ 17

ദളം ഒന്ന്: ആത്മദർശനം

മാത്യൂസ് മാർ ബർണബാസിന്റെ ആത്മകഥ: ദൈവത്തിന്റെ കൃപ 25

ദളം രണ്ട്: സ്നേഹദർശനം

1	ഉണ്മയിൽ നന്മയുടെ പ്രകാശം	പ. കാതോലിക്കാബാവാ	97
2	എന്റെ മുൻഗാമിയും മാർഗദർശിയും	ഗീവർഗീസ് മാർ ഈവാനിയോസ്	106
3	പരിത്യാഗത്തിന്റെ മഹിതാചാര്യൻ	ഡോ. മാത്യൂസ് മാർ സേവേറിയോസ്	109
4	വെല്ലുവിളികൾ അതിജീവിച്ച...	ഗീവറുഗീസ് മാർ കൂറിലോസ്	112
5	വലിയതിരുമേനി ലാളിത്യത്തിന്റെ മാർഗ്ഗം	സഖറിയാ മാർ നിക്കോളാവോസ്	116
6	തടി കുരിശിട്ട സുവർണ്ണ ബിഷപ്പ്	അലക്സിയോസ് മാർ യൗസേബിയോസ്	118
7	നിഷ്ഠയുള്ള ജീവിതചര്യ	ജോഷ്വാ മാർ നിക്കോദിമോസ്	120
8	സമ്പന്നതയെ തോല്പിച്ച പിതാവ്	ഡോ. ഗീവർഗീസ് മാർ യൂലിയോസ്	126
9	പ്രബോധനപുത്രൻ	ജോസഫ് മാർ ബർണബാസ്	128
10	നിസ്സ്വതയുടെ ചാർച്ചക്കാരൻ	തോമസ് മാർ കൂറിലോസ്	131
11	വ്യത്യസ്തനായൊരു മെത്രാപ്പോലീത്താ	ഫാ. ഡോ. റ്റി. ജെ. ജോഷ്വാ	134
12	തിളക്കങ്ങളിൽ ഭ്രമിക്കാത്ത മഹാപുരോഹിതൻ	ഫാ. ഡോ. കെ. എം. ജോർജ്	142
13	Mar Bernabas: True Shepherd	Very Rev. Dr. P. S. Samuel	150
14	Mar Barnabas in Our Memories	Fr. Dr. M. K. Kuriakose	154
15	സമാധാനമുണ്ടാക്കിയ പിതാവ്	ഫാ. എ. കെ. ചെറിയാൻ	157
16	അപൂർവ്വ ഇതിഹാസം	ഫാ. ഡോ. ജോർജ് കോശി	162
17	ദിശാബോധം നൽകിയ	ഫാ. ഡോ. ടി. പി. ഏലിയാസ്	164
18	സത്യത്തിന്റെ പ്രവാചകൻ	ഫാ. മാത്യു കെ. ജോൺ	167
19	ഇവനിൽ കാപട്യം ഇല്ല	ഡോ. ഡി. ബാബുപോൾ	170
20	ത്യാഗത്തിന്റെ പുണ്യരൂപം	വെരി. റവ. യോഹന്നാൻ ശങ്കരത്തിൽ	175
21	മലങ്കരയിലെ വലിയ ഇടയൻ	വെരി. റവ. കെ. മത്തായി	178
22	ജീവിതവിശുദ്ധിയുടെ പ്രകാശം	ഫാദർ ജോർജ് പട്ട്ളാട്ട്	183
23	വേറിട്ട ഇടയ ശുശ്രൂഷ	ഫാ. സി. എ. വറുഗീസ്	192
24	വിസ്മയകരമായ ഇതിഹാസം	റവ. മദർ എലിസബേത്ത്	197
25	കിഴക്കമ്പലം ദയറായും...	സിസ്റ്റർ ദീന	200
26	പരിശുദ്ധിയുടെ പരിവേഷം	കോര ചെറിയാൻ	203
27	വാനിലുദിച്ച നക്ഷത്രമായി	ജോർജ് തുമ്പയിൽ	206
28	ലാളിത്യവും വിശുദ്ധിയും	ഡോ. പി. വി. കോശി പൂപ്പള്ളിൽ	211
29	മലങ്കര മെഡിക്കൽ മിഷനും	ഡോ. സി. കെ. ഈപ്പൻ	214
30	പ്രബോധനപുത്രൻ	ഡോ. നയോമി ജെ. വെട്ടത്ത്	220
31	ദൈവിക വിശുദ്ധിയുടെ പര്യായം	ജോസ് കുര്യൻ, പുളിയേരിൽ	223
32	ജനകീയനായ മെത്രാച്ചൻ	ഡോ. എം. കുര്യൻ തോമസ്	233
33	Reflections and Memories	Thomas Jacob, New York	237
34	കാപട്യമില്ലാത്ത നല്ല ഇടയൻ	പ്രൊഫ. മേരി മാത്യൂ	239
35	ഭാവി തലമുറ വിശ്വസിക്കുമോ?	പ്രൊഫ. ജോർജ് കെ. ഐസക്ക്	252
36	ഇടുക്കിയുടെ ശില്പി	ജോസഫ് റമ്പാൻ ഒ.ഐ.സി.	260
37	വി. കുർബ്ബാനയുടെ ധ്യാനപഠനം	കെ. വി. മാമ്മൻ	264
38	അന്ത്യനാളിന്റെ യാത്രാവഴി...	ലിബിൻ രാജ്	267
39	സത്യം മുറുകെപ്പിടിച്ച സന്യാസി	എം. എൻ. ഉണ്ണികൃഷ്ണൻ	275



ജീവിതരേഖ

മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ

പെരുമ്പാവൂർ, വെങ്ങോല, തോമ്പ്രാ-കല്ലറയ്ക്കപറമ്പിൽ കെ. വി. കൊറളയുടെയും മറിയാമ്മയുടെയും മകൻ. ജനനം 1924 ആഗസ്റ്റ് ഒൻപത്. കുറുപ്പുംപടി എം.ജി.എമ്മിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം സി.എം.എസ്. കോളേജിൽനിന്നും ഇന്റർമീഡിയറ്റ് പാസ്സായി (1943-45) മദ്രാസ് ക്രിസ്റ്റ്യൻ കോളേജിൽ നിന്നും ബി.എസിയും ഒസ്മാനിയാ സർവ്വകലാശാലയിൽനിന്നും എം.എസ്സിയും സെറാമ്പൂർ സർവ്വകലാശാലയിൽനിന്നും ബി.ഡിയും കരസ്ഥമാക്കി. ജബൽപൂർ ലീയോനാർഡ് തിയോളജിക്കൽ കോളേജിൽ ഗ്രീക്കു ഭാഷയിൽ ഉപരിപഠനം നടത്തി.

പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവ തുരുത്തിപ്ലീ സെന്റ് തോമസ് പള്ളിയിൽവച്ച് 1943-ൽ കോറുയോ പട്ടം നൽകി. ഔഗേൻ മാർ തീമോത്തിയോസ് മൂവാറ്റുപുഴ അരമന ചാപ്പലിൽവച്ച് ശെമ്മാശുപട്ടവും 1951-ൽ കശ്ശീശ്ശാ പട്ടവും നൽകി. കടമറ്റം സെന്റ്ജോർജ് പള്ളി

യിൽ പ്രഥമ ബലിയർപ്പിച്ചു. കുറുപ്പുംപടി എം.ജി.എം. ഹൈസ്കൂളിലും കോട്ടയം എം.ഡി. ഹൈസ്കൂളിലും അദ്ധ്യാപകനായിരുന്നു. സെക്കന്തരാബാദ്, വളയംചിറങ്ങര, കൽക്കട്ട, ജബൽപൂർ, വെല്ലൂർ എന്നിവിടങ്ങളിൽ വൈദിക ശുശ്രൂഷ നിർവഹിച്ചു. ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ഗ്രീക്ക്, സഭാചരിത്രം, കൗൺസിലിംഗ് വിഷയങ്ങളിൽ അദ്ധ്യാപകനായി (1967-72). തുടർന്ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി ചാപ്ലയിനായി പ്രവർത്തിച്ചു (1972-77).

1977 മെയ് 16-ന് മാവേലിക്കരയിൽ നടന്ന മലങ്കര അസ്സോസിയേഷൻ 54-ാം വയസ്സിൽ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1977 ആഗസ്റ്റിൽ റമ്പാനായി. 1978 മെയ് 15-ന് പഴഞ്ഞി പള്ളിയിൽ പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ 'മാത്യൂസ് മാർ ബർന്നബാസ്' എന്ന നാമത്തിൽ എപ്പിസ്കോപ്പയാക്കി. 1981 ഫെബ്രുവരിയിൽ മെത്രാപ്പോലീത്തായായി ഉയർത്തി.

അങ്കമാലി (1978-92), കോട്ടയം (1980-85), അമേരിക്ക (1992) ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു. 1982 ജൂൺ ഒന്നിന് രൂപീകരിച്ച ഇടുക്കി ഭദ്രാസനത്തിന്റെയും 2009 ഏപ്രിലിൽ ആരംഭിച്ച 'നോർത്ത് ഈസ്റ്റ്' അമേരിക്കൻ ഭദ്രാസനത്തിന്റെയും പ്രഥമ മെത്രാപ്പോലീത്തായാണ്. അമേരിക്കൻ ഭദ്രാസനത്തിന്റെ (1992-2009) സമഗ്രമായ വളർച്ചയ്ക്ക് മുഖ്യപങ്കാളിത്തം വഹിച്ചു. കേരളത്തിലെ വിവിധ ഭദ്രാസനങ്ങളിലായി 14 വർഷവും (1978-92) അമേരിക്കൻ ഭദ്രാസനങ്ങളിൽ (1992-2011) 19 വർഷവും ധീരമായി നയിച്ച ശേഷം 2011 ജനുവരി 18-ന് ഭദ്രാസന ഭരണത്തിൽ നിന്നും വിരമിച്ചു.

മർത്തമറിയം വനിതാ സമാജം, ബാലികാ സമാജം, മദ്യവർജ്ജന ധാർമ്മീകോന്നത സമിതി, മലങ്കര സഭാമാസിക എന്നിവയുടെ പ്രസിഡന്റ്, ദിവ്യബോധനം പഠനപദ്ധതിയുടെ വൈസ്പ്രസിഡന്റ്, കോർപ്പറേറ്റ് കോളേജുകളുടെ മാനേജർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു.

ഇംഗ്ലീഷിലും മലയാളത്തിലുമായി 22-ൽ അധികം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. കോട്ടയം പാമ്പാടി ദയറായിൽ വിശ്രമജീവിതം നയിച്ചു. ഡിസംബർ 9-ന് പുലർച്ചെ 2.30-ന് എൺപത്തിയെട്ടാം വയസ്സിൽ കാലം ചെയ്തു. ഭൗതികശരീരം മാതൃഇടവകയായ പെരുമ്പാവൂർ വളയഞ്ചിറങ്ങരയിൽ ഡിസംബർ 12-ന് 12 മണിക്ക് സംസ്ക്കരിച്ചു. ഓർമ്മ: ഡിസംബർ 9.

Malankaraorthodox TV

വാങ്മുഖം

കുരിശിന്റെ വഴിയിലെ പുതിയ ഇതിഹാസം

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും പുതിയ ഇതിഹാസപർവ്വമാണ് കുരിശിന്റെ വഴിയിൽ സഞ്ചരിച്ച മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ.

പെരുമ്പാവൂർ, വെങ്ങോല, തോമ്പ്രാ-കല്ലറയ്ക്കപറമ്പിൽ കെ. വി. കൊറളയുടെയും മറിയാമ്മയുടെയും മകനായി 1924 ആഗസ്റ്റ് ഒൻപതിന് കെ. കെ. മാത്തുക്കുട്ടി ജനിച്ചു. കുറുപ്പുംപടി എം.ജി.എം. സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പണ്ഡിതനും പ്രസംഗകനുമായിരുന്ന പിതൃസഹോദരൻ ഫാ. കെ. പി. പൗലൂസിന്റെ പ്രേരണയാലും, സഹോദരിയും കിഴക്കമ്പലം ദയറാ അംഗവുമായിരുന്ന സിസ്റ്റർ മേരിയുടെ ജീവിതം പ്രചോദിപ്പിച്ചതിനാലും സന്യാസജീവിതം തിരഞ്ഞെടുത്തു. കോട്ടയം സി.എം.എസ്. കോളേജിൽനിന്നും ഇന്റർമീഡിയറ്റ് പാസ്സായി. മദ്രാസ് ക്രിസ്റ്റ്യൻ കോളേജിൽ നിന്നും ബി.എസിയും ഒസ്മാനിയാ സർവ്വകലാശാലയിൽനിന്നും എം.എസ്സിയും സെറാമ്പൂർ സർവ്വകലാശാലയിൽനിന്നും ബി.ഡിയും കരസ്ഥമാക്കി. ജബൽപൂർ ലീയോനാർഡ് തിയോളജിക്കൽ കോളേജിൽ ഗ്രീക്കു ഭാഷയിൽ ഉപരിപഠനം നടത്തി.

പ. ബസേലിയോസ് ഗീവറുഗീസ് ദ്വീതിയൻ ബാവ തുരുത്തിപ്ലീ സെന്റ് തോമസ് പള്ളിയിൽവച്ച് 1943-ൽ കോറുയോ പട്ടം നൽകി. ഔഗേൻ മാർ തീമോത്തിയോസ് മൂവാറ്റുപുഴ അരമന ചാപ്പലിൽവച്ച് ശെമ്മാശുപട്ടവും 1951-ൽ കശ്ശീശ്ശാ പട്ടവും നൽകി. കടമറ്റം സെന്റ് ജോർജ് പള്ളിയിൽ പ്രഥമ ബലിയർപ്പിച്ചു. കുറുപ്പുംപടി എം.ജി.എം. ഹൈസ്കൂളിലും കോട്ടയം എം.ഡി. ഹൈസ്കൂളിലും അദ്ധ്യാപകനായിരുന്നു. സെക്കന്തരാബാദ്, വളയംചിറങ്ങര, കൽക്കട്ട, ജബൽപൂർ, വെല്ലൂർ എന്നിവിടങ്ങളിൽ വൈദിക ശുശ്രൂഷ നിർവഹിച്ചു. 1967 മുതൽ 1972 വരെ ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ഗ്രീക്ക്, സഭാചരിത്രം, കൗൺസലിങ്ങ് വിഷയങ്ങളിൽ അദ്ധ്യാപകനായും വാർഡനായും പ്രവർത്തിച്ചു. തുടർന്ന് 1972 മുതൽ 1977 വരെ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി ചാപ്ലയിനായി.

1977 മെയ് 16-ന് മാവേലിക്കരയിൽ നടന്ന മലങ്കര അസ്സോസിയേഷൻ

Malankaraorthodox.TV

54-ാം വയസ്സിൽ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടശേഷമാണ് നട്ടെല്ലിൽ വളർന്ന ട്യൂമർ തിരിച്ചറിയുന്നത്. വെല്ലൂർ മെഡിക്കൽ കോളേജിൽ ശരീരത്തിലെ നാഡീ വ്യൂഹത്തിന് തകരാർ സംഭവിക്കാതെ ഒമ്പതു മണിക്കൂർ നീണ്ട ശസ്ത്ര ക്രിയയിലൂടെ ട്യൂമർ മുഴുവനായി നീക്കം ചെയ്യാൻ സാധിച്ചത് ദൈവകൃ പയുടെ സ്നേഹസ്പർശമായി.

1977 ആഗസ്റ്റിൽ റമ്പാനായി. 1978 മെയ് 15-ന് പഴഞ്ഞി പള്ളിയിൽ പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ 'മാത്യൂസ് മാർ ബർണബാസ്' എന്ന നാമത്തിൽ എപ്പിസ്കോപ്പയാക്കി. 1981 ഫെബ്രുവരിയിൽ മെത്രാ പ്പോലീത്തായായി ഉയർത്തി.

1982 ജൂൺ ഒന്നിന് രൂപീകരിച്ച ഇടുക്കി ഭദ്രാസനത്തിന്റെ പ്രഥമ ഇട യനായി നിയമിതനായി. ഭദ്രാസനത്തിലെ മുഴുവൻ ഭവനങ്ങളും ആദ്യമേ തന്നെ സന്ദർശിച്ചു. കുങ്കിരിപ്പെട്ടിയിൽ അരമന നിർമ്മിച്ചു. നെറ്റിത്തൊ ഴുവിൽ ഒരു മെഡിക്കൽ സെന്റർ ആരംഭിച്ചു. ഭദ്രാസന ചുമതലയോ ടൊപ്പം മർത്തമറിയം വനിതാ സമാജം, ബാലികാ സമാജം, മദ്യവർജ്ജന ധാർമ്മികോന്നത സമിതി, മലങ്കരസഭാമാസിക എന്നിവയുടെ പ്രസിഡന്റ്, ദിവ്യബോധനം പഠനപദ്ധതിയുടെ വൈസ്പ്രസിഡന്റ്, കോർപ്പറേറ്റ് കോളേജുകളുടെ മാനേജർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു.

അങ്കമാലി, കോട്ടയം ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്താ യായും ഇടുക്കി, അമേരിക്കാ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായും പ്രവർത്തിച്ചു. 2009 ഏപ്രിലിൽ ആരംഭിച്ച 'നോർത്ത് ഈസ്റ്റ്' അമേരി ക്കൻ ഭദ്രാസനത്തിന്റെയും പ്രഥമ മെത്രാപ്പോലീത്തായാണ്. 1992-2009 കാലഘട്ടത്തിൽ അമേരിക്കൻ ഭദ്രാസനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് മുഖ്യപങ്കാളിത്തം വഹിച്ചു. കേരളത്തിലെ വിവിധ ഭദ്രാസനങ്ങളിലായി 14 വർഷവും, അമേരിക്കൻ ഭദ്രാസനങ്ങളിൽ 19 വർഷവും ഇടയപരിപാ ലനം നടത്തി സ്നേഹവും ത്യാഗവും വിശുദ്ധിയും ഇടയത്വ ശുശ്രൂഷ യിൽ ഹൃദ്യമാക്കിയ അദ്ദേഹം 33 വർഷം മെത്രാപ്പോലീത്തായായി ഭരണം നിർവഹിച്ചു.

ഇംഗ്ലീഷിലും മലയാളത്തിലുമായി 22-ൽ അധികം ഗ്രന്ഥങ്ങൾ പ്രസി ദ്ധീകരിച്ചു. "വി. കുർബ്ബാനയുടെ ലഘു പഠനം" എന്ന കൃതിയാണ് ആദ്യ ഗ്രന്ഥം. "സന്ദർഭോചിത പ്രാർത്ഥനകൾ" ഉൾപ്പെടെ പല പ്രാർത്ഥനാ പുസ്തകങ്ങളും അനുദിന ധ്യാനചിന്തകളും രചിച്ചു. 2011 മാർച്ചിൽ "ദൈവ ത്തിന്റെ കൃപ" എന്ന പേരിൽ ഹ്രസ്വമായ ആത്മകഥ പ്രസിദ്ധീകരിച്ചു.

* * * * *

MalankaraOrthodox.TV

"മെത്രാപ്പോലീത്തായ്ക്ക് സ്വർണ്ണവടിയും സ്വർണ്ണ സ്ലീബായും ആവശ്യമില്ല. ലളിത ജീവിതമാണ് ആവശ്യം. അതിനാൽ തടികൊണ്ടുള്ള വടിയും സ്ലീബായും മതി....." മേൽപ്പട്ട സ്ഥാനത്ത് 54-ാം വയസ്സിൽ എത്തിയ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ നിശ്ചദാർഢ്യം സമ്പൂർണ്ണമായിരുന്നു. രണ്ടു പതിറ്റാണ്ടോളം അമേരിക്കൻ ഭദ്രാസനത്തെ നയിച്ച അദ്ദേഹത്തിന്റെ ജീവിത ലാളിത്യവും വിശുദ്ധിയും അനേകരെ ആകർഷിച്ചു. അമേരിക്കയിൽ ദീർഘകാലം താമസിച്ചിട്ടും 1978-ൽ എടുത്ത തീരുമാനത്തിന് വിഘ്നം ഉണ്ടായില്ല. തടിക്കുരിശും വടിയും പിടിച്ച് സ്നേഹത്തിന്റെ ദിവ്യദൂത് പകർന്ന അദ്ദേഹം അമേരിക്കയിലെ സർവ്വവിശ്വാസികളുടെയും ഹൃദയം കീഴടക്കി.

ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനിയാണ് 1979-ൽ രൂപീകരിച്ച അമേരിക്കൻ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലിത്താ. പിൻഗാമിയായി എത്തിയ മാത്യൂസ് മാർ ബർണബാസ് തിരുമേനി ദൈവകൃപയുടെ നീർച്ചാലുകൾ രുചിച്ചറിഞ്ഞ്, ജീവിത സുകൃതങ്ങളായി പഠിപ്പിക്കുന്ന സ്നേഹവും സഹനവും ക്ഷമയും സ്വന്തം ഇടയപരിപാലനത്തിന്റെ വ്രതമുദ്രകളാക്കിത്തീർത്തു. കഠിനാദ്ധ്വാനം, പരസഹായം, പ്രോത്സാഹനം എന്നിവയിലൂടെ പൊതുനന്മ ലക്ഷ്യമാക്കി ശുശ്രൂഷ നയിച്ചു. അതിനാൽ ദീർഘകാലത്തെ അമേരിക്കൻ ജീവിതത്തിലും ജീവിത ലാളിത്യവും സൗമ്യഭാവവും വ്യക്തിബന്ധങ്ങളിൽ പ്രകാശം നിറച്ചു.

Malankaraorthodox.tv

അമേരിക്കൻ ഭദ്രാസനത്തിൽ 1990-കളിൽ സൃഷ്ടിക്കപ്പെട്ട പ്രതിസന്ധികൾ തീർപ്പാക്കി ഭരണ നിർവഹണത്തിനായി എത്തിയ മാത്യൂസ് മാർ ബർണബാസ് തിരുമേനിക്ക് താമസിക്കുന്നതിന് ഒരു പള്ളിമുറി പോലും ലഭിച്ചില്ല. താൽക്കാലികമായി വീടുകളിൽ താമസിച്ചു. അമേരിക്കൻ ഭദ്രാസനത്തിലെ രൂക്ഷമായ ചേരിതിരിവുകൾ മൂലം അനേകം അഗ്നിപരീക്ഷണങ്ങൾ നേരിടേണ്ടി വന്നു. എല്ലാറ്റിനെയും സൗമ്യമായി നേരിട്ടു. പിന്നീട് ന്യൂയോർക്കിലെ ബലറോസിൽ കെട്ടിടം വാങ്ങി താമസമാക്കി. 2009-ൽ മട്ടൻടൗണിൽ 3 ഏക്കർ സ്ഥലം വാങ്ങി. 8000 സ്ക്വയർ ഫീറ്റിൽ അരമന പണിതു. 2010 സെപ്തംബറിൽ ഭദ്രാസന ആസ്ഥാനം പുതിയ അരമനയിലാക്കി. "എല്ലാം ദൈവത്തിന്റെ കൃപ മാത്രം. എന്റെ ജീവിതത്തിൽ ഉടനീളം ദൈവത്തിന്റെ കൃപ ഞാൻ കാണുന്നു" എന്ന് മെത്രാപ്പോലീത്താ ഈ കാലഘട്ടത്തെ അനുസ്മരിച്ചു.

അങ്കമാലി, കോട്ടയം ഭദ്രാസനങ്ങളുടെ സഹായമെത്രാപ്പോലീത്താ യായും 1982 ജൂൺ ഒന്നിന് രൂപീകരിച്ച ഇടുക്കി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായും സേവനം അനുഷ്ഠിച്ചതിലെ അനുഭവ പരിചയം അമേരിക്കൻ ജനതയെ സമഗ്രമായി സ്വാധീനിക്കുവാൻ കഴിഞ്ഞു. അമേരിക്കൻ ഭദ്രാസനത്തെ 1992 മുതൽ 19 വർഷത്തിലധികം ധീരമായി

നയിച്ച അദ്ദേഹം പറയുന്നു: "അമേരിക്കയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ ഭാവിയെപ്പറ്റി ആശങ്കപ്പെടുവാൻ ഒന്നും ഇല്ല. ഇവിടെയെല്ലാം ഭദ്രമാണ്...."

ഭരണസൗകര്യത്തിനായി അമേരിക്കൻ ഭദ്രാസനത്തെ 'നോർത്ത് ഈസ്റ്റ്' എന്നും 'സൗത്ത് വെസ്റ്റ്' എന്നും 2009 ഏപ്രിലിൽ വിഭജിച്ചു. മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ 'അവിഭജിത അമേരിക്കൻ' ഭദ്രാസനത്തിൽ 18 വർഷവും നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിൽ ഒരു വർഷത്തിലധികവും (2009-2011) ശുശ്രൂഷിച്ചു.

അമേരിക്കൻ ഭദ്രാസനം ഇന്ത്യയുടെ നാലിരട്ടി വലുപ്പം വരും. 50 സംസ്ഥാനങ്ങളിലും കാനഡയിലുമായി 100-ലധികം പള്ളികളും വൈദികരും 5000-ത്തിലധികം കുടുംബങ്ങളും ഉണ്ട്. ഈ ഭദ്രാസനത്തെ ശാന്തിതീരത്ത് എത്തിച്ച ഋഷിവര്യനാണ് മാർ ബർണബാസ് തിരുമേനി. പ്രാർത്ഥന, എളിമ, ലാളിത്യം എന്നിവ ജീവിതവ്രതമാക്കിയ അദ്ദേഹം ദീർഘകാലം ന്യൂയോർക്കിൽ താമസിച്ചിട്ടും നാട്ടിലേക്ക് തിരിച്ചുപോകുവാൻ ഇഷ്ടപ്പെട്ടു. 2011 മെയ് 25-ന് വൈകിട്ട് ഒൻപതിന് കെന്നഡി എയർപോർട്ടിൽവച്ച് പിൻഗാമിയായ സഖറിയാ മാർ നിക്കളവോസ് തിരുമേനിയുടെ കരം പിടിച്ച് അദ്ദേഹം പറഞ്ഞു:

"അമേരിക്കയിൽ ആഢംബര കാറുകളും അത്യാധുനിക സൗകര്യങ്ങളും സമൃദ്ധിയും അനവധിയാണ്. എങ്കിലും ഇവിടുന്ന് വിട്ടുപിരിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇനിയുള്ള ശിഷ്ടായുസ്സ് രോഗങ്ങളും കഷ്ടതകളും ഉള്ളവരോടൊപ്പം പ്രവർത്തിക്കണം. അവർക്ക് എന്റെ സാന്നിധ്യം ഉണ്ടാകണം."

അമേരിക്കയിൽ ഒരു കാപ്പായും ഒരു തടിക്കുരിശും ഒരു വടിയുമായി ശുശ്രൂഷ നടത്തിയപ്പോൾ ലഭിച്ച മുഴുവൻ തുകയും ഭദ്രാസനത്തിനു നൽകി. "ഈ പണം ഇവിടുത്തെ മെത്രാച്ചനായിരുന്നപ്പോൾ കിട്ടിയതാണ്. ഇത് ഇവിടുത്തെ മെത്രാസനത്തിനുള്ളതാണ്. എനിക്ക് കാശിന് ആവശ്യമില്ല...."

2011 മെയിൽ കേരളത്തിലെത്തിയ മാർ ബർണബാസ് മെത്രാപ്പോലീത്താ ഏറെക്കാലം കോലഞ്ചേരിയിൽ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. തീരെ അവശനായിരുന്ന അദ്ദേഹത്തെ പിന്നീട് പെരുമ്പാവൂരിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. അവിടുത്തെ ചികിത്സയിൽ ആരോഗ്യം വീണ്ടെടുത്ത അദ്ദേഹം ഡിസ്ചാർജ് ചെയ്തപ്പോൾ വളയഞ്ചിറങ്ങരപള്ളിയുടെ ചെറിയ ഓഫീസ് മുറിയിലേക്ക് താമസം മാറ്റി. കേരളത്തിലെത്തിയതു മുതൽ മെത്രാപ്പോലീത്തായെ ശുശ്രൂഷിക്കുവാൻ രണ്ടു പ്രീ സെമിനാരി വിദ്യാർത്ഥികളെ വിട്ടുകൊടുത്ത കോട്ടയം

ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ; ആ പള്ളിമുറിയിൽ നിന്നും ബർണബാസ് മെത്രാപ്പോലീത്തായെ കോട്ടയം പാമ്പാടി ദയറായിലേക്ക് കൂട്ടിക്കൊണ്ടു വന്നു.

'പരിശുദ്ധ പാമ്പാടി തിരുമേനി പൊത്തമ്പുറം ദയറായിൽ താമസിക്കുവാൻ പല തവണ ക്ഷണിച്ചെങ്കിലും പോകുവാൻ കഴിഞ്ഞില്ല' എന്നും 'ഇപ്പോഴാണ് ഇവിടെ താമസിക്കുവാൻ ദൈവം ഇടയാക്കിയതെന്നും' ബർണബാസ് മെത്രാപ്പോലീത്താ പാമ്പാടി ദയറായിലെ ജീവിതത്തെക്കുറിച്ച് പറഞ്ഞു. അവിടെ വിശ്രമജീവിതം നയിച്ചുകൊണ്ട് കോട്ടയം ഭദ്രാസനത്തിലെ പള്ളികൾ ഞായറാഴ്ചതോറും സന്ദർശിച്ചു. ആരെങ്കിലും കാണാൻ വന്നാൽ പ. പാമ്പാടി തിരുമേനിയുടെ മാതൃക അനുകരിച്ച് എന്തെങ്കിലും കഴിക്കുവാൻ കൊടുക്കുവാൻ കൂടെയുള്ളവരെ വിളിച്ചു പറഞ്ഞു.

ഇടയപരിപാലനത്തിൽ ലഭ്യമായ അധികാരവും സമൃദ്ധമായ സംസ്കാരത്തിലെ ജീവിതസുഖവും സമ്പാദിച്ച മുഴുവൻ പണവും ഉപേക്ഷിച്ച് കുരിശിന്റെ വഴിയിൽ സഞ്ചരിച്ച മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ 2012 ഡിസംബർ 9-ന് 88-ാം വയസ്സിൽ യാത്രയായി. ഈ ഗുരുവര്യൻ പണിതുയർത്തിയത് സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും പുതിയ ഇതിഹാസപർവ്വമാണ്.

❑



ദളം ഒന്ന്

ആത്മദർശനം

ദൈവത്തിന്റെ കൃപ

മാത്യൂസ് മാർ ബർണബാസിന്റെ ആത്മകഥ

ആദ്യ പതിപ്പ് മാർച്ച് 11, 2011

കോപ്പികൾ 5000

ഗ്രന്ഥകർത്താവിന്റെ പ്രസ്താവന

എന്റെ ജീവിതത്തിൽ ഉടനീളം ദൈവത്തിന്റെ കൃപ ഞാൻ കാണുന്നു. അതുകൊണ്ടത്രെ എന്റെ ആത്മകഥയ്ക്ക് ഈ പേര് നല്കിയത്. 1977 നവംബർ 17-നു നടന്ന സർജിക്കൽ ഓപ്പറേഷനിൽ കൂടി അത്ഭുതകരമായവിധത്തിൽ ഞാൻ സൗഖ്യം പ്രാപിച്ചു. "ഞാൻ ആകുന്നതു ദൈവകൃപയാലാകുന്നു" (1 കോരി. 15:10) എന്ന് വി. പൗലോസ് പറഞ്ഞിരിക്കുന്നത് ഇവിടെ സ്മരണീയമാണ്.

കേവലം സാധാരണക്കാരനായ എന്റെ ജീവിതത്തിൽ നിന്നും ദൈവകൃപയെക്കുറിച്ച് പലതും പഠിക്കുവാനുണ്ട്. ഞാൻ ഒരു ആത്മകഥ എഴുതണമെന്ന് പലരും ആവശ്യപ്പെട്ടതനുസരിച്ചാണ് ഇതെഴുതുന്നത്.

ബ. ജോബ്സണച്ചനോടും മി. കെ. എം. ജേക്കബ്ബിനോടും മി. വറുഗീസ് പോത്താനിക്കാടിനോടും ഇതിന്റെ രചനയിൽ ചെയ്തുതന്ന സഹായങ്ങൾക്ക് ഞാൻ നന്ദിയുള്ളവനാണ്. ദീർഘകാലം ഞാനുമായി ബന്ധപ്പെട്ടിരുന്ന ഡോ. കെ. സി. മാമ്മൻ ആമുഖം എഴുതി തന്നതിൽ പ്രത്യേക സന്തോഷമുണ്ട്. എന്റെ സഹോദരപുത്രൻ പൗലോസ്സുകുട്ടി നല്ല പടങ്ങൾ ശേഖരിക്കുകയും, കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്തതിൽ എന്റെ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഈ പുസ്തകം ഭംഗിയായി അച്ചടിച്ച കൊച്ചിയിലെ നിസ്സീമ പ്രസ്സിനോടുള്ള നന്ദി പ്രകാശിപ്പിക്കുന്നു.

എന്ന്

മാത്യൂസ് മാർ ബർന്നബാസ്

മാർച്ച് 11, 2011

Malankaraorthodox TV

ഉള്ളടക്കം

ആമുഖം

1 ജന്മദേശവും ജനനതീയതിയും

2 എന്റെ പാരമ്പര്യം

3 എന്റെ സഹോദരങ്ങൾ

4 കശ്ശീശപട്ടമേൽക്കുന്നതുവരെയുള്ള ചരിത്രം

5 സെക്കണ്ടറാബാദ് പള്ളി

6 വളയഞ്ചിറങ്ങര പള്ളി

7 കൽക്കട്ട പള്ളി

8 ജബൽപൂർ പള്ളി

9 വെല്ലൂർ പള്ളിയും ആശുപത്രിയും

10 വൈദികസെമിനാരിയിൽ

11 കോലഞ്ചേരി ആശുപത്രിയിൽ

12 മേല്പട്ടസ്ഥാനത്തേക്ക്

13 ഇടുക്കി മെത്രാസനത്തിൽ

14 അമേരിക്കൻ മെത്രാസനത്തിലും
നോർത്ത് ഈസ്റ്റ് അമേരിക്കൻ മെത്രാസനത്തിലും

അനുബന്ധം

1. സ്നേഹത്തെക്കുറിച്ച് ഒരു ലേഖനം

2. എപ്പോഴും ഓർക്കേണ്ട വേദവാക്യങ്ങൾ

3. ആത്മീയ ജീവിതത്തിന് സഹായിക്കുന്ന പ്രധാനപ്പെട്ട ഗീതങ്ങൾ

4. ഏവർക്കും ഉണ്ടായിരിക്കേണ്ട സുകൃതങ്ങൾ

5. ഗ്രന്ഥകർത്താവിന്റെ മറ്റു പുസ്തകങ്ങൾ

Malankaraorthodox TV

ആമുഖം

അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ "ദൈവത്തിന്റെ കൃപ"യെന്ന ആത്മകഥയ്ക്കായി ഒരു ആമുഖം ഞാൻ എഴുതണമെന്നു തിരുമേനി അമേരിക്കയിൽ നിന്നുമയച്ച ഒരു എഴുത്തിൽ ആവശ്യപ്പെട്ടതനുസരിച്ചാണ് ഞാൻ ഈ ആമുഖം എഴുതുന്നത്. എനിക്ക് ഈ Privilege തന്നതിന് തിരുമേനിയോട് ഞാൻ ഏറ്റവും നന്ദിയുള്ളവനാണ്.

ഈ ആത്മകഥ വായിക്കുമ്പോൾ വായനക്കാരുടെ മനസ്സിൽ കൂടി പോകാവുന്ന ചില ചിന്തകൾ (എന്റെയും മനസ്സിൽ കൂടി പോയവ) ചിലപ്പോൾ താഴെപ്പറയുന്ന പോലെയാകാം. ഈ പുസ്തകം ആരെക്കുറിച്ചാണ്? ആദിമുതൽ അവസാനംവരെ അനേക വ്യക്തികൾ, കുടുംബക്കാർ, സഹപ്രവർത്തകർ, പ്രവർത്തിച്ച സ്ഥാപനങ്ങൾ, ഇടവകകൾ എന്നിവ മുന്നിട്ട് നിൽക്കുന്നതായി കാണാം. ഇവയെല്ലാം ഇണക്കി എന്നാൽ ഒട്ടും മുഴച്ചുനിൽക്കാതെ തിരുമേനിയേയും വീക്ഷിക്കാം. തിരുമേനിയുടെ ജീവിതത്തിന്റെയും സമർപ്പണത്തിന്റെയും കൂടെ തന്റെ relationships ആണ് തിരുമേനിയെ രൂപപ്പെടുത്തിയിരിക്കുന്നത്. കുടുംബത്തിലെ അനേക വ്യക്തികൾ ബാല്യകാലം മുതൽ തിരുമേനിയെ വളർത്തി, സ്വഭാവവും ദൈവഭക്തിയും രൂപപ്പെടുത്തിയെന്നത് തിരുമേനി എത്രമാത്രം ബോധവാനാണെന്നു നമുക്കു കാണാം. 'ഞാൻ' എന്ന അഹന്ത ഈ വിവരണങ്ങളിൽ ഒട്ടുംതന്നെ പ്രത്യക്ഷപ്പെടുന്നില്ല. ശ്ലാഘനീയമായ ചില ചെയ്തികൾ വിവരിക്കുമ്പോൾ അവയിലെല്ലാം അടിസ്ഥാനമായ ദൈവകൃപയും നടത്തിപ്പും സ്ഥിതിചെയ്യുന്നു എന്ന ബോദ്ധ്യം പിന്നിലുണ്ടെന്ന് വളരെ വ്യക്തമാണ്.

തിരുമേനി അച്ചനായും മെത്രാച്ചനായും സേവനമനുഷ്ഠിച്ച വേദികൾ, പഠിച്ച സ്ഥാപനങ്ങൾ, സേവനമനുഷ്ഠിച്ച ഇടവകകൾ, വളയഞ്ചിറങ്ങര, Secunderabad, Calcutta, Jabalpore, Vellore, Idukki, USA, പഠിപ്പിച്ച സ്ഥാപനങ്ങൾ ഇവയിലെല്ലാം തിരുമേനി ആദ്യം ചെല്ലുമ്പോൾ പലതരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടായിരുന്നതായി നാം കാണുന്നു. മറ്റു പലരും ഇങ്ങനെയുള്ള അവസരങ്ങളിൽ പക്ഷം പിടിച്ചു പ്രവർത്തിക്കുന്നതു മൂലം സ്ഥിതിഗതികൾ കൂടുതൽ മോശമാകുന്നതായി കാണാം. പക്ഷംപിടിക്കാതെ, സൗമ്യമായ പെരുമാറ്റം ഹേതുവായി തിരുമേനിയുടെ മുൻപിൽ പ്രശ്നങ്ങൾ കെട്ടടങ്ങുന്നത് എല്ലാവർക്കും ഒരു പാഠമാകേണ്ടതാണ്.

ഞാൻ തിരുമേനിയുമായി ഇടപഴകുന്നത് മൂന്ന് ഘട്ടങ്ങളിലാണ്. 1) 1946–1948. ഞാൻ താംബരത്ത് MCCൽ Intermediate ന് പഠിക്കുമ്പോൾ അന്ന് മാത്തുക്കുട്ടി ശെമ്മാച്ചൽ 1947–ൽ B.Sc. final year-ൽ ആയിരുന്നു.

MalankaraOrthodox.TV

രണ്ട് വ്യത്യസ്ത hostels-ൽ ആയിരുന്നതുകൊണ്ട് ചുരുക്കം ചില ആരാധനാവേളകളിൽ മാത്രം കണ്ടുമുട്ടുമായിരുന്നു. 2) 1963–67 ൽ ഫാ. കെ. കെ. മാത്യൂസ്, വെല്ലൂർ ഇടവകയുടെ വികാരിയായി പ്രവർത്തിച്ചു. സൗമ്യതയുടെയും സത്യസന്ധതയുടെയും, മടിയില്ലാത്ത പരിശ്രമത്തിന്റെയും മകുടോദാഹരണമായിരുന്നു. വളരെ primitive ആയ രണ്ടു ചെറിയ മുറികളുള്ള parsonage-ൽ താമസിച്ച് ദരിദ്രരായ രോഗികളുമായി സഹവസിച്ചിരുന്നു. ഈ പുസ്തകത്തിൽ പറയാത്ത രണ്ടു കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ. Parsonage-ന്റെ ചെറിയ പുരയിടത്തിൽ പത്തോ പന്ത്രണ്ടോ തെങ്ങുകൾ ഉണ്ടായിരുന്നു. വളരെക്കുറച്ചു തേങ്ങാ മാത്രം കിട്ടിക്കൊണ്ടിരിക്കുന്നു. പള്ളിയുടെ monthly ഇടവകയോഗത്തിൽ ഈ തേങ്ങായ്ക്കു കിട്ടുന്ന വില, തെങ്ങിന്റെ വളം ചെയ്യൽ തുടങ്ങിയ ചെലവു കണക്കുകൾ അച്ചൻ സമർപ്പിച്ചു വന്നു. ലക്ഷക്കണക്കിനു സഭാപ്പണച്ചെലവുകൾ ഇന്ന് എങ്ങനെ സമർപ്പിക്കുന്നു എന്നത് അച്ചന്റെ സത്യനിഷ്ഠയോട് മാറ്റുചേർത്ത് നോക്കേണ്ടതാണ്. Parsonage ഉം, കോളജിന്റെ ഹോസ്റ്റലുകളും, തമ്മിൽ എട്ടു മൈൽ ദൂരമുണ്ടായിരുന്നു. ഈ ദൂരമെല്ലാം ഒരു സൈക്കിൾ ചവിട്ടി ആഴ്ചതോറും സ്റ്റുഡൻസിന്റെ അടുത്തേക്ക് അച്ചൻ പോയിരുന്നു. ആദ്യമൊക്കെ അച്ചന്റെ സൈക്കിൾ കാണുമ്പോൾ ഓടി ഒളിച്ചിരുന്ന കുട്ടികൾ ക്രമേണ അച്ചന്റെ വലയത്തിൽ വീണു. എന്തിനേറെപ്പറയുന്നു, അച്ചൻ വിരമിക്കുമ്പോൾ, ജീവിതത്തിൽ ഒരിക്കൽപ്പോലും കുർബ്ബാന അനുഭവിച്ചിട്ടില്ലായിരുന്ന കുട്ടികൾ വരെ കുമ്പസാരിച്ചു കുർബ്ബാന അനുഭവിക്കുമായിരുന്നു.

3) ഞാൻ കോലഞ്ചേരി ആശുപത്രിയിൽ 1970-ൽ ചാർജ്ജെടുത്തു. 1972-ൽ മാത്യൂസച്ചനെ ചാപ്ലേയിനായി ലഭിച്ചു. ആത്മകഥയിൽ സൂചിപ്പിച്ചിട്ടുള്ള ദൈവനടത്തിപ്പിന്റെ തെളിവായി എടുക്കാവുന്ന ഒരു സംഭവമായിരുന്നു അച്ചന്റെ നട്ടെല്ലിനു വേണ്ടിവന്ന ശസ്ത്രക്രിയ.

കുറച്ചുനാളായി നെഞ്ചിനു വേദന ഉണ്ടായിക്കൊണ്ടിരുന്നു എങ്കിലും പരിശോധനയിൽ ഹൃദയത്തിന് തകരാറില്ലായിരുന്നതിനാൽ ഞങ്ങൾ അത്ര കാര്യമാക്കിയിരുന്നില്ല. ഒരു ദിവസം അച്ചൻ താമസിച്ചിരുന്ന വീടിന്റെ മുൻപിൽകൂടിയുള്ള വഴിയിൽ കൂടി ഞാൻ ആശുപത്രിയിലേക്കു നടക്കുമ്പോൾ അച്ചൻ ഗേറ്റ് തുറന്ന് ഇറങ്ങിനിന്നു. കാലിന്റെ ബലക്കുറവിന് ആയുർവ്വേദചികിത്സയ്ക്കായി പട്ടരുമഠത്തിലേക്കു പോകുകയാണ് എന്നു പറഞ്ഞു. നെഞ്ചുവേദനയിൽ പ്രാധാന്യം കൊടുത്തിരുന്ന അച്ചനും ചികിത്സകർക്കും കാലിന്റെ ബലഹീനതയെക്കുറിച്ചും ചുമയ്ക്കുമ്പോൾ നെഞ്ചു ചുറ്റി വേദന വരുന്നതും ആദ്യമായി ശ്രദ്ധയിൽ വന്നപ്പോൾ, രോഗം മറ്റു കാരണം കൊണ്ടാവാമെന്നു സംശയിച്ച് ഫിസിഷ്യൻ ആയ ഡോ. പോൾ പുത്തൂരാനെ വിവരം അറിയിച്ചു. തുടർന്നുണ്ടായ പരിശോധനകളിൽ

Malankaraorthodox.tv

നട്ടെല്ലിനാണു രോഗമെന്നു നിർണയിച്ചതും വെല്ലൂർക്കു വിട്ടതും, ഡോ. കെ. വി. മത്തായി വിജയകരമായി ഓപ്പറേറ്റ് ചെയ്തതുമെല്ലാം ആത്മകഥയിൽ വിവരിച്ചിട്ടുണ്ട്. അന്ന് ആ വഴിയിൽ അച്ചനെ ഞാൻ കണ്ടുമുട്ടുവാൻ ഇടയായത് യാദൃശ്ചികമോ ഈശ്വരനിയോഗമോ എന്നു വായനക്കാരൻ തീരുമാനിക്കട്ടെ. അച്ചൻ എന്തു വിശ്വസിച്ചിരുന്നു എന്നു വ്യക്തമാണ്.

ഒരു കാര്യം കൂടെ. വെല്ലൂർ ആശുപത്രിയിലെ സേവനകാലത്ത് നട്ടെല്ലു ശസ്ത്രക്രിയ കഴിഞ്ഞ് കാലുകൾക്ക് സ്ഥിരമായ തളർച്ച ബാധിച്ച രോഗികളെ അച്ചൻ കണ്ടിട്ടുണ്ടായിരുന്നു. ഈ അറിവിന്റെ ഫലമായുള്ള anxiety യോടും ദൈവത്തിൽ എല്ലാം സമർപ്പിച്ചുകൊണ്ടുമായിരുന്നു anaesthesia യ്ക്കു വഴങ്ങിയത്. ബോധം തെളിഞ്ഞപ്പോൾ കാലുകൾ അനക്കി നോക്കി കുഴപ്പമൊന്നുമില്ല എന്നു മനസ്സിലായപ്പോൾ ആശ്വാസത്തിന്റെ ശക്തിയിൽ ഏങ്ങലടിച്ചു കരഞ്ഞുപോയി. കുറെ മാസങ്ങൾ ഇതു നിലനിന്നു. ഓപ്പറേഷനെക്കുറിച്ച് ആരോടെങ്കിലും സംസാരിക്കുമ്പോൾ അച്ചൻ വിതുമ്പിക്കരയുമായിരുന്നു.

ഞാൻ ഇത്രയും എഴുതിയത് തിരുമേനിയുടെ വ്യക്തിത്വത്തിൽ മനുഷ്യത്വവും ദൈവവിശ്വാസവും എങ്ങനെ ഒന്നിച്ചു നിലകൊള്ളുന്നുവെന്ന് വ്യക്തമാക്കാനാണ്. ഈ സ്വഭാവവിശേഷമാണ് ഞാൻ ആദ്യം വിവരിച്ചപോലെ തിരുമേനിയുടെ human relationship ലും ചുമതലാനിർവ്വഹണങ്ങളിലും, ആത്മീയജീവിതത്തിലും നിലകൊള്ളുന്നത്.

ഡോ. കെ. സി. മാമ്മൻ

ഈ പുസ്തകം എന്റെ പിതൃസഹോദരൻ
ബ. കെ. പി. പൗലോസ് ബി.ഡി. കത്തനാരുടെ
പാവനസ്മരണയ്ക്കായി സമർപ്പിക്കുന്നു.

അദ്ധ്യായം 1

ജന്മദേശവും, ജനനതീയതിയും

1. എന്റെ ജന്മദേശം

കേരളത്തിൽ പെരിയാറിന് തെക്ക് പെരുമ്പാവൂരിനും തെക്ക്, 'തുരുത്തിപ്ലി' എന്നു പേരുള്ള ഒരു തുരുത്തുണ്ട്. കിഴക്കുപടിഞ്ഞാറായി കിടക്കുന്ന ഈ തുരുത്തിന്റെ തെക്കും പടിഞ്ഞാറും വടക്കും പാടമാണ്. തുരുത്തിന്റെ പടിഞ്ഞാറേ അറ്റത്താണ് തുരുത്തിപ്ലി സെന്റ് മേരീസ് പള്ളി. അതിനു കിഴക്കായി വടക്ക് എന്റെ വീടും (കല്ലറയ്ക്കപറമ്പിൽ) തെക്ക് സെന്റ് തോമസ് പള്ളിയുമാണ് (ചെറിയപള്ളി). സെന്റ് മേരീസ് പള്ളിയുടെ തെക്കുവശത്തുള്ള പാടത്തിന് 'ചേട്ടാളം' എന്നാണ് പേര്. അതിന്റെ തെക്കെ തീരത്തുള്ള 'ചേട്ടാളത്തിൻകര' എന്ന വീട്ടിലാണ് മലങ്കരസഭയുടെ പുണ്യാത്മാവായിരുന്ന ഔഗേൻ ബാവാ ജനിച്ചു വളർന്നത്. എന്നാൽ ബാവാ റമ്പാനായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പിതാവ് കുടുംബസമേതം പെരിയാറിനു സമീപം 'കോടനാട്ട്' പോയി താമസമാക്കി. ഇപ്പോഴും ബാവാ തിരുമേനിയുടെ വീട്ടുപേര് ചേട്ടാളത്തിൻകരയെന്നാണ്. അങ്ങനെ രണ്ടു പള്ളികളും ഔഗേൻ ബാവായുടെ വീടും സ്ഥിതിചെയ്യുന്ന സ്ഥലമാണ് എന്റെ ജന്മദേശം.

കൂടാതെ, പെരിയാറിന്റെ വടക്കേ തീരത്ത് കാലടിയിലാണ് ശ്രീ. ശങ്കരാചാര്യരുടെ ജന്മഗൃഹം. ചുരുക്കത്തിൽ, മഹത്തുക്കളുടെ ജന്മനാട്ടിൽ പിറന്ന ഒരു സാധാരണക്കാരനാണ് ഞാൻ.

2. എന്റെ ജനനതീയതി

1924 ആഗസ്റ്റ് 9 ആണ് എന്റെ ജന്മദിനം. കാലം ചെയ്ത പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജന്മദിനവും ആഗസ്റ്റ് 9 ആണ്. എന്നേക്കാൾ 2 വർഷം മുമ്പ് 1922-ൽ തിരുമേനി ജനിച്ചു. അഭി. സഖറിയ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ജന്മദിനം 1924 ആഗസ്റ്റ് 6 ആണ്. കേവലം 3 ദിവസത്തെ വ്യത്യാസം മാത്രം. അമേരിക്കയിലെ നോർത്ത് ഈസ്റ്റ് മെത്രാസനത്തിലെ അസിസ്റ്റന്റ് അഭിവന്ദ്യ സഖറിയാ മാർ നിക്കോളാവൊസ് തിരുമേനിയുടെ ജന്മദിനം ആഗസ്റ്റ് 13 ആണ്.

MalankaraOrthodox.TV

അദ്ധ്യായം 2

എന്റെ പാരമ്പര്യം

മലബാറിലെ അതിപുരാതന ക്രൈസ്തവ കുടുംബങ്ങളിലൊന്നായിരുന്നു കിടങ്ങേത്ത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആഞ്ഞൂർ തൊഴിയൂർ ഇടവകയിൽ മാർ പീലക്സീനോസ് എന്ന പേരിൽ രണ്ടു മെത്രാന്മാർ ഈ കുടുംബത്തിൽ ഉണ്ടായിട്ടുണ്ട്.

ഈ കുടുംബത്തിലെ രണ്ട് സഹോദരങ്ങൾ തലശ്ശേരിയിൽ നിന്ന് പെരിയാറിനു സമീപം വന്നു താമസമാക്കി. പിന്നീട് കേരളത്തിന്റെ ഒരു ഭാഗമായി തീർന്ന തിരുവിതാംകൂറിലായിരുന്നു ഈ സ്ഥലം. ഇവരിൽ ഒരാൾ പച്ച നെല്ല് അഥവാ തോമ്പ് കച്ചവടം തുടങ്ങി. തോമ്പിന്റെ അറ എന്ന് അർത്ഥം വരുന്ന തോമ്പ്ര എന്ന വീട്ടുപേര് ഇങ്ങനെയുണ്ടായതാണ്. മറ്റെ സഹോദരന്റെ വീടിന് 'മറ്റെമന' എന്ന പേരും ലഭിച്ചു. 'തോമ്പ്ര' പല ശാഖകളായി പല പേരുകളിൽ വ്യാപിച്ചു. അതിലൊന്നായ 'ചേന്നൻ കുടിയിൽ'പെട്ടതാണ് ഞാൻ ജനിച്ച 'കല്ലറയ്ക്കപറമ്പിൽ' വീട്. എന്റെ പാപ്പന്റെ (പിതാവിന്റെ പിതാവ് - പിതാമഹൻ) അമ്മ തുരുത്തിപ്പ്ലിയിൽ ആയിത്തുകുടിയിൽ നിന്നായിരുന്നു. അതിഭക്തയായിരുന്ന ആ സ്ത്രീയുടെ ആഗമനത്തോടെ ഞങ്ങളുടെ കുടുംബത്തിൽ വളരെ ആത്മീയ ഉണർവ്വുണ്ടായി. എന്റെ പാപ്പൻ പൈലി പൈലി കല്ലറയ്ക്കൽ നിന്നു ലഭിച്ച ഗ്രന്ഥങ്ങൾ ഉപയോഗിച്ച് കണ്ണുചികിത്സ നടത്തിയിരുന്നു. ദൂരദേശത്തു നിന്നു പോലും ചികിത്സയ്ക്ക് ആളുകൾ വന്നിരുന്നു. ദൂരെ നിന്നും വരുന്ന സാധുക്കളായ രോഗികൾക്ക് സൗജന്യമായി കഞ്ഞി നല്കുന്നതിൽ പാപ്പന്റെ അമ്മ ശ്രദ്ധിച്ചിരുന്നു.

പൈലി പൈലിയും കുഞ്ഞിളച്ചിയും. വല്യപ്പച്ചനും വല്യമ്മയും.

Malankaraorthodox.TV

പാപ്പൻ ഏഴുനേരവും പ്രാർത്ഥിക്കുന്ന ഭക്തനായിരുന്നു. നോമ്പിന്റെയും മറ്റു നിഷ്ഠകളുടെയും കാര്യം പറയാനുമില്ല. പ്രായമേറെയായി തീരെ അവശതയിലായിട്ടും, പള്ളിയിൽ പോകുന്നതിന് പാപ്പന് നിർബന്ധമായിരുന്നു. ഒരാൾ താങ്ങി പിടിക്കണം മറ്റൊരാൾ കസേര കൊണ്ടു പോകണം. ഇടയ്ക്കിടയ്ക്ക് ഇരിക്കും. ഒടുവിൽ അതും സാദ്ധ്യമല്ലാത്ത സ്ഥിതി വന്നപ്പോൾ, ആ ദിവസം മുഴുവൻ പാപ്പൻ കരച്ചിലായിരുന്നു.

ഒരിക്കൽ ഒരാൾ പള്ളിക്ക് നേർച്ചയായി നല്കിയ ഒരു സാധനത്തിൽ ഇന്നാരു കൊടുത്തതെന്ന് എഴുതിയത് കണ്ട് പാപ്പൻ വിമർശനമായി പറഞ്ഞു, "നാം പള്ളിക്കു കൊടുക്കുവാനല്ലാതെ പള്ളിയിൽ നിന്ന് എന്തെങ്കിലും പ്രശംസ സ്വീകരിക്കാമോ?"

എന്റെ പാപ്പൻ അംഗമായിരുന്ന തുരുത്തിപ്ലി സെന്റ് മേരീസ് പള്ളിയിലെ മറ്റൊരു അംഗമായിരുന്ന തോമ്പ്ര തോട്ടുങ്കൽ വർക്കി പിള്ള പള്ളിക്കാരുമായി വഴക്കായി. അയാൾ പള്ളിയിൽ നിന്നും പിരിഞ്ഞ് പുതിയൊരു പള്ളി പണിയുന്നതിന് നിശ്ചയിച്ചു. കാര്യസാദ്ധ്യത്തിനായി അദ്ദേഹം എന്റെ പാപ്പനെ കൂട്ടുപിടിച്ചു. പാപ്പനോട് ഇടവക മെത്രാപ്പോലീത്തായ്ക്കുണ്ടായിരുന്ന വാത്സല്യത്തെപ്രതി പാപ്പന് പ്രാർത്ഥിക്കാനെന്ന് പറഞ്ഞ് ഒരു പുതിയ പള്ളി അനുവദിച്ച് കല്പിച്ചു. അങ്ങനെ തോമാശ്ലീഹായുടെ നാമത്തിൽ തുരുത്തിപ്ലി ചെറിയപള്ളി ഉണ്ടായി.

Malankaraorthodox.TV

എന്റെ മാമ്മ (grand mother)

പ്രായാധിക്യമായപ്പോൾ എന്റെ മാമ്മയ്ക്ക് കണ്ണ് കാണാതായി. നേരത്തെ കേൾവിക്ക് തടസ്സമുണ്ടായിരുന്നു. അപ്പോൾ എന്തെങ്കിലും പറഞ്ഞാൽ മനസ്സിലാക്കുക അസാദ്ധ്യമായി. അങ്ങനെ വന്നാൽ ഓരോ അക്ഷരങ്ങൾ കൈപ്പത്തിയിൽ എഴുതിക്കൊടുക്കുമായിരുന്നു. ഒരക്ഷരം എഴുതുമ്പോൾ അത് മാമ്മ പറയും. പറയുന്നത് തെറ്റിയാൽ കയ്യിൽ തട്ടിക്കൊടുക്കും. ചില പേരുകളുടെ ആരംഭം എഴുതുമ്പോൾ തന്നെ മുഴുവൻ പറയും. മാമ്മ പറയുന്നവ ശരിയെന്ന് കാണിക്കുന്നതിന് കൈ കുലുക്കിയാൽ മതി. തെറ്റാണെങ്കിൽ കൈയിൽ രണ്ട് കുത്ത് കുത്തിയാൽ മതി.

ഞാൻ ബാലനായിരുന്നപ്പോൾ മാമ്മയുടെ കട്ടിലിൽ ഇരുന്ന് ദീർഘനേരം വർത്തമാനം പറയുന്നത് മാമ്മയ്ക്ക് വലിയ സന്തോഷമായിരുന്നു. വിവാഹത്തിന്റെ അടച്ചുതുറപ്പാട്ട് മാമ്മ പാടുമായിരുന്നു.

ഒരിയ്ക്കൽ മാമ്മ എന്നോട് ചോദിച്ചു. "മോനേ, നമ്മൾ അങ്ങേ ലോകത്തിൽ ചെല്ലുമ്പോൾ കണ്ണിന് കാഴ്ച ഉണ്ടാകുമോ. ചെവിയ്ക്ക് കേൾവി ഉണ്ടാകുമോ." ഞാൻ മറുപടി പറഞ്ഞു. "തീർച്ചയായും കാഴ്ചയും,

കേൾവിയും ഉണ്ടാകും." സൺഡേസ്കൂളിൽ പഠിച്ച കഥ ഞാൻ പറഞ്ഞു. ധനവാന്റെ പടിക്കൽ കിടന്ന ലാസർ വ്രണം നിറഞ്ഞവനായിരുന്നു. മരിച്ചപ്പോൾ ദൈവദൂതന്മാർ അവന്റെ ആത്മാവിനെ പറുദീസയിലേക്ക് കൊണ്ടുപോയി. അവന്റെ വ്രണമെല്ലാം ഇല്ലാതായല്ലോ. ഇത് കേട്ടപ്പോൾ മാമ്മക്ക് വലിയ സന്തോഷമായി.

കല്ലറയ്ക്കൽ കുടുംബം

അത്യന്തം ധനവാന്മാരായിരുന്ന അവർ സ്വന്തം ചെലവിൽ ഒരു അമ്പലം പണിയിച്ചു സമീപസ്ഥരായ ഹിന്ദുക്കൾക്ക് നൽകി. അമ്പലത്തിൽ "കല്ലറയ്ക്കൽ വക"യെന്ന് എഴുതിയിട്ടുണ്ട്. അമ്പലത്തിൽ എന്തെങ്കിലും വിശേഷങ്ങളുള്ളപ്പോൾ ആദ്യമേ കല്ലറയ്ക്കൽ ചെന്ന് ദക്ഷിണ നൽകുന്ന പതിവുണ്ട്.

കുറുപ്പംപടി സെന്റ് മേരീസ് പള്ളിയിൽ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ സന്ദർശിച്ചപ്പോൾ, പള്ളി പാത്രിയർക്കീസ് ബാവായ്ക്ക് ഉടമ്പടി എഴുതിക്കൊടുക്കുന്നതിനെക്കുറിച്ച് ചർച്ച ഉണ്ടായി. അപ്പോൾ കല്ലറയ്ക്കലെ ഒരംഗം ബാവായോട്, "ഈ നാട്ടിൽ കാർന്നവന്മാർ മക്കൾക്ക് വസ്തുവകകൾ എഴുതികൊടുക്കുകയല്ലാതെ, മക്കൾ കാർന്നോന്മാർക്ക് എഴുതി കൊടുക്കാറില്ല" എന്നു പറഞ്ഞു. ഇങ്ങനെ യുക്തിപൂർവ്വം മറുപടി നൽകിയതിനാൽ, "കാര്യം പറയാൻ കല്ലറയ്ക്കൻ" എന്നൊരു ചൊല്ലുണ്ടായി.

മാതാപിതാക്കൾ: കെ. പി. കൊറളയും മറിയാമ്മയും

എന്റെ പിതാവും മാതാവും

നാട്ടിലെ പല തർക്കങ്ങളും കലഹങ്ങളും തീർക്കുന്നതിന് ആളുകൾ അപ്പനെ സമീപിക്കുമായിരുന്നു. ആവശ്യമായ ഉപദേശങ്ങൾ അപ്പൻ നൽകുകയും പല വഴക്കുകളും ഇങ്ങനെ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഒരിക്കൽ ഞങ്ങളുടെ പള്ളിയിൽ ഏതോ കാര്യത്തിൽ രണ്ടു അഭിപ്രായമുണ്ടായി. ഒരഭിപ്രായത്തിന്റെ നേതാവ് എന്റെ അപ്പൻ കോറളയും, മറ്റേതിന്റെ നേതാവ് മുക്കണഞ്ചേരിൽ തോമ എന്ന ആളുമായിരുന്നു. പൊതുയോഗത്തിൽ ബഹുഭൂരിപക്ഷം അപ്പനെ പിൻതാങ്ങി. അന്ന് തോമ, “ഇനി ഞാൻ ആ പള്ളിയിൽ പോകുകയില്ല” എന്ന് അയാളുടെ വീട്ടിൽ വിളംബരം ചെയ്തു. ഇതറിഞ്ഞ എന്റെ അപ്പൻ ആ വീട്ടിൽ ചെന്ന് തോമയോട്, “നീ പുതിയ പള്ളി പണിയാൻ പോവുകയാണെന്ന് കേട്ടല്ലോ, കൊള്ളാം, നമുക്ക് രണ്ടുപേർക്കും കൂടെ ചേർന്ന് പണിയാം. നിനക്ക് നല്ല വസ്തു ഉണ്ട്; എനിക്ക് ധാരാളം മരങ്ങളുമുണ്ട്” എന്നു പറഞ്ഞു. ഇതോടെ ഭിന്നതകളെല്ലാം തീർന്നു.

കുട്ടികളായ ഞാനും എന്റെ ഇരട്ടസഹോദരനും വിശുദ്ധ കുർബ്ബാനയിൽ അശ്രദ്ധരായി എന്തോ ചെയ്തതിന് സൺഡേസ്കൂൾ അദ്ധ്യാപകൻ കണിയാംകുടിയിൽ ഔസേപ്പ് ഞങ്ങളെ ചെവിക്കു പിടിച്ചു ശാസിച്ചു. ഇത് പള്ളി സ്ഥാപകനായ തോമ്പ്ര തോട്ടുങ്കൽ വർക്കിപ്പിള്ള കണ്ടപ്പോൾ, സാറിനെ ശാസിച്ചുകൊണ്ട്, “നീ ഞങ്ങളുടെ പിള്ളേരെ ശാസിക്കാൻ ആരാണ്” എന്നു ചോദിച്ചു. ഞങ്ങളുടെ അപ്പൻ ഇതു കേട്ടിട്ട് രഹസ്യമായി “ഇനി മുതൽ എല്ലാ ഞായറാഴ്ചയും നിങ്ങൾ ആ സാറിന്റെ മുമ്പിൽ പോയി നിൽക്കണം” എന്നു പറഞ്ഞു. അങ്ങനെ അപ്പൻ ആ സാറിനെ അഭിനന്ദിച്ചു. കുറെ ഞായറാഴ്ചകൾ കഴിഞ്ഞപ്പോൾ, പിന്നെ ആ ചിട്ട തുടരണമെന്നില്ല എന്ന് അപ്പൻ പറഞ്ഞു. അപ്പോൾ ആ സാർ ഒരു കുല ഏത്തപ്പഴം ഞങ്ങൾക്ക് സമ്മാനമായി തന്നു. ഇങ്ങനെ വർക്കി പിള്ളയെയും സൺഡേസ്കൂൾ അദ്ധ്യാപകനെയും അപ്പൻ ബഹുമാനിച്ച് പരിഹാരമുണ്ടാക്കി.

എന്റെ അമ്മ – മറിയാമ്മ

എന്റെ അമ്മയെ മാമ്മോദീസാ മുക്കിയത് മലങ്കരയുടെ മഹാപരിശുദ്ധനായി തീർന്ന പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി ആയിരുന്നു. അമ്മ ഭക്തയായിരുന്നു. പാമ്പാക്കുട അച്ചടിച്ച നമസ്കാരവും ക്യംതാ നമസ്കാരവും (ഉയിർപ്പു ഞായറാഴ്ചത്തെ പ്രാർത്ഥനയും) മുടങ്ങാതെ ചൊല്ലുമായിരുന്നു. ഉപവാസത്തിന്റെ കാര്യം പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. അത്ര കഠിന ഉപവാസക്കാരി ആയിരുന്നു അമ്മ. പള്ളി

MalankaraorthodoxTV

ആരാധനകളിൽ, പ്രത്യേകിച്ച് ക്രിസ്തുമസ്, ഉയിർപ്പ് തുടങ്ങിയ ശുശ്രൂഷകളിൽ (ഇവ രണ്ടും ആ കാലത്ത് പാതിരാ കഴിഞ്ഞ് രണ്ടു മണിക്ക് ആരംഭിക്കുമായിരുന്നു) പട്ടക്കാരൻ പള്ളിയിൽ വരുന്നതിനു മുമ്പേ, മക്കളുമായി അമ്മ പള്ളിയിലെത്തുമായിരുന്നു. പള്ളിക്ക് വിഹിതങ്ങൾ നൽകുന്നതിനും പുറമെ സംഭാവനകൾ കൂടെ നൽകുന്നതിൽ അതീവ തല്പരയായിരുന്നു. ഒരു വസ്തു പള്ളിക്ക് ഇഷ്ടദാനമായി നൽകുകയും അതിന്റെ പാട്ടം (പാട്ടക്കാരൻ മുതലാളിക്കു നൽകുന്ന വിഹിതം) ആണ്ടുതോറും പള്ളിക്കു നല്കുകയും ചെയ്തിരുന്നു. കഠിനാദ്ധ്വാനിയായിരുന്ന അമ്മ തൊണ്ണൂറ്റിയെട്ടര വയസ്സിൽ മരിക്കുന്നതുവരെ കഴിയുന്ന ശുശ്രൂഷ ഏവർക്കും നൽകി തന്റെ ഓട്ടം തികച്ചു.

എന്റെ അമ്മയുടെ വീട് (പൊയ്ക്കാട്ടിൽ)

എന്റെ അമ്മയുടെ വീട് കുറുപ്പംപടിയിൽ പൊയ്ക്കാട്ടിൽ ആണ്. അമ്മയുടെ അപ്പൻ ഇട്ടീര മല്പാനച്ചൻ (ഗുരു) കുറുപ്പംപടി പള്ളിയിലെ പത്ത് അച്ചന്മാരിൽ പ്രമുഖനായിരുന്നു. ഔദ്യോഗിക നാമം ചാക്കോ എബ്രഹാം എന്നായിരുന്നു. ശെമ്മാശന്മാരെ സുറിയാനി പഠിപ്പിച്ചിരുന്നതിനാൽ മല്പാനെന്ന പേര് ലഭിച്ചു. എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബ്ബാനാനന്തരം മദ്ബഹായുടെ നടയിൽ ഇരുന്ന് പ്രസംഗിക്കുമായിരുന്നു. മാർത്തോമാക്കാർ പുറജാതികളുടെ ഇടയിൽ സുവിശേഷ പ്രസംഗം നടത്തിയപ്പോൾ ഇട്ടീര മല്പാനച്ചൻ പ്രസംഗിച്ചിട്ടുണ്ട്. ഹിന്ദു മതത്തെ കുറിച്ചും ആധികാരികമായി പറയാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. ഈ അച്ചന്റെ മകന്റെ മകൾ അന്നമ്മ സ്വപിതാവിന്റെ മരണത്തിനു ശേഷം കുടുംബബത്തിന്റെ ചുമതലക്കാരിയായി. മേക്കമാലിൽ പൈലി ഈ സ്ത്രീയെ വിവാഹം ചെയ്ത് പൊയ്ക്കാട്ടിൽ വന്നു ദത്തായി താമസിച്ചു. രണ്ട് മക്കൾ ഉണ്ടായതിനു ശേഷം ഇദ്ദേഹം മരിച്ചു. മകൾ മറിയാമ്മയെ മൂക്കഞ്ചേരി കൊച്ചിട്ടൻ മാസ്റ്റർ വിവാഹം ചെയ്തു. മകൻ എബ്രഹാം കുറുപ്പംപടി MGM-ൽ അദ്ധ്യാപകനായി. അദ്ദേഹത്തിന്റെ ഒരു മകൾ ആനി ഡോക്ടറാണ്.

ഇട്ടീരാ മല്പാനച്ചന്റെ സഹോദരിയെ കുറുപ്പംപടി പള്ളിക്കു സമീപത്തുള്ള മരങ്ങാട്ടു കെട്ടിച്ചു. ആ മാമ്മയുടെ മകളെ പോത്താനിക്കാട്ട് ചീരത്തോട്ടത്തിൽ കെട്ടിച്ചു. ആ വല്ല്യമ്മയുടെ മകനാണ് കുറുപ്പംപടി MGM സ്കൂളിന്റെ ഹെഡ്മാസ്റ്റർ പി. എ. പൗലോസച്ചൻ (പിന്നീട് കോറെപ്പിസ്കോപ്പാ ആയി). അദ്ദേഹം എന്റെ ആത്മീയ ഗുരുവും ആയിരുന്നു. അദ്ദേഹത്തിന്റെ മക്കളാണ് ഡോ. ഡി. ബാബു പോൾ IAS, റോയി പോൾ IAS.

MalankaraOrthodox.TV

എന്റെ പിതാവിന്റെ സഹോദരങ്ങൾ

1. എന്റെ വല്യമ്മായി

എന്റെ അപ്പന്റെ മൂത്ത സഹോദരി അന്നമ്മയെ കോട്ടപ്പടിയിൽ പാറപ്പാട്ടു കുടുംബത്തിൽ കെട്ടിച്ചു. പാറപ്പാട്ടു ബ. മത്തായി കത്തനാരുടെ മകൻ പൗലോസായിരുന്നു വരൻ. അദ്ദേഹം വളരെ ശാന്തനും സ്നേഹമൂർത്തിയുമായിരുന്നു. മക്കളെ അമ്മ ശിക്ഷിക്കുമ്പോൾ മക്കൾ അപ്പന്റെ അടുക്കൽ ഓടിച്ചെന്ന് പരാതി പറയും. "അപ്പാ, അമ്മ എന്നെ തല്ലി." ഇതു കേട്ട് അപ്പൻ പറയും "അയ്യോ എന്റെ മോളെ (മോനെ), അമ്മ തല്ലിയോ" എന്നു പറഞ്ഞ് ആശ്വസിപ്പിക്കും. അദ്ദേഹത്തിന്റെ ഒരു മകൻ പൗലോസ് ചെറുപ്പത്തിൽ പാമ്പുകടിയേറ്റ് മരിച്ചു. അനന്തരം അമ്മ, "എന്റെ മോനെ, പൗലോസേ" എന്നു പറഞ്ഞു കട്ടിലിൽ കിടന്ന് ദിവസങ്ങളോളം കരഞ്ഞത് ഇന്നും എന്റെ ഹൃദയത്തിൽ മാറ്റൊലി കൊള്ളുന്നു. മരിച്ചുപോയ പൗലോസിന്റെ ഭാര്യ അന്ന് ഗർഭിണിയായിരുന്നു. കുഞ്ഞിന്റെ നന്മയെ കരുതി അവൾ വിധവയായി ജീവിതം നയിച്ചത് എത്രയോ ശ്ലാഘനീയമാണ്!

വല്യമ്മായിയുടെ മക്കൾ: 1. സാറാമ്മ, 2. ജോസഫ്, 3. കുഞ്ഞിളച്ചി, 4. പൗലോസ്, 5. മേരിക്കുട്ടി.

വല്യമ്മായിയുടെ മക്കളെക്കുറിച്ച് പല നല്ല കാര്യങ്ങളും പറയാനുണ്ട്. മൂത്ത മകൾ സാറാമ്മ അതിസുന്ദരിയായിരുന്നു. അതുപോലെ സൽസ്വഭാവിയുമായിരുന്നു. ആ പെങ്ങളുടെ ഭർത്താവ് പെങ്ങളുടെ മരണശയ്യയ്ക്കു സമീപം എന്നോടു പറഞ്ഞു, "ഞങ്ങൾ വിവാഹം കഴിച്ചിട്ട് ഒരവസരത്തിൽപോലും ഇവൾ ഈർഷ്യയോടെ സംസാരിച്ചിട്ടില്ല." പാലക്കുഴപ്പള്ളിയിൽ സാറാമ്മപ്പെങ്ങളുടെ മൃതശരീരം കൊണ്ടുചെന്നപ്പോൾ ഞാനും കൂടെ പോയി. അത് രണ്ടു കക്ഷികളും ഉള്ള പള്ളിയാണ്. പാത്രിയർക്കീസ് കക്ഷിയിലെയും കാതോലിക്കാ കക്ഷിയിലെയും മെത്രാച്ചന്മാർ ആ പള്ളിയിൽ പ്രവേശിച്ചിരുന്നില്ല. ഞാൻ പള്ളിയുടെ ഗേറ്റ് വരെ പോയി. പാത്രിയർക്കീസ് കക്ഷിയിലെ ആളായിരുന്നു കൈക്കാരൻ. ബർണബാസ് മെത്രാച്ചൻ ഗെയിറ്റിൽ ഉണ്ടെന്നു കേട്ടപ്പോൾ എന്നെ അകത്തുകൊണ്ടുപോയി.

ഈ പെങ്ങളുടെ മക്കൾ ഉയർന്ന നിലയിലുള്ളവരാണ്. പൗലോസ് എൻജിനീയറും, ജോർജ്ജ് ഡോക്ടറും, ജോസഫ് കോളജ് പ്രൊഫസറും ആണ്.

എന്റെ വല്ല്യമ്മായിയുടെ മൂത്ത മകൻ ജോസഫ്, കുടുംബത്തിലെ എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തിവന്ന കഴിവുറ്റവനായിരുന്നു. അദ്ദേഹത്തിന്റെ മകൻ ബേബിക്ക് കൃഷിയാണ്, ജോർജ്ജ് ഡോക്ടറാണ്.

എന്റെ വല്ല്യമ്മായിയുടെ മകൻ പൗലോസ് ചെറുപ്രായത്തിൽ തന്നെ പാമ്പുകടിയേറ്റു മരിച്ചുപോയ വിവരം പറഞ്ഞല്ലോ. അദ്ദേഹത്തിന്റെ മകൻ മിടുക്കനായി വളർന്ന് എൻജിനിയറായി.

2. എന്റെ കുഞ്ഞമ്മായി

കുഞ്ഞമ്മായിയുടെ മക്കൾ: 1. ഏലിയാമ്മ, 2. ശോശാമ്മ, 3) ചിന്നമ്മ, 4) വർഗ്ഗീസ്, 5) പൗലോസ്, 6. മേരി.

എന്റെ അപ്പന്റെ രണ്ടാമത്തെ സഹോദരി മറിയാമ്മയെ തുരുത്തിപ്ലിയിൽ കുന്നത്തുപറമ്പിൽ (മഠത്തിക്കുഴി) കെട്ടിച്ചു. അച്ചന്റെ പേര് മത്തായി. ഭക്തയും സമർത്ഥയുമായിരുന്ന ആ സ്ത്രീ, എട്ടു നാത്തൂന്മാരെയും (ഭർത്താവിന്റെ സഹോദരിമാർ) ഉചിതമായി ബഹുമാനിച്ചിരുന്നു. ഒരു മകൾ ചിന്നമ്മ മക്കൾ ഇല്ലാതെ ജീവിക്കുന്നു. കുഞ്ഞമ്മായിയുടെ ഒരു മകൾ ശോശാമ്മയുടെ മകൻ കുര്യാക്കോസ് എൻജിനീയറാണ്. കുഞ്ഞമ്മായിയുടെ മകൻ വറുഗീസിന്റെ മകൻ ബാലു എൻജിനീയറാണ്.

3. എന്റെ കൊച്ചപ്പൻ

എന്റെ അപ്പന്റെ അനുജനെ കൊച്ചപ്പൻ എന്നാണ് ഞാൻ വിളിച്ചിരുന്നത്. റവ. ഫാദർ കെ. പി. പൗലോസ് B.D. വടക്കൻതിരുവിതാംകൂറിൽ ആദ്യമായി B.D. പാസ്സായ ആളായതിനാൽ B.D. അച്ചനെന്ന പേരുണ്ടായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുരുത്തിപ്ലി സെന്റ് തോമസ് പള്ളിയിൽ ആണ്ടുതോറും കൺവൻഷൻ യോഗങ്ങൾ തുടങ്ങി. അക്കാലത്ത് ഞായറാഴ്ച പ്രസംഗങ്ങൾ തന്നെ അപൂർവ്വമായിരുന്നു.

കൊച്ചപ്പൻ പട്ടക്കാരനായി തുരുത്തിപ്ലി സെന്റ് തോമസ് പള്ളിയുടെ ചാർജെടുത്തപ്പോൾ ഹോമിയോപ്പതി ചികിത്സ പഠിക്കുകയും, പള്ളിമുറി ചികിത്സയ്ക്കായി ഉപയോഗിക്കുകയും ചെയ്തു. ആശുപത്രികൾ വിരളമായിരുന്ന ആ കാലത്ത് ഹോമിയോപ്പതി ചികിത്സ ആരംഭിച്ചത് സാധാരണക്കാർക്ക് ഒരു വലിയ അനുഗ്രഹമായിരുന്നു.

കൊച്ചപ്പൻ സ്വന്തം കുടുംബാംഗങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും അവരുടെ ഭാവിയ്ക്ക് ആവശ്യമായ നേതൃത്വം നൽകുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പ്രേരണയിലാണ് ഞാൻ സന്യാസിയായിത്തീർന്നത്.

"കാനോനിക പാത്രിയർക്കീസ് ആര്" എന്ന പേരിൽ അബ്ദൽ മ്ശിഹാ പാത്രിയർക്കീസിനെക്കുറിച്ചും 'സത്യകാനോൻ ഏത്" എന്ന പേരിൽ പാരീസിൽ അടിച്ച കാനോനെക്കുറിച്ചും പണ്ഡിതോചിതമായി എഴുതിയ രണ്ട് പുസ്തകങ്ങളിൽ കൂടിയും, വടക്കൻപ്രദേശങ്ങളിൽ

Malankaraorthodox.TV

നടത്തിയ വിപുല കാതോലിക്കേറ്റിന്റെ പ്രചരണയോഗങ്ങളിൽ കൂടിയും ബ. പൗലോസച്ചൻ ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്കും ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിക്കും നല്കിയ വിലയേറിയ പിന്തുണ സഭാ ചരിത്രത്തിൽ എക്കാലവും സ്മരിക്കപ്പെടുന്നതാണ്.

Malankaraorthodox TV

മൂത്ത പെങ്ങൾ: സിസ്റ്റർ മേരി (കിഴക്കമ്പലം ദയറാ)

അദ്ധ്യായം 3

എന്റെ സഹോദരങ്ങൾ

1. അബ്രഹാം, 2. അന്നമ്മ, 3. അന്നമ്മ, 4. കുഞ്ഞിളച്ചി (സിസ്റ്റർ മേരി), 5. തോമസ്, 6. മറിയാമ്മ, 7. പൗലോസ്, 8. അബ്രഹാം.

1. അബ്രഹാം ശൈശവത്തിൽ മരിച്ചു.
2. അന്നമ്മ ശൈശവത്തിൽ മരിച്ചു.
3. അന്നമ്മ ശൈശവത്തിൽ മരിച്ചു.

4. എന്റെ വല്യപെങ്ങൾ കുഞ്ഞിളച്ചി.

മട്രിക്കുലേഷനിൽ തിരുവിതാംകൂറിൽ ഒന്നാം സ്ഥാനത്തു പാസ്സായി. അനന്തരം കൽക്കട്ടയിൽ ഡയോസിഷൻ കോളജിൽ പഠിക്കുമ്പോഴാണ് നാട്ടിൽ കിഴക്കമ്പലത്ത് ബേത്‌ലഹേം ദയറാ തുടങ്ങുന്നതിനെക്കുറിച്ചുള്ള ആലോചനയുണ്ടായത് (കോൺവെന്റ്). അപ്പോൾ കോളജ് പഠനം ഉപേക്ഷിച്ച് നാട്ടിൽ വന്നു ദയറാ പ്രവർത്തനങ്ങളിൽ ചേർന്ന്, കന്യാസ്ത്രീയായി, മേരി എന്ന പേര് സ്വീകരിച്ചു.

Malankaraorthodox.TV

കിഴക്കമ്പലം ദയറ

കിഴക്കമ്പലം ബേത്‌ലഹേം ദയറ (മഠം) യുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായിരുന്നു എന്റെ മൂത്ത സഹോദരി കുഞ്ഞിളച്ചു. പറൂർകാരിത്തി എലിശബ ആയിരുന്നു ആദ്യത്തെ മദർ. പ്രാഥമിക കാലത്തെ പ്രയാസങ്ങളിൽ സിസ്റ്റർ എലിസബത്ത് മദർ ആയി. 28 വർഷം മദറായും 19 വർഷം സ്കൂളിന്റെ Head Mistress ആയും പ്രവർത്തിച്ചു. ആ കാലത്ത് ദയറാ വളരെയേറെ പുരോഗമിച്ചു.

5. എന്റെ വല്യചേട്ടൻ തോമസ്

ഭാര്യ അന്നമ്മ, ഭാര്യയുടെ വീടു പാടത്ത്. ജ്യേഷ്ഠൻ തോമസിന്റെ മക്കൾ: 1. ഏലിയാസ്, 2. മറിയാമ്മ (ശൈശവത്തിൽ മരിച്ചു), 3. ലില്ലി, 4. മേരി, 5. ഗ്രേസി, 6. സൂസി, 7. പൗലോസ്കുട്ടി. ഏലിയാസ് എഞ്ചിനീയറാണ്.

ഏലിയാസിന്റെ മകൻ സുനിൽ എം.ബി.ബി.എസ്. പഠിച്ചുകൊണ്ടിരിക്കുമ്പോൾ കാർ അപകടത്തിൽപെട്ടു രണ്ടു കാലും തളർന്നുപോയി. എങ്കിലും ഉത്സാഹമായി പഠിച്ചു. എം.ബി.ബി.എസ്. പാസ്സായി. തുടർന്നു പഠിച്ച് ഇപ്പോൾ കോലഞ്ചേരി മെഡിക്കൽ കോളജിൽ പ്രൊഫസർ ആയി ജോലി ചെയ്യുന്നു.

തോമസ് ചേട്ടന്റെ ഇളയ മകൻ പൗലോസ്കുട്ടി തറവാട്ടിൽ താമസിക്കുന്നു. ഞാൻ നാട്ടിൽ ചെല്ലുമ്പോഴൊക്കെ എന്റെ കാര്യങ്ങൾ ഇവനും ഭാര്യയുമാണ് നോക്കുന്നത്.

6. എന്റെ സഹോദരി മറിയാമ്മ

എന്റെ പെങ്ങൾ മറിയാമ്മ കോട്ടയത്ത് കോതേടത്തിൽ കുട്ടപ്പൻ (കോര) ചെയ്തു. മക്കൾ അവറാംകുഞ്ഞ്, സാനി, കോരുളേച്ചൻ, മേരി, ആലീസ്.

7. എന്റെ സഹോദരൻ പൗലോസ്

ഇംഗ്ലണ്ടിൽ Printing ൽ ഉന്നത ബിരുദം സമ്പാദിച്ചതിനുശേഷം മദ്രാസിലും ഡൽഹിയിലും ജോലി ചെയ്തു. ഭാര്യ ആലപ്പുഴ പൂപ്പിള്ളിൽ കുട്ടിച്ചന്റെ മകൾ ശോശാമ്മയാണ്. ഞങ്ങളുടെ കുടുംബത്തിൽ ഒരു ദീപമായി ശോഭിക്കുന്നു. മക്കൾ ബീന, ബാവൻ, സൂസി.

8. എന്റെ ഇരട്ട സഹോദരൻ എബ്രഹാം

നന്നേ ചെറുപ്പത്തിൽ തന്നെ അതിസാഹസികനായിരുന്നു. ഇദ്ദേഹത്തിന്റെ വീരപരാക്രമങ്ങൾ ഞങ്ങളുടെ വീട്ടിൽ വരുന്ന അതിഥികളുടെ മുമ്പിൽ ഞാൻ വിവരിക്കുക ഒരു നേരമ്പോക്കായിരുന്നു.

ബാല്യത്തിൽ അദ്ദേഹത്തിന് വലിയ ഒരു അപകടമുണ്ടായി. തുരുത്തിപ്ലി സെന്റ് മേരീസ് പള്ളിയുടെ തെക്കുകിഴക്ക് ഒരു ചിറയുണ്ട്. വിലാക്കണ എന്നു പേര്. കന്നുകാലികളെ കുളിപ്പിക്കുന്നതിനും വെള്ളം കുടിപ്പിക്കുന്നതിനുമായി നാട്ടുകാർ എല്ലാ ദിവസവും അവിടെ കൊണ്ടുവരുമായിരുന്നു. കുട്ടികൾ വെള്ളത്തിൽ നടക്കുന്ന കന്നുകാലികളുടെ വാലിൽ പിടിച്ച് സവാരി ചെയ്യുമായിരുന്നു. നിലയില്ലാത്ത ഭാഗത്ത് വരുമ്പോൾ കന്നുകാലികൾ കാലുകൽ വലിച്ചു നീന്തും. അപ്പോൾ കുട്ടികൾ വാലിൽ നിന്നു പിടിവിട്ട് വെള്ളത്തിൽ വീഴും. നീന്തൽ അറിയാവുന്നതിനാൽ അവർക്ക് ഒരു ദോഷവും വരാറില്ല. ഇതു കണ്ട് രസം പൂണ്ട് എന്റെ സഹോദരൻ അവരെ അനുകരിച്ച് സവാരി നടത്തി. എന്നാൽ വെള്ളത്തിലേക്ക് തള്ളപ്പെട്ടപ്പോൾ, നീന്തലറിയാത്തതിനാൽ, വെള്ളം കുടിച്ച് ചാകാൻ തുടങ്ങി. കരയിൽ നിന്ന ഒരാൾ ഇതു കണ്ട് വെള്ളത്തിലേക്ക് ചാടി ഇറങ്ങി സഹോദരനെ രക്ഷപ്പെടുത്തി.

എന്റെ ഇരട്ടസഹോദരൻ അതിബുദ്ധിമാനും അതേ സമയത്ത് മടിയനുമായിരുന്നു. സ്കൂളിൽ ഒന്നും പഠിക്കാൻ ശ്രദ്ധിച്ചിരുന്നില്ല. ഞാൻ ഒന്നാം ക്ലാസ്സിൽ നിന്നും ജയിച്ചപ്പോൾ ജ്യേഷ്ഠന് ഒന്നും അറിഞ്ഞുകൂടാത്തതിനാൽ തോൽപ്പിച്ചാലോ എന്ന് അദ്ധ്യാപകർ ചിന്തിച്ചു. എന്നാൽ അനുജൻ

രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ ജ്യേഷ്ഠൻ ഒന്നാം ക്ലാസിൽ പഠിക്കുന്നതു മാനസിക പ്രയാസമുണ്ടാക്കുമെന്ന് കണ്ട് ജ്യേഷ്ഠനേയും ജയിപ്പിച്ചു. എന്നാൽ പിന്നെയും പഠിക്കാൻ അയാൾ ശ്രദ്ധിച്ചില്ല. ഞാൻ മൂന്നിലേക്ക് പാസ്സായപ്പോൾ ജ്യേഷ്ഠന്റെ കാര്യം വീണ്ടും ചിന്താവിഷയമായി. ജയിപ്പിച്ചാൽ വീണ്ടും പഠിക്കാതെ വന്നേക്കുമെന്ന് കണ്ട് തോൽപ്പിച്ചു. അന്നു മുതൽ ജ്യേഷ്ഠൻ പഠിക്കാൻ തുടങ്ങി. എന്നാൽ കഠിനാദ്ധ്വാനം ചെയ്തില്ല. മട്രിക്കുലേഷൻ പാസായെങ്കിലും ഉയർന്ന മാർക്കില്ലായിരുന്നു. തൽഫലമായി കോയമ്പത്തൂരിൽ ഡിപ്ലോമ എൻജിനീയറിംഗിന് അപേക്ഷിച്ചിട്ട് പ്രവേശനം കിട്ടാതെ പോയി. അങ്ങനെയിരിക്കെ അഡ്മിഷൻ കിട്ടിയ ഒരാൾ എന്തോ കാരണത്താൽ വന്നില്ല. ഇതറിഞ്ഞ് ജ്യേഷ്ഠൻ ചെന്നു ചേർന്നു. അന്നു മുതൽ കഠിനാദ്ധ്വാനം ചെയ്തു പഠിക്കാൻ തുടങ്ങി. ഒടുവിൽ മദ്രാസ് പ്രസിഡൻസിയിൽ ഫസ്റ്റ് ക്ലാസ്സിൽ ഫസ്റ്റായി ജയിക്കുകയും ചെയ്തു.

എന്റെ ഇരട്ട സഹോദരൻ എബ്രഹാം വിവാഹം കഴിച്ചത് കടമറ്റത്ത് ആനിക്കാശേരിൽ അച്ചന്റെ മകൾ മേരിയെ ആണ്. മക്കൾ ചാർളി, സോമൻ, മാത്തുക്കുട്ടി, റൂബി, റോമി എന്നിവരാണ്. മേരിയുടെ സഹോദരൻ കോട്ടയം ബസേലിയോസ് കോളജിന്റെ പ്രിൻസിപ്പലായിരുന്നു.

ഒരു കുടുംബചിത്രം. ഒന്നാം നിരയിൽ ഇടത്തുനിന്നും രണ്ടാമത്
കെ. കെ. മാത്തുക്കുട്ടി

അദ്ധ്യായം 4

കശ്ശീശപട്ടമേൽക്കുന്നതു വരെയുള്ള ചരിത്രം

എന്റെ ബാല്യം

തുരുത്തുംമാലിൽ ഗീവർഗീസ് അച്ചനാണ് എന്നെ മാമോദീസാ മുക്കിയത്. അദ്ദേഹം ഞങ്ങളുടെ വീട്ടിലെ ഒരംഗത്തെപ്പോലെയായിരുന്നു. തുരുത്തിപ്ലി വലിയപള്ളിയിലെ സൺഡേസ്കൂളിലായിരുന്നു ചെറിയപള്ളിയിലെ കുട്ടികൾ പഠിച്ചിരുന്നത്. മൂന്ന് ക്ലാസ് വരെ ഞാനും വലിയപള്ളിയിലെ സൺഡേസ്കൂളിലാണ് പഠിച്ചത്.

തുരുത്തിപ്ലി ചെറിയപള്ളിയിലും വളയൻചിറങ്ങര പള്ളിയിലും വിശ്വസ്ത സേവനമനുഷ്ഠിച്ച കപ്യാർ കുര്യാക്കോ ഭക്തനും വിശ്വസ്തനും സ്നേഹമൂർത്തിയുമായിരുന്നു.

ഓർമ്മവച്ച നാൾ മുതൽ ഭക്ഷണമൊന്നും കഴിക്കാതെയാണ് ഞായറാഴ്ച ഞാൻ പള്ളിയിൽ പോയിരുന്നത്. അത്ര നിഷ്ഠയോടെയാണ് അമ്മ ഞങ്ങളെ വളർത്തിയത്. ഞാനും എന്റെ ഇരട്ട സഹോദരനും സമപ്രായക്കാരായിരുന്നതിനാൽ ചെറുപ്പത്തിൽ ഗുസ്തി പിടിക്കുമായിരുന്നു. ഒരിക്കൽ ഗുസ്തി പിടിച്ച് ജ്യേഷ്ഠൻ മലർന്നു വീണു, ഞാൻ ജ്യേഷ്ഠന്റെ മുകളിലും. എന്റെ നെറ്റി ജ്യേഷ്ഠന്റെ വായിൽ ഇടിച്ച്, അദ്ദേഹത്തിന്റെ ഒരു പല്ല് ഒടിഞ്ഞുപോയി. അതോടെ ഞങ്ങൾ ഗുസ്തിപിടുത്തം നിറുത്തി.

ഇരട്ടകളായ ഞങ്ങൾക്ക് ഏഴു വയസ്സു പ്രായമുള്ളപ്പോൾ കൊച്ചപ്പൻ ഞങ്ങളെ ആലുവായിൽ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായെ കാണുവാൻ കൊണ്ടുപോയി. ഞങ്ങൾ ഇരട്ടകളാണെന്നറിഞ്ഞപ്പോൾ ബാവാ ഒരേസമയത്ത് രണ്ടു കൈകളും ഞങ്ങളുടെ തലയിൽ വച്ചനുഗ്രഹിച്ചത് ഓർക്കുന്നു.

സ്ലീബാദാസസമൂഹത്തിന്റെ അദ്ധ്യക്ഷൻ മൂക്കഞ്ചേരിൽ ബ. പത്രോസച്ചൻ എന്റെ വീട്ടിൽ താമസിച്ചുകൊണ്ട് പുറജാതികളുടെ ഇടയിൽ സുവിശേഷവേല ചെയ്യുന്നതിന് ഇടയായി. ചില സ്ഥലങ്ങളിൽ യോഗം നടത്തുന്നതിന് പോയപ്പോൾ ബാലനായ ഞാനും കൂടെ പോയിരുന്നു. കുറെ പറയരും, പുലയരും സ്നാനം ഏറ്റ് തുരുത്തിപ്ലി സെന്റ് തോമസ് പള്ളിയിൽ ചേരുന്നതിന് ഇടയായി. പിന്നീട് അദ്ദേഹം ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാനായി മലബാർ ഭദ്രാസനത്തിന്റെ ചുമതലയേറ്റു. ഏറ്റവും ലളിതമായി ജീവിച്ച അദ്ദേഹം പുതുക്രിസ്ത്യാനികൾക്കായി

Malankaraorthodox TV

തന്റെ സമയവും, പണവും പരമാവധി ചിലവാക്കിയിരുന്നു. ഇദ്ദേഹം ഒരു ഉത്തമ മാതൃകയായി ഞാൻ കരുതി.

പിറമാടം ദയറാ

മൂവാറ്റുപുഴയ്ക്കടുത്തുള്ള പിറമാടമെന്ന സ്ഥലത്ത് പുരുഷന്മാർക്കായി ഗത്ശീമോൻ എന്ന പേരിൽ ഒരു ആശ്രമം (ദയറാ) ആരംഭിച്ചിരുന്നു.

ഞാനും ഇരട്ടസഹോദരനും മദ്ധ്യവേനൽ അവധിക്കാലത്ത് പിറമാടം ദയറായിൽ പോയി താമസിക്കുമായിരുന്നു. അവിടുത്തെ ഉപവാസവും പ്രാർത്ഥനയും മറ്റെല്ലാ ചിട്ടകളും കുട്ടികളായ ഞങ്ങളും അനുസരിക്കണമായിരുന്നു. പഠിത്തം കഴിഞ്ഞ് ദയറായിൽ ചേരണമെന്നതായിരുന്നു എന്റെ ആഗ്രഹം. എന്നാൽ എന്റെ മെട്രിക്കുലേഷൻ പഠനം പൂർത്തിയായപ്പോഴേക്കും, ആ ദയറാപ്രസ്ഥാനം, അംഗങ്ങൾ പിരിഞ്ഞു പോയതിനാൽ നിലച്ചുപോയി.

എന്റെ വിദ്യാഭ്യാസം

എന്റെ വീടിനടുത്തുള്ള പുനൂര് സ്കൂളിൽ ആണ് മൂന്നു ക്ലാസ് പഠിച്ചത്. അവിടെ മൂന്ന് ക്ലാസു വരെ മാത്രമേ ഉണ്ടായിരുന്നുള്ളു. അതൊരു പെൺപള്ളിക്കൂടമാണ്. നാലാം ക്ലാസിൽ പഠിക്കുന്നതിന് കുറെക്കൂടെ ദൂരെയുള്ള വളയഞ്ചിറങ്ങര സ്കൂളിൽ ചേർന്നു.

ആ കാലത്തെ സാധാരണ വീടുകൽ പോലെ വൈക്കോൽ മേഞ്ഞവയായിരുന്നു മലയാളം സ്കൂളുകളും. തറ ചാണകം കൊണ്ടു മെഴുകിയവയായിരുന്നു. അനന്തരം കുറുപ്പമ്പടി എം.ജി.എം. സ്കൂളിൽ ചേർന്നു. അക്കാലത്ത് preparatory എന്നൊരു ക്ലാസുണ്ടായിരുന്നു. English School ൽ പഠിക്കുന്നതിന് കുട്ടികളെ തയ്യാറാക്കുന്നതിനുള്ള ക്ലാസ്സായിരുന്നതിനാൽ preparatory എന്നാണ് ആ ക്ലാസ്സിനുണ്ടായിരുന്ന പേര്.

ഞാൻ preparatory ക്ലാസ്സിൽ പഠിക്കുന്ന കാലം. എന്റെ സഹപാഠി എം. സി. വറുഗീസ് ഒരു കുട്ടിയുട പെൻസിൽ മോഷ്ടിച്ചു. അതു കണ്ടു പിടിച്ചപ്പോൾ ഹെഡ്മാസ്റ്റർ അയാളെ ശരിക്കും അടിച്ചു. തെറ്റു ചെയ്തതിനാണ് അയാൾക്ക് അടി കിട്ടിയതെന്ന് എനിക്കും അറിയാമായിരുന്നു. എങ്കിലും അടി കൊണ്ട് നന്നായി വേദനിച്ചല്ലൊ എന്നത് എനിക്ക് വളരെ ദുഃഖമുണ്ടാക്കി. അതു കഴിഞ്ഞപ്പോൾ ഞാൻ ആ കുട്ടിയെ കെട്ടിപ്പിടിച്ചു കരഞ്ഞു. ഇദ്ദേഹം പ്രായമായപ്പോൾ കൈക്കൂലി വാങ്ങാത്ത എഞ്ചിനിയറായി തീർന്നു.

സാമ്പത്തികപ്രയാസം നിമിത്തം ഇംഗ്ലീഷ് സ്കൂളിൽ എല്ലാ കുട്ടികൾക്കും പകുതി ഫീസ് ഇളവുണ്ടായിരുന്നു. ആ തുക പോലും

Malankaraorthodox TV

മുടങ്ങാതെ അടയ്ക്കുവാൻ പലർക്കും കഴിവില്ലായിരുന്നു. ഒരു ദിവസം ഒരു ക്ലാസ്സിൽ ആരും ഫീസ് നൽകിയിട്ടില്ല എന്നു കണ്ട ഹെഡ്മാസ്റ്റർ കുട്ടികളെയെല്ലാം ക്ലാസ്സിൽ നിന്നിറക്കി വിട്ടു. ഞാനും ആ കൂട്ടത്തിലുണ്ടായിരുന്നു. ഞങ്ങൾ ഈ അവസരം മുതലാക്കി സ്കൂളിനടുത്തുള്ള പുലിമല കയറി ഉല്ലസിച്ചു.

കുറുപ്പംപടി എം.ജി.എം. ഹൈസ്ക്കൂളിൽ എന്റെ ഏറ്റവും ആദരണീയരായ ഗുരുക്കന്മാർ ഹെഡ്മാസ്റ്റർ ബ. പി. എ. പൗലോസ് അച്ചനും സയൻസ് ടീച്ചർ ബ. ഒ. സി. വറുഗീസ് അച്ചനുമായിരുന്നു. അവർ കുട്ടികളുടെ പഠനത്തിലും സ്വഭാവരൂപീകരണത്തിലും പ്രത്യേകം നിഷ്ഠയുള്ളവരും മാതൃകായോഗ്യരുമായിരുന്നു.

ശെമ്മാശപട്ടം

1941-ൽ മെട്രിക്കുലേഷൻ പാസ്സായശേഷം രണ്ടു വർഷം ഞാൻ വെറുതെ വീട്ടിലിരിക്കുകയായിരുന്നു. ദയറായിൽ പോകണമെന്ന ആഗ്രഹം സാധിക്കാതെ വന്നതിനാൽ പട്ടമേൽക്കണമെന്ന ചിന്തയുണ്ടായി.

സഭയിലെ രാഷ്ട്രീയം

ആലുവായിലെ വട്ടമേശസമ്മേളനത്തിൽ (1943) കൂടെ സഭയിലെ രണ്ടു കക്ഷികളും ചേർന്ന് സഭ ഒന്നാകണമെന്ന ലക്ഷ്യത്തിൽ പല പരിശ്രമങ്ങളുണ്ടായി. ഇത് സാദ്ധ്യമാകാതെ വന്നപ്പോൾ കണ്ടനാട് മെത്രാസനത്തിലെ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി പള്ളി പ്രതിനിധിയോഗം വിളിച്ചുകൂട്ടി മലങ്കരയുടെ കാതോലിക്കായെ സ്വീകരിച്ചു.

മാത്തുക്കുട്ടി ശെമ്മാശൻ

അന്ത്യോഖ്യയിൽ പാത്രിയർക്കാ ആസ്ഥാനത്തെ ഔദ്യോഗികരേഖയാണ് 'അന്ത്യോഖ്യൻ സിംഹാസന ഡയറി.' ഈ രേഖയിൽ 19-ാം സുന്നഹദോസ് അബ്ദൽ മ്ശിഹാ ബാവായെ വാഴിച്ചതും 20-ാം സുന്നഹദോസ് അബ്ദുള്ളാ ബാവായെ വാഴിച്ചതും പ്രതിപാദിക്കുന്നുണ്ട്. എന്നാൽ അബ്ദൽ മശിഹാ ബാവായെ മുടക്കിയതായി പറഞ്ഞിട്ടില്ല. അതിനാൽ മലങ്കരയിലെ കാതോലിക്കേറ്റ് കാനോനികമാണെന്ന് വ്യക്തമാകുന്നു.

MalankaraorthodoxTV

ഇതു സംബന്ധമായി എന്റെ പിതൃസഹോദരൻ ബഹുമാന്യനായ കെ. പി. പൗലൂസ് ശെമ്മാശൻ ഗവേഷണം നടത്തി "കാനോനിക പാത്രിയർക്കീസ് ആര്" എന്നൊരു പുസ്തകം എഴുതി. അബ്ദൽ മ്ശിഹായെ മുടക്കിയിട്ടില്ലെന്നും അദ്ദേഹമായിരുന്നു കാനോനിക പാത്രിയർക്കീസ് എന്നും പൗലൂസ് ശെമ്മാശൻ തെളിയിച്ചു. ഇക്കാരണത്താൽ കാതോലിക്കാപക്ഷത്തെ പട്ടത്വത്തിന് യാതൊരു ന്യൂനതയുമില്ലെന്ന് ഉറപ്പായി.

ഞാൻ പട്ടമേല്ക്കുമ്പോൾ ഏതു കക്ഷിയിൽ നിന്ന് പട്ടമേല്ക്കണമെന്ന ചിന്ത എന്നിലുണ്ടായി. പാത്രിയർക്കീസ് കക്ഷിയിൽ നിന്നായാൽ കാതോലിക്കാപക്ഷക്കാരുമായി സഹകരിക്കരുതെന്ന വിലക്കുണ്ടാകും. കാതോലിക്കാകക്ഷിയിൽ നിന്നായാൽ ഒരു വിലക്കുമുണ്ടാകുകയില്ല എന്നുള്ളതു വ്യക്തമാണല്ലോ. അതിനാൽ ഞാൻ കാതോലിക്കാകക്ഷിയിൽ ചേർന്ന് പട്ടമേല്ക്കുവാൻ തീരുമാനിച്ചു.

ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായെ തുരുത്തിപ്പിള്ളി സെന്റ് തോമസ് പള്ളിയിലേക്ക് പെരുമ്പാവൂരിൽ നിന്ന് ആഘോഷത്തോടെ എതിരേറ്റു കൊണ്ടുപോയി. തിരുമേനി വി. കുർബ്ബാന അർപ്പിക്കുകയും എനിക്ക് കോറൂയോപട്ടം തരികയും ചെയ്തു. അന്നെനിക്ക് 19 വയസ്സായിരുന്നു.

ഞാൻ ശെമ്മാശനായതിനു ശേഷം തൊപ്പിയുൾപ്പെടെ പൂർണ്ണ ഔദ്യോഗിക വസ്ത്രങ്ങൾ എപ്പോഴും ഉപയോഗിച്ചിരുന്നു.

1943–45 ൽ ഞാൻ പഴയസെമിനാരിയിൽ താമസിച്ച് സി.എം.എസ്. കോളജിൽ ഇന്റർമീഡിയറ്റിന് പഠിച്ചു. എന്റെ കൂടെ മറ്റൊരു ശെമ്മാശനും ഉണ്ടായിരുന്നു. "എന്തിനാ ശെമ്മാശാ ഇങ്ങനെ പഠിക്കുന്നത്? പാസ്സായാൽ പോരേ?" എന്ന് അദ്ദേഹം എന്നോടു ചോദിക്കുമായിരുന്നു. ഒടുവിൽ റിസൽട്ടു വന്നപ്പോൾ ഞാൻ ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുകയും അദ്ദേഹം തോൽക്കുകയും ചെയ്തു.

വി. കുർബ്ബാനയിൽ ബാവാതിരുമേനി പടിഞ്ഞാറോട്ട് എഴുന്നെള്ളുമ്പോൾ ഉണ്ടായിരുന്ന മുഖശോഭ അത്യന്തം ആകർഷണീയമായിരുന്നു. പഴയസെമിനാരിയിൽ നമസ്ക്കാരം സുറിയാനിയിൽ ആയിരുന്നു. എന്തെങ്കിലും തെറ്റുണ്ടായാൽ ബാവാതിരുമേനി അടിക്കുമായിരുന്നു. എന്നാൽ എന്നെ ഒരിക്കലും അടിക്കാൻ ഇടയായിട്ടില്ല. "ഉച്ചത്തിൽ ചൊല്ലെടോ" എന്നു മാത്രം പറയുമായിരുന്നു.

പഴയസെമിനാരിയിൽ താമസിച്ച് പഠിക്കുന്ന കാലത്ത് പാമ്പാടി തിരുമേനി പലപ്പോഴും സെമിനാരിയിൽ വരുമായിരുന്നു. എന്റെ അടുക്കൽ അദ്ദേഹം വന്ന് സംസാരിക്കുകയും, തിരുമേനിയുടെ താമസസ്ഥലമായ

MalankaraorthodoxTV

പൊത്തൻപുറത്ത് ചെന്ന് കുറച്ചു ദിവസം താമസിക്കുന്നതിന് എന്നെ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ പല പ്രാവശ്യം ക്ഷണിച്ചെങ്കിലും എനിക്ക് പോകുവാൻ സാധിച്ചില്ല. ഇങ്ങനെ പാമ്പാടി തിരുമേനിക്ക് എളിയവരോടുള്ള വലിയ കരുതലും വിനയവും എന്തെന്ന് എനിക്ക് അറിയുവാൻ സാധിച്ചു. ജാതിമതഭേദമെന്യെ ഇത്രമാത്രം ദാനധർമ്മം ചെയ്ത മറ്റൊരു വ്യക്തിയെക്കുറിച്ച് കേട്ടിട്ടുപോലുമില്ല.

Intermediate പാസ്സായ എനിക്ക് താമ്പരത്ത് മദ്രാസ് ക്രിസ്ത്യൻ കോളജിൽ ചേർന്ന് ബി.എസ്.സി.യ്ക്ക് പഠിക്കുന്നതിനായി ഒരു ശുപാർശക്കത്ത് ഉണ്ടെങ്കിൽ കൊള്ളാമെന്നു കരുതി ഞാൻ നമ്മുടെ ഒരു അച്ചനെ സമീപിച്ചു. "തനിക്ക് ഫസ്റ്റ് ക്ലാസ്സുണ്ടല്ലോ. അതിനാൽ ശുപാർശയുടെ ആവശ്യമില്ല" എന്ന് അദ്ദേഹം പറഞ്ഞ് കത്ത് തരാതെ എന്നെ മടക്കി അയച്ചു. അതെനിക്ക് വളരെ സങ്കടമുണ്ടാക്കി. അദ്ദേഹത്തെ ഞാൻ വളരെ ബഹുമാനിച്ചിരുന്നു എങ്കിലും അദ്ദേഹം പറഞ്ഞത് ഭോഷത്വമായി എനിക്കു തോന്നി. ഫസ്റ്റ് ക്ലാസ്സുണ്ടെങ്കിലും അപേക്ഷയോടൊപ്പം ഒരു ശുപാർശക്കത്ത് വയ്ക്കുന്നതുകൊണ്ട് ഒരു ദോഷവുമില്ലല്ലോ. അന്നു ഞാനൊരു തീരുമാനമെടുത്തു. ആരെങ്കിലും എന്റെയടുത്തു ഒരു ശുപാർശക്കത്തിനായി വന്നാൽ, ഞാൻ അതു നൽകുമെന്ന്.

എന്റെ അമ്മ ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ചെന്ന് അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയെ കണ്ടപ്പോൾ തിരുമേനി അമ്മയോടു ചോദിച്ചു. "അനുജൻ പൗലോസ് ശെമ്മാശ്ശൻ കതോലിക്കാകക്ഷിയിൽ ചേർന്നെന്നും മകൻ കാതോലിക്കാബാവായിൽ നിന്ന് പട്ടമേറ്റെന്നും കേട്ടല്ലോ..." മറുപടിയായിട്ട് അമ്മ "ഇക്കാര്യത്തെക്കുറിച്ച് പൗലോസ് ശെമ്മാശനോട് ചോദിച്ചപ്പോൾ കക്ഷി കാര്യങ്ങളെല്ലാം പറഞ്ഞ് ശെമ്മാശൻ തിരുമേനിക്ക് എഴുതിയെന്നും, മറുപടി ഒന്നും കിട്ടിയില്ലെന്നും പറഞ്ഞു." ഇവിടെ തിരുമേനി നൽകിയ മറുപടി ചിന്തനീയമാണ്. "അവരെല്ലാം പഠിപ്പുള്ളവരല്ലേ? അവരോട് എന്തു പറയാനാണ്? ഞങ്ങൾ നിൽക്കുന്നതുപോലെയങ്ങു നിന്നാൽ പോരേ?" എന്നായിരുന്നു തിരുമേനിയുടെ പ്രതികരണം.

ഞാൻ മദ്രാസ് ക്രിസ്ത്യൻ കോളജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ അവിടെ പഠിപ്പിച്ചുകൊണ്ടിരുന്ന നമ്മുടെ അച്ചനും പഠിച്ചുകൊണ്ടിരുന്ന ശെമ്മാശന്മാരും സൗകര്യാർത്ഥം തൊപ്പിവയ്ക്കാറില്ലായിരുന്നു. അതനുസരിച്ച് ഞാൻ തൊപ്പി ഒഴിവാക്കണമെന്ന് ചിന്തിച്ചു. അപ്പോഴാണ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ഒരു സർക്കുലർ കല്പന വന്നത്. അതിൽ അച്ചന്മാരും ശെമ്മാശന്മാരും തൊപ്പി വയ്ക്കാത്തതിനെ കുറ്റപ്പെടുത്തി പറഞ്ഞിരുന്നു. ആ കല്പന ബ. അച്ചൻ പള്ളിയിൽ വായിക്കുകയും ചെയ്തു. അതനുസരിച്ച് തൊപ്പി മാറ്റേണ്ടതില്ലെന്ന് ഞാൻ തീരുമാനിച്ചു.

MalankaraOrthodox.TV

കാറ്റടിക്കുമ്പോൾ പലപ്പോഴും തൊപ്പി പറന്നുപോകുമായിരുന്നു. കൂട്ടുകാർ അതെടുത്ത് ഒളിച്ചുവെച്ചിട്ട് എന്നെ വിഷമിപ്പിക്കുകയും ചെയ്യുമായിരുന്നു.

കാപ്പികുടി വേണ്ടെന്നു വച്ചത്

ഫൈനൽ പരീക്ഷയ്ക്കു ഒരുങ്ങുന്നതിനായി ക്രിസ്തുമസ് അവധിക്ക് എല്ലാവരും ഹോസ്റ്റലിൽ താമസിക്കുന്ന പതിവുണ്ടായിരുന്നു. ഹോസ്റ്റലിനെ ഹാളെന്നാണ് പറഞ്ഞിരുന്നത്. അങ്ങനെ ഞാനും ഹോസ്റ്റലിൽ താമസിക്കുമ്പോൾ ക്രിസ്തുമസിന് ഹോസ്റ്റൽ വാർഡനും നമ്മുടെ അച്ചനും (ബ. ടി. ജി. കോശി അച്ചൻ) ഒരേദിവസം എന്നെ പാർട്ടിക്കു ക്ഷണിച്ചു. രണ്ടിടത്തു നിന്നും ഞാൻ കാപ്പി കുടിക്കേണ്ടി വന്നു. കാപ്പി കുടിക്കുന്ന ശീലമില്ലാതിരുന്നതിനാൽ, അന്നു രാത്രി ഞാൻ ഉറങ്ങിയില്ല. തന്മൂലം കാപ്പികുടി വേണ്ടെന്നു വെച്ചു.

പീഡനത്തിൽ നിന്നും ഒഴിവായത്

1947–ൽ ബി.എസ്സ്.സി. പാസ്സായശേഷം പിറവം സെമിനാരിയിൽ മാർ തീമോത്തിയോസ് തിരുമേനിയുടെ കൂടെ ഞാൻ താമസിച്ച് സുറിയാനി പഠിത്തം തുടർന്നു. മറ്റു ശെമ്മാശന്മാരും ഉണ്ടായിരുന്നു. ആ വർഷം കഷ്ടാനുഭവ ആഴ്ച തിരുമേനിയോടൊപ്പം താമസിക്കണമെന്ന് തിരുമേനി കല്പിച്ചു. എന്നാൽ എന്റെ സഹോദരി സിസ്റ്റർ മേരി പഥ്യമുള്ള ചില മരുന്നുകൾ കഴിക്കുന്നതിനായി വീട്ടിൽ വന്നു താമസിക്കുവാൻ പോകുകയാണെന്നും, കഷ്ടാനുഭവആഴ്ചയിൽ ഞാനും വീട്ടിലുണ്ടെങ്കിൽ സഹോദരിയോടൊപ്പം പള്ളി ആരാധനയിൽ പങ്കെടുക്കാമല്ലോ എന്നും പറഞ്ഞ് എന്റെ പേർക്ക് കത്തു വന്നു. തിരുമേനി അനുവദിച്ചതിനാൽ ആ കഷ്ടാനുഭവ ആഴ്ചയും ഞാൻ കൊച്ചപ്പനോടൊപ്പം തുരുത്തിപ്ലി ചെറിയപള്ളിയിൽ ആരാധനയിൽ പങ്കുകൊണ്ടു. ആ ആഴ്ചയിലായിരുന്നു തീമോത്തിയോസ് തിരുമേനിയെ പാത്രിയർക്കീസ് കക്ഷിക്കാർ പിറവം പള്ളിയിൽ നിന്നിറക്കി മർദ്ദിച്ചത്. തിരുമേനിയോടു ചേർന്നു നടന്ന ബ. എം. എം. മാത്യു ശെമ്മാശ്ശനെയും അവർ മർദ്ദിച്ചു. ഏതായാലും ഞാൻ സ്ഥലത്തില്ലാതിരുന്നതിനാൽ മർദ്ദനമേൽക്കാൻ ഇടയായില്ല.

അദ്ധ്യാപകവൃത്തി

കൊച്ചപ്പന്റെ നിർദ്ദേശപ്രകാരം ഞാൻ കുറുപ്പംപടി എം.ജി.എം. ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി ചേർന്നു. ഈ കാലയളവിൽ ഞാൻ മൂവാറ്റുപുഴ അരമനചാപ്പലിൽ വെച്ച് എവുപ്പദയാക്നോപട്ടവും മ്ശംശോനോപട്ടവും ഔഗേൻ മാർ തീമോത്തിയോസിൽ നിന്ന് ഏറ്റു.

MalankaraOrthodox TV

ഉണ്ടാകുമായിരുന്ന അപകടത്തിൽ നിന്ന് രക്ഷപെട്ടത്

ഒരു ദിവസം കൊച്ചപ്പനും ഞാനും അത്താഴം കഴിച്ച് പള്ളിയിലേക്കു പോകുന്ന വഴി ഒരു സംഭവമുണ്ടായി. സന്ധ്യാസമയത്ത് കൊച്ചപ്പന്റെ പിറകിലായി ഞാൻ നടക്കുകയായിരുന്നു. ഞങ്ങളുടെ ഇടയിലൂടെ ഒരു വലിയ മൂർഖൻപാമ്പ് കടന്നുപോയി. ദൈവാനുഗ്രഹം കൊണ്ട് ഞാൻ അതിനെ ചവുട്ടിയില്ല. 'കൊച്ചപ്പാ പാമ്പ്" എന്നു വിളിച്ചുപറഞ്ഞ് ഞാൻ നിന്നു. കൈയിലിരുന്ന ചൂരൽവടികൊണ്ട് കൊച്ചപ്പൻ പാമ്പിന് ഒരടി കൊടുത്തു. പാമ്പിന്റെ നട്ടെല്ലു തകർന്നു. അതിന്റെ പത്തിയുടെ താഴെ വച്ചു മുറിച്ചെടുത്ത് തല, കുറുപ്പംപടി ഹൈസ്ക്കൂളിലെ ലാബിൽ ഞാൻ സൂക്ഷിച്ചു. അന്നു ഞാൻ അതിനെ ചവിട്ടിയിരുന്നെങ്കിൽ? അടി പിശകി പോയിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു? എന്ന് ചിന്തിക്കുക.

1949-ൽ എനിക്കു BT യ്ക്ക് അഡ്മിഷൻ തന്നതായി ഗവൺമെന്റിൽ നിന്നും അറിയിപ്പ് ലഭിച്ചു. എനിക്ക് അദ്ധ്യാപകവൃത്തി തുടരണമെന്ന ആഗ്രഹം ഇല്ലായിരുന്നതിനാൽ BT പഠിത്തം ഉപേക്ഷിച്ചു. ഞാൻ കോട്ട യത്ത് വൈദികസെമിനാരിയിൽ പ്രിൻസിപ്പലായിരുന്ന തീമോത്തിയോസ് തിരുമേനിയുടെ കീഴിൽ സുറിയാനി പഠിക്കുന്നതിനായി ചേർന്നു. മറ്റു മൂന്നു ശെമ്മാശന്മാരും എന്റെ കൂടെ ഉണ്ടായിരുന്നു.

ഈ സമയത്തുതന്നെ കോട്ടയം എം.ഡി. ഹൈസ്ക്കൂളിൽ അദ്ധ്യാപ കനായി സേവനം അനുഷ്ഠിക്കുകയും ചെയ്തു.

കശ്ശീശപട്ടം

1951-ൽ ഞാൻ മൂവാറ്റുപുഴ അരമനപള്ളിയിൽ വെച്ച് ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയിൽ നിന്നും 26-ാം വയസ്സിൽ കശ്ശീശപട്ട മേറ്റു.



ഞാൻ കടമറ്റം പള്ളിയിൽ ആദ്യമായി വി. കുർബ്ബാന അർപ്പിക്കുകയും എന്റെ ഇര ട്ടസഹോദരന്റെ കടിഞ്ഞൂൽപുത്രൻ ചാർളി യുടെ മാമ്മോദീസാ നടത്തുകയും ചെയ്തു. ആ സമയത്ത് ആന്ധ്രപ്രദേശിലെ സെക്ക ന്ത്രബാദ് സെന്റ് ആൻഡ്രൂസ് പള്ളിയിൽ ഓർത്തഡോക്സ് സഭാംഗങ്ങൾ ഒരു പട്ട ക്കാരനെ കിട്ടുന്നതിന് ശ്രമിക്കുന്നുണ്ടായി രുന്നു. ഞാൻ അവിടെ ചെല്ലുമോ എന്ന് അവർ അന്വേഷിച്ചു. എം.എസ്സിയ്ക്കു പഠി ക്കാൻ അവിടെ അവസരം ലഭിക്കുമെങ്കിൽ അവിടേക്ക് എന്നെ അയയ്ക്കാമെന്ന് കൊച്ച പ്പൻ പറഞ്ഞു.

Malankaraorthodox.TV

അദ്ധ്യായം 5

സെക്കുണ്ടറാബാദ് പള്ളി

എം.എസ്.സി. പാസ്സായാൽ ഏതെങ്കിലും കോളജിൽ പഠിപ്പിക്കുകയും സൗജന്യമായി പള്ളിഭരണം നടത്തുകയും ചെയ്യാമല്ലോ എന്ന ചിന്തയിലാണ് എം.എസ്.സി. പഠിക്കാമെന്ന് ഞാൻ ചിന്തിച്ചത്. എം.എസ്.സി. അഡ്മിഷൻ വാങ്ങിത്തരാമെന്ന് സെക്കുണ്ടറാബാദുകാർ പറഞ്ഞതനുസരിച്ച് ഞാൻ അവിടെ പോയി. എന്നാൽ എനിക്ക് അവിടെ എം.എസ്.സി.യ്ക്ക് അഡ്മിഷൻ ലഭിച്ചില്ല. തന്മൂലം സെക്കുണ്ടറാബാദിൽ അച്ചനായി തുടരേണ്ട എന്ന് കൊച്ചപ്പൻ പറഞ്ഞു. ഞാനത് സമ്മതിച്ചില്ല. അവിടെ നമ്മുടെ സഭാംഗങ്ങൾ എണ്ണത്തിൽ കുറവായതിനാൽ അവർക്ക് മറ്റൊരച്ചനെ കൊണ്ടുവരിക വളരെ പ്രയാസമായിരുന്നു. അതിനാൽ അവിടെ തന്നെ തുടരുവാൻ ഞാൻ നിശ്ചയിച്ചു.

എന്റെ വൈദിക സേവനം

സെക്കുണ്ടറാബാദിൽ ഒരു വർഷം വികാരിയായി പ്രവർത്തിച്ചപ്പോൾ ഇടവക നന്നായി പുരോഗമിച്ചു. എനിക്ക് ആ വർഷം എം.എസ്.സി.യ്ക്ക് അഡ്മിഷൻ ലഭിച്ചിരുന്നെങ്കിൽ ഇടവകശുശ്രൂഷ ഇത്രയും ഭംഗിയായി നടക്കുകയില്ലായിരുന്നു. സെക്കുണ്ടറാബാദിലും, സമീപത്ത് ഹൈദ്രാബാദിലും മിലിറ്ററി ഏറിയായിലും നമ്മുടെ സഭാംഗങ്ങൾ ധാരാളമുണ്ടായിരുന്നു. ഞാൻ പൂർണ്ണസമയവും ഇടവകശുശ്രൂഷയിൽ ശ്രദ്ധിച്ചെങ്കിൽ മാത്രമേ, അവരുടെ ആത്മീയ പുരോഗതി സാദ്ധ്യമാകൂ എന്നെനിക്കു ബോദ്ധ്യമായി. അതുകൊണ്ട് ഇനി എം.എസ്.സി.യ്ക്ക് അപേക്ഷ നൽകുകപോലും വേണ്ടെന്നു ഞാൻ ചിന്തിച്ചു. എന്നാൽ പഠനകാര്യങ്ങളിൽ അതീവ തൽപരനായിരുന്ന കൊച്ചപ്പൻ ഇത് സമ്മതിച്ചില്ല. കോളജിൽ ജോലിക്ക് പോകണമെന്നില്ല, പക്ഷേ എം.എസ്.സി.യ്ക്ക് പഠിക്കണമെന്ന് കൊച്ചപ്പൻ നിർബ്ബന്ധിച്ചു. അങ്ങനെ അടുത്തവർഷം ഞാനപേക്ഷിച്ചു. അഡ്മിഷൻ കിട്ടുകയും ചെയ്തു.

ഞാൻ എം.എസ്.സി.യ്ക്കു പഠിക്കുമ്പോൾ ഉണ്ടായ ഒരു അനുഭവം പ്രത്യേകം ശ്രദ്ധേയമാണ്. പോസ്റ്റ്ഗ്രാജുവേഷൻ ക്ലാസ്സുകളിൽ ഫസ്റ്റ് റാങ്ക് ലഭിക്കുന്നതിനുള്ള മത്സരം വിദ്യാർത്ഥികൾക്കിടയിൽ വളരെ കൂടുതലായതിനാൽ, പഠനകാര്യത്തിൽ അവർ പരസ്പരം സഹായിക്കുകയില്ലായിരുന്നു. എനാൽ ഞാൻ എന്റെ സഹപാഠികളോട് "നാം പരസ്പരം സഹായിക്കാതെയിരുന്നാൽ എല്ലാവർക്കും കുറെയെങ്കിലും താഴ്ന്ന മാർക്ക് ആയിരിക്കും ലഭിക്കുക. മറിച്ച് പരസ്പരം സഹായിച്ചാലോ, ഏവർക്കും കുറെയെങ്കിലും ഉയർന്ന നിലവാരം ഉണ്ടാകും. ഫസ്റ്റ് റാങ്ക് ആർക്കു

Malankaraorthodox TV

ലഭിക്കുമെന്നത് പ്രധാനമല്ല.” അതനുസരിച്ച് ഞാൻ ഏവരേയും സഹായിക്കുവാനും തുടങ്ങി. അവർ സഹായിച്ചു. ഇങ്ങനെ പരസ്പരം സഹായിച്ച് പഠിച്ചതിനാൽ ഒന്നാം വർഷം തന്നെ, ഞാനുൾപ്പെടെ മൂന്നു പേർക്ക് ഫസ്റ്റ് ക്ലാസ്സും സ്കോളർഷിപ്പും ലഭിച്ചു. മറ്റെല്ലാവർക്കും സെക്കൻഡ് ക്ലാസ്സു കിട്ടി. ഞങ്ങളുടെ ഈ സഹകരണ മനോഭാവവും തന്മൂലമുണ്ടായ ഉയർന്ന വിജയവും അദ്ധ്യാപകരെപ്പോലും അത്ഭുതപ്പെടുത്തി. പകരും തോറും പകർന്നു കിട്ടുമെന്നാണല്ലോ ചൊല്ല്.

ഒരു മഹാന്റെ വിനയം

എം.എസ്.സി.യ്ക്ക് പഠിക്കുമ്പോഴുണ്ടായ മറ്റൊരു അനുഭവം ഇന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്നു. ബോട്ടണി വകുപ്പു മേധാവി ഡോ. അബ്ദുൾ സലാമിന്റെ നേതൃത്വത്തിൽ അദിലബാദ് വനത്തിൽ സസ്യങ്ങളുടെ ശേഖരണത്തിന് പോയിട്ട് ഞങ്ങൾ മടങ്ങിവരികയായിരുന്നു. യാത്രയ്ക്കിടയിൽ എല്ലാവരും കഫറ്റേറിയയിൽ കയറി ചായയും കാപ്പിയും കുടിച്ചു. ഇവ രണ്ടും ഉപയോഗിക്കുന്ന ശീലമില്ലാഞ്ഞതിനാൽ ഞാൻ വണ്ടിയിൽ തന്നെയിരുന്നു. കൂട്ടത്തിൽ എന്നെ കാണാത്തതിന്റെ കാരണം ചോദിച്ചറിഞ്ഞ ഡോ. അബ്ദുൾ സലാം, ഒരു പൊതി മലർ വാങ്ങി, വണ്ടിയിൽ വന്ന് എനിക്ക് നേരിട്ടു നൽകി. ഒരു മുസ്ലീം അദ്ധ്യാപകൻ മറ്റൊരു മതത്തിൽപെട്ട വിദ്യാർത്ഥിയോടു കാണിച്ച സ്നേഹവും ബഹുമാനവും എത്രയോ ശ്ലാഘനീയമാണ്. മതമൗലികതയ്ക്കും താൻ പോരിമയ്ക്കും മുമ്പിൽ തകർന്നുകൊണ്ടിരിക്കുന്ന മനുഷ്യത്വത്തിന്റെ പ്രഖ്യാപകനായിരുന്നു, ആ ഗുരുനാഥൻ.

പരുമലതിരുമേനിയുടെ സഹോദരന്റെ Grandson, ശ്രീ. സി. ഐ. ജോർജ്ജ്, എന്റെ പേര് മാത്തുക്കുട്ടി എന്നത് മാത്യൂസ് എന്നാക്കണമെന്ന് നിർദ്ദേശിച്ചു. ഞാൻ അത് സസന്തോഷം സ്വീകരിച്ചു.

അദ്ദേഹത്തിന്റെ നാട്ടിലെ ഭവനത്തിൽ ഞാൻ പോകാറുണ്ടായിരുന്നു. പരുമല തിരുമേനിയുടെ എഴുത്തുകൾ ഒന്നും പ്രസിദ്ധപ്പെടുത്തിയില്ലായിരുന്നു.തിരുമേനി സ്വന്തക്കാരെ ശാസിക്കുന്നതായും മറ്റും എഴുത്തുകളിൽ ഉണ്ടെന്നും അത് മറ്റുള്ളവർ അറിയേണ്ടതില്ലെന്നും വിചാരിച്ചാണ് എഴുത്തുകൾ രഹസ്യമായി സൂക്ഷിച്ചതെന്ന് എന്നോടു പറഞ്ഞു. അത് ശരിയല്ലെന്ന് പറഞ്ഞ് ഞാൻ കുറെ എഴുത്തുകൾ പ്രസിദ്ധീകരിച്ചു. അതിനുശേഷമാണ് തിരുമേനിയുടെ കത്തുകളുടെ പൂർണ്ണരൂപം പ്രസിദ്ധീകരിച്ചത്.

ഒരു ഹൈന്ദവന് നല്കിയ മറുപടി

സെക്കുണ്ടറാബാദിൽ താജ്മഹാൽ ഹോട്ടലിൽ നിന്നാണ് ഞാൻ

Malankaraorthodox.tv

ഭക്ഷണം കഴിച്ചിരുന്നത്. ഒരിക്കൽ ഈ ഹോട്ടലിൽ വച്ച് ഒരു ഹിന്ദു എയർ ഫോഴ്സ് ഓഫീസറെ പരിചയപ്പെട്ടു. ഭക്ഷണം കഴിച്ച് ഹോട്ടലിനു പുറത്തു വന്നപ്പോൾ, യേശുക്രിസ്തുവിനെക്കുറിച്ച് അദ്ദേഹത്തോടു പറയണമെന്ന് എനിക്കു തോന്നി. സംസാരമദ്ധ്യേ യേശുക്രിസ്തു ചില മണ്ടത്തരങ്ങളും പറഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. എന്താണെന്നു ഞാൻ ചോദിച്ചപ്പോൾ, "നൂറ് ആടുകളിൽ ഒന്നിനെ നഷ്ടപ്പെട്ടപ്പോൾ, അതിനെ തേടി പുറപ്പെട്ട ഇടയൻ തൊണ്ണൂറ്റിയൊമ്പതിനെയും വിജനസ്ഥലത്ത് ഇട്ടിട്ടല്ലേ പോയത്? അവയ്ക്ക് വരാമായിരുന്ന ആപത്തിനെക്കുറിച്ച് ചിന്തിച്ചില്ലല്ലൊ" എന്നു പറഞ്ഞു. അപ്പോൾ ഞാൻ മറുപടിയായിട്ട് "ഈ ലോകത്തിലെ ഇടയന് ഒരേ സമയത്ത് ഒരിടത്ത് ആയിരിപ്പാൻ മാത്രമേ കഴിയൂ. എന്നാൽ സ്വർഗ്ഗീയ ഇടയനായ ദൈവത്തിന് ഒരേ സമയത്ത് ഒന്നിൽക്കൂടുതൽ സ്ഥലങ്ങളിൽ ആയിരിക്കുവാൻ സാധിയ്ക്കും. ഓരോ വ്യക്തിയിലും ഒരേസമയത്ത് ദൈവത്തിന് പ്രവർത്തിക്കാൻ കഴിയുന്നു." ഈ സത്യം വെളിപ്പെടുത്തുന്നതിനാണ് ഈ ഉപമ യേശുക്രിസ്തു പറഞ്ഞത് എന്ന് ഞാൻ പറഞ്ഞു. അദ്ദേഹം എന്റെ മറുപടിയിൽ സന്തുഷ്ടനായി.

അപ്പന്റെ കരച്ചിൽ മകനെ മാനസ്സാന്തരപ്പെടുത്തിയത്

ഞാൻ സെക്കുണ്ടറാബാദിലായിരുന്നപ്പോൾ പട്ടാളസ്കൂളിലെ ഒരു ഹവിൽദാർ എബ്രഹാം പറഞ്ഞ സംഭവം എന്നെ അത്ഭുതപ്പെടുത്തി. നാട്ടിലായിരുന്നപ്പോൾ ഒരു ദിവസം പിതാവുമായി വഴക്കുണ്ടായി. അസഭ്യമായ പലതും അയാൾ പറഞ്ഞു. അപ്പൻ ഒന്നും മറുപടി പറഞ്ഞില്ല. അന്നു രാത്രിയിൽ എല്ലാവരും ഉറങ്ങിക്കിടക്കുമ്പോൾ പാതിരാസമയത്ത് എബ്രഹാം ഉണർന്നു. ആരൊ നിലവിളിക്കുന്നതായി കേട്ടു. അപ്പൻ തന്നെയാണെന്ന് മനസ്സിലാക്കി. ശ്രദ്ധിച്ചു. ഒരുപക്ഷേ അന്നുണ്ടായ കലഹത്തെക്കുറിച്ച് അപ്പൻ വേദനപ്പെട്ട് മകനെ ശപിക്കുകയായിരിക്കുമെന്നും ചിന്തിച്ചു. എന്നാൽ സത്യം നേരേ മറിച്ചായിരുന്നു. അപ്പൻ മകനുവേണ്ടി കണ്ണീരോടെ പ്രാർത്ഥിക്കുകയായിരുന്നു. മകൻ അപ്പന്റെ കാലു പിടിച്ചു കരയാനും ക്ഷമ ചോദിക്കുവാനും തുടങ്ങി. ഏറെ നേരം അവൻ കരഞ്ഞു. മേലാൽ ഒരിക്കലും ഇതുപോലെ ഉണ്ടാകുകയില്ലെന്ന് അവൻ സത്യം ചെയ്തു. ആ വാഗ്ദാനത്തെ അവൻ ലംഘനം കൂടാതെ പാലിച്ച് വരികയാണെന്നും എന്നോടു പറഞ്ഞു.

ഇതു കേട്ടപ്പോൾ സത്യകുമ്പസാരത്തിൽ ഇതുപോലെയുള്ള ഹൃദയ പരിവർത്തനമാണല്ലോ ഉണ്ടാകേണ്ടതെന്ന് ഞാൻ ചിന്തിച്ചു.

മാർത്തോമ്മാക്കാരുമായുണ്ടായ ബന്ധം

സെക്കുണ്ടറാബാദ് പള്ളിയുടെ ആദ്യചരിത്രം എഴുതട്ടെ. സെക്കുണ്ട

റാബാദ് ആദ്യം ഒരു മിലിട്ടറി ചർച്ച് ആയിരുന്നു. ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ മാർത്തോമ്മാ, സി.എസ്.ഐ., ഓർത്തഡോക്സ് എന്നീ സഭകളിലെ അംഗങ്ങൾ ചേർന്ന് ഒരു യൂണിയൻ ചർച്ച് ആരംഭിച്ച് ആ പള്ളി ഉപയോഗിക്കുവാൻ തുടങ്ങി. അംഗങ്ങൾ വർദ്ധിച്ചപ്പോൾ സി.എസ്.ഐ. ക്കാർ മറ്റു പള്ളിയിലേക്കു പോയി. പിന്നെ ഓർത്തഡോക്സുകാരും മാർത്തോമ്മാക്കാരും മാറി മാറി ആരാധന നടത്തുന്നതിന് നിശ്ചയിച്ചു. ഓർത്തഡോക്സുകാർ എന്നെയും മർത്തോമ്മാക്കാർ അവരുടെ അച്ചനെയും വരുത്തി. ഞങ്ങൾ പാഴ്സനേജിൽ ഒരുമിച്ചു താമസിച്ചു. മാർത്തോമ്മായിലെ അച്ചൻ കുശിനിക്കാരനെ കൊണ്ടുവന്ന് പാഴ്സണേജിൽ തന്നെ ഭക്ഷണം തയ്യാറാക്കി കഴിച്ചു. ഞാൻ ഹോട്ടലിൽ നിന്നും.

പള്ളിയുടെ ഉടമസ്ഥാവകാശത്തിന് മാർത്തോമ്മാക്കാർ ശ്രമിച്ചപ്പോൾ നാമും പരിശ്രമിച്ചു. രണ്ടു കൂട്ടരും തമ്മിൽ മത്സരമായി. പള്ളിയിലെ അലമാരികൾ മാർത്തോമ്മായിലെ അച്ചൻ താഴിട്ടു പൂട്ടി. Servant's quarters ലെ ആൾ പോയപ്പോൾ, മാർത്തോമ്മായിലെ അച്ചൻ അതും താഴിട്ടു പൂട്ടി. അപ്പോൾ നമ്മുടെ ആൾക്കാർ നമുക്കും താഴിട്ടു പൂട്ടാം എന്നു പറഞ്ഞു. എന്നാൽ ഞാൻ അതിനു സമ്മതിച്ചില്ല. വഴക്കു കൂടുന്നതിനല്ല ഞാൻ വന്നത് എന്നു പറഞ്ഞു. മാർത്തോമ്മായിലെ അച്ചന് ബോംബേയ്ക്ക് സ്ഥലം മാറ്റമായി. തുടർന്ന് വന്ന അച്ചൻ സൗമ്യനായിരുന്നു. അതു മുതൽ നാമും മാർത്തോമ്മാക്കാരും സഹകരിച്ചു പ്രവർത്തിക്കുന്നതിന് തീരുമാനിച്ചു. സെന്റ് ആൻഡ്രൂസ് സൊസൈറ്റി എന്ന പേരിൽ രണ്ടു കൂട്ടരും ചേർന്ന് ഒരു കമ്മിറ്റിയുണ്ടാക്കി. പള്ളിയുടെ അറ്റകുറ്റപ്പണികളും പൊതുചെലവുകളും ഒരുമിച്ച് നടത്തി. ആ സൗഹൃദം തുർന്നതിന്റെ ഫലമായി ഭാവിയിൽ രണ്ടു കൂട്ടരും ചേർന്ന് പള്ളിപ്പറമ്പിൽതന്നെ ഒരു പുതിയപള്ളി പണിതു. പണം കൊടുക്കുന്നവർക്ക് പുതിയ പള്ളി കൊടുക്കാമെന്ന് രണ്ടു കൂട്ടരും ചേർന്ന് തീരുമാനിച്ചു. അതനുസരിച്ച് മാർത്തോമ്മാക്കാർ പുതിയ പള്ളി വാങ്ങിക്കുകയും പഴയ പള്ളി ഓർത്തഡോക്സുകാർ ഏറ്റെടുക്കുകയും ചെയ്തു.

ഞാൻ ഒരു മാർത്തോമ്മാക്കാരന്റെ ഭവനത്തിൽ ചെന്നപ്പോൾ അവരുടെ അച്ചനെക്കുറിച്ച് ചില കുറ്റങ്ങൾ പറയാൻ തുടങ്ങി. ഞാൻ അത് കേൾക്കാൻ ഒരുങ്ങിയില്ല. നിങ്ങൾ അച്ചനോട് നേരിട്ടു സംസാരിച്ച് തിരുത്തുകയാണ് വേണ്ടതെന്നും ഞാൻ പറഞ്ഞു. അച്ചന്മാരുടെ കുറ്റങ്ങൾ പറഞ്ഞാൽ കേൾക്കുന്നവർക്കാണ് ദോഷം. അവരല്ലേ അച്ചന്റെ പ്രസംഗം കേൾക്കാൻ പോകുന്നത്. ഒരിക്കൽ മിലിറ്ററി ഏരിയായിൽ നിന്നും ഒരാൾ പാഴ്സനേജിൽ വന്നു. മാർത്തോമ്മാക്കാരനായിരുന്നു. വീട്ടിൽ ഒരാൾക്ക് രോഗമാണെന്നും മാത്യൂസ് അച്ചനെ കാണാൻ വന്നതാണെന്നും

MalankaraOrthodox.TV

പറഞ്ഞു. മാർത്തോമായിലെ അച്ചൻ അവിടെയുണ്ടെന്ന് പറഞ്ഞപ്പോൾ, മാത്യൂസ് അച്ചനെയാണ് വേണ്ടതെന്ന് പറഞ്ഞു. ആദ്യമേ മാർത്തോമ്മായിലെ അച്ചൻ പോകട്ടെ, പിന്നെ ഞാൻ പോകാമെന്ന് പറഞ്ഞപ്പോൾ മാർത്തോമ്മായിലെ അച്ചൻ പറഞ്ഞു, അദ്ദേഹം പിന്നീടു പോകാമെന്ന്.

ഞാൻ ഭവനസന്ദർശനത്തിന് പോകുമ്പോൾ തൊട്ടടുത്ത് മാർത്തോമ്മാക്കാരുണ്ടെങ്കിൽ അവിടെയും പോകുമായിരുന്നു.

ഞാൻ ഒരു കാരണവശാലും മാർത്തോമ്മായിലെ അച്ചന്റെ കുറ്റം ആരോടും പറയാതെ സൂക്ഷിച്ചു. അദ്ദേഹം എന്തെങ്കിലും ദ്രോഹമായി എന്നോടു പെരുമാറിയാലും ഞാൻ പറയുകയില്ല. കാരണം കുറെ എന്റെ ഭാഗത്ത് കുറ്റം കണ്ടേക്കാമെന്ന് ആളുകൾ ചിന്തിക്കും. മാത്രവുമല്ല ഞാൻ അദ്ദേഹത്തിന്റെ കുറ്റങ്ങൾ പറഞ്ഞാൽ എന്നിൽ എന്തെങ്കിലും കുറ്റം കണ്ടുപിടിക്കാൻ അദ്ദേഹം ശ്രമിക്കുകയും ചെയ്യും. ഏതായാലും പള്ളിക്കാർ തമ്മിൽ അടിയാണെങ്കിലും അച്ചന്മാർ തമ്മിൽ സ്നേഹമാണെന്ന് ആളുകൾ പറയുമായിരുന്നു.

ഞാൻ സെക്കുണ്ടറാബാദിൽ ആയിരുന്നപ്പോൾ ഒരു സി.എസ്.ഐ. ക്കാരൻ എന്നോട് ചോദിച്ചു അച്ചനാണോ ദൈവമാണോ പാപമോചനം നല്കുന്നത് എന്ന്. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുമെന്ന് കർത്താവ് പറഞ്ഞപ്പോൾ മനുഷ്യൻ പാപം മോചിക്കുന്ന കാര്യമല്ലേ കർത്താവ് പറഞ്ഞത്. മനുഷ്യൻ പാപമോചനം നൽകുമ്പോൾ ദൈവം പാപമോചനം നല്കുമെന്നല്ലേ പറഞ്ഞത്. ദൈവം ആർക്ക് മോചനാധികാരം നൽകിയിരിക്കുന്നുവോ അയാൾ പാപമോചനം നല്കുമ്പോൾ ദൈവം അയാളിൽ കൂടി പാപമോചനം നൽകുന്നു എന്നല്ലേ ഇതിന്റെ അർത്ഥം എന്ന് ഞാൻ മറുപടി നൽകി. മാനസാന്തരത്തിനായി പാപിയെ ഒരുക്കുകയും ദൈവം നല്കിയ അധികാരത്തിലാണെന്നു പറഞ്ഞു പാപമോചനം നൽകുകയും ചെയ്യുമ്പോൾ അനുതാപിക്ക് പാപമോചനം ലഭിക്കുകയും ഒരു പുതിയ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

മിലിറ്ററി ഏരിയായിലുള്ള ഹക്കീംപട്ടിൽ ട്രയിനിനു പോകുമ്പോൾ സൈക്കിളും കൊണ്ടുപോകുമായിരുന്നു. ഹൈദ്രാബാദിലെ ഒരു പള്ളിയിൽ മാസത്തിൽ ഒരു ഞായറാഴ്ചയും, മിലിട്ടറി ഏരിയായിലെ ട്രിമൾഗറി പള്ളിയിൽ ഒരു ഞായറാഴ്ചയും, സെക്കുണ്ടറാബാദിൽ രണ്ടു ഞായറാഴ്ചയും, വിശുദ്ധ കുർബ്ബാന ചൊല്ലുന്നതിനുള്ള ക്രമീകരണമാണ് ചെയ്തിരുന്നത്. ചില അവസരങ്ങളിൽ ഹൈദ്രാബാദിൽ സെനനാ ഹോസ്പിറ്റലിൽ ഇടദിവസം രാവിലെ 5 മണിക്ക് വിശുദ്ധ കുർബ്ബാന ചൊല്ലാറുണ്ടായിരുന്നു.

MalankaraOrthodoxTV

ഞാനും മിലിറ്ററി എസ്റ്റേറ്റ് ഓഫീസർ ശ്രീ. കോശി ഏബ്രഹാമും മിലിട്ടറി ഏരിയായിലെ ബാരക്കിൽ പോയി നമ്മുടെ ആളുകളെ കണ്ടുപിടിച്ചിരുന്നു. എനിക്കും ഒരു ഐഡന്റിറ്റികാർഡ് വാങ്ങിച്ചതിനാൽ പ്രവേശനത്തിന് പ്രയാസമില്ലായിരുന്നു.

സെനനാ ഹോസ്പിറ്റലിൽ വി. കുർബ്ബാന അർപ്പിക്കുമ്പോൾ എന്നെ സഹായിച്ചിരുന്നത് ശ്രീ. കോശി ഏബ്രഹാമായിരുന്നു.

കൊച്ചപ്പൻ അത്യാസന്നനിലയിലാണെന്ന് എനിക്കു കമ്പി വന്നതനുസരിച്ച് ഞാൻ ട്രയിനിൽ പുറപ്പെട്ടു. എന്നാൽ ഇടയ്ക്ക് കണക്ഷൻ കിട്ടാതെ വന്നതിനാൽ താമസിച്ചാണ് ആലുവായിൽ വന്നത്. വളയഞ്ചിറങ്ങര വരെ വന്നപ്പോൾ കൊച്ചപ്പന്റെ ശവസംസ്ക്കാരം കഴിഞ്ഞിരുന്നു.

എന്റെ വല്യമ്മായി എന്നെ കണ്ടപ്പോൾ കെട്ടിപ്പിടിച്ച് "എന്റെ മോനേ കൊച്ചപ്പൻ പോയല്ലോ" എന്ന് പറഞ്ഞു പൊട്ടിക്കരഞ്ഞു. 40 ദിവസം ഞാൻ വി. കുർബ്ബാന ചൊല്ലി. സെക്കുണ്ടറാബാദിലേക്ക് മറ്റൊരു അച്ചനെ അയയ്ക്കാൻ സാധിക്കാത്തതിനാൽ മറ്റൊരു അച്ചനെ കിട്ടുന്നതുവരെ അവിടെ വി. കുർബ്ബാന മുടങ്ങി.

ഞാൻ സെക്കുണ്ടറാബാദിൽ നിന്ന് യാത്ര പറയുന്നതിന് പോയി. നാട്ടിലേയ്ക്കു മടങ്ങിയപ്പോൾ എനിക്ക് ഫസ്റ്റ് ക്ലാസ് ടിക്കറ്റ് വാങ്ങാൻ പോകുന്നു എന്നറിഞ്ഞ് ഞാൻ അത്രയും പണം പാഴാക്കരുതെന്ന് നിശ്ചയിച്ച് ഒരു കാര്യം ചെയ്തു. ടിക്കറ്റിന്റെ പണം ഞാൻ വാങ്ങി. തേർഡ് ക്ലാസ് ടിക്കറ്റ് വാങ്ങി, ബാക്കി പണം കൊണ്ട് ഹൈദ്രാബാദിൽ മാസത്തിലൊരിക്കൽ വി. കുർബാന ചൊല്ലിയിരുന്ന പള്ളിയ്ക്ക് ഒരു കാർപ്പറ്റ് വാങ്ങിക്കൊടുത്തു.

MalankaraorthodoxTV

അദ്ധ്യായം 6

വളയഞ്ചിറങ്ങര പള്ളി

കൊച്ചപ്പൻ കടന്നുപോയതിനാൽ ഞാൻ വളയഞ്ചിറങ്ങര പള്ളിയുടെ ചുമതല ഏൽക്കേണ്ടി വന്നു. പ്രതിഫലം ഒന്നും പറ്റാതെ ഞാൻ രണ്ടു വർഷം അവിടെ വികാരിയായി ശുശ്രൂഷിച്ചു.

വളയൻചിറങ്ങര, മാർ പത്രോസ് പൗലോസ് പള്ളി

ഞങ്ങളുടെ വീട്ടിൽ നിന്നും ഉദ്ദേശം ഒന്നര മൈൽ ദൂരെയാണിത്. പാത്രിയർക്കീസ് കക്ഷിയുടെ കൂടെ കാതോലിക്കാകക്ഷിയിലെ ചിലർ ചേർന്ന് പള്ളി കൈവശപ്പെടുത്തിയതിനാൽ കൊച്ചപ്പനും ബാക്കി ആളുകളും പുറത്തായി. അതിനാൽ പുതിയ പള്ളി പണിയുന്നതിനുള്ള പരിശ്രമം തുടങ്ങി. കൊല്ലാറമാലിൽ കോരയാണ് സ്ഥലം വാങ്ങിയത്. അതു ഒരു ക്ഷുരകന്റെ സ്ഥലമായിരുന്നു. പള്ളി പണിക്കാണ് സ്ഥലം വാങ്ങിക്കുന്നതെന്ന കാര്യം രഹസ്യമായി സൂക്ഷിച്ചു. പള്ളി പണിയാനാണെന്ന കാര്യം വെളിപ്പെട്ടപ്പോൾ അതിനെതിരെ ചിലരുടെ ഭീഷണിയുണ്ടായി. നായന്മാരുടെ കേന്ദ്രത്തിൽ ക്രിസ്ത്യാനികളുടെ പള്ളിയുണ്ടാകുക, അവർക്ക് വഹിക്കാൻ കഴിയാത്ത കാര്യമായിരുന്നു. വളയൻചിറങ്ങരയുടെ കരയിൽ ഒരു അമ്പലമുണ്ട്. അടുത്ത് ഒരു ഹൈസ്ക്കൂളുമുണ്ട്. ഒരു കരയോഗവുമുണ്ട്. ദൈവാനുഗ്രഹംകൊണ്ട് നായന്മാരിൽ തന്നെ ചിന്ത മാറി വന്നു. ക്രിസ്ത്യാനികൾ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കാൻ വരുന്നതല്ലെന്നും അവർക്ക് ഒരു ആരാധനാലയം അത്യാവശ്യമായിട്ടാണല്ലോ വന്നത് എന്നുമുള്ള ചിന്ത വന്നു. എന്നാൽ ശ്മശാനം പാടില്ല, എന്നായി. പള്ളിക്കു സമീപം ശ്മശാനത്തിനുദ്ദേശിച്ച സ്ഥലത്തിന് ചുറ്റും ഒന്നര രയാൾ പൊക്കത്തിൽ മതിൽ പണിതുയർത്തി ആ പ്രശ്നവും പരിഹരിച്ചു. ഏതായാലും കൊച്ചപ്പന്റെ മരണവും, കബറടക്കവും കഴിഞ്ഞ് ഞാൻ അവിടെ ചെന്നപ്പോൾ അന്തരീക്ഷം മാറി. ഹൈന്ദവ സഹോദരങ്ങളുടെ എല്ലാ കാര്യങ്ങളിലും ഞാൻ സഹകരിക്കുകയും സഹായിക്കുകയു ചെയ്തപ്പോൾ അവർ നമ്മോടും അങ്ങനെ തന്നെ പെരുമാറി. സെമിത്തേരിയുടെ ചുറ്റും ഉയരത്തിൽ മതിൽ പണിതത് പൊളിച്ചുകളയുവാൻ നായന്മാർ തന്നെ ആവശ്യപ്പെട്ടു.

എന്റെ അമ്മയുടെ 40-ാം ദിവസ അടിയന്തിരത്തിന് സ്ഥലത്തെ ഹൈസ്ക്കൂളിന് അവധി കൊടുത്ത് നമ്മുടെ ഉപയോഗത്തിനായി വിട്ടുതന്നു. പള്ളിയിൽ നിന്ന് വീട്ടിലേക്ക് ഒന്നര മൈൽ അകലമുണ്ടായിരുന്നതിനാൽ സ്ക്കൂളിൽ അടിയന്തിരം നടത്താൻ സാധിച്ചത് വലിയൊരു ഉപകാരമായി. ഞങ്ങൾ ആവശ്യപ്പെടാതെ നായന്മാർ ചെയ്ത ഉപകാരം.

Malankaraorthodox.TV

വർഷങ്ങൾക്കുശേഷം ഞാൻ അമേരിക്കയിൽ വന്നതിന് ശേഷം അഭിവന്ദ്യ പക്കോമിയോസ് തിരുമേനി വളയഞ്ചിറങ്ങര പള്ളി സന്ദർശിച്ചപ്പോൾ നായന്മാർ വളയൻചിറങ്ങര കവലയിൽ നിന്നും ഒരു മൈൽ കാവടിയും വാദ്യമേളവുമായി തിരുമേനിയെ ആനയിച്ചു.

തുരുത്തിപ്ലിയിൽ പാത്രിയർക്കീസുകാരുമായി എനിക്കുണ്ടായിരുന്ന സ്നേഹബന്ധം

തുരുത്തിപ്ലി ചെറിയപള്ളിയിൽ നിന്നും ഞങ്ങളെ പുറത്താക്കുന്നതിന് ശ്രമിച്ച പാത്രിയർക്കീസ് കക്ഷിക്കാരുടെ നേതാക്കന്മാരോട് ഞാൻ വളരെ സ്നേഹബഹുമാനങ്ങളോടെ പെരുമാറിയിരുന്നു. ഈ നല്ല സഹകരണത്തിന്റെ ഫലമായി പാത്രിയർക്കീസ് കക്ഷിയിലെ ഒരച്ചൻ എന്നെക്കുറിച്ച് "അദ്ദേഹമാണ് കത്തനാര്. ഞങ്ങളൊക്കെ കുപ്പായക്കാർ മാത്രം" എന്നു പറയുവാൻ ഇടയായി.

തുരുത്തിപ്ലി ചെറിയപള്ളിയിൽ നിന്ന് ഞങ്ങളെ ഇറക്കിവിട്ടവർക്ക് പിന്നീട് മനസ്താപം തോന്നി. ഒരു ഞായറാഴ്ച ഞാൻ അവിടെ വിശുദ്ധ കുർബ്ബാന അർപ്പിക്കണമെന്നവർ അഭ്യർത്ഥിച്ചു. പാത്രിയർക്കീസ് ഭാഗത്തെ അവരുടെ ഇടവക മെത്രാപ്പോലീത്താ അനുവദിച്ചാൽ ആകാമെന്ന് ഞാനവരോടു പറഞ്ഞു. അതനുസരിച്ച് അവർ കൽപന കൊണ്ടുവരികയും ഞാൻ അവിടെ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

ഞാൻ തുരുത്തിപ്ലി ചെറിയപള്ളിയിൽ ആയിരുന്നപ്പോൾ സ്വർണ്ണം പൂശിയ പ്രദക്ഷിണ കുരിശ് എന്റെ പേരിൽ അമ്മ ആ പള്ളിക്കു നേർച്ചയായി നല്കിയിരുന്നു. ഞങ്ങൾ ആ പള്ളിയിൽ നിന്നും വേർപെട്ടു വളയഞ്ചിറങ്ങര പള്ളി തുടങ്ങിയപ്പോൾ ആ കുരിശ് വളയഞ്ചിറങ്ങര പള്ളിയിലേക്ക് തരാമെന്ന് തുരുത്തിപ്ലി ചെറിയപള്ളിക്കാർ പറഞ്ഞു. എന്നാൽ അത് വേണ്ടെന്ന് വളയഞ്ചിറങ്ങര പള്ളിക്കാർ മറുപടി നല്കി.

എന്നോട് ഏറ്റം സ്നേഹബഹുമാനങ്ങളുണ്ടായിരുന്ന ഇബ്രാഹിംകുട്ടി എന്ന മുസൽമാൻ എന്നെക്കുറിച്ച് പറഞ്ഞ വിമർശനം ശ്രദ്ധേയമാണ്. ഞാൻ അച്ചനായിരുന്നപ്പോൾ എന്റെ ഇരട്ടസഹോദരന്റെ വീട്ടിൽ വന്നിരുന്നു. ഏതോ കാര്യത്തിന് ഞാൻ കോപിക്കുന്നതായി അദ്ദേഹം കണ്ടു, ദുഃഖിച്ചു കോപിക്കുന്നതിന് കാരണമുണ്ടായിരുന്നെങ്കിലും എന്നിൽ നിന്ന് അതു പ്രതീക്ഷിച്ചിരുന്നില്ല. അദ്ദേഹം ഒന്നും പറയാതെ പോയി. പിന്നീട് അദ്ദേഹം ആ വീട്ടിൽ വന്നപ്പോൾ ഞാൻ അവിടെ ഇല്ലായിരുന്നു. അദ്ദേഹം വീട്ടുകാരോടു പറഞ്ഞു, "കഴിഞ്ഞതവണ ഞാൻ ഇവിടെ വന്നപ്പോൾ നമ്മുടെ അച്ചൻ കോപിക്കുന്നതു കണ്ട് ഞാൻ ദുഃഖിച്ചു. കോപിക്കുന്നതിന് തക്ക കാരണമുണ്ടായിരുന്നു. എന്നാൽ അച്ചന്മാർ കോപിക്കാമോ?"

Malankaraorthodox TV

ഈ വിവരം വീട്ടുകാർ എന്നോട് പറഞ്ഞത് കേട്ടപ്പോൾ ഞാൻ ലജ്ജിതനായി.

കാര്യമായ വിദ്യാഭ്യാസമൊന്നുമില്ലാതിരുന്ന ഒരു വേലക്കാരന്റെ സന്തോഷത്തോടെയുള്ള അനുസരണശീലം എന്നെ ആകർഷിച്ചു. എന്റെ ഇരട്ടസഹോദരന്റെ വീട്ടിൽ കുശിനി വേലയിൽ സഹായിക്കുന്നതിന് അവനെ എന്തോ ചെയ്യുന്നതിൽ നിയമിച്ചിരുന്നു. ഒരിക്കൽ എന്റെ സഹോദരൻ എന്തോ ചെയ്യുന്നതിന് അവനെ അയച്ചു. അതു ചെയ്തു കഴിഞ്ഞു. അവൻ ചോദിക്കുകയാണ്, "സാറേ, ഇനി ഞാൻ എന്താണ് ചെയ്യേണ്ടതെന്ന്." ഉത്സാഹത്തോടെ ജോലി ചെയ്തത് കാണുക.

ബഹു. കോര വറുഗീസച്ചൻ തുടങ്ങിയ ബാലഗ്രാം

കൊല്ലാറമാലിൽ ശ്രീ. കോരയുടെ മകൻ ബഹു. കോര വറുഗീസച്ചൻ ജർമ്മനിയിൽ പഠിക്കുകയും അവിടെ ഒരു ഇടവക സ്ഥാപിക്കുകയും ചെയ്തു. ജർമ്മൻകാരുടെ സഹായത്തോടെ വളയൻചിറങ്ങരയിൽ ഒരു ബാലഗ്രാമും ഒരു വർക്ക്ഷോപ്പും തുടങ്ങി. ഇവ രണ്ടും നാടിന് അനുഗ്രഹമായിത്തീർന്നു. ബഹുമാനപ്പെട്ട അച്ചൻ ഒരു ജർമ്മൻകാരി ഡോക്ടറെ വിവാഹം ചെയ്തു. ഭാര്യയും മക്കളും ജർമ്മനിയിൽ താമസിക്കുന്നു.

ഇപ്പോൾ വളയൻചിറങ്ങര പള്ളിയിൽ വികാരിയായി സേവനമനുഷ്ഠിക്കുന്നത് വെങ്ങോല സ്വദേശി പട്ലാട്ട് ജോർജ്ജച്ചനാണ്. കങ്ങഴ ആശുപത്രിയിൽ ദീർഘകാലം പ്രശസ്തമായ സേവനം അനുഷ്ഠിച്ച ദേഹമാണ്. എന്റെ കൊച്ചപ്പൻ കെ. പി. പൗലോസ് അച്ചനോടും എന്നോടുമുള്ള സ്നേഹബഹുമാനങ്ങളെപ്രതി വളയൻചിറങ്ങര വന്ന് സേവനം അനുഷ്ഠിക്കുകയാണ്.

ഈ പള്ളിയിലെ അംഗമായ പാർണായിൽ ജിതിൻ ജോർജ്ജ് വൈദിക സെമിനാരിയിൽ ചേർന്ന് പഠിക്കുന്നു.

MalankaraOrthodox.TV

അദ്ധ്യായം 7

കൽക്കട്ടാ പള്ളി

വളയഞ്ചിരങ്ങരയിലെ 2 വർഷത്തെ സേവനത്തിനുശേഷം 1957-ൽ കൽക്കട്ടാ സെന്റ് തോമസ് പള്ളി വികാരിയായി ഞാൻ നിയമിക്കപ്പെട്ടു. ബിഷപ്സ് കോളജിൽ പഠിക്കുവാനുള്ള എന്റെ ആഗ്രഹപ്രകാരമാണ് കൽക്കട്ടയിലേക്ക് പോയത്. ന്യൂപാർക്ക് സ്ട്രീറ്റിലെ കാതോലിക്കേറ്റ് ഹോസ്റ്റലിലാണ് അന്ന് ഞാൻ താമസിച്ചിരുന്നത്. അവിടെ നിന്ന് ബിഷപ്സ് കോളജിലേക്ക് നടക്കുവാനുള്ള ചെറുദൂരം മാത്രം. അന്ന്, ആദരണീയനായ കാനൻ പീറ്റർ ഡി. മേയ് ആയിരുന്നു പ്രിൻസിപ്പൽ. ബാച്ചിലർ ഓഫ് ഡിവിനിറ്റി (BD) പ്രൈവറ്റായി പഠിക്കുന്നതിന് അദ്ദേഹം എല്ലാ സഹായങ്ങളും ചെയ്തുതന്നു. എന്നെ ഗ്രീക്കു പഠിപ്പിച്ചതു കൂടാതെ ലൈബ്രറിയിൽ കൊണ്ടുപോയി അദ്ദേഹം തന്നെ പുസ്തകങ്ങളെടുത്തു തരുമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ സ്നേഹവും വിനയവും എന്റെ ജീവിതത്തെ വളരെയധികമായി പരിപോഷിപ്പിക്കുകയും ചെയ്തു. മൂന്നു വർഷംകൊണ്ട് എന്റെ പഠിത്തം പൂർത്തിയാക്കി. BD പാസ്സായി.

സെന്റ് തോമസ് പള്ളിയിലെ വികാരിയായി തുടരുന്ന കാലത്ത് ബഹു. റ്റി. എ. ജേക്കബ് അച്ചനെ അസിസ്റ്റന്റ് വികാരിയായി ലഭിച്ചു. അതിനാൽ അദ്ദേഹത്തെ കൽക്കട്ടായിൽ ആക്കിയിട്ട് മറ്റു സ്ഥലങ്ങളിലേക്കു പോയി വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതിന് എനിക്കു സാധിച്ചു. രണ്ടു മാസത്തിൽ ഒരിക്കലെന്ന ക്രമത്തിൽ എട്ടു സ്ഥലങ്ങളിൽ വി. കുർബ്ബാന അർപ്പിച്ചു. ഖാറഗ്പൂർ, സിന്ധ്റി, റാഞ്ചി, പാറ്റ്ന, അസൻസോൾ, ദുർഗാപൂർ, റൂർക്കല, ജംഷഡ്പൂർ എന്നീ സ്ഥലങ്ങളിലാണ് വി. കുർബ്ബാന ചൊല്ലിയിരുന്നത്.

സെന്റ് തോമസ് ഇടവക ശക്തമായതോടെ ഒരു പള്ളി പണിയുന്നതിനുള്ള താല്പര്യം ജനങ്ങളിൽ വർദ്ധിച്ചു. സിറ്റിയിൽ നിന്ന് ദൂരെ ആലിപ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ പള്ളി പണിതാൽ ചെലവു കുറവായിരിക്കുമെന്ന നിർദ്ദേശമുണ്ടായി. എന്നാൽ സിറ്റി വിട്ട് ദൂരത്ത് പള്ളി ഉണ്ടാക്കിയാൽ അവിടെ പോകാൻ ഇടവകാംഗങ്ങൾക്ക് ദൂരമാകുമെന്നുള്ളതിനാൽ സ്ഥലം പരിമിതമാണെങ്കിലും സിറ്റിയിൽ തന്നെ പള്ളിക്കുള്ള സ്ഥലം വാങ്ങിയിട്ട് മുകളിലേക്ക് എത്ര നിലകൾ വേണമെങ്കിലും പണിയാമെന്ന് ഞാൻ നിർദ്ദേശിച്ചു. ഈ നിർദ്ദേശം എല്ലാവരും അംഗീകരിക്കുകയും സിറ്റിയിൽ തന്നെ സ്ഥലം വാങ്ങുകയും ചെയ്തു.

ഇടവകയിലെ ധനികനായ ഒരാൾ അച്ചന്മാരെ വല്ലപ്പോഴും വിളിച്ചു സൽക്കരിക്കുമായിരുന്നു. ഇടവക പൊളിറ്റിക്സ് ഒന്നുമില്ലാത്ത അയാൾ

ഭക്തി കൊണ്ടാണ് അങ്ങനെ ചെയ്തിരുന്നത്. അദ്ദേഹം പതിവനുസരിച്ച് എന്നെയും ക്ഷണിച്ചു. അപ്പോൾ ഞാൻ പറഞ്ഞു, ഞാൻ ഭവനങ്ങൾ സന്ദർശിക്കുമ്പോൾ എന്നെ സൽക്കരിക്കാം. അതുകൂടാതെ ഭവനസന്ദർശനമുണ്ടായാൽ എനിക്ക് ആ വീട്ടുകാരോട് കൂടുതൽ അടുപ്പമുണ്ടെന്നു മറ്റുള്ളവർ ചിന്തിക്കാനിടയാകും. അതുകൊണ്ട് പ്രത്യേക സന്ദർശനം ഒഴിവാക്കണം. ഇതറിഞ്ഞ ഒരാൾ പറഞ്ഞു “ഇപ്പോഴത്തെ അച്ചൻ മറ്റു അച്ചന്മാരെപ്പോലെയല്ല. ആളുകളെല്ലാം അച്ചന് ഒരുപോലെയാണ്.”

ലോവർ സെർക്കുലർ റോഡ് സെമറ്ററിക്ക് സമീപമുള്ള അർമീനിയൻ ചാപ്പലിലായിരുന്നു നമ്മുടെ കുർബ്ബാന.

ഞാൻ കൽക്കട്ടായിൽ ആയിരുന്നപ്പോൾ വളയഞ്ചിറങ്ങരപ്പള്ളിയിലെ അച്ചന്റെ ശമ്പളം ഞാൻ മാസംതോറും അയച്ചുകൊടുത്തിരുന്നു.

പി. എൻ. നൈനാനും, വട്ടുകളത്തിൽ കുരുവിള (പാപ്പച്ചൻ) തുടങ്ങിയവരായിരുന്നു ആ ഇടവകയിലെ ആ കാലത്തെ പ്രമുഖ വ്യക്തികൾ.

സാഹസികമായ സഹായത്തിനുള്ള ആഹ്വാനം

കൽക്കട്ടയിൽ വച്ചുണ്ടായ ഒരു സംഭവം ഓർക്കുന്നു. എന്റെ നാട്ടുകാരിൽ ഒരാൾ എന്റെ അടുക്കൽ വന്നു. പരുത്തുവയലിൽ പൗലോസ് ആണെന്ന് പറഞ്ഞ് സ്വയം പരിചയപ്പെടുത്തി. വീട്ടുപേര് എനിക്കു കേട്ട് പരിചയമുള്ളതായിരുന്നെങ്കിലും ആ വ്യക്തിയെ എനിക്ക് യാതൊരു പരിചയവുമില്ലായിരുന്നു. സ്വയം പരിചയപ്പെടുത്തിയ ശേഷം ആഗതൻ തന്റെ അത്യാവശ്യം അറിയിച്ചു. അയാളുടെ മകൻ മത്തായിക്ക് കൽക്കട്ടായിലെ ഒരു മെഡിക്കൽ കോളജിൽ പ്രവേശനം ലഭിക്കുന്നതിന് ഡൊണേഷൻ നൽകുവാൻ പതിനായിരം രൂപ വേണമെന്നും, നാട്ടിൽപോയി പണവുമായി വരുമ്പോഴേയ്ക്കും ആ സീറ്റ് നഷ്ടപ്പെട്ടേക്കാമെന്നും പറഞ്ഞു. ഞാനാകെ ചിന്താക്കുഴപ്പത്തിലായി. എന്റെ കൈവശം ഇത്രയും പണം സ്വന്തമായില്ല. മറ്റാരിൽ നിന്നെങ്കിലും കടം വാങ്ങി നൽകാമെന്ന് ചിന്തിച്ചാൽ ആ വ്യക്തി തുക മടക്കി നൽകുമെന്ന് എന്താണുറപ്പ്? എനിക്ക് പരിചയമില്ലാത്ത ആളല്ലേ? ഞാനെന്തിന് വെറുതേ പ്രശ്നങ്ങൾ ഏറ്റെടുക്കണം? ഇത്തരം ചിന്തകളിലൂടെ എന്റെ മനസ്സ് കടന്നുപോയി. അയാളെ വെറുംകയ്യോടെ പറഞ്ഞയയ്ക്കുന്നതിനുള്ള യുക്തിയും ന്യായവാദങ്ങളുമെല്ലാം ഒരു നിമിഷം എന്റെ മനസ്സിലൂടെ കടന്നുവന്നു. എന്നാൽ മകന്റെ ഭാവിക്കുവേണ്ടി താൽപ്പര്യപ്പെടുന്ന ഒരപ്പന്റെ ദയനീയ അവസ്ഥ എന്റെ മനസ്സിനെ കീഴ്പ്പെടുത്തി. ദൈവത്തെ മുൻനിർത്തി ഞാൻ അയാളെ വിശ്വസിച്ചു. വട്ടുകളത്തിൽ കുരുവിളയോട് ഞാൻ വിവരം പറഞ്ഞു. അദ്ദേഹം പണം കടം തന്നു. ആ തുക കൊടുത്ത് അയാൾ അഡ്മിഷൻ നേടി. അദ്ദേഹം നാട്ടിലെത്തിയ ഉടൻതന്നെ തുക എനിക്ക് അയച്ചുതരികയും ചെയ്തു.

Malankaraorthodox.TV

പൗലോസിന്റെ മകൻ മത്തായി മിടുക്കനായി പഠിച്ച് ഡോക്ടറായി വർഷങ്ങൾക്കുശേഷം 1982-ൽ ഞാൻ ഇടുക്കി മെത്രാസനത്തിന്റെ മെത്രാപ്പോലീത്തായായി തുടരുന്നകാലത്ത് അവിടെ ആരംഭിച്ച ഹോസ്പിറ്റലിൽ ഒരു ഡോക്ടറെ കിട്ടാതെ വിഷമിച്ചപ്പോൾ ഡോക്ടർ മത്തായി സേവന മനുഷ്ഠിക്കുവാൻ വന്നു. ഞാൻ തക്കസമയത്ത് ചെയ്ത ഉപകാരത്തിന് എനിക്കു ലഭിച്ച പ്രത്യുപകാരം.

orthodox TV



മാത്യൂസ് മാർ ബർണബാസ് തിരുമേനി ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഫാ. ഡോ. ടി. ജെ. ജോഷ്വാ, ഫാ. ഡോ. ടി. പി. ഏലിയാസ് എന്നിവരോടൊപ്പം.

അദ്ധ്യായം 8

ജബൽപൂർപള്ളി

നാലു വർഷങ്ങൾക്കു ശേഷം എന്നെ ജബൽപൂരിലേക്ക് ഇടവക മെത്രാപ്പോലീത്താ ട്രാൻസ്ഫർ ചെയ്തു. സെന്റ് ജോർജ്ജ് ഓർത്ത ഡോക്സ് പള്ളി ഇടവകവികാരിയും ജനങ്ങളും തമ്മിലുണ്ടായ അഭി പ്രായവ്യത്യാസം പരിഹരിക്കുന്നതിനാണ് എന്നെ അവിടേക്ക് അയച്ചത്.

അക്കാലത്ത് ഞാൻ ലിയൊനാർഡ് തിയോളജിക്കൽ കോളജിൽ ചേർന്ന് വിശുദ്ധ യോഹന്നാന്റെ സുവിശേഷം ഗ്രീക്കിൽ പഠിച്ച് പാസ്സായി. ഡോക്ടർ ഇമ്മാനുവേൽ ആയിരുന്നു എന്റെ ഗുരു. ഡാനിയേൽ തോമസും പി. കെ. മത്തായിയും അവിടെ വിദ്യാർത്ഥികളായിരുന്നു. ഭാവിയിൽ അവർ പട്ടക്കാരായി. അവിടെ സൈക്കിളിലായിരുന്നു ഇടവക സന്ദർശനം. ജബൽ പൂരിൽ നിന്നും, ഞാൻ വെല്ലൂരിലേക്ക് സ്ഥലം മാറിപ്പോകുന്ന സമയ ത്തുണ്ടായ ഒരു സംഭവം ഇവിടെ പ്രസ്താവ്യമാണ്. റാംപൂർ കോളനി യിൽ താമസിച്ചിരുന്ന നമ്മുടെ ഒരംഗത്തിന് പനി പിടിച്ച് കിടപ്പിലായെന്ന റിഞ്ഞു. ഞാൻ എല്ലാവരേയും സന്ദർശിച്ച് യാത്ര പറഞ്ഞതാണെങ്കിലും രോഗിയെ സന്ദർശിക്കണമെന്നെനിക്കു തോന്നി, സന്ദർശിച്ചു. അപ്പോൾ ആ കോളനിയിലെ മറ്റൊരു ഇടവകാംഗമായ ഒരു സ്ത്രീ വന്നിട്ട് അവ രുടെ കുഞ്ഞിന്റെ ജന്മദിനത്തിൽ പായസം ഉണ്ടാക്കിയെന്നും ആ വീട്ടിൽ ചെന്ന് അതു കഴിച്ചിട്ട് പോകാമെന്നും നിർബന്ധിച്ചു. ഞാൻ ആ വീട് സന്ദർശിച്ചാൽ ഒരു പക്ഷേ ഇടവകക്കാരിൽ തെറ്റിദ്ധാരണയ്ക്ക് ഇടയാ കുമെന്നതിനാൽ പോയില്ല. എന്നാൽ പായസം കൊണ്ടുവന്ന് നല്കാ മെങ്കിൽ ഞാൻ കഴിക്കാമെന്നു പറഞ്ഞു. പക്ഷരഹിതമായി പെരുമാറു ന്നതിലുള്ള എന്റെ നിഷ്ഠയെ അവിടെ ഉണ്ടായിരുന്നവർ പ്രശംസിച്ചു.

Malankaraorthodox.TV

അദ്ധ്യായം 9

വെല്ലൂർ പള്ളിയും ആശുപത്രിയും

ജബൽപൂരിലെ രണ്ടു വർഷങ്ങൾക്കു ശേഷം എന്നെ വെല്ലൂരിലേക്ക് ട്രാൻസ്ഫർ ചെയ്തു. വെല്ലൂരിലെ ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായിരുന്നു എന്നെ അവിടെ നിയമിച്ചത്.

ഓർത്തഡോക്സ് സഭയിലെ പ്രധാനപ്പെട്ട ഡോക്ടേഴ്സ് ഡോ. പി. കോശി, ഡോ. കെ. സി. മാമ്മൻ, ഡോ. ടി. ജി. കോശി, ഡോ. മേരി വർഗീസ് മുതലായവർ ആയിരുന്നു.

വെല്ലൂരിൽ എന്റെ പ്രധാന സേവനം ആശുപത്രി സ്റ്റാഫിലും വിദ്യാർത്ഥികളിലും രോഗികളിലുമായിരുന്നു. നേഴ്സിംഗ് വിദ്യാർത്ഥികളും മെഡിക്കൽ വിദ്യാർത്ഥികളും ഉണ്ടായിരുന്നു.

വെല്ലൂരിൽ, മാസത്തിൽ ഒരു ഞായറാഴ്ച ആശുപത്രിയിലും മറ്റു മൂന്നു ഞായറാഴ്ചകൾ കുറെ അകലെ ഒരു എസ്.പി.ജി. പള്ളിയിലുമായിരുന്നു വി. കുർബ്ബാന അർപ്പിച്ചിരുന്നത്.

എസ്.പി.ജി. പള്ളി കുറെ ദൂരെയായതിനാലും അതു കണ്ടുപിടിക്കുന്നത് ബുദ്ധിമുട്ടായിരുന്നതിനാലും വളരെ ചുരുക്കം പേർ മാത്രമേ പള്ളിയിൽ വന്നിരുന്നുള്ളു. അതിനാൽ ആശുപത്രിയിലെ Physical Medicine and Rehabilitation hall ലെ സാധനസാമഗ്രികൾ എല്ലാ ആഴ്ചതോറും മാറ്റി ഞായറാഴ്ച വി. കുർബ്ബാന ചൊല്ലുന്നതിന് ക്രമീകരിച്ചു. അപ്പോൾ ഹാൾ നിറച്ചും പുറത്തും മലയാളികളെല്ലാം വന്നു കൂടി. കാലക്രമേണ വെല്ലൂരിൽ പാലാറിനടുത്ത് പള്ളിക്കു സ്ഥലം വാങ്ങുകയും അവിടെ പാഴ്സണേജ് പണിയുകയും ചെയ്തു.

ഡോ. മേരി വർഗീസ്

ചെറായി സ്വദേശിനിയായിരുന്ന ഡോ. മേരി വർഗീസ് ഒരു വാനിൽ യാത്ര ചെയ്തപ്പോൾ വണ്ടി മറിഞ്ഞ് രണ്ടു കാലും തളർന്നു പോയിരുന്നു. പല ഓപ്പറേഷനിൽ കൂടി സൗഖ്യം പ്രാപിച്ചെങ്കിലും നടക്കാൻ വയ്യാതെയായിരുന്നു. എന്നിട്ടും വിദേശയാത്ര ചെയ്യുകയും കൂടുതൽ പഠനം നടത്തി Physical medicine and rehabilitation unit വെല്ലൂർ ആശുപത്രിയിൽ തുടങ്ങുകയും ചെയ്തു. Bagayath ൽ കാലു തളർന്നവർക്ക് ഒരു Rehabilitation centre ഉം തുടങ്ങി.

ഡോ. കെ. വി. മത്തായി

മാർത്തോമാ സഭയിലെ ഡോ. കെ. വി. മത്തായിയുടെ സേവനതൽപ

Malankaraorthodox.TV

രത ശ്രദ്ധേയമായിരുന്നു. ഒരിക്കൽ ഒരു ചെറുപ്പക്കാരൻ തലവേദനയുമായി വന്നു. വടക്കെ ഇന്ത്യയിൽ പല ആശുപത്രികളിലും പരിശോധിച്ചു. രോഗം കണ്ടുപിടിക്കാത്തതിനാൽ ആണ് വെല്ലൂരിൽ വന്നത്. മാനസിക രോഗത്തിന്റെ വിഭാഗത്തിലേക്ക് റഫർ ചെയ്യപ്പെട്ടു. സാമ്പത്തിക പ്രയാസമുള്ള ആളായിരുന്നതിനാൽ സ്പെഷ്യൽ ഫീസ് കൊടുക്കാൻ ബുദ്ധിമുട്ടായിരുന്നു. അയാൾ എന്നെ സമീപിച്ച് വിവരം എല്ലാം പറഞ്ഞു. ഞാൻ ഡോ. കെ. വി. മത്തായിയെ സമീപിച്ചു വിവരങ്ങളെല്ലാം പറഞ്ഞു. അദ്ദേഹം ഫീസൊന്നും വാങ്ങാതെ രോഗിയെ അകത്തുകൊണ്ടുപോയി. തലയിൽ ഒരു ഞരമ്പു പിരിഞ്ഞു കിടക്കുന്നത് കണ്ടുപിടിച്ചു ശരിപ്പെടുത്തി. അവന് പ്രത്യേകം ചികിത്സകളൊന്നും കൂടാതെ രോഗം മാറി. എന്തൊരു അത്ഭുതം!

ഡോ. സി. കെ. ഈപ്പൻ

ഡോ. സി. കെ. ഈപ്പൻ Postgraduation ന് അക്കാലത്ത് വെല്ലൂരിൽ പഠിക്കുകയായിരുന്നു. രോഗികളോടും bystanders നോടുമുള്ള അദ്ദേഹത്തിന്റെ വിനയത്തോടും ബഹുമാനത്തോടുമുള്ള പെരുമാറ്റം വളരെ ശ്രദ്ധേയമായിരുന്നു.

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ നിന്നും കോലഞ്ചേരി ആശുപത്രിയിലേക്ക് നിർബ്ബന്ധിച്ച് വരുത്തി. ഫോണിൽ സംസാരിക്കുമ്പോൾ "എന്തോ" എന്ന് ഇടയ്ക്കു ചോദിക്കുന്നത് കേട്ടാൽ നാം അത്ഭുതപ്പെടും. ആരോടും സ്നേഹത്തോടും ചിരിയോടും കൂടെയാണ് സംസാരം. കോപത്തോടെയോ ഈർഷ്യയോടെയോ അദ്ദേഹത്തോട് ആർക്കും സംസാരിക്കുവാൻ കഴിയില്ല. എത്ര രോഗികളെ കണ്ടാലും മടുപ്പില്ല. ഓരോ രോഗിയോടും സംസാരിക്കുന്നത് കേട്ടാൽ ആദ്യമായി ഒരു രോഗിയെ കാണുന്നതുപോലെ ശ്രദ്ധയോടും, ശാന്തമായും ആണ്. ഡോക്ടറുമായി രോഗി സംസാരിച്ചു കഴിയുമ്പോൾ പകുതി രോഗം മാറിയിരിക്കും.

ഡോക്ടർ അങ്കമാലിയിൽ ആയിരുന്നപ്പോൾ എല്ലാ ഞായറാഴ്ചയും വി. കുർബ്ബാന കഴിഞ്ഞ് സൺഡേസ്ക്കൂളിൽ പഠിപ്പിക്കുകയും ചെയ്യുമായിരുന്നു.

അദ്ദേഹം ഡൊണേഷൻ ഉദാരമായി കൊടുക്കുമായിരുന്നു. ഞാൻ ഒരിക്കൽ ഒരു പിരിവിന് ചെന്നപ്പോൾ തിരുമേനിക്ക് ഇഷ്ടമുള്ളത് എഴുതിക്കോ എന്ന് പറഞ്ഞ് ചെക്ക് എന്റെ കൈയിൽ തന്നത് ഞാൻ ഓർക്കുന്നു. ഞാൻ പറഞ്ഞതനുസരിച്ച് ഡോക്ടർ തന്നെ സംഭാവന എഴുതി തരികയും ചെയ്തു.

MalankaraOrthodoxTV

ഒരു മാനസികരോഗി

പെരുമ്പാവൂരിനടുത്തുള്ള മണ്ണൂർ സ്വദേശിയായ അരികുപുറത്ത് ബഹു. മത്തായി അച്ചൻ തന്റെ മകൻ ജോർജ്ജുകുട്ടിയെ ചികിത്സയ്ക്കായി കൊണ്ടുവന്നു. മാനസികരോഗിയായിരുന്നു. കേരളത്തിലെ പ്രധാന ചികിത്സാകേന്ദ്രങ്ങളിൽ ചികിത്സിച്ചിട്ടും ഫലമുണ്ടായില്ല. ക്രോണിക്ക് ആയതുകൊണ്ട് ചികിത്സിക്കാൻ പറ്റുകയില്ലെന്നും വെല്ലൂരിലെ ഡോക്ടർ പറഞ്ഞു. "അതു പറയാൻ ഡോക്ടർക്ക് അവകാശമില്ലെന്നും, ഫലം തരുന്നത് ദൈവമാണെന്നും രോഗം മാറിയില്ലെങ്കിൽ ഞങ്ങൾ പരാതിപ്പെടുകയില്ല" എന്നും ഞാൻ പറഞ്ഞപ്പോൾ ഡോക്ടർക്ക് സമ്മതമായി. ദൈവം കരുണ ചെയ്ത് അവിടുത്തെ ചികിത്സകൊണ്ട് രോഗി സൗഖ്യം പ്രാപിച്ചു.

ഞാൻ താമസിച്ചിരുന്ന പാഴ്സനേജ് പാലാറിനടുത്തായിരുന്നു. സാധുക്കളായ പല രോഗികളും എന്റെ കൂടെ താമസിച്ചിരുന്നു. ഒരിക്കൽ കവിൾ വാർപ്പു (cancer) കൊണ്ട് നാറ്റം പിടിച്ച ഒരു രോഗി പാഴ്സനേജിൽ തന്റെ അടുത്തുകിടക്കുന്നതിനെ ഒരാൾ ചെറുത്തു സംസാരിച്ചു. അപ്പോൾ എന്റെ അടുത്തു വന്നു കിടന്നുകൊൾക എന്നു ഞാൻ പറഞ്ഞു.

വെല്ലൂരിൽ വച്ചുണ്ടായ മറ്റൊരു സംഭവം ഓർക്കുന്നു. നിരണത്ത് മട്ടയ്ക്കൽ ബ. ജോർജ്ജച്ചന്റെ സഹോദരിയെ ഹൃദ്രോഗ ചികിത്സയ്ക്കായി കൊണ്ടുവന്നു. ഓപ്പറേഷൻ നടത്തിയാൽ അമ്പതുശതമാനം പോലും വിജയസാദ്ധ്യതയില്ലെന്ന് ഡോക്ടർമാർ പറഞ്ഞു. മരിക്കുന്നെങ്കിൽ വീട്ടിൽ വച്ചു മരിക്കട്ടെ എന്നായി അച്ചൻ. അവർ മടങ്ങിപ്പോകുന്നതിന് എല്ലാം പായ്ക്ക് ചെയ്തപ്പോൾ ഞാൻ വിവരം ചോദിച്ചറിഞ്ഞു. സാവകാശമായി ഞാൻ അച്ചനോടു സംസാരിച്ചു. ഹൃദ്രോഗിയായി അച്ചനെ ആശ്രയിച്ച് സഹോദരി കുറെനാൾ കിടന്നാലുണ്ടാകാവുന്ന ഭവിഷ്യത്തുകൾ ഞാൻ പറഞ്ഞു. അച്ചന്റെ ഭാര്യ വേണമല്ലോ സഹോദരിയെ ശുശ്രൂഷിക്കുവാൻ. എത്രനാൾ ഇങ്ങനെ ശുശ്രൂഷിക്കും. അതൊരു ഭാരമായിത്തീരുകയില്ലേ? അതേസമയം ഓപ്പറേഷൻ നടത്തി അത് വിജയകരമായി തീരുകയാണെങ്കിലോ? ഒരു ഭാരമുണ്ടാകുകയില്ല. അഥവാ, ഓപ്പറേഷൻ വിജയകരമാകുന്നില്ലെങ്കിലോ നമ്മുടെ ചുമതലകളെല്ലാം തീരും. നാം മനപൂർവ്വം മരിപ്പിക്കുകയല്ലല്ലോ ചെയ്യുന്നത്. രക്ഷപ്പെടുത്താൻ ശ്രമിക്കുകയല്ലേ? അതിനാൽ പ്രാർത്ഥനയോടെ ഓപ്പറേഷൻ നടത്തുകയാണു വേണ്ടതെന്ന് ഞാൻ നിർദ്ദേശിച്ചു. അച്ചൻ എന്റെ ഉപദേശം സ്വീകരിച്ചു. ഓപ്പറേഷൻ വിജയപ്രദമായതിനാൽ തുടർന്നുള്ള പരിശോധനകൾക്കു പോലും വന്നില്ല. ആ സഹോദരി വിവാഹം കഴിച്ച് സന്തോഷമായി ജീവിക്കുന്നു.

സിസ്റ്റർ വി. കെ. ശോശാമ്മ

വെല്ലൂർ ഹോസ്പിറ്റലിലെ സിസ്റ്റർ വി. കെ. ശോശാമ്മ ഓതറ സെന്റ് മേരീസ് മന്ദിരത്തിലെ (മഠം) അംഗമായിരുന്നു. അവർ പൊതുരംഗത്ത് ഒരിക്കലും പ്രത്യക്ഷപ്പെടാതെ സകലർക്കും സഹായം ചെയ്യുന്ന സ്ത്രീ ആയിരുന്നു. അതിഥികൾ വന്നാൽ, ക്ഷേമാന്വേഷണത്തിനും ക്രമീകരണങ്ങൾക്കുമായി മറ്റാരെയെങ്കിലും പറഞ്ഞയയ്ക്കും. ഞാനവിടെ വികാരിയായി ചുമതലയേറ്റിട്ട് മൂന്നാഴ്ചയോളം സിസ്റ്റർ ശോശാമ്മ എന്നെ കാണാൻ വരികയോ പരിചയപ്പെടുകയോ ചെയ്തില്ല. ഒടുവിൽ ഈ സിസ്റ്ററെക്കുറിച്ച് ഒരാൾ എന്നോടു പറഞ്ഞപ്പോൾ അതാരാണെന്ന് ഞാൻ ചോദിക്കാനിടയായി. ഞാനറിയാതെതന്നെ എന്റെ എല്ലാ കാര്യങ്ങളും സിസ്റ്റർ അന്വേഷിക്കുന്നുണ്ടായിരുന്നു. മഴ പെയ്താലുടൻ അച്ചൻ ആശുപത്രിയിൽ ഏതു വാർഡിലാണ്. കുട കൊണ്ടുവന്നിട്ടുണ്ടോ എന്ന് സിസ്റ്റർ ഫോണിലൂടെ അന്വേഷിച്ചറിയുമായിരുന്നു. ഞായറാഴ്ചതോറും വിശുദ്ധ കുർബ്ബാന കഴിഞ്ഞ് എനിക്കു പ്രഭാതഭക്ഷണം നല്കിയതിനു ശേഷമേ, സിസ്റ്റർ പോകുകയുള്ളു. സാധുക്കളായ രോഗികൾക്ക് ഒരു സ്റ്റൗവിൽ ഭക്ഷണം തയ്യാറാക്കിക്കൊടുക്കുന്നത് ഈ സിസ്റ്ററുടെ ഒരു നിത്യശീലമായിരുന്നു. സിസ്റ്റർ ശോശാമ്മ വാർഡിൽ ഉണ്ടെന്നറിയുന്നതിന് രോഗികളെ നോക്കിക്കണ്ടാൽ മതിയെന്ന് അവിടുത്തെ ഒരു ഡോക്ടർ പറയുമായിരുന്നു.

ഞാൻ വെല്ലൂരിൽനിന്നും കോട്ടയം വൈദികസെമിനാരിയിലേക്ക് ട്രാൻസ്ഫർ ആയി പോന്നതിനുശേഷം പിറ്റെ ഞായറാഴ്ച വി. കുർബ്ബാനയ്ക്കായി ഹാൾ ഒരുക്കുന്നതിന് ഈ സിസ്റ്റർ ചെന്നപ്പോൾ ഇനി മാത്യൂസച്ചനില്ലല്ലൊ എന്ന് ഓർത്ത് സങ്കടപ്പെട്ട് പൊട്ടിക്കരഞ്ഞതായി ഞാൻ പിന്നീടറിഞ്ഞു. അത്ര സ്നേഹസമ്പൂർണ്ണയായിരുന്നു, സാത്വികയായ ആ സന്യാസിനി.

സിസ്റ്റർ അന്നമ്മ തോമസ്സ്

മറക്കാനാവാത്ത മറ്റൊരു വ്യക്തി ഹരിപ്പാടുകാരി അന്നമ്മ തോമസ്സ് എന്ന നേഴ്സായിരുന്നു. എച്ച് വാർഡിലെ ഇൻചാർജ്ജ് ആയിരുന്ന അവർ തന്റെ ഔദ്യോഗിക ജോലി സമയം കഴിഞ്ഞാൽ പിന്നെ, ഓരോ രോഗിയെയും കണ്ട് അവരുടെ വിശദവിവരങ്ങൾ ചോദിച്ചറിയുമായിരുന്നു. ആശ്വസിപ്പിക്കുമായിരുന്നു. അത്രമാത്രം ആർദ്രമനസ്സിന്റെ ഉടമയായിരുന്നു ഈ മഹതി.

ആശുപത്രിക്കു സമീപം ജെം ടയേഴ്സിലെ ഇടിക്കുള, ബേബി, പാപ്പച്ചൻ എന്നിവർ ആശുപത്രിക്കു പുറത്ത് എന്റെ ഏറ്റവും വലിയ സഹാ

യികളായിരുന്നു. എന്റെ എന്താവശ്യത്തിനും മടികൂടാതെ സഹായവുമായി ഇവർ എത്തുമായിരുന്നു.

കുന്നംകുളത്തുനിന്നും ഒരാൾ മാസംതോറും ഒരു തുക സാധുക്കളായ രോഗികൾക്കു നല്കുവാൻ അയച്ചുതരുമായിരുന്നു. വെല്ലൂരിൽ ചികിത്സയ്ക്കുവന്ന് സൗഖ്യം പ്രാപിച്ചതിന്റെ thanks giving offering ആയിട്ടാണ് അയച്ചിരുന്നത്.

ഞാൻ വെല്ലൂരിലായിരുന്നപ്പോൾ ഒരു ഹൈന്ദവ സഹോദരൻ എന്നോട് ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചു സംസാരിച്ചു. ദൈവം പാപികളോടു കരുണയുള്ളവനായി പാപങ്ങൾ ക്ഷമിക്കുമെന്ന് പഠിപ്പിക്കുന്നതിനാൽ ഭയരഹിതമായി പാപം ചെയ്യുന്നതിന് ക്രിസ്ത്യാനികൾക്ക് കഴിയുന്നു എന്നും, ഹിന്ദുക്കൾ കർമ്മഫലത്തിൽ വിശ്വസിക്കുന്നതിനാൽ ശിക്ഷയെ ഭയന്ന് പാപം ചെയ്യാതിരിക്കാൻ പരിശ്രമിക്കുന്നെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് ഞാൻ നൽകിയ മറുപടി ചുരുക്കമായി പറയട്ടെ. പാപമോചനം ദൈവം നൽകുന്നതിന്റെ ലക്ഷ്യം പാപരഹിതമായി ജീവിതത്തിലേയ്ക്കു നയിക്കുകയെന്നതാണ്. പാപി പാപംകൊണ്ട് ദൈവത്തെ വേദനിപ്പിക്കയാണ്. സ്നേഹമേറിയ ദൈവത്തെ വേദനിപ്പിക്കുകയില്ലെന്നൊരു തീരുമാനം പാപിയെക്കൊണ്ട് ചെയ്യിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ പാപമോചനം നല്കുന്നത് പാപരഹിതമായി ജീവിക്കുന്നതിന് സഹായിക്കും.

Malankaraorthodox TV

Scudder memorial Hospital

വെല്ലൂരിന് 19 മൈൽ സമീപമുള്ള റാണിപ്പെട്ട് Scudder memorial hospital-ലെ ഡീൻ കാർത്തികപ്പള്ളിക്കാരി ഏലിയാമ്മ മാത്യൂസ് അതീവ ഭക്തയായിരുന്നു. മാസത്തിലൊരിക്കൽ ഇടദിവസം അതിരാവിലെ ആ ആശുപത്രിയിൽ ഓർത്തഡോക്സ് ക്രമപ്രകാരമുള്ള വി. കുർബ്ബാന ക്രമീകരിച്ചിരുന്നു. എല്ലാ ദിവസവും ഈ സിസ്റ്ററിന്റെ മുറിയിൽ സന്ധ്യയ്ക്കു നടത്തുന്ന നമസ്ക്കാരത്തിലും ധ്യാനത്തിലും സ്വമേധയാ എല്ലാ നേഴ്സുമാരും സംബന്ധിക്കുമായിരുന്നു.

ഒരു നേഴ്സിംഗ് വിദ്യാർത്ഥിനിയായിരുന്നപ്പോൾ ആശുപത്രി അധികൃതരിൽ ഉണ്ടായ താൽപര്യം മൂലം പഠിത്തം കഴിഞ്ഞ ഉടനെ സ്റ്റാഫിൽ നിയമിച്ചു. അവരുടെ സേവനത്തെ ഏവരും അഭിനന്ദിച്ചിരുന്നു.

സ്ഥലംമാറ്റ കല്പനകൾ

വെല്ലൂരിൽ രണ്ടു വർഷം കഴിഞ്ഞപ്പോഴേക്കും എന്നെ ബോംബെ ദാദർ പള്ളിയിലേക്ക് ട്രാൻസ്ഫർ ചെയ്തുകൊണ്ട് ഇടവക മെത്രാപ്പോലീത്തായുടെ കൽപനയുണ്ടായി. അവിടേക്കു പോയാൽ എന്റെ മാതൃഇടവകയായ വളയഞ്ചിറങ്ങര പള്ളിപണിക്ക് കുറച്ചു പണം ഉണ്ടാക്കാമായിരുന്നു.

എന്നാൽ ആതുരസേവനത്തിന്റെ മാഹാത്മ്യം, വെല്ലൂരിൽത്തന്നെ തുടരുവാൻ എന്നെ പ്രേരിപ്പിച്ചു. എന്റെ അപേക്ഷപ്രകാരം തിരുമേനി ബോംബേയ്ക്കുള്ള ട്രാൻസ്ഫർ റദ്ദാക്കിത്തന്നു.

വെല്ലൂരിലെ മൂന്നാം വർഷത്തിന്റെ അവസാനം, വൈദികസെമിനാരിയിൽ വാർഡനായി പ്രവർത്തിക്കേണ്ടതിന്റെ അത്യാവശ്യം പറഞ്ഞുകൊണ്ട് പരിശുദ്ധ ബാവാതിരുമേനിയുടെ കല്പനയുണ്ടായി. സെമിനാരിയേക്കാൾ വലുത് ആശുപത്രിയാണെന്ന എന്റെ പ്രതികരണം ബാവാതിരുമേനി സ്വീകരിച്ചു. നാലാം വർഷത്തിന്റെ അവസാനം സെമിനാരിയിലേക്ക് പോയേ മതിയാകൂ എന്ന ബാവാതിരുമേനിയുടെ കൽപന വന്നു. ആ കൽപന ഞാൻ ശിരസ്സാവഹിക്കുകയും ചെയ്തു.

അദ്ധ്യായം 10

വൈദികസെമിനാരിയിൽ

1967–ൽ ഞാൻ കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയിൽ പരിശുദ്ധ കാതോലിക്കാബാവായുടെ കല്പനയനുസരിച്ച് അദ്ധ്യാപക നായി ചേർന്നു. ഗ്രീക്ക്, സഭാചരിത്രം, counselling and Ministry to the sick എന്നീ വിഷയങ്ങളാണ് ഞാൻ പഠിപ്പിച്ചിരുന്നത്. അദ്ധ്യാപനത്തോ ടൊപ്പം വാർഡൻ എന്ന ചുമതലയും എനിക്കുണ്ടായിരുന്നു. ഇക്കാര ണത്താൽ പൂർണ്ണസമയവും സെമിനാരിയിൽതന്നെ ചെലവഴിക്കുവാൻ ഞാൻ തീരുമാനിച്ചു. സെമിനാരിക്ക് സമീപം കോട്ടയത്തുള്ള ഏതെങ്കിലും ഒരു പള്ളിയിലെ വികാരിയായി എനിക്ക് ചുമതല നിർവ്വഹിക്കാമായിരുന്നു. ആ വഴിക്ക് വളയൻചിറങ്ങര പള്ളിപണിക്ക് കുറച്ചു പണം ലഭ്യമാക്കു കയും ചെയ്യാമായിരുന്നു. എന്നാൽ ഞാൻ ഏറ്റെടുത്ത ഉത്തരവാദിത്തം കുറവു കൂടാതെ നിറവേറ്റുവാൻ ഞാൻ അതിയായി ആഗ്രഹിച്ചതിനാൽ എല്ലാ ഞായറാഴ്ചയും സെമിനാരിയിൽ ഞാനും മാനേജരച്ചനും മാറി മാറി വി. കുർബ്ബാന ചൊല്ലി.

സെമിനാരിയിൽ ക്ലാസ്സുണ്ടായിരുന്ന കാലത്ത് ഞാൻ പുറത്ത് കൺ വെൻഷൻ പ്രസംഗത്തിനോ ബൈബിൾ ക്ലാസ്സ് എടുക്കുന്നതിനോ പോവു കയില്ലായിരുന്നു.

സെമിനാരിയിൽ നാലു മണി മുതൽ ആറു വരെ ഒഴിവുസമയമായി രുന്നു. ആ സമയത്ത് ഞാൻ കോട്ടയം മെഡിക്കൽ കോളജ്, കോട്ടയം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ മാറി മാറി പോയി രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുമായിരുന്നു. ഈ യാത്രയ്ക്കുപയോഗിക്കുവാനായി ഒരു സൈക്കിൾ വാങ്ങിയിരുന്നു.

ഒരു ദിവസം പ്രിൻസിപ്പൽ ബഹു. പോൾ വറുഗീസ് അച്ചൻ (പിന്നീട് പൗലോസ് മാർ ഗ്രീഗോറിയോസ്) ദൂരയാത്ര കഴിഞ്ഞ് ക്ഷീണിച്ചു വന്ന് വിശ്രമിക്കുകയായിരുന്നു. അദ്ദേഹം റേഡിയോ ഗാനങ്ങൾ ഉച്ചത്തിൽ വച്ചു. അപ്പോൾ വിദ്യാർത്ഥികളുടെ പഠനസമയമായിരുന്നതിനാൽ ഞാൻ അദ്ദേഹത്തിന്റെ മുറിയിലെത്തി കാര്യം ധരിപ്പിച്ചു. ക്ഷമാപണത്തോടെ അദ്ദേഹം റേഡിയോ നിർത്തി.

ബ. പോൾ വറുഗീസച്ചൻ പ്രതിഭാശാലിയായിരുന്നു. ഏതു ചോദ്യ ത്തിനും പുസ്തകങ്ങൾ പരിശോധിക്കാതെ തന്നെ മറുപടി നല്കുവാൻ തക്കവിധം അറിവുള്ള വ്യക്തിയായിരുന്നു. Walking encyclopedia എന്ന് അദ്ദേഹത്തെക്കുറിച്ച് പറയുമായിരുന്നു. ശിശുക്കളോടുള്ള അദ്ദേഹത്തിന്റെ വാത്സല്യം എടുത്തുപറയത്തക്കതായിരുന്നു.

Malankaraorthodox.tv

മറ്റദ്ധ്യാപകരിൽ ഏറ്റവും ശ്രദ്ധേയനായ ഒരാളായിരുന്നു ബഹു. എം. വി. ജോർജ്ജ് അച്ചൻ (പിന്നീട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ്) പണ്ഡിതനും വാഗ്മിയും സ്നേഹസമ്പൂർണ്ണനും ഒപ്പം വിനയസമ്പന്നനുമായിരുന്നു. ഫാദർ റ്റി. ജെ. ജോഷ്വാ, ഫാദർ കെ. എം. അലക്സാണ്ടർ, ഡീക്കൻ കെ. എ. ജോർജ്ജ് എന്നിവർ അത്യുത്സാഹത്തോടെ പഠിപ്പിച്ചിരുന്നു. സുറിയാനി സംഗീതം പഠിപ്പിച്ചിരുന്ന ബ. കോരുത് മല്പാനച്ചൻ ഏവർക്കും പ്രിയങ്കരനായിരുന്നു. ആ കാലത്തെ സെമിനാരി മാനേജർ ആയിരുന്ന ബഹു. റ്റി. വി. വറുഗീസച്ചനും ഞാനും ഉറ്റമിത്രങ്ങളായിരുന്നു. ബാംഗ്ലൂരിൽ നിന്ന് ട്രെയിനിൽ വന്ന് സെമിനാരിയിൽ പഠിപ്പിച്ച ഡോക്ടർ വി. സി. സാമുവൽ അച്ചൻ ആരെയും ബഹുമാനിക്കുന്ന വിനയമുള്ളവനായിരുന്നു.

വൈദികസെമിനാരിയിലെ പെരുന്നാളിന് 'മൂന്നിന്മേൽ കുർബ്ബാന' അർപ്പിക്കുന്നതിൽ ഒരാളായിരിക്കാൻ എന്നോട് ആവശ്യപ്പെടുകയുണ്ടായി. ഞാൻ ചൊല്ലിയില്ല. പക്ഷപാതിത്വം അശേഷം പാടില്ലെന്ന നിഷ്ഠ ഞാൻ പാലിച്ചിരുന്നു. വിദ്യാർത്ഥികൾക്ക് റൂം അനുവദിച്ചുകൊടുക്കുമ്പോൾ അക്ഷരമാലക്രമത്തിൽ റൂം എടുത്തുകൊള്ളുവാൻ പറയും.എന്തെങ്കിലും വിദ്യാർത്ഥികൾക്ക് കൊടുക്കുവാൻ ആരെങ്കിലും തന്നാൽ, നറുക്കിട്ട് ആളെ കണ്ടുപിടിക്കുമായിരുന്നു.



അദ്ധ്യായം 11

കോലഞ്ചേരി ആശുപത്രിയിൽ

അഞ്ചു വർഷം ഞാൻ സെമിനാരിയിൽ പ്രവർത്തിച്ചു. ഈ സമയത്ത് സെമിനാരിയിൽ പുതിയ അദ്ധ്യാപകർ വന്നു ചേർന്നതിനാലും കോലഞ്ചേരി ആശുപത്രിയിൽ ഒരു ചാപ്ലെയിൻ ആവശ്യമായിരുന്നതിനാലും ഞാൻ സെമിനാരി വിട്ട് കോലഞ്ചേരിക്കു പോയി. മൂവാറ്റുപുഴ – എറണാകുളം റൂട്ടിൽ ആണ് കോലഞ്ചേരി. പരേതനായ എം. ചാക്കോപ്പിള്ള തുടങ്ങിയവരുടെ അത്യുത്സാഹത്തിലും കഠിനാദ്ധ്വാനത്തിലും 1970–ൽ തുടങ്ങിയ മെഡിക്കൽ മിഷൻ ആശുപത്രി ഇന്ന് മെഡിക്കൽ കോളജായി ഉയർത്തപ്പെട്ടിരിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണത്തിന് വിധേയപ്പെട്ടിരിക്കുന്ന ഈ സ്ഥാപനത്തിന്റെ ആദ്യകാലങ്ങളിലെ പ്രധാന വ്യക്തികൾ ഡോക്ടർ കെ. സി. മാമ്മൻ, ഡോ. അന്നമ്മ മാമ്മൻ, ഡോ. ചാക്കോ ജോർജ്ജ്, ഡോ. ജോൺ വെട്ടത്ത്, ഡോ. നവോമി വെട്ടത്ത്, ഡോ. പോൾ പുത്തൂരാൻ എന്നിവരായിരുന്നു. ഡോ. കെ. സി. മാമ്മൻ ശമ്പളം സ്വീകരിക്കാതെയാണ് ഇവിടെ സേവനമനുഷ്ഠിച്ചിരുന്നത്. ഡോ. സി. കെ. ഈപ്പനെ വിട്ടുതരുന്നതിന് അങ്കമാലിക്കാർക്ക് ഒട്ടും ഇഷ്ടമല്ലായിരുന്നു. എന്റെ പിതാവ് കല്പിക്കുന്നത് അനുസരിക്കാതെ എനിക്ക് തരമില്ലെന്ന് ഡോക്ടർ പറഞ്ഞു. ഞാൻ ആശുപത്രിയിൽ ചാപ്ലെയിൻ ആയിരുന്നപ്പോൾ കുറെനാൾ ഔഗേൻ ബാവാ ആശുപത്രിയിൽ വന്നു താമസിച്ചു. ഭക്ഷണം കഴിക്കുമ്പോൾ ആരെങ്കിലും കൂടെ ഭക്ഷണം കഴിക്കണമെന്ന് ബാവാതിരുമേനിക്ക് നിർബ്ബന്ധമായിരുന്നു. രാത്രി എല്ലാവരും പോയിക്കഴിയുമ്പോൾ തിരുമേനി എന്നോട് പറയും “അച്ചൻ ആ കൈ തലയിൽ വച്ച് പ്രാർത്ഥിച്ചിട്ട് പോക.”

ജീവിതകാലം മുഴുവനും നിരന്തരം ക്ലോക്കു പ്രവർത്തിക്കുന്നതുപോലെയായിരുന്നു തിരുമേനിയുടെ ദിനചര്യ. വിശ്രമമെന്ന് ഒന്നില്ല. പ്രാർത്ഥന കഴിഞ്ഞാൽ വായന, അല്ലെങ്കിൽ ക്ലാസെടുക്കുക ഇവ തുടർച്ചയായി ചെയ്തിരുന്നു.

കോലഞ്ചേരി ആശുപത്രിയിൽ ഞാൻ ചെല്ലുമ്പോൾ ബഹു. സി. എം. തോമസ് അച്ചൻ ഓർഗനൈസിംഗ് സെക്രട്ടറി ആയിരുന്നു. ഞങ്ങൾ രണ്ടു പേരും ചേർന്ന് രോഗികൾക്കിടയിൽ പ്രവർത്തിച്ചു. താമസിയാതെ അദ്ദേഹം പാത്രിയർക്കീസ് കക്ഷിയിൽ ചേർന്നു. അന്ത്യോഖ്യായിലേക്ക് പോയി. തോമസ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി. പിന്നീട് കാതോലിക്കായുമായി.

കോലഞ്ചേരിയിൽ ഉദ്ദേശം അഞ്ചു വർഷക്കാലം സേവനമനുഷ്ഠിച്ച്

MalankaraOrthodoxTV

കഴിഞ്ഞപ്പോൾ ഞാൻ ഒരു വലിയ സർജറിക്കു വിധേയനാകേണ്ടി വന്നു. 1977 ആഗസ്റ്റിൽ റമ്പാനായി. അത്ഭുതകരമായവിധത്തിലാണ് രോഗകാരണം കണ്ടുപിടിക്കപ്പെട്ടത്. കുറെനാളായി എനിക്ക് നെഞ്ചുവേദന അനുഭവപ്പെട്ടിരുന്നു. പല പരിശോധനകൾ നടത്തിയിട്ടും കാരണം കണ്ടുപിടിക്കാൻ സാധിച്ചില്ല. ഒടുവിൽ നാട്ടുചികിത്സയ്ക്കായി പ്രസിദ്ധനായ പട്ടരുമഠത്തിന്റെ അടുത്ത് പോകുന്നതിന് തീയതി നിശ്ചയിച്ചു. ഈ വിവരം ഡോ. കെ. സി. മാമ്മനോടു പറഞ്ഞപ്പോൾ, അദ്ദേഹം എന്റെ അസ്വസ്ഥതകളെപ്പറ്റി വീണ്ടും വിശദമായി അന്വേഷിച്ചു. വേദന മൂലം എനിക്ക് ചുമയ്ക്കുന്നതിനോ തുമ്മുന്നതിനോ കഴിയുമായിരുന്നില്ല. മാത്രവുമല്ല, രാവിലെ ചാപ്പലിലേക്ക് പോകുംവഴി ഞാൻ രണ്ടു ദിവസങ്ങളിൽ വീണുപോയി. എന്റെ കാലുകൾക്ക് തളർച്ച ബാധിച്ചു തുടങ്ങിയെന്ന് ഞാൻ അറിഞ്ഞില്ല. വണ്ടിയിൽ യാത്ര ചെയ്യുമ്പോഴത്തെ ചെറിയ കുലുക്കം തന്നെ എനിക്ക് അതിവേദന ഉളവാക്കുമായിരുന്നു.

ഈ വിവരങ്ങൾ കേട്ടപ്പോൾ ഈ അവസ്ഥയിൽ നാട്ടുചികിത്സയ്ക്ക് പോകുന്നതുകൊണ്ട് പ്രയോജനമില്ലെന്നും ഒന്നുകൂടെ വിശദമായി പരിശോധിക്കണമെന്നും ഡോക്ടർ പറഞ്ഞു. ഇതൊരു തിങ്കളാഴ്ച വൈകുന്നേരമായിരുന്നു.

ചൊവ്വാഴ്ച രാവിലെ ആരംഭിച്ച പരിശോധന ബുധനാഴ്ച ഉച്ചവരെ തുടർന്നു. ഒടുവിൽ ലംബാർ ഫ്ളൂയിഡിൽ പ്രൊട്ടീൻ വളരെ കൂടുതലായുണ്ടെന്ന് കണ്ടെത്തി. ലംബാർ ഫ്ളൂയിഡ് പുറത്തേക്കുപോകാതെ കെട്ടിക്കിടക്കുന്നതിനാലാണ് പ്രൊട്ടീൻ അളവ് വർദ്ധിച്ചതെന്നും ഇത് ട്യൂമർ മൂലമായിരിക്കണമെന്നും കണ്ടുപിടിച്ചു.

ട്യൂമറിന്റെ കൃത്യമായ സ്ഥാനം കണ്ടുപിടിക്കുന്നതിന്, മൈലോഗ്രാം കോലഞ്ചേരിയിൽ ചെയ്താലും ഓപ്പറേഷൻ നടത്തുന്ന ഡോക്ടർ വീണ്ടും മൈലോഗ്രാം നടത്തും. അതിനാൽ വെല്ലൂരിൽ പോയി ഇത് നടത്തുന്നതാണ് ഉത്തമം എന്ന് ഡോക്ടർ നിർദ്ദേശിച്ചു. അതനുസരിച്ച് വെല്ലൂർ മെഡിക്കൽ മിഷൻ ഹോസ്പിറ്റലിലേക്ക് പുറപ്പെട്ടു. ഇങ്ങനെ തക്കസമയത്ത് ഡോ. മാമ്മന്റെ സേവനം ലഭിച്ചില്ലായിരുന്നെങ്കിൽ എന്റെ സ്ഥിതി എന്താകുമായിരുന്നു എന്ന് ചിന്തിക്കുക. അദ്ദേഹത്തോട് എനിക്കുള്ള കടപ്പാട് എത്രയധികമാണ്.

ഉൽക്കണ്ഠയും അതിലുപരി പ്രത്യാശയും നിറഞ്ഞതായിരുന്നു വെല്ലൂർ യാത്ര. രോഗത്തിന്റെ കാഠിന്യത്തെപ്പറ്റി എനിക്ക് നന്നായി അറിവുണ്ടായിരുന്നു. ഓപ്പറേഷന്റെ ഫലം അനുകൂലമായിക്കൊള്ളണമെന്ന് നിർബ്ബന്ധമില്ലായിരുന്നു. നട്ടെല്ലിലെ ട്യൂമർ നീക്കുവാൻ വെല്ലൂരിൽ ഓപ്പറേഷൻ നടത്തിയ ഒരാളുടെ രണ്ടു കാലും തളർന്നുപോയ സംഭവവും എനിക്കറിയാമായിരുന്നു.

എന്നെ ശുശ്രൂഷിക്കുന്നതിനായി എന്റെ സഹോദരി സിസ്റ്റർ മേരിയും, വെല്ലൂർ ഹോസ്പിറ്റലിൽ നിന്ന് റിട്ടയർ ചെയ്തുപോയ സിസ്റ്റർ വി. കെ. ശോശാമ്മയും, കൂട്ടുകാരി സിസ്റ്റർ സോളമനും വെല്ലൂരിലെത്തി. എന്റെ ചികിത്സയുടെ മുഴുവൻ ചെലവുകളും ഡോ. കെ. സി. മാമ്മനും, കോലഞ്ചേരി ആശുപത്രിയുടെ അന്നത്തെ സെക്രട്ടറി ചാക്കോപിള്ള ചേട്ടനും, വഹിക്കുകയും ചെയ്തു.

ഡോ. കെ. വി. മത്തായി ഓപ്പറേഷൻ വിജയകരമായി പൂർത്തീകരിച്ചു. മൂന്നു കാര്യങ്ങൾക്ക് ദൈവത്തോട് ഞാൻ നന്ദി അർപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

1. ട്യൂമർ വളർന്ന് കാലുകൾ പൂർണ്ണമായും തളർന്നു പോകുന്നതിനുള്ള സാദ്ധ്യതയുണ്ടായിരുന്നപ്പോൾ, അതിന് മുമ്പ് തക്കസമയത്ത് വെല്ലൂരിൽ പോകുവാൻ ദൈവം ഇടയാക്കി.

2. ശരീരത്തിൽ നാഡീവ്യവസ്ഥയും ട്യൂമറും തമ്മിൽ പൂർണ്ണമായി വേർപെടുത്തുന്നതിന് ഡോക്ടർക്ക് സാധിച്ചു.

3. നാഡീവ്യൂഹത്തിന് തകരാർ സംഭവിക്കാതെ ട്യൂമർ മുഴുവനായി നീക്കം ചെയ്യുവാനും കഴിഞ്ഞു.

സുദീർഘമായ സമയം എടുത്ത (9 മണിക്കൂർ) ഓപ്പറേഷൻ വിജയപ്രദമായി നടത്തിയ ഡോ. മത്തായിയോടുള്ള നന്ദി അളവറ്റതാണ്.

വെല്ലൂരിൽ നിന്നും ഡിസ്ചാർജ്ജു ചെയ്തു കഴിഞ്ഞപ്പോൾ കോലഞ്ചേരി ആശുപത്രിയിൽ എന്നെ അഡ്മിറ്റു ചെയ്തു. പൂർണ്ണസുഖം പ്രാപിക്കുന്നതുവരെ എനിക്കു ശുശ്രൂഷ നൽകി.



ഞാൻ പൂർണ്ണസൗഖ്യം പ്രാപിച്ചതിനെ ദൈവത്തിന്റെ അളവറ്റ കൃപയെന്നാണ് ഞാൻ വിശേഷിപ്പിക്കുന്നത്.

മാത്യൂസ് റമ്പാൻ

Malankaraorthodox TV

അദ്ധ്യായം 12

മേല്പട്ട സ്ഥാനത്തേക്ക്

മെത്രാൻ സ്ഥാനത്തേയ്ക്ക് ഞാൻ 54-ാം വയസ്സിൽ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ സ്വർണ്ണവടിയും സ്ലീബായും ഒരു മെത്രാപ്പോലീത്തായുടെ ലളിതജീവിതത്തിനു ചേർന്നതല്ലെന്ന ചിന്ത എന്നെ മഥിച്ചു. അപ്പോൾ തടി കൊണ്ട് വടിയും സ്ലീബായും ഭംഗിയായി പണിയാമെന്ന് പാമ്പാക്കുട കോനാട്ട് മല്പാനച്ചൻ പറഞ്ഞു തന്നു. ലളിത ജീവിതം കർത്താവിന്റെ അനുഗാമികൾക്ക് ചേരുന്നതായി ഞാൻ വിശ്വസിച്ചിരുന്നു. മൂക്കഞ്ചേരിയിലെ മാർ ഒസ്താത്തിയോസ് തിരുമേനിയും പാമ്പാടി തിരുമേനിയും ലാളിത്യത്തിന് ഉത്തമ മാതൃകയായി എന്നെ സ്വാധീനിച്ചിട്ടുണ്ട്. മെത്രാൻ സ്ഥാനത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ആദ്യപടിയായി സന്യാസിയാകേണ്ടിയിരുന്നു. 1977 ആഗസ്റ്റിൽ റമ്പാനായി. 1977 നവം. 17-നു വെല്ലൂർ ആശുപത്രിയിൽ വെച്ചു എനിക്ക് നട്ടെല്ലിന്റെ ഓപ്പറേഷൻ നടന്നു. ഡോ. കെ. വി. മത്തായി ആയിരുന്നു ഓപ്പറേഷൻ നടത്തിയത്. പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ വെച്ച് 1978 മെയ് 15-ന് വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ എന്നെയും മറ്റു നാലു പേരേയും എപ്പിസ്കോപ്പാമാരായി വാഴിച്ചു.

അങ്കമാലി, കോട്ടയം, മെത്രാസനങ്ങളിൽ

മെത്രാഭിഷേകം കഴിഞ്ഞ് ആദ്യം അങ്കമാലി മെത്രാസനത്തിൽ അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ സഹായകനായി നിയോഗിക്കപ്പെട്ടു. ആലുവാ തൃക്കുന്നത്തു സെമിനാരിയിലാണ് അന്ന് താമസിച്ചിരുന്നത്. അങ്കമാലി മെത്രാസനത്തിലെ മിക്ക പള്ളികളും പാത്രിയർക്കീസ് കക്ഷിയുടെ ഭരണത്തിലായിരുന്നു.

നിലവിലുള്ള പള്ളികളിലെ അവകാശം നഷ്ടപ്പെടാതിരിക്കുവാനായി കാതോലിക്കാ കക്ഷിക്കാർ പുതിയ പള്ളികൾ പണിയാതെ ആത്മീയ കാര്യങ്ങൾ അനുഷ്ഠിക്കപ്പെടുന്നതിനായി കാതോലിക്കേറ്റ് സെന്ററുകൾ എന്ന പേരിൽ ചാപ്പലുകൾ സ്ഥാപിച്ചു. ഇത്തരത്തിലുള്ള 'കാതോലിക്കേറ്റ് സെന്ററുകൾ' പണിയുന്നതിന് പണം പിരിക്കുക എന്നതായിരുന്നു എന്റെ ചുമതല.

പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനി ആയിരുന്നു അന്ന് കോട്ടയം മെത്രാസനാധിപൻ. ബഥനി ആശ്രമത്തിലെ യൂഹാനോൻ മാർ അത്താനാസ്യോസ് തിരുമേനിയായിരുന്നു സഹായമെത്രാൻ. അപ്രതീക്ഷിതമായി മാർ അത്താനാസ്യോസ് തിരുമേനി കാൻസർ രോഗിയാ

MalankaraorthodoxTV

യിത്തീർന്നു. തന്മൂലം എന്നെ കോട്ടയത്തിന്റെ സഹായമെത്രാപ്പോലീത്തായായി നിയമിച്ചു. പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ ഞാൻ താമസിക്കുവാൻ തുടങ്ങി.

അദ്ധ്യായം 13

ഇടുക്കി മെത്രാസനത്തിൽ

ഈ കാലത്ത് കോട്ടയം മെത്രാസനം രണ്ടായി വിഭജിക്കണമെന്ന ആലോചനയുണ്ടായി. ഇടുക്കി കേന്ദ്രമാക്കി ഒരു മെത്രാസനമുണ്ടായാലേ ദൂരസ്ഥരായ അവർക്ക് പുരോഗതിയുണ്ടാകൂ എന്ന് അവർ പരിശുദ്ധ ബാവാതിരുമേനിയെ കണ്ട് വിവരം അറിയിച്ചു. യാതൊരു സാമ്പത്തിക ഭദ്രതയുമില്ലാത്ത അവിടെ ഒരു മെത്രാസനമുണ്ടായാൽ അവിടേക്ക് വരുവാൻ ബർണബാസ് മെത്രാച്ചനല്ലാതെ മറ്റാരും കാണുകയില്ലെന്ന് ബാവാ അവരോട് പറഞ്ഞു. ഇടുക്കിയിലെ കുറെ ആളുകൾ ഇതു സംബന്ധിച്ച് പാമ്പാടി ദയറായിൽ വന്ന് എന്നോട് സംസാരിച്ചു. സ്വയംപര്യാപ്തമായ ഒരു പള്ളി പോലും ഇടുക്കി മേഖലയിൽ അന്ന് ഇല്ലായിരുന്നു. ഒരു മെത്രാസനത്തിന്റെ ചെലവുകൾ വഹിക്കുവാൻ വേണ്ടത്ര പണം എങ്ങനെ സംഭരിക്കാനാവും എന്ന് ഞാനവരോടു ചോദിച്ചു. കഷ്ടപ്പെടുവാൻ ഞാൻ തയ്യാറാണ്. എന്നാൽ മണ്ടൻ കളിക്കുവാൻ കഴിയില്ല എന്ന് ഞാൻ അവരോടു പറഞ്ഞു.

വീണ്ടും ഞാൻ ചിന്തിച്ചു. 'ഇന്നല്ലെങ്കിൽ നാളെ ഇടുക്കിയിൽ ഒരു മെത്രാസനം ഉണ്ടാകണം. ഇപ്പോൾ ഇടുക്കിക്കാർ വളരെ ഉത്സാഹമായി വന്നിരിക്കുന്നു. ഈ അവസരത്തിൽ അവർ പരമാവധി പ്രവർത്തിക്കും. പിന്നീടാകട്ടെ എന്ന് കരുതിയാൽ അവരിൽ ഈ ഉത്സാഹം നിലനിൽക്കുമോ എന്ന് ആർക്കറിയാം.' അങ്ങനെ ഞാൻ മെത്രാസനത്തിനു വേണ്ടി പ്രവർത്തിക്കാമെന്ന് അവർക്ക് വാക്കു കൊടുത്തു.

1982-ൽ ഇടുക്കി മെത്രാസനം പ്രഖ്യാപിതമായി. മറ്റു സ്ഥലങ്ങളിൽ നിന്ന് പണം പിരിക്കുന്നതിനു മുമ്പ് ഇടുക്കി മെത്രാസനത്തിലെ പള്ളികളിൽ നിന്ന് പരമാവധി പിരിവു നടത്തിയിരിക്കണമെന്ന് ഞാൻ നിർബ്ബന്ധിച്ചു. അതിനാൽ ഓരോ ഇടവകയിലും ഭവന സന്ദർശനം നടത്തി. തുടർച്ചയായി പല ദിവസം നടന്ന് ഞാൻ ക്ഷീണിച്ച് അവശനായി. ദുഷ്കരമായ വഴികളും കുന്നുകളും ഉള്ള നാടാണ്. പോകുന്ന വഴിയിൽ രണ്ടു പ്രാവശ്യം ഞാൻ ചെളിയിൽ വീണു. പിന്നെ കുപ്പായം കഴുകി ഉണക്കിയിട്ടാണ് യാത്ര തുടർന്നത്. ആകെ 90000 രൂപ പിരിച്ചെടുത്തു.

മെത്രാസന ആസ്ഥാനം

ഇതോടൊപ്പം തന്നെ മെത്രാസന ആസ്ഥാനം എവിടെ വേണമെന്ന ചിന്തയും ശക്തമായി. താരതമ്യേന തണുപ്പ് കുറവുള്ളതും എല്ലാ ഭാഗത്തേയ്ക്കും റോഡുകളുമുള്ള കട്ടപ്പന മെത്രാസനകേന്ദ്രമാകണമെന്ന്

Malankaraorthodox.TV

പലരും നിർദ്ദേശിച്ചു. എന്നാൽ മെത്രാസനത്തിലെ കൂടുതൽ ആളുകളും തെക്കൻഭാഗത്തും പ്രത്യേകിച്ച് കുങ്കിരിപ്പെട്ടി പള്ളിയിലുമാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. ഇടയൻ ആടുകളുടെ കൂടെ താമസിക്കുന്നതല്ലേ നല്ലത്? കൂടുതൽ ആളുകൾക്ക് എന്നെ സന്ദർശിക്കുന്നതിനും എനിക്ക് കൂടുതൽ ആളുകളെ സന്ദർശിക്കുന്നതിനും പറ്റിയ സ്ഥലം കുങ്കിരിപ്പെട്ടി ആണെന്നു കണ്ടതിനാൽ അവിടെ മെത്രാസനകേന്ദ്രം പണിയുവാൻ തീരുമാനിച്ച് സ്ഥലം വാങ്ങി. ഒരു ചെറിയ അരമന പണിത് അതിൽ താമസമാക്കി. ക്രമേണ വലിയ അരമന പണിതു.

ഒരു കാർ വാങ്ങിയത് ഒരു രാത്രിയിൽ മോഷണവും പോയി. ഇൻഷ്വർ ചെയ്തിരുന്നതിനാൽ പണം കിട്ടി.

ഡോ. പി. സി. തോമസും നെറ്റിത്തൊഴു മെഡിക്കൽ സെന്ററും

എറണാകുളത്ത് താമസിക്കുന്ന പടിഞ്ഞാറേക്കര ഡോ. പി. സി. തോമസ് ഇടുക്കിയിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ എങ്കിലും തുടങ്ങണമെന്ന് താൽപ്പര്യപ്പെട്ട് പന്തീരായിരം രൂപ തന്നു. അതിനാൽ ഒന്നുമില്ലായ്മയിൽ ഒരു ആശുപത്രി നെറ്റിത്തൊഴുവിൽ ആരംഭിച്ചു. എന്നാൽ അവിടേക്ക് ഒരു ഡോക്ടറെ കിട്ടുക പ്രയാസമായി വന്നു. ഈ സന്ദർഭത്തിൽ ഞാൻ കൽക്കട്ടയിൽ വച്ച് മെഡിക്കൽ കോളജ് അഡ്മിഷന് സഹായിച്ച ഡോ. പി. പി. മത്തായി സേവന സന്നദ്ധനായി വന്നു. നാട്ടിലും വിദേശത്തുമുള്ള അനേകരുടെ സഹായത്താൽ ആ ആശുപത്രി ഇന്ന് ഒരുവിധം ഭംഗിയായി നടക്കുന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സേവനം ഒരു മുതൽകൂട്ടായിരുന്നു.

ഇടുക്കി മെത്രാസനത്തിൽ നിന്ന് യോഗ്യരായവരെ തെരഞ്ഞെടുത്ത് വൈദികസെമിനാരിയിൽ അയച്ച് പഠിപ്പിക്കുകയും തുടർന്ന് വൈദികരാക്കി മെത്രാസനത്തിൽ നിയമിക്കുകയും ചെയ്തു. ഞാൻ ദിവസവും ഭവന സന്ദർശനം നടത്തിയിരുന്നു.

നെറ്റിത്തൊഴു മെഡിക്കൽ സെന്റർ

Malankaraorthodox.TV

അമേരിക്കൻ സന്ദർശനം

1985-ൽ ഞാൻ ആദ്യമായി അമേരിക്കയിലെ പള്ളികൾ സന്ദർശിച്ച് ഇടുക്കിക്കു വേണ്ടി പിരിവ് നടത്തി. മി. പി. കെ. ജോർജ്ജ് ആണ് അതിൽ എന്നെ മുഖ്യമായി ഗൈഡു ചെയ്തു സഹായിച്ചത്. മക്കാറിയോസ് തിരുമേനിയുടെ വിലയേറിയ സഹായം രേഖപ്പെടുത്തുന്നു.

ഇടുക്കി മെത്രാസനത്തിന്റെ പുരോഗതിക്കായി ആ കാലത്ത് എന്നോടൊപ്പം വളരെ അദ്ധ്വാനിച്ച പലരുമുണ്ട്. വെരി. റവ. ബസ്കീപ്പാ റമ്പാൻ, റവ. ഫാ. പി. എം. ജോൺ, ചേന്നാട്ടുമറ്റം ആൻഡ്രൂസ്, കോട്ടയം കട ജോർജ്ജുകുട്ടി, മുക്കടയ്ക്കൽ ജോസഫ്, കുത്തതയിൽ ശ്രീമതി മറിയാമ്മ ഏലിയാസ് എന്നിവർ അവരിൽ പ്രധാനികളായിരുന്നു. അരമന മാനേജരായി സ്തുത്യർഹമായ സേവനം അനുഷ്ടിച്ച റവ. ഫാ. എം. സി. എബ്രഹാമിനെ പ്രത്യേകം അനുസ്മരിക്കുന്നു.

മറ്റു ചുമതലകൾ

ഇടുക്കി മെത്രാസനത്തിന്റെ ചുമതലയോടൊപ്പം തന്നെ സഭ വക കോളജുകളുടെ കോർപ്പറേറ്റ് മാനേജരായും, മർത്തമറിയം വനിതാ സമാജം, ബാലികാസമാജം എന്നിവയുടെ പ്രസിഡന്റായും പ്രവർത്തിച്ചു.

മദ്യവർജ്ജന പ്രസ്ഥാനം

മദ്യവർജ്ജന പ്രചരണത്തിനായി എല്ലാ വർഷവും ഒരു സംഘമായി സഭ വക സ്കൂളുകൾ ഞാൻ സന്ദർശിക്കുമായിരുന്നു. കോട്ടയം എം. ഡി. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന സി. യു. മാത്യു സാറും റബ്ബർ ബോർഡിലെ ഉദ്യോഗസ്ഥനായിരുന്ന കുര്യാക്കോസ് സാറും ഈ സന്ദർശനങ്ങളിൽ എന്നോടൊപ്പം വരാറുണ്ടായിരുന്നു.

Malankaraorthodox TV

ഇടുക്കി ഭദ്രാസന കേന്ദ്രം

അദ്ധ്യായം 14

അമേരിക്കൻ മെത്രാസനത്തിലും നോർത്ത് ഈസ്റ്റ് അമേരിക്കൻ മെത്രാസനത്തിലും

1992-ൽ ബാവാതിരുമേനിയുടെ അസിസ്റ്റന്റ് ആയി അമേരിക്കൻ മെത്രാസനത്തിന്റെ ചുമതല എന്നെ ഏല്പിച്ചു. ആ കാലയളവിൽ അമേരിക്കൻ മെത്രാസനത്തിലെ സ്ഥിതി അല്പം ദുർഘടമായിരുന്നു. കുറച്ച് ഇടവകകൾ അഭിവന്ദ്യ മക്കാറിയോസ് തിരുമേനിയോടു ചേരാതെ വിഘടിച്ചു നിന്നിരുന്നു. അവർക്കായി ഒരു മെത്രാസനം വേണമെന്നും അല്ലെങ്കിൽ ബാവാതിരുമേനി നേരിട്ടു ഭരിക്കണമെന്നും അവർ ആവശ്യപ്പെട്ടു. മെത്രാസനം രണ്ടാക്കേണ്ടതില്ല എന്നും ഒരു പുതിയ മെത്രാനെ അയച്ചാൽ മതി എന്നും മക്കാറിയോസ് തിരുമേനി അഭിപ്രായപ്പെട്ടു. അങ്ങനെയെങ്കിൽ ആരെ അയയ്ക്കണമെന്ന ചിന്ത ഉയർന്നു. പല മെത്രാച്ചന്മാരും വിസമ്മതം പറഞ്ഞു. ഒടുവിൽ എന്നെ അയയ്ക്കണമെന്ന തീരുമാനമായപ്പോൾ ഞാൻ എതിര് പറഞ്ഞില്ല.

അന്ന് മെത്രാസനകേന്ദ്രമെന്നൊന്ന് അമേരിക്കയിൽ ഇല്ലായിരുന്നു. ഇവിടെ വന്നെത്തിയ എനിക്ക് താമസിക്കുന്നതിന് ഒരു പള്ളിമുറി പോലും ലഭിച്ചില്ല. താൽക്കാലികമായി വീടുകളിൽ താമസിച്ചു. ഒടുവിൽ ന്യൂയോർക്കിലെ ബലറോസിൽ ഇപ്പോഴുള്ള കെട്ടിടം വാങ്ങി താമസമാക്കി. നാലു പള്ളിക്കാർ മക്കാറിയോസ് തിരുമേനിയോടൊപ്പം തുടർന്നു. കാലാന്തരത്തിൽ അവരും എന്നോടൊപ്പം ചേർന്നു.

ഒരു കാറപകടം

നാട്ടിൽ വെച്ച് ഒരു കാറപകടമുണ്ടായത് ഇവിടെ സ്മരണീയമാണ്.

ബ. പി. എം. ചെറിയാനച്ചന് വിസ കിട്ടാതെ വന്നപ്പോൾ ഞാൻ പെരുമ്പാവൂർ നിന്നും മദ്രാസിന് കാറിൽ രാത്രി പോകേണ്ടി വന്നു. ഞാനും ബ. അച്ചനും ഡ്രൈവറും വണ്ടിയിൽ ഉണ്ടായിരുന്നു. പാതിരാസമയത്ത് വണ്ടി റോഡരുകിലെ ഒരു കനാലിൽ വെള്ളത്തിൽ വീണു. വെള്ളത്തിൽ നിന്നും കയറി, കോട്ടയത്തു നിന്നും വരുത്തിയ മറ്റൊരു കാറിൽ മദ്രാസിലേക്കു യാത്ര തുടർന്നു. രാവിലെ മദ്രാസിൽ ചെന്നെത്തുകയും വിസ ഓഫീസിൽ ചെന്ന് കാര്യം സാധിക്കുകയും ചെയ്തു. താമസിയാതെ ഞാൻ അമേരിക്കയിലേക്കു പോന്നു.

Malankaraorthodox.TV

ഡാളസ് സെന്റ് ജോർജ്ജ് പള്ളിയിൽ ഞാൻ വരുന്നതിനു മുമ്പു തന്നെ പല കലഹങ്ങൾ ഉണ്ടായിരുന്നു. രണ്ടുപേർ അസ്വസ്ഥതകൾക്ക് കാരണക്കാരായിരുന്നു. അവർ നാട്ടിൽ നിന്ന് ഒരച്ചനെ വരുത്തി കേസും ബഹളവുമായി. ഒടുവിൽ അവർ രണ്ടുപേരെ പുറത്താക്കി സമാധാനം സ്ഥാപിക്കാൻ സാധിച്ചു.

ന്യൂയോർക്കിൽ Elmont സെന്റ് ഗ്രിഗോറിയോസ് പള്ളിയിലെ അച്ചനെ ട്രാൻസ്ഫർ ചെയ്ത് പുതിയ അച്ചനെ നിയമിച്ചതിനെ തുടർന്ന് ബഹള മായി. കേസുമായി. ഒടുവിൽ സ്വയം എന്നോടു ചേർന്നു.

ഷിക്കാഗോയിലെ സെന്റ് ഗ്രിഗോറിയോസ് പള്ളി (Oak Park) യിൽ ഭിന്നതയുണ്ടായിരുന്നപ്പോഴാണ് ഞാൻ മെത്രാസനത്തിന്റെ ചുമതല ഏറ്റു വന്നത്. കോടതിയിൽ കേസുണ്ടായിരുന്നു. ജഡ്ജി പറഞ്ഞു, ബിഷപ്പു വരുന്നുണ്ടല്ലോ അദ്ദേഹം കാര്യങ്ങൾ തീരുമാനിക്കട്ടെ എന്ന്. വികാരി അച്ചനും കുറെ ജനങ്ങളും ഒരു വശവും മറ്റുള്ളവർ മറുവശത്തുമായി രുന്നു. അവർ രണ്ട് ഇടവകകളായി പിരിഞ്ഞു. ദൈവകൃപയാൽ ആ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു.

റവ. ഫാ. ജോൺസൺ (ഇപ്പോൾ നിക്കോദിമോസ് മെത്രാൻ) ഞാൻ വന്നകാലം മുതൽ എന്റെ സെക്രട്ടറിയും അരമന മാനേജരുമായി സ്തുത്യ ർഹമായ സേവനം അനുഷ്ഠിച്ചു. റവ. ഫാ. പീലിപ്പോസും അരമനയിൽ താമസിച്ച് എന്നെ സഹായിച്ചു.

സഹായ മെത്രാപ്പോലീത്താ

2002-ൽ സഖറിയ മാർ നിക്കോളാവോസ് തിരുമേനി അസിസ്റ്റന്റ് മെത്രാപ്പോലീത്താ ആയി അരമനയിൽ താമസമാക്കി. എന്നെ സ്വന്തം പിതാവിനെപ്പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും സഹായി ക്കുകയും ചെയ്തുവരുന്നു. തിരുമേനിയുടെ സേവനം ഏറ്റവും വിലയേ റിയതാണ്.

റവ. ഡീക്കൻ റോയി പി. ജോർജ്ജ് (ഇപ്പോൾ അച്ചൻ), റവ. ഡീക്കൻ കുര്യാക്കോസ് വർഗീസ് (ഇപ്പോൾ അച്ചൻ), റവ. ഡീക്കൻ ഷിനോജ് തോമസ് എന്നിവർ സെക്രട്ടറിമാരായി സേവനം അനുഷ്ഠിച്ചു. അവരുടെ ശുശ്രൂഷകൾ സ്നേഹനിർഭരമായിരുന്നു. റവ. ഫാ. ഡോ. പി. സി. തോമസ് അരമന മാനേജരായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. അദ്ദേഹം ഇപ്പോൾ നാഗ്പൂർ സെമിനാരിയിലേക്ക് പോയിരിക്കുകയാണ്.

ഇപ്പോഴത്തെ മെത്രാസന സെക്രട്ടറി റവ. ഫാ. ജോൺ തോമസച്ചനും, മെത്രാസന അത്മായ ട്രസ്റ്റി റോയി എണ്ണശേരിലും ഉത്സാഹമായി സേവനം അനുഷ്ഠിക്കുന്നു.

MalankaraOrthodox.TV

Dr. Alexander Tharakan (Dentist) എന്റെ പല്ലിന്റെ കാര്യങ്ങൾ നോക്കിയിരുന്നു. ഡോ. ഇല്ലിമൂട്ടിൽ കുര്യാക്കോസും, ഡോ. ബെന്നി ജോർജ്ജും എന്റെ സ്വന്തം ഡോക്ടേഴ്സായി സേവനം അനുഷ്ഠിച്ചിരുന്നു. ഇവരോടുള്ള നന്ദിയും സ്നേഹവും പ്രകാശിപ്പിക്കുന്നു.

ആത്മീയ പ്രസ്ഥാനങ്ങൾ

സൺഡേസ്കൂളിലെ പുസ്തകങ്ങൾ revision ചെയ്തുകൊണ്ടിരിക്കുന്ന കോര മാണിയുടെ സേവനം പ്രത്യേകം പ്രസ്താവ്യമാണ്. മർത്തമറിയം സമാജം പ്രത്യേക പിരിവു നടത്തി ചാരിറ്റിക്ക് അയച്ചുകൊടുക്കുന്നു. മെത്രാസന അടിസ്ഥാനത്തിലാണ് അയയ്ക്കുന്നത്.

Family and youth conference, orthodox V.B.S. ഇവ ക്രമമായി നടക്കുന്നു. MGOCSM ന്റെ ആഭിമുഖ്യത്തിൽ leaders training camp വിവിധ സ്ഥലങ്ങളിൽ നടത്തിവരുന്നു.

മെത്രാസന വിഭജനം

2009-ൽ അമേരിക്കൻ മെത്രാസനം നോർത്ത് ഈസ്റ്റ്, സൗത്ത് വെസ്റ്റ് എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു. അഭിവന്ദ്യ നിക്കോളാവോസ് തിരുമേനി നോർത്ത് ഈസ്റ്റ് മെത്രാസനത്തിൽ എന്നോടൊപ്പം തുടരുന്നു. അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനി സൗത്ത് വെസ്റ്റ് അമേരിക്കൻ മെത്രാസനാധിപനായി പ്രവർത്തിക്കുകയും ചെയ്യുന്നു.

Indian cultural and communities centre

ന്യൂയോർക്ക് സംസ്ഥാന ഗവൺമെന്റ് സാമൂഹ്യപുരോഗതിക്കായി ചുരുങ്ങിയ വിലയ്ക്ക് വസ്തുക്കൾ വില്ക്കുന്നതായി നമ്മുടെ സഭാംഗമായ ക്യാപ്റ്റൻ കോശി തോമസ് (ക്യാപ്റ്റൻ സണ്ണി) മനസ്സിലാക്കി. ക്വീൻസിൽ കോമൺവെൽത്ത് ബുളവാഡിൽ ഇപ്പോഴുള്ള അരമനയ്ക്കു സമീപത്ത് creedmore project ന്റെ ഭാഗമായ 5 ഏക്കർ ഗവൺമെന്റ് വക സ്ഥലം നമുക്കു ലഭിക്കുന്നതിന് ക്യാപ്റ്റൻ സണ്ണിയുടെ പ്രധാന നേതൃത്വത്തിൽ അപേക്ഷ നൽകി.

പള്ളിയുടെയോ മെത്രാസനത്തിന്റെയോ പേരിൽ ഗവൺമെന്റ് സ്ഥലം വാങ്ങാൻ പ്രയാസമായതിനാൽ Indian Cultural and community centre എന്ന incorporation ന്റെ പേരിൽ 2008 ജൂലൈ 1-ന് 2 മില്യൻ ഡോളറിന് ഈ സ്ഥലം വാങ്ങാൻ സാധിച്ചു.

ഈ സംരംഭം സാദ്ധ്യമാക്കിത്തീർത്തതിൽ Dr. Paul, Mr. Saju Varghese, Mr. Eappen Chacko, Mr. Kuriakose Varkey, Very Rev. Fr. Dr. P. S. Samual cor-episcopa, Rev. Dr. C. K. Rajan എന്നിവരുടെ സഹായം ലഭിച്ചത് പ്രശംസ

Malankaraorthodox.TV

നീയമാണ്. ഇതിൽ തനെ Mr. Kuriakose Varkey, Captain Sunny എന്നിവർ ആദിയോടന്തം കഠിനമായി പരിശ്രമിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യ മാണ്. Captain Sunny യുടെ മകൻ സനു തോമസാണ് co-operation രൂപീ കരിച്ചത്. സെനറ്റർ Frank Padavan ന്റെ ആത്മാർത്ഥമായ ഉദാരമായ സഹായം ഗവൺമെന്റിൽ നമുക്ക് വളരെയധികം പ്രയോജനപ്പെട്ടു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

മെത്രാസനത്തിലെ ചില പട്ടക്കാരും, ചില അംഗങ്ങളും ഞാൻ ആവ ശ്യപ്പെടാതെ സ്വമേധയാ മെത്രാസനകാര്യങ്ങളെക്കുറിച്ചും, എന്റെ ആവ ശ്യങ്ങളെക്കുറിച്ചും താൽപര്യമായി അന്വേഷിച്ചിരുന്നത് സന്തോഷ ത്തോടെ ഓർക്കുന്നു. അവർ ആരൊക്കെയെന്ന് ഞാൻ എടുത്തുപറയുക ബുദ്ധിമുട്ടായതിനാൽ അത് ചെയ്യുന്നില്ല.

മെത്രാസന സെക്രട്ടറി ബ. ജോൺ തോമസ് അച്ചനും, മെത്രാസന ത്തിലെ ട്രസ്റ്റി റോയി എണ്ണശ്ശേരിലും ഉത്സാഹമായി പ്രവർത്തിക്കുന്നു. പുതിയ അരമന കെട്ടിടം പണിതതിൽ മനോഹരവും വിലയേറിയതു മായ ഫർണിച്ചർ ചുരുങ്ങിയ വിലയ്ക്കു വാങ്ങിക്കുന്നതിൽ റോയി കാണിച്ച ബുദ്ധിവൈഭവം ഏറ്റവും ശ്ലാഘനീയമാണ്.

മെത്രാസനത്തിന് പുതിയ ആസ്ഥാനം

2009-ൽ ന്യൂയോർക്കിലെ മട്ടൻ ടൗണിൽ 3 ഏക്കർ അരമനയ്ക്കായി വാങ്ങുകയും അരമന പണിയുകയും ചെയ്തു. ആകെ രണ്ടര മില്ല്യൺ ഡോളർ ചെലവായി. ബെയ്സ്മെന്റ് ഉൾപ്പെടെ 8,000 സ്ക്വയർ ഫീറ്റുണ്ട്. ഏറ്റവും കൂടുതൽ തുക തന്നവർ ഡോ. ബാബു തച്ചറയും, മിസ്റ്റർ റോയി എണ്ണശ്ശേരിലുമാണ്. 2010 സെപ്തംബറിൽ ആസ്ഥാനം അവിടേക്കു മാറ്റി.

2011 ജനുവരി 18-ൽ എന്റെ അപേക്ഷയനുസരിച്ച് കാതോലിക്കാബാവാ തിരുമേനി എന്നെ ഭരണത്തിൽ നിന്നും ഒഴിവാക്കി.

അഭിവന്ദ്യ നിക്കൊളൊവാസ് തിരുമേനിയെ മെത്രാസനത്തിന്റെ മെത്രാ പ്പോലീത്തായായി നിയമിക്കുകയും അത്യധികം സന്തോഷത്തോടെ മെത്രാസനം തിരുമേനിയെ സ്വീകരിക്കുകയും ചെയ്തു.

കൊച്ചുതിരുമേനിയുടെയും, ബ. പി. എസ്. ശമുവേൽ കോർഎപ്പി സ്ക്കോപ്പാ അച്ചന്റേയും, റോയ് എണ്ണശ്ശേരിലിന്റെയും മെത്രാസനത്തി ലേക്കുള്ള സേവനം വളരെ വിലയേറിയതാണ്.

അങ്കമാലി മെത്രാസനത്തിലെ രണ്ടുപേരുടെ വിവരം പ്രത്യേകം പ്രസ്താവ്യമാണ്.

1. വെരി. റവ. ഒ. സി. വർഗീസ് കോറെപ്പിസ്ക്കോപ്പാ

കുറുപ്പംപടി എം.ജി.എം. ഹൈസ്ക്കൂളിൽ എന്റെ അദ്ധ്യാപകനായിരുന്നു. പല പള്ളികളിലും പ്രശസ്ത സേവനം അനുഷ്ഠിച്ച ശേഷം ഒടുവിൽ വേങ്ങൂർ കാതോലിക്കേറ്റ് സെന്ററിൽ വികാരിയായി സേവനം അനുഷ്ഠിക്കുമ്പോഴാണ് വാർദ്ധക്യത്തിൽ മരിച്ചത്. "ഇതാ സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കപടമില്ല" എന്ന് കർത്താവ് നഥാനിയേലിനെ (ബർത്തുൽമായി) ക്കുറിച്ചു കല്പിച്ചതുപോലെ ഏതൊരുവനും ഒ. സി. അച്ചനെക്കുറിച്ച് പറയുമായിരുന്നു. പണ്ഡിതനും കൂർമ്മബുദ്ധിയും പരോപകാരിയും ഭക്തനും കാതോലിക്കാപക്ഷത്തെ ഉറച്ച നേതാവുമായിരുന്ന അദ്ദേഹം കോറെപ്പിസ്കോപ്പാ ആയി.

2. പെരുമ്പാവൂർക്കാരൻ ടി. എം. വറുഗീസ് തോമ്പ്ര കുടുംബാംഗമെന്ന നിലയിൽ എന്റെ സ്വന്തക്കാരനുമായിരുന്നു.

കാതോലിക്കാപക്ഷത്തെ ഒരു ഉന്നത നേതാവായിരുന്ന വറുഗീസ് ഏവരാലും ബഹുമാനിക്കപ്പെട്ടിരുന്നു. തടിക്കച്ചവടമായിരുന്നു ബിസിനസ്സ്. ഒരു വാഗ്മിയായിരുന്ന ഇദ്ദേഹം പെരുമ്പാവൂർപള്ളിയിലെ കാതോലിക്കാപക്ഷത്തുള്ളവർക്ക് എല്ലാ ഞായറാഴ്ചയും പ്രാർത്ഥനായോഗം നടത്തി പ്രസംഗിക്കുമായിരുന്നു. സഭാ മാനേജിംഗ് കമ്മിറ്റി മെമ്പറായിരുന്നു. നാട്ടുകാർക്ക് എല്ലാം പരോപകാരിയായിരുന്നു. പാത്രിയർക്കീസുകാർ ധൈര്യശാലിയായിരുന്ന ഇദ്ദേഹത്തെ ഒരു സെറ്റ് അക്രമികളെ അയച്ച് കൊല്ലുകയായിരുന്നു. നമ്മുടെ സഭയുടെ ഒരു രക്തസാക്ഷിയായി ഇദ്ദേഹം സ്മരിക്കപ്പെടും.

MalankaraOrthodox.TV

അനുബന്ധം

1. സ്നേഹത്തെക്കുറിച്ച് ഒരു ലേഖനം

“നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വിൻ” (1 കോരി. 16:14).

സ്നേഹമെന്നാൽ എന്ത്?

സ്വന്തം നന്മയെ പരിത്യജിച്ചും മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടി കരുതിയും പ്രവർത്തിക്കുന്ന മനോഭാവമാണ് സ്നേഹം. സ്വയം കേന്ദ്രീകൃതമായ ജീവിതത്തിൽ നിന്നും മറ്റുള്ളവരെ കേന്ദ്രീകരിച്ചുള്ള ജീവിതമാണ് ഇത്.

യഥാർത്ഥ സ്നേഹത്തിന്റെ വിശേഷണങ്ങൾ

യഥാർത്ഥ സ്നേഹം ഹൃദയസമ്പൂർണ്ണവും ത്യാഗപരവും വ്യവസ്ഥ രഹിതവുമാണ്. ഇത്തരത്തിലുള്ള സ്നേഹം ദൈവത്തിൽ മാത്രമേ കാണുന്നുള്ളു. സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ ഏകജാതനായ പുത്രനെ മനുഷ്യജാതിയെ പാപത്തിൽ നിന്ന് രക്ഷിക്കുന്നതിനായി നല്കി. ഇത് ഹൃദയസമ്പൂർണ്ണമായ സ്നേഹമാണ്. യേശുക്രിസ്തുവിന്റെ ജീവിതം മുഴുവനും ഹൃദയസമ്പൂർണ്ണമായ സ്നേഹമായിരുന്നു. “മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രെ വന്നത്” (വി. മർക്കോസ് 10:45) എന്ന് കർത്താവ് അരുൾ ചെയ്തിരിക്കുന്നു. നമ്മുടെ കർത്താവ് തന്നോട് ചോദിച്ചതിലപ്പുറമായി നൽകി. ശിശുക്കളെ അനുഗ്രഹിക്കുന്നതിനായി കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ താൻ ഓരോരുത്തരെ ആയി എടുത്ത് അവരെ അനുഗ്രഹിച്ച് തന്റെ വ്യക്തിപരമായ സ്നേഹത്തെ പ്രദർശിപ്പിച്ചു. “നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർക്കണമെന്ന്” (വി. ലൂക്കോസ് 23:43) പ്രാർത്ഥിച്ച വലത്തുഭാഗത്തെ കള്ളനോട് “ഇന്ന് നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കുമെന്ന് ഞാൻ സത്യമായി നിന്നോടു പറയുന്നു” എന്ന് കർത്താവ് അരുൾ ചെയ്തു.

നമ്മുടെ കർത്താവിന്റെ ജീവിതം മുഴുവനും ത്യാഗപരമായിരുന്നു. മനുഷ്യജാതിയുടെ രക്ഷയ്ക്കായി താൻ ബലിയായി സ്വയം അർപ്പിക്കുകയും ചെയ്തു.

നമ്മുടെ കർത്താവിന്റെ സ്നേഹം വ്യവസ്ഥരഹിതവുമായിരുന്നു. പാപിയും തളർവാതരോഗിയുമായവനെ കർത്താവ് വ്യവസ്ഥരഹിതമായി സൗഖ്യപ്പെടുത്തി. അനന്തരം പാപം ചെയ്യരുതെന്ന് ഉപദേശിക്കുകയും ചെയ്തു. പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് കർത്താവു വ്യവസ്ഥാരഹി

Malankaraorthodox TV

തമായ പാപമോചനം നല്കി (വി. യോഹ. 8:11). മൂന്നു പ്രാവശ്യം തന്നെ തള്ളിപ്പറഞ്ഞ പത്രോസിന് വ്യവസ്ഥരഹിതമായി കർത്താവ് പാപമോചനം നല്കുകയും, കുഞ്ഞാടുകളേയും ആടുകളേയും മേയ്ക്കുന്നതിനുള്ള ചുമതല ഏല്പ്പിക്കുകയും ചെയ്തു. മുടിയനായപുത്രന്റെ ഉപമയിൽ സ്വത്തെല്ലാം നശിപ്പിച്ചിട്ടു മടങ്ങിവന്ന മകനെ അപ്പൻ വ്യവസ്ഥരഹിതമായി സ്വീകരിച്ചു.

നമ്മുടെ കർത്താവ് നമ്മെ സ്നേഹിച്ചതുപോലെ നാം തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്ന് കർത്താവ് കൽപിച്ചിരിക്കുന്നു. “ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നാകുന്നു എന്റെ കല്പന” (വി. യോഹ. 15:12). ഹൃദയസമ്പൂർണ്ണവും ത്യഗപരവും വ്യവസ്ഥരഹിതവുമായ സ്നേഹമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

സ്നേഹത്തിന്റെ പ്രാധാന്യം

സ്നേഹത്തിന്റെ പ്രാഥമിക പ്രാധാന്യം സകലവും സ്നേഹത്തിൽ ചെയ്യണമെന്ന ചുമതലയ്ക്ക് കാരണമാകുന്നു. അതുകൊണ്ടാണ് നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വിൻ (1 കൊരി. 16:14) എന്ന് വി. പൗലോസ് പറയുന്നത്. നാം എല്ലാവരും ധനത്തിനും ആരോഗ്യത്തിനും ജ്ഞാനത്തിനും സ്വസ്ഥതയ്ക്കുംവേണ്ടി ആഗ്രഹിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു. അതേസമയത്ത് സ്നേഹത്തിന് അതർഹിക്കുന്ന പ്രാധാന്യം നാം നല്കുന്നില്ല. ധനവും ആരോഗ്യവും ജ്ഞാനവും സ്വസ്ഥതയും ആവശ്യം തന്നെ. എന്നാൽ സ്നേഹത്തിന്റെ അഭാവത്തിൽ അവ നിഷ്ഫലമായിത്തീരുന്നു. സന്തോഷത്തിനും പുരോഗതിയ്ക്കും സ്നേഹമില്ലെങ്കിൽ മറ്റെന്തെല്ലാം ഉണ്ടായാലും മതിയാവുകയില്ല. ധനം നമുക്ക് ആവശ്യമായതെല്ലാം വാങ്ങിക്കുന്നതിന് ആവശ്യമാണ്. വേല ചെയ്യുന്നതിന് ആരോഗ്യം ആവശ്യമാണ്. നേരായ വഴി അറിഞ്ഞ് പ്രവർത്തിക്കുന്നതിന് ജ്ഞാനം വേണ്ടിയിരിക്കുന്നു.

സ്വസ്ഥതയുണ്ടെങ്കിലേ ശ്രദ്ധ കേന്ദ്രീകരിച്ചു ചിന്തിക്കുന്നതിന് സാധിക്കൂ. ഇവയോടു ചേർന്ന് സ്നേഹം പ്രവർത്തിക്കുമ്പോൾ എല്ലാം സഫലമായിത്തീരുന്നു. നമ്മുടെ പ്രവൃത്തികൾ സ്നേഹത്തിൽ നിന്നുളവാകുന്നതും സ്നേഹത്തിലേക്ക് നയിക്കുന്നതുമായിരിക്കണം.

ഒരു സംഖ്യയിൽ ആദ്യത്തെ അക്കത്തിന്റെ പ്രാധാന്യം പോലെയാണ് സ്നേഹം. ഒന്ന് ആദ്യമേ ഇട്ടാൽ പിന്നീട് ഇടുന്ന ഓരോ പൂജ്യത്തിനും വിലയുണ്ട്. ഒന്ന് ആദ്യമേ ഇടുന്നില്ലെങ്കിൽ പൂജ്യത്തിന് ഒന്നിനും വിലയില്ലെന്ന് വരും.

സ്നേഹമുണ്ടെങ്കിൽ ധനവും ആരോഗ്യവും ജ്ഞാനവും സ്വസ്ഥതയും സഫലമായിത്തീരുന്നു.

Malankara Orthodox TV

പരമാവധി ദൈവത്തെ സ്നേഹിക്കേണ്ടതായ ചുമതല.

നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണ്. "താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ" (അപ്പോ. 17:25).

ദൈവത്തിൽകൂടിയാണ് നാം സകലവും പ്രവർത്തിക്കുന്നത്. "അവനിലല്ലൊ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്" (അപ്പോ. 17:28). ദൈവത്തെ പിരിഞ്ഞ് നമുക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. "എന്നെ പിരിഞ്ഞു നിനക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല" (വി. യോഹ. 15:5) എന്ന് കർത്താവ് പറയുന്നു.

ഇക്കാരണങ്ങളാൽ നാം ദൈവത്തോടു സകലത്തിനും നന്ദിയുള്ളവരായിരിക്കണം.

"യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു കൊടുക്കും" (സങ്കീ. 116:12) എന്ന് സങ്കീർത്തനക്കാരൻ പറയുന്നു.

"നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം" (വി. മർക്കോ. 12:30) എന്ന് കർത്താവ് പറയുന്നു.

"ആകയാൽ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ'' എന്ന് (1 കൊരി. 10:31) വി. പൗലോസ് പറയുന്നു.

സ്നേഹത്തിൽ വളരേണ്ടതെങ്ങനെ?

അവസാനത്തെ ന്യായവിധി ദിവസം "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്ക് ചെയ്തു" (വി. മത്താ. 25:40) എന്ന് കർത്താവ് പറയുന്നു. അതിനാൽ നാം മനുഷ്യർക്ക് നന്മ ചെയ്യുമ്പോഴെല്ലാം ദൈവത്തിന് ചെയ്യുകയാണെന്ന് ഓർക്കണം.

ഉയിർത്തെഴുന്നേറ്റ കർത്താവ് പത്രോസിനോട് "നീ എന്നെ സ്നേഹിക്കുന്നുവോ" എന്ന് മൂന്നു പ്രാവശ്യം ചോദിക്കുകയും "സ്നേഹിക്കുന്നു" എന്ന് മറുപടി പറഞ്ഞപ്പോൾ തന്റെ കുഞ്ഞാടുകളേയും ആടുകളേയും മേയ്ക്കൂ എന്ന് കൽപിക്കുകയും ചെയ്തതിനാൽ ദൈവത്തെ പ്രതി നാം മനുഷ്യരെ സ്നേഹിക്കണമെന്ന് നാം നമ്മോടു തന്നെ പറഞ്ഞുകൊണ്ടിരിക്കണം (വി. യോഹ. 2:15-17).

മനുഷ്യരെ സ്നേഹിക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം സകലത്തിലും നമ്മെ പോലെയുള്ള സമസൃഷ്ടികളായി മനുഷ്യരെ കാണുകയാണ്.

Mannkaraorthodox.tv

അപ്പോൾ നാം നമ്മെ സ്നേഹിക്കുന്നതുപോലെ മനുഷ്യരെ സ്നേഹിക്കുവാൻ സാധിക്കും.

സഹിക്കവയ്യാത്ത വേദനയിലും കഷ്ടതയിലും നാം ഇരിക്കുമ്പോൾ നമുക്ക് മറ്റുള്ളവരുടെ കഷ്ടതകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക പ്രയാസമാണ്. കഷ്ടതകളിൽ നിന്ന് നന്മ ഉളവാക്കുവാൻ ദൈവത്തിന് സാധിക്കുമെന്ന വിശ്വാസത്തിൽ കൂടി നമ്മുടെ കഷ്ടതകളെ തരണം ചെയ്യണം. അനന്തരം മറ്റുള്ളവരെ സഹായിക്കുവാൻ നമുക്ക് സാധിക്കും.

ദൈവത്തിൽ നിന്ന് നാം പ്രാപിച്ചുകൊണ്ടിരിക്കുന്ന അനേക നന്മകളെക്കുറിച്ച് നാം നന്ദിയുള്ളവരായിരിക്കണമെന്നത് സ്വാഭാവിക നീതിയാണ്. “യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്ത് പകരം കൊടുക്കേണ്ടൂ” എന്ന് സങ്കീർത്തനക്കാരൻ ചോദിക്കുന്നു. നമുക്ക് ലഭിച്ച സകല ഉപകാരങ്ങൾക്കും, നാം ആയിരിക്കുന്ന അവസ്ഥയ്ക്കും വേണ്ടി, നാം നന്ദിയുള്ളവരായിരിക്കണം.

നമ്മെയും മറ്റുള്ളവരെയും ഉപദ്രവിക്കുന്ന സകലത്തെയും സ്നേഹം കൊണ്ട് തരണം ചെയ്യാൻ സാധിക്കണം. അക്രമങ്ങൾ, വൈരാഗ്യം, മത്സരം, അസൂയ, അഹങ്കാരം, വെറുപ്പ്, വിവാഹമോചനം, ആത്മഹത്യ ഇവയെ എല്ലാം സ്നേഹംകൊണ്ട് ജയിച്ചടക്കാം. നമ്മുടെ പുരോഗതിയെ തടയുന്നവയേയും തരണം ചെയ്യാൻ സ്നേഹം നമ്മെ സഹായിക്കുന്നു. സ്വാർത്ഥത, സ്വയംകേന്ദ്രീകൃതാവസ്ഥ, മടി ഇവയെ സ്നേഹം കൊണ്ട് തരണം ചെയ്യാം.

യഥാർത്ഥ സ്നേഹത്തെ എങ്ങനെ പ്രദർശിപ്പിക്കാം

പ്രധാനമായി 4 മാർഗ്ഗങ്ങളിൽ കൂടി സ്നേഹത്തെ പ്രകാശിപ്പിക്കാം.

1. അസഹനീയമായ കഷ്ടതയിൽ ഇരിക്കുമ്പോഴും ആവശ്യക്കാരെ സഹായിക്കുന്നതിൽ കൂടി നമ്മുടെ സ്നേഹത്തെ പ്രകാശിപ്പിക്കാം. നമ്മുടെ കർത്താവ് കുരിശിന്മേൽ അതിവേദന അനുഭവിച്ചപ്പോൾ തന്റെ മാതാവിനെ ആശ്വസിപ്പിച്ചു.

2. ഏറ്റവും നികൃഷ്ടമായ നിലയിൽ നമ്മെ വേദനപ്പെടുത്തുമ്പോൾ അവരോടു ക്ഷമിക്കുന്നതിൽ കൂടി നമ്മുടെ സ്നേഹത്തെ പ്രകാശിപ്പിക്കാം. നമ്മുടെ കർത്താവ് തന്നെ ക്രൂശിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ച് അവരോടു ക്ഷമിച്ചു (വി. ലൂക്കോസ് 23:34).

3. ഏറ്റവും താണവരെയും നമ്മേക്കാൾ ഉയർന്നവരെ പോലെ ബഹുമാനിക്കുന്നതിൽ കൂടി നമ്മുടെ സ്നേഹത്തെ പ്രകാശിപ്പിക്കാം. നമ്മുടെ കർത്താവ് ഒരു അടിമയെപ്പോലെ ശിഷ്യന്മാരുടെ കാൽ കഴുകി (വി.

MalankaraOrthodox.TV

യോഹ. 13:12) തന്നേക്കാൾ ഉയർന്നവരെ എന്നപോലെ താൻ ബഹുമാനിച്ചു.

4. നാം ഇഷ്ടപ്പെടാത്തതിനെ ചെയ്തുകൊണ്ട് അനുസരിക്കുന്നതിൽ കൂടി നമ്മുടെ സ്നേഹത്തെ പ്രകാശിപ്പിക്കാം. നമ്മുടെ കർത്താവ് മരണത്തോളം കുരിശിലെ മരണത്തോളം, പിതാവിനെ അനുസരിച്ചത് മാതൃകയാക്കാം (ഫിലി. 2:8).

സ്നേഹത്തിന്റെ അന്തിമ സമാപ്തി

സ്നേഹത്തിന്റെ സമാപ്തി സ്വർഗ്ഗമാണ്. അന്ത്യന്യായവിധി ദിവസം കർത്താവ് ഇപ്രകാരം വലത്തുഭാഗത്തുള്ളവരോട് അരുളിച്ചെയ്യും. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു. ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു. ഞാൻ അതിഥി ആയിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു. നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു, രോഗിയായിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നു. തടവിൽ ആയിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു" (വി. മത്തായി 25:34-36). ഒന്നൊഴിയാതെ ഏവരേയും നാം സ്നേഹിക്കണം. നാം ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യണം. നാം സ്വർഗ്ഗസ്ഥ പിതാവിനെപ്പോലെ സൽഗുണ പൂർണ്ണരാകുകയും സ്വർഗ്ഗം അനുഭവിക്കുകയും ചെയ്യണം.

സ്നേഹിക്കുന്നതിന് നാം മറ്റുള്ളവരെ സഹായിക്കുകയും വേണം. നമ്മുടെ ജീവിതത്തിന്റെ മോട്ടോ എല്ലാ സാഹചര്യങ്ങളിലും സകലരെയും സ്നേഹിച്ച് അവരുടെ സ്നേഹം കരസ്ഥമാക്കുകയെന്നതായിരിക്കണം.

MalankaraOrthodox.TV

2. എപ്പോഴും ഓർക്കേണ്ട വേദവാക്യങ്ങൾ

a. സ്നേഹത്തെക്കുറിച്ച്

1. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു (1 യോഹ. 4:16).

2. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം (വി. മാർക്കോ. 12:30).

3. കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണം (വി. മാർക്കോ. 12:31).

4. സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കുകയും കരയുന്നവരോടു കൂടെ കരയുകയും ചെയ്‌വിൻ (റോമർ 12:15).

5. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ. ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ (ഗലാ. 6:2).

6. നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വിൻ (1 കോരി. 16:14).

7. ഞാൻ നിങ്ങളെ സ്നേഹിച്ചിരുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നാകുന്നു എന്റെ കല്പന (വി. യോഹ. 15:12).

8. ഞാനോ നിങ്ങളോടു പറയുന്നത് നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ (വി. മത്തായി 5:44).

9. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം (അപ്പോ. 20:35).

b. ദൈവാശ്രയത്തെക്കുറിച്ച്

10. ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു. കഷ്ടതകളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു (സങ്കീ. 46:1).

11. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലി. 4:13).

12. അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത് (അപ്പോ. 17:28).

MalankaraorthodoxTV

13. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട് (വി. മത്തായി 28:20).

14. യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാകുകയില്ല (സങ്കീ. 23:1).

c. താഴ്മയെക്കുറിച്ച്

15. ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠനെന്ന് എണ്ണിക്കൊൾവിൻ (ഫിലി. 2:3).

16. സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ (റോമ. 12:10).

d. ജാഗ്രതയുടെ ആവശ്യം

17. നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെട്ടുപോകാതിരിക്കേണ്ടതിന് ഇന്ന് എന്ന് പറയുന്നിടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ (എബ്രാ. 3:13).

ജീവിതത്തിന്റെ പരമലക്ഷ്യം

18. പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ (വി. യോഹ. 17:21).

MalankaraorthodoxTV

3. ആത്മീയ ജീവിതത്തിൽ സഹായിക്കുന്ന പ്രധാനപ്പെട്ട ഗീതങ്ങൾ

പ്രഭാതത്തിലെ സമർപ്പണത്തിന്

1. സ്വർഗ്ഗീയപിതാവേ നിൻ തിരുഹിതം.

2. അൻപുനിറഞ്ഞ പൊന്നേശുവേ.

3. (അൻപുടയോനെ നിൻ വാതിൽ എന്ന രീതി)
പുലരിയിൽ നിദ്രയുണർന്നങ്ങേ
പാവനസന്നിധി അണയുന്നു.
കർത്താവേ നിൻകരുണയ്ക്കായ്
നന്ദിപറഞ്ഞ് നമിക്കുന്നു.
മനുജകുലത്തിൻപാലകനേ
വിനയമോടങ്ങേ വാഴ്ത്തുന്നു.
കൃപയും ശാന്തിയനുഗ്രഹവും
പാപപൊറുതിയുമരുളണമെ
കണ്ണുകൾ നിങ്കലുറപ്പിച്ചെൻ
ദിനകൃത്യങ്ങൾ തുടങ്ങുന്നേ
വീഴാതെന്നെ നയിക്കണമെ
വിജയാനുഗ്രഹമേകണമെ.

4. യേശുവോടു ചേർന്നിരിപ്പതെത്രമോദമേ
(സമർപ്പണത്തിന്)

5. യജമാനൻ വരുമന്നേരത്തുണർവുള്ളോരായ്
(സമർപ്പണം)

6. എന്നെത്തന്നെ സന്നിധിയിൽ (സമർപ്പണം)
(പാമ്പാക്കുട നമസ്ക്കാരം)

7. യേശു എന്നടിസ്ഥാനം (കഷ്ടതയിൽ).

8. അക്കരയ്ക്ക് യാത്ര ചെയ്യും (കഷ്ടതയിൽ).

9. പാടിപുകഴ്ത്തീടാം ദേവദേവനേ (കഷ്ടതയിൽ).

10. സീയോൻ സഞ്ചാരി ഞാൻ (കഷ്ടതയിൽ).

11. സർവ്വ സൃഷ്ടികളുമൊന്നായ് (കഷ്ടതയിൽ).

12. യാഹന്നദൈവമെന്നിടയനഹോ (കഷ്ടതയിൽ).

13. കരുണക്കടലേ ഞാൻ നോക്കും (അനുതാപത്തിന്).

14. അൻപുടയോനേ നിൻ വാതിൽ (അനുതാപം).

15. എന്നുടയോനേ നീയെന്നെ (അനുതാപം)
(അൻപുടയോനെ നിൻവാതിൽ എന്ന രീതി)

16. അനുതാപത്താലെൻ നയനം
നനയുന്നെങ്കിലുമനുനിമിഷം
പെരുകിവരുന്നുപാപങ്ങൾ
കരുണക്കടലേ കനിയണമേ
കരളിൽ നിരാശനിറയ്ക്കരുതേ
കൃപയുടെ വാതിലടയ്ക്കരുതേ
കാക്കും കൈകൾവലിക്കരുതേ
കരുണവെടിഞ്ഞ് വിധിക്കരുതേ
കർത്താവേനിൻ സുവിശേഷത്തിൻ
പാരമിടുങ്ങിയ പാതകളിൽ
സിദ്ധന്മാരുടെ കാൽപാടിൽ
തെറ്റാതെന്നെ നയിക്കണമെ (അനുതാപം).

17. എന്തതിശയമെ, ദൈവത്തിൻ സ്നേഹം
(ദൈവസ്നേഹത്തെക്കുറിച്ച്)

18. എന്നോടുള്ള നിൻസർവ്വനന്മകൾക്കായി ഞാൻ
(സ്തോത്രത്തിന്)

19. ദൈവത്തിനു സ്തോത്രം (സ്തോത്രത്തിന്).

20. ഇത്രത്തോളം യഹോവ സഹായിച്ചു (സ്തോത്രം).

21. എന്നുള്ളിലെന്നും വസിച്ചീടുവാൻ സ്വർഗ്ഗ... (പരിശുദ്ധാത്മാവ്).

4. ഏവർക്കും ഉണ്ടായിരിക്കേണ്ട സുകൃതങ്ങൾ

1. എല്ലാവരേയും സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്ന വർക്ക് എപ്പോഴും സന്തോഷിക്കുവാൻ സാധിക്കും.

2. കഠിനാദ്ധ്വാനം വിജയത്തിന് ആവശ്യമെന്ന് തോൽവികൾ നമ്മെ പഠിപ്പിക്കുന്നു.

3. കഷ്ടതകൾ അനുസരണം പഠിച്ച് തികയുന്നതിന് നമ്മെ സഹായിക്കുന്നു. അതിനാൽ നാം കഷ്ടതകളിൽ നിരാശപ്പെടരുത്. "പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി" (എബ്രാ. 5:8).

4. നാം മറ്റുള്ളവരെ സ്നേഹിച്ച് അവരുമായി താദാത്മ്യം പ്രാപിക്കുമ്പോൾ അവരുടെ കഷ്ടതകളിൽ അവരെ സഹായിക്കും. നമ്മെക്കാൾ ഉയർന്നവരുമായി താദാത്മ്യം പ്രാപിക്കുമ്പോൾ അസൂയപ്പെടാതെ സന്തോഷിക്കുകയും, അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

5. നാം സത്യസന്ധരാകുമ്പോൾ മനുഷ്യർ നമ്മെ വിശ്വസിക്കുകയും, നമ്മെ സഹായിക്കുകയും ചെയ്യും.

6. നാം മറ്റുള്ളവരെ സമസൃഷ്ടികളായി കാണുമ്പോൾ, അവരോട് ക്ഷമിക്കുവാൻ സാധിക്കും.

7. നാം മറ്റുള്ളവരെ സമസൃഷ്ടികളായി കാണുമ്പോൾ പൊതുവിന്റെ നന്മയ്ക്കായി പ്രവർത്തിക്കുവാൻ സാധിക്കും.

8. മറ്റുള്ളവരെ നാം സമസൃഷ്ടികളായി കാണുമ്പോൾ, ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ സാധിക്കും.

9. നമുക്ക് മറ്റുള്ളവരോട് സ്നേഹമുള്ളപ്പോൾ അവരുടെ നന്മകൾ കണ്ട് അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാൻ സാധിക്കും.

10. മദ്യവും മയക്കുമരുന്നും താത്ക്കാലിക സന്തോഷം നല്കുന്നു. അത് കൂടുതൽ ഉപയോഗിക്കുന്നതിനുള്ള ആർത്തി ഉണ്ടാക്കിക്കൊണ്ടിരിക്കുകയും അതിന് ക്രമേണ അടിമയായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ചിലർ അതിന് അതിവേഗം മത്തരായി തീരുന്നു. മറ്റു ചിലർ സാവകാശത്തിലാണ് മത്തരായിത്തീരുന്നത്. ഈ ആർത്തി നിയന്ത്രണാതീതമായി തീർന്ന് അത് ഉപയോഗിക്കുന്നവൻ രോഗിയായി നശിക്കുന്നു. അതിനാൽ മദ്യവും മയക്കുമരുന്നും ഒരിക്കലും അശേഷം ഉപയോഗിക്കരുതെന്ന് വയ്ക്കണം.

5. മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ കൃതികൾ

1. വി. കുർബ്ബാനയുടെ ധ്യാനപഠനം (English & Malayalam).
2. The Sacrament of Holy Qurbana.
3. The Sacrament of Holy confession.
4. ക്രിസ്തീയ രൂപാന്തരം (വി. കുമ്പസാരം).
5. ആരാണ് ഭാഗ്യവാന്മാർ (English & Malayalam).
6. A hand book for the Malankara Orthodox.
7. വേദപുസ്തകാധിഷ്ഠിതമായ നമ്മുടെ വിശ്വാസം (English & Malayalam).
8. A devotional study of kauma and Holy Baptism.
9. ആശ്വാസപ്രദനായ പരിശുദ്ധ റൂഹാ.
10. സൗഖ്യദായകനായ യേശുക്രിസ്തു.
11. ആതുരമിത്രം.
12. പ്രഭാഷണസഹായി.
13. പ്രാർത്ഥനാ സഹായി.
14. വീഞ്ഞ് കുടിച്ച് മത്തരാകരുത്.
15. How to avoid and get-rid of stress.
16. തെരഞ്ഞെടുത്ത വേദവാക്യങ്ങൾ (English & Malayalam).
17. സന്ദർഭോചിത പ്രാർത്ഥനകൾ.
18. കർത്താവിൽ സന്തോഷിപ്പിൻ.
19. Abundant life
20. The infinite potential of everyone.
21. അനുദിനചിന്തകൾ (ഒരു വർഷത്തേയ്ക്കുള്ള ധ്യാനചിന്തകൾ).
22. ദൈവത്തിന്റെ കൃപ (ആത്മകഥ)



ദളം രണ്ട്

സ്നേഹദർശനം

1

ഉണ്മയിൽ നന്മയുടെ പ്രകാശം

പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ

കാലം ചെയ്ത അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ ശിഷ്യഗണത്തിൽപെട്ട ഒരാളാണ് ഞാനും. ഒത്തിരിയൊത്തിരി ഓർമ്മകൾ ഇപ്പോൾ ഞങ്ങളുടെ എല്ലാവരുടെയും മനസ്സുകളിലൂടെ ഒരു പ്രവാഹംപോലെ ഒഴുകിവരുന്നുണ്ട്. ഉണ്മയിൽ തന്നെ നന്മ ഉണ്ടായിരുന്ന ഒരു പിതാവാണ് കടന്നുപോയത്. തിരുമേനിയുടെ ഉണ്മയിലുള്ള പ്രകാശം വിദ്യാർത്ഥികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. തിരുമേനിയുടെ പ്രത്യേകതകളെക്കുറിച്ച് പല ചിന്തകൾ പലർക്കുമുണ്ടാകാം. പക്ഷേ, ആ വ്യക്തിത്വത്തിൽ കാണുന്നത് നന്മ നിറഞ്ഞ പ്രകാശമാണ്.

ഞങ്ങൾ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ അന്നത്തെ പ്രിൻസിപ്പാൾ പോൾ വർഗീസ് അച്ചനാണ് (പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി). അദ്ദേഹത്തോട് ഞങ്ങൾക്ക് ഒന്ന് സംസാരിക്കണമെങ്കിൽ, ചിലപ്പോൾ ദിവസങ്ങൾ, ആഴ്ചകൾ കാത്തിരിക്കണം. എങ്കിൽ മാത്രമേ ഒരു വാചകമോ രണ്ടു വാചകമോ തിരുമേനിയുടെ അടുത്ത് ചെന്നു പറയാനുള്ള അവസരം വിദ്യാർത്ഥികളായ ഞങ്ങൾക്കു ലഭിക്കുകയുള്ളു. ഞങ്ങൾ തിരുമേനിയെ ഒരു അമാനുഷിക വ്യക്തിത്വമായിട്ട് കണ്ടിരുന്ന ഒരു കാലഘട്ടം. സെമിനാരിയിൽ ബർണബാസ് തിരുമേനി അന്ന് വാർഡനായിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് 7 മണി ആകുമ്പോൾ വിദ്യാർത്ഥികൾക്കെല്ലാം തന്നെ സ്റ്റഡി ടൈം ഉണ്ട്. ഈ സ്റ്റഡി ടൈം തുടങ്ങിയാൽ എല്ലാവരും അവരവരുടെ മുറികളിൽ ഇരുന്ന് ശാന്തമായി പഠിക്കുന്ന രീതിയാണുള്ളത്. പ്രിൻസിപ്പലച്ചൻ അഥവാ പോൾ വർഗീസച്ചൻ ഒരു ദിവസം, പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ ആരാധനയിലുള്ള സംഗീതം (ഗ്രിഗോറിയൻ ചാന്റ്) കേട്ട് ആസ്വദിക്കുകയായിരുന്നു. ഏഴു മണി കഴിഞ്ഞിട്ടും സംഗീതം നിലയ്ക്കുന്നില്ല. ആ സമയത്ത് അതാ അതിശക്തമായി ഫാ. കെ. കെ. മാത്യൂസച്ചൻ, പോൾ വർഗീസച്ചന്റെ വാതിലിൽ മുട്ടുന്നു. വാതിൽ തുറന്നു. വാർഡനച്ചൻ പ്രിൻസിപ്പലച്ചനോടു പറയുകയാണ്, “കൊള്ളാം. നല്ല പാട്ട്. പക്ഷേ, സ്റ്റഡി ടൈം തുടങ്ങി. സംഗീതം നിർത്തണം” എന്ന്. സൗമ്യമായ ഭാഷയിലുള്ള ആ വാക്കുകൾ കേട്ട് ഗ്രീഗോറിയോസ് തിരുമേനി ശിരസ്സു കുനിച്ചുകൊണ്ട് “ഞാൻ അനുസരിക്കുന്നു” എന്ന് പറഞ്ഞ് സംഗീതം നിർത്തിയത് ഞാൻ ദൂരെ നിന്നു കണ്ടിട്ടുണ്ട്. നിഷ്കളങ്കമായി ആരുടെ അടുത്തും

തന്റെ മനസ്സിലുള്ളത് വെട്ടിത്തുറന്നു പറയാനുള്ള നിർഭയത്വം അദ്ദേഹത്തിനുണ്ടായിരുന്നു.

അഭി. ബർണബാസ് തിരുമേനി പാമ്പാടി ദയറായിലേയ്ക്ക് കൊണ്ടുവരപ്പെട്ടു എന്നുള്ളത്, ഒരുപക്ഷേ ദൈവത്തിന്റെ ഹിതമാണ്. അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി ഈ കാര്യത്തിൽ എടുത്ത തീരുമാനവും ദൈവനിയോഗമായിട്ടു മാത്രമേ കാണുവാൻ സാധിക്കുകയുള്ളു. വാർദ്ധക്യത്തിൽ, രോഗാവസ്ഥയിൽ, ഒരാളെ പരിചരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക ഒരു പുണ്യമാണ്. തിരുമേനിയെ ഏറ്റവും കൂടുതലായി പരിചരിച്ചിട്ടുള്ള മൂന്നു കുഞ്ഞുങ്ങൾ ഉണ്ട്: കുറിയാക്കോസും ഫീലിപ്പോസും ഫിലിപ്പും (ബിബിനും ലിബിനും റിറ്റുവും). അവർ സ്വന്തം അപ്പനെ ശുശ്രൂഷിക്കുന്നതിനേക്കാൾ അധികമായി ശുശ്രൂഷിച്ചു. തിരുമേനി എന്തു പറയുമ്പോഴും രാത്രിയെന്നോ പകലെന്നോ കണക്കിലെടുക്കാതെ ഈ പിതാവിനെ ശുശ്രൂഷിച്ച് പുണ്യം സ്വീകരിച്ചിട്ടുള്ള മൂന്ന് കുഞ്ഞുങ്ങൾ ആണ്. അഭിവന്ദ്യ ഈവാനിയോസ് തിരുമേനി ആ കുട്ടികളെ ഈ പരിചരണകാര്യങ്ങളിൽ നിയോഗിക്കുകയും, കുഞ്ഞുങ്ങൾ അത് കൃത്യമായി നിറവേറ്റുകയും ചെയ്തു. അവരോട് മലങ്കരസഭയ്ക്കുള്ള കടപ്പാട്, വ്യക്തിപരമായിട്ടുള്ള കടപ്പാട് ഏറെയുണ്ട്. അതുപോലെതന്നെ പാമ്പാടി ദയറായുടെ ചുമതലക്കാരായ മാത്തുക്കുട്ടി അച്ചൻ, വർഗീസച്ചൻ, മറ്റു ചുമതലക്കാർ ഒക്കെ ഏറെ പ്രശംസ അർഹിക്കുന്നു.

അഭിവന്ദ്യ ഈവാനിയോസ് തിരുമേനി ഇവിടെ ഇടയ്ക്കിടയ്ക്കു വരികയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. വാർദ്ധക്യകാലഘട്ടത്തിൽ അവരുടെ മനസ്സിനിണങ്ങുന്നവിധത്തിൽ ഒരു പരിചരണം നൽകാൻ നമുക്ക് സാധിക്കുന്നുവെങ്കിൽ അത് ദൈവത്തിന്റെ വലിയ അനുഗ്രഹമാണ്. പ്രായമുള്ളവരോട് അവഗണന കാണിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. നമ്മുടെ മാതാപിതാക്കൾ നമുക്കുവേണ്ടി ഏറെ കഷ്ടപ്പെടുകയും സമ്പാദിക്കുകയും വളർത്തുകയും ചെയ്തിട്ടുപോലും, ആ മാതാപിതാക്കളുടെ കാര്യത്തിൽ വേണ്ടതുപോലെ വർത്തമാന കാലഘട്ടത്തിലെ സമൂഹം പരിഗണിക്കുന്നില്ല എന്നുള്ളത് ഒരു ആഗോളവ്യാപകമായ മുറവിളിയാണെന്ന് നമുക്കറിയാം. എന്നാൽ ഈ പാമ്പാടി ദയറായിൽ, ബർണബാസ് തിരുമേനി വിശ്രമിക്കുകയും തന്റെ അവസാന കാലഘട്ടത്തിലെ രോഗാവസ്ഥയിലും വളരെ സന്തോഷത്തോടെ, ഒരു പഴയകാല ഓർമ്മ പുതുക്കത്തക്കവണ്ണമുള്ള നിലയിൽ ജീവിതം നയിക്കുവാൻ ഇടയാകുകയും ചെയ്തു. അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ ഈ വലിയ മനസ്സിന്റെ മുമ്പിൽ മലങ്കരസഭയ്ക്ക് ഏറെ കടപ്പാടുണ്ട്; അതുപോലെ

ഇവിടെ താമസിച്ച് ഇതിന്റെയെല്ലാം ചുമതലകൾ നിർവഹിക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാരോടും ത്യാഗപൂർണ്ണമായി, വാടാത്ത മുഖത്തോടുകൂടി ബർണബാസ് തിരുമേനി എന്ത് ആഗ്രഹിക്കുമ്പോഴും അതൊക്കെ നിർവഹിച്ചുകൊടുത്തവരോടും സഭ കടപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ പ. സുന്നഹദോസിൽ അഭിവന്ദ്യ ബർണബാസ് തിരുമേനി കടന്നുവന്നു. അന്ന് അദ്ദേഹത്തിന്റെ 88-ാം ജന്മദിനവും കൂടി ആയിരുന്നു. അവിടെ വന്ന് നാലഞ്ചു വാചകം പറഞ്ഞു. ഞങ്ങളൊക്കെ വളരെ ആദരവോടെയാണ് തിരുമേനിയോട് ഇടപെടുന്നത്. തിരുമേനിയുടെ മുമ്പിൽ ശിരസ്സു നമിക്കുന്ന ഒരു പ്രതീതിയാണ് എല്ലാ സഹോദര മെത്രാപ്പോലീത്തന്മാർക്കും ഉള്ളത്. അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപെട്ട ധാരാളം പിതാക്കന്മാരും ഇന്ന് പ. സുന്നഹദോസിൽ ഉണ്ട്. പ്രത്യേകിച്ച് ആ തിരുമേനിയുടെ ജീവിതത്തിന്റെ മാതൃക അന്യംനിന്നു പോകാതിരിക്കട്ടെ എന്ന് വീണ്ടും വീണ്ടും ഞാനും ഓർമ്മിപ്പിക്കുന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയോടും ഇവിടെ ബർണബാസ് തിരുമേനിയുടെ പരിചരണം ഏറ്റെടുത്ത് ഈ പാമ്പാടി ദയറായിൽ തിരുമേനിക്ക് അവസാന കാലഘട്ടത്തിൽ വളരെ സമാധാനത്തോടും സന്തുഷ്ടിയോടും കൂടി ജീവിക്കാൻ തക്കവണ്ണം എല്ലാ ക്രമീകരണങ്ങളും ചെയ്ത ഏവരോടും മലങ്കരസഭയുടെ സ്നേഹവും കടപ്പാടും നന്ദിയും അറിയിക്കുന്നു.

* * * * * *

ദൈവസന്നിധിയിലേക്ക് വിളിച്ചു ചേർക്കപ്പെട്ട അഭി. മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ സ്വർഗ്ഗസന്നിധിയിലേക്കുള്ള മടക്കയാത്രയിൽ, യാത്രാമംഗളം നേർന്നുകൊണ്ട് ആ പിതാവിനെ പ്രത്യാശയോടും സമാധാനത്തോടും കൂടെ യാത്രയയയ്ക്കുന്ന സംസ്ക്കാര ശുശ്രൂഷയിൽ നമ്മളിപ്പോൾ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. ഒരുപാട് ഓർമ്മകൾ ഈ വന്ദ്യ പിതാവിനെക്കുറിച്ച് നമ്മൾ ഓരോരുത്തരുടെയും മനസ്സിലൂടെ കയറിയിറങ്ങിപ്പോകുന്ന സന്ദർഭമാണിത്. ഈ പിതാവ് ശുശ്രൂഷിച്ചിട്ടുള്ളതും സേവിച്ചിട്ടുള്ളതും പഠിപ്പിച്ചിട്ടുള്ളതുമായ ഒത്തിരിയൊത്തിരി ചിന്തകൾ, മാതൃകകൾ, നമ്മളുടെ ഹൃദയത്തെ പിടിച്ചു മുറുക്കത്തക്കവണ്ണമുള്ള അനേക സന്ദേശങ്ങൾ നമുക്ക് നൽകിയിട്ടാണ് പോകുന്നത്.

1969-ലാണ് വൈദികസെമിനാരിയിലേക്ക് ഞാൻ പഠിക്കുവാൻ എത്തുന്നത്. ആ സമയത്ത് ഈ പിതാവ് - ബഹുമാനപ്പെട്ട കെ. കെ. മാത്യൂസച്ചൻ -അന്നവിടെ അദ്ധ്യാപകനും വാർഡനുമാണ്. ഞങ്ങളെ ഏതുസമയത്തും ദിശാബോധം തെറ്റാതെ നയിക്കുന്ന ഒരു പിതാവും ആയിരുന്നു. ബർണബാസ് തിരുമേനിയുമായി ബന്ധപ്പെടുകയും തിരുമേനിയെ കാണുകയും സംസാരിക്കയുമൊക്കെ ചെയ്യുമ്പോൾ തിരുമേനിയുടെ വ്യക്തി

ത്വത്തിന്റെ ഒരു മുദ്ര നമ്മളുടെ ഹൃദയത്തിൽ പതിക്കും. അങ്ങനെയുള്ള ഒരു സ്വഭാവവൈശിഷ്ട്യം ഈ പിതാവിൽ പരിചയപ്പെട്ടവർക്കും ബന്ധപ്പെട്ടവർക്കുമൊക്കെ ബോധ്യപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണ്. രണ്ടു മൂന്നു പ്രധാന പ്രത്യേകതകൾ ഈ പിതാവിന്റെ ജീവിതത്തിൽ നിന്നുള്ളത് എന്നെ ആകർഷിച്ചിട്ടുണ്ട്. അതിൽ ഒന്നാമത്തെ പ്രത്യേകത, തിരുമേനിയുടെ ലാളിത്യമാണ്. ലാളിത്യം പ്രസംഗത്തിൽ അവതരിപ്പിക്കുവാനുള്ളതല്ല, ലാളിത്യം ജീവിതത്തിൽ നിലനിർത്തുകയും പകർത്തുകയും ചെയ്യുകയാണ്. ലാളിത്യമുണ്ട് എന്ന് തിരുമേനി ഒരുപക്ഷേ അവകാശപ്പെടുകയില്ല. കാഴ്ചക്കാരായ നമുക്ക് ബോധ്യപ്പെടുകയാണ്, ലാളിത്യത്തിന്റെ ആൾരൂപമാണ് ഈ പിതാവ് എന്നുള്ളത്. അദ്ദേഹത്തിന്റെ വസ്ത്രധാരണം, യാത്രാശൈലി, ഭക്ഷണകാര്യങ്ങൾ, ഏതു വിഷയം എടുത്താലും ഈ പിതാവ് ലാളിത്യത്തിന്റെ ആൾരൂപമാണ്. ഇത് ഏവർക്കും എന്നും എപ്പോഴും ബോധ്യമാണ്. ഇടുക്കിയിൽ നിന്നും ന്യൂയോർക്കിലേക്കാണ് അദ്ദേഹം യാത്ര പോയത്. അങ്ങനെയൊരു തീരുമാനം പ. സുന്നഹദോസ് എടുക്കുമ്പോൾ ചിലരൊക്കെ നെറ്റി ചുളിച്ചിരുന്നു. ന്യൂയോർക്കിൽ ചെന്നാൽ, തിരുമേനി എങ്ങനെയായിരിക്കും അവിടെ ഇടപെടുന്നത്, ഒരു പ്രത്യേക സാഹചര്യത്തിൽ അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല ഈ വന്ദ്യ പിതാവിൽ പ. സുന്നഹദോസ് ഏല്പിക്കുകയായിരുന്നു. കോട്ടയം മുതൽ ഇടുക്കിയിലെ ചക്കുപള്ളം വരെ തിരക്കുള്ള ബസ്സിൽ കയറി കമ്പിയിൽ കൈ പിടിച്ച് യാത്ര ചെയ്യുന്ന ഒരു മേല്പട്ടസ്ഥാനി. അദ്ദേഹം ന്യൂയോർക്കിൽ ചെല്ലുമ്പോൾ എന്തായിരിക്കും സ്ഥിതി? പക്ഷേ ആർക്കും ചെയ്യാൻ സാധിക്കാത്തതും, ആരും ഒരിക്കലും പ്രതീക്ഷിക്കാത്തതുമായ ഒത്തിരിയൊത്തിരി നേട്ടങ്ങൾ അമേരിക്കൻ ഭദ്രാസനത്തിനായി ഈ പിതാവിന് ചെയ്യാൻ സാധിച്ചു. ദൈവം ഈ പിതാവിനോടൊപ്പം ഉണ്ടായിരുന്നു എന്ന് നമുക്ക് ബോധ്യപ്പെട്ടു.

2012 ഡിസംബർ 9-ന് ഞായറാഴ്ച വെളുപ്പിനാണ് തിരുമേനി കാലം ചെയ്ത വാർത്ത കേൾക്കുന്നത്. പത്തു മിനിട്ടിനകം അഭിവന്ദ്യ സഖറിയാ മാർ നിക്കോളവാസ് തിരുമേനി എന്നെ വിളിച്ചു. തിരുമേനി ആദ്യം പറഞ്ഞത്, എന്നാണ് കബറടക്ക ശുശ്രൂഷ നടത്തുവാനായിട്ട് ഉദ്ദേശിക്കുന്നത്, ഒന്നോ രണ്ടോ മൂന്നോ ദിവസം ഞങ്ങൾക്കുവേണ്ടി കാത്തിരിക്കണമെന്നാണ് തിരുമേനി ആദ്യം പറഞ്ഞത്. അമേരിക്കയിൽ നിന്നുള്ള ആ ശബ്ദത്തിനു മുമ്പിൽ മലങ്കരസഭയ്ക്ക് അനുസരിക്കുകയല്ലാതെ മറ്റു വഴികളൊന്നുമില്ല. അല്ലെന്നുണ്ടെങ്കിൽ ഇന്നലെയോ മിനിഞ്ഞാന്നോ ഈ പിതാവിന്റെ കബറടക്കശുശ്രൂഷ നടത്താമായിരുന്നു. പക്ഷേ, ലോകത്തിന്റെ മുഴുവനും ഭൗതിക ശക്തികേന്ദ്രമെന്ന് വിശ്വസിക്കപ്പെടാവുന്ന അമേരിക്കയിൽ നിന്നുള്ള ഒരാവശ്യമാണ്, ആ പിതാവിന്റെ കബറടക്ക

Malankaraorthodox.TV

ശുശ്രൂഷയിൽ ഞങ്ങൾക്കും വന്നു പങ്കുചേരണം എന്നുള്ളത്. ഒരുപക്ഷേ ഞങ്ങൾക്കെല്ലാവർക്കും ഒരുമിച്ച് ടിക്കറ്റ് ക്രമപ്പെടുത്താൻ സാധിക്കുകയില്ല. ബുധനാഴ്ച ഉച്ചവരെയെങ്കിലും ഈ പിതാവിന്റെ കബറടക്കം ദീർഘിപ്പിക്കുകയും ആ പിതാവിന്റെ സന്നിധിയിൽ അന്ത്യോപചാരം അർപ്പിക്കുവാനുള്ള സൗകര്യം ഞങ്ങൾക്കും വേണമെന്ന് ആ ഭദ്രാസനത്തിൽ നിന്ന് ഒരു വലിയ ശബ്ദം ഉണ്ടായി. അതിന് ഒത്തിരി സന്ദേശമുണ്ടെന്നാണ് എന്റെ വിചാരം.

അമേരിക്കയിൽ നിന്നു ബർണബാസ് തിരുമേനിക്ക് വിടവാങ്ങൽ നൽകിയപ്പോൾ എനിക്കും പങ്കെടുക്കുവാൻ അവസരം ഉണ്ടായി. വിടവാങ്ങൽ ചടങ്ങിലെ പ്രസംഗങ്ങളിങ്ങനെ നടക്കുകയാണ്. അതോടൊപ്പം തിരുമേനിയെയും എന്നെയും നിർത്തി ഫോട്ടോയ്ക്ക് പോസിംഗ് തുടങ്ങി. മൂന്നു മണിക്കൂറോളം എനിക്കു നിൽക്കേണ്ടി വന്നു. അപ്പോഴേക്കും തിരുമേനി അസ്വസ്ഥനായി. നിക്കോളവോസ് തിരുമേനി എന്റെ കൈയ്ക്കു പിടിച്ച് ഏതോ ഒരു മറുവഴിയിലൂടെ എന്നെ അവിടെ നിന്നു രക്ഷപെടുത്തി. ഞാൻ ഇത് പറഞ്ഞത്, ജനങ്ങളുടെ ഭാഗം, ജനങ്ങളുടെ ആഗ്രഹം എത്രമാത്രമാണെന്ന് കാണിക്കുവാനാണ്. ഈ തിരുമേനിയെ ഒന്നു തൊടണമെന്ന് ആഗ്രഹിക്കുന്ന ഒരു ചെറുപ്പക്കാരനെ എനിക്ക് അമേരിക്കയിൽ കണ്ടുകിട്ടി. 'ബർണബാസ് തിരുമേനിയെ ഒന്നു തൊടണം'; അതാണ് ആ ചെറുപ്പക്കാരന്റെ ആഗ്രഹം. പ്രിയപ്പെട്ടവരേ, ഇത് ബർണബാസ് തിരുമേനിക്കു മാത്രം നേടിയെടുക്കാവുന്ന ചില ചിന്തകളും ചില മുദ്രകളും ആണ്. അതുകൊണ്ട് ഈ വന്ദ്യ പിതാവിനെക്കുറിച്ച് എനിക്ക് ഓർപ്പിക്കാനുള്ളത് അദ്ദേഹത്തിന്റെ ജീവിതലാളിത്യത്തെക്കുറിച്ചാണ്. അത് പ്രസംഗമല്ല, അദ്ദേഹം അതിന്റെയൊരു ആൾരൂപമാണ്; മൂർത്തീഭാവമാണ്. ഇത് ഞങ്ങൾക്കൊന്നുമില്ലാത്തതാണത്. ഈ ലാളിത്യം നമുക്ക് ഒത്തിരി സന്ദേശം നൽകുന്നുണ്ട്.

രണ്ടാമതായി, ബർണബാസ് തിരുമേനിയിൽ ഒരു നിഷ്കളങ്കതാ ഭാവമുണ്ട്. തിരുമേനി ആരോട് എന്ത് സംസാരിക്കുമ്പോഴും ചിലർക്ക് ആ സംസാരം അപ്രിയ സത്യങ്ങളായിരിക്കും. നമ്മൾ മറ്റുള്ളവരോട് സംസാരിക്കുമ്പോൾ ആ വാക്കുകളൊന്നു മിനുക്കിയെടുത്ത് കേൾവിക്കാരന് യാതൊരു അസ്വസ്ഥതയും ഉണ്ടാകാത്തവിധത്തിൽ വാക്കുകൾക്ക് ആവശ്യമുള്ള മേമ്പൊടിയിട്ടായിരിക്കും സംസാരിക്കുന്നത്. കാരണം, കേൾവിക്കാരന്റെ അനിഷ്ടം പറയുന്നവന് ഉണ്ടാകരുതെന്നുള്ളതാണ് അതിന്റെ പ്രധാന ചിന്ത. അഭി. ബർണബാസ് തിരുമേനി അങ്ങനെ വാക്കുകൾക്ക് മേമ്പൊടി കൊടുക്കാനോ അത് അപ്രിയ സത്യമോ പ്രിയ സത്യമോ എന്നുള്ളത് അന്വേഷിക്കാനോ മിനക്കെടാതെ കുട്ടികളുടെ മനസ്സിന്റെ ഒരു ഭാവം പോലെ തിരുമേനി സംസാരിക്കും. ചിലപ്പോൾ കേൾവിക്കാ

രന് അപ്രിയ സത്യമായിരിക്കും. തിരുമേനിക്കത് വിഷയമൊന്നുമല്ല. പക്ഷേ, ഇതൊക്കെ പറയുന്ന അല്പസമയത്തേക്കു മാത്രമേ കാണുകയുള്ളു. പറഞ്ഞുകഴിയുമ്പോൾ എല്ലാം കഴിഞ്ഞു.

ബർണബാസ് തിരുമേനിയുടെ ജീവിതം ഒരു ആദ്ധ്യാത്മികമായ ഭാവത്തിന്റെ ബഹിർസ്ഫുരണമെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. നമുക്കാർക്കും പറയാനൊക്കാത്ത കാര്യങ്ങൾ, അത് ചിലപ്പോൾ സഭയിലെ ഉന്നതവ്യക്തിയെക്കുറിച്ചായിരിക്കും. ലോകപ്രകാരം അതി ശക്തന്മാരെന്നു വിളിക്കപ്പെടുന്നവരുടെ മുമ്പിലും തിരുമേനിയുടെ ഉള്ളിലെ ഭാവം വാക്കുകളിലൂടെ പുറപ്പെടുവിക്കുവാൻ തിരുമേനിക്ക് മാത്രമേ സാധിക്കുകയുള്ളു. അത് തന്നെയാണ് തിരുമേനിയുടെ നിഷ്കളങ്കതയുടെ ഭാവത്തിൽ അതിനെ കാണാനായിട്ട് നമുക്ക് സാധിക്കുന്നത്. ആധുനികതയുടെ മനുഷ്യമുഖം ഒരിക്കലും തിരുമേനിയിൽ ഉണ്ടായിരുന്നില്ല. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയൊക്കെ ബർണബാസ് തിരുമേനിയുടെ മുമ്പിൽ വിനയാന്വിതനായി സംസാരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ ഉച്ചരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. പ. വട്ടക്കുന്നേൽ ബാവാ തിരുമേനിയുടെ മുന്നിൽ തിരുമേനിക്ക് താൽപര്യമില്ലാത്ത വാക്കുകൾ ബർണബാസ് തിരുമേനി ഉച്ചരിക്കുന്നത് ഇവിടെയിരിക്കുന്ന പല പിതാക്കന്മാരും വൈദികരും നേരിട്ടു കേട്ടിട്ടുണ്ട്. പക്ഷേ, ആർക്കും തിരുമേനിയോട് ഒരു അസ്വസ്ഥതയോ ഏതെങ്കിലും ഈർഷ്യയോ ഒന്നും തോന്നുകയില്ല. തോന്നിയിട്ടുണ്ടാവാൻ വഴിയില്ല. തീർച്ചയായും അങ്ങനെയുള്ള ഒരു വ്യതിരിക്തത നിറഞ്ഞ വ്യക്തിത്വത്തിന്റെ ഭാവം തിരുമേനിയിൽ ഏറെ ഏറെ ഉണ്ടായിട്ടുണ്ട്.

അമേരിക്കൻ ഭദ്രാസനത്തിൽ നിന്ന് അനേകം വൈദികരുടെ സാന്നിദ്ധ്യമിവിടെയുണ്ട്. വിശ്വാസികളായ പലരും ഇവിടെ വന്നിട്ടുണ്ട്. എന്തുകൊണ്ടാണ് അവർ കടന്നുവന്നിട്ടുള്ളത്? തിരുമേനിയുടെ അന്ത്യനിമിഷങ്ങൾ കാണണമെന്നുള്ള ഒരു വലിയ ആഗ്രഹം കൊണ്ടായിരിക്കാം. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം, തിരുമേനി നമുക്ക് നൽകുന്ന ചില സന്ദേശങ്ങൾ അന്യംനിന്നു പോകരുത്. ഓരോ പിതാക്കന്മാരും നമ്മിൽ നിന്നു കടന്നുപോകുമ്പോൾ, അപ്രത്യക്ഷമാകുമ്പോൾ, നമുക്ക് നഷ്ടമാകുന്നത് അവരുടെ ചില കാലടികൾ, അവരുടെ ചില മാതൃകകൾ, അവർ വെച്ചേച്ചുപോയ ചില സന്ദേശങ്ങൾ അല്ലെങ്കിൽ ചുവടുകൾ നമുക്ക് അന്യംനിന്നു പോകുന്നുണ്ടോ എന്നുള്ളത് ചിലപ്പോഴൊക്കെ എന്നെ ചിന്തിപ്പിച്ചിട്ടുണ്ട്.

അതുകൊണ്ട് ഈ പിതാവ്, നമുക്ക് നൽകിയിട്ടുള്ള കാൽചുവടുകൾ അത് ഒത്തിരിയൊത്തിരി ആദ്ധ്യാത്മികമായ നിലവാരത്തിലും ഒരു

Malankaraorthodox.TV

സഭയുടെ ദിശാബോധത്തിന്റെ കാഴ്ചപ്പാടിലുമൊക്കെ നോക്കുമ്പോൾ അത് നമുക്ക് ഏറെ സമ്പത്താണ്. ഈ സമ്പത്ത് സഭയിൽ നഷ്ടപ്പെടാതിരിക്കട്ടെ.

അഭി. ബർണബാസ് തിരുമേനി ഒരു പ്രത്യേക സന്ദർഭത്തിൽ അമേരിക്കൻ ഭദ്രാസന ഭരണചുമതലയിൽ നിന്ന് പിൻവാങ്ങിക്കൊണ്ട് വളരെ സന്തോഷത്തോടെ എല്ലാവരെയും കണ്ട് നാട്ടിലേക്കു തിരിച്ചുപോകാനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു. സഭയുടെ പ്രധാന വ്യക്തികളുടെയൊക്കെ മനസ്സിൽ, തിരുമേനി തിരിച്ചുവന്ന് എവിടെയാണ് വിശ്രമിക്കേണ്ടത് എന്നുള്ളത് ഒരു ചിന്തയായിരുന്നു. തിരുമേനിയുടെ വിശ്രമം എവിടെ? ആ വിശ്രമത്തിന് അനുയോജ്യമായി കണ്ടെത്തിയത് കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയോടനുബന്ധിച്ചുള്ള ഒരു സ്യൂട്ട് ആയിരുന്നു. ആശുപത്രിയുടെ മാനേജ്മെന്റ് വളരെ സന്തോഷത്തോടെ അത് സ്വീകരിക്കുകയും തിരുമേനിയുടെ മനസ്സിനിണങ്ങുന്നവിധത്തിൽ അവിടെ അല്പം ചികിത്സയും അതോടൊപ്പം തന്നെ സന്തോഷവും സമാധാനവുമുള്ള അന്തരീക്ഷത്തിൽ കഴിച്ചുകൂട്ടുവാനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു എന്നുള്ളത് മലങ്കരസഭ സന്തോഷത്തോടെ ഓർക്കുകയാണ്. ആ സമയത്തും തിരുമേനിയെ ശുശ്രൂഷിക്കുന്നത് എവിടെ, ആര് എന്നുള്ളത് ഒരു പ്രധാനപ്പെട്ട ഒരു ചിന്തയായിരുന്നു. നമ്മുടെ പിതാക്കന്മാരെയൊക്കെ ശുശ്രൂഷിപ്പാൻ തക്കവണ്ണമുള്ള, നമ്മുടെ സംസ്ക്കാരത്തിനൊത്തവണ്ണമുള്ള ക്രമീകരണങ്ങൾ എവിടെയെന്ന ചിന്ത. അപ്പോഴാണ് കോട്ടയം ഭദ്രാസനത്തിന്റെ അഭി. ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനി, ആ ഒരു വലിയ ചുമതല സന്തോഷത്തോടെ സ്വയം സ്വീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്തത്. തിരുമേനിയുടെ ദയറായിൽ നിന്നു കുട്ടികളെ വിട്ടുകൊടുത്ത് അഭി. ബർണബാസ് തിരുമേനിയെ പരിചരിക്കുവാൻ നിയമിച്ചാക്കി. ആ കുട്ടികളുടെ സാന്നിധ്യം ഇപ്പോഴുമിവിടെ ഉണ്ട്. അതുകഴിഞ്ഞ് ഒരു പ്രത്യേക സാഹചര്യത്തിൽ ആശുപത്രിയിൽ നിന്ന് തിരുമേനിയെ മറ്റൊരിടത്തേക്ക് മാറ്റി പരിചരിക്കണമെന്ന സാഹചര്യമുണ്ടായപ്പോൾ അഭി. ഈവാനിയോസ് തിരുമേനി ആ കാര്യത്തിൽ, അദ്ദേഹത്തോട് നിർബന്ധിച്ചതല്ല, ചോദിച്ചതല്ല, അദ്ദേഹമിങ്ങോട്ട് എന്നോടു പറഞ്ഞതാണ്. ബർണബാസ് തിരുമേനിയെ പരിചരിക്കുവാനും എല്ലാ വിധത്തിലും തിരുമേനിയുടെ മനസ്സിന് സന്തോഷപ്രദമായ ഒരു ജീവിതം നയിക്കാനുള്ള ക്രമീകരണങ്ങൾ ക്രമപ്പെടുത്തുവാൻ ഞാൻ സന്നദ്ധമാണ് എന്ന്. വളരെ ആദരവോടുകൂടി മാത്രമേ എനിക്ക് ആ വാക്കുകളെ ഉൾക്കൊള്ളുവാനായിട്ട് സാധിച്ചുള്ളു. പിന്നീട് പാമ്പാടി ദയറായിൽ ബർണബാസ് തിരുമേനി താമസിച്ചു. തിരുമേനിയുടെ ഇഷ്ടങ്ങൾ എന്തൊക്കെയാണോ അതൊക്കെ അവിടെ നിറവേറ്റത്തക്കവണ്ണമുള്ള ക്രമീകര

ണങ്ങൾ ചെയ്തു. പാമ്പാടി ദയറായിൽ തിരുമേനി താമസിക്കുമ്പോഴും ഓരോ ഞായറാഴ്ചയും തിരുമേനി (മരുന്നും ചികിത്സയുമൊക്കെ അല്പ മൊന്നു കുറഞ്ഞ് തിരുമേനി ഊർജ്ജസ്വലനായിട്ട്, പഴയ ബർണബാസ് മെത്രാച്ചനെപ്പോലെ) ഇന്ന പള്ളിയിൽ പോകണം, ഇന്നയിടത്തേക്ക് പോകണം, ഇന്നയിടത്ത് പ്രസംഗിക്കണം എന്നു പറയത്തക്കവണ്ണമുള്ള ബർണബാസ് തിരുമേനിയുടെ മനസ്സിന്റെ ഒരു വലിയ സന്തോഷകര മായ ഒരു അവസ്ഥാവിശേഷം ഈ അവസാനനാളുകളിൽ ഉണ്ടായി എന്നു ള്ളത് വളരെ സന്തോഷകരമാണ്. തീർച്ചയായും അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയോടും, തിരുമേനിയുടെ ദയറായിലെ കുഞ്ഞു ങ്ങളോടും, ബർണബാസ് തിരുമേനിയെ പരിചരിച്ച വൈദികശ്രേഷ്ഠ രോടും ഒക്കെയുള്ള സ്നേഹം, ആദരവ്, നന്ദി എന്നിവ ഈ സഭയുടെ ഒരു പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ അറിയിക്കുവാൻ എനിക്ക് വളരെ സന്തോഷമുണ്ട്.

വാർദ്ധക്യം നമ്മൾ ഉദ്ദേശിക്കുന്നതുപോലെ സന്തോഷകരമാകണമെ ന്നില്ല. കാലഘട്ടത്തിന്റെ വെല്ലുവിളി എന്താണെന്നു ചോദിച്ചാൽ വാർദ്ധ ക്യത്തിലുള്ളവരെ വേണ്ടതുപോലെ പരിചരിക്കുവാൻ മടി കാണിക്കുന്ന ഒരു തലമുറയുടെ മദ്ധ്യേയാണ് ഇന്നു നാം കഴിയുന്നത്. ഏറ്റവും ശ്രേഷ്ഠ തയോടെ ആ പിതാവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമായി പരിച രിച്ച് തിരുമേനിയെ വളരെ സന്തോഷത്തോടെ, സംതൃപ്തിയോടെ,

കനാൻനാട്ടിലേക്ക് അഥവാ സ്വർഗ്ഗസന്നിധിയിലേക്കുള്ള മടക്കയാത്രയ്ക്ക് ഒരുക്കിയ ഈവാനിയോസ് തിരുമേനിയോടും, ബർണബാസ് തിരുമേനിയെ ശുശ്രൂഷിച്ച വൈദികരോടും, കുഞ്ഞുങ്ങളോടുമൊക്കെയുള്ള സ്നേഹം പ്രത്യേകമായിട്ട് ഞാൻ അറിയിക്കുകയാണ്.

അതുപോലെതന്നെ തിരുമേനിയുടെ ഒരു അന്ത്യാഭിലാഷമായിരുന്നു തന്റെ ഇടവക ദേവാലയത്തിൽ തന്നെ തനിക്ക് അന്ത്യവിശ്രമം കൊള്ളണം എന്നുള്ളത്. അത് സഭയ്ക്ക് നിറവേറ്റാതിരിക്കാൻ നിവൃത്തിയില്ല. കാരണം, ഒരു അന്ത്യാഭിലാഷംപോലെ അത് പറയുമ്പോൾ സഭയ്ക്ക് അത് കേട്ടില്ലെന്ന് നടിക്കാനാവില്ല. സാധാരണഗതിയിൽ അങ്ങനെ ഇപ്പോഴൊന്നും ഉണ്ടാകാറില്ല. കാരണം സഭയുടെ ഒരു പൊതുവായ സ്ഥാപനത്തിലോ ഏതെങ്കിലും അരമനകളിലോ ഒക്കെ ആയിരിക്കും മരണാനന്തര ശുശ്രൂഷകളും കർമ്മങ്ങളുമൊക്കെ നടത്തുവാൻ ഇടയാകുന്നത്. ഈ പിതാവിന്റെ താൽപര്യം ഇതായിരുന്നുവെന്നുള്ളതുകൊണ്ട് സഭ സ്നേഹത്തോടെ തന്നെ അത് അംഗീകരിക്കുകയായിരുന്നു. കർത്തൃസന്നിധിയിൽ ഈ പിതാവ് നമുക്കുവേണ്ടി തീർച്ചയായും പ്രാർത്ഥിക്കും. ആ പ്രാർത്ഥന നമുക്കൊരു പുണ്യമാണ്, ബലമാണ്. ഇതാണ് മലങ്കരസഭയുടെ ഏറ്റവും വലിയ സ്വത്ത്. അതല്ലാത്ത സ്വത്തുക്കളൊക്കെ നമുക്ക് എത്രയുണ്ടാകുന്നതുകൊണ്ടും വലിയ വിശേഷമൊന്നുമുണ്ടെന്ന് എനിക്ക് വിചാരവുമില്ല. ദൈവസന്നിധിയിലേക്ക് യാത്രയായിക്കൊണ്ടിരിക്കുന്ന ബർണബാസ് തിരുമേനിയുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമുക്കും തിരുമേനിക്കുവേണ്ടി പ്രാർത്ഥിക്കാം. ആ വിധത്തിലുള്ള ഒരു ആദ്ധ്യാത്മികമായ ബന്ധം നമുക്ക് പുലർത്താൻ ഇടയാകട്ടെ.

(മാത്യൂസ് മാർ ബർണബാസ് തിരുമേനിയെക്കുറിച്ച് പാമ്പാടി ദയറായിലും വളയൻചിറങ്ങരയും പ. പിതാവ് നടത്തിയ അനുസ്മരണങ്ങൾ സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്).

MalankaraOrthodox.TV

2

എന്റെ മുൻഗാമിയും മാർഗദർശിയും

ഗീവർഗീസ് മാർ ഈവാനിയോസ്

(കോട്ടയം ഭദ്രാസനാധിപൻ)

ഞാൻ ഇംഗ്ലണ്ടിലെ പഠനശേഷം ഓർത്തഡോക്സ് സെമിനാരിയിൽ അദ്ധ്യാപകനായി ചാർജ്ജെടുത്ത സമയം. ഞാനന്ന് ശെമ്മാശൻ മാത്രമാണ്. അന്ന് ബഹുമാനപ്പെട്ട ബർണബാസ് തിരുമേനി വൈദികനായിട്ടും വാർഡനായിട്ടും ഇവിടെ പ്രവർത്തിക്കുകയാണ്. ആദ്യത്തെ ഞായറാഴ്ച ഞാനൊരു അബദ്ധം കാണിച്ചു. നമസ്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു വിദ്യാർത്ഥി വന്ന് അവധി വേണമെന്ന് പറഞ്ഞു. വിദ്യാർത്ഥികൾക്ക് അവധി കൊടുക്കുന്നതിന്റെ രീതികൾ എനിക്കറിയത്തില്ലായിരുന്നു. നമസ്കാരത്തിനിടയ്ക്ക് ശല്യമുണ്ടാകാതിരിപ്പാൻ ഞാൻ പൊയ്ക്കോളാൻ പറഞ്ഞു. പക്ഷേ, അത് കുഴപ്പമായി. അന്നത്തെ റീശ് മിടുക്കനാണ്. മാത്യൂസ് അച്ചൻ തിരിച്ചുവന്നപ്പോൾ ചെന്നു രഹസ്യമായിട്ട് ഇക്കാര്യം പറഞ്ഞു. ഉടനെ മാത്യൂസ് അച്ചൻ വന്ന് എന്നെ വിളിച്ച് അങ്ങനെ ചെയ്യരുത് എന്ന് പറഞ്ഞു. അപ്പോഴാണ് ആ കാര്യം ഞാൻ പഠിച്ചത്.

ബർണബാസ് തിരുമേനിയുടെ പിൻഗാമിയാണ് ഞാനിപ്പോഴും. വാർഡനായിട്ടും കോട്ടയം മെത്രാപ്പോലീത്തായായിട്ടും ഒക്കെയും അദ്ദേഹത്തിന്റെ പിൻഗാമിയാകാൻ കഴിഞ്ഞു.

എല്ലാവരും ബർണബാസ് തിരുമേനി അമേരിക്കയിൽ പോയ കാര്യം പറയും. അതുണ്ടാക്കിയ സാഹചര്യം എല്ലാവരും മറന്നു. ബർണബാസ് തിരുമേനി അമേരിക്കയിൽ പോകാനുണ്ടായ സാഹചര്യം എങ്ങനെയുണ്ടായി? അത് ദൈവം എന്നെ എടുത്ത് ഉപയോഗിച്ചാണ് ഉണ്ടായത്. അന്ന് ജീവിച്ചിരുന്ന വട്ടക്കുന്നേൽ ബാവാ തിരുമേനി എന്നെ അമേരിക്കയിൽ അയച്ച് അവിടുത്തെ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് കൊണ്ടുവരുവാൻ പറഞ്ഞു. പിന്നീട് ബാവാതിരുമേനിക്ക് അസുഖമായി. പുതിയ ബാവാ ചാർജെടുത്തു. ഞാൻ അമേരിക്കയിൽ പോയി എല്ലാം കണ്ട് പഠിച്ച് റിപ്പോർട്ട് എഴുതിക്കൊണ്ടുവന്നു. ആ റിപ്പോർട്ട് അമേരിക്കയിൽ വച്ചുതന്നെ എന്റെ കയ്യിൽനിന്നു പിടിച്ചെടുക്കുവാൻ പലരും പരിശ്രമിച്ചു. ഞാൻ ആരെയും അതിലെ വിവരങ്ങൾ അറിയിച്ചില്ല. നാട്ടിൽ വന്ന് കാലം ചെയ്ത മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ അടുത്ത് ചെന്നു പറഞ്ഞു, ഞാനിങ്ങനെ ഒരു റിപ്പോർട്ട് കൊണ്ടുവന്നിട്ടുണ്ട് എന്ന്. വായിക്കാൻ പറഞ്ഞു. ഞാൻ വായിച്ചു കേൾപ്പിച്ചു. ഇതുപോലെ നാളെ സുന്ന

Malankaraorthodox.TV

ഹദോസിൽ പറയാമോ എന്നു ചോദിച്ചു. പറയാമെന്ന് ഞാൻ പറഞ്ഞു. ഞാൻ സുന്നഹദോസിൽ എന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. അതിനെ തുടർന്നാണ് മക്കാറിയോസ് തിരുമേനി രാജി വച്ചത്. അദ്ദേഹം രാജി വെയ്ക്കാൻ പ്രേരിതനായി. അതിനെ തുടർന്നാണ് ബർണബാസ് തിരുമേനിയെ അമേരിക്കയിൽ നിയമിച്ചത്. ഈ ഒരു ഭാഗം കൂടി എല്ലാവരും അറിഞ്ഞിരിക്കുന്നത് നല്ലതാണെന്ന് തോന്നുന്നു.

എന്തായാലും ബർണബാസ് തിരുമേനി പോയിടത്തെല്ലാം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടാണ് വരുന്നത്. കാരണം, ബർണബാസ് തിരുമേനിയുടെ നിസ്വാർത്ഥമായ ജീവിതശൈലിയാണ്. അമേരിക്കയിൽ ഒരുപാട് കൈമുത്ത് തിരുമേനിക്ക് കിട്ടി (പേഴ്സണൽ, പോക്കറ്റിൽ ഇടേണ്ടതാണ്). പക്ഷേ, തിരുമേനി അതു മുഴുവൻ ഭദ്രാസനത്തിന്റെ വികസനത്തിനുവേണ്ടി കൊടുത്തു. ആത്മകഥ വായിക്കുമ്പോളറിയാം അദ്ദേഹം പല സ്ഥലത്ത് വികാരിയായിരുന്നപ്പോഴും വളയഞ്ചിറങ്ങര പള്ളിയുടെ വികാരിക്ക് മാസംതോറും ശമ്പളം അയച്ചുകൊടുക്കുമായിരുന്നു. തനിക്ക് കിട്ടുന്നതിൽ നിന്നും ഒരു ഭാഗം വളയഞ്ചിറങ്ങര പള്ളിയുടെ വികാരിക്ക് അയച്ചുകൊടുത്തിരുന്നു.

ഒരിക്കൽ ഒരു പള്ളിയിൽ കാണിക്ക ശേഖരിക്കുന്ന പാത്രത്തിൽ എപ്പോഴും കുറച്ചു രൂപ കാണും. പള്ളിക്കാർ നോക്കിയിട്ട് ഇത് ആരാണ് ഇടുന്നതെന്ന് കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. കൊച്ചുപള്ളിയായതുകൊണ്ട്, തനിക്കു ശമ്പളം കിട്ടിയാലുടനെ അച്ചൻ ഒരു ഭാഗം കാണിക്ക പാത്രത്തിൽ ഇട്ടേക്കും. സമ്പാദിക്കണമെന്ന് ഒരു താല്പര്യവുമില്ല; എല്ലാവർക്കും നന്മ വരുന്നതിനുവേണ്ടി തനിക്കു ലഭിക്കുന്നത് കൊടുക്കുക എന്നുള്ളതാണ് തിരുമേനിയുടെ തത്വം. അതുകൊണ്ട് അമേരിക്കയിൽ നല്ല ഒരു ഭദ്രാസനകേന്ദ്രം ഉണ്ടായി. അല്ലെങ്കിൽ ഉണ്ടാകത്തില്ല. ഭദ്രാസനം വളരണമെങ്കിൽ മെത്രാപ്പോലീത്താ പ്രത്യേക താല്പര്യമെടുത്ത് അതിനെ വളർത്താൻ പരിശ്രമിച്ചെങ്കിലേ ഒക്കുകയുള്ളു. ബർണബാസ് തിരുമേനി അമേരിക്കയിൽ ചെന്നു. താമസിക്കുവാൻ സ്ഥലമില്ലായിരുന്നു. പിന്നീട് കിട്ടിയതായ ഒരു ചെറിയ സ്ഥലം വാങ്ങിച്ചു. അവിടെ വളരെ വർഷങ്ങൾ താമസിച്ചശേഷമാണ് പുതിയ അരമന പണിതത്. അത് സഭയ്ക്ക് വലിയൊരു അസറ്റാണ്.

ബർണബാസ് തിരുമേനി പായസം കുടിച്ച ഒരു കഥ ആത്മകഥയിൽ ഉണ്ട്. അച്ചനായിരിക്കുമ്പോൾ, സ്ഥലംമാറ്റം വന്നാൽ പിന്നെ ഒരു വീട്ടിലും തിരുമേനി കയറത്തില്ല. പക്ഷേ, ഗ്രഹപ്പിഴയ്ക്ക് ഒരു വീട്ടിൽ ഒരാൾക്ക് അസുഖമായി. തിരുമേനി അവിടെ ചെന്നു പ്രാർത്ഥിച്ചു. ഉടനെ അടുത്ത വീട്ടുകാരൻ പറഞ്ഞു, തിരുമേനി ഇവിടെക്കൂടെ ഒന്നു കയറണമേ എന്ന്. തിരുമേനി പറഞ്ഞു 'നോ.' അന്നേരം അയാൾ പറഞ്ഞു ഇവിടെ പായസം

Malankaraorthodox.TV

വച്ചിട്ടുണ്ട് എന്ന്. ഉണ്ടെങ്കിൽ ഇങ്ങ് കൊണ്ടുപോരാൻ പറഞ്ഞു. വഴിയിൽ നിന്ന് പായസം കുടിച്ച് തന്റെ പ്രിൻസിപ്പിൾ കീപ്പ് ചെയ്തത് ആത്മകഥയിൽ വിവരിച്ചിട്ടുണ്ട്. ഈ സെമിനാരിയിൽ എനിക്ക് വേണ്ടുന്ന ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമൊക്കെ തിരുമേനി നൽകി. തിരുമേനി ഇവിടെ ഗ്രീക്ക് പഠിപ്പിച്ചു. ഒരു ദിവസം രണ്ടു മണിക്ക് ക്ലാസ്സ് ഉണ്ട്. തിരുമേനി വീട്ടിൽ പോയിരിക്കുകയാണ്. എന്തായാലും പെട്ടെന്ന് ബസ്സിൽ കയറി ഓടി ഒന്നേമുക്കാൽ ആയപ്പോൾ ഇവിടെ എത്തി. എത്തിയപ്പോൾ കുപ്പായം മുഴുവൻ കരിപിടിച്ചിരിക്കുകയാണ്. ബസ് അപകടത്തിൽപെട്ട് കുപ്പായം മുഴുവൻ കരിയായി. ആ കുപ്പായം ഊരിയിടാതെ രണ്ടു മണിക്കത്തെ ക്ലാസ്സ് എടുക്കാനായിട്ട് തിരുമേനി ക്ലാസ്റൂമിൽ പോയി. സമയത്ത് ക്ലാസ്സ് എടുക്കണമെന്ന അദ്ദേഹത്തിന്റെ നിർബന്ധമാണ് അവിടെ കാണുന്നത്. അതൊരു ഉദാഹരണമായി ഞാൻ പറഞ്ഞെന്നേയുള്ളൂ.

ബർണബാസ് തിരുമേനിയെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ എന്നുള്ള നിലയിൽ എന്റെ കടമയാണ്. ബർണബാസ് തിരുമേനിയെ ഇങ്ങനെ ഒന്ന് ആദരിക്കുവാൻ അവസരം കിട്ടിയത് സന്തോഷമാണ്. കോട്ടയം ഭദ്രാസനത്തിന്റെ പ്രാർത്ഥനയും ആദരവും ബർണബാസ് തിരുമേനിയുടെ തൃപ്പാദത്തിൽ സമർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

(മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ ആത്മകഥയുടെ പ്രകാശന ചടങ്ങിൽ ഓർത്തഡോക്സ് സെമിനാരിയിൽ ചെയ്ത പ്രസംഗം. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

Malankaraorthodox.TV

3

പരിത്യാഗത്തിന്റെ മഹിതാചാര്യൻ

ഡോ. മാത്യൂസ് മാർ സേവേറിയോസ്

(പ. സുന്നഹദോസ് സെക്രട്ടറി)

മലങ്കരസഭയ്ക്ക് ദൈവം നൽകിയ വരദാനമാണ് മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ. മലങ്കരസഭയുടെ ദീർഘമായ കാലഘട്ടത്തിൽ നേതൃസ്ഥാനത്ത് നിന്ന് അനേകർക്ക് മാർഗ്ഗനിർദ്ദേശം പകരുവാൻ കഴിഞ്ഞ ഒരു യോഗിയാണ് അദ്ദേഹം. വളരെ കർശനമായ ജീവിതസാഹചര്യങ്ങളിൽ നിന്ന് വളർന്നുവന്ന് വളരെ നല്ല വൈദിക പാരമ്പര്യമുള്ള കുടുംബത്തിൽ വിദ്യാഭ്യാസവും ജീവിതശൈലിയും ചിട്ടപ്പെടുത്തിയ മഹാനായ തിരുമേനി സഭയ്ക്ക് എന്നും അഭിമാനിക്കാവുന്ന മഹിതാചാര്യനാണ്.

മലങ്കരസഭയുടെ പ്രവർത്തനരംഗങ്ങളിൽ വ്യക്തമായ കാഴ്ചപ്പാടോടെ സഭയ്ക്ക് നൂതനമായ സംഭാവനകൾ നൽകിയ പിതാവാണ് അദ്ദേഹം. നിയമങ്ങളോടും നിയമവ്യവസ്ഥകളോടും യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത ബർണബാസ് തിരുമേനി അവ ശരിയായ രീതിയിൽ സ്വന്തം ജീവിതത്തിൽ പ്രകടമാക്കി.

കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയിൽ പഠിപ്പിച്ച അദ്ദേഹം പിന്നീട് ആതുരശുശ്രൂഷാരംഗത്തേക്ക് സ്വയം മാറിയത് വലിയ ദൈവനിയോഗമായിരുന്നു. കോലഞ്ചേരി ആശുപത്രിയിൽ ദീർഘകാലം പ്രവർത്തിച്ചപ്പോൾ പാവപ്പെട്ടവരോടും രോഗികളോടും പുലർത്തിയ ദീനാനുകമ്പയും സഹാനുഭൂതിയും താദാത്മ്യപ്പെടലും അദ്ദേഹത്തെ ഒരു മനുഷ്യസ്നേഹിയാക്കിത്തീർത്തു. രോഗികളോടും പാവപ്പെട്ടവരോടും താദാത്മ്യപ്പെടുവാനുള്ള വലിയ മാതൃക മാത്യൂസ് മാർ ബർണബാസ് തിരുമേനി സഭയ്ക്ക് കാണിച്ചുതന്നു. രോഗികളെ പരിചരിക്കുന്നതിൽ അദ്ദേഹം പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചു. രോഗികളെ ചെന്നു കാണുകയും അവർക്കായി പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുക എന്നത് ബർണബാസ് തിരുമേനിയുടെ ജീവിതചര്യയായിരുന്നു.

ഇടുക്കി ഭദ്രാസനത്തിൽ പ്രവർത്തിച്ചപ്പോൾ ജനങ്ങളുടെ ശ്വാസമായി തീരുവാൻ കഴിഞ്ഞു. ജനഹൃദയങ്ങളിൽ അദ്ദേഹം സ്ഥാനം നേടി. ഇന്നു കാണുന്ന ഇടുക്കി ഭദ്രാസനത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്കു വഹിച്ചത് ബർണബാസ് തിരുമേനിയുടെ പ്രാരംഭ പ്രവർത്തനമാണ്. അങ്കമാലിയിലും കോട്ടയത്തും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം സജീവമായിരുന്നു.

MalankaraOrthodox.TV

1992 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല വഹിച്ച തിരുമേനിയുടെ പ്രവർത്തനം ഏറ്റവും അതുല്യമായിരുന്നു. സ്വർഗ്ഗത്തിൽ നിന്നും പൊട്ടിവീണ അനുഗ്രഹമായിരുന്നു ആ ശുശ്രൂഷ. പ്രശ്നകലുഷിതമായ അന്തരീക്ഷത്തിൽ, പ്രശാന്തസുന്ദരമായി ശുശ്രൂഷ നിർവ്വഹിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ സേവനങ്ങൾ അമേരിക്കൻ ഭദ്രാസനത്തിന് ഒരിക്കലും മറക്കുവാൻ കഴിയില്ല.

അമേരിക്കൻ ഭദ്രാസനത്തിന് ആദ്യമായി ഒരു ആസ്ഥാനം ഉണ്ടാക്കുകയും പിന്നീട് പുതുതായി വാങ്ങിയ സ്ഥലത്ത് സഭയ്ക്ക് അഭിമാനിക്കത്തക്കവിധത്തിൽ പുതിയ ഒരു ആസ്ഥാനം പണിതുയർത്തുകയും ചെയ്തു. അമേരിക്കയിലെ വൈദികരിലും യുവജനങ്ങളിലും സ്ത്രീകളിലും കുട്ടികളിലും ബർണബാസ് തിരുമേനിയുടെ സ്വാധീനം വളരെയാണ്. ജനഹൃദയങ്ങളിൽ അനുഗ്രഹീതനായ ശുശ്രൂഷകനും അജപാലകനുമായി തീർന്നു അദ്ദേഹം. മലങ്കരസഭയുടെ വിശ്വാസപ്രമാണങ്ങളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വളരെ കൃത്യമായ നിഷ്ഠ പുലർത്തി. അമേരിക്കൻ ഭദ്രാസനം ശാന്തിയിലും മനുഷ്യസ്നേഹത്തിലും ഐക്യത്തോടെ പ്രവർത്തിക്കുവാൻ ബർണബാസ് തിരുമേനി ചെയ്ത സേവനം വളരെയാണ്. അമേരിക്കയെ ശോഭനസുന്ദരമായ ഭദ്രാസനമാക്കി തീർത്തതിൽ അദ്ദേഹം വഹിച്ച പങ്ക് വാചാതീതമാണ്. അമേരിക്കൻ ഭദ്രാസനത്തിന് ശരിയായ മേൽവിലാസം ഉണ്ടാക്കുന്നതിൽ ബർണബാസ് തിരുമേനി ചെയ്ത സേവനം നിസ്തുലമാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനയിലും ശുശ്രൂഷയിലും നൂതനമായ കാഴ്ചപ്പാടു കൊണ്ടുവരുവാൻ അദ്ദേഹത്തിനു സാധിച്ചു. ആരാധനയ്ക്കും ജീവിതാനുഷ്ഠാനങ്ങൾക്കും ആവശ്യമായ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു. വേദവായനക്കുറിപ്പ് കാലാനുസൃതം പരിഷ്കരിക്കുന്നതിന് അദ്ദേഹം വഹിച്ച പങ്കു വലുതാണ്. പന്ത്രണ്ടു വയസ്സു കഴിഞ്ഞ കുട്ടികൾക്ക് പ്രത്യേകം പ്രബോധനം നൽകുന്നതിനുള്ള ശുശ്രൂഷാക്രമം തന്നെ അദ്ദേഹം ഉണ്ടാക്കി.

സാമൂഹിക-ആതുര ശുശ്രൂഷയിലും സാമൂഹിക സേവനരംഗത്തും പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതിൽ ബർണബാസ് തിരുമേനി പ്രത്യേകം ബദ്ധശ്രദ്ധനായിരുന്നു.

ലോകത്തിന്റെ മാനദണ്ഡത്തിന് അതീതമായും ലോകത്തിന്റെ ഒഴുക്കിനെതിരെയും നില്ക്കുവാൻ ബർണബാസ് തിരുമേനി തയ്യാറായി. പ്രൗഢിയിലും ബാഹ്യമായ ജീവിതശൈലിയിലുമല്ല ആന്തരികമായ ജീവി

Malankaraorthodox.TV

തവിശുദ്ധിയാണ് ജീവിതവിജയത്തിന്റെ അടിസ്ഥാനതത്വം എന്ന വേദ സത്യം സ്വജീവിതത്തിലൂടെ വെളിപ്പെടുത്തി. ക്രിസ്തീയ ജീവിതത്തിന്റെ സർവ്വരംഗങ്ങളിലും ദൈവികമായി തീരേണ്ട മാർഗ്ഗങ്ങൾ അദ്ദേഹം ജീവിതത്തിലും എഴുത്തുകളിലും വെളിപ്പെടുത്തി. സഭയിൽ ബാഹ്യവും ആന്തരികവുമായ സാമൂഹിക പരിഷ്ക്കർത്താവ് എന്ന നിലയിൽ ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ചു.

അമേരിക്കയിൽ നോർത്ത് ഈസ്റ്റ് എന്നും സൗത്ത് വെസ്റ്റ് എന്നും രണ്ടു ഭദ്രാസനങ്ങൾ ഉണ്ടാകുന്നതിലും അദ്ദേഹം പ്രത്യേകം താല്പര്യം പ്രകടിപ്പിക്കുകയും അതിന് നേതൃത്വം കൊടുക്കുകയും ചെയ്തു. മെത്രാസന ഭരണം പുതിയ മെത്രാപ്പോലീത്താമാർക്ക് ഏല്പിച്ചു കൊടുക്കുന്നതിലും മാതൃക പുലർത്തി. അവരുടെ സ്ഥാനലബ്ദിയിലും പ്രവർത്തനത്തിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടാണ് അദ്ദേഹം ഭദ്രാസന ഭരണത്തിൽനിന്നും വിരമിക്കുന്നത്.

മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ ജീവിതത്തിലും ആരാധനയിലും പുലർത്തിയ പ്രതിബദ്ധതയും താല്പര്യവുമാണ്, അമേരിക്കൻ സംസ്ക്കാരത്തിൽ ജനിച്ചുവളർന്ന അനേക യുവജനങ്ങളെ വൈദികശുശ്രൂഷയിലേക്ക് ആകർഷിച്ചത്. അവർക്കെല്ലാം ഇന്നും ബർണബാസ് തിരുമേനി ഗുരുവും പിതാവുമാണ്. ബർണബാസ് തിരുമേനിയുടെ നേതൃത്വവും രചനകളും പുതിയ തലമുറയെ അമേരിക്കയിൽ വളർത്തിയെടുക്കുവാൻ സാധിച്ചു. അമേരിക്കൻ ഭദ്രാസനത്തിന്റെ ശില്പിയും മഹാരഥനുമാണ് മാത്യൂസ് മാർ ബർണബാസ് തിരുമേനി. അദ്ദേഹത്തിന്റെ ജീവിതകാലഘട്ടം മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് എന്നും ഓർമ്മിക്കുവാനുണ്ട്.

മലങ്കരസഭയിലെ വലിയ ഒരു മാതൃകയാണ് അദ്ദേഹം. ജീവിതചിട്ടയുടെ അനുകരണീയതയാണ് അദ്ദേഹത്തിൽ നിന്നും പഠിക്കുവാനുള്ളത്. അദ്ദേഹം പരിത്യാഗത്തിന്റെ മഹിതാചാര്യനായിരുന്നു. ശരിയായ തപചര്യയോടും യോഗാത്മകതയോടും തന്റെ ജീവിതം ശക്തമായി ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുവാൻ കഴിഞ്ഞ പുണ്യപിതാവാണ് മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ.

Malankaraorthodox TV

4

വെല്ലുവിളികൾ അതിജീവിച്ച ആത്മീയ പിതാവ്

ഗീവറുഗീസ് മാർ കൂറിലോസ്
(മുംബൈ ഭദ്രാസനാധിപൻ)

ഗുരുശിഷ്യബന്ധത്തിലാണ് ഞങ്ങളുടെ ഒരുമിച്ചുള്ള യാത്രയുടെ തുടക്കം. 1967–71 ബാച്ചിൽ കോട്ടയം പഴയസെമിനാരിയിലെ വിദ്യാർത്ഥിയായി കടന്നുചെല്ലുമ്പോൾ കൃശഗാത്രനായ ഒരു വൈദികനെ പരിചയപ്പെട്ടു – സെമിനാരി വാർഡൻ ഫാ. കെ. കെ. മാത്യൂസ് (മാത്തുക്കുട്ടി അച്ചൻ). വളരെ അടുക്കും ചിട്ടയുമുള്ള വ്യക്തിത്വത്തിന്റെ ഉടമയായ ഒരു പുരോഹിതശ്രേഷ്ഠനായി അദ്ദേഹത്തെ പരിചയപ്പെടുവാൻ ഇടയായി. കൃത്യമായി ആരാധനയിലും ക്ലാസ്സുകളിലും പ്രത്യക്ഷമാവുക, വിദ്യാർത്ഥികളെ ശിക്ഷണത്തോടെ നയിക്കുക ക്ലാസ്സിൽ പഠിപ്പിക്കേണ്ട വിഷയങ്ങൾ നന്നായി ഒരുങ്ങി വരുക, എല്ലാ ദിവസവും 4 മണിക്കുശേഷം ആശുപത്രിയിൽ രോഗികളെ സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾ (സാമ്പത്തികവും സാമൂഹ്യവുമായുള്ളവ) കൃത്യമായി നിറവേറ്റുക, സന്ധ്യാനമസ്കാരത്തിന് ഒരു മിനിറ്റുപോലും വൈകാതെ പങ്കെടുക്കുക – ഇവയെല്ലാം ഞങ്ങളെ അത്ഭുതപ്പെടുത്തിയിരുന്നു. ആരാധനയുടെ കാര്യത്തിലും ശിക്ഷണകാര്യങ്ങളിലും അതീവശ്രദ്ധ ചെലുത്തിയിരുന്നു. കൃത്യനിഷ്ഠയും മാതൃകാജീവിതവും ശ്രദ്ധയോടെ കാത്തുസൂക്ഷിച്ച ഗുരുവര്യനെ കൂടുതൽ അറിയുവാനുള്ള ജിജ്ഞാസ ഞങ്ങൾക്കുണ്ടായി.

ദീർഘനാളുകൾ വെല്ലൂർ ആശുപത്രിയിൽ ചാപ്ലെയിനായി സേവനം അനുഷ്ഠിച്ച നാളുകളിൽ ചികിത്സാർത്ഥം കടന്നുവരുന്ന ഏതൊരു രോഗിക്കും ബന്ധുമിത്രാദികൾക്കും സ്നേഹത്തിന്റെയും സേവനത്തിന്റെയും കൈത്തിരിയുമായി കടന്നുവരുന്ന മാത്തുക്കുട്ടി അച്ചനെ മറക്കാനാവില്ല. നാനാജാതിമതസ്ഥരായ മലയാളികൾക്കും ആശ്വാസവും അഭയവുമായി അദ്ദേഹം അവിടെ ശോഭിച്ചിരുന്നു. വെല്ലൂരിലെ ദേവാലയത്തിന്റെ നിർമ്മിതിയിലും അടുക്കുംചിട്ടയുമുള്ള ആരാധനയിലും ആതുരസേവന മേഖലയിലും നന്നായി ശോഭിച്ച ശേഷമായിരുന്നു കോട്ടയം വൈദിക സെമിനാരിയിലേക്കു വന്നത്. നാലു വർഷത്തിനുശേഷം കോലഞ്ചേരി ആശുപത്രിയിൽ ചാപ്ലെയിനായി പോയപ്പോഴും ജീവിതത്തിലെ ഈ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചിരുന്നു. നൊമ്പരപ്പെടുന്ന ആർക്കും ആശ്വാ

Malankaraorthodox.TV

സകനായി, ബുദ്ധിമുട്ടുന്ന ആർക്കും സഹായം നീട്ടുന്നവനായി ആ വൈദികശ്രേഷ്ഠൻ ശോഭിച്ചിരുന്നു.

സഭയുടെ നിർണ്ണായകമായ ഘട്ടത്തിൽ മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടവരിൽ ഏറ്റവും കൂടുതൽ വോട്ടു വാങ്ങിയാണ് കെ. കെ. മാത്യൂസച്ചൻ തെരഞ്ഞെടുക്കപ്പെട്ടത്. പഴഞ്ഞിയിൽ വച്ചു നടന്ന പട്ടാഭിഷേക ശുശ്രൂഷ എന്തുകൊണ്ടും പ്രത്യേകത നിറഞ്ഞതായിരുന്നു. നേരത്തെ തനിക്ക് നട്ടെല്ലിനുണ്ടായ മാരകരോഗം മൂലം ജീവിതം അവസാനിക്കുമോ അതോ ശിഷ്ടായുസ്സ് മുഴുവൻ കിടക്കയിൽ ആയിരിക്കുമോ എന്ന് ഭയപ്പെട്ടിടത്ത് ശാരീരികമായി ഒരു വൈകല്യവുമില്ലാതെ കഠിനാദ്ധ്വാനിയായി പ്രവർത്തിക്കുവാനുള്ള ആരോഗ്യം ദൈവം കൈമാറി. പാരമ്പര്യമായി കിട്ടിയ ഡയബറ്റിക്സ് ശല്യം ചെയ്തിരുന്നുവെങ്കിലും വെല്ലുവിളികളെ തൃണവൽഗണിച്ചുകൊണ്ട് ലഭിക്കുന്ന സമയം മുഴുവനും കഠിനമായി അദ്ധ്വാനിക്കുന്ന വ്യക്തിയെയാണ് തിരുമേനിയിൽ കണ്ടിരുന്നത്.

വിവിധ ഘട്ടങ്ങളിലായി ഏറ്റവും കൂടുതൽ മെത്രാസനങ്ങളിൽ സേവനം അനുഷ്ഠിക്കുവാൻ ഭാഗ്യം ലഭിച്ച പിതാവാണ് അഭി. മാത്യൂസ് മാർ ബർണബാസ് തിരുമേനി. അങ്കമാലി മെത്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്തായായി ലോകപ്രസിദ്ധനായ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ കൂടെ ഭദ്രാസനഭരണം നിർവ്വഹിക്കുമ്പോൾ കക്ഷിപ്രശ്നങ്ങൾ മൂലം വേദനിക്കുന്നവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേകം ഊന്നൽ നൽകിയിരുന്നു. കോട്ടയം മെത്രാസനത്തിൽ സ്തുത്യർഹമായി നേതൃത്വം നൽകി വരുമ്പോഴാണ് പുതുതായി രൂപംകൊടുത്ത ഇടുക്കി മെത്രാസനത്തിന്റെ അധിപനായി ചുമതലയേൽക്കേണ്ടി വന്നത്. ലൈൻബസിൽ പിടിച്ചുതൂങ്ങി യാത്രചെയ്യുകയും കല്ലും മുള്ളും നിറഞ്ഞ ഭദ്രാസനത്തിന്റെ ഊടുവഴികൾ താണ്ടി ഓരോ വീടും സന്ദർശിക്കുകയും അവരുടെ ദുഃഖങ്ങളിൽ പങ്കാളിയാവുകയും ഇടുക്കി മെത്രാസനത്തിന്റെ ബാലാരിഷ്ടതകൾ പോക്കുകയും ചെയ്തത് ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ടതാണ്. പിന്നീട് അമേരിക്കൻ മെത്രാസനത്തിന്റെ നിർണ്ണായകഘട്ടത്തിൽ അതിന് നേതൃത്വം നൽകുവാൻ ചീട്ടുവീണതും അഭി. ബർണബാസ് തിരുമേനിക്കു തന്നെ.

വളരെ തന്മയത്വത്തോടും ശുഷ്ക്കാന്തിയോടും അമേരിക്കൻ മെത്രാസനത്തിന്റെ ചുമതല വഹിച്ചുവന്നു. തന്നെ തെറ്റിദ്ധരിപ്പിക്കുകയും താൻ തെറ്റിദ്ധരിക്കപ്പെടുകയും ചെയ്ത ധാരാളം സാഹചര്യങ്ങൾ ഉണ്ടായെങ്കിലും തന്നെ ഏല്പിച്ച ദൗത്യം ഏതു ത്യാഗവും സഹിച്ച് പൂർത്തീകരിക്കുന്നതിൽ അങ്ങേയറ്റം ശ്രദ്ധാലുവായിരുന്നു.

Malankaraorthodox.TV

അമേരിക്കൻ മെത്രാസനത്തിലെ പ്രശ്നങ്ങളും ആഭ്യന്തരവിഷയങ്ങളും ആദ്ധ്യാത്മികവളർച്ചയ്ക്ക് തടസ്സമുണ്ടാകാതിരിപ്പാൻ നന്നേ കഷ്ടപ്പെടേണ്ടി വന്നു. പ്രസ്തുത വിഷയങ്ങൾ വളരുന്ന തലമുറയെ ബാധിക്കാതിരിക്കാൻ അവരുടെ ആദ്ധ്യാത്മികവളർച്ചയ്ക്ക് പ്രയോജനകരമായി ഇംഗ്ലീഷിൽ ആരാധനകൾ ക്രമീകരിക്കുകയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ആനുകാലികപ്രസക്തമായ ലേഖനങ്ങൾ എഴുതിയും ഇടവകയിലെ തിന്മകൾ ഉച്ചാടനം ചെയ്തു. ആത്മീയ പ്രബുദ്ധതയ്ക്ക് സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് കഠിനമായി അദ്ധ്വാനിച്ചിരുന്നു. ഉന്നതവിദ്യാഭ്യാസം പൂർത്തീകരിച്ച ധാരാളം ചെറുപ്പക്കാരെ വൈദിക ശുശ്രൂഷയിലേക്ക് ആകർഷിക്കുവാൻ പ്രധാന കാരണം അഭി. തിരുമേനിയുടെ വ്യക്തിപരമായ ജീവിത വിശുദ്ധിയും പ്രാർത്ഥനാജീവിതവുമാണ്. പുതുതായി സഭാശുശ്രൂഷയിലേക്ക് വിളിച്ചുചേർക്കപ്പെട്ട അമേരിക്കയിലുള്ള വൈദിക സമൂഹമാണ് തിരുമേനിയുടെ വ്യക്തിത്വ വിശ്വാസത്തിന്റെ പരസ്യമായ തെളിവ്. ആദ്ധ്യാത്മിക വിപ്ലവത്തിന് ആരംഭം കുറിച്ചതും ഇവിടെ നിന്നാണ്.

വാർദ്ധക്യവും ക്ഷീണവും അസ്വസ്ഥമാക്കിയപ്പോൾ അഭി. തിരുമേനി നാട്ടിലേക്കു മടങ്ങിവരുന്നതാണ് ഉചിതമെന്ന് ചിന്തിക്കുന്നവരുടെയും അഭ്യർത്ഥിക്കുന്നവരുടെയും എണ്ണം വർദ്ധിച്ചപ്പോഴും അവിടെത്തന്നെ കഴിഞ്ഞ് ഒരു മെത്രാസന ആസ്ഥാനം പൂർത്തീകരിക്കുന്നതിൽ രാപകലില്ലാതെ അദ്ധ്വാനിച്ചിരുന്നു. അമേരിക്കയിൽ 'കടിച്ചുതൂങ്ങിയിരിക്കുന്നു' എന്ന പരാമർശത്തിനു പോലും വിധേയനായെങ്കിലും പുതിയ ആസ്ഥാനം രൂപീകരിക്കുന്നതിന് സാധിച്ചു. ആസ്ഥാനം പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ രണ്ടു രാത്രിയെങ്കിലും അവിടെ വിശ്രമിക്കാമെന്ന് ആശിക്കാതെ എത്രയുംവേഗം തന്റെ പിൻഗാമിയെ സർവ്വവും ഏല്പിച്ച് നാട്ടിലേക്ക് മടങ്ങി വിശ്രമജീവിതം ആരംഭിച്ചപ്പോഴാണ് വിമർശകരുടെ നാവിന്റെ ചലനം നിലച്ചുപോയത്.

നാട്ടിൽ മടങ്ങിവന്നു കഴിഞ്ഞും വിശ്രമജീവിതം നയിക്കുമ്പോഴും ഇടവകകൾ സന്ദർശിക്കുകയും ആശുപത്രികളിലും ആതുരശാലകളിലും നിമിഷങ്ങൾ ചെലവഴിച്ചും തനിക്ക് ആവുന്ന ശുശ്രൂഷ അന്ത്യം വരെയും നിർവ്വഹിച്ച ഈ പുണ്യപിതാവ് മാതൃകയുടെ ഒരു പിടി രേഖകൾ വേർതിരിച്ചിട്ടാണ് ദൈവസന്നിധിയിലേക്ക് മടങ്ങിയിരിക്കുന്നത്.

നല്ല പോർ പൊരുതി ഓട്ടം തികച്ച ഒരു മാതൃകാ ക്രിസ്തീയ ഭടനെ അഭി. ബർണബാസ് തിരുമേനിയിൽ വ്യക്തമായി കാണാം. ദൈവസന്നിധിയിൽ ആയിരിക്കുമ്പോഴും മനുഷ്യരുടെ ആവശ്യങ്ങളുടെ മദ്ധ്യത്തിൽ നില്ക്കുമ്പോഴും തികഞ്ഞ ആത്മാർത്ഥതയോടും നിറഞ്ഞ മനസ്സോടും

പൂർണ്ണമായ സമർപ്പണത്തോടും പ്രവർത്തിച്ചിരുന്ന ആ മാതൃക പിൻപറ്റുവാൻ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷിച്ച് മുന്നേറുന്ന ഈ കാലഘട്ടത്തിൽ ആരൊക്കെ ഉണർവ്വോടെ രംഗത്തെത്തും എന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. ആ പിതാവിന്റെ പ്രാർത്ഥനയും മാതൃകയും വെല്ലുവിളികളെ നേരിടുവാനും പൂർണ്ണസമർപ്പണത്തോടെ നമ്മെത്തന്നെ വേർതിരിപ്പാനും ആ പിതാവിനെ ശക്തനാക്കിയ പരിശുദ്ധാത്മാവ് നമ്മെയും ബലപ്പെടുത്തട്ടെ.



5

വലിയതിരുമേനി ലാളിത്യത്തിന്റെ മാർഗ്ഗം

സഖറിയാ മാർ നിക്കോളാവോസ്
(നോർത്ത് ഈസ്റ്റ് അമേരിക്കാ ഭദ്രാസനാധിപൻ)

അമേരിക്കൻ ഭദ്രാസനാധിപനായിരുന്ന മാത്യൂസ് മാർ ബർന്നബാസ് തിരുമേനി 'വലിയതിരുമേനി' എന്നറിയപ്പെട്ടു. വലിയ തിരുമേനി ലാളിത്യത്തിന്റെ പ്രതീകമാണെന്ന് അമേരിക്കയുടെ നോർത്ത് ഈസ്റ്റ് ഭദ്രാസനാധിപൻ സഖറിയാ മാർ നിക്കളാവോസ് മെത്രാപ്പോലീത്താ പറഞ്ഞു.

അമേരിക്കയിൽ ദീർഘകാലം താമസിച്ച് ഭദ്രാസനഭരണം നിർവഹിച്ച മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ ഇടയശുശ്രൂഷയെക്കുറിച്ച് (1992–2011) നിക്കളാവോസ് തിരുമേനി:

"ബർന്നബാസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന ഇടയശുശ്രൂഷ ഭദ്രാസനത്തെ വിവിധതരത്തിൽ അഭിവൃദ്ധിയിലേക്ക് നയിച്ചു. പുതിയ നൂറ്റാണ്ടിന്റെ പ്രാരംഭം മുതൽ പുതിയ പ്രകാശവും ചൈതന്യവും ഇവിടെ ലഭ്യമായി. പള്ളികൾ ആദ്ധ്യാത്മികമായി ഉണർന്നു. ഇടയശുശ്രൂഷയിൽ ഒരു സംഘം യൗവനക്കാർ എത്തി. ക്രമീകൃതമായ രീതിയിൽ ഇടവക സന്ദർശനം ഉണ്ടായി. പുതിയ തലമുറയിലെ കുട്ടികളോട് പിതൃവാത്സല്യത്തോടെ ആത്മീയത പകർന്നു. അദ്ധ്യാത്മിക സംഘടനകൾ ശക്തിപ്പെട്ടു. ഒ.വി.ബി. എസ്. പാഠ്യപദ്ധതി ഇംഗ്ലീഷിൽ പുനഃക്രമീകരിച്ചു. പള്ളികളിൽ എം.ജി.ഒ.സി.എം. സജീവമായി. ഇതിന് അമേരിക്കൻ പശ്ചാത്തലത്തിലുള്ള ബോധന രീതിശാസ്ത്രം വളർത്തി. യുവജനങ്ങളോടൊപ്പമുള്ള വലിയതിരുമേനിയുടെ ഇടപെടൽ പുതിയ അനുഭവം പകർന്നു. സഭയോടുള്ള സഹവാസത്തിൽ അവർ ആകൃഷ്ടരായി. യുവജനങ്ങളെ സ്വാധീനിക്കുവാൻ വലിയതിരുമേനിക്കു സാധിച്ചത് പ്രത്യേകം ശ്രദ്ധേയമാണ്.

12 വർഷമായി നടന്നുവരുന്ന എം.ജി. ഒ.സി.എസ്.എം. ലീഡർഷിപ്പ് ക്യാമ്പുകളും ഫാമിലി കോൺഫ്രൻസുകളും ആത്മീയമുന്നേറ്റത്തിന് വഴിയൊരുക്കി. വലിയതിരുമേനിയുടെ ഇടയത്വപരിപാലനത്തിൽ യുവജനങ്ങൾക്കും സ്ത്രീകൾക്കും പ്രാധാന്യം നൽകി. ഇടവകയിലെ ഭരണശുശ്രൂഷകളിൽ സ്ത്രീ-യുവജന നേതൃത്വം വളർന്നു വരണമെന്ന് ആഗ്രഹിച്ചു".

മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയോടൊപ്പമുള്ള ശുശ്രൂഷ

Malankaraorthodox.TV

എങ്ങനെ:

“വലിയതിരുമേനി, വളരെ ലാളിത്യത്തിന്റെ പ്രതീകമാണ്. മുഖസ്തുതി പറയുകയോ മറ്റുള്ളവരെ തൃപ്തിപ്പെടുത്തുന്ന അഭിപ്രായം പറയുകയോ ചെയ്യാറില്ല. ഇടയത്വശുശ്രൂഷയെക്കുറിച്ച് വ്യക്തമായ സങ്കല്പം ഉണ്ടായിരുന്നു. ജീവിതത്തിൽ പഠിപ്പിക്കുന്നതും പ്രസംഗിക്കുന്നതും പ്രായോഗികമാക്കണമെന്ന് നിർബന്ധം ഉണ്ട്. സ്നേഹത്തെക്കുറിച്ച് എപ്പോഴും എഴുതുകയും പറയുകയും ചെയ്യുന്ന അദ്ദേഹം എങ്ങനെ സ്നേഹിച്ച് ജീവിക്കാം എന്ന് തെളിയിച്ചു.

അമേരിക്കയിൽ ജനിച്ചു വളർന്ന തലമുറയെ വളരെ സ്നേഹിച്ചു. സഭയുടെ വിശ്വാസത്തിൽ അവരെ ഉറപ്പിച്ചു. ഇംഗ്ലീഷിൽ പ്രസംഗിക്കുവാനും പഠിപ്പിക്കുവാനും കർശനമായ നിർദ്ദേശങ്ങൾ നൽകി. അമേരിക്കയിലെ ആരാധനയും പ്രാർത്ഥനകളും ഇംഗ്ലീഷിലായിരിക്കണം എന്ന ബോധനം എല്ലാവരിലും എത്തിച്ചു. ജീവിതത്തിന്റെ പ്രായോഗികതലങ്ങളെ സ്പർശിച്ചു പഠിപ്പിക്കുവാനും എഴുതുവാനും പ്രത്യേകം ശ്രദ്ധിച്ചു.

അമേരിക്കയിൽ ജനിച്ചുവളർന്ന ഒരു പുതു തലമുറയെ പൗരോഹിത്യശുശ്രൂഷയിലേക്ക് കൊണ്ടുവന്നു. ഇടവകഭരണത്തിൽ സ്ത്രീകളുടെ നേതൃത്വം ഉണ്ടാകണം എന്നും ശക്തമായി പ്രബോധിപ്പിച്ചു.

‘അമേരിക്കൻ ഭദ്രാസനത്തിന്റെ പ്രതിസന്ധികൾ പരിഹരിക്കണം’ എന്ന സഭ ഏല്പിച്ച ഉത്തരവാദിത്വം നിറവേറ്റി. ഇവിടെ നല്ല ഒരു അരമനയും ഭദ്രാസന കേന്ദ്രവും ഉണ്ടാകണം എന്നത് വലിയ തിരുമേനിയുടെ ഒരു സ്വപ്നപദ്ധതിയായിരുന്നു. വളരെ മനോഹരമായ അരമനസമുച്ചയം പണിതുയർത്തി കൂദാശ ചെയ്തു. ഒരു വർഷത്തിലധികം അവിടെ താമസിച്ചു. എല്ലാം ഭദ്രം എന്ന് മനസ്സിലാക്കിയപ്പോൾ ഭദ്രാസനഭരണം പരിത്യജിച്ച് കേരളത്തിലേക്ക് മടങ്ങി. പാവപ്പെട്ടവർക്കും രോഗികൾക്കും ആശ്വാസം പകരുകയായിരുന്നു ലക്ഷ്യം.

ആരോഗ്യപ്രശ്നങ്ങൾ ഉള്ളതിനാൽ ഇനി അമേരിക്കയിലേക്ക് വരുവാൻ സാധിക്കുകയില്ല എന്നു പറഞ്ഞു. 15 വർഷവും വി. കുർബാനയ്ക്ക് ഉപയോഗിച്ചത് ഒറ്റ കുപ്പായമാണ്. വളരെ നിർബന്ധിച്ചതു കൊണ്ട് ഒരു പുതിയ കാപ്പ സ്വീകരിച്ചു. പഴയ കാപ്പ ഇവിടെ വച്ചിട്ടാണ് പോയത്. തടിക്കുരിശാണ് എപ്പോഴും ഉപയോഗിക്കുന്നത്. ആരാധനയ്ക്കായി വെള്ളി കെട്ടിയ ഒരു തടിക്കുരിശ് കൊടുത്തുവിട്ടു.

ലഭിച്ച പണവും സമ്മാനങ്ങളും എല്ലാം ഭദ്രാസനത്തിന് നൽകിയിട്ട്, രണ്ട് ചെറിയ പെട്ടികളുമായി വിമാനം കയറി. അതിൽ വസ്ത്രങ്ങളും മരുന്നുകളും മാത്രം. ഇടയത്വ ശുശ്രൂഷ പരിത്യാഗത്തിന്റെ അനുഭവമാക്കിത്തീർത്ത കർമ്മയോഗിയാണ് മാത്യൂസ് മാർ ബർന്നബാസ് തിരുമേനി – അദ്ദേഹം പറഞ്ഞു.

Malankaraorthodox.TV

6

തടി കുരിശിട്ട സുവർണ്ണ ബിഷപ്പ്

അലക്സിയോസ് മാർ യൗസേബിയോസ്
(സൗത്ത് വെസ്റ്റ് അമേരിക്കാ ഭദ്രാസനാധിപൻ)

'തടി കുരിശിട്ട സുവർണ്ണ ബിഷപ്പ്' (Golden biship with wooden cross) എന്ന മൊഴി മാത്യൂസ് മാർ ബർന്നബാസ് തിരുമേനിക്ക് വളരെ അന്വർത്ഥമാണ്. ചുവന്ന ചരടിൽ കെട്ടിയ തടിക്കുരിശും തടി സ്ലീബായും തടികൊണ്ടുള്ള വടിയും അദ്ദേഹത്തിന്റെ മാത്രം പ്രത്യേകതയാണ്.

രണ്ടു പതിറ്റാണ്ടോളം 'അമേരിക്കൻ ഭദ്രാസനത്തിൽ' ഭരണം സ്തുത്യർഹമായി നിർവ്വഹിച്ച് ഭദ്രാസന ഭരണത്തിൽ നിന്നും വിരമിച്ച് തിരികെ നാട്ടിലേക്ക് തിരിച്ചപ്പോൾ കൊണ്ടുപോകുവാൻ നിറയാത്ത രണ്ട് പെട്ടികൾ. അതിൽ ഉണ്ടായിരുന്നതോ വസ്ത്രങ്ങൾ മാത്രം. പിന്നെ കുറെ മരുന്നുകളും.

മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ അമേരിക്കയിലെ ജീവിതം വളരെ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും അനുഭവപാഠങ്ങളായിരുന്നു. അമേരിക്കയിലെ വ്യത്യസ്തമായ കാലാവസ്ഥയിലും കഠിനമായ തണുപ്പും ചൂടും അതിജീവിച്ച് ധീരമായി ഇടയപരിപാലനം നിർവഹിച്ചു. എല്ലാവർക്കും സ്നേഹവും വാത്സല്യവും പ്രാർത്ഥനയും പകർന്ന് ഫലപ്രദമായി ശുശ്രൂഷ നിർവ്വഹിച്ച് നാട്ടിലേക്ക് തിരികെ പോയി. സഭ വിശ്വസ്തതയോടെ ഏല്പിച്ച ഉത്തരവാദിത്വം കൃത്യമായി നിർവഹിച്ചശേഷം സന്തോഷത്തോടെ വിരമിക്കുന്ന പുത്തൻ മാതൃക പകർന്നു നൽകുന്നു.

മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ അമേരിക്കൻ ഭദ്രാസനത്തിന്റെ നേതൃത്വം അതുല്യമായിരുന്നു. വിവിധ പള്ളികളിൽ അശാന്തി നിറഞ്ഞ അന്തരീക്ഷം സംജാതമായ കാലഘട്ടത്തിലാണ് അദ്ദേഹം എത്തുന്നത്. എളിയ ജീവിതവും, ദൈവാശ്രയവും ഇടയശുശ്രൂഷയിൽ കൂടി ജനങ്ങളിലേക്ക് പ്രവഹിച്ചപ്പോൾ മാറ്റങ്ങൾക്കും സമാധാനത്തിനും നാന്ദി കുറിച്ചു. 1992-ൽ അമേരിക്കയിൽ എത്തിയ തിരുമേനി ഓരോ സ്ഥലങ്ങളും പള്ളികളും സന്ദർശിച്ച് സ്നേഹത്തിന്റെയും ശാന്തിയുടെയും ദൂത് അറിയിച്ചു. ഓരോ സ്ഥലത്ത് ചെല്ലുമ്പോഴും ഭവനങ്ങളിൽ താമസിച്ച് വിശ്വാസികളെ ഓരോരുത്തരേയും കണ്ട് സഭയുടെ വിശ്വാസത്തിൽ അവരെ ഉറപ്പിക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തി. വൈദികരെയും മറ്റ് അത്മായ നേതൃത്വത്തെയും ഏകോപിപ്പിക്കുന്നതിൽ അക്ഷീണം യത്നിച്ചു. സഭയുടെ ശിക്ഷണത്തിലും പൊതു അച്ചടക്കത്തിലും ഇടവ

കകളെയും വൈദികരെയും കുടുംബങ്ങളെയും ജനത്തെയും അണിനിരത്തുവാൻ അദ്ദേഹത്തിന് സാധിച്ചു.

വൈദികനായിരുന്നപ്പോൾ വെല്ലൂർ, കോലഞ്ചേരി ആശുപത്രികളിൽ ചാപ്ലയിനായി ശുശ്രൂഷ നിർവഹിച്ചതിൽ നിന്നുള്ള അനുഭവ പരിചയം മെത്രാപ്പോലീത്താ ആയപ്പോഴും കാത്തുസൂക്ഷിച്ചു. രോഗികളെ സന്ദർശിക്കുന്നതിനും, പ്രശ്നങ്ങൾ പറഞ്ഞു തീർക്കുന്നതിനും, സമാധാനത്തിനുള്ള സന്ധി സംഭാഷണങ്ങൾ നടത്തുന്നതിനും സ്വതസിദ്ധമായ ഒരു ശൈലി വെച്ചുപുലർത്തി. ഒരു പോളിസി പറഞ്ഞാൽ അതിൽ ഉറച്ചു നിൽക്കും എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. തന്മൂലം അനേകരുമായുള്ള വ്യക്തിബന്ധം ഉറപ്പിക്കുന്നതിന് സാധിച്ചു.

എപ്പോഴും 'ബർന്നബാസ് മെത്രാച്ചൻ' എന്ന് സ്വയം പറയാറുണ്ട്. ഇത് അദ്ദേഹം ഉയർത്തിപ്പിടിച്ച ഒരു ജീവിതശൈലിയുടെ മാതൃക വ്യക്തമാക്കുന്നതിനുള്ളതാണ്. പ്രാർത്ഥനയുടെയും ലാളിത്യത്തിന്റെയും ജീവിതശൈലി പാശ്ചാത്യരാജ്യത്തും വളരെ തനിമയോടും നിഷ്ഠയോടും അനുഷ്ഠിച്ചു. വിശ്വസിക്കുന്ന സത്യത്തിൽ ഉറച്ചു നിൽക്കും. അതിന് വിപരീതമായി ആരു നിന്നാലും ഉടൻ വിമർശിക്കുകയും തിരുത്തുകയും ചെയ്യും. ദൈവസ്നേഹത്തിന്റെ ജീവിതശൈലി ഇടയപരിപാലനത്തിൽ പരിരക്ഷിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു.



7

നിഷ്ഠയുള്ള ജീവിതചര്യ

ജോഷ്വാ മാർ നിക്കോദിമോസ്

(നിലയ്ക്കൽ ഭദ്രാസനാധിപൻ)

അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ പേഴ്സണൽ സെക്രട്ടറിയും അമേരിക്കയിൽ അരമന മാനേജരുമായി സേവനം അനുഷ്ഠിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. 1992 സെപ്റ്റംബർ 17-നാണ് അദ്ദേഹത്തിന്റെ സെക്രട്ടറിയായി ചുമതലയേറ്റത്. 2003 സെപ്റ്റംബർ 30 വരെ അദ്ദേഹത്തോടൊപ്പം കഴിയുവാൻ എനിക്ക് അവസരം ലഭിച്ചു. പതിനൊന്നു വർഷവും പതിമൂന്നു ദിവസവും അമേരിക്കയിൽ തിരുമേനിയോടൊപ്പം താമസിച്ച് ഒപ്പം നിന്നു പ്രവർത്തിച്ചു. ഇത്രയധികം കാലം അദ്ദേഹത്തോടൊപ്പം താമസിച്ചു പ്രവർത്തിക്കുവാൻ സാധിച്ച മറ്റൊരു വ്യക്തി ഉണ്ടാകാൻ തരമില്ല. ആ നിത്യസാന്നിധ്യവും പ്രബോധനവും പ്രവർത്തനവും എന്നിൽ പുതിയ കാഴ്ചപ്പാടുകൾ സൃഷ്ടിച്ചു.

ഞാൻ അംഗമായ റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിന്റെ സ്ഥാപകനായ അഭിവന്ദ്യ ഗീവറുഗീസ് മാർ ദീയസ്കോറോസ് തിരുമേനിയോടൊപ്പം 1978 മെയ് 15-ന് മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ഒരു പിതാവ് എന്ന നിലയിലാണ് അഭിവന്ദ്യ ബർണബാസ് തിരുമേനിയെ കൂടുതലായി അറിയുന്നത്. ഇടുക്കി ഭദ്രാസനാധിപൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സേവനത്തെക്കുറിച്ച് കേൾക്കുന്നതിനും അവസരം ഉണ്ടായിട്ടുണ്ട്. മലയോരപ്രദേശങ്ങളിലെ പട്ടിണിപ്പാവങ്ങളോടൊപ്പം നിന്നുകൊണ്ടാണ് അദ്ദേഹം പ്രവർത്തിച്ചത്. പുതുമയുള്ള പലതും നടപ്പിലാക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. വ്യത്യസ്തനായ ഒരു മെത്രാപ്പോലീത്താ - അതായിരുന്നു അഭിവന്ദ്യ ബർണബാസ് തിരുമേനി. നേരിട്ടു കാണുന്നതിനും സംസാരിക്കുന്നതിനും ചുരുക്കം ചില അവസരങ്ങൾ 1992-നു മുമ്പ് എനിക്കു ലഭിച്ചിട്ടുണ്ടായിരുന്നുവെങ്കിലും അതിലുപരിയായി വലിയ അടുപ്പമൊന്നും തിരുമേനിയുമായി ഉണ്ടായിരുന്നില്ല.

ഇടുക്കി ഭദ്രാസനാധിപനായിരുന്ന അഭിവന്ദ്യ തിരുമേനിയെ അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതലക്കാരനായി 1992 ഫെബ്രുവരിയിൽ നിയോഗിതനായത് തികച്ചും അപ്രതീക്ഷിതമായിരുന്നു. അമേരിക്ക പോലുള്ള ഒരു ഭദ്രാസനത്തിൽ തിരുമേനിയുടെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്നുള്ള ചിന്ത സ്വാഭാവികമായും പലർക്കുമുണ്ടായിരുന്നു. പ്രാർത്ഥന കൊണ്ടു സാധ്യമാകാത്തതായി ഒന്നുമില്ലെന്നുള്ള വിശ്വാസമാണ് അദ്ദേ

Malankaraorthodox.TV

ഹത്തെ നയിച്ചിരുന്നത്. തിരുവനന്തപുരം അരമന ചാപ്പ്ലെയിൻ ആയി 1988 സെപ്റ്റംബർ ഒന്നുമുതൽ സേവനം അനുഷ്ഠിച്ചിരുന്ന എനിക്ക് അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ സെക്രട്ടറിയായി 1992 ജൂലൈ 7-ന് നിയമന കല്പന ലഭിച്ചു. സെപ്റ്റംബർ മാസത്തിൽ അവിടേക്കു പോകുവാനും സാധിച്ചു.

നിഷ്ഠയുള്ള ജീവിതചര്യയുടെ ഉടമയായിരുന്നു തിരുമേനി. അമേരിക്കൻ കാലാവസ്ഥ തിരുമേനിയുടെ ജീവിതരീതിയുമായി പൊരുത്തപ്പെടുന്നതായിരുന്നില്ല. അതിശൈത്യത്തെയും അത്യുഷ്ണത്തെയും അദ്ദേഹം അവഗണിച്ചു. വെളുപ്പിന് അഞ്ചു മണിക്കുള്ള പ്രാർത്ഥനയ്ക്ക് അദ്ദേഹം നേരത്തെതന്നെ തയ്യാറെടുക്കുമായിരുന്നു. രാത്രി ഒമ്പതു മണിക്കുള്ള സൂത്താറാ പ്രാർത്ഥന വരെയുള്ള യാമപ്രാർത്ഥനകൾ കൃത്യമായി നിർവ്വഹിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

പ്രഭാതനമസ്കാരത്തിനും സന്ധ്യാനമസ്കാരത്തിനും മുമ്പ് ഒരു ക്രിസ്തീയകീർത്തനം ചൊല്ലണമെന്നത് തിരുമേനിയുടെ നിർബന്ധമായിരുന്നു. വേദഭാഗങ്ങൾ വായിക്കുക മാത്രമല്ല അതേപ്പറ്റിയുള്ള വ്യാഖ്യാനവും നൽകുമായിരുന്നു. ആശയങ്ങളുടെ ആഴങ്ങളിലേക്കുള്ള ആ സഞ്ചാരം ചിന്തോദ്ദീപകമായിരുന്നു. പഠനങ്ങളും ചർച്ചകളും സംവാദങ്ങളും വിശ്വാസ ദൃഢതയുടെ നീലാകാശത്തെ പ്രദാനം ചെയ്യുന്നതായിരുന്നു. പ്രാർത്ഥനയിൽ സംബന്ധിക്കുന്നവരുടെ എണ്ണം തിരുമേനിക്ക് വിഷയമായിരുന്നില്ല. സംബന്ധിക്കുന്നവരുടെ എണ്ണത്തിലല്ല, അവർക്കായി എന്തു നൽകാൻ കഴിയുന്നു എന്നതിലായിരുന്നു തിരുമേനി ശ്രദ്ധിച്ചിരുന്നത്. ഇടവക സന്ദർശനാർത്ഥം ന്യൂയോർക്കിൽ നിന്നും വിദൂരസ്ഥലങ്ങളിലേക്ക് യാത്ര ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. നാട്ടിലെപ്പോലെ അവിടെ പള്ളികളിൽ പാഴ്സനേജ് ഉണ്ടായിരുന്നില്ല. ഇടവകകളിൽപ്പെട്ട ഭവനങ്ങളിൽ താമസിക്കേണ്ടി വരുമ്പോഴും ആ പ്രാർത്ഥനാജീവിതത്തിന്റെ രീതിക്കു മാറ്റം വരുത്തിയിരുന്നില്ല.

സമയം തക്കത്തിന് ഉപയോഗിക്കുവാനുള്ള അദ്ദേഹത്തിന്റെ സിദ്ധി ശ്രദ്ധേയമായിരുന്നു. നിഷ്ഠയുള്ള ജീവിതത്തിന്റെ സവിശേഷതയായിരുന്നു അത്. ക്ഷീണിതനാകുമ്പോൾ അല്പസമയം കിടന്നുറങ്ങും. പിന്നീടദ്ദേഹം ഉന്മേഷവാനായി ഉണർന്നു പ്രവർത്തിക്കുവാൻ തുടങ്ങും. ലഭിക്കുന്ന കത്തുകൾക്ക് അന്നുതന്നെയോ തൊട്ടടുത്ത ദിവസമോ സ്വന്തം കൈപ്പടയിൽ മറുപടി അയയ്ക്കുമായിരുന്നു. സുവനീറുകളിലേക്കും മറ്റും ലേഖനങ്ങളോ ആശംസാകത്തുകളോ ആരാവശ്യപ്പെട്ടാലും, യഥാസമയം എത്തിച്ചുകൊടുക്കുമായിരുന്നു. അങ്ങനെയുള്ള കാര്യങ്ങൾ തിരുമേനി മറ്റുള്ളവരോട് ആവശ്യപ്പെടുകയും തക്കസമയത്തു ലഭിക്കാതിരിക്കുകയും ചെയ്താൽ അവരോട് അസഹിഷ്ണുത പ്രകടിപ്പിക്കുമായിരുന്നു.

ലഭിക്കുന്ന പണത്തിന് കൃത്യമായ കണക്ക് എഴുതി സൂക്ഷിച്ചിരുന്നു. ദേവാലയങ്ങൾ നിർമ്മിക്കുകയോ, പുതുക്കി പണിയുകയോ ചെയ്യുമ്പോൾ ഒരു തുക നൽകി അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു. അച്ചടിയിൽ ഉണ്ടാകുന്ന പിഴവുകൾ അദ്ദേഹം സഹിക്കുമായിരുന്നില്ല. പ്രൂഫ് റീഡിംഗ് അദ്ദേഹം തന്നെ ഏറ്റെടുത്തു നിർവ്വഹിക്കുമായിരുന്നു. മറ്റുള്ളവരിൽനിന്നും ഇത്തരത്തിലുള്ള ശീലങ്ങൾ അദ്ദേഹം പ്രതീക്ഷിച്ചിരുന്നു.

സെക്കന്തറാബാദിൽ ദേവാലയ വികാരിയായും കോലഞ്ചേരി ഹോസ്പിറ്റലിൽ ചാപ്ലെയിനായും, സെമിനാരിയിൽ അദ്ധ്യാപകനായും വാർഡനായും സേവനം അനുഷ്ഠിച്ചിരുന്ന കെ. കെ. മാത്യൂസ് അച്ചനെ ഓർമ്മയിൽ സൂക്ഷിക്കുന്ന ധാരാളം വൈദികരും അവൈദികരും ഇന്നും നൽകുന്ന സാക്ഷ്യം അദ്ദേഹത്തിന്റെ ജീവിതശൈലിയാണ്. മെത്രാപ്പോലീത്താ ആയതിനുശേഷവും ആ ശൈലിക്ക് ഒരു മാറ്റവും വരുത്തിയിരുന്നില്ല. സമ്പന്ന സമൂഹത്തിലും മിതത്വം പാലിച്ചിരുന്നു. കാലത്തിനനുസൃതമായ മാറ്റത്തിൽ അദ്ദേഹം ശ്രദ്ധവച്ചിരുന്നില്ല. ദൗത്യവും സ്വഭാവവും രണ്ടായിരുന്നില്ല. ദൗത്യനിർവ്വഹണത്തിലും മാനുഷികതയ്ക്കു പ്രാധാന്യം നൽകിയും ആത്മപരിത്യാഗം ശീലിച്ചും ദൈവാന്വേഷകനായി ജീവിച്ചു. അതുകൊണ്ടാണല്ലോ പത്തൊമ്പതാം വർഷത്തിൽ അമേരിക്ക വിട്ടു പോരുമ്പോഴും ഒരു കാപ്പായും ഏതാനും വസ്ത്രങ്ങളും അല്പം മരുന്നും ഉൾക്കൊള്ളുന്ന ചെറു സമ്പാദ്യവുമായി അദ്ദേഹം നാട്ടിലേക്കു മടങ്ങിയത്.

രോഗികളോടുള്ള അദ്ദേഹത്തിന്റെ കരുതൽ പ്രത്യേകതയുള്ളതായിരുന്നു. ആശുപത്രികളിലോ ഭവനങ്ങളിലോ ഒരാൾ രോഗിയായി കഴിയുന്നുവെന്നറിഞ്ഞാൽ ഉടൻതന്നെ അവരെ സന്ദർശിച്ച് പ്രാർത്ഥിക്കുമായിരുന്നു. സന്ദർശിക്കാൻ കഴിയാത്ത ദൂരത്താണെങ്കിൽ പ്രാർത്ഥനകളിൽ പ്രത്യേകം അവരെ ഓർക്കുകയും ടെലിഫോണിലൂടെ വിവരങ്ങൾ അന്വേഷിക്കുകയും ചെയ്യുമായിരുന്നു. നമുക്കു മാതൃകയാക്കാവുന്ന മറ്റൊരു ഇടയശുശ്രൂഷാശൈലി!

മിതത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് തിരുമേനി സദാ ബോധവാനായിരുന്നു. ആർഭാടവും ധൂർത്തും ദൈവനിഷേധമായി കരുതിയിരുന്നു. സ്വാർത്ഥതയാണ് ധാരാളിത്വത്തിലേക്ക് വഴിയൊരുക്കുന്നതെന്നുള്ള വിലയിരുത്തലിൽ നിന്നാണ് ഇത്തരത്തിലുള്ള നീതിബോധത്തിൽ അടിയുറച്ചുനിൽക്കുവാനുള്ള പ്രേരണ തിരുമേനിയെ ഭരിച്ചിരുന്നത്. യേശുക്രിസ്തുവിന്റെ ജീവിതവും ലാളിത്യവും ഗാന്ധിയൻ ചിന്തയുടെ സ്വാധീനവും തിരുമേനിയിൽ പ്രകടമായിരുന്നു.

Malankaraorthodox.TV

അമേരിക്കയിൽ, വിശേഷദിവസങ്ങളോടു ചേർന്ന് കടകളിൽ 'സെയിൽ' നടക്കുന്ന പതിവുണ്ട്. നിശ്ചയിക്കപ്പെട്ടിരിക്കുന്ന വിലയിൽ നിന്നും 'പത്തു ശതമാനം മുതൽ തൊണ്ണൂറു ശതമാനം വരെ വില കുറച്ച് വില്പന' എന്നായിരിക്കും പലപ്പോഴും പരസ്യം. ഈ പരസ്യത്തിൽ ആകൃഷ്ടരായി ആളുകൾ അത്യാവശ്യമുള്ളതും ആവശ്യമുള്ളതുമായ ചില തൊക്കെ വാങ്ങിയെന്നിരിക്കും. എന്നാൽ അധികപേരും പലപ്പോഴും ചെയ്യുന്നത് വില കുറവുള്ളതല്ലേ എന്നു കരുതി ആവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങിച്ചുകൊണ്ടുപോകും. ഇങ്ങനെയുള്ളവർക്ക് തിരുമേനിയുടെ വക ഒരു ഉപദേശമുണ്ട്: 'വിലക്കുറവുണ്ടെന്നു കരുതി എല്ലാം വാങ്ങിക്കരുത്, നമ്മുടെ ആവശ്യം മനസ്സിലാക്കി മാത്രമേ കടയിൽനിന്നും സാധനങ്ങൾ വാങ്ങാവൂ.'

തിരുമേനി ഒരു 'ഡയബറ്റിക് പേഷ്യന്റ്' ആയിരുന്നു. ഇതു തിരിച്ചറിഞ്ഞ്, തിരുമേനിക്കുവേണ്ടി അല്പം സേമിയായോ മറ്റു പലഹാരങ്ങളോ മധുരം ചേർക്കാതെ പ്രത്യേകം ഉണ്ടാക്കി കൊടുത്താൽ അവരോട് വലിയ താല്പര്യവും അവരെ അനുമോദിക്കുകയും ചെയ്യുമായിരുന്നു.

ചെറിയ കാര്യങ്ങളിൽ പോലും വലിയ ശ്രദ്ധയുണ്ടായിരുന്നു. ഒപ്പമുള്ളവരുടെ കാര്യത്തിൽ ഇതു പ്രത്യേകിച്ചും പ്രകടമായിരുന്നു. ഞാൻ സെക്രട്ടറിയായി അമേരിക്കയിൽ ചെന്ന് ഒരു വർഷം തികയുംമുമ്പ് 1993 ആഗസ്റ്റ് 27-ന് എന്റെ പിതാവ് നിര്യാതനായി. സംസ്കാരശുശ്രൂഷയിൽ



malankaraorthodox.tv

പങ്കെടുക്കാൻ എന്നെ തിരുമേനി നാട്ടിൽ വിട്ടു. തുടർന്ന് എന്റെ മാതാവ് ഒറ്റയ്ക്കു വീട്ടിൽ താമസിച്ചിരുന്നപ്പോൾ തിരുമേനി എന്നു നാട്ടിൽ വന്നാലും പന്തളത്തുള്ള എന്റെ വീട്ടിൽ വന്ന് എന്റെ അമ്മച്ചിയെ കാണുകയും ഒരു ചെറിയ തുക അമ്മച്ചിക്ക് നൽകുകയും ചെയ്യുമായിരുന്നു. 2003-ൽ ഞാൻ സെക്രട്ടറിസ്ഥാനം വിടുന്നതുവരെയും മുടക്കം കൂടാതെ അതു നിർവ്വഹിച്ചിരുന്നു. എനിക്കുശേഷവും നാട്ടിൽനിന്നും വെറെ ശെമ്മാശന്മാർ സെക്രട്ടറിമാരായി അമേരിക്കയിൽ വന്നപ്പോൾ, അവരുടെ ഭവനങ്ങളും തിരുമേനി ഇപ്രകാരം സന്ദർശിക്കുമായിരുന്നു.

ജന്മദിനങ്ങൾ എഴുതി സൂക്ഷിക്കുന്ന ഒരു ഡയറി തിരുമേനിക്ക് ഉണ്ടായിരുന്നു. സഹോദര മെത്രാപ്പോലീത്താമാരുടെയും സാധാരണക്കാരുടെയും എല്ലാം പേരുകൾ അതിൽ ഉൾപ്പെട്ടിരുന്നു. അവർക്ക് ജന്മദിനാശംസകൾ തക്കദിവസത്തിനു മുമ്പുതന്നെ ലഭിക്കത്തക്കവിധം എഴുതി അയയ്ക്കുന്നതിൽ തിരുമേനി കൃത്യനിഷ്ഠ പാലിച്ചിരുന്നു. കൂടെ താമസിക്കുന്ന എന്റെ ജന്മദിനത്തിലും തിരുമേനി ഒരു പ്രാർത്ഥനയും ആശംസയും എഴുതി കവറിലിട്ട് പേരെഴുതി ഞാൻ അറിയാതെ എന്റെ മേശപ്പുറത്തു കൊണ്ടുവച്ചു തരുമായിരുന്നുവെന്നതും ആ പിതാവിന്റെ മറ്റൊരു സവിശേഷതയായിരുന്നു.

വീണുകിട്ടുന്ന അവസരങ്ങൾ നഷ്ടപ്പെടുത്താതെ ഫലപ്രദമായ കാര്യങ്ങളിൽ ശ്രദ്ധ വച്ചു. ഗുണമെന്നത് ഭൗതികതയിലുള്ള ഗുണമായിരുന്നില്ല. തപോജീവിതത്തിന്റെ കഠിനവഴികളിലൂടെയാണ് ഏറെയും അദ്ദേഹം സഞ്ചരിച്ചത്. ആദർശത്തിൽ അടിയുറച്ചുകൊണ്ടാണ് അദ്ദേഹം കാലമത്രയും ജീവിച്ചത്. കർമ്മശേഷിയുടെ കാവലാളായി അദ്ദേഹം അമേരിക്കൻ ഭദ്രാസനത്തെ നയിച്ചു. കരുണയുടെ വഴികൾ ദൈവത്തിങ്കലേക്കുള്ളതാണെന്നുള്ള പാഠമാണ് അദ്ദേഹം നൽകിയത്.

ഭിന്ന സ്വരങ്ങളുടെ ഇടയിൽ പ്രാർത്ഥന കൊണ്ട് ഭദ്രാസനത്തെ ഏകോപിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കുടിയേറ്റ പ്രദേശമായിരുന്ന ഇടുക്കിയിൽനിന്നും ലോകകുടിയേറ്റ രാജ്യമായ അമേരിക്കയിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞു. ഭദ്രാസനത്തിന് ആസ്ഥാനം, വിവിധ ഇടവകകളുടെ രൂപീകരണം, അമേരിക്കയിൽ ജനിച്ചുവളർന്ന സഭാംഗങ്ങളെ വൈദികപദവിയിലേക്ക് കൈപിടിച്ചു ഉയർത്തിയതുൾപ്പെടെയുള്ള നേട്ടങ്ങൾ മാതൃകാപരമായിരുന്നു. സഭയെക്കുറിച്ചും ഭദ്രാസനത്തെക്കുറിച്ചും ഒട്ടേറെ സ്വപ്നങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. അതൊക്കെ പൂർത്തീകരിക്കുവാൻ കഴിയേണ്ടതുണ്ട്.

2011 മെയ് 25-ന് അമേരിക്കയോടു വിട പറഞ്ഞ് നാട്ടിലേക്ക് തിരിച്ചുവരുമ്പോൾ അദ്ദേഹം യാത്രചെയ്തിരുന്ന ഖത്തർ എയർവേയ്സ് ഫ്ളൈ

റ്റിൽ ന്യൂയോർക്കിൽ നിന്നും ഒപ്പം ഉണ്ടാകുവാനുള്ള അവസരവും ദൈവ നിയോഗത്താൽ ലഭിച്ചു. ഇതും എന്റെ ജീവിതത്തിലെ മറ്റൊരു ധന്യത യായി ഞാൻ കാണുന്നു.

അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനി വ്യത്യസ്തതയുടെ വഴികളിലൂടെ സഞ്ചരിച്ച അജപാലകനായിരുന്നു. ശൈലി ജീവിതമാകു ന്നതിന്റെ മികച്ച മാതൃകയാണ് അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ.



8

സമ്പന്നതയെ തോല്പിച്ച പിതാവ്

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

(അഹമ്മദബാദ് ഭദ്രാസനാധിപൻ)

'ബർന്നബാസ്' എന്ന വാക്കിന്റെ അർത്ഥം 'പ്രബോധനപുത്രൻ' എന്നാണ്. എല്ലാ അർത്ഥത്തിലും ഇടയ പരിപാലനത്തിൽ പ്രബോധനദൗത്യം ഫലപ്രദമായി നിർവ്വഹിച്ച പിതാവാണ് മാത്യൂസ് മാർ ബർന്നബാസ് തിരുമേനി. അദ്ദേഹത്തിന്റെ ജീവിതം പുതുതലമുറയക്ക് വെല്ലുവിളി ഉയർത്തുന്നതാണ്.

1. സമ്പന്നതയെ തോല്പിച്ച പിതാവ് : അമേരിക്കയിൽ എല്ലാ സുഖസൗകര്യങ്ങളുടെയും നടുവിൽ, സമ്പന്നതയെ ദാരിദ്ര്യം കൊണ്ട് തോല്പിച്ച വ്യക്തിത്വമാണ് മാത്യൂസ് മാർ ബർന്നബാസ് തിരുമേനി. സമ്പന്നതയിൽ ദാരിദ്ര്യം അനുഷ്ഠിക്കുകവഴി ദാരിദ്ര്യത്തിന്റെ സമ്പത്ത് എന്താണെന്ന് സ്വന്തം ജീവിതം കൊണ്ട് മറ്റുള്ളവരെ പഠിപ്പിച്ചു. ഇതാണ് അമേരിക്കൻ ജനതയെ പ്രത്യേകിച്ച് യുവജനസമൂഹത്തെ സ്വാധീനിക്കുവാൻ തിരുമേനിക്ക് കഴിഞ്ഞത്. ലളിതമായ ജീവിത ശൈലി കൃത്യനിഷ്ഠയോടെയുള്ള ആരാധനാനുഷ്ഠാനങ്ങൾ ഇവയെല്ലാം മറ്റുള്ളവരെ ക്രിസ്തുവിന്റെ പാതയിലേക്ക് നയിക്കുവാൻ പ്രേരിപ്പിച്ചു.

2. വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിച്ച പിതാവ് : ബർന്നബാസ് തിരുമേനിയുടെ അടുത്ത് എത്തുന്നവരെ മാത്രമല്ല എല്ലാവരോടും പ്രത്യേകം വ്യക്തിബന്ധം പുലർത്തി. കുഞ്ഞുങ്ങളെ പേരു ചൊല്ലി വിളിച്ചു. ആരോടും മുഖപക്ഷമില്ലാതെ പറയും. കൈ കൊണ്ട് എഴുതിയ ജന്മദിന ആശംസകളാണ് തിരുമേനി ഏവർക്കും നൽകിയിരുന്നത്. അത് ഹൃദ്യമായി കൂടുതൽ അടുപ്പം തിരുമേനിയോട് ഉണ്ടാക്കുന്നതിന് സഹായകരമായി. ഇടയപരിപാലനത്തിന്റെ വേറിട്ട ജീവിതശൈലി അമേരിക്കൻ ജനതയുടെ മനസ്സിൽ തിരുമേനിക്ക് ഇടം പകർന്നു.

3. കൃത്യനിഷ്ഠയുള്ള സാമ്പത്തിക കാര്യവിചാരകൻ : അമേരിക്കയിൽ 19 വർഷവും അങ്കമാലി, കോട്ടയം, ഇടുക്കി ഭദ്രാസനങ്ങളിലായി 14 വർഷവും ഇടയശുശ്രൂഷ നിർവഹിച്ച ബർന്നബാസ് പിതാവ് ഒരു രൂപ പോലും സ്വന്തമാക്കാതെ മറ്റുള്ളവർക്കുവേണ്ടി ജീവിച്ചു. കൃത്യമായി എല്ലാ ദിവസവും വരവും ചെലവും കണക്കെഴുതി സൂക്ഷിച്ചിരുന്നു. സ്വന്തം പേരിൽ ഒരു സ്ഥാപനവും ഉണ്ടാക്കിയിട്ടില്ല. അമേരിക്കയിൽ നിന്നും ലഭിച്ച സമ്പാദ്യങ്ങൾ അവിടുത്തെ ഭദ്രാസനത്തിന് തിരിച്ചു

Malankaraorthodox TV

നൽകി. അമേരിക്ക സന്ദർശിക്കുന്ന വൈദികരെ കരുതുകയും അവർക്ക് ആവശ്യമായ സഹായവും നൽകിയിരുന്നു. പ്രായഭേദമെന്യേ ഏവരേയും തിരുമേനി സ്നേഹിച്ചു. അമേരിക്കയിലെ സമ്പന്നതയിലും വേറിട്ട ജീവിതശൈലി പകർന്നു. ജീവിതത്തിൽ പ്രകടമാക്കിയ സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും ആത്മീയത അമേരിക്കൻ ജനതയുടെ മനസ്സിൽ ബർന്നബാസ് തിരുമേനിക്ക് പ്രത്യേകമായ സ്ഥാനം ലഭ്യമാക്കി.

malankaraorthodox TV



9

പ്രബോധനപുത്രൻ

ജോസഫ് മാർ ബർണബാസ്

(മാർത്തോമ്മാ സഭ അടൂർ ഭദ്രാസനാധിപൻ)

ദൈവദാസനായ അഭിവന്ദ്യ ബർണബാസ് മെത്രാപ്പോലീത്താ തിരുമേനിയെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അനുഗ്രഹീതമായ ഇടയശുശ്രൂഷ തെല്ല് വ്യത്യസ്തമായി മലങ്കരയിലും വിദേശത്തും നിർവ്വഹിക്കുന്നതിന് ദൈവം തിരുമേനിയെ അനുവദിച്ചു. എപ്പോഴും മറ്റ് പിതാക്കന്മാരുടെ ശുശ്രൂഷാരീതികളിൽ നിന്ന് മാറി അദ്ദേഹം സ്വതസിദ്ധമായ ശൈലിയിൽ തന്റെ നേതൃത്വവും ശുശ്രൂഷയും നമുക്ക് കാണിച്ചു തന്നു. ഓർത്തഡോക്സ് സുറിയാനി സഭയുടെ തനതായ രീതിയും പഠിപ്പിക്കലുകളും മുറ തെറ്റാതെ പാലിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും അദ്ദേഹം വളരെ വ്യഗ്രത കാണിച്ചിരുന്നു.

കോട്ടയം സി.എം.എസ്. കോളജിൽ ഞാൻ പഠിക്കുന്ന കാലം ക്രോസ്ബാർ ഇല്ലാത്ത ലേഡീസ് സൈക്കിളിൽ അദ്ദേഹം പഴയസെമിനാരിയിൽ നിന്ന് ടൗണിലേക്ക് നിരന്തരം യാത്ര ചെയ്യുന്നത് കൗതുകകരമായ കാഴ്ചയായിരുന്നു. പുറകോട്ട് പറക്കുന്ന കമ്മീസിന്റെ തലഭാഗവും രണ്ട് വശത്തേക്കും വിഴിഞ്ഞൊഴുകുന്ന നീണ്ട താടി മീശയും ഫാദർ കെ. കെ. മാത്യൂസച്ചനെ പ്രത്യേകതയുള്ള ഒരു വൈദികനായി ഹൃദയത്തിൽ പകർത്താൻ ഇടയാക്കി. ഒരിക്കലും തമ്മിൽ പരിചയപ്പെടാൻ കഴിഞ്ഞിട്ടില്ലെങ്കിലും ചിരപ്രതിഷ്ഠ നേടിയ ഒരു ആത്മബന്ധത്തിന്റെ തുടക്കം അങ്ങനെയാണ് ആരംഭിച്ചത്.

സി.എം.എസ്. കോളജിനു മുമ്പിലുള്ള വിദ്യാർത്ഥി പ്രസ്ഥാനം ബുക്ക്സ്റ്റാളിൽ നിന്ന് ലഭിച്ച കെ. കെ. മാത്യൂസ് അച്ചന്റെ പുസ്തകങ്ങൾ ഞങ്ങളെ വീണ്ടും അടുപ്പിച്ചു എന്നു പറയാം. ബഹുമാനപ്പെട്ട അച്ചൻ സഭയിലെ ഒരു മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടു കഴിഞ്ഞു പരിയാരം സെന്റ് പീറ്റേഴ്സ് പള്ളിയിൽ വന്നപ്പോൾ എന്റെ കുടുംബാംഗമായ ഫാദർ ജോർജ്ജ് ജോൺ (ഫ്ളോറിഡാ) അച്ചന്റെ ഭവനം സന്ദർശിച്ചപ്പോൾ എന്റെ അമ്മയോടൊപ്പം അഭിവന്ദ്യ തിരുമേനിയെ കണ്ടു സംസാരിപ്പാനും പരിചയപ്പെടുവാനും ദൈവം കൃപ ചെയ്തു. ഞാൻ 1993 ഒക്ടോബറിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട് ഒരാഴ്ച കഴിഞ്ഞപ്പോൾ അഭിവന്ദ്യ തിരുമേനിയുടെ ആശംസാകത്ത് എനിക്ക് ലഭിച്ചു. മലങ്കരസഭയിൽ ബർണബാസ് എന്ന പേരിൽ അഭിഷേകം ചെയ്യപ്പെട്ട രണ്ടാമനാ

യിരുന്നതിനാലാവും ഏറെ വാത്സല്യത്തോടും സ്നേഹത്തോടും അഭിവന്ദ്യ തിരുമേനി എനിക്കെഴുതിയിരുന്നു. സ്വീകരണങ്ങളുടെ തിരക്കിൽ മറുപടി ഒരു മാസം കഴിഞ്ഞാണ് എഴുതുവാൻ സാധിച്ചത്. പിന്നീട് അമേരിക്കയിൽ തിരുമേനിയുടെ അരമന സന്ദർശിച്ച് മറുപടി താമസിച്ചതിനുള്ള ക്ഷമാപണം നേരിട്ട് അറിയിച്ചെങ്കിലും ആ മുഖത്ത് ശുണ്ഠി മറഞ്ഞിരുന്നില്ല. എപ്പോൾ തിരുമേനിയെ സന്ദർശിച്ചാലും താൻ എഴുതിയ പുസ്തകങ്ങളുടെ ഒരു ശേഖരം തന്ന് അനുഗ്രഹിക്കുമായിരുന്നു. കാനഡയിലുള്ള എഡ്മണ്ടൻ ഇടവക വികാരിയായിരിക്കുമ്പോൾ 1991-ൽ തിരുമേനി എന്റെ പള്ളിയിൽ വന്ന് ഒരു നമസ്കാരത്തിനും പ്രസംഗത്തിനും നേതൃത്വം നൽകിയത് സന്തോഷത്തോടെ സ്മരിക്കുന്നു. ബർണബാസ് എന്ന പേരിന്റെ അർത്ഥം പോലെ തന്നെ അഭിവന്ദ്യ തിരുമേനി പ്രബോധനങ്ങളുടെ പുത്രൻ തന്നെ ആയിരുന്നു.

ഏറ്റവും ഒടുവിൽ 2012 ഓഗസ്റ്റ് 9-ന് പിറന്നാളിനോട് ചേർന്ന്, പാമ്പാടി ദയറായിൽ വച്ചാണ് അഭിവന്ദ്യ തിരുമേനിയെ ഞാൻ സന്ദർശിച്ചത്. ആ സന്ദർശനവും ഹൃദ്യമായിരുന്നു. തിരുമേനിയുടെ ഗ്രന്ഥശേഖരത്തിൽ നിന്ന് അന്നും എനിക്ക് പുസ്തകങ്ങൾ തന്ന് അയയ്ക്കുന്നതിന് തിരുമേനി ബദ്ധശ്രദ്ധനായിരുന്നു. ഈ കുറിപ്പുകൾ എഴുതുമ്പോൾ എന്റെ ഭദ്രാസന സെക്രട്ടറി റവ. അലക്സാണ്ടർ തോമസച്ചൻ, അദ്ദേഹത്തിന് തിരുമേനിയോടുള്ള ബന്ധവും അടുപ്പവും പറഞ്ഞു. അച്ചൻ ഇടുക്കി ജില്ലയിൽ വൈദികശുശ്രൂഷ നിർവഹിക്കുന്ന കാലത്താണ് അഭിവന്ദ്യ തിരുമേനി ഇടുക്കി മെത്രാപ്പോലീത്തായായി പ്രവർത്തിച്ചിരുന്നത്. അച്ചൻ ഒരിക്കൽ ചെല്ലാർകോവിൽ എന്ന സ്ഥലത്ത് നിൽക്കുമ്പോൾ ഒരു കാർ റിവേഴ്സ് ഗിയറിൽ പിന്നോക്കം പാഞ്ഞു വരുന്നു. അച്ചന്റെ അടുത്തു വന്നപ്പോൾ കാർ നിന്നു. അപ്പോൾ തിരുമേനി അതിനകത്തുണ്ടായിരുന്നു. കാറിന്റെ ഫോർവേർഡ് ഗിയർ ഒന്നും വർക്ക് ചെയ്യുന്നില്ല. അതിനാലാണ് ഇങ്ങനെ വരുന്നത്. അരമന വരെ അങ്ങനെ ചെല്ലട്ട് എന്ന് പറഞ്ഞ് യാത്ര തുടർന്നു. എന്നാൽ അന്നുണ്ടായ പരിചയം തിരുമേനി മറക്കാതെ എപ്പോഴും മാർത്തോമ്മാ അച്ചനെ എല്ലായിടത്തും പരിചയപ്പെടുത്തുമായിരുന്നു. തിരുമേനി അമേരിക്കൻ ഭദ്രാസനത്തിലെത്തിയപ്പോൾ അച്ചനും അവിടെ സ്ഥലം മാറി ചെന്നിരുന്നു. ഇടുക്കി ബന്ധം അമേരിക്കയിലും കാത്തുസൂക്ഷിച്ച വിധം അച്ചൻ നന്ദിയോടെ സ്മരിക്കുന്നു.

നല്ല കണിശക്കാരനും, നിശ്ചയദാർഢ്യമുള്ളവനും, വിശ്വാസകാര്യങ്ങളിലും അനുഷ്ഠാനങ്ങളിലും, കാർക്കശ്യക്കാരനും ആയിരുന്നു. എന്നാൽ നിർമ്മലഹൃദയം അദ്ദേഹത്തിന് സ്വന്തമായിരുന്നു. വചനം അറിയാത്തവർ പ്രസംഗങ്ങളിലൂടെ തിരുവചനം ഉദ്ധരിക്കുമ്പോൾ വരുത്തുന്ന തെറ്റ് അപ്പോൾ തന്നെ തിരുമേനി തിരുത്തുമായിരുന്നു. മലങ്കരസഭയ്ക്ക് ഒരു

MalankaraorthodoxTV

നല്ല ഗുരുവിനെയാണ് നഷ്ടപ്പെട്ടത്. ധൂർത്തിന്റെ ഈ കാലത്ത് ലളിത സുന്ദരമാക്കിയ ഒരു താപസശ്രേഷ്ഠനെ നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നഷ്ടം എന്നു പറയേണ്ട, അനേകർക്ക് ക്രിസ്തുസന്ദേശം തന്റെ ജീവിതത്തിലൂടെയും സന്ദേശങ്ങളിൽ കൂടെയും ആരാധനയിലൂടെയും സ്പർശനത്തിലൂടെയും നൽകിക്കൊടുക്കുന്നതിന് വന്ദ്യ തിരുമേനിക്കു സാധിച്ചു.

“എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും പലരേയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും” (ദാനിയേൽ 12:3).

Malankaraorthodox TV

10

നിസ്സ്വതയുടെ ചാർച്ചക്കാരൻ

തോമസ് മാർ കൂറിലോസ്

(മലങ്കര കത്തോലിക്കാ സഭ തിരുവല്ല അതിഭദ്രാസനാധിപൻ)

ആണ്ടറുതിയിലെ ഡിസംബർ എന്ന കടശ്ശിത്താള്, കലണ്ടറിൽ നിന്നും നാം അടർത്തിമാറ്റുന്നത് നഷ്ടബോധത്തോടെയാണ്. എന്നാൽ, മരണം എനിക്കു നേട്ടമാണെന്ന് എൺപത്തെട്ടാണ്ടുകളുടെ സമർപ്പണ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തി, ഡിസംബർ ഒമ്പതാം നാളിൽ ഈ മണ്ണിനോടു വിടപറഞ്ഞ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ സ്മൃതികൾ പോലും ആത്മീയനേട്ടമായിത്തീരുകയാണ്, സഭയ്ക്കും സമൂഹത്തിനും. എളിമയുടെയും ലാളിത്യത്തിന്റെയും അവസാന ചവിട്ടുപടി തേടി പ്രയാണം ചെയ്ത ഈ ആദ്ധ്യാത്മ തീർത്ഥാടകനുമായി ഏറെ അടുത്തിടപെടാൻ കഴിഞ്ഞതിൽ ഞാനും ദൈവത്തെ നന്ദിയോടെ സ്തുതിക്കുന്നു. സർവ്വാധിനാഥനായ യേശുക്രിസ്തു എളിമയുടെ പരകോടി തേടി ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറവികൊണ്ട ഡിസംബറിൽത്തന്നെ എളിമയുടെ ഈ മഹിതാചാര്യൻ സുഗന്ധപൂരിതമായ ഓർമ്മയായിത്തീരുകയാണ്.

വടക്കുകിഴക്കൻ അമേരിക്കയുടെ ഭദ്രാസനാധിപ സ്ഥാനത്തുനിന്നും വിരമിച്ച്, കഴിഞ്ഞ ഏപ്രിൽ മാസം മുതൽ പാമ്പാടി ദയറായിൽ വിശ്രമിക്കുകയായിരുന്നു. എളിമയുടെയും ലാളിത്യത്തിന്റെയും നിറവായിരുന്ന പാമ്പാടി തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന മണ്ണിൽത്തന്നെ ശിഷ്ടകാലം കഴിക്കണമെന്ന ആഗ്രഹത്തോടെയാണ് ബർണബാസ് തിരുമേനി അവിടെ കുടിയേറിയത്. പുണ്യാത്മാവായിരുന്ന പാമ്പാടിത്തിരുമേനിയുമായുള്ള ആത്മൈക്യം മൂലമാവണം, ആ പൂർവ്വസൂരി അന്ത്യശ്വാസം വലിച്ച അതേ നിമിഷത്തിൽ തന്നെ; അതായത്, പുലർച്ചെ കൃത്യം 2.30-ന് തന്നെ ഈ അനുഗാമിയും കാലം ചെയ്തത്.

അന്ത്യനാളുകളിൽ ചികിത്സാർത്ഥം പുഷ്പഗിരി ആശുപത്രിയിലായിരുന്നപ്പോൾ ഞാൻ കൂടെക്കൂടെ തിരുമേനിയെ ചെന്നു കാണുമായിരുന്നു. ഏറെ ക്ഷീണിതനായിരുന്ന ആ അവസരത്തിൽപോലും എഴുന്നേറ്റു നടക്കാനുള്ള ഊർജ്ജം കിട്ടിയാലുടൻ അദ്ദേഹം അടുത്ത മുറികളിലും വാർഡുകളിലുമുള്ള രോഗികളെ ചെന്നു കണ്ട് ആശ്വസിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. വാക്കിലും പ്രവൃത്തിയിലും ക്രിസ്തീയധർമ്മത്തിന്റെ പ്രകാശം എക്കാലവും അദ്ദേഹം

Malankaraorthodox.tv

പ്രസരിപ്പിച്ചു പോന്നിരുന്നു. ഫാദർ കെ. കെ. മാത്യൂസ് എന്ന അഭിധാനത്തിൽ കൺവൻഷൻ പ്രസംഗകനായും ധ്യാനഗുരുവായും നിറഞ്ഞുനിന്ന അദ്ദേഹം 1978-ൽ 54-ാം വയസ്സിൽ മെത്രാപ്പോലീത്തായായി. ഇടുക്കി ഭദ്രാസനത്തിന്റെ ആദ്യത്തെ മേല്പട്ടക്കാരനായും അങ്കമാലി, കോട്ടയം, അമേരിക്കാ എന്നീ ഭദ്രാസനങ്ങളുടെ ചുമതലക്കാരനായും നിന്ന് എത്ര ധീരമായ ക്രൈസ്തവ സാക്ഷ്യമാണ് വിന്യസിപ്പിച്ചു പോന്നത്. വേദഗ്രന്ഥചിന്തകൾ ആഴമായ ആധികാരികതയോടെ ജനഹൃദയങ്ങളിൽ വിളമ്പിക്കൊടുത്തിരുന്ന അദ്ദേഹത്തിന്റെ വടക്കൻ ചുവകലർന്ന ഭാഷണശൈലി ശ്രോതാക്കളെ ഹരം കൊള്ളിച്ചിരുന്നതായി കേട്ടിട്ടുണ്ട്.

മെത്രാനായ കാലത്തുതന്നെ സ്വർണ്ണദണ്ഡും സ്വർണ്ണക്കുരിശും പാടേ ഉപേക്ഷിച്ച് മരംകൊണ്ടുള്ള അംശവടിയും മരക്കുരിശും കാഷായവും അദ്ദേഹം ഭൂഷണമാക്കി. ആദ്യകാലത്ത്, ഇടുക്കിയിൽ വച്ച് ഉപയോഗിച്ചുപോന്ന വാഹനം മോഷ്ടിക്കപ്പെട്ടതിനെ തുടർന്ന് പിന്നീട് എക്കാലവും ബസ്സിൽ മാത്രമാണ് തിരുമേനി സഞ്ചരിച്ചു പോന്നത്. ഏതു സ്ഥലത്ത് അദ്ദേഹം താമസിച്ചാലും ആ പ്രദേശത്തുള്ള രോഗികളെയും ദുഃഖിതരെയും തേടി അദ്ദേഹം ചുറ്റിസഞ്ചരിക്കുമായിരുന്നു. തിരുമേനിയുടെ ദിവ്യത്വം നിറഞ്ഞ സന്ദർശനസാന്നിദ്ധ്യം അവരിൽ പകർന്ന ആശ്വാസവും സ്വച്ഛതയും അപാരമായിരുന്നു. അമേരിക്കയിലേക്ക് രണ്ടു പെട്ടികളുമായി പോയ തിരുമേനി 19 വർഷത്തെ അനന്യസേവനാനന്തരം തിരിച്ചു വന്നപ്പോഴും ആ പഴയ രണ്ടു പെട്ടികൾ മാത്രമേ തിരികെ കൊണ്ടുവന്നിരുന്നുള്ളു.

ഉന്നതങ്ങളിൽ സമ്പന്നതയുടെ അവസാനവാക്കായ ദൈവപിതാവ് അധിവസിക്കുമ്പോൾ എന്തിനാണ് ഈ ഭൗമഉച്ഛിഷ്ടങ്ങൾ വാരിക്കൂട്ടാൻ നാം മെനക്കെടുന്നത് എന്നാണ് ഈ സൽപുത്രൻ ആർത്തി പെരുത്ത സമൂഹത്തോട് സ്വമാതൃകയിലൂടെ ആരായുന്നത്.

അമേരിക്കൻ വാസകാലത്ത് കൈവന്ന സർവ്വസ്വത്തുക്കളും ആ ഭദ്രാസനത്തിനു ദാനം ചെയ്ത് ശൂന്യഹസ്തനായാണ് തിരുമേനി അവിടെ നിന്നും മടങ്ങി പാമ്പാടി ദയറായിലെത്തിയത്. ഔദ്യോഗിക ധർമ്മങ്ങളിൽ നിന്നും മുക്തി നേടി നിർധനരും രോഗികളും നിരാലംബരുമായ പതിതർക്കൊപ്പം കഴിയാനായിരുന്നു തിരുമേനി ആഗ്രഹിച്ചത്.

ആരെ നേരിൽ കണ്ടാലും ഫോണിൽ സംസാരിച്ചാലും വേദഗ്രന്ഥാധിഷ്ഠിതമായ വചനങ്ങൾ മാത്രമേ ആ തിരുനാവിൽ നിന്നുതിരുമായിരുന്നുള്ളു. കൂടെ പാർക്കുന്ന വൈദികർ ഒത്തുകൂടി ലോകകാര്യങ്ങൾ എന്തെങ്കിലും പറഞ്ഞിരിക്കുന്നതായി കണ്ടാൽ ഉടൻ അവരെ അത്തരം നേരമ്പോക്കുകളിൽ നിന്നും തിരുമേനി പിന്തിരിപ്പിക്കുകയും സത്യവേദ

പുസ്തകം വായിച്ച് മനനം ചെയ്ത് ഓരോരുത്തരും സ്വന്തമായി ഓരോ വചനവ്യാഖ്യാനം എഴുതിക്കൊണ്ടുവരാൻ ആവശ്യപ്പെടുകയും ചെയ്യു മായിരുന്നു. അങ്ങനെ അച്ചന്മാർക്കു പോലും 'ഗൃഹപാഠം' നൽകുന്ന നല്ലൊരു ഗുരുകുലാചാര്യൻ തന്നെയായിരുന്നു ഈ ജ്ഞാനയോഗി.

വചനംകൊണ്ടും കർമ്മംകൊണ്ടും മാത്രമല്ല സ്മൃതി സാന്നിദ്ധ്യ ത്താൽ പോലും ഒരു കെടാവിളക്കായി നമ്മുടെ മലങ്കരസഭാ വീഥിക ളിൽ ഈ ആർഷദീപം പ്രഭ ചൊരിഞ്ഞുകൊണ്ടു വാഴും, ചിരകാലവും.

Malankaraorthodox TV

11

വ്യത്യസ്തനായൊരു മെത്രാപ്പോലീത്താ

ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

അടുത്തസമയത്ത് ദിവംഗതനായ മാത്യൂസ് മാർ ബർണബാസ്, വ്യത്യസ്തനായ ഒരു മെത്രാപ്പോലീത്താ ആയിരുന്നു. ആ നാമധാരിയായി മറ്റൊരാൾ മലങ്കര ഓർത്തഡോക്സ് സഭയിൽ ഉണ്ടായിട്ടില്ല. ആ പേരിന്റെ അർത്ഥം, പ്രബോധനപുത്രൻ, ആശ്വാസപുത്രൻ, പ്രവചനപുത്രൻ എന്നൊക്കെയാണ്. 'പ്രബോധനപുത്രൻ' എന്നത് അന്വർത്ഥമാക്കുന്നതായിരുന്നു ഇദ്ദേഹത്തിന്റെ പ്രവർത്തനശൈലി. പ്രസംഗിക്കുന്നതിൽ അത്യുത്സാഹം പ്രകടമായിരുന്നു. ചിലപ്പോൾ, കുർബ്ബാന ആരംഭിക്കുന്നതിനു മുമ്പ് ഏവൻഗേലിയോൻ വായന കഴിഞ്ഞ്, കൈ മുത്തിനു മുമ്പ് ഇങ്ങനെ ഒരു കുർബ്ബാനയിൽ മൂന്നു പ്രസംഗങ്ങൾ വരെ നടത്തിയിട്ടുള്ളത് ഓർക്കുന്നു. 'ആശ്വാസപുത്രൻ' എന്നതും അദ്ദേഹത്തിനു യോജിക്കും. രോഗികളെയും ആലസ്യത്തിലിരിക്കുന്നവരെയും സന്ദർശിച്ച് സാന്ത്വനം നൽകുന്ന കാര്യത്തിൽ ഇത്രയും തീക്ഷ്ണത മറ്റാരിലും ഞാൻ കണ്ടിട്ടില്ല.

ആരാധനാകാര്യങ്ങളിൽ വ്യത്യസ്തത

മറ്റുള്ളവരുടെ കണ്ണു തുറപ്പിക്കുവാനും ശ്രദ്ധതിരിക്കുവാനും പര്യാപ്തമായ ചില നിർബന്ധങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ ചുമതലപ്പെട്ടവർ ഗൗരവപൂർവ്വം പരിഗണിക്കപ്പെടുന്നില്ല എന്നുള്ളതാണ് പരിതാപകരമായ വസ്തുത.

1. മൂന്നിന്മേൽ കുർബ്ബാന: അദ്ദേഹം ഈ അനുഷ്ഠാനത്തിന് എതിരായിരുന്നു. അതിൽ സഹകാരി ആയിരുന്നിട്ടില്ല. ഇക്കാര്യത്തിൽ ഞാൻ നൂറു ശതമാനം അദ്ദേഹത്തിന്റെ പക്ഷത്താണ്. Concelebration - ഒരു ത്രോണോസിൽ ഒന്നിലധികം വൈദികർ ഒരുമിച്ച് വി. കുർബ്ബാന അനുഷ്ഠിക്കുന്ന രീതി പുരാതനമായ ഒന്നും, ഓർത്തഡോക്സ് സഭകളിൽ ഇന്നും പിന്തുടരുന്നതുമാണ്. എന്നാൽ മൂന്നു ത്രോണോസിൽ മൂന്നു പേർ ഒരേസമയത്ത് കുർബ്ബാന അനുഷ്ഠിക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം മലങ്കരയിൽ മാത്രമുള്ള ഒന്നാണ്. വേദശാസ്ത്രപരമായും, ചരിത്രപരമായും, പ്രായോഗികമായും നോക്കുമ്പോൾ ഇത് അസ്വീകാര്യമായ ഒന്നാണ്. കുർബ്ബാന ഉച്ചത്തിൽ ചൊല്ലുവാനുള്ളതാണ്. അല്ലാതെ മൗനമായി പുസ്ത

കത്തിൽ നോക്കി നിൽക്കാനുള്ളതല്ല. ജനങ്ങളുടെ ഏകാഗ്രതയും, ശ്രദ്ധയും തെറ്റിക്കുവാനും, പലപ്പോഴും ഇതു കാരണമാകുന്നു.

2. പ്രസംഗം: “വചനശുശ്രൂഷ”യാണ് വിശ്വാസപ്രമാണം വരെയുള്ള കുർബാനയിലെ ആദ്യ ഭാഗം. തിരുവെഴുത്തുകളിലെ വായനകൾ പൂർത്തീകരിച്ച് അതിന്റെ അന്ത്യത്തിൽ വായിച്ച ഭാഗത്തെ സംബന്ധിച്ചുള്ള പ്രബോധനം - അതാണ് ശരിയായ ക്രമം. എല്ലാ സഭകളിലും ഏവൻഗേലി വായന കഴിഞ്ഞാണ് പ്രസംഗം. ജനങ്ങൾ ആ സമയത്തേക്കു വന്നെത്തിയാലും, ഇല്ലെങ്കിലും ഈ തിരുമേനിയുടെ പ്രസംഗം അപ്പോൾ ഉണ്ടായിരിക്കും. ആരാധനാ സംവിധാനത്തെപ്പറ്റി അവബോധമുള്ളവർ നിശ്ചയമായും അങ്ങനെയാണ് ചെയ്യേണ്ടത്.

3. സ്ഥാനവസ്ത്രം: മറ്റുള്ളവർ കുർബ്ബാന അർപ്പിക്കുമ്പോൾ, മദ്ബഹായിൽ സന്നിഹിതനാണെങ്കിൽ സ്ഥാനവസ്ത്രം ധരിച്ചുകൊണ്ടു മാത്രമേ പങ്കെടുക്കുകയുള്ളു. അതുപോലെ വിവാഹം, മാമോദീസാ എന്നീ കൂദാശകൾ അനുഷ്ഠിക്കുമ്പോൾ അദ്ദേഹം എല്ലാ സ്ഥാനവസ്ത്രങ്ങളും ധരിച്ചുകൊണ്ടു മാത്രമേ ശുശ്രൂഷ നടത്തുകയുള്ളു. എന്നാൽ ഇക്കാര്യത്തിൽ നമ്മുടെ മെത്രാന്മാരുടെ ഇടയിൽ ഒരു ഐകരൂപ്യം ഇല്ല. ചിലർ അംശവസ്ത്രം ധരിച്ചും, മറ്റു ചിലർ ചുവപ്പു കുപ്പായവും പുറംകുപ്പായവും മാത്രം (അതാണ് മെത്രാന്റെ സാധാരണവേഷം) ധരിച്ച് ഒരു പട്ടക്കാരനെ കാപ്പയിടുവിച്ച് മാപ്പുസാക്ഷിയാക്കി നിറുത്തിക്കൊണ്ട് ഈ കൂദാശകൾ അനുഷ്ഠിക്കുന്നതു കാണാം. എന്തിനാണ് ഒരു പട്ടക്കാരനെ വേഷം ധരിപ്പിച്ചു നിറുത്തുന്നത് എന്നതിനുത്തരമൊന്നുമില്ല. അവർക്കു ചെയ്യുവാൻ ഒരു കർമ്മവുമില്ല. എല്ലാം സാധാരണ വസ്ത്രധാരിയായ മെത്രാൻ തന്നെ നിർവഹിക്കുകയാണ്. അംശവസ്ത്രധാരിയായ പട്ടക്കാരൻ നോക്കുകുത്തി മാത്രം! ഈ നടപടിയെ എതിർക്കുന്ന വ്യക്തി ആയിരുന്നു ബർണബാസ് തിരുമേനി.

4. മാമോദീസാ ശുശ്രൂഷ നടത്തുന്നത്, തൂയോബോയ്ക്കുശേഷം കുർബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പായിട്ടാണ്. മാമോദീസാ സ്വീകരിച്ച്, സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചുകൊണ്ടാണ് ഒരു പൈതൽ കുർബാനയിൽ സംബന്ധിക്കുന്നത്. അപ്പോൾ വിശ്വാസികളുടെ സമൂഹവും മാമോദീസായിൽ ഭാഗഭാക്കുകളാകുന്നു എന്നുള്ളതും പ്രധാനമാണ്.

5. സ്ലീബാ ആഘോഷം: ഓശാനയുടെ കുരുത്തോല, സ്ലീബാ ഇവ ആഘോഷിക്കുന്നത് മദ്ബഹായിൽ നിന്നുകൊണ്ടല്ല. പ്രത്യേക പീഠമായ ‘ബീമാ’ ഇല്ലെങ്കിൽ മദ്ബഹായിൽ വച്ച് ആകാം എന്ന് നടപടിക്രമത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും, അദ്ദേഹം ഹൈക്കലായുടെ നടുവിൽ ഒരു

MalankaraOrthodox.TV

ചെറിയ മേശമേൽ കയറി നിന്നുകൊണ്ടാണ് നടത്തുക. അതിൽ പല അസൗകര്യങ്ങൾ ഉണ്ടെങ്കിലും, അദ്ദേഹത്തിന് അതിൽ യുക്തിയും ന്യായവുമുണ്ട്.

ഇത്രയധികം പ്രത്യേകതകൾ ആരാധനാകാര്യങ്ങളിൽ പുലർത്തിയവർ മറ്റാരുമുണ്ടാകുകയില്ല. അവയ്ക്കെല്ലാം അദ്ദേഹത്തിന് ന്യായങ്ങളും വിശദീകരണങ്ങളുമുണ്ടായിരുന്നു.

ജീവിതശൈലിയിൽ വ്യത്യസ്തത

എല്ലാ മേഖലകളിലും തെളിഞ്ഞു നിന്ന ഒന്ന് ലാളിത്യമായിരുന്നു. വേഷത്തിലും, ജീവിതചര്യയിലും, ജീവിതശൈലിയിലും എല്ലാം ഈ സവിശേഷത പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ: "മെത്രാപ്പോലീത്തായ്ക്ക് സ്വർണ്ണവടിയും, സ്വർണ്ണ സ്ലീബായും ആവശ്യമില്ല. ലളിതമായ ജീവിതമാണ് ആവശ്യം. അതിനാൽ തടികൊണ്ടുള്ള വടിയും സ്ലീബായും മതി."

സ്വർണ്ണവും, വെള്ളിയും രാജകീയ പ്രൗഢിയുടെയും പ്രതാപത്തിന്റെയും പ്രതീകമാണ്. ചുവന്ന കുപ്പായവും രാജകീയചിഹ്നമാണ്. ഇത് ലത്തീൻ സഭയിൽ നിന്ന് സുറിയാനിക്കാർ അനുകരിച്ചെടുത്തതാണ്. മറ്റ് ഓർത്തഡോക്സ് സഭകളിൽ ഒന്നുംതന്നെ മെത്രാപ്പോലീത്താമാർക്ക് ചുവപ്പു കുപ്പായമില്ല. നമ്മുടെ സഭ ദേശീയസഭയും, ഭാരതീയ പാരമ്പര്യം ഉൾക്കൊള്ളുന്നതുമാണ് എന്ന് അഭിമാനിക്കുന്നു. അങ്ങനെയെങ്കിൽ സന്യാസികൾക്ക് കാവിവസ്ത്രമാണ് അനുയോജ്യം. അതാണ് ഈ തിരുമേനി സ്വീകരിച്ചിരുന്നത്. സ്ത്രീകൾ സാരി മാറി മാറി ധരിക്കുന്നതുപോലെ കാപ്പകൾ മാറി മാറി ഓരോ ഞായറാഴ്ചയും അണിയുന്ന പട്ടക്കാരും മേൽപട്ടക്കാരുമുണ്ട്. എന്നാൽ ഇദ്ദേഹത്തിന് ആകെ ഒരു കാപ്പാ മാത്രമാണ് ഉണ്ടായിരുന്നത്. അതു മാത്രം ജീവിതം മുഴുവൻ ഉപയോഗിച്ച ആദർശനിഷ്ഠനായിരുന്നു.

മെത്രാൻ സന്യാസിയാണ്. അതിന്റെ അടയാളമാണ് ശിരോവസ്ത്രമായ മസ്നപ്സാ. സന്യാസി എന്നുള്ള സത്യം വിസ്മരിച്ചുകൊണ്ട് രാജകീയ പ്രൗഢിയിലേക്കും ഔന്നത്യത്തിലേക്കും മാറിപ്പോയതും മാറിപ്പോകുന്നതുമായ ചിത്രമാണ് പൊതുവെ നാം ദർശിക്കുന്നത്. സന്യാസി, സകലത്തെയും സംത്യജിക്കുന്നവനാണ്. എന്നാൽ പല സന്യസ്ഥർക്കും ആർജ്ജനാസക്തി മുന്നിട്ടു നിൽക്കുന്നു. സ്വന്തം പേരിൽ, അല്ലെങ്കിൽ സ്വന്തം ആധിപത്യം നിലനിറുത്തുന്ന ഏതെങ്കിലും ട്രസ്റ്റിന്റെ പേരിൽ ധനമാർജ്ജിക്കുന്നു.

ഇവിടെ വ്യത്യസ്തനായ ഒരു സന്യാസിയെ കാണാം. അമേരിക്കയിലെ

Malankaraorthodox.tv

രണ്ടു ദശകത്തിലെ സേവനത്തിനുശേഷം തിരികെപ്പോരുമ്പോൾ രണ്ടു കൊച്ചു പെട്ടികൾ മാത്രം. അവയിലാകട്ടെ സ്വന്തം വസ്ത്രവും കുറെ മരുന്നുകളും. അദ്ദേഹത്തിന്റെ വാക്കുകൾ: "അമേരിക്കയിൽ ആഡംബ രകാറുകളും അത്യാധുനിക സൗകര്യങ്ങളും സമൃദ്ധിയും അനവധിയാണ്. എങ്കിലും ഇവിടുന്നു വിട്ടുപിരിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇനിയുള്ള ശിഷ്ടായുസ്സ് രോഗങ്ങളും കഷ്ടതകളും ഉള്ളവരോടൊപ്പം ഉണ്ടാകണം." ഭൗതിക സുഖസൗകര്യങ്ങൾ വിട്ടുപിരിയാൻ ഉള്ള സന്നദ്ധത ആ വാക്കു കളിൽ കേൾക്കാം. അതോടൊപ്പം കഷ്ടപ്പെടുന്നവരോട് ഏകീഭവിക്കു വാനുള്ള താല്പര്യവും പ്രകടമാണ്.

അവിടെ ലഭിച്ച പണത്തെപ്പറ്റി പറഞ്ഞത് ഇപ്രകാരമാണ്: "ഈ പണം ഇവിടെ മെത്രാച്ചനായിരുന്നപ്പോൾ കിട്ടിയതാണ്. ഇതു ഇവിടുത്തെ മെത്രാസനത്തിനുള്ളതാണ്. എനിക്കു കാശിനാവശ്യമില്ല." ഇത്ര ഉന്നത മായ നിസ്സംഗഭാവം യഥാർത്ഥ സന്യാസിത്വത്തിന്റെ മുഖമുദ്രയാണ്. സന്യാസിത്വത്തിന്റെ മുഖംമൂടിയണിഞ്ഞ അനേകർ കുത്സിതമായ മാർഗ്ഗ ത്തിൽ കൂടിയെല്ലാം ധനം ആർജ്ജിക്കുന്ന ചിത്രം ഇതര മതങ്ങളിലും നാം കാണുന്നതാണ്. ഇവിടെയിതാ വ്യത്യസ്തനായ ഒരു സന്യാസി!

ധനം അതിൽത്തന്നെ ഒരു ദോഷമെന്നോ തെറ്റെന്നോ ക്രിസ്തീയ സുവിശേഷം പഠിപ്പിക്കുന്നില്ല. മനുഷ്യൻ അപ്പംകൊണ്ടു മാത്രം ജീവി ക്കുന്നില്ല എന്നു പറയുമ്പോൾ "അപ്പം" അഥവാ, ഭൗതിക വസ്തുക്കൾ ആവശ്യമില്ലെന്നോ, നിഷ്പ്രയോജനമെന്നോ അർത്ഥമാക്കുന്നില്ല. അതി നപ്പുറമുള്ള ആത്മിക മൂല്യങ്ങളും വിഷയങ്ങളും ആവശ്യമുണ്ട് എന്ന് ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്.

ധനം ശരിയായി വിനിയോഗിച്ച് പ്രയോജനം കൈവരുത്താമെന്ന് ഇദ്ദേഹം തെളിയിക്ക കൂടി ചെയ്തു. രണ്ടു ഭദ്രാസനങ്ങൾക്ക് അഭിമാ നാർഹങ്ങളായ ആസ്ഥാനങ്ങൾ നിർമ്മിക്കുവാൻ സാധിച്ചത് നിസ്സാരമായ കാര്യമല്ല. ഒന്നാമത്തേത് ഇടുക്കി ഭദ്രാസനത്തിലാണ്. കുമളിയിൽ നിന്ന് പത്തു കിലോമീറ്റർ അകലെ ചക്കുപള്ളം എന്ന സ്ഥലത്ത് പ്രധാന റോഡിന്റെ വശത്ത് മനോഹരമായ ഒരു ആസ്ഥാനം അദ്ദേഹം നിർമ്മിച്ചു. ഇടുക്കി ഭദ്രാസനത്തിലെ പള്ളികൾ മിക്കതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവയാണ്. ബസ്സിൽ സഞ്ചരിച്ചും കാൽനടയായി എത്തിയുമാണ് ജനസമ്പർക്കം സാധ്യമാക്കിയത്. വലിയ പള്ളികൾ ഒന്നു പോലുമില്ലാത്ത ആ ഭദ്രാസനത്തിൽ ചുരുങ്ങിയ സമയംകൊണ്ട്, ആസ്ഥാനം മാത്രമല്ല ഒരു ആശുപത്രി കൂടി പ്രവർത്തനസജ്ജമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

രണ്ടാമത്തെ ആസ്ഥാന നിർമ്മിതി അമേരിക്കയിലാണ്. പ്രഗത്ഭനായ

Malankaraorthodox.TV

ഒരു മെത്രാപ്പോലീത്താ സർവ്വതന്ത്രസ്വതന്ത്രനായി അവിടെ പ്രവർത്തിച്ചിരുന്നു. യൂണിവേഴ്സിറ്റിയിലെ ഒരു ഉദ്യോഗവും അദ്ദേഹം വഹിച്ചിരുന്നു. സ്വന്തമായി ഒരു ആസ്ഥാനമുണ്ടാക്കിയെങ്കിലും ഭദ്രാസനത്തിനുവേണ്ടി ഒന്നു നിർമ്മിക്കുവാൻ അദ്ദേഹം ഉത്സാഹിച്ചില്ല. ശ്രമിച്ചിരുന്നെങ്കിൽ നിഷ് പ്രയാസം അദ്ദേഹത്തിനു സാധിക്കുമായിരുന്നു. പ്രശ്നസങ്കീർണ്ണമായി അമേരിക്കൻ ഭദ്രാസനം എത്തിച്ചേർന്നപ്പോഴാണ് ബർണബാസ് തിരുമേനിയെ അവിടേക്കു നിയോഗിക്കുന്നത്. അദ്ദേഹമായിരുന്നോ അനുയോജ്യനായ വ്യക്തി എന്ന് സന്ദേഹിക്കുന്നവർ അനേകരുണ്ടായിരുന്നു. പക്ഷേ, കാലം തെളിയിച്ചു അതു ശരിയായ നിയോഗം തന്നെ ആയിരുന്നു എന്ന്.

അദ്ദേഹം അവിടെ എത്തിയപ്പോൾ ഉണ്ടായ അനുഭവത്തെപ്പറ്റി: "ഇവിടെ വന്നെത്തിയ എനിക്കു താമസിക്കുന്നതിനു ഒരു പള്ളിമുറി പോലും ലഭിച്ചില്ല. താൽക്കാലികമായി വീടുകളിൽ താമസിച്ചു." ആതിഥ്യം നൽകിയ വീട്ടുകാർക്കും, അതിഥിയായ വ്യക്തിക്കും അത് ശ്വാസംമുട്ടിക്കുന്ന അവസ്ഥ തന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രദ്ധ താമസിക്കുവാൻ അനുയോജ്യമായ ഒരു ഭവനം ലഭ്യമാക്കുക എന്നതായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ: "ന്യൂയോർക്കിലെ ബൽറോസിൽ ഒരു കെട്ടിടം വാങ്ങി അവിടെ താമസമാക്കി." ഒന്നിലധികം പ്രാവശ്യം ഞാൻ ആ "അരമന"യിൽ പോയിട്ടുണ്ട്. ഒരു ചാപ്പലും അതിൽ സജ്ജമാക്കിയിരുന്നു.

നമ്മേക്കാൾ അനവധി വർഷം കഴിഞ്ഞ് മാത്രമാണ് മാർത്തോമ്മാ സഭ അമേരിക്കയിൽ ഭദ്രാസനം രൂപവൽക്കരിച്ചത്. ദർശനമുള്ള ഒരു മെത്രാപ്പോലീത്താ അവർക്ക് അവിടെ ലഭ്യമായപ്പോൾ ചുരുങ്ങിയ സമയംകൊണ്ട് ബൃഹത്തായ ഒരു ആസ്ഥാന കോംപ്ലെക്സ് നിർമ്മിക്കാൻ അവർക്കു സാധിച്ചു. അതു ഞാൻ സന്ദർശിച്ചപ്പോൾ അവരുടെ നേട്ടത്തെപ്പറ്റി നേരായ പ്രശംസ തോന്നി. നമ്മുടെ അവസ്ഥയെപ്പറ്റി ലജ്ജാബോധവും. എന്നാൽ ഈ ദുസ്ഥിതിക്ക് പരിഹാരം വരുത്തുവാൻ ബർണബാസ് തിരുമേനിക്കു കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ വലിയ നേട്ടം. അദ്ദേഹം പ്രസ്താവിക്കുന്നു: "2009-ൽ മട്ടൺ ടൗണിൽ 3 ഏക്കർ സ്ഥലം വാങ്ങി, 8000 ചതുരശ്രയടി വിസ്തൃതിയുള്ള അരമന പണിതു. 2010 സെപ്റ്റംബറിൽ ഭദ്രാസന ആസ്ഥാനം ഒരു പുതിയ അരമനയിലാക്കി. എല്ലാം ദൈവത്തിന്റെ കൃപ മാത്രം. എന്റെ ജീവിതത്തിൽ ഉടനീളം ദൈവത്തിന്റെ കൃപ ഞാൻ കാണുന്നു." അതു തികച്ചും സത്യമാണെന്ന് ആ ജീവിതം അടുത്തറിഞ്ഞവർക്കു ബോധ്യമാകും. അദ്ധ്യാപനവൃത്തിയിൽ കുറെക്കാലം വ്യാപൃതനായി എങ്കിലും, ദൈവത്തിന്റെ പദ്ധതി അതായിരുന്നില്ല. ആശുപത്രികളിൽ പ്രശസ്തമായി സേവനമ

നുഷ്ഠിച്ചു എങ്കിലും, ആ സേവനത്തിൽ തുടരാനായിരുന്നില്ല ദൈവോദ്ദേശ്യം. പ്രഗത്ഭമതികളും, ഇംഗ്ലീഷുഭാഷ സരളമായി കൈകാര്യം ചെയ്യാവുന്നവരും, പാശ്ചാത്യ സംസ്കാരത്തോട് ഇഴുകിച്ചേരുന്നവരുമായ വിദഗ്ധർ ഉണ്ടായിരുന്നെങ്കിലും, അവയൊന്നുമില്ലാത്ത ഇദ്ദേഹത്തെയാണ് അമേരിക്കയിൽ ദൈവം ഉപയോഗിച്ചത്. മാരകമായ രോഗത്താൽ ക്ലേശിച്ച് സങ്കീർണ്ണമായ ഒരു സർജറിക്കു വിധേയനായപ്പോൾ തുടർന്ന് പ്രവർത്തനനിരതനാകാൻ കഴിയുമോ എന്ന ആശങ്കയെ അസ്ഥാനത്താക്കിയതും ദൈവകൃപയല്ലാതെ മറ്റൊന്നുമല്ല.

ജീവിതാന്ത്യം വന്നപ്പോൾ, താൻ ഏറെ ആദരിക്കയും ബഹുമാനിക്കയും, ചെയ്ത പാമ്പാടി തിരുമേനിയുടെ അദൃശ്യസാന്നിധ്യമുള്ള പൊത്തൻപുറം ദയറായിൽ വന്നു താമസിക്കാൻ കഴിഞ്ഞതും ദൈവനിയോഗമാണ്. അന്ത്യകാലം പ്രശാന്തമായും, സമാധാനപൂർണ്ണമായും, നിറഞ്ഞ പ്രത്യാശയോടും കഴിയുവാൻ തക്ക അന്തരീക്ഷം അദ്ദേഹത്തിനു ലഭ്യമായി. അമേരിക്കയിൽ നിന്നു പോരുമ്പോൾ ഇങ്ങനെ ഒരു വിശ്രാന്തികേന്ദ്രം അദ്ദേഹത്തിന്റെ ചിന്തയിൽ ഉണ്ടായിരുന്നില്ല. അവിടെയും ദൈവത്തിന്റെ അത്ഭുത പരിപാലനം കാണാം.

പ്രവർത്തനശൈലിയിൽ വ്യത്യസ്തത

മദ്ബഹായിലെ ശുശ്രൂഷയും, ഓഫീസിലെ ഭരണകർത്താവുമായി കഴിയുന്ന മേല്പട്ടക്കാരുണ്ട്. ശവസംസ്കാരം, വിവാഹം, പെരുന്നാൾ ഇവ കേന്ദ്രീകരിച്ച് അജപാലനം നടത്തുന്നവരുമുണ്ട്. സ്ഥാപനങ്ങളുടെ നിർമ്മിതിയിലും നടത്തിപ്പിലും ശ്രദ്ധ ഊന്നുന്നവരുമില്ലാതില്ല. എന്നാൽ ഭവനസന്ദർശനം നടത്തി ജനങ്ങളുമായി സജീവബന്ധം പുലർത്താൻ ശ്രമിച്ച അജപാലനശൈലിയായിരുന്നു ബർണബാസ് മെത്രാപ്പോലീത്തായുടേത്. ഒരിടവകയിൽ പെരുന്നാളിനോ, അതുപോലെയുള്ള ഏതെങ്കിലും പരിപാടിക്കോ എത്തിയതാണെങ്കിലും, ആ ഇടവകയിൽ രോഗവും വാർദ്ധക്യവും ബാധിച്ച് പ്രയാസം അനുഭവിക്കുന്ന ഇടവകാംഗങ്ങൾ ആരെങ്കിലും ഉണ്ടോ എന്ന് അന്വേഷിക്കും. അങ്ങനെയുള്ളവരെ സന്ദർശിച്ചു പ്രാർത്ഥന നടത്താതെ ഇദ്ദേഹം മടങ്ങിയിരുന്നില്ല. മുമ്പ് മെത്രാന്മാർ ഭവനത്തിൽ പോകുന്നത് ഏതോ തെറ്റായ കാര്യമെന്നു കരുതിയിരുന്നു. അത് അവർ സന്യാസികളെന്ന ന്യായത്തിലായിരുന്നു.

നല്ല ഇടയൻ ആടുകളെ പേർ ചൊല്ലി വിളിക്കത്തക്കവണ്ണം അടുത്ത ബന്ധം അവരുമായി പുലർത്തുന്നവൻ ആയിരിക്കണം. അനേകം വ്യക്തികളുടെ ജന്മദിനം ഇദ്ദേഹം മനസ്സിലാക്കിയിരുന്നു. ജന്മദിനത്തിൽ അച്ചടിച്ച ആശംസാകാർഡുകൾ അയയ്ക്കുകയില്ല. ഒരു ഇൻലൻഡിൽ സ്വന്തം കൈ കൊണ്ട് ആശംസകൾ എഴുതി അറിയിക്കുക ആയിരുന്നു പതിവ്.

ബൈബിളിൽ നിന്നുള്ള ചില വാക്യങ്ങൾ നിശ്ചയമായും അതിൽ ഉൾപ്പെടുത്തിയിരിക്കും. ഏറെക്കാലം ഇപ്രകാരം ജന്മദിനാശംസകൾ എനിക്കു ലഭിച്ചുകൊണ്ടിരുന്നു. വ്യക്തികളെക്കുറിച്ചുള്ള താല്പര്യമാണ് ഇപ്രകാരമുള്ള പ്രവൃത്തിയിൽ മുന്നിട്ടു നിൽക്കുന്നത്. എന്റെ രോഗവിവരത്തെക്കുറിച്ച് അദ്ദേഹം അമേരിക്കയിൽ വച്ച് അറിഞ്ഞിരുന്നു. അദ്ദേഹം നാട്ടിലേക്കു വന്നപ്പോൾ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന്, ദീർഘയാത്രയുടെ ക്ഷീണമോ, ക്ലേശമോ ഒക്കെ വിഗണിച്ചുകൊണ്ട്, കുറിച്ചിയിലുള്ള എന്റെ ഭവനത്തിലേക്കു നേരിട്ടു വരികയായിരുന്നു. രോഗികളെ സന്ദർശിക്കുക ഒരു വ്രതമായി അദ്ദേഹം എടുത്തു. അവിടെ മഴയോ മഞ്ഞോ, വെയിലോ, യാത്രാക്ലേശമോ ഒന്നും ഒരു പ്രശ്നമല്ല. വെല്ലൂർ ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നപ്പോഴത്തെ പല അനുഭവകഥകളും പല രോഗികളും അയവിറക്കുന്നതു കേട്ടിട്ടുണ്ട്. ത്യാഗം, ആർദ്രത, കരുതൽ, സ്നേഹവാത്സല്യങ്ങൾ ഇവയൊക്കെ ആ സേവനസന്നദ്ധതയിൽ പ്രകടമായിരുന്നു.

ബർണബാസ് മെത്രാപ്പോലീത്താ, അമേരിക്കൻ ഭദ്രാസനത്തിലെ ജനങ്ങളുടെ ഹൃദയം കവർന്നു. അത് അദ്ദേഹത്തിന്റെ ആകാരസൗഷ്ടവം കൊണ്ടോ, വശ്യമായ വചോവിലാസംകൊണ്ടോ, ഇക്കിളിപ്പെടുത്തുന്നതും, ചിരി ഉയർത്തുന്നതുമായ നർമ്മസല്ലാപം കൊണ്ടോ അല്ല. സംഗീതസാന്ദ്രമായ ആരാധനയും അദ്ദേഹത്തിനവകാശപ്പെടാനില്ലായിരുന്നു. എന്നുമാത്രമല്ല ഒരു നാട്ടിൻപുറത്തുകാരന്റെ അനാകർഷകങ്ങളായ ചില പെരുമാറ്റങ്ങളും പ്രത്യേകതകളും പുലർത്തുകയും ചെയ്തു. എന്നിട്ടും ഒരു ജനപ്രിയ മെത്രാനായി അദ്ദേഹത്തെ മാറ്റിയത് എന്ത്? അത് ആ ജീവിതമായിരുന്നു. പിന്തുടർന്ന ജീവിതനിഷ്ഠയും ആദർശമൂല്യങ്ങളുമായിരുന്നു. അകൃത്രിമമായ ജീവിതശൈലി, ആത്മീയകാര്യങ്ങളിലെ വ്യഗ്രതയും, നിഷ്ഠയും, ധനത്തോടുള്ള അനാസക്തി, ആർദ്രമനസ്സ്, നിഷ്കപടമായ പരസ്നേഹം, കൃതകൃത്യത - ഇങ്ങനെയുള്ള സുപ്രധാന കാര്യങ്ങളാണ് അദ്ദേഹത്തിന്റെ മുതൽക്കൂട്ട്.

സെമിനാരി അദ്ധ്യാപനത്തിലും വ്യത്യസ്തത

വെല്ലൂർ ആശുപത്രിയിൽ ചാപ്ലെയിൻ ആയിരിക്കുമ്പോഴാണ് സെമിനാരിയിലെ അദ്ധ്യാപകനും വാർഡനുമായി അദ്ദേഹത്തെ നിയമിക്കുന്നത്. സെമിനാരിയിൽ അന്നു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവിസ്മരണീയമായ അനുഭവങ്ങൾ അദ്ദേഹത്തെപ്പറ്റി അയവിറക്കാനുണ്ട്: കൃത്യനിഷ്ഠ, ആരാധനയിലെ പങ്കാളിത്തം; ഒന്നാം വർഷ വിദ്യാർത്ഥികൾക്കു വേണ്ടി നമസ്ക്കാരം പ്രത്യേകമായി ക്രമീകരിച്ചത്; എല്ലാ ദിവസവും നാലു മണിക്ക് ആശുപത്രി സന്ദർശനം. അതുകഴിഞ്ഞ് സന്തതസഹചാരിയായ

ചവിട്ടുസൈക്കിളിൽ മടങ്ങിയെത്തുന്ന ദൃശ്യം ആരും മറക്കുകയില്ല. പഠനസമയത്ത് പ്രിൻസിപ്പലിന്റെ മുറിയിൽ പാട്ടിന്റെ ശബ്ദമുയർന്നപ്പോൾ, വാതിലിൽ മുട്ടി, നിശ്ശബ്ദത പാലിക്കാൻ ആവശ്യപ്പെട്ടത്, രോഗിയായ ഒരു വിദ്യാർത്ഥിയെയുംകൊണ്ട് ചികിത്സയ്ക്ക് വെല്ലൂരിൽ പോയത് – ഇങ്ങനെ എന്തെല്ലാം കാര്യങ്ങൾ അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു.

ബൈബിളിൽ വിശുദ്ധനായ ലൂക്കോസ് ബർണബാസിനെപ്പറ്റി പരാമർശിച്ചിട്ടുള്ള ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ചരിതം ഉപസംഹരിക്കട്ടെ.

"അവർ (എന്റെ ഭാഷ്യം, മലങ്കരസഭാനേതൃത്വം) ബർണബാസിനെ അന്ത്യോക്യയോളം (എന്റെ ഭാഷ്യം, "അമേരിക്കയോളം") പറഞ്ഞയച്ചു. അവൻ ചെന്ന് ദൈവകൃപ കണ്ടു സന്തോഷിച്ചു. എല്ലാവരും ഹൃദയ നിർണ്ണയത്തോടെ കർത്താവിനോടു ചേർന്നു നിൽക്കുവാൻ പ്രബോധിപ്പിച്ചു. അവൻ നല്ല മനുഷ്യനും, പരിശുദ്ധാത്മാവിനാലും, വിശ്വാസത്താലും നിറഞ്ഞവനുമായിരുന്നു; വളരെ പുരുഷാരം കർത്താവിനോടു ചേർന്നു" (അ. പ്ര. 11:23, 24).

malankaraorthodox.TV

12

തിളക്കങ്ങളിൽ ഭ്രമിക്കാത്ത ഒരു മഹാപുരോഹിതൻ

ഫാ. ഡോ. കെ. എം. ജോർജ്

ഞാൻ സെമിനാരിയിൽ ചേർന്ന വർഷമാണ് അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയും പ്രിൻസിപ്പലായിരുന്ന അഭി. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും (അന്ന് മാത്യൂസ് അച്ചനും പോൾ വറുഗീസ് അച്ചനും) സെമിനാരിയിൽ വന്നത്. അതുകൊണ്ട് അവരുടെ സെമിനാരിയിലെ തുടക്കവും ഞങ്ങളുടെ തുടക്കവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. എന്റെ ജീവിതത്തിൽ ആ ദിവസങ്ങൾ ഇന്നും വളരെ രോമാഞ്ചത്തോടും ദൈവസന്നിധിയിൽ നന്ദിയോടും കൂടി ഞാൻ ഓർക്കുന്നു. പോൾ വറുഗീസച്ചനും മാത്യൂസച്ചനും വന്നു കഴിഞ്ഞ് കുറെ ആഴ്ചകൾക്കുശേഷം ഒരു ചെറിയ സംഭവമുണ്ടായി. ഞങ്ങൾ വിദ്യാർത്ഥികൾ ഒരിക്കലും അത് മറക്കുന്നതല്ല. പോൾ വറുഗീസച്ചൻ ജനീവായിൽ ഉപയോഗിച്ചിരുന്ന ഓസ്റ്റിൻ കാർ അന്ന് പ്രത്യേക സാഹചര്യങ്ങൾ ഒരുക്കി പഴയസെമിനാരിയുടെ മുറ്റത്ത് കൊണ്ടുവന്നു. 40 വർഷങ്ങൾക്കു മുമ്പ് ഒരു വിദേശനിർമ്മിതമായ കാർ ഇവിടെ കാണുക എന്നുള്ളത് ഒരു അപൂർവ്വ സംഗതിയായിരുന്നു. ഏതാണ്ട് ആ ആഴ്ചയിൽ തന്നെയാണ് മാത്യൂസച്ചൻ ഒരു ലേഡീസ് സൈക്കിളിൽ (ക്രോസ്ബാർ ഇല്ലാത്ത സൈക്കിൾ) കയറി സെമിനാരിയുടെ പടിഞ്ഞാറുവശത്ത് പോർച്ചിൽ വന്നിറങ്ങുന്നു. അന്ന് പഴയസെമിനാരി മാത്രമേയുള്ളു. പുതിയ കെട്ടിടം അന്ന് പണിതുകൊണ്ടിരിക്കുന്നതേയുള്ളു. പഴയസെമിനാരിയിലാണ് ക്ലാസ്സും താമസവും എല്ലാം. ഇത് ഞങ്ങളെ വളരെയധികം ചിന്തിപ്പിക്കുകയും, രസിപ്പിക്കുകയും ചെയ്ത സംഗതിയാണ്. ഒരു വശത്ത് ഓസ്റ്റിൻ കാറും മറുവശത്ത് ക്രോസ്ബാർ ഇല്ലാത്ത ലേഡീസ് സൈക്കിളും.

ഈ ലേഡീസ് സൈക്കിളിലാണ് മാത്യൂസച്ചൻ നാലു മണിയാകുമ്പോൾ ക്ലാസ്സ് കഴിഞ്ഞാലുടനെ ജില്ലാ ആശുപത്രിയിലേക്ക് പോകുക. കൃത്യം ആറു മണിയാകുമ്പോൾ വിയർത്തൊലിച്ച് ആ സൈക്കിൾ ചവിട്ടി ഇവിടെ തിരിച്ചുവരും. അന്ന് ചാപ്പലിൽ മാത്രമേ ഫാൻ ഉള്ളു. മുറിയിലുള്ള ഫാൻ അന്ന് മാത്യൂസച്ചൻ ഉപയോഗിക്കാറില്ല. കറുത്ത കുപ്പായം മുറിയിൽ പോയി ഇട്ടോണ്ടു വന്നിട്ട്, കറുത്ത കുപ്പായത്തിന്റെ മുകളിലത്തെ പാളി അല്പമൊന്ന് വിടർത്തി വിയർപ്പ് മാറ്റാൻവേണ്ടി അദ്ദേഹം സെമിനാരി ചാപ്പലിൽ നിൽക്കുന്ന ചിത്രമാണ് ഞങ്ങളുടെയൊക്കെ മനസ്സിൽ ഉള്ളത്.

MalankaraOrthodox.TV

അന്ന് സെമിനാരിയിൽ പഠിക്കാൻ വരുന്നവർ കോളജിൽ നിന്നും നേരിട്ടു വരുന്നവരാണ്. മറ്റു യാതൊരു പരിചയവുമില്ല; സഭയുടെ സ്ഥാപനങ്ങളിലൊന്നും നിന്ന്. അപ്പോൾ വളരെ ആഴമായിട്ടിത് സ്പർശിച്ചു. ഈ വാർഡൻ വളരെ കർക്കശക്കാരനാണ് എന്ന് ഞങ്ങൾക്ക് അറിയാം. പക്ഷേ, അതിനേക്കാളൊക്കെ ഉപരിയായിട്ട് അദ്ദേഹത്തിന്റെ ഉള്ളിൽ ഉണ്ടായിരുന്ന മനുഷ്യസ്നേഹം, സഹാനുഭൂതി, കമ്പാഷൻ എന്നുള്ളത് വിദ്യാർത്ഥികളെ വളരെയധികം സ്പർശിച്ചിട്ടുണ്ട്. എനിക്കു തോന്നുന്നത് അദ്ദേഹം മെത്രാപ്പോലീത്താ ആകാതെ ആ രംഗത്തു തന്നെ (അതായത് രോഗികളുടെ അടുത്ത് അവർക്ക് കൗൺസിലിംഗ് കൊടുക്കുകയും ആശ്വാസം നൽകുകയും ചെയ്യുന്ന ആ ശുശ്രൂഷ) തുടർന്നിരുന്നെങ്കിൽ ഇന്ന് ഒരു പക്ഷേ മദർ തേരേസയെപ്പോലെയൊക്കെ അദ്ദേഹവും ലോകം അറിയുന്ന ഒരു വ്യക്തിയായി തീർന്നേനേ.

അദ്ദേഹത്തിന്റെ കൂടെ പലപ്പോഴും ഞങ്ങൾ വിദ്യാർത്ഥികളെയും ആശുപത്രികളിലൊക്കെ കൊണ്ടുപോയിട്ടുണ്ട്. എങ്ങനെയാണ് ഓരോ രോഗിയുടെ അടുത്തുചെന്നും അദ്ദേഹം അവരോടു സംസാരിക്കുന്നത്, പ്രാർത്ഥിക്കുന്നത്, എത്ര വിനയത്തോടും എത്ര ആത്മാർത്ഥതയോടും കൂടിയാണ് എന്നുള്ളത് ഞങ്ങളുടെ മനസ്സിൽ നിന്നും ഒരിക്കലും മാഞ്ഞുപോയിട്ടില്ല.

ഒരിക്കൽ ഒരു പാരീഷ് മിഷന് ഞങ്ങൾ പഴഞ്ഞിയിൽ പോയി. മാത്യൂസ് അച്ചനും ശെമ്മാശ്ശന്മാരും ഉണ്ട്. ഞങ്ങൾ അന്ന് ശെമ്മാശന്മാരായിട്ടില്ല. അവിടെ എല്ലാ വീടുകളിലും പോകണമെന്ന് തിരുമേനിക്ക് നിർബന്ധമാണ്. തീരെ പാവപ്പെട്ട ഒരു വീട്ടിൽ പോയി. എനിക്കു തോന്നുന്നത് അച്ചന്മാരാരും അവിടെ അടുത്ത കാലത്ത് ചെന്നുകാണുകയില്ല. വിധവയായ പ്രായമുള്ള ഒരു സ്ത്രീ ഞങ്ങൾ ചെന്നപ്പോൾ അകത്തു കിടന്ന ഒരു കട്ടിൽ കഷ്ടപ്പെട്ട് വലിച്ച് മുറ്റത്തിട്ടു. അച്ചന്മാരെ കട്ടിലിലാണ് പായിട്ട് ഇരുത്തേണ്ടത് എന്നുള്ളത് അവർക്ക് തോന്നിയിരിക്കാം. പക്ഷേ, കട്ടിലിലിടാൻ പായുമൊന്നുമില്ല. ഞങ്ങൾ മുറ്റത്ത് നിൽക്കുകയാണ്. അവർ താടിക്ക് കൈയും കൊടുത്ത് അങ്ങോട്ടുമിങ്ങോട്ടും നോക്കിയിട്ട് പറയുകയാണ്, "അയ്യോ ഈ ശെമ്മാശ്ശന്മാർക്ക് കൊടുക്കാൻ ഒരു ചെറുബീഡി പോലും എന്റെ കയ്യിലില്ലല്ലോ" എന്ന്. ഞങ്ങൾ ആദ്യം ഒന്ന് അത്ഭുതപ്പെട്ട് മാത്യൂസച്ചന്റെ മുഖത്തേക്കാണ് നോക്കുന്നത്. മാത്യൂസച്ചൻ വളരെ അനുകമ്പയോടുകൂടി വല്യമ്മയുടെ ആത്മാർത്ഥതയെ ആസ്വദിച്ചുകൊണ്ട്, മുഖത്തൊരു ചെറുപുഞ്ചിരിയുമായി നിൽക്കുകയാണ്. ചെറുബീഡി കൊടുത്തിരുന്നെങ്കിൽ അത് അദ്ദേഹം വാങ്ങിച്ച് ഉപയോഗിക്കുമായിരുന്നു എന്നുപോലും എനിക്ക് തോന്നിപ്പോയി. അത്രയധികം ഹൃദയസ്പർശിയായ ഒരു സന്ദർഭമാണ്. വിധവയായ ഒരു സ്ത്രീ.

MalankaraorthodoxTV

ഒന്നുമില്ല. പാവപ്പെട്ട വീടാണ്. ഇവർക്കു കൊടുക്കാൻ ചെറുബീഡി പോലും ഇല്ലല്ലോ എന്നിങ്ങനെ അവർ ആത്മതപനം ചെയ്ത സന്ദർഭം ഞാൻ ഓർക്കുന്നു. അന്ന് പല വീടുകളിൽ പോയപ്പോൾ ഇതുപോലെ യുള്ള ഹൃദയസ്പർശിയായ പല സന്ദർഭങ്ങൾ ഞങ്ങൾക്കുണ്ടായി.

വിദ്യാർത്ഥികളോടു തിരുമേനിക്കു വലിയ സഹതാപമുണ്ടായിരുന്നു. ഒരിക്കലും നിയമം തെറ്റിക്കയില്ല. അന്ന് പ്രിൻസിപ്പലായിരുന്ന പോൾ വറുഗീസച്ചൻ ദൂരയാത്ര കഴിഞ്ഞ് ക്ഷീണിച്ചു വന്ന് കിടന്ന് അദ്ദേഹ ത്തിന്റെ മുറിയിൽ റേഡിയോയിലോ മറ്റോ പാട്ട് അല്പം ഉച്ചത്തിൽ വച്ചു. അത് വിദ്യാർത്ഥികൾ പഠിക്കുന്ന സമയത്താണ്. പഠിക്കുന്നവർക്കു ശല്യ മുണ്ടാവുമെന്ന് കണ്ട് മാത്യൂസച്ചൻ മുറിയിൽ ചെന്ന് പ്രിൻസിപ്പാളിനോടു അതിന്റെ വോളിയം കുറച്ചു വെയ്ക്കാൻ പറഞ്ഞതായിട്ടും അദ്ദേഹം അത് സന്തോഷത്തോടെ സ്വീകരിച്ചതായും ആത്മകഥയിൽ തിരുമേനി പറയു ന്നുണ്ട്.

ഞാൻ പലപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി പലയാളുകളോടും ദേഷ്യപ്പെടുമായിരുന്നു. പക്ഷേ, ബർണ ബാസ് തിരുമേനിയോട് ഒരിക്കൽപോലും അദ്ദേഹം ദേഷ്യപ്പെടുന്നതായി കണ്ടിട്ടില്ല എന്നു മാത്രമല്ല ഉള്ളിന്റെയുള്ളിൽ വളരെയേറെ ബഹുമാന ത്തോടെയാണ് തിരുമേനിയോട് അദ്ദേഹം പെരുമാറിക്കൊണ്ടിരുന്നത്. ഇത് സൂചിപ്പിച്ചത് സിംപ്ലിസിറ്റി എന്നു നമ്മൾ പറയാറുണ്ട്, ലാളിത്യമെന്നു ള്ളതിനെക്കുറിച്ച്. അതിന്റെ നൂറു ശതമാനവും ഈ തിരുമേനിയിൽ അച്ച നായിരുന്നപ്പോൾ മുതൽ ഞങ്ങൾ കാണുന്നുണ്ടായിരുന്നു. ലാളിത്യവും ആത്മാർത്ഥതയും നിറഞ്ഞ വ്യക്തിത്വമായിരുന്നു തിരുമേനിയുടേത്. അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്ന സമയത്തിനുശേഷം മെത്രാ പ്പോലീത്തായായി, ഒത്തിരി കാര്യങ്ങളൊക്കെ സാധിച്ചു തിരിച്ചുവന്നു. പക്ഷേ, ഇപ്പോഴും ഞങ്ങളൊക്കെ നോക്കുമ്പോൾ ആ പഴയ ആളു തന്നെ യാണ്. യാതൊരു വ്യത്യാസവും ഇല്ല. അന്നുണ്ടായിരുന്ന മാത്യൂസച്ചൻ തന്നെയാണ് ഇപ്പോൾ ഇവിടെ ഇരിക്കുന്നത്. അതിന്റെ അർത്ഥം, വെച്ചു കെട്ടുകൾ ഒന്നും ഇല്ലായിരുന്നു. വച്ചുകെട്ടുകൾ ഉള്ളപ്പോഴാണല്ലോ പല പ്പോഴും മുഴച്ചു വരുന്നതും പിന്നെ അഴിഞ്ഞുപോകുന്നതുമൊക്കെ. അദ്ദേ ഹത്തിന് അഴിച്ചു കളയാനായിട്ട് ഒന്നുമില്ല.

ദൈവത്തെക്കുറിച്ച് സാധാരണ 'സിമ്പിൾ' എന്നാണ് വിശേഷിപ്പിക്കു ന്നത്. Simplicity of God എന്നു പറയും. കൂട്ടിച്ചേർത്തു വച്ചതൊക്കെ എപ്പോ ഴെങ്കിലും അഴിഞ്ഞുപോകും. സിമ്പിൾ എന്നു പറഞ്ഞാൽ സമഗ്രമായ ഒന്നാണ്, അവിഭാജ്യമായ ഒന്നാണ്. അതിൽനിന്നും ആർക്കെങ്കിലും എന്തെങ്കിലും കൂട്ടിച്ചേർക്കാനോ എടുത്തുമാറ്റുവാനോ സാധ്യമല്ലാത്ത ഒരു സ്വഭാവമാണ് 'സിംപ്ലിസിറ്റി' എന്നു പറയുന്നത്. അത് ഈ തിരുമേ

നിയുടെ ജീവിതത്തിൽ വളരെയധികം ഞങ്ങൾ കാണുകയും ഇന്നും ആ ഓർമ്മകൾ മനസ്സിൽ വളരെ ഹരിതാഭമായി നിൽക്കുകയും ചെയ്യുന്നു.

ഞങ്ങൾ ഇപ്പോഴും ഓർക്കുന്നു, സെമിനാരിയിൽ പഠിക്കുന്ന വർഷങ്ങളിൽ എപ്പോഴും തിരുമേനിയുടെ അടുത്താണ് കുമ്പസ്സാരിക്കുന്നത്. അദ്ദേഹം ധാരാളം കൗൺസിലിംഗ് കൊടുക്കുന്ന ആളാണ്. ചെറുപ്പക്കാർക്ക് വളരെയധികം കാര്യങ്ങൾ അദ്ദേഹം ഉപദേശമായിട്ടു നൽകുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ പേരുകൾ എഴുതിയെടുത്തുകൊണ്ട് പോവുകയും ഒക്കെ ചെയ്യുമായിരുന്നു. അതും ഒരു വലിയ ആത്മീയ അനുഭവമായിട്ട് കാണുന്നു.

നമ്മൾ ഈ ലോകപ്രകാരം കാണുന്ന പലതുമല്ല യഥാർത്ഥത്തിൽ ഈ ലോകത്തിൽ ശ്രേഷ്ഠമായിട്ടു വരുന്നത്. തിരുമേനി മെത്രാപ്പോലീത്തായായി. അമേരിക്കയിലെ മെത്രാപ്പോലീത്താ എന്നു പറഞ്ഞാൽ കോടിക്കണക്കിനു പണം ഉണ്ടാക്കാവുന്ന സമയമായിരുന്നു. അവിടുന്ന് കിട്ടിയത് അങ്ങോട്ടുതന്നെ കൊടുത്തു. ഞാൻ നഗ്നനായി വന്നു, നഗ്നനായി പോകുന്നു എന്നു പറയുന്നമട്ടിൽ അദ്ദേഹം പൂർണ്ണമായും നിസംഗതയോടുകൂടി അമേരിക്കയിൽ നിന്നും പോന്നു. സന്യാസത്തിന്റെ ഏറ്റവും നല്ല ഒരു അടയാളമാണ് നിസംഗത. യാതൊന്നും സ്വന്തമായി വയ്ക്കാതെ പൂർണ്ണമായിട്ട് തിരിച്ചു കൊടുത്തിട്ടാണ് ഇന്ത്യയിലേക്ക് അദ്ദേഹം പോന്നത്.

അദ്ദേഹത്തിന്റെ കാറിൽ വലിയ കൊടി പറക്കുന്നതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. സാധാരണ വിശ്വാസികൾ നോക്കുമ്പോൾ അവരുടെ കണ്ണ് മഞ്ഞളിച്ചു പോകുന്നവിധത്തിലുള്ള തിളങ്ങുന്ന കുപ്പായമൊന്നും അദ്ദേഹത്തിന് കണ്ടിട്ടില്ല. വലിയ ആജാനുബാഹുവായ ആകാരസൗഷ്ഠവമുള്ള ഒരു വ്യക്തിയല്ല അദ്ദേഹം എന്ന് നമുക്കെല്ലാവർക്കുമറിയാം. പക്ഷേ, ഇതൊക്കെയായിട്ടും എന്തുകൊണ്ടാണ് ഈ സെമിനാരിയിൽ ഈ പ്രശസ്തരായ ഗുരുക്കന്മാരുടെ സാന്നിധ്യത്തിൽ നമ്മളെല്ലാവരും അദ്ദേഹത്തെ ഇവിടെ വിളിച്ച് ആദരിക്കുന്നത്. അതാണ് ലാളിത്യത്തിന്റെ, ദൈവശ്രേഷ്ഠതയുടെ അടയാളമായിട്ടു ഞാൻ കാണുന്നത്. അതുകൊണ്ട് നമുക്കീ അവസരം കിട്ടിയത് വലിയൊരു അനുഗ്രഹമാണ്. അദ്ദേഹത്തിന്റെ സാന്നിധ്യം നമുക്ക് അനുഗ്രഹമാണ്. ഇവിടെ ഒരു പക്ഷേ അറിഞ്ഞുകൊണ്ടാണോ, അറിയാതെയാണോ എന്നറിഞ്ഞുകൂടാ, ഗുരുസമക്ഷം എന്ന് എഴുതിയതിന്റെ മുകളിൽ രണ്ടു കാൽപാദങ്ങൾ കാണിച്ചിട്ടുണ്ട്. ഭാരതീയ പാരമ്പര്യത്തിൽ അത് ഗുരുചരണങ്ങളാണ്. ആചാര്യനെ അനുധാവനം ചെയ്യുന്നതിന്റെ അടയാളമാണ് ആ പാദമുദ്രകൾ. അതു

MalankaraOrthodox.TV

കൊണ്ട് തിരുമേനി കാണിച്ചുതന്ന നല്ല ചില മാതൃകകൾ നമുക്കെല്ലാവർക്കും (സഭയുടെ മുകൾ മുതൽ താഴത്തെ തലം വരെയുള്ള എല്ലാവർക്കും) ആദരണീയമായ മാതൃകയാണ്. അത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നമ്മുടെ സഭയിൽ ആ മുദ്രകൾ പതിഞ്ഞു എന്നുള്ളത് നമുക്കെല്ലാവർക്കും അഭിമാനമാണ്, സന്തോഷമാണ്. നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

* * * * * * *

'ഇതാ സാക്ഷാൽ ഇസ്രായേല്യൻ, ഇവനിൽ കപടമില്ല' എന്ന് കർത്താവ് തന്റെ അടുക്കലേക്കു വന്ന ഒരു ശിഷ്യനെക്കുറിച്ച് (നഥാനിയേലിനെക്കുറിച്ച്) പറഞ്ഞു. 'ഇതാ എന്റെ വിനീതനും വിശ്വസ്തനുമായ ദാസൻ, ഇവനിൽ കളങ്കമില്ല' എന്ന് നമ്മുടെ പ്രിയപ്പെട്ട ബർണബാസ് തിരുമേനിയെക്കുറിച്ച് കർത്താവ് ഇപ്പോൾ പറയുന്നുണ്ട്. ഇവിടെ കൂടിയിരിക്കുന്നവരിൽ തിരുമേനിയുടെ അനേകം ശിഷ്യന്മാരുണ്ട്. അവരുടെയെല്ലാം ഹൃദയത്തിൽ എന്താണ് ഇപ്പോൾ തിരുമേനിയെക്കുറിച്ചുള്ള വികാരം എന്ന് എനിക്കു മനസ്സിലാക്കാൻ സാധിക്കും. ഞാനും തിരുമേനിയുടെ ഒരു എളിയ ശിഷ്യനാണ്.

അഭിവന്ദ്യനായ ഒസ്താത്തിയോസ് തിരുമേനിക്കുശേഷം ബർണബാസ് തിരുമേനിയും കടന്നുപോകുമ്പോൾ ഹൃദയത്തിന്റെ അന്തരാളത്തിൽ എന്തൊക്കെയോ ഇടിഞ്ഞ് തകർന്നു പോകുന്നതുപോലെ തോന്നുന്നു. തിരുമേനിയുടെ ശിഷ്യനായ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി ഇന്നലെ വൈകിട്ട് പ്രസംഗിച്ചപ്പോൾ പറഞ്ഞു, ബർണബാസ് തിരുമേനി അമേരിക്കയിൽ നിന്നു പോരുമ്പോൾ അവിടുത്തെ അനേകമനേകം യുവജനങ്ങളുടെ ഹൃദയത്തിൽ ഒരു വലിയ പ്രതിച്ഛായ അദ്ദേഹം സൃഷ്ടിച്ചു; അവർ അദ്ദേഹത്തെ ആരാധിക്കുന്നു എന്ന്. കേരളത്തിലെ ഏറ്റവും അവികസിതമായ സ്ഥലമെന്ന് വിശേഷിപ്പിക്കാവുന്ന ഇടുക്കിയിൽ നിന്ന് ലോകത്തിലെ ഏറ്റവും വികസിതമായ രാജ്യത്തിന്റെ അതിപ്രശസ്ത നഗരമായ ന്യൂയോർക്കിലേക്കാണ് തിരുമേനിയെ സഭ അയച്ചത്. ഏറ്റവും പഴഞ്ചനെന്നോ, പഴയ തലമുറയിൽ പെട്ടയാളെന്നോ ഒക്കെ പലരും വിശേഷിപ്പിക്കുന്ന അഥവാ വിശേഷിപ്പിക്കാവുന്ന ഒരാളിനെയാണ് 21-ാം നൂറ്റാണ്ടിലെ യുവജനങ്ങൾ ആരാധിക്കുന്നത് എന്ന് പറയുമ്പോൾ അതിൽ വൈരുദ്ധ്യം ഉണ്ട്. ആ വൈരുദ്ധ്യത്തിന് പുറകിലുള്ള ആദ്ധ്യാത്മിക അർത്ഥമെന്താണ് എന്ന് നാം മനസ്സിലാക്കണം.

ബർണബാസ് തിരുമേനി ഒരിക്കലും തിളക്കങ്ങളിൽ അഭിരമിച്ചിരുന്ന ആളായിരുന്നില്ല. കർത്താവിന്റെ മരക്കുരിശിന്റെ പാരുഷ്യമാണ് തന്റെ ബാഹ്യമായ രീതികളിൽ അദ്ദേഹം പ്രദർശിപ്പിച്ചത്. പക്ഷേ, അതിന്റെ

Malankaraorthodox.TV

ഉള്ളിൽ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ആർദ്രമായ ഒരു വലിയ പ്രപഞ്ചം ഉണ്ടായിരുന്നു. അദ്ദേഹം വടിയിലും കൊടിയിലും അതിന്റെ തിളക്കങ്ങളിലും ഒരിക്കലും വിഭ്രമിച്ചില്ല. അദ്ദേഹം കാറിന്റെ തിളക്കത്തിലും വേഷങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന വർണ്ണവൈവിധ്യത്തിലും വിഭ്രമിച്ചില്ല. അദ്ദേഹം നാണയത്തിന്റെ കിലുക്കങ്ങളിൽ വിഭ്രമിച്ചില്ല. പുതിയ നോട്ടിന്റെ സീൽക്കാരങ്ങളിൽ വിഭ്രമിച്ചില്ല. അങ്ങനെ ഒന്നിലും വിഭ്രമിക്കാതെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിക്കുകയും നല്ല മാതൃക കാണിക്കുകയും ചെയ്ത ഒരു മഹാപുരോഹിതനായിരുന്നു അദ്ദേഹം. അതുകൊണ്ട് അദ്ദേഹം സ്വർഗ്ഗത്തിൽ സ്വീകാര്യനാണ്. നന്മ ആഗ്രഹിക്കുന്നവർക്ക്, ക്രിസ്തീയ വിശ്വാസത്തിന്റെ ഭാവിയെ പ്രതീക്ഷിക്കുന്നവർക്ക് അതുല്യമായ മാതൃകയാണ്.

അദ്ദേഹം സെമിനാരിയിൽ വാർഡനായിട്ട്, ഗുരുവായിട്ട്, പിന്നീട് സഹപ്രവർത്തകനായിട്ടൊക്കെ എത്രയോ വർഷം ഞങ്ങളെ നയിച്ച ആളാണ്. ഒരിക്കൽപോലും അദ്ദേഹത്തിന്റെ മുഖത്തു നിന്നും ഒരു കലുഷമായ വാക്കുപോലും കേൾക്കുവാൻ ഇടയായിട്ടില്ല എന്നുള്ളത് വലിയൊരു ഭാഗ്യമായി, ദൈവത്തിന്റെ മഹാകൃപയായി ഈ എളിയ ശിഷ്യനായ ഞാൻ കരുതുന്നു. അദ്ദേഹമെന്നും സ്നേഹത്തിന്റെ വലിയൊരു ഉറവയായിരുന്നു. പുറമെ നോക്കുമ്പോൾ അദ്ദേഹം കോമളരൂപിയായിരുന്നില്ല. നമ്മുടെ കർത്താവിനെക്കുറിച്ച് യെശയ്യാ പ്രവാചകൻ പ്രവചിച്ചതുപോലെ, "അവന് രൂപഗുണം ഇല്ല. കോമളത്വം ഇല്ല, കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല." അദ്ദേഹം രോഗം ശീലിച്ചവനെപ്പോലെ ഇരുന്നു. ആജാനബാഹു ആയിരുന്നില്ല, വാഗ്വിലാസം ഉണ്ടായിരുന്നില്ല. ബുദ്ധിയുടെ അത്യുന്നതമായ മേഖലകളിലേക്കൊന്നും അദ്ദേഹം കടന്നില്ല. ഈ ലോകത്തിൽ നിസ്സാരനെപ്പോലെ ജീവിച്ചു, അദ്ദേഹത്തെ കാണുമ്പോഴൊക്കെ, നമ്മുടെ കർത്താവ് തന്റെ മഹത്വം വെടിഞ്ഞിട്ട് മനുഷ്യരൂപത്തിലായി ദാസവേഷം അണിഞ്ഞു എന്ന് പൗലോസ് ശ്ലീഹാ പറഞ്ഞത് ഓർക്കും. അതാണ് വാസ്തവത്തിൽ ഈ പിതാവിൽ കണ്ടുകൊണ്ടിരുന്നത്. ഇതാ ദൈവപുത്രന്റെ സാദൃശ്യത്തിൽ മഹത്വം വെടിഞ്ഞ് നമുക്കുവേണ്ടി ഒരു മഹാപുരോഹിതൻ ദാസരൂപമെടുത്തിരിക്കുന്നു. അദ്ദേഹത്തെ എത്രയോ ആളുകൾ നിന്ദിച്ചിട്ടുണ്ട്; നമ്മുടെ വലിയ പ്രമാണിമാർ, നമ്മുടെ മഹാപുരോഹിതന്മാർ, നമ്മുടെ ഈ ലോകത്തിലെ വലിയ ആളുകളൊക്കെ അദ്ദേഹത്തെ പലപ്പോഴും അവഗണിച്ചതായിട്ട് അനുഭവപ്പെട്ടിട്ടുണ്ട്. കാരണം, അത്രയധികം നിന്ദ്യമായ ഒരു ബാഹ്യരൂപവുമൊക്കെയായിരുന്നു അദ്ദേഹം അണിഞ്ഞിരുന്നത്. പക്ഷേ, അത് നമ്മുടെ കർത്താവിന്റെ രൂപമായിരുന്നു. കർത്താവിനെ ആളുകൾ അപമാനിച്ചിട്ടുണ്ട്. ദൈവത്തിന്റെ പുത്രനാണെന്നു പറയുകയും, അതേസമയം വിശന്നും ദാഹിച്ചും

അലഞ്ഞും നടന്നിരുന്ന കർത്താവിനെപ്പോലെ നമ്മുടെ ഈ തിരുമേനിയും ദാസരൂപമെടുത്തു; വേഷത്തിൽ കർത്താവിനെപ്പോലെ വെറും സാധാരണ മനുഷ്യനായി എന്നു പറയുന്നതിൽ തെറ്റില്ല. മനുഷ്യത്വത്തിന്റെ എല്ലാ താണവശങ്ങളും അദ്ദേഹത്തിൽ കാണുവാനാണ് പലരും ശ്രമിച്ചത്. പക്ഷേ, ഏതാനും വർഷങ്ങൾക്കകം നമുക്ക് മനസ്സിലാകും, ഈ മനുഷ്യൻ വിശുദ്ധിയുടെ പര്യായമായിരുന്നു, ദൈവതേജസ്സിന്റെ പ്രതിരൂപമായിരുന്നു എന്ന്. നഥാനിയേലിനെപ്പോലെ ഇതാ കപടമില്ലാത്ത ഒരു മഹാപുരോഹിതൻ, കളങ്കമില്ലാത്ത ദൈവദാസൻ എന്ന് നമുക്ക് എല്ലാവർക്കും പറയാൻ ഇടയാകും.

അദ്ദേഹത്തിന്റെ ഉള്ളിൽ ആർദ്രത ഉണ്ടായിരുന്നു. ഞാൻ നേരിട്ട് കണ്ട ഒരു സംഭവം ഓർക്കുന്നു. വൈദികസെമിനാരിയിൽ കുശിനിയിൽ ജോലി ചെയ്യുന്ന ഒരാളിന്റെ കാലൊന്നു മുറിഞ്ഞു. തിരുമേനി (കെ. കെ. മാത്യൂസച്ചൻ) പെട്ടെന്ന് അവിടെ ഓടിച്ചെന്ന് നിലത്തിരുന്ന് കാല് പരിചരിക്കുകയും മരുന്ന് വെച്ച് മുറിവ് കെട്ടുകയും ചെയ്തു. രോഗികളോടുള്ള തന്റെ വലിയ കാരുണ്യം കർത്താവിന്റെ മാതൃക തന്നെയായിരുന്നു. മാത്യൂസച്ചൻ ഒരു ലേഡീസ് സൈക്കിളിൽ ദിവസവും കോട്ടയം ജില്ലാ ആശുപത്രിയിൽ രോഗികളെ കാണാൻ നാലു മണിക്ക് പോകുകയും കൃത്യം 6 മണിക്കു മുമ്പായി വിയർത്തൊലിച്ച് സെമിനാരി ചാപ്പലിൽ വരികയും ചെയ്യുന്നത് ഞങ്ങളെല്ലാം കണ്ടിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ മാത്രം മുറിയിലെ ഫാനിൽ ചിലന്തി, വല കെട്ടുമായിരുന്നു. കാരണം, എത്ര ചൂടുണ്ടെങ്കിലും ആ ഫാൻ അദ്ദേഹം ഉപയോഗിക്കുകയില്ലായിരുന്നു. വേഷത്തിലും ഭക്ഷണത്തിലും പെരുമാറ്റത്തിലുമെല്ലാം അതീവ ലാളിത്യം പുലർത്തിയ ഈ തിരുമേനിയുടെ മാതൃക നഷ്ടപ്പെട്ടു പോകരുതേ, പോകരുതേ എന്നു മാത്രമാണ് നമ്മുടെ പ്രാർത്ഥന. കാരണം, നമ്മുടെ യുവജനങ്ങൾ കുറെപ്പേരെങ്കിലും, നമ്മുടെ വൈദിക വിദ്യാർത്ഥികളിൽ കുറെപ്പേരെങ്കിലും തിളക്കങ്ങളിൽ അഭിരമിക്കുന്നവരാകാം, ആ തിളക്കങ്ങളിലേക്ക് വശീകരിക്കുന്ന മാതൃകകളും നമ്മൾ നിത്യം കാണുന്നുണ്ട്. അതുകൊണ്ട് ദയവായി നമ്മുടെ ഈ തിരുമേനിയുടെ മാതൃക നഷ്ടപ്പെടുത്തരുത്. അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയോട് നമുക്കെല്ലാം അഗാധമായ നന്ദിയുണ്ട്. കാരണം, ബർണബാസ് തിരുമേനിയെ പാമ്പാടി തിരുമേനിയുടെ കബറിങ്കലേക്ക് കൊണ്ടുവരുവാൻ ഈവാനിയോസ് തിരുമേനിയെ തോന്നിപ്പിച്ചത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. പ. പാമ്പാടി തിരുമേനിയുടെ പാരമ്പര്യമാണ് നമ്മുടെ ബർണബാസ് തിരുമേനിക്കുള്ളത്. അദ്ദേഹത്തെ സ്നേഹപൂർവ്വം പരിചരിച്ച കുഞ്ഞുങ്ങളോട് ഞാൻ സംസാരിച്ചു. അവർ പറഞ്ഞു, തിരുമേനി അവിടെയിരുന്ന് നോക്കുമ്പോൾ വഴിയെ പോകുന്ന എല്ലാവരെയും വിളിച്ച് ഭക്ഷണം കൊടുക്കാൻ പറയും, കാക്കകൾക്കു പോലും ചോറു കൊടു

ക്കാൻ പറയും എന്നവർ പറഞ്ഞു. അതാണ് പാമ്പാടി തിരുമേനിയുടെ ആത്മാവ്. ദൈവം മനുഷ്യനായിത്തീർന്നപ്പോൾ, എന്താണ് പാപികളായ നമ്മോട് കാണിച്ചത്, ആ ആർദ്രതയുടെ, ആ സഹാനുഭൂതിയുടെ അടയാളമാണത്. അതുകൊണ്ട് അത് വലിയ ആദ്ധ്യാത്മിക അനുഭവമാണ്. കോട്ടയം ഭദ്രാസനത്തിനു മാത്രമല്ല, സഭയ്ക്കു മുഴുവനും വലിയ ധന്യമായ അനുഭവമാണ് തിരുമേനി ഇവിടെ വന്നത്. ഇപ്പോൾ തിരുമേനി നമ്മോട് യാത്ര പറയുന്നു, പക്ഷേ, നമുക്ക് നല്ല മാതൃക തിരുമേനി വച്ചിരിക്കുന്നു; ആ മാതൃക നമുക്ക് പിൻപറ്റാം. ഞങ്ങളുടെ എല്ലാം ആരാധ്യനായ ഈ ഗുരുവിനെ ഞങ്ങൾ ഹൃദയത്തിൽ കുടിയിരുത്തുന്നു. അദ്ദേഹം ബാഹ്യമായി, ഭൗതികമായി അപ്രത്യക്ഷനായാലും അദ്ദേഹം കാണിച്ച നല്ല മാതൃകയും അദ്ദേഹത്തിന്റെ നല്ല വാക്കുകളും നമുക്ക് ഓർക്കാം. എല്ലാറ്റിനുമുപരിയായി ദൈവത്തിന്റെ പുത്രൻ മനുഷ്യാവതാരം ചെയ്തതിന്റെ മാതൃകയിൽ അദ്ദേഹവും ഇവിടെ പ്രവർത്തിച്ചു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെയെല്ലാവരെയും ആശ്വസിപ്പിക്കട്ടെ. ഈ പിതാവിന്റെ ഓർമ്മ ധന്യമായിത്തീരട്ടെ. 'വിശ്വസ്തനും സത്യസന്ധനുമായ എന്റെ ദാസാ, എന്റെ പിതാവിന്റെ അവകാശത്തിലേക്കു പ്രവേശിക്കുക' എന്ന് നമ്മുടെ കർത്താവ് ഈ തന്റെ യഥാർത്ഥ ശുശ്രൂഷകനോട് പറയുന്ന ശബ്ദം നമുക്ക് കേൾക്കുകയും ചെയ്യാം.

(മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ ആത്മകഥയുടെ പ്രകാശന ചടങ്ങിൽ ഓർത്തഡോക്സ് സെമിനാരിയിൽ ചെയ്ത പ്രസംഗവും മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ ഭൗതികദേഹം ഡിസം. 11-ന് പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും വിലാപയാത്രയായി കൊണ്ടുപോകുന്നതിന് തൊട്ടുമുമ്പ് ചെയ്ത അനുസ്മരണ പ്രസംഗവും. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

Malankaraorthodox.TV

13

Mar Bernabas: True Shepherd

Very Rev. Dr. P. S. Samuel, Cor. Episcopos

It was in 1944 that I came to know a deacon Rev. K.K. Mathewkutty.. We were college mates in Madras Christian College Tambaram. He was one year senior to me and was a resident of Heber Hall. He majored in Botany and graduated in 1947.. I joined the college in 1946 to study Zoology, Botany and Physiology. I was a resident of St.Thomas Hall.

What I remember about Dn. Mathukutty, is his habit of walking fast, almost running to be in class on time. He was always very punctual. He used to wear a 'kamis' and a clerical cap, which he tied with a handkerchief to prevent it from flying off as he ran to be in class on time.

We met again in 1991, when he came to New York as the Metropolitan of the American Diocese. We gave him a reception at the new Aramana compound at 86-34 Commonwealth Blvd. I mentioned in my welcome speech. that I remember him always running to class with his cap tied to his head and the cassock flying behind him like a large balloon. He took it very seriously and explained in his reply: "what else am I to do? Kuruchi Bawa had sent a kalpaana reminding the clergy to keep their clerical cap on always". I had meant it to be a joke. This showed Thirumeni's character, what a simple, honest and straightforward person he was, with no pretensions or malice or deceit. He always spoke the truth and nothing but the truth. He had a very simple life style., with only one or two dresses and one pair of shoes. He wore these till they got worn out and only then would he buy another one or, accept one as a replacement.

When he came to NY he brought one 'kappa" and he refused to accept another one. He was very careful about spending money. He never had a luxurious life. He always supported the poor, the needy and the homeless.

He brought peace and tranquility to the American Diocese and gave everything he had to the diocese. I am told by his present successor in the Idiki diocese that he had contributed some money to establish a home there to house homeless widows!

He was vilified and ridiculed by some, when he first arrived in the USA to take charge as the diocesan metropolitan. Pamphlets were circulated against him; naming him a tiny monkey (kurtty kurangu). What can he

MalankaraOrthodox.TV

achieve in the American diocese, when giants before him could not control and administer it. They predetermined that he is doomed to failure. Nobody wanted to receive him even for a preliminary prayer in a church. There was no place for him to lay down his head. He had to stay with close friends. He had to face court cases and lawsuits against him. He was like a “lamb led to slaughter”. But, God was with him He did not pay attention to any of the abuses, because he never cared to listen to them. He went to places where was wanted and welcomed. He left those who did not want him but he loved everyone alike. He never forced himself to capture a church or parish, against the will of the parishioners, though he was shut out of some parish churches by security forces!

He rented a two famiy house and within a short time was able to acquire the same for the Mallamkara Orthodox Church in America. His friends and church members raised a total amount of over $300, 000 to make the full payment. Thus the mother church in India acquired an address and a new identity in the Americas.

His Grace was humble and simple. He did not labor to influence people or form any group to support him. He lived a Christian life, totally submitting himself to the Will of God..

Soon after his arrival in the USA, his Grace called a meeting of the diocesan assembly in St. George Orthodox Church in Staten Island. His opponent s went to court to prevent the meeting from taking place. The Vicar Rev. FR. T.A. Thomas stood firm and a volunteer group saw to it that the meeting was conducted in the face of much opposition. Office bearers and council members were elected as per agenda and Mar. Barabbas metropolitan officially and legally took over the diocesan administration.

God was with Thirmeni . He strengthened lives and he loved and cared for everyone. The opposition had melted down by the power of prayerful life and unselfish dedication. to duty, with love and care for everyone irrespective of friend or foe. Ultimately love had conquered and won. Enemies had mellowed down and humility and prayers overcame arrogance and brutal force.

Thus the American Diocese entered into a new decade of amazing peace and progress under the “weak and sinful servant of God”, Mathews Mar Barnabas.

Thirumenis achievements

Barnabas Thirumeni completely surrendered himself to the will of God

Malankaraorthodox.TV

and became an instrument in His Hands. Like the wooden rod in the hands of Moses, Thirmeni became a powerful instrument, to wipe away enmity and to bring about a new life in the diocese. More new parishes were added. Existing ones were strengthened. Spiritual life sprouted in abundance. Organizations like, Sunday school, youth movement, MGOCSM. Women's guild and Clergy Fellowship, all became very active

The most important thing that his Grace did was to bring about reconciliation between groups of people fighting for one cause or the other. He healed all divisions and united all people with his regard and concern for everyone. He had no party, everyone was in his party. He never saw any enemies among the people in his diocese. It was a bold program of meeting hatred with love. So the opposition fizzled out and unity among the members of the diocese was restored and strengthened. Thus he became a true shepherd of all the people of the diocese. People including visitors from abroad began to mention that he is a "living saint, and those who ridiculed him now became his disciples. The atmosphere had changed dramatically for the good of all.

It is in this peaceful era, that he came forward and provided strong leadership to construct a new Diocesan center, befitting the importance and status gained by the Malankara Orthodox Church. Also he was fortunate enough to celebrate the silver jubilee of the formation of the American diocese on a grand scale.

Purchase of Mutton Town property and the construction of the new Diocesan center:-

There were attempts to buy a center in the Garden City Cathedral compound. We were able only to collect about $650,000, for this project. The Project however needed $1,5 million! And another half a million for renovating and upgrading the building up to our standards and for our purposes. This project did not materialize and had to be abandoned.

So we tried to get some land in the CREEDMORE compound in Queens County. Since some members felt that this was not an ideal location, we had to buy the land in Mutton town in Long island of about 1,5 acres. and renovated the existing old house, and built a new additional building composing of the Bishops Residence and Chapel, Guest suites and Bishop's Offices.

Diocesan Offices were also added making the total area above 10,000 sq. ft. with all the modern amenities. It is to be noted with great admiration that

Malankaraorthodox.TV

Barnabas Thirumeni gave every dollar he received from our members as gifts, and other collections for the construction and completion of the magnificent diocesan center.

It will be an expression of our gratitude, our love and respect, for Barnabas Thirumeni's simple life and such careful use of money, that we name the Mutton Town Diocesan Center 'The Mathews Mar Barnabas Diocesan Center.' To perpetuate the memory of a great metropolitan who gave his life and his possessions for the American diocese he loved, for its progress and wellbeing. He was the Metropolitan who redeemed and gave a new life to the American diocese.

May his memory live for as long as the Church exists here in this country. May God's name be glorified by his wonderful life and achievement. May his prayers be a supported strength for all of us.

Malankaraorthodox TV

13
Mar Barnabas in Our Bold Memories

Fr. Dr. M. K. Kuriakose
(North East American Diocesan Secretary)

It is not easy to take the news of passing on of His Grace Mar Barnabas. There are several bishops whom I knew in person but no one is uniquely in my mind than His Grace Mar Barnabas. There are several reasons why the inner connection existed between us. First of all from 1968 as Fr. K. K. Mathews I had very close association with His Grace. I had the opportunity to go with Fr. K. K. Mathews on several occasions to different places for preaching, Bible classes etc. We maintained that friendship till the last moment. Last time when I met His Grace at the Kolanchery Medical Mission Hospital, I was delighted that His Grace recognized me. Later His Grace became much better. In one phone conversation from Kottayam on the occasion of His Grace's birthday this year, there was a lot of love and sentiments expressed.

I have to write a book to say in detail all my association with His Grace. Ever since His Grace came to the USA I could revive all my friendship and kept a nice relationship. Many occasions of working together for the diocese was a unique experience. At the point of His Grace's move to Kerala, our parish has a special meeting in which we honored His Grace with our words of love and affection. My parish members collected $10,000.00 to give to His Grace for any needs in the future. Likewise many people had given money to His Grace but none of them His Grace took with him on his trip to India as His Grace wanted to give everything to the diocese itself where His Grace worked for long years.

His Grace Mar Barnabas was unique in many respects. The well-known simplicity, humility, sincerity, innocence, deep spirituality and purity at heart, His Grace was always jutting out in memory. His Grace's life was that of complete surrender to the Lord and to the Malankara Orthodox Church. His Grace's hospitality was also well-known. No one leaves the aramana without eating something. Even when His Grace comes to our churches or homes, His Grace makes sure all eat with His Grace at the same time.

Towards the end of His Grace's life, there was a brightness of divine presence on His Grace's face. Life in America for His Grace was a blessed time. So many changes took place and all for the positive growth of the

Malankaraorthodox.TV

Church and the people's life. The various books His Grace written are all proofs of His Grace's divine nature.

The Malankara Orthodox Syrian Church will remember His Grace much longer than many other leader because there are some serious decisions the Church had taken by the influence of His Grace. The opportunity for the ladies to attend and vote in the General Body of a parish was one of them. When lived in the USA His Grace learned how the women became a strong force in building the Church. Even though it was His Grace Yuhanon Mar Militheos that brought the proposal for approval of the Holy Synod, His Grace Mar Barnabas had expressed a strong stand on this matter. Also the participation of women in worship by reading the Old Testament portions, has become a common thing in all parishes now. It was simply because of the insistence of His Grace that it happened. Equally important was His Grace's insistence to use English language in worship and preaching. Also, many of the Syriac words commonly used in our worship at least in the two American dioceses are now mostly used in Malayalam such as "Stoumen Kalos", "let us all stand well", 'Kurielaison', 'Have mercy upon me' and so on. The common use of the word "Anugraham cheyyaname" has been now corrected to "karuna cheyyaname" with His Grace's insistence. There are many such things that His Grace positively changed. In the worship it has been a tradition to give Holy Communion before the last procession or at the end of the Holy Qurbana. Eveybody knew well that that is not the right time to give Holy Communion but nobody was able to change that practice. His Grace gave communion only at the time of the last procession. Peaching soon after the reading of the Evangelion was strongly initiated by His Grace. There are much more. In all these creative and positive changes, the fingerprint of Mar Barnabas Metropolitan is seen. Therefore, His Grace will remain in our memory much longer that we expect.

At this time it is difficult to come to terms with the loss. One thing gives me consolation is that His Grace will be a great intercessor for all. His Grace's prayers from heaven will be a solace to many.

The Northeast American Diocese owes much to His Grace for its spiritual well-being. It was not an easy time when His Grace arrived in 1992 but somehow His Grace overcame all hurdles by His Grace's prayer life. And I am sure His Grace's spiritual presence will continue to nurture us. Now that His Grace has joined the Lord, let us hope that His Grace's intercession will continue for us all. The different great qualities that we can emulate will enrich us.

MalankaraOrthodox.TV

The Northeast American Diocese now stand tall in his achievement of making a beautiful and spacious bishop house. It was a dream that was fulfilled on time and soon after its completion, His Grace graciously left for India leaving behind all His Grace had. Needless to say there are many such services that the diocese received that became exemplary. We can hardly see such selfless leaders. Here we have one more star of the Indian Orthodox to stand with His Grace Pathrose Mar Osthathios, Geevarghese Mar Osthathios, Kuriakose Mar Gregorios and Parumala Mar Gregorios. To me there is only one person like Mar Barnabas Thirumeni, it is none other but His Grace himself. Let us celebrate that name.

14

സമാധാനമുണ്ടാക്കിയ പിതാവ്

ഫാ. എ. കെ. ചെറിയാൻ

1992 മാർച്ച് 20-ന് അമേരിക്കൻ ഭദ്രാസന ഭരണം പരിശുദ്ധ കാതോലിക്കാബാവായിൽ നിക്ഷിപ്തമായിരുന്നു. അദ്ദേഹത്തെ ഭരണകാര്യങ്ങളിൽ സഹായിപ്പാനായിട്ടാണ് മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ ഇവിടേക്കു വന്നത്.

കെ. കെ. മാത്യൂസ് അച്ചൻ എന്ന പേരിൽ സഭയിൽ അറിയപ്പെട്ടിരുന്ന ഒരു വൈദികനായിരുന്നു ഇദ്ദേഹം. എഴുത്തുകാരനും ധ്യാനഗുരുവുമായിരുന്നു. “വി. കുർബാനയുടെ ധ്യാനപഠനം” എന്ന ഒരു പുസ്തകമെഴുതി കൂടുതൽ പ്രശസ്തനായിത്തീർന്നു. വെല്ലൂർ ആശുപത്രിയിൽ ഓർത്തഡോക്സ് സഭയുടെ ചാപ്ളെയനായും, സെക്കൻഡ്രാബാദ്, ജബൽപൂർ എന്നീ സ്ഥലങ്ങളിൽ വളർന്നു വന്ന ഇടവകകളുടെ വികാരിയായും, കോലഞ്ചേരി മെഡിക്കൽ കോളജ് ഹോസ്പിറ്റലിൽ ചാപ്ലെയിനായും പ്രവർത്തിച്ചിട്ടുണ്ട്. നമ്മുടെ സെമിനാരിയിൽ ചില കോഴ്സുകൾ പഠിപ്പിക്കാനായി നിയമിതനായി. ഗ്രീക്ക് ഭാഷയുടെ പ്രാഥമിക പാഠങ്ങളും, പാസ്റ്ററൽ തിയോളജിയിൽ ചില ക്ലാസ്സുകളും അദ്ദേഹം പഠിപ്പിച്ചിട്ടുള്ളതിൽ ഞാനും ഇരുന്നിട്ടുണ്ട്. കുറെയധികം ചെറിയ ചെറിയ പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. സെമിനാരിയിൽ നല്ല ചെറു പ്രസംഗങ്ങൾ ചെയ്തിട്ടുള്ളതായി ഓർക്കുന്നു. സഭയുടെ ക്രമീകരണമനുസരിച്ച് സമയാസമയങ്ങളിൽ പ്രാർത്ഥിക്കുന്ന കാര്യങ്ങളിൽ വളരെ ശുഷ്കാന്തി ഉണ്ടായിരുന്നു.

മെത്രാപ്പോലീത്താമാരുടെ അസിസ്റ്റന്റായി പല ഭദ്രാസനങ്ങളിലും പ്രവർത്തിച്ചുവെങ്കിലും ഇടുക്കി ഭദ്രാസനം രൂപീകൃമായപ്പോൾ അവിടേക്കു നിയമിക്കപ്പെട്ടു. സഭയ്ക്കുവേണ്ടി കഷ്ടപ്പെടുവാനും, പ്രയാസമനുഭവിപ്പാനും യാതൊരു മടിയുമില്ലായിരുന്നു. ഇടുക്കി ഭദ്രാസനത്തിന്റെ വളർച്ചയ്ക്കുവേണ്ടി പിരിവുകൾ എടുക്കാൻ അമേരിക്കയിൽ നേരത്തെ വന്നിട്ടുണ്ട്. ആ സമയത്ത് 900-ൽ പരം ഡോളർ ബ്രോങ്ക്സ് സെന്റ് മേരീസ് പള്ളിയിൽ നിന്നും അദ്ദേഹത്തിനു കൊടുത്തതായി രേഖകൾ കാണുന്നു.

മറ്റുള്ളവർ തന്നെക്കുറിച്ച് എന്തു പറയുന്നുവെന്നോ, ചിന്തിക്കുന്നുവെന്നോ, കണക്കാക്കാത്ത ഒരു വ്യക്തിയായിരുന്നു അദ്ദേഹം. മറ്റുള്ളവർക്കില്ലാത്ത പല സവിശേഷതകളും അദ്ദേഹത്തിനുണ്ടായിരുന്നു.

ആരാധന മുഴുവൻ അർത്ഥം ഗ്രഹിച്ചും മനസ്സിലാക്കിയും നിർവഹിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. സുറിയാനി ഭാഷ വളരെ ചുരുക്കമായി മാത്രം ആരാധനയിൽ ഉപയോഗിച്ചിരുന്നു.

വിശുദ്ധ കുർബാനയിൽ വിശ്വാസപ്രമാണം കഴിഞ്ഞ് വൈദികൻ പദവിമേൽ കയറിയാലുടൻ 'സ്തൗമൻകാലൊസ്' എന്ന് ശുശ്രൂഷക്കാരൻ പറയുന്നു. പ്രതിവാക്യമായി 'കുറിയേലായിസ്സോൻ' എന്നു ജനങ്ങൾ പറയുന്നു. തിരുമേനി ഇതിനെ മലയാളീകരിപ്പാൻ ശ്രമിച്ചിട്ടു സാധിച്ചില്ല. അദ്ദേഹത്തിന് "എല്ലാവരും നന്നായി നില്ക്കണം" എന്നു ശുശ്രൂഷക്കാരൻ പറയണം. ജനങ്ങൾ "കർത്താവേ! ഞങ്ങളോടു കരുണ തോന്നേണമേ" എന്നു പ്രതിവാക്യം ചൊല്ലണം. 19 വർഷക്കാലം ശ്രമിച്ചിട്ടും ഇന്നും അമേരിക്കൻ ഭദ്രാസനത്തിൽ 'സ്തൗമെൻകാലൊസ് കുറിയേലായിസ്സോൻ" തന്നെ. മൂന്നിന്മേൽ കുർബാനയ്ക്കു സഹകാർമ്മികത്തം വഹിക്കാറില്ല. ഇതെല്ലാം അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. കുറ്റങ്ങളല്ല. ആര് എന്തു തന്നെ അദ്ദേഹത്തിന്റെ ഉപയോഗത്തിനായി നൽകിയാലും, നന്ദി പറകയല്ലാതെ സ്വീകരിപ്പാറില്ല. അദ്ദേഹം നാട്ടിൽ നിന്നും ആദ്യം വന്ന സമയത്താണ് എന്റെ ഒരു ഇടവകക്കാരനായിരുന്ന വിൻസന്റ് കെ. ജോൺ തിരുമേനിയെ വീട്ടിൽ കൊണ്ടുപോയി താമസിപ്പിച്ചു. തിരികെ പോരുമ്പോൾ തിരുമേനിയുടെ സ്യൂട്ട്കേസ്സ് വളരെ പഴയതായി, അവിടെയും ഇവിടെയുമെല്ലാം കീറിയിരുന്നതുകൊണ്ട് ഒരു പുതിയ സ്യൂട്ട്കേസ്സ് വാങ്ങി തിരുമേനിക്കു നൽകി. തിരുമേനി ചിരിച്ചുകൊണ്ട് പറഞ്ഞു: "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. എനിക്ക് എന്റെ പഴയ പെട്ടി മതി. ഈ പുതിയത് നിങ്ങൾ തന്നെ എടുത്തുകൊള്ളുക." സാധാരണ ധരിക്കുന്ന വസ്ത്രങ്ങളാണെങ്കിലും വിശുദ്ധ കുർബാനയ്ക്കു ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങളാണെങ്കിലും തിരുമേനിയുടെ മനോഭാവം ഇതു തന്നെയായിരുന്നു.

രോഗികളെ കാണുകയും, അവരോടൊത്തു പ്രാർത്ഥിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന് വലിയ സന്തോഷമായിരുന്നു.

ആരെങ്കിലും കൈമുത്ത് നല്കിയാൽ അതു വാങ്ങും. അതു ദാനമായി കൊടുപ്പാൻ എളുപ്പമാണല്ലോ. സ്വന്തം കാര്യങ്ങൾക്കുവേണ്ടി ഒരു ചില്ലിക്കാശുപോലും അനാവശ്യമായി ചിലവാക്കിയിട്ടില്ല. പ്രായാധിക്യത്തിൽപോലും, നാട്ടിൽ സുന്നഹദോസിൽ സംബന്ധിക്കാൻ പോകുമ്പോൾ എക്കോണമി ക്ലാസ്സ് ടിക്കറ്റു മാത്രമേ അദ്ദേഹം എടുത്തിരുന്നുള്ളു. റിട്ടയർമെന്റ് എടുത്ത് നാട്ടിലേക്കു പോകുമ്പോൾ അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ഉണ്ടായിരുന്ന പണം അമേരിക്കയിലെ 2 ഭദ്രാസനങ്ങൾക്കായി വീതിച്ചു നല്കി. നാട്ടിൽ ചെന്നാൽ അവിടുത്തെ ആവശ്യത്തിനായി ഒരു അക്കൗണ്ട് ഉണ്ടായിരുന്നു. ബർണബാസ് തിരുമേനിയുടെ വീക്ഷണ

Malankaraorthodox.tv

ത്തിന്റെ ഒരു ചെറിയ അംശം മാത്രം ഇവിടെ പ്രസ്താവിച്ചു എന്നേയുള്ളു. ഇങ്ങനെയുള്ള ഒരു മെത്രാപ്പോലീത്തായെയാണ് കത്തിഎരിഞ്ഞുകൊണ്ടിരുന്ന അമേരിക്കൻ ഭദ്രാസനത്തിലേക്കു അയച്ചത്. ഇവിടെ എത്തിച്ചേർന്ന ദിവസം മുതൽ അദ്ദേഹം ഏകാഗ്രമായി തന്റെ ദൗത്യനിർവഹണത്തിനുവേണ്ടി പ്രയത്നിച്ചു തുടങ്ങി. ഓരോരോ കാര്യങ്ങൾ പറഞ്ഞു കല്പന വരാത്ത ആഴ്ചകൾ വിരളമായിരുന്നു. അദ്ദേഹത്തിന് സെക്രട്ടറിയോ, താമസസൗകര്യമോ ഇല്ലാതിരുന്ന കാലത്തായിരുന്നു ഇത് എന്ന് ഓർക്കണം. ലക്ഷ്യബോധത്തോടെ തന്നെ അദ്ദേഹം പ്രവർത്തിച്ചു. എതിർപ്പുകൾ അതികഠിനവുമായിരുന്നു.

1993 മാർച്ച് 27-ാം തീയതി വെസ്റ്റ് സേവിൽ സെന്റ് മേരീസ് പള്ളിയിൽ വച്ച് പ. ബാവാ തിരുമേനി അഭി. ബർണബാസ് തിരുമേനിയുടെ സുന്ത്രോണീസോ ശുശ്രൂഷ നടത്തി. അധികം താമസിയാതെ അദ്ദേഹം നാട്ടിലേക്കു പോയി.

1992 മുതൽ 2000-ാമാണ്ടുവരെയുണ്ടായിരുന്ന 8 വർഷങ്ങൾ അമേരിക്കൻ ഭദ്രാസനത്തിനും, അതിലെ പള്ളികൾക്കും, ചുമതലക്കാർക്കും കഷ്ടതയുടെ കാലമായിരുന്നു. ഇടവകകളിൽ പലതിലും ഗ്രൂപ്പുവഴക്കുകളും ബഹളങ്ങളും സാധാരണമായിരുന്നു. എവിടെ ചെന്നാലും ആളുകൾ സഭയേയോ, ഭദ്രാസനത്തേയോ, ഇടവകകളേയോ, അതിലെ പട്ടക്കാരേയോ മേല്പട്ടക്കാരെ പൊതുവായോ വിമർശിക്കയും ആക്ഷേപം പറയുകയും ചെയ്യുന്നതു പതിവായി. 1993 ജനുവരി 16-ാം തീയതി സ്റ്റാറ്റൻ ഐലന്റ് സെന്റ്ജോർജ് പള്ളിയിൽ കൂടിയ ഭദ്രാസന പൊതുയോഗം നടക്കാതിരിക്കാൻ ഒരു വൈദികൻ ഒരു കേസ്സ് ഫയൽ ചെയ്തു. രോഗികളുടെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചും, ദൈവീക കാര്യങ്ങൾ പഠിപ്പിച്ചും മാത്രം പരിചയമുള്ള മെത്രാപ്പോലീത്താ തീയിൽ വീണ ഈയലിനെപ്പോലെ വേദനിക്കുന്നതു ഞാൻ കണ്ടതാണ്. ആളുകൾ പള്ളിക്കു ചുറ്റും നിന്ന് ഏതു സാഹചര്യത്തേയും നേരിടുവാൻ തയ്യാറാവുകയായിരുന്നു. തിരുമേനിയാണെങ്കിൽ സ്ഥലകാല വിവേചന നഷ്ടമായതുപോലെ ദുഃഖിതനുമായിരുന്നു. അദ്ദേഹത്തിന് ഏറ്റം അടുപ്പമുള്ളവർ പോലും ചെന്ന് "ഒന്നും സംഭവിക്കയില്ല" എന്നു പറയുമ്പോൾപോലും, 'ഭോ', ഭോ' എന്നു പറഞ്ഞ് ആട്ടിഓടിക്കുന്നതു ഞാൻ കണ്ടതാണ്. അവിടെ നിന്നു ഞാൻ ഓർത്തുപോയി "എന്റെ ദൈവം തമ്പുരാനെ! ഈ പാവപ്പെട്ട മെത്രാപ്പോലീത്തായെ എന്തിനുവേണ്ടി ഈ വിധമുള്ള ആളുകളുടെ മദ്ധ്യത്തിലേക്കു സഭ തള്ളി വിട്ടു!"

എങ്ങനെയൊക്കെയോ, പൊതുയോഗം നടന്നു എന്നു വരുത്തി. 1993 ഒക്ടോബർ 17-ാം തീയതി ഈ പട്ടക്കാരൻ ബ്രൂക്ക്ലിൻ പള്ളിയിൽ ശുശ്രൂഷകൾ നടത്തുകയും, അടുത്ത ഞായറാഴ്ച അവിടെ ചെല്ലുകയില്ല എന്ന്

Malankaraorthodox TV

വി. കുർബാനയ്ക്കു ശേഷം അറിയിക്കുകയും ചെയ്തു. ഒക്ടോബർ 24-ാം തീയതി ഈ പട്ടക്കാരൻ വേറൊരു പള്ളിയിൽ വി. കുർബാന അണച്ചു. ഇതു ഭദ്രാസന മെത്രാപ്പോലീത്തായുടെ അനുവാദത്തോടെയല്ലായിരുന്നു. എന്തൊരു ദുർഗ്ഗതി! ഈ പള്ളിയിലേക്കു മറ്റൊരു പട്ടക്കാരനെ വികാരി യായി ബർണബാസ് തിരുമേനി നിയമിച്ചു (കല്പന 166/93). ഒക്ടോ ബർ 24-ാം തീയതി പുതിയ വികാരിയുമായി മെത്രാപ്പോലീത്താ പള്ളി യിൽ ചെന്നപ്പോൾ പള്ളിയുടെ ഗേറ്റ് പൂട്ടിയിരുന്നു. ചില പ്ലക്കാർഡുകളും പ്രത്യക്ഷപ്പെട്ടിരുന്നു. വാക്കേറ്റത്തെ തുടർന്ന് മെത്രാപ്പോലീത്താ തിരികെ പോന്നു. ഈ പട്ടക്കാരന്റെ മേൽ ശിക്ഷണ നടപടി എടുക്കുന്നതിന് മെത്രാ പ്പോലീത്താ മറന്നതുമില്ല.

പള്ളികളിൽ പലതിലും ഗ്രൂപ്പുകളും, വഴക്കുകളുമുണ്ടായിരുന്നു. കാലാ ന്തരത്തിൽ, അദ്ദേഹം തിരികെ പോകുന്ന സമയത്തോടെ, വളരെ സമാ ധാനമുള്ള ഒരു ഭദ്രാസനമായി അമേരിക്കൻ ഭദ്രാസനം മാറി. എങ്ങനെ, എപ്പോൾ ഇതു സംഭവിച്ചുവെന്ന് ആർക്കും അറിഞ്ഞുകൂടാ. ഒരു കൂട്ടർ പറയും അദ്ദേഹത്തിന്റെ പ്രാർത്ഥന മുഖാന്തിരം ദൈവം സൽഫലം നൽകി എന്ന്. വേറൊരു കൂട്ടർ പറയുന്നു, അനേക വർഷങ്ങളായി തമ്മിലടിച്ചു നശിച്ചുകൊണ്ടിരുന്ന ഒരു ഭദ്രാസനത്തിന് വിവേകം ഉദിച്ചു. തമ്മിലടിച്ചു തകർന്നതുകൊണ്ട് നഷ്ടപ്പെട്ടതു തങ്ങളുടെ മക്കളാണ്. നാട്ടിൽ ആർക്കും ഇതിനെക്കുറിച്ച് അല്പം പോലും ചിന്തയില്ലായിരുന്നു. 32 വർഷത്തെ നഷ്ടം ദൈവം ലാഭമാക്കിത്തരട്ടെ എന്ന്. രണ്ടും ശരിയാ യിരിക്കാം. ഭദ്രാസനത്തിൽ സമാധാനമുണ്ടായി എന്നു മാത്രമല്ല, മനോ ഹരമായ ഒരു ഭദ്രാസനകേന്ദ്രമുണ്ടായതു മാത്രമല്ല, മിക്കവാറും എല്ലാ ഇടവകകൾക്കും സ്വന്തമായി ദേവാലയങ്ങളുമുണ്ടായി. ഇങ്ങനെയുള്ള സമയത്താണ് അദ്ദേഹം ഇവിടെ നിന്നും തിരികെ നാട്ടിലേക്കു പോയത്. തന്റെ ദൗത്യം പൂർത്തീകരിക്കപ്പെട്ടു എന്ന് അദ്ദേഹം ദൈവത്തിൽ ആശ്വ സിക്കുന്നു.

അഭി. ബർന്നബാസ് തിരുമേനിയുടെ ആരോഗ്യനില ദിവസംതോറും മോശമായി വന്നതിനാൽ അദ്ദേഹത്തിന് നാട്ടിൽ തിരികെ പോകണമെന്ന ആഗ്രഹം വർദ്ധിച്ചുവന്നുകൊണ്ടിരുന്നു. അദ്ദേഹത്തിലെ ചിരാഭിലാഷമാ യിരുന്ന ഭദ്രാസനകേന്ദ്രം 2010 ജൂലൈ 24-ാം തീയതി അദ്ദേഹം തന്നെ കൂദാശ ചെയ്തു. സെപ്റ്റംബർ 4-ാം തീയതി ഒരു ഓപ്പൺ ഹൗസിൽ വച്ച് ഭദ്രാസനകേന്ദ്രത്തിന്റെ ഉൽഘാടനവും നിർവ്വഹിച്ചു. 2010 ഡിസം ബർ 27-ാം തീയതി തന്നെ ഔദ്യോഗിക ചുമതലകളിൽ നിന്ന് വിടുർത്ത ണമെന്ന് കാണിച്ച് പ. കാതോലിക്കാബാവാ തിരുമേനിക്ക് ബർണബാസ് തിരുമേനി കത്തയയ്ക്കുകയും, അദ്ദേഹം അതു സ്വീകരിക്കയും തിരു മേനിയുടെ അസിസ്റ്റന്റായി പ്രവർത്തിച്ചുകൊണ്ടിരുന്ന അഭി. സഖറിയാ മാർ നിക്കോളാവോസ് തിരുമേനിയെ 109/2011 കല്പനപ്രകാരം നോർത്ത്

ഈസ്റ്റ് ഭദ്രാസനത്തിന്റെ ചുമതല ഏല്പിക്കയും ചെയ്തു. മെയ് മാസം 21-ാം തീയതി അഭി. നിക്കാളാവോസ് തിരുമേനിയുടെ സുന്ത്രോണീസാ ശുശ്രൂഷ പ. കാതോലിക്കാ പൗലോസ് ദ്വിതീയൻ തിരുമേനി ഫിലാഡൽഫിയാ ബെൻസാലം സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ വച്ച് നിർവഹിച്ചു. 2011 മെയ് മാസം 25-ാം തീയതി 19 വർഷക്കാലം അമേരിക്കൻ ഭദ്രാസനത്തെ നയിച്ച അഭി. മാത്യൂസ് മാർ ബർണബാസ് തിരുമേനി ഇൻഡ്യയിലേക്കു തിരികെ പോയി.

1992 മാർച്ച് 20-ാം തീയതി അദ്ദേഹം അമേരിക്കയിൽ എത്തി. 2011 മേയ് മാസം 25-ാം തീയതി തന്റെ ദൗത്യം നിർവഹിച്ചു മടങ്ങിപ്പോയി. 19 വർഷക്കാലം എന്നു പറയുന്നത് ഒരു മനുഷ്യായുസ്സിന്റെ ഗണനീയമായ ഭാഗമാണ്. വളരെയധികം വൈഷമ്യങ്ങൾ അദ്ദേഹം സഹിച്ചു. അപഹാസങ്ങളും, പരിഹാസങ്ങളും കേട്ടു. താമസിക്കാൻ സ്ഥലമില്ലാതെ വീടുകൾ മാറി മാറി താമസിച്ചു. എങ്കിലും അധൈര്യപ്പെട്ടില്ല, മനസ്സു മടുത്തുമില്ല. ദുർഘടമാർഗ്ഗങ്ങളിലൂടെ അദ്ദേഹം 19 വർഷക്കാലം ഓടി. "എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും" (യേശയാ 40:32) എന്നുള്ള പ്രവചനവാക്യം ഓർത്തുപോവുകയാണ്.

(ബ്രോങ്ക്സ് സെന്റ് മേരീസ് പള്ളിയും അമേരിക്കൻ ഭദ്രാസനവും എന്ന ഗ്രന്ഥത്തിൽ നിന്നും)

15

അപൂർവ്വ ഇതിഹാസം

ഫാ. ഡോ. ജോർജ് കോശി

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലും 21-ാം നൂറ്റാണ്ടിന്റെ ആദ്യ കാലഘട്ടത്തിലും ഇങ്ങനെ ഒരു മേൽപട്ടക്കാരൻ ജീവിച്ചിരുന്നുവെന്ന് വരും തലമുറകളോട് പറഞ്ഞാൽ അവർ കെട്ടുകഥയാണെന്ന് പറഞ്ഞ് തട്ടിക്കളയാനിടയുണ്ട്. അല്ലെങ്കിൽ കടംകഥയാണെന്ന് പറഞ്ഞ് പുഛിച്ചു തള്ളിതടി തപ്പും. അത്ര അപൂർവ ഇതിഹാസമായിരുന്നു അഥവാ മനുഷ്യ പ്രതിഭാസമായിരുന്നു മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ.

ആരുടെ കൂടെ നിന്നാലും ആകാരത്തിൽ അവരേക്കാൾ കൊച്ചുമനുഷ്യൻ. വണ്ണമില്ല, പൊക്കമില്ല; വാചകമേളയ്ക്കുള്ള വരവുമില്ല, കഴിവുമില്ല. ഒത്തിരി നീണ്ട ദീക്ഷയുള്ള ഇത്തിരിപ്പോന്ന മനുഷ്യൻ. കഴുത്തിൽ രുദ്രാക്ഷമാലയിലോ ചരടിലോയുള്ള വെറുമൊരു തടിക്കുരിശ്, ശിരസിൽ സന്യാസവ്രതക്കാരന്റെ ശിരോവസ്ത്രം. ശരീരം പൊതിഞ്ഞ് പരുപരുത്ത നീണ്ട കാവിക്കുപ്പായം. അതിന് പുറത്തൊരു കറുത്ത ളോഹയും. കാഴ്ചയ്ക്ക് ഇത്രയുമൊക്കയേ ഉള്ളു ഈ തിരുമേനി. എങ്കിലും കാണുന്നവർക്കൊക്കെ അദ്ദേഹം പൊന്നു തിരുമേനിയാണ്. അല്ലെങ്കിൽ അതിലും കാന്തിയും ശോഭയുമേറിയ കനകത്തിരുമേനിയാണ്. പൊൻകുരിശും പട്ടുകുപ്പായവും ധരിച്ച തടി തിരുമേനിമാർക്ക് പഞ്ഞമില്ലെന്ന് വിശ്വാസികൾ വിലയിടിച്ച് അവരെ വിലയിരുത്തുമ്പോൾ സ്വർണ്ണം ധരിക്കാത്ത, സുതാര്യത നിറഞ്ഞ ഈ ഇടയശ്രേഷ്ഠനെ പത്തരമാറ്റുള്ള തങ്കത്തിരുമേനിയായി വിശ്വാസികളും അവിശ്വാസികളും വാഴ്ത്തുന്നു, പുകഴ്ത്തുന്നു.

ബർണബാസ് മെത്രാപ്പോലീത്താ പ്രായാധിക്യത്താൽ ഒന്നര വർഷം മുമ്പ് ഭദ്രാസന ചുമതലകൾ വിട്ടൊഴിഞ്ഞ് നാട്ടിലേക്ക് മടങ്ങുന്ന ദിവസം പള്ളിയിൽ ഈയുള്ളവൻ ആ വിവരം അറിയിച്ചു. അപ്പോഴത്തെ കുട്ടികളുടെ കണ്ണുനീരും കുട്ടിത്തം വിട്ടവരുടെ ചുവന്നു തുടുത്ത മുഖവും കലങ്ങിയ കണ്ണുകളും മറക്കാൻ കഴിയുന്നില്ല. ഇത് പോർട്ട് ചെസ്റ്റർ പള്ളിയുടെ അനുഭവം. അതു തന്നെയായിരുന്നു അമേരിക്കയിലുള്ള ഓരോ മലങ്കര ഓർത്തഡോക്സ് പള്ളിയുടെയും കഥ.

രോഗിയായി ശിഷ്ടായുസ് അവശതയിലും അതിവേദനയിലും കഴിയാതെ അദ്ദേഹം ദൈവസന്നിധിയിൽ എടുക്കപ്പെട്ടതിൽ സന്തോഷിക്കേണ്ടതാണ്. മാത്രമല്ല, ശാരീരിക അസ്വസ്ഥത അജഗണങ്ങൾക്കു വേണ്ടി

Malankaraorthodox.TV

പ്രാർത്ഥിക്കുന്നതിന് ഇനിയും അദ്ദേഹത്തെ ആക്രമിക്കുകയില്ലെന്നുള്ളതും ആഹ്ലാദത്തിന് വക നൽകുന്നു. എങ്കിലും അദ്ദേഹത്തെ അറിയുന്നവരുടെയുള്ളിൽ ദുഃഖം ഇരമ്പുകയാണ്. കടലലകൾ പോലെ തേങ്ങലുകൾ ഉണരുകയും ഉയരുകയുമാണ്.

കോട്ടയം വൈദികസെമിനാരിയിൽ എന്റെ ഗുരുവായിരുന്ന അന്നത്തെ കെ. കെ. മാത്യൂസ് അച്ചൻ എന്ന ഇന്നത്തെ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ പഠിപ്പിച്ചത് ദൈവശാസ്ത്രം. പക്ഷേ, അദ്ദേഹം പകർന്നുതന്നത് ദൈവത്തെയായിരുന്നു, ദൈവാനുഭവമായിരുന്നു. അപൂർവമായിട്ടാണല്ലോ അധ്യാപകരിൽ നിന്നും അപ്രകാരമുള്ളവരെ ലഭിക്കുക. അതു മരിച്ചാലും മറക്കാനാവാത്ത ദൈവിക സ്മരണകളാണ്. മരിക്കുമ്പോൾ കൂടെ കൊണ്ടുപോകാൻ കഴിയുന്ന ദിവ്യമൊഴിമുത്തുകൾ. ആരും തടയാതെ അനശ്വര സന്നിധിയിൽ അണയുവാൻ അരുനിൽക്കുന്ന അമൃതകുംഭങ്ങൾ.

ഈശ്വരാ, ഇനിയും എത്രനാൾ കാത്തിരിക്കണം ഇതുപോലൊരു ഇടയനെ ഈ ലോകം കണ്ടെത്തുവാൻ. ഈ കാലഘട്ടത്തിൽ ഞങ്ങൾക്ക് അതിനിടയായതിൽ സർവേശ്വരാ, അങ്ങേയ്ക്ക് സർവ മഹത്വവും.

Malankaraorthodox TV

16

ദിശാബോധം നൽകിയ കുമ്പസാരപിതാവ്

ഫാ. ഡോ. ടി. പി. ഏലിയാസ് മുളന്തുരുത്തി

കോളജ് പഠനത്തിനുശേഷം കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ വൈദികപരിശീലനത്തിന് പ്രവേശനം കിട്ടി. ആ വൈദിക കുടുംബത്തിലെ ഏതൊരു വിദ്യാർത്ഥിയുടേയും ശ്രദ്ധ പിടിച്ചുപറ്റുന്ന വ്യക്തിയായിരുന്നു കെ. കെ. മാത്യൂസ് അച്ചൻ (മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ). സെമിനാരിസമൂഹത്തിന്റെ മുമ്പിൽ നിൽക്കുന്ന ആൾ എന്ന നിലയിൽ മാത്യൂസ് അച്ചൻ അറിയപ്പെട്ടിരുന്നുവെങ്കിലും, മാനസികമായി തളർന്നിരിക്കുന്ന വിദ്യാർത്ഥികൾക്കും രോഗികൾക്കും മാർഗ്ഗനിർദ്ദേശവും ഉപദേശവും നൽകുന്ന ഒരു കുമ്പസാര പിതാവ് ആയിരുന്നു അദ്ദേഹം.

1970–ലെ സെമിനാരി ബാച്ചിൽ എനിക്ക് പ്രവേശനം ലഭിച്ചു. അന്ന് സെമിനാരി ഫാക്കൽറ്റിയിൽ പരിചയവും ബന്ധവും ഉള്ള രണ്ട് പേരുണ്ടായിരുന്നു: ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, ഫാ. ഡോ. ടി. ജെ. ജോഷ്വ അച്ചൻ. അവരെ കൂടാതെ ഫാ. കെ. കെ. മാത്യൂസ് അച്ചനും എന്റെ ശ്രദ്ധ പിടിച്ചുപറ്റി. അദ്ദേഹത്തിന്റെ തനതായ ഭാഷാശൈലി, വ്യത്യസ്തമായ പെരുമാറ്റരീതി, അടുത്തറിയുമ്പോഴുള്ള നിഷ്കളങ്ക സ്വഭാവം, അതിന്റെ തുടർച്ചയായുള്ള ശുണ്ഠിയും വിദ്യാർത്ഥി മനസ്സുകളെ ഒരുപക്ഷേ, അദ്ദേഹത്തിൽ നിന്നും അകറ്റിനിർത്തുമായിരിക്കാം. എന്നാൽ കുമ്പസാര സന്നിധിയിൽ ചെല്ലുമ്പോൾ അനുതാപിയോടുള്ള സമീപനം ഏതൊരു വ്യക്തിയേയും അദ്ദേഹത്തോട് മാനസികമായി അടുപ്പിക്കും.

കുമ്പസാരത്തിനുവേണ്ടി മുട്ടുകുത്തുന്ന വ്യക്തിയോട് ഈ കുമ്പസാരപിതാവ് സഹതാപത്തോടും ആദരവോടും കൂടിയാണ് ഇടപെടുന്നത്. ഓർത്തഡോക്സ് സഭാപാരമ്പര്യത്തിൽ, പാപത്തിൽ വീണ മനുഷ്യവർഗ്ഗത്തോട് ഒരു രോഗിയോട് എന്നതുപോലെ സഹതാപത്തോടും ആർദ്രകരുണയോടുമാണ് ദൈവം ഇടപെട്ടത് എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. രോഗമുണ്ടാകുന്നത് സ്വന്തം തെറ്റുകൊണ്ടായാലും ഒരാൾ രോഗിയായിക്കഴിഞ്ഞാൽ, അയാളെ ശിക്ഷിക്കുകയല്ല, ചികിത്സിക്കുകയാണല്ലോ ചെയ്യുന്നത്. കുറ്റവും ശിക്ഷയും എന്നതല്ല ചികിത്സയും

Malankaraorthodox.TV

സൗഖ്യവും എന്നതാണ് പൗരസ്ത്യ പിതാക്കന്മാരുടെ ചിന്തയിലുള്ളത്.

എന്റെ വൈദിക പരിശീലനത്തിന് ശേഷവും, കെ. കെ. മാത്യൂസ് അച്ചൻ എന്റെ കുമ്പസാര പിതാവായി തുടർന്നു. സെമിനാരിയിൽ നിന്ന് അച്ചൻ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ ചാപ്ലയിനായി തന്റെ ദൗത്യ ശുശ്രൂഷ തുടരുവാൻ സഭ കൽപ്പിച്ചു. ഞാൻ ഈ സമയത്തും അച്ചന്റെ ഉപദേശത്തിനുവേണ്ടി അച്ചനെ സമീപിക്കാറുണ്ട്. അവശ്യ സന്ദർഭങ്ങളിൽ പാപമോചനം പ്രാപിക്കുവാനും അവസരം കണ്ടെത്തിയിട്ടുണ്ട്. സർവ്വകലാശാലകളിലെ ആധുനിക മനശാസ്ത്ര രീതികൾ ആയിരുന്നില്ല അച്ചൻ അവലംബിച്ചിരുന്നത്. ഈ ആത്മീയ പിതാവിൽ നിന്ന് ലഭിച്ച ദർശനം, ഉപദേശം എനിക്ക് ശക്തി പകർന്നു.

മലങ്കരസഭാ കക്ഷിവഴക്ക് രൂക്ഷമായിരുന്ന 1970-കളിൽ എന്റെ വിവാഹം നടത്തുന്നതിന് ധാരാളം പ്രതിസന്ധികൾ വന്നു. എന്റെ ഗുരുനാഥന്മാരും ഭാഗ്യസ്മരണാർഹരായ ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പൗലോസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ മക്കാറിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ സാന്നിദ്ധ്യത്തിൽ വിവാഹ കൂദാശ നടത്തുവാൻ ആഗ്രഹിച്ചു. പക്ഷേ, ഞങ്ങളുടെ രണ്ടുപേരുടേയും ഇടവകകളിൽ ഈ പിതാക്കന്മാർക്ക് പ്രവേശനം നിഷേധിച്ചു. ഉപദേശം തേടി ബഹു. അച്ചനെ സമീപിച്ചു. കുടുംബക്കാരും, ചാർച്ചക്കാരും മറുഭാഗത്ത് നിൽക്കുന്നു. കുമ്പസാരത്തിൽ ഈ വിഷയം മാത്യൂസ് അച്ചനുമായി പങ്കിട്ടു. കുമ്പസാരത്തിനുശേഷം അദ്ദേഹം പറഞ്ഞ വാക്കുകൾ ഓർമ്മയിലുള്ളത് കുറിക്കുന്നു. "ശെമ്മാശ്ശനെ സഭാചരിത്രം ഞാൻ പഠിപ്പിച്ചിട്ടുണ്ട്. ആദിമ സഭയിലെ ക്രൈസ്തവ ദേവാലയത്തെക്കുറിച്ചുള്ളതായ വേദപുസ്തക സങ്കൽപ്പവും പഠിപ്പിച്ചിട്ടുണ്ടല്ലോ." അദ്ദേഹം അവിടെ നിന്ന് സൈക്കിൾ ചവിട്ടി, കടയിരുപ്പ് സെന്റ് പീറ്റേഴ്സ് ഇംഗ്ലീഷ് ഹൈസ്ക്കൂളിൽ പോയി ആ സ്ക്കൂളിന്റെ രണ്ട് ഹാൾ ആവശ്യപ്പെട്ടു. കുർബ്ബാനയും, വിവാഹ കൂദാശയും നടത്തുവാൻ ഒരു ഹാൾ, രണ്ടാമത്തെ ഹാൾ വിവാഹത്തിന്റെ റിസപ്ഷനും. എന്റെ ജീവിതസഖിയുടെ കൂടപ്പിറപ്പിലൊരാൾ തീവ്രമായും മറുഭാഗത്ത് നിൽക്കുന്ന ആളുമായിരുന്നു. അദ്ദേഹം ഈ കൂദാശയിൽ സംബന്ധിച്ചില്ലെന്ന് മാത്രമല്ല അദ്ദേഹത്തിന്റെ ആ ദിവസങ്ങളിലെ സംഭാഷണ ശകലം ഇവിടെ രേഖപ്പെടുത്തുന്നു. "ചിലരുടെ കല്യാണം അമ്പലത്തിൽ. ചിലരുടെ കല്യാണം പള്ളിയിൽ, വേറെ ചിലരുടെ രജിസ്റ്റർ കച്ചേരിയിൽ, നിർഭാഗ്യവശാൽ എന്റെ കൂടപ്പിറപ്പിന്റെ കല്യാണം ഈ സ്ക്കൂളിൽ വെച്ചും." ഇങ്ങനെ അദ്ദേഹം പറഞ്ഞുകൊണ്ട് നടന്ന വാർത്തയും എന്റെ കുമ്പസാരപിതാവിന്റെ ചെവിയിൽ എത്തിയപ്പോൾ അദ്ദേഹം എന്നെ വിളിച്ച് സാന്ത്വനപ്പെടുത്തി. അദ്ദേഹം ഓർമ്മിപ്പിച്ചു ദൈവസ്നേഹത്തിൽ നിന്നും മനുഷ്യസ്നേഹത്തിൽ നിന്നും നമ്മെ

MalankaraOrthodox.TV

അകറ്റുന്നതെല്ലാം പാപമാണ്. ക്രിസ്തീയ വിശ്വാസത്തിൽ ഒരു പ്രമാണമേയുള്ളൂ. അത് സ്നേഹത്തിന്റെ പ്രമാണമാണ്. ഇതുപോലെ ധാരാളം നുറുങ്ങുകൾ ഭാഗ്യസ്മരണാർഹനായ ഈ പിതാവിനെക്കുറിച്ച് അനുസ്മരിക്കാനുണ്ട്. ഇമ്പങ്ങളുടെ പറുദീസായിൽ ദൈവം വാസസ്ഥലം ക്രമീകരിച്ച് കൊടുക്കട്ടെ.

Malankaraorthodox TV

17

സത്യത്തിന്റെ പ്രവാചകൻ

ഫാ. മാത്യു കെ. ജോൺ

(മാനേജർ, മാർ കുറിയാക്കോസ് ദയറാ, പാമ്പാടി)

ലോകചരിത്രം പരിശോധിക്കുമ്പോൾ താൻ അറിഞ്ഞ സത്യത്തിനു വേണ്ടി നിലനിൽക്കാനും അറിഞ്ഞ സത്യം ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും ചില മഹാന്മാർ മാത്രമേ ശ്രമിച്ചിട്ടുള്ളു. ബാക്കിയുള്ളവർ അറിഞ്ഞ സത്യം താൻ അറിഞ്ഞില്ലായെന്ന് ലോകത്തെ ബോധ്യപ്പെടുത്തുവാനും അസത്യങ്ങളിൽ വിരാജിക്കുവാനുമാണ് ശ്രമിച്ചിട്ടുള്ളത്. എന്നാൽ മാത്യൂസ് മാർ ബർണബാസ് തിരുമേനി ആരാധനയിൽ ദൈവസാന്നിധ്യബോധമില്ലാതെ വന്നാൽ അത് നിർത്തി ശാന്തമായിട്ടിരുന്ന് പിന്നീട് അത് മുറിയിൽ വച്ചാണെങ്കിലും ദൈവസാന്നിധ്യബോധം ലഭിക്കുമ്പോൾ അവ തുടർന്ന് പൂർത്തീകരിക്കുന്നത് ഞങ്ങളെ വിസ്മയിപ്പിച്ചിട്ടുണ്ട്. ഇത് വൈദികർക്കും വൈദികസ്ഥാനികൾക്കും അത്മായർക്കും മാതൃകയാണ്. തനിക്ക് ഇല്ലാത്ത ഗുണങ്ങൾ ഉണ്ടെന്ന് കാണിക്കാൻ ശ്രമിക്കുകയോ ഉള്ള ബലഹീനതകൾ മറച്ചുവച്ച് പ്രശംസ പിടിച്ചു പറ്റാനോ ശ്രമിച്ചിട്ടില്ല.

ഒരിക്കൽ പുഷ്പഗിരി ആശുപത്രിയിൽ പോയി വേദനയും രക്തസ്രാവവും ഒരേ സമയത്ത് അനുഭവിച്ച് തിരിച്ച് പാമ്പാടി ദയറായിൽ വന്നുകയറി. സമയം രാത്രി 12 മണി. ക്ഷീണമായതുകൊണ്ട് തിരുമേനി കിടന്ന് ഉറങ്ങും എന്ന് കൂടെ ഉണ്ടായിരുന്നവർ കരുതി. എന്നാൽ കിടക്കാൻ നിർബന്ധിച്ചപ്പോൾ “ശെമ്മാശ്ശാ സന്ധ്യാനമസ്ക്കാരം നടത്തിയോ” എന്ന് ചോദിച്ചു. ‘ഇല്ല’ എന്ന കേട്ടയുടനെ ‘നമസ്ക്കരിക്കാം’ എന്ന് പറഞ്ഞ് സന്ധ്യാനമസ്ക്കാരം, സൂത്താറാ, വേദവായന, ധ്യാനവായന എന്നിവ നടത്തി പൂർത്തീകരിച്ചു. ഉച്ചമുതൽ വിശപ്പോടെ തിരുമേനിയെ അനുഗമിച്ചവരെ ഇത് അത്ഭുതപ്പെടുത്തി.

ഒരു ക്രിസ്ത്യാനിയുടെ ജിവിതത്തിനടിസ്ഥാനം നിരന്തരമായ ദൈവസംസർഗവും, അനുദിനമുള്ള ദൈവവചനവും ഇടയ്ക്കിടയുള്ള ധ്യാനവായനയും ആണെന്ന് തന്റെ അനുഗാമികളെ പഠിപ്പിക്കുവാൻ ഈ സംഭവം മുഖേന തിരുമേനിക്ക് കഴിഞ്ഞു.

താൻ ദൈവസന്നിധിയിലേക്കാണ് പോകുന്നതെന്നും അവിടെയെല്ലാം ഭദ്രമാണെന്നും ഉള്ള പ്രത്യാശ അദ്ദേഹത്തിനുണ്ടായിരുന്നു. മരണത്തെ

Malankaraorthodox.tv

ക്കുറിച്ചുള്ള ഭയമോ ആവലാതിയോ ഇല്ലായിരുന്നു. കാലം ചെയ്യുന്നതിന് 3 ദിവസം മുമ്പ് വെള്ളിയാഴ്ച ഉച്ചയ്ക്ക് താൻ ഇരിക്കാൻ പോകുന്നതിനെക്കുറിച്ച് വാചാലനാകുകയും കൂടെ ഉണ്ടായിരുന്നവരെ പോകുന്ന സ്ഥലത്തെക്കുറിച്ച് കൂടുതൽ പരിചയപ്പെടുത്തുകയും അവിടേക്ക് ക്ഷണിക്കുകയും ചെയ്തു. അപ്പോൾ അത് ചിരിച്ചുതള്ളിയെങ്കിലും കബറടക്കത്തെക്കുറിച്ചുള്ള പ്രവചനമായിരുന്നുവെന്ന് പിന്നീടാണ് ഞങ്ങൾ മനസ്സിലാക്കിയത്. "ഞാൻ ഇവിടെ ഇരിക്കാൻ പോവുകയാണ്. ഇതിന്റെ ഇടതുവശത്ത് ഞാൻ പഠിച്ച സ്കൂളും വലതുവശത്ത് അമ്പലവുമാണെന്ന്" താല്പര്യത്തോടെ പല പ്രാവശ്യം പറഞ്ഞത് ഓർത്തുപോകുന്നു. അതിനുശേഷം ഒരുമിച്ച് ഭക്ഷിക്കാം എന്ന് പറഞ്ഞ് എഴുന്നേല്ക്കുകയും എന്നാൽ, നമസ്ക്കരിച്ചില്ല എന്ന് ഓർക്കുകയും നിന്ന നില്പിൽ നമസ്ക്കാരം പൂർണമായും നടത്തുകയും ചെയ്തു. അതിനുശേഷം തിരുമേനി ശുശ്രൂഷിച്ച ശെമ്മാശ്ശന്മാരെ കൂടെ ഇരുത്താതെ ഭക്ഷിക്കാറില്ലായിരുന്നു. തിരുമേനിയുടെ നിർബന്ധത്തിനു അവർ ഇരിക്കുകയും തിരുമേനി ഭക്ഷിക്കുകയും ചെയ്തു.

ജീവിതലാളിത്യത്തിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സമ്പന്നതയുടെ ഈറ്റില്ലമായ അമേരിക്കയിൽ നിന്ന് കീറിപ്പറിഞ്ഞ ഒരു കുപ്പായവും ഇസ്തിരി ഇട്ടാൽ പൊടിഞ്ഞുപോകുന്ന രണ്ട് കാവിക്കുപ്പായവും ആയി കടന്നുവന്ന തിരുമേനിക്ക് തിരുമേനിയുടെ അനുവാദമില്ലാതെ 5 ജോഡി കുപ്പായവും ഒരു കാപ്പായും തയ്പ്പിച്ചതിന് "രണ്ട് കാപ്പാ ഇട്ടാണോ ചൊല്ലുന്നതെന്നും ഒന്ന് മതിയെന്നും അധികപ്പറ്റ് കാണിക്കരുതെന്നും" പറഞ്ഞ് ശാസിച്ചു. 'ഉപ്പുവെള്ളത്തിൽ കിടക്കുന്ന മീനിന് സമമായിരിക്കണം ക്രിസ്ത്യാനി' എന്നും 'വെള്ളത്തിൽ കിടക്കുന്ന വള്ളത്തിനുള്ളിൽ വെള്ളം കയറരുതെന്നും' അദ്ദേഹം നമ്മെ പഠിപ്പിച്ചു.

ആരാധനയോടുള്ള തീക്ഷ്ണത അനുകരണീയമായിരുന്നു. ആരാധന അനുതാപത്തിന്റേതായിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. ആരാധനയിൽ അനാവശ്യമായി ഉപകരണങ്ങൾ ഉപയോഗിക്കുന്നത് തിരുമേനി കർശനമായി നിരോധിച്ചിരുന്നു. 'അൻപുടയോനേ' എന്ന ഗാനം അനുതാപത്തിന്റെ ഈണത്തിലേ പാടാവൂ എന്ന് നിഷ്കർഷിച്ചിരുന്നു. അതുപോലെ പ്രാർത്ഥനയ്ക്കു മുമ്പ് ക്രിസ്തീയ ഗാനങ്ങൾ ഉപയോഗിക്കുന്നത് അനുതാപത്തിന് അവസരമുണ്ടാക്കും എന്ന് പറഞ്ഞ് സന്ധ്യാനമസ്ക്കാരത്തിനു മുമ്പ് പാട്ടു പാടുമായിരുന്നു. സഭാവിശ്വാസങ്ങൾക്കും ചിട്ടകൾക്കും യാതൊരു മാറ്റവും വന്നു കൂടാ എന്ന് നിഷ്കർഷിച്ചിരുന്നു. വരുന്നവർക്കെല്ലാം ഭക്ഷണം വിളമ്പി അവരെ ഇരുത്തി നല്ല കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും അവരുടെ തലയിൽ കൈ വച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഒരു പതിവായിരുന്നു. എപ്പോഴും ക്രിസ്തീയമായ കാര്യ

MalankaraOrthodox.TV

ങ്ങളേ പറഞ്ഞിരുന്നുള്ളു. ഇത്രയും അർപ്പണബോധമുള്ള ഒരു പിതാവിനെ കുറച്ചുകാലമെങ്കിലും ഞങ്ങൾക്ക് കിട്ടിയതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഏപ്രിൽ 20-ന് പാമ്പാടിയിൽ വരികയും ഡിസംബർ 8 വരെ ഇവിടെ താമസിക്കുകയും ചെയ്ത തിരുമേനി, പാമ്പാടി തിരുമേനിയുടെ സാന്നിദ്ധ്യവും ജീവിതവുമാണ് കാട്ടിത്തന്നത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഇവിടെ താമസിച്ചവർക്കും ഇവിടെ വരുന്നവർക്കും എല്ലാം അനുഗ്രഹകരമായിരുന്നു. യാദൃശ്ചികമായി ഞങ്ങൾക്ക് കിട്ടിയ ഈ പുണ്യ പിതാവ് ഞങ്ങളെ വളരെയേറെ സ്നേഹിച്ചിരുന്നു. ഞങ്ങൾ ഏറെ വാത്സല്യം അനുഭവിച്ചു. ഞങ്ങളുടെ പിതാവിന്റെ ആ നിഷ്കളങ്ക ജീവിതത്തിനു മുമ്പിൽ പ്രണാമം അർപ്പിച്ചുകൊണ്ട് നല്ലവനും വിശ്വസ്തനുമായ ദാസാ ഞങ്ങളെയും അങ്ങയുടെ പ്രാർത്ഥനയിൽ ചേർത്തുകൊള്ളണമേയെന്ന് അപേക്ഷിക്കാം.

18

ഇവനിൽ കാപട്യം ഇല്ല

ഡോ. ഡി. ബാബുപോൾ ഐ.എ.എസ്.

നഥാനിയേൽ യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം പരാമർശിക്കപ്പെടുന്ന പേര്. യേശുക്രിസ്തു നഥാനിയേലിന് ഒരു പ്രശംസ നൽകി: 'ഇവനിൽ കാപട്യം ഇല്ല' (ബൈബിൾ, യോഹന്നാന്റെ സുവിശേഷം, അധ്യായം 1, വാക്യം 47). നഥാനിയേലിന് പോരായ്മകൾ ഒന്നും ഇല്ലായിരുന്നു എന്നോ നഥാനിയേൽ പാപം ചെയ്യാത്ത നിഷ്കളങ്കനാണ് എന്നോ അല്ല സാക്ഷ്യം. 'കാപട്യം ഇല്ല' എന്നാണ് പറഞ്ഞത്. പാപത്തേക്കാളും കുറവുകളേക്കാളും ഗരിയസ്സായ ദോഷമായി ക്രിസ്തു കണ്ടത് കാപട്യമായിരുന്നു എന്നത് ഈ പ്രശംസാവചസ്സിന്റെ ശ്രേഷ്ഠത തെളിയിക്കുന്ന വസ്തുതയാണ്.

കാലം ചെയ്ത മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായെക്കുറിച്ചും ക്രിസ്തു ഇത് പറയുമായിരുന്നു: 'ഇവനിൽ കാപട്യം ഇല്ല.' എന്തൊക്കെ പോരായ്മകളാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്, എന്തൊക്കെ തെറ്റുകളാണ് അദ്ദേഹം ചെയ്തിട്ടുള്ളത് എന്ന് നമുക്കറിയില്ല. അതൊക്കെ ഈശ്വരൻ മാത്രം അറിയുന്നു. എന്നാൽ, ചിലതൊക്കെ നമുക്കും അറിയാം. എല്ലാ ശുദ്ധാത്മാക്കളെയുംപോലെ ക്ഷിപ്രകോപിയായിരുന്നു തിരുമേനി. പറയുമ്പോൾ പറയുന്നത് ശരിയോ എന്നല്ലാതെ ഇപ്പോൾ പറയേണ്ടതുണ്ടോ, ഇങ്ങനെ പറയേണ്ടതുണ്ടോ എന്നൊക്കെ ചിന്തിക്കുന്ന രീതി ഉണ്ടായിരുന്നില്ല. സത്യം ബ്രൂയാത് എന്നല്ലാതെ പ്രിയം ബ്രൂയാത് എന്നോ നബ്രൂയാത് സത്യമപ്രിയം എന്നോ കരുതിയുമില്ല. അത് അകന്മഷതയുടെ മുദ്ര. എങ്കിലും അത് പോരായ്മ തന്നെ. ആ പോരായ്മ ഉണ്ടായിരുന്ന മറ്റൊരാളുടെ പേരിൽ മലങ്കരയിൽ പള്ളികൾ സ്ഥാപിതമായിട്ടുണ്ട്. അദ്ദേഹത്തെ നാം പരുമല തിരുമേനി എന്നാണ് അറിയുന്നത്. കോപിക്കുന്നത്ര വേഗത്തിൽ കോപത്തെക്കുറിച്ച് ദുഃഖിക്കുമായിരുന്നു രണ്ടു പേരും. അതിനേക്കാൾ പ്രധാനം ഇരുവരിലും കാപട്യം ഒട്ടും ഉണ്ടായിരുന്നില്ല എന്നതാണ്. ഒടുവിൽ കണ്ടപ്പോൾ ഒരു പഴയ സംഭവം ഓർത്തെടുത്തു ഈ മഹാത്മാവ്. 'താൻ മെത്രാനാകുന്നത് കൊള്ളാം. മസ്നപസാ ഇട്ടാൽ പോരാ. പരുമല തിരുമേനിയെപ്പോലെ ആകണം എന്ന് ചേട്ടൻ പണ്ട് പറഞ്ഞതാണ്. ഇപ്പോഴും ഞാൻ അതിന് ശ്രമിക്കുന്നതേയുള്ളൂ. വഴിയേറെ കിടക്കുന്നു ഇനിയും.' എൺപത് കഴിഞ്ഞ ബർണബാസ് തിരുമേനി അമേരിക്കയിൽ നിന്നു വന്ന് കോല

MalankaraOrthodox.TV

ഞ്ചേരി ആശുപത്രിയോട് ചേർന്നുള്ള ഒരു മുറിയിൽ വിശ്രമിക്കുന്ന കാലത്ത് എന്നോട് പറഞ്ഞതാണ്. എന്തൊരു വിശുദ്ധിയാണ് ഈ വാക്കുകൾ ദ്യോതിപ്പിക്കുന്നത്. ശ്രമിക്കുന്നതേയുള്ളത്രെ! ഈ ചേട്ടൻ എന്റെ പിതാവാണ് – കോറൂസോ ദശറോറോ പി. എ. പൗലോസ് കോറെപ്പിസ്കോപ്പാ. ആ ബന്ധത്തെക്കുറിച്ച് പറയാം ആദ്യം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇംഗ്ലീഷ് പഠിച്ച ഒരേ ഒരു യാക്കോബായ വൈദികൻ മാത്രമായിരുന്നു വടക്കൻ തിരുവിതാംകൂറിൽ ഉണ്ടായിരുന്നത് – പൊയ്ക്കാട്ടിൽ ചാക്കോ അബ്രഹാം മൽപാൻ. കോട്ടയത്ത് സി.എം.എസ്. കോളജ് തുടങ്ങിയപ്പോൾ പെരുമ്പാവൂർ കുറുപ്പംപടിയിലും ഒന്നു തുടങ്ങാൻ മോഹിച്ചയാൾ. യാഥാസ്ഥിതികരായ വിശ്വാസികൾ പ്രൊട്ടസ്റ്റന്റ് നവീകരണത്തെ ഭയപ്പെട്ടു. അവർ എതിർക്കുക മാത്രമല്ല, മൽപാനെ ഊരുവിലക്കുകയും ചെയ്തു. ഒടുവിൽ മരണമടഞ്ഞപ്പോൾ അന്നത്തെ മലങ്കര മെത്രാപ്പോലീത്തായുടെ കല്പനയുമായി അനന്തരവൻ മരങ്ങാട്ട് മാത്തു കത്തനാർ രംഗത്തുവന്നതിനാലാണ് കുറുപ്പംപടിക്കാർ കബറടക്കം നടത്തിയത്.

പൊയ്ക്കാട്ടിൽ മല്പാന്റെ ദൗഹിത്രനായിരുന്നു തിരുമേനി. മല്പാന്റെ സഹോദരിയുടെ ദൗഹിത്രൻ എന്റെ പിതാവ്. ആങ്ങളപെങ്ങൾ സന്തതികൾ. സെക്കൻഡ് കസിൻസ് എന്ന് സായിപ്പ്. തിരുമേനിക്ക് രണ്ടുപേർ ആയിരുന്നു ഗുരുക്കന്മാർ. പിതൃവ്യൻ പൗലോസച്ചൻ എന്ന പ്രശസ്ത വൈദികനും ജ്യേഷ്ഠൻ പൗലോസ് കോറെപ്പിസ്കോപ്പായും. കോറെപ്പിസ്കോപ്പാ സ്കൂളിലും ഗുരുവായി. കുറുപ്പംപടി എം.ജി.എം. ഹൈസ്കൂളിലാണ് തിരുമേനി പഠിച്ചത്. പിന്നീട് അവിടെത്തന്നെ അധ്യാപകനുമായി കുറെക്കാലം. അന്നും സഭയിലെ രണ്ടു വിഭാഗങ്ങളിൽ ആയിരുന്നു ഈ ജ്യേഷ്ഠാനുജന്മാർ. തിരുമേനി ശെമ്മാശനായി കുറുപ്പംപടി സ്കൂളിൽ പഠിക്കുമ്പോൾ പോലും സഭയ്ക്കകത്ത് മറുകക്ഷിയിൽ ആയിരുന്നു. ഇപ്പോഴത്തെ വഴക്കിനിടയിൽ അചിന്ത്യമായ സംഗതി. നിയമനം നൽകിയ ജ്യേഷ്ഠനോ നിയമനം സ്വീകരിച്ച അനുജനോ അക്ഷരമുറ്റത്ത് കക്ഷിവഴക്ക് പ്രസക്തമാണെന്ന് കരുതിയില്ല.

പിന്നെ കുറെക്കാലം ഒരുമിച്ചായിരുന്നെങ്കിലും സഭയിൽ വഴക്ക് വീണ്ടും വന്നു. അതിനുശേഷം ആയിരുന്നു മെത്രാൻ വാഴ്ച. വീട്ടുകാരൊക്കെ പോയി. ജ്യേഷ്ഠൻ മറുകക്ഷിയിലെ വൈദിക പ്രമുഖൻ ആയിരുന്നതിനാൽ പോയില്ല. മെത്രാനായ ശേഷം നേരെ പോയത് ഗുരുവും ജ്യേഷ്ഠനും ആയ പൗലോസ് കോറെപ്പിസ്കോപ്പായെ കാണാനാണ്.

വികാരനിർഭരമായിരുന്നു ആ സമാഗമം. യാത്ര പറയുന്നതിനു മുമ്പ് മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസ്ത്രങ്ങൾ ധരിച്ച് കാണണം എന്ന് ജ്യേഷ്ഠൻ പറഞ്ഞപ്പോൾ അനുസരിച്ചു. കാറിൽനിന്ന് ഒരു പെട്ടി

MalankaraorthodoxTV

തന്നെത്താൻ എടുത്തുകൊണ്ടു വന്നു. തിരുവസ്ത്ര വിഭൂഷിതനായി. ഇടതുകൈയിൽ അംശവടി. വലതുകൈയിൽ സ്ലീബാ: കുരിശ്. പിന്നെ അവർ ഒരുമിച്ച് പ്രാർത്ഥിച്ചു. ജീവിതത്തിൽ ആദ്യമായി അനുജൻ പ്രാർത്ഥന തുടങ്ങി, ജ്യേഷ്ഠൻ ഏറ്റുചൊല്ലി. സ്വർഗം സന്തോഷിച്ച നിമിഷം.

ഏതാനും ദിവസങ്ങൾ കഴിഞ്ഞാണ് എന്റെ സ്വർഗ്ഗസ്ഥ പത്നി നിർമ്മലയും ഞാനും 'കണ്ട് കൈ മുത്താൻ' പോയത്. അതിനിടെ മെത്രാനാണെന്ന് മറന്നിട്ടെന്നതുപോലെ കോലഞ്ചേരി ആശുപത്രിയിലെ രോഗക്കിടക്കകൾക്കരികിൽ സാന്ത്വനവചസ്സ് പകരുന്ന സാദാ വൈദികന്റെ പഴയ റോളിലേക്ക് മാറിയിരുന്നു അദ്ദേഹം. ഞങ്ങളെ സ്വന്തം മുറിയിലേക്ക് കൊണ്ടുപോയി. ഇറങ്ങാറായപ്പോൾ ആ നിഷ്കളങ്കത മുഴുവൻ തെളിയുന്ന ഒരു സംഭവം. 'ചേട്ടന് വിശുദ്ധ വസ്ത്രങ്ങളെല്ലാം ധരിച്ച് കാണണം എന്ന് മോഹം പറഞ്ഞു. അപ്പോഴാണ് അത് ശരിയാണല്ലോ എന്ന് എനിക്ക് തോന്നിയത്. നിനക്കും കാണുമല്ലോ അങ്ങനെ കാണാൻ ആശ.' ആ മുറി ഗ്രീൻറൂമായി. കൊച്ചപ്പൻ മെത്രാനായി. പ്രതിമപോലെ ഒരു നിൽപ്. ഞങ്ങളെ അനുഗ്രഹിച്ചയച്ചു.

അതേ, ശിശുസഹജമായ നൈർമല്യം ആയിരുന്നു മാത്യൂസ് മാർ ബർണബാസിനെ എന്നും വ്യതിരിക്തനാക്കിയത്. ബർണബാസ് നഥാനിയേൽ ആയിരുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

അങ്കമാലിയിൽ സഹായമെത്രാൻ ആയിരിക്കുന്ന കാലം. അവിടെ കാതോലിക്കേറ്റ് സെന്ററുകൾ പണിയാൻ പണപ്പിരിവിന് കൊച്ചപ്പൻ തിരുവനന്തപുരത്ത് വന്നു. എന്നോട് ചോദിച്ചില്ല. ഞാൻ മറുകക്ഷിയാണല്ലോ! എന്നാൽ എന്റെ കാറിലായിരുന്നു നഗരസങ്കീർത്തനങ്ങൾ. വൈകുന്നേരം വീട്ടിൽ വരും. ഒരുമിച്ച് പ്രാർത്ഥിക്കും. അത്താഴം കഴിഞ്ഞ് ഉറങ്ങാൻ പള്ളിയിലേക്ക് പോകും. അനുഗൃഹീതമായിരുന്നു ആ നാളുകൾ. ആലുവായിൽ എന്തൊക്കെയോ സമുദായസമരം നടക്കുന്നുണ്ടായിരുന്നു. അതൊന്നും ഞങ്ങളെ ബാധിച്ചില്ല. ആധ്യാത്മിക കാര്യങ്ങളും അത്യാവശ്യം വീട്ടുകാര്യങ്ങളും മാത്രം ആയിരുന്നു ചർച്ചകളിൽ. എന്നാൽ, ആലുവയിൽ ഒരു പാത്രിയർക്കാദിനത്തിൽ ഞാൻ ചെയ്ത പ്രസംഗത്തിലെ ഒരു വാക്യം മതിലിനപ്പുറത്തെ സ്വകാര്യതയിൽ ഇരുന്ന് കേട്ടപ്പോൾ എന്നെ ശാസിച്ചും തിരുത്തിയും കത്തെഴുതി. 'നീ പറഞ്ഞത് ശരിയല്ല.' എന്തുകൊണ്ടെന്നാൽ നാലു കാരണങ്ങൾ, അഞ്ചു വേദവാക്യങ്ങൾ. അതേ, ബർണബാസ് നഥാനിയേൽ ആയിരുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

പിന്നെ ഇടുക്കിയിൽ മെത്രാനായി. അവിടെ ഒരാശുപത്രി തുടങ്ങി. വളരെ ചെറിയ ഒരേർപ്പാട്. ഉദ്ഘാടനത്തിന് എന്നെ വിളിച്ചു. മറ്റാരെങ്കിലും

വിളിച്ചിരുന്നെങ്കിൽ ഞാൻ തിരുവനന്തപുരത്തുനിന്ന് അത്ര ദൂരം പോകു മായിരുന്നില്ല. ഇത് പോകാതിരിക്കാനാവുകയില്ല. പോയി. മടക്കയാത്ര യുടെ തുടക്കത്തിൽ മന്ത്രിച്ചു: “ചേട്ടന് വരാനാവുകയില്ലല്ലോ; അതാണ് നിന്നെ വിളിച്ചത്.” വിളിച്ചാൽ വിളിച്ചിടത്തെത്തുന്ന അനന്തരവനാണ് ഈ ഐ.എ.എസുകാരൻ എന്ന് തെളിയിക്കുകയായിരുന്നില്ല ആ പരിവ്രാജ കന്റെ ലക്ഷ്യം. ഗുരുഭക്തിയുടെയും ഭ്രാതൃസ്നേഹത്തിന്റെയും പരാ വർത്തനമായിരുന്നു ആ ക്ഷണം. ബർണബാസ് നഥാനിയേൽ ആയി രുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

ഇടുക്കിയിൽ നിന്ന് പോയത് അമേരിക്കയിലേക്ക്. അവിടെ മറ്റൊരു മെത്രാപ്പോലീത്തായുമായി സഭാനേതൃത്വം ഉരസുന്ന കാലം. ഈ ‘പാവ’ ത്തിനെയാണ് അങ്ങോട്ടയച്ചത്. പ്രാർത്ഥനയും ഉപവാസവും കൊണ്ട് വിജയം നേടി ഈ കൃശഗാത്രൻ. പ്രശ്നങ്ങളെല്ലാം തീർന്നു. ശത്രുക്കൾ ഇല്ലാതായത് അവരെല്ലാം മിത്രങ്ങളായതിനാലാണ്. ലോകരീത്യാ യുദ്ധം ചെയ്യാൻ അറിഞ്ഞിട്ടല്ല. പ്രാർത്ഥനകൊണ്ട് തീരാത്ത പ്രശ്നങ്ങളില്ലെന്ന് തെളിയിക്കാൻ കഴിഞ്ഞതായിരുന്നു വിജയരഹസ്യം. അവിടെയും ഒര നുഭവം പറയാനുണ്ട്. ബദൽവിഭാഗം എന്നെ ധ്യാനഗുരുവായി ക്ഷണിച്ചു. ഞാൻ അമേരിക്കയിലെത്തി. വഴക്കൊക്കെ ഒരുവിധം ഒതുങ്ങി എന്നായി രുന്നു എന്റെ ധാരണ. ഒതുങ്ങിയില്ലെന്നറിഞ്ഞത് പിറകെയാണ്. ഏതാ യാലും കൊച്ചപ്പനെ കണ്ട് പറയാതെ മറ്റേ കൂട്ടരുടെ യോഗത്തിന് പോകാ നാവുമായിരുന്നില്ല. ഞാൻ ചെന്നു. കോപം ഒന്നും കണ്ടില്ല. എങ്കിലും ഒരു പ്രസാദക്കുറവ്. എനിക്ക് കാര്യം മനസ്സിലായി. ഞാൻ വായ് പൊത്തി വിനയത്തോടെ ചോദിച്ചു, ‘മക്കാറിയോസ് തിരുമേനിയുടെ യോഗത്തിന് പൊയ്ക്കോട്ടെ?’ കൊച്ചപ്പൻ നേരിട്ട് കോപിച്ചു കണ്ടത് അന്നാണ്. “എന്നോട് ചോദിക്കാതെ നീ സമ്മതിച്ചു. അവരുടെ ചെലവിൽ വന്നു. ഇനി പോകാതിരിക്കുന്നത് തെറ്റല്ലേ? നീ ചെയ്തത് ശരിയായില്ല. എങ്കിലും ഇനി പോവുക തന്നെ വേണം. ദൈവവചനം മാത്രമേ പറയാവൂ. സമു ദായ രാഷ്ട്രീയം ഒന്നും പറയരുത്.” അതെ, ബർണബാസ് നഥാനിയേൽ ആയിരുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

ഒടുവിൽ തിരിച്ചുവന്നപ്പോൾ കോലഞ്ചേരി ആശുപത്രിയിൽ താമസി ച്ചത് അത്ര ഇഷ്ടമായിട്ടായിരുന്നില്ല. എന്നോട് പറഞ്ഞു: “ഇഷ്ടമായി ട്ടല്ല, ബാവാ കൽപിച്ചു. ബാവാ എന്റെ ശിഷ്യനാണ്. എങ്കിലും ഇപ്പോൾ ബാവയല്ലേ? അനുസരിക്കാൻ ഞാൻ ബാധ്യസ്ഥനാണ്.” അതെ, ബർണ ബാസ് നഥാനിയേൽ ആയിരുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

വ്യക്തിതലത്തിലെ അനുഭവങ്ങളും കുടുംബതലത്തിലെ അറിവുകളും ഏറെയുണ്ട്. ഞാൻ പഠിച്ചതും ഏറെ. പറയാനില്ലാഞ്ഞല്ല ഇവിടെ നിർത്തു

Malankaraorthodox.TV

ന്നത്.

എന്നും ഖാദി ധരിച്ച്, സ്വന്തം വസ്ത്രങ്ങൾ സ്വയം അലക്കിയെടുത്ത്, ഭാരതീയ സന്യാസിപാരമ്പര്യവും അന്ത്യോഖ്യൻ ദയറാ പാരമ്പര്യവും ഗാന്ധിയൻ ലാളിത്യവും തന്റെ വ്യക്തിത്വത്തിൽ സമന്വയിപ്പിച്ച്, വിശ്വസിച്ചതിൽ വിട്ടുവീഴ്ചയില്ലാതെയും വിശ്വസിക്കാത്തതിനോട് വിരോധം പുലർത്താതെയും, ബന്ധങ്ങളെ മാനിച്ചും അവ ബന്ധനങ്ങളാകാതെ സൂക്ഷിച്ചും ഈ ഭൂമിയിലൂടെ നടന്നുപോയ മഹാനായിരുന്നു ബർണബാസ്. യഹോവയെ മുഖാമുഖമായി കണ്ട മോശയെപ്പോലെ മറ്റൊരു പ്രവാചകൻ ഇസ്രായേലിൽ ഉണ്ടായില്ല എന്ന് ബൈബിളിലുണ്ട്. 'ഞാൻ കണ്ട ഏറ്റവും വലിയ വിശുദ്ധൻ' എന്ന് എതിർപക്ഷത്തെ തോമസ് പ്രഥമൻ ബാവാ വിശേഷിപ്പിച്ച, മാത്യൂസ് മാർ ബർണബാസിനെപ്പോലെ മറ്റൊരു മെത്രാൻ ഏതെങ്കിലും ക്രൈസ്തവസഭയിൽ ഉണ്ടാകാനുള്ള സാധ്യതയും അതുപോലെതന്നെ ശുഷ്കമാണ്. ആ ആത്മാവിന് നിത്യ ശാന്തി നേരുക നാം.

(മാധ്യമം ദിനപത്രത്തിൽ എഴുതിയത്)

karaorthodox.TV



19

ത്യാഗത്തിന്റെ പുണ്യരൂപം

വെരി റവ. ഡോ. യോഹന്നാൻ ശങ്കരത്തിൽ കോറെപ്പിസ്ക്കോപ്പാ, ന്യൂയോർക്ക്

അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ വിയോഗ വ്യഥ എന്നെ ഏറെ ദുഃഖിപ്പിക്കുന്നു. ഇഹലോകത്തിൽ ഞാൻ വളരെയധികം ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഒരു പരിശുദ്ധൻ പറന്നകന്നു എന്നറിഞ്ഞപ്പോൾ എന്റെ ഹൃദയം വിതുമ്പുന്നു. മനസിനെ കീറിമുറിക്കുന്ന മഹാവ്യഥ.

സദാ പ്രാർത്ഥനാ നിരതനായ ആത്മീയാചാര്യൻ, പ്രയത്നശീലനായ കർമ്മയോഗി, ധിഷണാശാലിയായ സഭാനേതൃവര്യൻ, സത്യവിശ്വാസ സംരക്ഷകൻ, ഓർത്തഡോക്സ് വിശ്വാസത്തിന്റെ കാവൽഭടൻ: ഇതെല്ലാം ആ പുണ്യാത്മാവിനു മകുടം ചാർത്തുന്ന വിശേഷണങ്ങളാണ്. വിനയവും ലാളിത്യവും മുഖമുദ്രയാക്കി, കാവി വസ്ത്രധാരിയായി, തടിക്കുരിശും തടിസ്ലീബായുമേന്തിയ താപസശ്രേഷ്ഠൻ, തനിക്കു ശരിയെന്നു തോന്നുന്നത് ആരുടേയും മുഖത്തു നോക്കി പറയാൻ ധൈര്യപ്പെട്ടിരുന്ന കരുത്തുറ്റ മനസിനുടമ, ഇതെല്ലാമായ അദ്ദേഹം കാലത്തികവിൽ ഇതാ അസ്തമയം ചെയ്തിരിക്കുന്നു.

ഓർമ്മകൾ അര നൂറ്റാണ്ടിനപ്പുറത്തേക്ക് പായുകയാണ്. കൃശഗാത്രനായ, സൈക്കിൾ സഞ്ചാരിയായ ഒരു വൈദികൻ കമ്മീസും ധരിച്ച് അതിശീഘ്രം റോഡിൽക്കൂടി പാഞ്ഞു പോകുന്നത് അന്നും ഒരപൂർവ്വ ദൃശ്യമായിരുന്നു. മാത്യൂസ് മാർ ബർണബാസ് തിരുമേനി, കെ. കെ. മാത്തുക്കുട്ടി അച്ചൻ ആയിരുന്ന കാലത്തെ ചിത്രമാണിത്. അദ്ദേഹത്തെപ്പറ്റി ഓർക്കുമ്പോൾ മനസിലേക്ക് ആദ്യം കടന്നുവരുന്നത് ആ സൈക്കിൾ യാത്ര തന്നെയാണ്. സെക്കന്തറാബാദ് പള്ളി വികാരിയായിരുന്നപ്പോൾ അവിടുത്തെ ഹാശാ ആഴ്ചയിലെ ധ്യാനപ്രസംഗത്തിനും മറ്റുമായി ശെമ്മാശനായിരുന്ന എന്നെ ക്ഷണിച്ചതനുസരിച്ച് പത്തു ദിവസങ്ങൾ അദ്ദേഹത്തോടൊപ്പം താമസിക്കാൻ എത്തി. അങ്ങനെയാണ് സദാ സേവനതല്പരനായ ആ വൈദികശ്രേഷ്ഠന്റെ ലളിതജീവിതം കണ്ടു മനസ്സിലാക്കാൻ കഴിഞ്ഞത്.

വെല്ലൂർ മെഡിക്കൽ മിഷൻ ആശുപത്രിയിൽ മാത്തുക്കുട്ടി അച്ചൻ ചാപ്ലെയിനായിരുന്നപ്പോൾ അദ്ദേഹത്തോടൊപ്പം താമസിച്ച എട്ടു ദിന

ങ്ങളും അവിസ്മരണീയങ്ങളാണ്. രാവിലെ എഴുന്നേറ്റ് പ്രാർത്ഥനയും കഴിഞ്ഞ് ദിവസവും മൂന്നു നേരം വെല്ലൂരിലെ കേരളാ ഹോട്ടലിൽ നിന്നു ഭക്ഷണം കഴിക്കുന്നതിനുള്ള ടിക്കറ്റു തന്നിട്ട് "ഞാനെപ്പോൾ വരുമെന്ന് അറിയില്ല, ശെമ്മാശൻ ഈ ടിക്കറ്റു കൊണ്ടു കൊടുത്തിട്ട് അവിടെ നിന്നും ആഹാരം കഴിച്ചുകൊള്ളണം." അതിനുശേഷം ഒരു സൈക്കിളിൽ കയറി മാത്തുക്കുട്ടി അച്ചൻ അതിവേഗം ആശുപത്രിയിൽ എത്തും.

പുതുതായി ഏതു രോഗി ആശുപത്രിയിൽ വന്നാലും മാത്തുക്കുട്ടി അച്ചനായിരുന്നു അവരെ ആദ്യം കാണുന്നത്. രോഗികളുടെ കൂടെ വരുന്നവരുടെയും ആവശ്യങ്ങൾ അന്വേഷിച്ചറിയുകയും, ആവശ്യങ്ങളറിഞ്ഞ് സഹായിക്കയും കുറഞ്ഞപക്ഷം സൗജന്യമായി ആഹാരം കഴിക്കാനുള്ള ക്രമീകരണങ്ങൾ തന്റെ പരിമിതമായ വരുമാനത്തിൽ നിന്നും ചെയ്തിരുന്നു.

അക്കാലത്ത് വെല്ലൂരിൽ ജോലി ചെയ്തിരുന്നതും പഠിച്ചിരുന്നതുമായ ഡോക്ടർമാർക്കും നേഴ്സുമാർക്കും കെ. കെ. മാത്തുക്കുട്ടിയച്ചൻ ആരാദ്ധ്യപുരുഷനായിരുന്നു. സഭയുടെ ഔദ്യോഗിക നാവായ മലങ്കരസഭാ മാസികയുടെ എഡിറ്ററായി ഞാൻ സേവനമനുഷ്ഠിച്ച കാലത്തും (1966 –1970) തിരുമേനിയുടെ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാനും കൂടുതൽ അടുത്തിടപഴകാനുമുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. 1978–ൽ മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ട് ഇടുക്കി ഭദ്രാസന ചുമതല ഏറ്റെടുത്തു. അന്നൊരിക്കൽ തിരുമേനിയോടൊപ്പം ഒരു കാൻസർ രോഗിയുടെ ഭവനം സന്ദർശിച്ചപ്പോൾ ആ രോഗി അബോധാവസ്ഥയിൽ ആയിരുന്നിട്ടും പ്രാർത്ഥിച്ചിട്ട് ഒരു ചെറിയ പണപ്പൊതി അയാളുടെ തലയിണയ്ക്കരികിൽ വച്ചു മടങ്ങിയത് ആ ദീനാനുകമ്പയുടെ മകുടോദാഹരണമായി ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

1992 മാർച്ച് 20. പരുത്തിത്തുണിയിൽ തുന്നിയെടുത്ത കാവിക്കുപ്പായ മണിഞ്ഞ, കൃശഗാത്രനായ അഭിവന്ദ്യ ബർണബാസ് തിരുമേനി മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതലയേറ്റു ന്യൂയോർക്കിലെ കെന്നഡി എയർപോർട്ടിൽ എത്തിയപ്പോൾ വൈദികരും അത്മായരും ഉൾപ്പടെ കുറേപ്പേർ അവിടെ അദ്ദേഹത്തെ സ്വീകരിക്കാൻ സന്നിഹിതരായിരുന്നു. ഭദ്രാസനത്തിന് സ്വന്തമായി ഒരു അരമനയോ താമസത്തിന് ഒരിടമോ ഇല്ലാതിരുന്ന ആ കാലത്ത് ചെറിയ ഒരു ചർച്ചയ്ക്കു ശേഷം തിരുമേനി കല്പിച്ചു.

"ശങ്കരത്തിലച്ചനെവിടെ? ഞാൻ അച്ചന്റെ വീട്ടിലാണ് താമസിക്കുവാൻ പോകുന്നത്." അത് എനിക്കു സന്തോഷവും അനുഗ്രഹവുമായി തീർന്നു. അമേരിക്കൻ ഭദ്രാസനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം, അഭി. മക്കാറിയോസ് തിരുമേനിയുടെ സുന്ത്രോണീസോ (1979 ജൂലൈ 14) എന്നിവയ്ക്കായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ

കാതോലിക്കാബാവാ അമേരിക്കയിൽ വന്നപ്പോൾ അച്ചന്റെ ഈ ഭവനത്തിലായിരുന്നല്ലോ ആറാഴ്ചക്കാലം താമസിച്ചതെന്ന് ബർണബാസ് തിരുമേനി അനുസ്മരിക്കയുമുണ്ടായി.

1992-ലെ കാലുകഴുകൽ ശുശ്രൂഷയുൾപ്പെടെയുള്ള ഹാശാ ശുശ്രൂഷകൾ ഞാൻ വികാരിയായ ന്യൂയോർക്കിലെ ലോംഗ് അയലന്റ് സെന്റ് തോമസ് ദേവാലയത്തിൽ തിരുമേനി നേതൃത്വം നൽകി നടത്തി അനുഗ്രഹിച്ചത് ഇടവകജനങ്ങളുൾപ്പെടെ ഏവർക്കും മറക്കാനാവാത്തതാണ്. അതിനുശേഷവും തിരുമേനിയോട് വളരെ അടുത്തു പ്രവർത്തിക്കുവാൻ എനിക്കും എന്റെ ഭാര്യയ്ക്കും സാധിച്ചുവെന്നത് അഭിമാനമായും അനുഗ്രഹമായും കരുതുന്നു. ഞങ്ങൾ കേരളത്തിലായിരുന്നപ്പോൾ, കഴിഞ്ഞ 2012 ഒക്ടോബർ 20-ന് ശനിയാഴ്ച രാവിലെ പാമ്പാടി ദയറായിൽ ചെന്ന് തിരുമേനിയോടൊപ്പം അല്പസമയം ചെലവഴിക്കാനും ഭക്ഷണം കഴിക്കാനും സാധിച്ചതും ഒരു വലിയ ഭാഗ്യം തന്നെയാണ്.

അമേരിക്കൻ ഭദ്രാസന പ്രഥമ മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് തിരുമേനി അടിസ്ഥാനമിട്ട് വളർത്തിക്കൊണ്ടു വന്ന ഭദ്രാസനത്തെ അതിന്റെ പൂർണ്ണ വളർച്ചയിലെത്തിച്ച്, ഉണ്ടായിരുന്ന ചില അഭിപ്രായ വ്യത്യാസങ്ങൾ മാറ്റി ഒറ്റക്കുടക്കീഴിലാക്കി സംതൃപ്തനായി, എല്ലാം ഭംഗിയായി എന്നു കണ്ടപ്പോൾ തന്റെ പിൻഗാമിയായ അഭിവന്ദ്യ സക്കറിയാ മാർ നിക്കളാവോസ് തിരുമേനിയുടെ ശക്തമായ കരങ്ങളിൽ ഏൽപ്പിച്ചുവെന്നതും ത്യാഗത്തിന്റെ പുണ്യരൂപമാണ്. വളരെയധികം ചാരിതാർത്ഥ്യത്തോടെയാണ് 2011 മെയ് 25-ന് കേരളത്തിലേക്ക് വിശ്രമജീവിതം നയിക്കുവാൻ തിരുമേനി മടങ്ങിയത്. വെറുംകയ്യോടെ അമേരിക്കയിൽ വന്ന് ഭദ്രാസനച്ചുമതല എടുത്ത ബർണബാസ് തിരുമേനി വെറുംകയ്യോടെ തിരികെ കേരളത്തിലേക്കു മടങ്ങിയെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ വേർപാടിൽ ഞങ്ങൾ ദുഃഖിക്കുന്നും. ഇമ്പങ്ങളുടെ പറുദീസയിലേക്ക് തിരുമേനിയുടെ ആത്മാവ് ആനയിക്കപ്പെടട്ടെ. അതിനായി സദാ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

20

മലങ്കരയിലെ വലിയ ഇടയൻ

വെരി. റവ. കെ. മത്തായി കോർഎപ്പിസ്ക്കോപ്പാ

കോട്ടയം വൈദികസെമിനാരിയിൽ എന്റെ ഗുരുഭൂതനും, അമേരിക്ക യിൽ എനിക്ക് ഭദ്രാസന മെത്രാപ്പോലീത്തായും, കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി എന്നെ അനുഗ്രഹിച്ച പുണ്യപിതാവുമായിരുന്നു അഭിവന്ദ്യ ബർണബാസ് തിരുമേനി. 1970-ൽ തുടങ്ങിയതാണ് ആ പുണ്യ പിതാവുമായുള്ള ബന്ധം.

1979-ൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട അമേരിക്കൻ ഭദ്രാസന ത്തിന്റെ സ്ഥാപകനും പ്രഥമ മെത്രാപ്പോലീത്തായുമായിരുന്നു കാലം ചെയ്ത അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് തിരുമേനി. അദ്ദേഹം സ്ഥിരമായി താമസിച്ചിരുന്നത് ബഫല്ലോ എന്ന ദൂരസ്ഥലത്തായിരുന്നു. അവിടെ നിന്നുമായിരുന്നു ഭദ്രാസന ഭരണം നടത്തിയിരുന്നതും. അദ്ദേ ഹത്തിന്റെ ഭരണപരമായ നയത്തോടും രീതിയോടും പലർക്കും അഭി പ്രായവ്യത്യാസവും എതിർപ്പും ഉണ്ടായിരുന്നു. അവസാനം അദ്ദേഹം ഭദ്രാസനഭരണത്തിൽ നിന്നും പിന്മാറുകയും തൽസ്ഥാനത്തേക്ക് 1992 മാർച്ച് മാസത്തിൽ അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ ആയി അഭി വന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയെ നിയമിക്കുകയും ചെയ്തു.

അന്ന് ഭദ്രാസനത്തിന് സ്വന്തമായി ഒന്നുമില്ലായിരുന്നു. അഭിവന്ദ്യ തിരു മേനിക്ക് താമസിക്കുവാൻ ഒരു മുറി പോലും ഉണ്ടായിരുന്നില്ല. ബർണ ബാസ് തിരുമേനി അമേരിക്കയിൽ എത്തി ആദ്യത്തെ കുറെ ആഴ്ചകൾ ന്യൂയോർക്കിലുണ്ടായിരുന്ന നമ്മുടെ സഭാംഗങ്ങളുടെ വീടുകളിൽ മാറി മാറി താമസിച്ചു. അധികം താമസിയാതെ നാലഞ്ച് മുറികളും, അടുക്ക ളയും മറ്റ് സൗകര്യങ്ങളുമുള്ള ഒരു രണ്ടു നില കെട്ടിടം വാങ്ങിച്ചു. തിരു മേനിയുടെ താമസവും ഭദ്രാസന ഓഫീസ് കാര്യങ്ങളും ആ വീട്ടിലേക്കു മാറ്റി. അവിടെ 14 വർഷം താമസിച്ച് ഭദ്രാസന ഭരണം നടത്തി.

തിരുമേനിയുടെ പ്രാർത്ഥനയും ലളിതജീവിതവും ജനങ്ങളെ സ്വാധീ നിച്ചു, നിർല്ലോഭമായ സഹായവും സഹകരണവും തിരുമേനിക്ക് നൽകി. തിരുമേനി ഇടവകകൾ സന്ദർശിച്ചു, ഇടവകകളിലെ വീടുകൾ സന്ദർ ശിച്ചു. ജനങ്ങളിൽ സഭയോടും ഭദ്രാസനത്തോടുമുള്ള ആവേശം വർ ദ്ധിച്ചു. ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ ശക്തിയോടെ പ്രവർത്തിക്കുവാൻ

MalankaraOrthodoxTV

തുടങ്ങി. മക്കാറിയോസ് തിരുമേനി ആരംഭിച്ച ഫാമിലി കോൺഫറൻസ് പൂർവ്വാധികം ശക്തിയായി നടത്തപ്പെട്ടു. ഇടവകകളിൽ ഉണ്ടായിരുന്ന തർക്കങ്ങളും പിണക്കങ്ങളും തിരുമേനിയുടെ പ്രാർത്ഥനാപൂർവ്വവും നിഷ്പക്ഷവുമായ ഇടപെടൽ മുഖേന പരിഹരിക്കപ്പെട്ടു. പൊതുവെ അമേരിക്കൻ ഭദ്രാസനത്തിന് ഒരു പുതിയ ഉണർവ്വും ഉന്മേഷവും ഉണ്ടായി. ഇന്ത്യയിൽ നിന്നും ശെമ്മാശ്ശന്മാരെ തിരുമേനിയുടെ സെക്രട്ടറിമാരായി മാറി മാറി കൊണ്ടുവന്നു. അതോടൊപ്പം ഭദ്രാസനത്തിന് സഹായ മെത്രാപ്പോലീത്തായായി അഭിവന്ദ്യ സഖറിയാസ് മാർ നിക്കോളവാസ് തിരുമേനി നിയമിതനായി.

അമേരിക്കൻ ഭദ്രാസനത്തിനും മലങ്കരസഭയ്ക്കും അഭിമാനകരമായ ഒരു അരമനയും ഭദ്രാസനകേന്ദ്രവും ഉണ്ടാകണമെന്നുള്ള ചിന്ത ജനങ്ങളിൽ ഉണ്ടായി. ബർണബാസ് തിരുമേനിക്ക് ആഡംബരത്തോട് ഇഷ്ടമില്ലെങ്കിലും സഭയ്ക്കുവേണ്ടിയും ഭദ്രാസനത്തിനുവേണ്ടിയും അപ്രകാരം ഒന്ന് ഉണ്ടാകണമെന്ന് ചിന്തിച്ച് അതിനുള്ള അനുവാദം നൽകി. പണത്തിന്റെ കുറവ് ഒരു തടസമായി തോന്നിയെങ്കിലും തിരുമേനിയുടെ പ്രാർത്ഥനയും ജനസമ്പർക്കവും മൂലം ആ വലിയ സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടു. 2010-ൽ അമേരിക്കൻ ഭദ്രാസനത്തിന്റെ പുതിയ അരമനയും, ഓഫീസുകളും കൂദാശ ചെയ്യപ്പെട്ട് അവിടെ താമസമാക്കി. 2011-ൽ ബർണബാസ് തിരുമേനി ഭദ്രാസന ഭരണ ചുമതല വിട്ടൊഴിഞ്ഞ് ഇന്ത്യയിൽ സ്ഥിരതാമസത്തിനെത്തി.

MalankaraOrthodox.TV

1. സമയം തക്കത്തിൽ ഉപയോഗിക്കുന്ന വിശ്വസ്ത ദാസൻ

അഭിവന്ദ്യനായ ബർണബാസ് തിരുമേനി ഫിലാഡൽഫിയ സെന്റ് ഗ്രീഗോറിയോസ് പള്ളി സന്ദർശിക്കുന്ന വേളയിൽ എന്റെ വീട്ടിൽ സാധാരണയായി വന്നു താമസിക്കാറുണ്ടായിരുന്നു. അന്ന് പള്ളിക്ക് പാഴ്സണേജ് ഉണ്ടായിരുന്നില്ല. തിരുമേനി അദ്ദേഹത്തിന്റെ ഒരു ദിവസം എങ്ങനെ ചെലവഴിക്കുന്നുയെന്ന് ഞാൻ നിരീക്ഷിച്ചു. രാവിലെ എഴുന്നേറ്റ് രാത്രിയുടെയും പ്രഭാതത്തിന്റെയും പ്രാർത്ഥനകൾ തികച്ചശേഷം ദിനചര്യകൾ നടത്തുമായിരുന്നു. എട്ടു മണിക്കും ഒൻപതിനുമിടയിൽ പ്രഭാത ഭക്ഷണം, പ്രധാനമായി ഓട്സും മുട്ടയുടെ വെള്ളയും അതിനുശേഷം വായിക്കുകയും ലേഖനങ്ങൾ എഴുതുകയും ചെയ്യും. പത്തു മണിയാകുമ്പോൾ മൂന്നാം മണിയുടെ നമസ്കാരം. പിന്നെയും വായനയും എഴുത്തും. ഇടയ്ക്ക് ആരെങ്കിലും ഫോൺ വിളിച്ചാൽ സംസാരിക്കും. ക്ഷീണിക്കുമ്പോൾ 8-10 മിനിറ്റ് വിശ്രമം (ചെറിയ ഉറക്കമായിരിക്കും പ്രധാനമായി). ഉണർന്ന് വീണ്ടും വായിക്കുകയും എഴുതുകയും ചെയ്യും. ഉച്ചയ്ക്ക് നമസ്കാരം, ഭക്ഷണം, അല്പം വിശ്രമം. വീണ്ടും വായനയും എഴുത്തും,

അല്പം വിശ്രമവും. സന്ധ്യയ്ക്ക് നമസ്കാരം. നമസ്കാരത്തിനു മുമ്പ് കുടുംബാംഗങ്ങളെ എല്ലാം ഇരുത്തി ബൈബിൾ ക്ലാസ്സ് പോലെ പ്രഭാഷണം. പിന്നീട് നമസ്കാരം, അത്താഴം, സൂത്താറ, ഉറക്കം. അദ്ദേഹം 24 മണിക്കൂറിന്റെ ഒരു മിനിറ്റുപോലും നഷ്ടപ്പെടുത്താതെ പ്രയോജനകരമായ വിധത്തിൽ ഉപയോഗിക്കുമായിരുന്നു. അങ്ങനെ യജമാനന്റെ മുന്തിരിത്തോപ്പിൽ ഉണർവ്വും വിശ്വസ്തതയുമുള്ള ദാസനെപ്പോലെയായിരുന്നു അദ്ദേഹത്തിന്റെ ഓരോ ദിവസവും. പ്രത്യേകം പരിപാടികളോ വി. കുർബ്ബാനയോ ഉള്ളപ്പോൾ അതനുസരിച്ച് മാറ്റങ്ങൾ വരാം. അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങൾ നന്നായിരിക്കുന്നുയെന്ന് അഭിപ്രായം പറയുന്നത് തിരുമേനിക്ക് വലിയ ഇഷ്ടമായിരുന്നു.

2. രോഗികളെയും വിഷമത്തിലിരിക്കുന്നവരെയും സന്ദർശിക്കുക

ഭദ്രാസനത്തിൽപെട്ട ഇടവകകളിലെ ഏതെങ്കിലും അംഗം രോഗക്കിടക്കയിലാവുകയോ, വലിയ ദുഃഖത്തിലായിരിക്കുകയോ ചെയ്യുന്നു എന്നറിഞ്ഞാൽ തിരുമേനി അവരെ സന്ദർശിക്കും, പ്രാർത്ഥിക്കും. പലപ്പോഴും രോഗസൗഖ്യം ഉണ്ടാകുകയും ചെയ്യും. ആ കാര്യത്തിൽ ഞാനും കുടുംബവും അനുഭവസ്ഥരാണ്. തിരുമേനിയുടെ പ്രാർത്ഥനയ്ക്ക് വലിയ ശക്തി ഉണ്ട്. രോഗവിവരം തിരുമേനിയെ അറിയിക്കാതിരുന്നാൽ എന്തുകൊണ്ട് അറിയിച്ചില്ലായെന്നു പറഞ്ഞ് അച്ചന്മാരെ ശാസിക്കും.

3. തിരുമേനിയുടെ ആരാധനയും വചനശുശ്രൂഷയും

ആത്മാർത്ഥതയോടും ആത്മസമർപ്പണത്തോടും കൂടിയ കുർബ്ബാന അർപ്പണം ഒരു പ്രത്യേകതയാണ്. വി. കുർബ്ബാന ആരംഭിക്കുന്നതിനു മുമ്പ് അതിന്റെ കർമ്മങ്ങളും അർത്ഥവും വിശദീകരിക്കും. അദ്ദേഹത്തിന്റെ പ്രധാന പ്രസംഗം ഏവൻഗേലിയോൻ വായന കഴിഞ്ഞാണ്. അത് ഏകദേശം 20 മിനിറ്റ് എടുക്കും. യഥാർത്ഥത്തിലുള്ള പ്രസംഗസമയം ഏവൻഗേലിയോനു ശേഷമാണ്. പക്ഷേ, ജനം ആ സമയം പള്ളിയിലില്ലാത്തതുകൊണ്ട് ബസ്മൽക്കായുടെ സമയത്ത് നടത്തുന്നു എന്നേയുള്ളൂ. പക്ഷേ, ബർണബാസ് തിരുമേനി ജനങ്ങൾക്കുവേണ്ടി അദ്ദേഹത്തിന്റെ പതിവ് തെറ്റിക്കാറില്ല.

4. ലാളിത്യവും കൃത്യനിഷ്ഠയും

വലിയ ഒരു ധനാഢ്യന്റെ മകനായി ജനിച്ചുവളർന്ന തിരുമേനിക്ക് ആഡംബരജീവിതത്തിൽ താല്പര്യമില്ലായിരുന്നു. അച്ചനായിരിക്കുമ്പോൾ കമ്മീസും പൈജാമയും. മെത്രാപ്പോലീത്താ ആയപ്പോൾ സന്യാസികളുടെ കാഷായനിറത്തിലുള്ള കുപ്പായം ധരിക്കുമായിരുന്നു. ഒരു ജോഡി

Malankaraorthodox.TV

കാപ്പാ മാത്രമേ ഉണ്ടായിരുന്നുള്ളു. പലരും തിരുമേനിക്ക് കാപ്പാ തുണി സംഭാവന ചെയ്യും. അത് മറ്റ് ഏതെങ്കിലും അച്ചന്മാർക്ക് കൊടുക്കും.

സെമിനാരിയിൽ അദ്ധ്യാപകനായിരിക്കുമ്പോൾ കെ. കെ. മാത്യൂസ് അച്ചന്റെ (പിന്നീട് ബർണബാസ് തിരുമേനി) മുറിയിലെ സീലിംഗ് ഫാൻ ഉപയോഗിക്കാതെ ചിലന്തിവല പിടിച്ചു കിടക്കും, ഫാൻ ഉപയോഗിക്കു കയില്ല, സെമിനാരിക്ക് കറന്റ് ചാർജ്ജ് കൂടാതിരിക്കാൻ.

സെമിനാരിയിൽ അദ്ധ്യാപകനായിരിക്കുമ്പോൾ വൈകിട്ട് ക്ലാസ്സ് കഴിഞ്ഞ് 4 മണിക്ക് ഒരു റാലി സൈക്കിളിൽ ആശുപത്രികളിൽ രോഗി കളെ സന്ദർശിക്കുവാൻ പോവുക പതിവായിരുന്നു. ആർപ്പൂക്കര മെഡി ക്കൽ കോളജിലും, കോട്ടയം ജനറൽ ആശുപത്രിയിലുമുള്ള രോഗികളെ കണ്ട് സാന്ത്വനവാക്കുകൾ പറഞ്ഞ് പ്രാർത്ഥിച്ച് സന്ദർശനമെല്ലാം കഴിഞ്ഞ് സൈക്കിളിൽ പാഞ്ഞെത്തി വിയർത്തൊലിച്ച് കറുത്ത കുപ്പാ യമിട്ട് സെമിനാരിയിൽ സന്ധ്യാപ്രാർത്ഥന സമയത്ത് അവിടെ ഉണ്ടായി രിക്കും. ഏറ്റവും പിൻനിരയിലുള്ള സ്ഥാനത്തുനിന്ന് ഉച്ചത്തിൽ മധുരത രമായി പ്രാർത്ഥനാഗീതങ്ങൾ ചൊല്ലുന്നത് വലിയ പ്രചോദനപ്രദവും അനുഗ്രഹകരവുമായിരുന്നു. സന്ദർശന സമയവും, പ്രാർത്ഥനാ സമയവും, ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന സമയവും ഒന്നും തെറ്റിക്കാറില്ലായിരുന്നു. സെമിനാരിയിൽ രാത്രി 10 മണിക്ക് സൂത്താറാ പ്രാർത്ഥന കഴിഞ്ഞാൽ ആരും കൂടിയിരുന്ന് സംസാരിക്കുകയോ ശബ്ദമുണ്ടാക്കുകയോ ചെയ്യാൻ പാടില്ലായിരുന്നു. ആ സമയം കെ. കെ. മാത്യൂസ് അച്ചൻ (വാർഡൻ) ഇടനാഴികളിലൂടെ നടക്കും. എല്ലാവരും അവരവരുടെ മുറിക്കുള്ളിൽ ശബ്ദ രഹിതമായി പഠിക്കുകയോ ഉറങ്ങുകയോ ചെയ്യും. ആരെങ്കിലും നിയമ ത്തിനു വിരുദ്ധമായി പെരുമാറിയാൽ, അത് ഉന്നതസ്ഥാനികളായാലും, കെ. കെ. മാത്യൂസ് അച്ചൻ ശാസിക്കും. അദ്ദേഹത്തിന്റെ ശാസനയിൽ ആർക്കും പരിഭവമില്ല.

അദ്ദേഹത്തിന് എതിരായി സംസാരിച്ചവരും, പ്രവർത്തിച്ചവരും, അദ്ദേ ഹത്തെ പള്ളിയിൽ കയറ്റുകയില്ലെന്ന് ശഠിച്ചവരും പിന്നീട് അദ്ദേഹത്തോട് മാപ്പു ചോദിച്ച് മുമ്പിൽ കുമ്പിട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ അനേകം. പണവും സംഭാവനകളും കൊടുത്താൽ അദ്ദേഹം സ്വീകരിക്കും. ആ പണത്തിൽ ഒരംശം ധനപരമായി ബുദ്ധിമുട്ടുന്ന പള്ളികൾക്കും പാവപ്പെട്ടവർക്കും കൊടുക്കും. പക്ഷേ, പണം കൊടുത്ത് സത്യവിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്നതിന് അദ്ദേഹത്തെ സ്വാധീനിക്കാൻ കഴിയുകയില്ല. പറയേ ണ്ടുന്ന സത്യങ്ങൾ നേരെ തന്നെ പറയും. മറ്റുള്ളവരുടെയും സഭയുടെയും നന്മയ്ക്കുവേണ്ടിയാണ് അദ്ദേഹം സംസാരിക്കുന്നതെന്ന് അറിയാവുന്ന തുകൊണ്ട് ആർക്കും പരിഭവമില്ല; അദ്ദേഹത്തോട് ബഹുമാനമേയുള്ളു.

Malankaraorthodox.TV

ബർണബാസ് തിരുമേനി, അനിതരസാധാരണമായ ആത്മീയ വീക്ഷണവും ജീവിതശൈലിയുമുണ്ടായിരുന്ന പുണ്യവാനായ ഒരു മെത്രാപ്പോലീത്തായെ മലങ്കരസഭയ്ക്ക് നഷ്ടപ്പെട്ടു. പക്ഷേ, ആ പുണ്യവാൻ തന്റെ യജമാനന്റെ സന്നിധിയിൽ നമുക്കെല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കും. പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

Malankaraorthodox TV

21

ജീവിതവിശുദ്ധിയുടെ പ്രകാശം

ഫാദർ ജോർജ് പട്ട്ളാട്ട്

വളയൻചിറങ്ങര — വെങ്ങോല, രായമംഗലം, മഴുവന്നൂർ - മൂന്നു ഗ്രാമ പഞ്ചായത്തുകളുടെ - മൂന്ന് റവന്യു വില്ലേജുകളുടെ - സംഗമ സ്ഥാനം - ഒരു സാംസ്കാരികകേന്ദ്രം. നൂറ്റാണ്ടു പിന്നിട്ട വിദ്യാഭ്യാസ സ്ഥാപനം. പ്രസിദ്ധമായ വായനശാല - പഴയകാലത്തെ രാജപാത. മത മൈത്രിയുടെ മഹത്തായ പാരമ്പര്യം ഉള്ള നാട്. അവിടെയാണ് മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ അന്ത്യവിശ്രമം കൊള്ളുന്ന മാർ പത്രോസ് പൗലോസ് ഓർത്തഡോക്സ് പള്ളി.

1943-ൽ മലങ്കരസഭയിലെ രണ്ടു കക്ഷികളും ചേർന്ന് ഒന്നാകണമെന്നുള്ള ലക്ഷ്യത്തിൽ നടന്ന പരിശ്രമങ്ങളും, ആലുവാ വട്ടമേശ സമ്മേളനവും ഫലപ്രാപ്തിയിൽ എത്താൻ സാധിക്കാതെ വന്നതിനെ തുടർന്ന് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ (മലങ്കരയിലെ നാലാം കാതോലിക്കാ പരിശുദ്ധ ഔഗേൻ ബാവാ) കണ്ടനാട് ഭദ്രാസന പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി പരിശുദ്ധ കാതോലിക്കാ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമനസ്സിനെ സ്വീകരിച്ച് കാതോലിക്കേറ്റിൽ വന്നപ്പോൾ തിരുമേനിയോടു ചേർന്ന് ശക്തമായി നിന്ന ഫാദർ കെ. പി. പൗലോസ് ബർണബാസ് തിരുമേനിയുടെ പിതൃസഹോദരൻ ആയിരുന്നു. സ്വന്തം ഇടവകയായ തുരുത്തിപ്ലി സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ കാതോലിക്കാ ഗീവർഗീസ് ദ്വിതീയൻ ബാവായെയും ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയേയും പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നറിയപ്പെട്ട ഗീവർഗീസ് മാർ പീലക്സീനോസ് തിരുമേനിയെയും സ്വീകരിച്ച് എതിരേറ്റ സംഭവം വടക്കൻപ്രദേശത്ത് കാതോലിക്കേറ്റ് എന്ത് എന്ന് പൊതുജനം മനസ്സിലാക്കുവാൻ ഇടയാക്കി. വർഷങ്ങൾ കഴിഞ്ഞ് വന്ദ്യ കെ. പി. പൗലോസച്ചൻ സ്വന്തം ഇടവകയും ദേവാലയവുമായിരുന്ന തുരുത്തിപ്ലി സെന്റ് തോമസ് പള്ളി വിട്ടിറങ്ങി, കൂടെ നിന്ന 28 വീട്ടുകാരോടുകൂടി പോരേണ്ടി വന്നതിനെ തുടർന്ന് ദീർഘവീക്ഷണത്തോടെ പുതിയ പള്ളി സ്ഥാപിക്കുവാൻ വളയൻചിറങ്ങര തെരഞ്ഞെടുത്തു.

“സഭയിൽ സമാധാനം ഉണ്ടാകും, സഭ യോജിക്കും. വളയൻചിറങ്ങര ഭാഗത്തുള്ളവർ ഈ ഇടവകയിൽ ചേരും.” ബഹുമാനപ്പെട്ട പൗലോസച്ചൻ അന്ന് പറഞ്ഞിരുന്നു. ഈ കാര്യങ്ങൾ ഏറെക്കുറെ ശരിയായി

Malankaraorthodox.TV

തീർന്നു. വീണ്ടും പിളർപ്പ് ഉണ്ടാകുമെന്ന് അന്ന് ദീർഘവീക്ഷണത്തിൽ പ്പെട്ടില്ല. സമാധാനകാംക്ഷികൾക്കും സഭാ സ്വാതന്ത്ര്യത്തിൽ താൽപര്യ മുള്ളവർക്കും സഭാസ്ഥാപകൻ പരിശുദ്ധ തോമാശ്ലീഹായോട് ആദരവ് തോന്നുന്നവർക്കും വീണ്ടും പിളർപ്പ് എന്ന് ചിന്തിക്കുവാൻ സാധിക്കുക യില്ലല്ലോ.

1951-ൽ വളയൻചിറങ്ങരയിൽ സ്ഥലം വാങ്ങി പള്ളി പണി ആരംഭിച്ചു. 28 വീട്ടുകാരും കൂടി ഉത്സാഹത്തോടെ ചെറിയ ഒരു പള്ളി പണിത് പൂർത്തി യാക്കി. 1953 സെപ്തംബറിൽ ഔഗേൻ മാർ തീമോത്തിയോസ് മെത്രാ പ്പോലീത്താ പള്ളി കൂദാശ ചെയ്തു. വന്ദ്യ കെ. പി. പൗലോസ് അച്ചൻ വികാരിയായി നിയമിക്കപ്പെട്ടു. 1955 മെയ് 13-ാം തീയതി വന്ദ്യ കെ. പി. പൗലോസ് അച്ചൻ ആകസ്മികമായി ദൈവസന്നിധിയിലേക്ക് എടുക്ക പ്പെട്ടു. തുടർന്ന്, അന്ന് സെക്കന്തരാബാദിൽ പള്ളിവികാരിയായിരുന്ന ബഹു. കെ. കെ. മാത്യൂസ് അച്ചൻ (ബർണബാസ് തിരുമേനി) വികാരി യായി നിയമിക്കപ്പെട്ടു. ശമ്പളവും ആനുകൂല്യങ്ങളും ഇല്ലാതെ മാത്യൂ സച്ചൻ സേവനമനുഷ്ഠിച്ചു. 3 വർഷക്കാലം അച്ചൻ വികാരിയായിരുന്നു. തുടർന്ന് ബഹു. പൂവത്തുംമൂട്ടിൽ എബ്രഹാം അച്ചൻ വളയൻചിറങ്ങര പള്ളിയിൽ വികാരിയായി. അച്ചന് കുടുംബസഹിതം താമസിക്കുവാൻ പള്ളി കോമ്പൗണ്ടിൽ പടിഞ്ഞാറേഅറ്റത്തായി ഒരു ക്വാർട്ടേഴ്സ് ബർണ ബാസ് തിരുമേനിയുടെ മാതാവ് പണിയിച്ചുകൊടുത്തു. അച്ചൻ വളയൻചി റങ്ങരയിൽ താമസിച്ചുകൊണ്ട് സ്തുത്യർഹമായ ശുശ്രൂഷ ചെയ്തുവന്നു. ഇപ്പോൾ ബഹു. ഏബ്രഹാം അച്ചൻ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ സീനിയർ ചാപ്ലയിനും വൈസ് പ്രസിഡന്റും ആണ്.

വളയൻചിറങ്ങരപള്ളി പുതുക്കിപ്പണി

1954-ൽ കൂദാശ ചെയ്ത പള്ളി 1971-ൽ പുതുക്കിപ്പണിയുവാൻ ആരം ഭിച്ചു. കല്ലറയ്ക്കപ്പുറമ്പിൽ മാത്യൂസ് അച്ചൻ ആ കാലത്ത് കോലഞ്ചേരി ആശുപത്രിയിൽ ചാപ്ലയിൻ ആയിരുന്നു. മാത്യൂസ് അച്ചന്റെ മേൽനോട്ട ത്തിലും നിയന്ത്രണത്തിലും ആയിരുന്നു പള്ളിപണി.

സഭയിൽ കക്ഷിഭേദം ഇല്ലാതിരുന്ന കാലം. പള്ളി പണിക്കായി തുക കൾ ശേഖരിക്കുവാൻ മാത്യൂസ് അച്ചൻ അയൽ ഇടവകകളിലെ ഭവന ങ്ങളിൽ പിരിവിന് പോയിരുന്നു. “എല്ലാവരുമായി സമ്പർക്കമുണ്ടാകു വാനും അവർക്ക് പള്ളിയോട് താൽപര്യം ഉണ്ടാകുവാനും” എന്നുള്ളതാ യിരുന്നു തിരുമേനിയുടെ ഉദ്ദേശ്യം. സാരവും നിസ്സാരവുമായ തുകകൾക്ക് അപ്പോഴപ്പോൾ രസീത് കൊടുത്ത് കണക്കുബുക്കിൽ പേരുകൾ സഹിതം സൂക്ഷിച്ചിരുന്നു. ആ ബുക്കുകൾ പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്. പിരിവ് അത്ര വിജയം ആയില്ലെങ്കിലും സമ്പർക്ക പരിപാടി വൻ വിജയമായിരുന്നു.

Malankaraorthodox.TV

കല്ലറയ്ക്കപറമ്പിൽ മാത്യൂസ് അച്ചൻ ഏവരുടെയും പ്രിയങ്കരനായി തീർന്നു. ആ "പ്രിയം" ദീർഘനാൾ നീണ്ടുനിന്നു (തിരുമേനിയുടെ ഭൗതിക ശരീരം വളയൻചിറങ്ങരയിലേക്ക് വരുന്ന വഴിയിൽ ജാതിമതഭേദമെന്യേ നൂറുകണക്കിനാളുകൾ ഒരു നോക്കു കാണുവാൻ കത്തിച്ച മെഴുകുതിരികളോടെ രാത്രി വൈകിയും കാത്തുനിന്നിരുന്നു).

പള്ളിപണി പൂർത്തിയാക്കി 1974-ൽ കൂദാശ ചെയ്തു. കൂദാശയ്ക്ക് നേതൃത്വം വഹിച്ചത് ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, പൗലോസ് മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാർ ആയിരുന്നു. ഇടവകയിൽ കുടുംബങ്ങളുടെ എണ്ണം 100-ന് മേലേയായി.

വളയൻചിറങ്ങര - സ്വന്ത ദേശം - സ്വന്തം ആളുകൾ. എല്ലാവരും തിരുമേനിയുടെ പ്രിയപ്പെട്ടവർ. സ്വന്തക്കാരുടേയും ബന്ധക്കാരുടേയും മാത്രമല്ല നാനാജാതി മതസ്ഥരുടേയും ആദരവ് തിരുമേനി നേടിയിരുന്നു. ബർണബാസ് തിരുമേനിയെ ഓരോരുത്തരും സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി, ഓരോരുത്തരേയും തിരുമേനി സ്നേഹിച്ചിരുന്നു. ലഭിക്കുന്നതിനേക്കാൾ കൂടുതൽ കൊടുക്കുന്ന തിരുമേനി. നാട്ടിൽ വരുമ്പോഴൊക്കെയും രോഗികളെയും മരണദുഃഖത്തിലിരിക്കുന്നവരേയും അന്വേഷിച്ചറിഞ്ഞ് സന്ദർശിക്കും. സമ്പന്നരെന്നോ ദരിദ്രരരെന്നോ ഭേദമില്ല. അച്ചനായിരുന്നപ്പോഴും, റമ്പാൻ ആയിരുന്നപ്പോഴും, മെത്രാപ്പോലീത്താ ആയിരുന്നപ്പോഴും ലാളിത്യവും വിനയവും ഒരുപോലെ. അധികാരഭ്രമം ലേശവുമില്ല. "നാമെല്ലാവരും ദൈവമക്കളാകുന്നതിനാൽ ദൈവമക്കൾ എന്ന നിലയിൽ, നാം പരസ്പരം ബഹുമാനിക്കേണ്ടതാണ്. നാം മറ്റുള്ളവരെ ബഹുമാനിക്കുമ്പോൾ ദൈവത്തെ ആണ് ബഹുമാനിക്കുന്നത്" (തിരുമേനി രചിച്ച അനുദിന ധ്യാന പുസ്തകം, പേജ് 424).

2012 ഡിസംബർ 30-ാം തീയതി ഞായറാഴ്ച വളയൻചിറങ്ങരയിൽ ദേശവാസികൾ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം എത്രയോ ഹൃദ്യമായിരുന്നു. വളയൻചിറങ്ങര നായർ സമാജം പ്രസിഡന്റും, വ്യാപാരി വ്യവസായി ഏകോപനസമിതി പ്രസിഡന്റുമായ ശ്രീമാൻ സി. പി. ഗോപാലകൃഷ്ണന്റെ വാക്കുകൾ:

"പരിശുദ്ധനായ ബർണബാസ് തിരുമേനി ജീവിച്ചിരുന്നപ്പോൾ നമ്മോടുകൂടെ, നമ്മുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടു. ഏറെ പേർക്ക് വലിയ സഹായങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ കാലം ചെയ്ത് ദൈവസന്നിധിയിൽ. ഈ വളയൻചിറങ്ങരയിലുള്ള മുഴുവൻ ജനങ്ങൾക്കും ലോകജനതയ്ക്കും വേണ്ടി പ്രാർത്ഥിക്കുന്നു എന്ന് എനിക്ക് ഉറപ്പുണ്ട്."

തിരുമേനിയുടെ പരുക്കൻ അക്ഷരത്തിൽ ലെറ്റർപാഡിൽ ഒരു ശുപാ

MalankaraOrthodox.TV

ർശ ആർക്കെങ്കിലും എഴുതി ഒപ്പിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ ആയത് നിരസിക്കപ്പെടാറില്ല. ഏത് ഉന്നതരുടെയും ശുപാർശയെക്കാൾ ഈ 'ചെറിയ തിരുമേനിയുടെ' ശുപാർശയ്ക്ക് പരിഗണനയുണ്ടായിരുന്നു. ശുപാർശയ്ക്ക് അർഹത മാത്രം മാനദണ്ഡം. ജാതിമതഭേദമില്ല. അർഹതയില്ലാത്തവർക്ക് ആ കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കും.

കഞ്ഞഴ ആശുപത്രി

കഞ്ഞഴ എം.ജി.ഡി.എം. ആശുപത്രി ബർണബാസ് തിരുമനസ്സിലെ ശ്രദ്ധയുള്ള ഒരു രംഗമായിരുന്നു. പല അവസരങ്ങളിലും ആശുപത്രി സന്ദർശിക്കുവാനും അവിടെ ചാപ്ലേൻസി പ്രവർത്തനം ക്രമപ്പെടുത്തുവാനും തിരുമേനി ശ്രദ്ധിച്ചിട്ടുണ്ട്. 1967-ൽ അവിടെ ചാപ്ലയിൻ ആയി പരിശുദ്ധ ബസേലിയോസ് ഔഗേൻ ബാവാ ഈ ലേഖകനെ നിയമിച്ചു. "ഒരു ചാപ്ലയിൻ എങ്ങനെ ആയിരിക്കണം, എന്തെല്ലാം ചെയ്യണം" എന്ന് എന്നെ പഠിപ്പിച്ചതും എന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നതും, ആശുപത്രിയിലെ ഉപയോഗത്തിനുള്ള പ്രാർത്ഥനകൾ ക്രോഡീകരിച്ച് അച്ചടിപ്പിച്ച് തന്നതും മാത്യൂസ് അച്ചൻ (തിരുമേനി). എല്ലാം ആദരവോടെ സ്മരിക്കുന്നു. പതിനാറ് കൊല്ലം അവിടെ തുടർച്ചയായി പ്രവർത്തിക്കുവാൻ തിരുമേനിയുടെ പ്രോത്സാഹനം എന്നെ സഹായിച്ചു.

"കർത്താവേ, സകലത്തിലും മറ്റുള്ളവരെ ബഹുമാനിക്കുന്നതിനും, അവരിലുള്ള നന്മ കണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഞങ്ങളെ സഹായിക്കേണമേ." (തിരുമേനി രചിച്ച *അനുദിന ചിന്തകൾ*, പേജ് 424).

കോതമംഗലം സന്ദർശനം

മലങ്കര നസ്രാണികളുടെ പൗരാണികകേന്ദ്രമായ കോതമംഗലത്ത് മലങ്കരസഭയുടേതായി പ്രവർത്തിക്കുന്ന സാന്ത്വനം സ്പെഷ്യൽ സ്കൂളിന്റെ ഒരു ട്രസ്റ്റിയായിരുന്ന് ബർണബാസ് തിരുമേനി സ്കൂളിന് സാമ്പത്തിക സഹായം ചെയ്യുകയും പ്രവർത്തനങ്ങളിൽ താൽപര്യപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു. 2010-ൽ തിരുമേനി നാട്ടിൽ വന്നപ്പോൾ സാന്ത്വനം സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ കണ്ടു. നിർമ്മല മാനസരായ കുട്ടികളോട് സംസാരിച്ച് ഏറെസമയം അവരോടുകൂടി ചെലവിട്ട് അവരുടെ ആദരവ് നേടി. അദ്ധ്യാപകരെ പ്രോത്സാഹിപ്പിച്ചുകൊണ്ട്, "ഈ കുഞ്ഞുങ്ങൾ ദൈവമക്കളാണ്. അവരെ ബഹുമാനിച്ച് സ്നേഹത്തോടെ അവരോട് ഇടപെടണം. ദൈവം നിങ്ങളെ അനുഗ്രഹിക്കും" എന്ന് കൽപ്പിച്ചു.

സാന്ത്വനം സ്പെഷ്യൽ സ്കൂളിന്റെ ട്രഷറാർ വന്ദ്യ ഇടയനാൽ

MalankaraOrthodox.TV

മത്തായി കോർഎപ്പിസ്കോപ്പാ അമേരിക്കയിൽ ചെന്നപ്പോൾ സാന്ത്വനം സ്പെഷ്യൽ സ്കൂൾ കെട്ടിടം പണിയുന്നതിനുള്ള ധനശേഖരണത്തെ ബർണബാസ് തിരുമേനി പ്രോത്സാഹിപ്പിച്ച് അനുഗ്രഹിച്ചു. നല്ല ഒരു തുക അവിടെനിന്ന് ലഭിക്കുകയും ചെയ്തു. കൃതജ്ഞതയോടെ സ്മരിച്ചു കൊണ്ട് ദൈവത്തെ സ്തുതിക്കുന്നു.

2012-ൽ തിരുമേനി വിശ്രമാർത്ഥം കോലഞ്ചേരിയിൽ താമസിക്കുമ്പോൾ, കോതമംഗലത്ത് ബാർ ബസേലിയോസ് ഓർത്തഡോക്സ് പള്ളിയിൽ വന്ന് ആരാധനയിൽ സംബന്ധിക്കുകയും പ്രസംഗിക്കുകയും ചെയ്തു. സാധാരണയിൽ കൂടുതൽ ആളുകൾ അന്ന് ഹാജരുണ്ടായിരുന്നു. അനുഗ്രഹത്തിന്റെ അനുഭൂതി അവർക്കുണ്ടായി. പണിതീർന്നിരുന്ന സ്പെഷ്യൽ സ്കൂൾ കെട്ടിടം തിരുമേനി കണ്ട് സന്തോഷം അറിയിച്ചു. സെക്കന്തരാബാദിൽ ജോലിയിലിരുന്ന് റിട്ടയർ ചെയ്ത് കോതമംഗലത്ത് താമസിക്കുന്ന റ്റി. സി. ചാക്കോ എന്നയാളുടെ ഭവനത്തിലാണ് തിരുമേനിക്ക് വിശ്രമസൗകര്യവും ഭക്ഷണവും ഒരുക്കിയിരുന്നത്.

ഒരു സാക്ഷ്യം

റ്റി. സി. ചാക്കോ തന്റെ ഓർമ്മയിൽ നിന്ന് ചില ഏടുകൾ പുറത്തെടുക്കുന്നു: "ഓർത്തഡോക്സ് സഭയിലെ ഒരു അച്ചൻ സെക്കന്തരാബാദിൽ വന്നു. ഒരു ചെറിയ അച്ചൻ: പ്രായത്തിലും വലിപ്പത്തിലും ചെറിയ വ്യക്തി. താമസം ഒരു കുശിനിമുറിയിൽ. തന്റെ കൊച്ചു സൈക്കിളിൽ സെക്കന്തരാബാദ് മുഴുവൻ സഞ്ചരിക്കും. ആളുകളെ കാണും. പ്രാർത്ഥിക്കും. "മൊബൈൽ പള്ളി" സൈക്കിളിന്റെ പുറകിൽ. പള്ളിക്ക് ആവശ്യമുള്ളതെല്ലാം അതിലുണ്ട്. അപ്പോഴപ്പോൾ ക്രമീകരിക്കുന്ന പള്ളിയിൽ വിശുദ്ധ കുർബ്ബാന. എല്ലാവർക്കും ആ കൊച്ചച്ചൻ പ്രിയങ്കരനായിരുന്നു. ഇന്ന് സെക്കന്തരാബാദിലെ പള്ളി വലിയ കത്തീഡ്രൽ ആണ്."

കുറച്ചുവർഷങ്ങൾക്ക് മുമ്പ് അമേരിക്കയിൽ നിന്ന് ബോംബെയിൽ ഇറങ്ങിയിട്ട്, ബർണബാസ് തിരുമേനി തന്റെ ആദ്യ ഇടവകയായ സെക്കന്തരാബാദ് സന്ദർശിച്ചു. ചാക്കോയുടെ ഭവനവും സന്ദർശിച്ചു. എളുപ്പത്തിൽ ആ ഭവനത്തിൽ ഒരു പ്രാർത്ഥനായോഗവും ഭവനകൂദാശയും സംഘടിപ്പിച്ചു. പുതുതായി പണിതീർത്ത വീട്ടിൽ താമസം തുടങ്ങിയ അന്നുമുതൽ ചാക്കോച്ചനും മകൻ ഷാജിക്കും ദേഹം ചൊറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു അസുഖം. ചികിത്സകളൊന്നും ഫലിച്ചില്ല. രോഗകാരണം കണ്ടെത്താനുമായില്ല. തിരുമേനിയുടെ സന്ദർശനവേളയിൽ പ്രശ്നം അവതരിപ്പിച്ചു. തിരുമേനി വീട് കൂദാശ ചെയ്ത് പ്രാർത്ഥിച്ചതിനു ശേഷം ചാക്കോയുടെ അടുക്കൽ, "ഇനി ഒരു പ്രശ്നവും ഉണ്ടാകില്ല, ധൈര്യമായി താമസിച്ചു കൊള്ളുക" എന്ന് കൽപ്പിച്ചു. പിന്നീട് ഒരു പ്രശ്നവും ഉണ്ടായിട്ടില്ല. ഈ

MalankaraOrthodox.TV

സംഭവം ചാക്കോച്ചൻ വലിയ ഒരു അനുഭവമായും സാക്ഷ്യമായും പറയുന്നു.

വളയൻചിറങ്ങര ബാലഗ്രാം

അനാഥരായും, പാവപ്പെട്ടവരായും ഉള്ള കുട്ടികളെ താമസിപ്പിച്ച് പഠിപ്പിച്ച് ആകാവുന്നിടത്തോളം ഉന്നതിയിലെത്തിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ബാലഗ്രാം ബർണബാസ് തിരുമേനിയുടെ പ്രത്യേക ശ്രദ്ധയും താൽപര്യവും ഉള്ള സ്ഥാപനമാണ്. നാട്ടിൽ ഉള്ളപ്പോൾ ബാലഗ്രാം സന്ദർശിച്ച്, മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും കുട്ടികളോട് സംസാരിച്ചും ബാലഗ്രാമിന്റെ പ്രധാന പ്രയോക്താവ് ആയിരുന്ന ബഹു. കോര വർഗീസ് അച്ചനെ പ്രോത്സാഹിപ്പിച്ചും സ്ഥാപനത്തിന്റെ വളർച്ചയിൽ തിരുമേനി ശ്രദ്ധിച്ചിരുന്നു.

പ്രാർത്ഥനായോഗങ്ങൾ

മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ അങ്കമാലി ഭദ്രാസനത്തിൽ എല്ലാ പള്ളികളിലും പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുകയും, യോഗമുള്ള സ്ഥലങ്ങളിൽ നിവൃത്തി ഉള്ളിടത്തോളം തിരുമേനി പോയി പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. മറ്റു ഭദ്രാസനങ്ങളുടെ ചുമതലകളിലും, അമേരിക്കൻ ഭദ്രാസന ചുമതലയിലും ആയിരുന്നപ്പോഴും നാട്ടിൽ ഉള്ളപ്പോഴെല്ലാം പ്രാർത്ഥനായോഗങ്ങളിൽ സംബന്ധിക്കുമായിരുന്നു. ഒരവസരത്തിൽ തിരുമേനി അമേരിക്കയിലേക്ക് തിരുവനന്തപുരത്തുനിന്നും പോകുവാൻ തയ്യാറായി തലേദിവസം ഓതറ ദയറായിൽ എത്തി ക്ലാസെടുക്കുകയായിരുന്നു. അവിടെ വച്ച് പെരുമ്പാവൂർ നിന്ന് ഒരു ഫോൺ, പെരുമ്പാവൂർ ഓർത്തഡോക്സ് ചർച്ച് സെന്ററിൽ പ്രാർത്ഥനായോഗം ഉണ്ടെന്ന്. തിരുമേനി ഓതറ നിന്നും ഇത്ര ദൂരം യാത്ര ചെയ്തുവന്ന് പ്രാർത്ഥനായോഗത്തിൽ പ്രസംഗിച്ചതിനുശേഷം തിരികെ ഓതറയ്ക്ക് പോയി രാത്രി വിശ്രമിച്ചിട്ട് തിരുവനന്തപുരം വഴി അമേരിക്കയ്ക്ക് പോകുകയാണ് ചെയ്തത്.

വരുമ്പോഴെല്ലാം, രക്തസാക്ഷിത്വം വരിച്ച റ്റി. എം. വർഗീസിന്റെ ഭവനം സന്ദർശിച്ച് ആശ്വാസവാക്കുകൾ പറഞ്ഞ് പ്രാർത്ഥിക്കുമായിരുന്നു.

കോതമംഗലം ഭാഗത്ത് പ്രാർത്ഥനായോഗങ്ങളിൽ തിരുമേനിയുടെ സാന്നിദ്ധ്യം ഉള്ളപ്പോൾ കൂടുതൽ ജനങ്ങൾ സംബന്ധിക്കുമായിരുന്നു എന്ന് പലരും പറയുന്നു. കാതോലിക്കേറ്റിനോട് ചേർന്ന് നിൽക്കുന്നില്ലാത്തവരും തിരുമേനിയുള്ള യോഗങ്ങളിൽ സംബന്ധിക്കുമായിരുന്നു.

കല്ലറയ്ക്കപറമ്പിലെ തിരുമേനി നാട്ടിൽ ഉണ്ടായിരുന്നെങ്കിൽ

MalankaraOrthodox TV

“മെത്രാൻ കക്ഷി”ക്കാരുടെ നില ഏറെ മെച്ചം ആകുമായിരുന്നു എന്നു പറയുന്ന “ബാവാകക്ഷി”ക്കാർ ഉണ്ട്.

മാത്യൂസ് മാർ ബർണബാസ് തിരുമേനി ചൊല്ലി പഠിപ്പിച്ച ഒരു ഗാന ശകലം:

“നല്ലത് കാണാൻ കണ്ണുണ്ട് – നല്ലതുമാത്രം കാണുക നാം.
നല്ലത് പറവാൻ നാവുണ്ട് – നല്ലതുമാത്രം പറയുക നാം.
നല്ലത് കേൾപ്പാൻ ചെവിയുണ്ട് – നല്ലതുമാത്രം കേൾക്കുക നാം.
നല്ലത് ചെയ്‌വാൻ കയ്യുണ്ട് – നല്ലതുമാത്രം ചെയ്യുക നാം.”

വടക്കൻ ഭദ്രാസനങ്ങളിൽ കാതോലിക്കേറ്റ് പ്രചരണ പരിപാടികൾ

മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ പിതൃസഹോദരൻ (കൊച്ചപ്പൻ) ഫാ. കെ. പി. പൗലോസ് ബി.ഡി. വടക്കൻ ഭദ്രാസനങ്ങളിൽ കാതോലിക്കേറ്റിന്റെ ശക്തനായ പ്രചാരകനും നേതാവും ആയിരുന്നു. കല്ലറയ്ക്കൽപറമ്പിൽ മാത്തുക്കുട്ടിക്ക് കോറൂയോ പട്ടം നൽകിയത് തുരുത്തുപ്പിള്ളി ചെറിയപള്ളിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ആണ്. ബി.ഡി. അച്ചന്റെ ഈ പ്രവർത്തനങ്ങളെക്കുറിച്ച് ആലുവായിലെ അത്താനാസ്യോസ് തിരുമേനിയുടെ പ്രതികരണം. “അവരെല്ലാം പഠിപ്പുള്ളവരല്ലേ അവരോട് എന്തു പറയാനാ.”

വന്ദ്യ കെ. പി. പൗലോസ് ബി.ഡി. അച്ചൻ, “സത്യ കാനോൻ ഏത്”, “കാനോനിക പാത്രിയർക്കീസ് ആര്” എന്ന രണ്ട് ചരിത്ര ഗ്രന്ഥങ്ങൾ ഗവേഷണരീതിയിൽ തന്നെ ആധികാരികമായ തെളിവുകൾ സഹിതം പ്രസിദ്ധീകരിച്ചു. കാതോലിക്കേറ്റിന്റെ പ്രചരണത്തിനും സഭയുടെ നിലപാടിന്റെ സാധൂകരണത്തിനും ഈ ഗ്രന്ഥങ്ങൾ ഏറെ ഉപകരിച്ചവയാണ്. സഭാകേസിൽ ഇവ ഏറെ പ്രയോജനപ്പെട്ടവയായിരുന്നു.

മേൽപ്പറഞ്ഞ പുസ്തകങ്ങൾ കൂടാതെ പല ലഘുലേഖകളും, “മലങ്കരസഭാ സംരക്ഷകൻ” എന്ന മാസികയും പ്രസിദ്ധപ്പെടുത്തിയിരുന്നു. ഫാ. കെ. ഫീലിപ്പോസ് (ഫീലിപ്പോസ് മാർ തെയോഫിലോസ്) ആയിരുന്നു പത്രാധിപർ. പ്രധാന എഴുത്തുകാരൻ കെ. പി. പൗലോസ് അച്ചനായിരുന്നു. സംരക്ഷകൻ മാസികയിൽ, കാതോലിക്കേറ്റിന്റെ ആവശ്യകതയും സാധ്യതകളും അബ്ദുൽ മശിഹാ പാത്രിയർക്കീസിന്റെ നന്മകളും വിവരിച്ചുകൊണ്ട്, ശീമയിൽ ആയിരുന്ന മത്തായി ശെമ്മാശൻ (ഔഗേൻ റമ്പാൻ – ഔഗേൻ മാർ തീമോത്തിയോസ് – മോറാൻ മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ) കോനാട്ട് മാത്തൻ

Malankaraorthodox.TV

മൽപ്പാൻ അവർകൾക്ക് അയച്ചുകൊണ്ടിരുന്ന കത്തുകളും മറുപടി കത്തുകളും ഖണ്ഡശ പ്രസിദ്ധപ്പെടുത്തിയിരുന്നു. അവയുടെ കോപ്പികൾ എവിടെയെങ്കിലും ഉണ്ടോ എന്തോ?

1952–53 കാലഘട്ടങ്ങളിൽ വടക്കൻ ഭദ്രാസനങ്ങളിൽ മുളക്കുളം, പിറവം, പാമ്പാക്കുട, പള്ളിക്കര, കുറുപ്പുംപടി എന്നിവിടങ്ങളിൽ കാതോലിക്കേറ്റ് പ്രചരണ സമ്മേളനങ്ങൾ സംഘടിപ്പിച്ച് സഭയുടെ നിലപാടും കാതോലിക്കേറ്റിന്റെ സാധുതയും, സഭയുടെ സ്വയംശീർഷകത്വത്തിന്റെ അനിവാര്യതയും ജനങ്ങളെ ബോധ്യപ്പെടുത്തി. ഈ പരിപാടികളുടെ മുഖ്യ സംഘാടകൻ വന്ദ്യ കെ. പി. പൗലോസ് അച്ചൻ ആയിരുന്നു. “തെക്കൻ കാറ്റ് വീശുന്നുണ്ടേ,” എന്ന ആഹ്വാനം അന്നത്തെ ബാവാ കക്ഷിക്കാർ പുറപ്പെടുവിച്ചു. കുറുപ്പംപടി സമ്മേളനം കോലാഹലമാക്കി കലക്കാൻ ഉള്ള തയ്യാറെടുപ്പും ഉണ്ടായിരുന്നു. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ, ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ എന്നിവർക്കും, വി. കെ. മാത്യൂസ് റമ്പാൻ (മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ), പി. ഇ. മാത്യൂസ് റമ്പാൻ (മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ) എന്നിവരുൾപ്പെടെ സഭാനേതാക്കന്മാർക്കും കുറുപ്പംപടിയിൽ ഉഗ്രൻ സ്വീകരണ ഘോഷയാത്ര ഭംഗിയായി നടത്തി. സ്വീകരണം മോശമാക്കാൻ കരിങ്കൊടികളുമായി ഏതാനും വൈദികരും സ്ത്രീപുരുഷന്മാരും, കുട്ടികളും ബാവാ കക്ഷിക്കാരുടെ ആഹ്വാനത്താൽ കുറുപ്പംപടിയിൽ എത്തിക്കൂടി. വയലാർ ഏബ്രഹാം എന്നു പേരുള്ള സമർത്ഥനായ മേലുദ്ദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം കരിങ്കൊടിക്കാരെ റോഡിലേക്കിറങ്ങാൻ സമ്മതിച്ചില്ല. കോര വർഗീസ് അച്ചനും ഈ ലേഖകനും അന്ന് സിക്സ്ത് ഫോറം ക്ലാസിൽ പഠിക്കുന്നു. രണ്ടു പേരും കുറുപ്പംപടി സ്വീകരണ എതിരേൽപ്പിൽ സംബന്ധിച്ചവരാണ്. മറ്റു സഹപാഠികൾ എല്ലാവരും കറുത്ത കൊടികളുമായി എതിർ ചേരിയിൽ. കുറുപ്പംപടി സമ്മേളനം ഏറെ വിജയകരമായിരുന്നു. കെ. പി. പൗലോസച്ചനോടുകൂടി കുറുപ്പംപടി മറ്റമന കുര്യൻ സാർ, പൊയ്ക്കാട്ടിൽ കുരുവിള സാർ, പട്ട്ളാട്ട് പി. വി. പൗലോസ്, ചിറക്കൽ വർഗീസ് ശെമ്മാശൻ തുടങ്ങിയവരും സംഘാടകരായി ഉണ്ടായിരുന്നു. കാതോലിക്കേറ്റ് പ്രചരണ സമ്മേളനങ്ങൾ, “തെക്കൻ കാറ്റ് വീശുന്നു,” എന്ന് “ബാവാ കക്ഷി” നേതാക്കൾ പറഞ്ഞതുപോലെ, കാതോലിക്കേറ്റിന് അനുകൂലമായ ഒരു കാറ്റുവീശൽ ആയിരുന്നു.

ബർണബാസ് തിരുമേനി ജീവിതത്തിൽ എല്ലാം പരമാവധി നന്നായി ചെയ്തു. എല്ലാം പരമാവധി നന്നായി ചെയ്യുവാൻ പ്രോത്സാഹനം നൽകി. ഏവർക്കും എല്ലായിടത്തും എന്നും അപ്രകാരമായിരുന്നു. ആ പ്രോത്സാഹനം അനേകർക്ക് പ്രചോദനമായിരുന്നു. അനേകരും പരമാവധി നന്നായി

ചെയ്യുവാൻ ഉത്സുകരായി.

മറ്റുള്ളവരുടെ കഷ്ടതയിൽ പങ്കുചേരുന്നവർക്ക് പലതരത്തിൽ ആശ്വാസം കിട്ടും. സ്വന്തം കഷ്ടത മറക്കുന്നു - സന്തോഷം കണ്ടെത്തുന്നു (തിരുമേനിയുടെ അനുദിന ധ്യാനം എന്ന പുസ്തകത്തിൽ നിന്നും).

ഉപേക്ഷിക്കലിന്റെ ആത്മീയത തിരുമേനി പഠിപ്പിച്ചു. സ്നേഹത്തിന്റെ മാഹാത്മ്യം പഠിപ്പിച്ചു. ക്ഷമിക്കുന്നതിന്റെ മഹത്വത്തെ ഉദ്ബോധിപ്പിച്ചു. സഹായിക്കുന്നതിന്റെ ശ്രേഷ്ഠത തിരുമേനി കാണിച്ചുതന്നു.

മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ കബറടക്കസമയം: 12 -12-12-12-12. 2012-ാമാണ്ട് 12-ാം മാസം 12-ാം തീയതി 12 മണി 12 മിനിറ്റ്. ഈ അപൂർവ്വത ബർണബാസ് തിരുമേനിക്കു മാത്രം.

karaorthodox TV

22

വേറിട്ട ഇടയ ശുശ്രൂഷ

ഫാ. സി. എ. വറുഗീസ്
(അസിസ്റ്റന്റ് മാനേജർ, പാമ്പാടി ദയറാ)

1980 ഓഗസ്റ്റ് മാസത്തിലെ രണ്ടാം ആഴ്ചയിലാണ് മാത്യൂസ് മാർ ബർണബാസ് തിരുമേനി പാമ്പാടി ദയറായിൽ സ്ഥിരമായി താമസിക്കുവാനായി എത്തുന്നത്. അതൊരു തിങ്കളാഴ്ച ദിവസമായിരുന്നു. കാരണം അന്ന് രാവിലെയാണ് പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയെ രോഗബാധിതനായി കങ്ങഴ എം.ജി.ഡി.എം. ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തത്. തിങ്കളാഴ്ച വൈകുന്നേരം അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയോടൊപ്പമാണ് അഭിവന്ദ്യ ബർണബാസ് തിരുമേനി എത്തിച്ചേർന്നത്. ദയറാ ചാപ്പലിൽ പ്രാർത്ഥനയ്ക്കായി ബർണബാസ് തിരുമേനി കയറിപ്പോയ അവസരത്തിൽ അഭിവന്ദ്യ തെയോഫിലോസ് തിരുമേനി ദയറായിൽ താമസിക്കുന്ന ഞങ്ങളോട് പറഞ്ഞു "അദ്ദേഹം ഇന്നു മുതൽ ഇവിടെ താമസിക്കുകയാണ്, അദ്ദേഹത്തിന്റെ ആഹാരകാര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും അദ്ദേഹത്തോട് ചോദിച്ച് അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് ചെയ്തുകൊടുക്കണം." അഭിവന്ദ്യ ബർണബാസ് തിരുമേനി ദയറായിലേക്ക് വരുന്ന കാര്യങ്ങളെല്ലാം തന്നെ ദയറാ മാനേജർ പി. സി. യോഹന്നാൻ അച്ചൻ കങ്ങഴ ഹോസ്പിറ്റലിൽ നിന്നും നേരത്തെ ഞങ്ങളെ അറിയിച്ചിരുന്നു.

പാമ്പാടി ദയറായിൽ രാത്രി നമസ്കാരം ആരംഭിക്കുന്നത് വെളുപ്പിനെ 4.45-ന് പള്ളിമണി അടിച്ചാണ്. പിറ്റേദിവസം രാവിലെ മണി അടിച്ച് നമസ്കാരം അഭിവന്ദ്യ ബർണബാസ് തിരുമേനി ആരംഭിച്ചു. ഒന്നാം കൗമാ അവസാനിച്ച ഉടനെ പടിഞ്ഞാറോട്ട് തിരിഞ്ഞ തിരുമേനി എന്നെ മാത്രം കണ്ടതുകൊണ്ടായിരിക്കാം ഇവിടെ ആരൊക്കെ താമസിക്കുന്നുണ്ട് എന്ന് ചോദിച്ചു. ഞങ്ങൾ നാല് കുട്ടികൾ ഇവിടെ താമസിക്കുന്നുണ്ടെന്ന് മറുപടി പറഞ്ഞു. അവരൊക്കെ എവിടെയാണ് കിടക്കുന്നതെന്ന് ചോദിച്ചപ്പോൾ ഒരാൾ ബഹു. പി. സി. യോഹന്നാൻ അച്ചനോടൊപ്പം കങ്ങഴ ആശുപത്രിയിൽ അഭിവന്ദ്യ പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയെ ശുശ്രൂഷിക്കുകയാണെന്നും മറ്റ് രണ്ട് പേർ ഇവിടെ ഉണ്ടെന്നും അറിയിച്ചപ്പോൾ അവരെ നമസ്കാരത്തിന് വിളിക്കാൻ പറഞ്ഞു. അവരിൽ ഒരാൾ ഹിന്ദുവാണെന്ന് അറിയിച്ചപ്പോൾ, അയാൾ അവിടെ കിടക്കട്ടെ, ക്രിസ്ത്യാനിയെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. 2012 സെപ്റ്റംബർ 2-ന് ഞായ

Malankaraorthodox.tv

റാഴ്ച ദിവംഗതനായ പാമ്പാടി കെ. ജി. കോളജ് ഉദ്യോഗസ്ഥൻ സൗത്ത് പാമ്പാടി കൊച്ചുപുരയിൽ ജോയിയാണ് (കെ. ജെ. ഏബ്രഹാം) ആ ഭാഗ്യവാൻ. അന്ന് നമസ്കാരം കഴിഞ്ഞപ്പോൾ തിരുമേനി കൽപ്പിച്ചു, ദയറായിൽ താമസിക്കുന്ന എല്ലാവരും നമസ്കാരങ്ങളിലും വി. കുർബ്ബാനയിലും സംബന്ധിച്ചിരിക്കണം.

പ. പാമ്പാടി തിരുമേനിയുടെ കാലത്ത് ദയറാവാസികളെല്ലാം കർശനമായി നമസ്കാരങ്ങളിലും വി. കുർബ്ബാനയിലും സംബന്ധിച്ചിരുന്നു. എന്നാൽ പ്രായാധിക്യംകൊണ്ട് അരമനമുറിയിൽ നമസ്കാരങ്ങൾ നടത്തിയിരുന്ന പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയുടെ കാലഘട്ടത്തിൽ, കോട്ടയം ഭദ്രാസന ഓഫീസ് മാനേജരായി സേവനം അനുഷ്ഠിച്ചിരുന്ന ബഹു. പി. സി. യോഹന്നാൻ അച്ചൻ സന്ധ്യയോടുകൂടി കോട്ടയത്തുനിന്ന് വന്നതിനു ശേഷമായിരുന്നു നമസ്കാരവും ധൂപപ്രാർത്ഥനയും നടത്തിയിരുന്നത്. അഭിവന്ദ്യ ബർണബാസ് തിരുമേനി ദയറായിൽ സ്ഥിരതാമസത്തിന് വന്ന അന്നുമുതൽ തന്നെ നമസ്കാരങ്ങളിൽ ദയറാ അംഗങ്ങൾ പങ്കെടുക്കുന്ന പതിവ് പുനരാരംഭിച്ചു. കങ്ങഴ ആശുപത്രിയിൽ കഴിഞ്ഞിരുന്ന പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയെ അഭിവന്ദ്യ ബർണബാസ് തിരുമേനി എല്ലാ ദിവസവും സന്ദർശിച്ച് പ്രാർത്ഥന നടത്തിയിരുന്നു. 1980 ഓഗസ്റ്റ് 31-ന് ഞായറാഴ്ച പാറേട്ട് മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്തു. സെപ്റ്റംബർ 1-ാം തീയതി തിങ്കളാഴ്ച രാവിലെ അന്നത്തെ നിയുക്ത കാതോലിക്കാ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെയും അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെയും സാന്നിദ്ധ്യത്തിൽ ജോസഫ് മാർ പക്കോമിയോസ് തിരുമേനി വി. കുർബ്ബാന അർപ്പിച്ചു. വി. കുർബ്ബാനയിൽ ഏവൻഗേലിയോൻ വായനയുടെ സന്ദർഭത്തിൽ രണ്ട് സൈഡിലുമായി നിയുക്തബാവായും ബർണബാസ് തിരുമേനിയും മെഴുകുതിരികൾ പിടിയ്ക്കുകയാണ്. ബർണബാസ് തിരുമേനിയുടെ കയ്യിൽ ഇരിക്കുന്ന മെഴുകുതിരിക്ക് നീളക്കുറവായിരുന്നു. വേറെ മെഴുകുതിരി കൊണ്ടുവന്ന് കൊടുത്തതിനുശേഷമാണ് ഏവൻഗേലിയോൻ വായന ആരംഭിച്ചത്. ബർണബാസ് തിരുമേനിക്ക് ആരാധനയോട് കർക്കശ മനോഭാവമായിരുന്നു.

പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയുടെ വിയോഗത്തെ തുടർന്ന് കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി മുഴുവൻ സമയവും ദയറായിൽ താമസിച്ചുകൊണ്ട് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ നിർദ്ദേശമനുസരിച്ച് അഭിവന്ദ്യ തിരുമേനി ഭദ്രാസനഭരണം ഭംഗിയായി നിർവ്വഹിച്ചിരുന്നു. ഓരോ ഞായറാഴ്ചയും ഓരോ ഇടവകയിൽ സന്ദർശനം നടത്തിയിരുന്ന തിരുമേനി ഇടവക ഭവനങ്ങളും സന്ദർശിച്ചു. പ്രത്യേകിച്ച് രോഗികളും അശരണരു

മായവരുടെ ഭവനങ്ങൾ നിർബന്ധമായും തിരുമേനി സന്ദർശിച്ചിരുന്നു. ഒരിക്കൽ ദയറായുടെ തൊട്ട് വടക്കുള്ള മീനടം സെന്റ് മേരീസ് പള്ളി ഇടവകയിൽ പ്രായംചെന്ന ഒരു രോഗി തിരുമേനിയെ കാണുവാനുള്ള ആഗ്രഹം ഈ ലേഖകന്റെ പിതാവിനെ അറിയിച്ചിരുന്നു. അത് തിരുമേനിയോട് പറയുവാൻ എന്റെ പിതാവ് മറന്നുപോയി. അടുത്ത ദിവസം തിരുമേനി അതറിഞ്ഞ് ദയറായുടെ തൊട്ടടുത്തുള്ള എന്റെ ഭവനത്തിന്റെ പടിയ്ക്കൽ വന്ന് പിതാവിനെ വിളിച്ച് ഈ കാര്യം തിരക്കിയിട്ട് ഇപ്രകാരം പറഞ്ഞു. “കുഞ്ഞൂഞ്ഞ് ആ രോഗിയുടെ കാര്യം എന്നോടു പറയാഞ്ഞതു വലിയ തെറ്റായിപ്പോയി. ഞാൻ അവിടെച്ചെന്ന് പ്രാർത്ഥിക്കാതെ ആ രോഗി മരിച്ചുപോകുകയാണെങ്കിൽ ഞാനാണ് കുറ്റക്കാരൻ. ഞാൻ ദൈവസന്നിധിയിൽ അതിന് കണക്ക് പറയണം.” ഉടനെതന്നെ എന്റെ പിതാവിനെയുംകൂട്ടി നടന്ന് ആ ഭവനത്തിൽ പോയി പ്രാർത്ഥിച്ചു.

മറ്റൊരു സംഭവും കൂടി: തിരുമേനി ദയറായിൽ ഉള്ള ദിവസങ്ങളിലെല്ലാം തന്നെ അഭയഭവനിലെ അന്തേവാസികളുടെ അടുക്കൽ പോയി രണ്ട് നേരവും പ്രാർത്ഥിക്കുമായിരുന്നു. ഒരു ദിവസം അഭയഭവനിലെ രാവിലത്തെ പ്രാർത്ഥന കഴിഞ്ഞ് തിരികെ വരുമ്പോൾ എന്റെ വീടിന്റെ മുറ്റത്തു വന്ന് പിതാവിനെ വിളിച്ചു പറഞ്ഞു. ‘എനിക്ക് ഇന്ന് പ്രോഗ്രാം ഒന്നുമില്ല. നമുക്ക് ചുറ്റുപാടുമുള്ള ഭവനങ്ങൾ സന്ദർശിക്കുവാൻ പോകണം.’ അന്ന് വീട്ടിൽ ഒരു മേസ്തിരി പണിയുന്നുണ്ട്. അയാളെ സഹായിക്കുകയായിരുന്നു പിതാവ്. ഇത് കേട്ട മേസ്തിരി പിതാവിനോടു പറഞ്ഞു: ‘ഞാൻ തന്നെ എല്ലാം ചെയ്തുകൊള്ളാം, അച്ചായൻ തിരുമേനിയുടെ കൂടെ പൊയ്ക്കൊള്ളുക.’ അന്ന് വൈകുന്നേരം വരെ കാൽനടയായി ഭവനസന്ദർശനം നടത്തിയതും ഈ ലേഖകൻ ഓർക്കുന്നു. 1980–’85–ലെ തിരുമേനിയുടെ വേറിട്ടുള്ള ഈ ഇടയശുശ്രൂഷ കോട്ടയം ഭദ്രാസനത്തിൽ മാത്രമല്ല മലങ്കരസഭയാകമാനം ജനഹൃദയങ്ങളിൽ ജീവിക്കുന്ന ഒരു ഇടയശ്രേഷ്ഠനാക്കിത്തീർത്തു. അതുപോലെ പാമ്പാടി ദയറായോടനുബന്ധിച്ചുള്ള കെ. ജി. കോളജ് 1981–ലും, ബി.എം. എം. സീനിയർ സെക്കന്ററി സ്കൂൾ 1983–ലും മാർ ഗ്രീഗോറിയോസ് ബാലഭവൻ 1985–ലും ആരംഭിക്കുമ്പോൾ അതിന്റെ അമരക്കാരിൽ ഒരാളായിരുന്നു അഭിവന്ദ്യ തിരുമേനി.

കോട്ടയം ഭദ്രാസനത്തിന്റെ ഭാഗമായിക്കിടന്നിരുന്ന ഇടുക്കി പ്രദേശത്തേയ്ക്കുള്ള തിരുമേനിയുടെ ഇടവക സന്ദർശനം ഒരു കോളിളക്കം തന്നെ സമൂഹത്തിലുണ്ടാക്കി. പാമ്പാടിയിൽ നിന്ന് ഇടുക്കിയിലേക്കുള്ള ‘ബസ്സ് യാത്ര’ ജനഹൃദയങ്ങളിൽ അത്ഭുതവും ആശ്ചര്യവും ഉളവാക്കി. ഇടുക്കിയിലേക്കുള്ള തിരുമേനിയുടെ ഐതിഹാസികമായ യാത്രകളും അവിടുത്തെ ഇടയസന്ദർശനങ്ങളും ഇടുക്കി ഭദ്രാസനം രൂപീകൃതമാകു

ന്നതിന് പെട്ടെന്നുള്ള കാരണമായി. ഇടുക്കിയിലെ ജനങ്ങൾ അവരുടെ ഇടയനെ തിരുമേനിയിൽ കണ്ടെത്തിയതോടുകൂടി മലങ്കരസഭയുടെ ഇടുക്കി ഭദ്രാസനം ജന്മം എടുക്കുകയായിരുന്നു.

ഭദ്രാസന ആസ്ഥാനവും അരമനയും തിരുമേനിയുടെ നേതൃത്വത്തിൽ തന്നെ വേഗത്തിൽ ക്രമീകരിക്കപ്പെടുകയും 1985-ൽ തിരുമേനി ഇടുക്കി ഭദ്രാസനാധിപനായി ചക്കുപള്ളത്തുള്ള ഗത്സീമോൻ അരമനയിലേക്ക് സ്ഥിരതാമസമാക്കുകയും ചെയ്തു. ഇടുക്കിയിലേക്കുള്ള തിരുമേനിയുടെ ബസ്സ്യാത്രയ്ക്ക് കോട്ടയം ബസ്സ്റ്റാന്റിൽ നിന്നും തിരുമേനിക്ക് സീറ്റ് പിടിച്ചുകൊണ്ടുവരുവാൻ ഈ ലേഖകനെത്തന്നെയാണ് ബഹു. പി. സി. യോഹന്നാൻ റമ്പാച്ചൻ അയച്ചിരുന്നത്. ഒരു ദിവസം കൊണ്ടോടി ബസ്സിൽ കോട്ടയത്തുനിന്ന് ഞാൻ സീറ്റ് പിടിച്ച് പാമ്പാടിയിലേയ്ക്ക് വരികയാണ്. തിരുമേനി കാറിൽ പാമ്പാടി ബസ്സ്റ്റാന്റിൽ വന്ന് കാത്തിരിക്കുകയായിരുന്നു. അന്ന് ബസ്സിൽ വലിയ തിരക്കായിരുന്നു. പാമ്പാടിയിൽ എത്തിയപ്പോൾ ഞാൻ സീറ്റിൽനിന്ന് എഴുന്നേൽക്കുകയും ഒരാൾ കയറി ഇരിക്കുകയും ചെയ്തു. അയാളെ കാര്യങ്ങൾ പറഞ്ഞ് ഞാൻ എഴുന്നേല്പിച്ചപ്പോഴേക്കും പാമ്പാടി സ്റ്റാന്റിൽ ആൾ ഇറങ്ങാനും കയറാനും ഇല്ലായിരുന്നു. തിരുമേനി എതിർസൈഡിൽ കാറിൽ ഇരുന്ന് വായിക്കുകയായിരുന്നു. ബസ്സ് പെട്ടെന്ന് കടന്നുപോയപ്പോൾ തിരുമേനിയുടെ ഡ്രൈവർ ബസ്സ് കടന്നുപോയി എന്ന് പറയുകയും ബാഗ് എടുത്തുകൊണ്ട് ബസ്സിന്റെ പിന്നാലെ തിരുമേനി ഓടുകയും ചെയ്തു. അല്പം ദൂരം കഴിഞ്ഞപ്പോൾ ബസ്സ് നിർത്തി. തിരുമേനി കാറിൽതന്നെ ബസ്സിൽ കയറുകയും: ഉറക്കെ ചോദിക്കുകയാണ് "രാജു എന്റെ സീറ്റ് എവിടെ." ഞാൻ സീറ്റിൽ തിരുമേനിയെ ഇരുത്തി പുറത്തിറങ്ങി. ഈ സംഭവമെല്ലാം വളരെ കൗതുകത്തോടെയും ആകാംക്ഷയോടെയുമാണ് ബസ്സ് യാത്രക്കാരും ജീവനക്കാരും വീക്ഷിച്ചത്. ഇടുക്കിയിൽനിന്ന് കോട്ടയത്തു വരുമ്പോഴൊക്കെയും തിരുമേനി പാമ്പാടി ദയറായിലൂടെ വരിക പതിവായിരുന്നു.

ഇടുക്കി ഭദ്രാസനത്തിന്റെ അത്ഭുതപൂർവ്വമായ വളർച്ചയുടെ മദ്ധ്യത്തിലാണ് 1992-ൽ തിരുമേനിയെ അമേരിക്കൻ ഭദ്രാസനത്തിന്റെ സാരഥിയായി സഭ അയയ്ക്കുന്നത്. മലങ്കരസഭയുടെ ആ തീരുമാനം അമേരിക്കൻ ഭദ്രാസനത്തിന്റെ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു, ഒരു പുതിയ യുഗത്തിന്റെ പിറവിയുമായിരുന്നു. ലാളിത്യത്തിന്റെയും സേവനത്തിന്റെയുമെല്ലാം ആൾരൂപമായിരുന്ന തിരുമേനിയുടെ വേറിട്ട വ്യക്തിത്വത്തെ അത്ഭുതത്തോടെയാണ് അമേരിക്കയിലെ വിശ്വാസികൾ വീക്ഷിക്കുന്നത്. രണ്ട് പതിറ്റാണ്ടോളം നീളുന്ന ആ ഇടയശുശ്രൂഷ അമേരിക്കയിലെ വിശ്വാസികൾക്ക്, പ്രത്യേകിച്ച് യുവജനങ്ങൾക്ക് ആത്മീയതയുടെ പുതിയ പടവുകൾ കയറുന്നതിന് ഇടയാക്കി എന്ന് അവർ സാക്ഷിക്കുന്നു.

MalankaraOrthodox.TV

തന്റെ ജീവിതസായാഹ്നം അടുത്തു എന്ന് മനസ്സിലാക്കിയ തിരുമേനി അവിടുത്തെ എല്ലാ പദവികളും സ്വമനസ്സാലെ ഉപേക്ഷിച്ച്, തന്റെ പിൻഗാമിയെ ഏല്പിച്ചിട്ട് സ്വന്തനാട്ടിലേയ്ക്കും ഭവനത്തിലേയ്ക്കും വളരെ സന്തോഷത്തോടെ തിരികെ വരികയായിരുന്നു. തിരുമേനിയുടെ ജീവിതകാലഘട്ടത്തിൽ തന്റേതല്ലാത്തതായ എല്ലാ കാര്യങ്ങൾക്കും വളരെ കർക്കശക്കാരനായിരുന്നു എന്നത് തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിലും നമുക്ക് വെളിവാക്കിത്തരികയായിരുന്നു. അമേരിക്കയിലേയ്ക്ക് ചെന്നത് ഒന്നുമില്ലാത്ത തിരുമേനിയായിട്ടായിരുന്നെങ്കിൽ മടക്കയാത്രയും അങ്ങനെ തന്നെയായിരുന്നു എന്നത് സഭയെ ആശ്ചര്യപ്പെടുത്തുകയാണ്.

അമേരിക്കയിൽ നിന്ന് തിരികെ എത്തി കോലഞ്ചേരിയിൽ വിശ്രമിച്ചിരുന്ന തിരുമേനി പാമ്പാടി ദയറായിൽ താമസിക്കുവാനുള്ള തന്റെ ആഗ്രഹം അഭിവന്ദ്യ ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനിയെ നേരിട്ടറിയിക്കുകയായിരുന്നു. വളരെ സന്തോഷത്തോടെ മാർ ഈവാനിയോസ് തിരുമേനി അത് സ്വീകരിക്കുകയും ചെയ്തു. 2012 ഏപ്രിൽ മാസത്തിൽ ഒരു ദിവസം തിരുമേനി ഒരു സന്ധ്യാനമസ്കാരം തീരുമ്പോഴാണ് ദയറായിൽ എത്തുന്നത്. അപ്പോൾ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി തന്നെയാണ് അദ്ദേഹത്തെ അന്ന് ദയറായിലേയ്ക്ക് സ്വീകരിച്ചതും. അഭിവന്ദ്യ ബർണബാസ് തിരുമേനിയും മാർ ഈവാനിയോസ് തിരുമേനിയും തമ്മിൽ വളരെ ഊഷ്മളമായ, വളരെ ആഴത്തിലുള്ള ഒരു ആത്മബന്ധമായിരുന്നു ഉണ്ടായിരുന്നത്. സഭാചരിത്രത്തിൽ അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ ഒരു പിൻഗാമിയായിട്ടാണ് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയെ നാം കാണുന്നത്. സെമിനാരി അദ്ധ്യാപകൻ, വാർഡൻ തുടർന്ന് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ആയും മാർ ഈവാനിയോസ് തിരുമേനി പ്രവർത്തിച്ചത് മാർ ബർണബാസ് തിരുമേനിയുടെ പിൻഗാമിയായിട്ടാണ്. കഴിഞ്ഞ ഒമ്പതു മാസക്കാലത്തെ പാമ്പാടി ദയറായിലെ തിരുമേനിയുടെ ജീവിതത്തിൽ അദ്ദേഹം വളരെ സന്തോഷവാനും ഉന്മേഷവാനുമായിരുന്നു. മാർ ഈവാനിയോസ് തിരുമേനി പലപ്പോഴും ദയറായിൽ വന്ന് അഭിവന്ദ്യ ബർണബാസ് തിരുമേനിയെ കാണുകയും കുശലം ചോദിക്കുകയും, അല്ലാത്തപ്പോൾ ടെലിഫോണിൽ കാര്യങ്ങൾ എല്ലാം അന്വേഷിച്ചുകൊണ്ടുമിരുന്നു. ഓരോ ഞായറാഴ്ചയും കോട്ടയം ഭദ്രാസനത്തിലെ ഓരോ പള്ളികളിൽ പോകുന്നതിനുള്ള നിർദ്ദേശവും തിരുമേനി നൽകിയിരുന്നു. ദയറാ മാനേജർ ബഹു. മാത്തുക്കുട്ടി അച്ചനും കുറിയാക്കോസും, ലിബിനും, റിറ്റുവും, ദയറായിലെ മറ്റു കുട്ടികളും ബലഹീനനായ ഞാനും തിരുമേനിയുടെ എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സന്തോഷത്തോടെ ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ ആ പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

23

വിസ്മയകരമായ ഇതിഹാസം

റവ. മദർ എലിസബേത്ത്

(സെന്റ് മേരീസ് കോൺവെന്റ്, കോഴിമല)

എത്ര നാൾ ജീവിച്ചു എന്നതിനേക്കാൾ എങ്ങനെ ജീവിച്ചു, എന്തു ചെയ്തു എന്നതാണല്ലോ പ്രധാനം. അങ്ങനെ നോക്കുമ്പോൾ 88 വർഷം ഈ ലോകത്തിൽ ധന്യമായ ജീവിതം നയിച്ച് കർതൃഹിതപ്രകാരം കാല യവനികയ്ക്ക് അപ്പുറത്തേക്ക് കടന്നിരിക്കുന്ന അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനി വിസ്മയജനകമായ ഒരിതിഹാസമായിരുന്നു എന്നതിൽ സംശയമില്ല. പ്രദർശനപരതയുടെ ഈ കാലഘട്ടത്തിൽ ലാളിത്യത്തിന്റെയും നൈർമ്മല്യത്തിന്റെയും പ്രവാചകനായി, ജാതിമതഭേദമെന്യേ എല്ലാവരുടെയും സ്നേഹാദരവുകൾ പിടിച്ചുപറ്റിയ ഇടയശ്രേഷ്ഠനായി, കർമ്മനിരതനായ മഹാപുരോഹിതനായി, പ്രഗത്ഭനായ അധ്യാപകനായി, കൃത്യനിഷ്ഠ, നിശ്ചയദാർഢ്യം, ഉത്തരവാദിത്വബോധം, കർത്തവ്യനിർവഹണം എന്നിവയിൽ സ്വജീവിതത്തിലൂടെ ആട്ടിൻകൂട്ടത്തിന് മാതൃക നൽകിയ ഉത്തമ അജപാലകനായി... അദ്ദേഹം നമ്മുടെ ഓർമ്മകളിൽ പച്ചപിടിച്ചുനിൽക്കുന്നു. ആരാധനാ കർമ്മാനുഷ്ഠാനങ്ങളിൽ അവിടുന്നു പുലർത്തിയിരുന്ന ചിട്ടയും നിഷ്ഠയും തീക്ഷ്ണതയും ഒരു ഉത്തമ സഭാസ്നേഹിയുടെ മുഖമുദ്രയായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്.

1965-ൽ അഭി. തിരുമനസ്സുകൊണ്ട് വെല്ലൂർ ആശുപത്രിയിൽ ചാപ്ലെയിനായിരിക്കുമ്പോൾ ഒരു ചെറിയ ഓപ്പറേഷനുവേണ്ടിയാണ് ഞാൻ വെല്ലൂരിൽ ചെന്നത്. അന്ന് കെ. കെ. മാത്യൂസ് അച്ചനായിരുന്ന അദ്ദേഹം എല്ലാ രോഗികളെയും സന്ദർശിച്ച് പ്രാർത്ഥിക്കുകയും സമാശ്വാസം പകർന്നു നൽകുകയും ചെയ്തിരുന്നു. 1967-ൽ അദ്ദേഹം കോട്ടയത്തു വന്നതു മുതൽ കൃത്യമായി എല്ലാ മാസവും കോൺവെന്റിൽ വരികയും ബൈബിൾ ക്ലാസ്സുകൾ എടുക്കുക, കുമ്പസാരിപ്പിക്കുക, പിറ്റേന്ന് വി. കുർബാന അർപ്പിക്കുക തുടങ്ങിയ ആത്മീയകാര്യങ്ങൾ നടത്തിയിരുന്നു. 1992-ൽ അമേരിക്കയിൽ പോകുന്നതുവരെയും ഒരു മുടക്കവും വരുത്താതെ കൃത്യമായി ഇത് ചെയ്തിരുന്നു. ഇവിടെ വരുമ്പോൾ ഇടയ്ക്ക് സമയം കിട്ടിയാൽ സൈക്കിളെടുത്ത് ചുറ്റുമുള്ള ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ചെയ്യുക പതിവായിരുന്നു. അമേരിക്കയിൽ നിന്ന് നാട്ടിലെത്തുമ്പോഴും ഇവിടെ വന്ന് വി. കുർബാന ചൊല്ലുന്ന പതിവ് മുടക്കിയിട്ടില്ല. എല്ലാ സിസ്റ്റേഴ്സിന്റെയും

MalankaraOrthodox.TV

ജനനത്തീയതി ചോദിച്ചുവാങ്ങി ഓരോരുത്തരുടെയും ജന്മദിനത്തിൽ ആശംസകളും ഉപദേശങ്ങളും കൃത്യമായി അറിയിക്കുകയും ചെയ്തിരുന്നു. ഏറ്റവും അവസാനം ആശംസ അറിയിച്ചത് ഞങ്ങളുടെ സീനിയർ സിസ്റ്ററായിരുന്ന സിസ്റ്റർ മറിയാമിന്റെ 100-ാം ജന്മദിനത്തിലാണ്. ഇൻഡ്യൻ ഇൻലന്റിൽ എഴുതി നാട്ടിൽ വരുന്നവരെ കണ്ടു പിടിച്ച് അവരുടെ കയ്യിൽ കൊടുത്തുവിടും. ഒരു വിധത്തിലും മറ്റുള്ളവരുടെയോ തന്റെയോ ഒരു പൈസാ പോലും നഷ്ടപ്പെടുത്തുകയില്ല. തിരുമേനി വളരെയധികം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ഏതു പുസ്തകത്തിന്റെയും കോപ്പി കോൺവെന്റിൽ നൽകിയിരുന്നു.

ആഹാരം, വസ്ത്രം, ഉപയോഗ സാധനങ്ങൾ എന്നിവയിൽ ഇത്രയധികം ലാളിത്യം പുലർത്തിയിട്ടുള്ള മറ്റൊരു പുരോഹിതനെയോ മഹാപുരോഹിതനെയോ ഞാൻ കണ്ടിട്ടില്ല. അത്യാവശ്യത്തിനു മാത്രമുള്ള രണ്ട് ജോഡി വസ്ത്രം കീറിത്തയ്ച്ചതായിരുന്നു. ഒരു ചോറ് മേശപ്പുറത്ത് വീണാൽ അത് എടുത്തു കഴിക്കും. നഷ്ടമാക്കില്ല. അമേരിക്കയിൽ പോകുന്നതുവരെ മെത്തയോ തലയിണയോ ഉപയോഗിച്ചിരുന്നില്ല. അഭിവന്ദ്യ തിരുമേനിക്കുവേണ്ടി ഞങ്ങൾ ഒരു മെത്തപ്പായ് കരുതി വച്ചിരുന്നു. എത്ര കിട്ടിയാലും തൃപ്തി വരാത്ത, ആർജിക്കുവാനും കൂട്ടിവയ്ക്കുവാനും ആർത്തിയേറി വരുന്ന ആധുനികലോകത്തിൽ ലാളിത്യത്തിന്റെയും മിതത്വത്തിന്റെയും പ്രസക്തിയെന്തെന്ന് തിരുമേനിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ മനസ്സിലെങ്കിലും ഈ ലാളിത്യം സൂക്ഷിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ.....

1975-ൽ ഓതറ കോഴിമല കോൺവെന്റിന്റെ സ്ഥാപകയായ റവ. മദർ ഹന്ന (കൊച്ചന്നാമ്മ) യുടെ മരണം നടന്ന ഉടൻ, കോലഞ്ചേരിയിലായിരുന്ന അദ്ദേഹം ഇവിടെ എത്തുകയും സംസ്ക്കാര ശുശ്രൂഷ തീരുന്നതുവരെയുള്ള എല്ലാ കാര്യങ്ങളും ചുമതലയോടെ ഏറ്റെടുത്തു നടത്തുകയും ചെയ്തു. ഇവിടത്തെ രണ്ട് സിസ്റ്റേഴ്സിനെ തിരുമേനിയാണ് ഇങ്ങോട്ടയച്ചത്. സിസ്റ്റേഴ്സിന്റെ പ്രൊഫഷൻ നടത്തുക, ധ്യാനം എടുക്കുക, ഉപദേശങ്ങൾ നൽകുക എന്നിവയിലൂടെ ഉത്തമ സന്യാസ ജീവിതം നയിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കി.

ഈ സ്ഥാപനത്തിന്റെ മുൻ മദർ റവ. സിസ്റ്റർ ശൈനോ (വി. കെ. ശോശാമ്മ) വെല്ലൂർ ഹോസ്പിറ്റലിൽ ആയിരുന്നപ്പോൾ അവിടുത്തെ ചാപ്പൽ ട്രഷറർ ആയി പ്രവർത്തിച്ചിരുന്ന സമയത്ത്, തിരുമേനിക്ക് ആശുപത്രി ചാപ്പലിൽ വി. കുർബാന അർപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും, തിരുമേനിക്ക് ഒരു മേജർ ഓപ്പറേഷൻ നടന്നപ്പോൾ വേണ്ട സഹായങ്ങൾ ചെയ്തതുമെല്ലാം തിരുമനസ്സിലെ ആത്മകഥയിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. അഭിവന്ദ്യ തിരുമേനിയോട് ഈ സ്ഥാപ

നത്തിനുള്ള കടപ്പാടുകൾ നിസ്സീമമാണ്. സ്ഥാനം ഒഴിഞ്ഞ് നാട്ടിൽ വന്ന ശേഷവും അനേകം പ്രാവശ്യം ഇവിടേക്ക് വരികയും സന്ധ്യനമസ്ക്കാരത്തിനു നേതൃത്വം നൽകി ധ്യാനമെടുക്കുകയും ചെയ്തിരുന്നു. പുഷ്പഗിരിയിൽ ചികിത്സയ്ക്കു വരുമ്പോഴെല്ലാം ഇവിടെ വന്നിട്ടേ പാമ്പാടിയിലേക്ക് പോകാറുള്ളു. അവസാനമായി കാലം ചെയ്യുന്നതിന് രണ്ടാഴ്ച മുമ്പ് കുർബാനയിൽ സംബന്ധിക്കാൻ പുഷ്പഗിരിയിൽ നിന്ന് വന്നുവെങ്കിലും ശാരീരികമായ ക്ഷീണം മൂലം തിരിച്ചുപോവുകയും ചെയ്തു.

തനിക്ക് ദൈവം നല്കിയ താലന്തുകൾ ഫലപ്രദമായി വിനിയോഗിച്ച്, തന്നെ അയച്ച പിതാവിന്റെ സന്നിധിയിൽ എത്തിയിരിക്കുന്ന ശ്രേഷ്ഠ മഹാപുരോഹിതന്റെ ഓർമ്മ നമ്മെ കർമ്മോത്സുകരാക്കട്ടെ. തന്നെ സ്മരിക്കുന്ന അനേകായിരങ്ങൾക്ക് ആ പരിശുദ്ധന്റെ പ്രാർത്ഥന സഹായകമാകട്ടെ.

karaorthodox TV

24

ബർണബാസ് തിരുമേനിയും കിഴക്കമ്പലം ദയറായും

സിസ്റ്റർ ദീന

ബേത്‌ലേഹേം സെന്റ് മേരീസ് കോൺവെന്റിന്റെ (കിഴക്കമ്പലം ദയറ) ആരംഭം മുതൽ ദയറായ്ക്ക് വലിയ സംഭാവനകൾ നൽകിയ ഒരു കുടുംബമാണ് അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടേത്. അഭിവന്ദ്യ തിരുമേനിയുടെ പിതാവിന്റെ സഹോദരനായ ബഹു. കെ. പി. പൗലോസ് അച്ചൻ ദയറായുടെ സ്ഥാപക പിതാക്കന്മാരിൽ ഒരാളാണ്. കപ്പദോക്യൻ പിതാക്കന്മാരായ മാർ ബസ്സേലിയോസ് മാർ ഗ്രിഗോറിയോസ് പിതാക്കന്മാരുടെ മൂത്ത സഹോദരി വി. മക്രീനയെപ്പോലെ തിരുമേനിയുടെ മൂത്ത സഹോദരി സിസ്റ്റർ മേരി ദയറായുടെ സ്ഥാപക മദറായ മദർ ഏലിശുബയുടെ അസിസ്റ്റന്റും ആദ്യത്തെ നോവിസ് മിസ്ട്രസുമായിരുന്നു. തിരുമേനിയുടെ ബാല്യത്തിൽ തന്നെ കിഴക്കമ്പലം ദയറാ സന്ദർശിക്കുവാൻ അവസരം ഉണ്ടാകുകയും, ദയറായും സന്യാസ ജീവിതവുമായി അടുത്ത് ഇടപഴകുവാൻ സാധിക്കുകയും ചെയ്തു. അതുകൊണ്ട് തിരുമേനിക്ക് കിഴക്കമ്പലം ദയറായുടെ ആത്മീയ ഉന്നമനത്തെക്കുറിച്ച് ജീവിതകാലം മുഴുവൻ വലിയ കരുതലും, സ്നേഹവും, പ്രാർത്ഥനയും, പ്രയത്നവും ഉണ്ടായിരുന്നു.

അഭിവന്ദ്യ തിരുമേനി അനേക വർഷം ഞങ്ങളുടെ കുമ്പസാരപിതാവായിരുന്നു. എല്ലാ സിസ്റ്റേഴ്സും ശരിയായ ഒരു കുമ്പസാരം നടത്താൻ തിരുമേനിയുടെ വരവിനായി കാത്തിരിക്കുമായിരുന്നു. അമേരിക്കയിൽ നിന്നു വരുമ്പോൾ എല്ലാം ദയറാ ചാപ്പലിൽ വി. കുർബ്ബാന അർപ്പിക്കുകയും ഞങ്ങളുടെ വി. കുമ്പസാരം കേൾക്കുകയും വേണ്ട ഉപദേശങ്ങൾ തരികയും ചെയ്യുമായിരുന്നു. തിരുമേനിക്ക് സംസാരിക്കാൻ ആത്മീയ വിഷയങ്ങളല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല.

ദയറായിൽ വന്നാൽ എല്ലാവരെയും പേരു ചൊല്ലി വിളിച്ച് വിവരം അന്വേഷിച്ചിരുന്നു. കൂടാതെ സിസ്റ്റേഴ്സിന്റെ കുടുംബത്തിലെ ക്ഷേമവും അന്വേഷിക്കുമായിരുന്നു. വലിയവരെന്നോ, ചെറിയവരെന്നോ, വ്യത്യാസം കൂടാതെ എല്ലാവരെയും ഒരുപോലെ കാണുന്നതും തിരുമേനിയുടെ ഒരു പ്രത്യേകതയായിരുന്നു.

ബേത്‌ലഹേം ഗേൾസ് ഹൈസ്ക്കൂൾ (ദയറാ സ്കൂൾ) ഞാറല്ലൂർ,

കിഴക്കമ്പലത്തിന്റെ കാര്യത്തിൽ തിരുമേനിക്ക് വലിയ താത്പര്യമുണ്ടായിരുന്നു. തിരുമേനി നാട്ടിലുണ്ടായിരുന്ന സമയത്തൊക്കെയും എസ്. എസ്.എൽ.സി. പരീക്ഷയ്ക്കു മുമ്പ് പ്രാർത്ഥിച്ച് ഹാൾ ടിക്കറ്റ് കൊടുക്കുന്നതിന് സമയം കണ്ടെത്തിയിരുന്നു. പരീക്ഷാഫലം അറിയുവാൻ ആകാംക്ഷയോടെ കാത്തിരിക്കയും, വിളിച്ചുപറയാൻ ഞങ്ങൾ വൈകിയാൽ തിരുമേനി ഇങ്ങോട്ട് വിളിച്ച് ചോദിക്കുകയും ചെയ്തിരുന്നു. അനേക വർഷങ്ങളായി നൂറ് ശതമാനം വിജയം ലഭിക്കുന്ന ദയറാ സ്കൂളിന് തിരുമേനിയോട് വലിയ കടപ്പാടാണുള്ളത്.

തിരുമേനി കോലഞ്ചേരി, പെരുമ്പാവൂർ ആശുപത്രികളിലായിരുന്നപ്പോഴും പൊത്തൻപുറം ദയറായിൽ വിശ്രമിച്ചപ്പോഴും ഞങ്ങൾ ചെന്ന് കൈ മുത്തി 'തിരുമേനി ഞങ്ങളെ ഓർക്കുന്നുണ്ടോ' എന്ന് ചോദിക്കുമ്പോൾ, 'അതെങ്ങനെയാ കിഴക്കമ്പലം ദയറായിലെ സിസ്റ്റേഴ്സിനെ മറക്കുന്നത്' എന്നു പറഞ്ഞ് സിസ്റ്റേഴ്സ് ഓരോരുത്തരുടെയും പേര് തിരുമേനി പറയുമ്പോൾ ഞങ്ങൾക്കുണ്ടായിരുന്ന സന്തോഷം എത്രയെന്ന് വിവരിക്കാൻ പ്രയാസം. തിരുമേനിയുടെ മനസ്സിൽ കിഴക്കമ്പലം ദയറ എന്നും സജീവമായിരുന്നു. ഇനിയും അത് അങ്ങനെ തന്നെ ആയിരിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

തിരുമേനി അവശനായി കിടന്നിരുന്ന അവസ്ഥയിലും, ഇപ്പോൾ പുതുക്കി പണികഴിപ്പിച്ചുകൊണ്ടിരിക്കുന്ന ദയറാചാപ്പലിന്റെ പണിയുടെ പുരോഗതിയെക്കുറിച്ചും, കൂദാശയെക്കുറിച്ചും ഞങ്ങളെ കാണുമ്പോൾ ഒക്കെയും അന്വേഷിക്കുകയും തിരുമേനിയുടെ കഴിവിനനുസരിച്ചുള്ള സംഭാവന നൽകുകയും ചെയ്തു. അഭിവന്ദ്യ തിരുമേനി ദയറാചാപ്പലിന്റെ കൂദാശ വരെ കാത്തുനിൽക്കാതെ കടന്നുപോയതിൽ ഞങ്ങൾ ദുഃഖിതരാണ്. എങ്കിലും തിരുമേനിയുടെ അദൃശ്യ സാന്നിധ്യം ഇവിടെ ഉണ്ടായിരിക്കും എന്ന പ്രത്യാശ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

ലളിതജീവിതം നയിച്ച തിരുമേനി, ശാരീരിക അവശതകൾക്കിടയിലും യാമപ്രാർത്ഥന മുടക്കിയില്ല. സ്നേഹം, അനുതാപം, പശ്ചാത്താപം, സ്വയംപരിശോധന എന്നീ കാര്യങ്ങളായിരുന്നു തിരുമേനി തന്റെ പ്രബോധന വിഷയങ്ങളാക്കിയിരുന്നത്.

സഭയുടെ വിശ്വാസം, പാരമ്പര്യം എന്നിവ കാത്തുസൂക്ഷിച്ച് നോമ്പ്, ഉപവാസം, യാമപ്രാർത്ഥനകൾ തുടങ്ങിയ കർമ്മാനുഷ്ഠാനങ്ങൾ അനുഷ്ഠിച്ച് ജീവിതവിശുദ്ധി ആർജ്ജിച്ച തിരുമേനി എല്ലാവർക്കും മാതൃകയാണ്. ദൈവിക സ്വാതന്ത്ര്യത്തിലടങ്ങുന്ന വിനയം, സ്വഭാവ നൈർമല്യം, സേവനസന്നദ്ധത, കഠിനാദ്ധ്വാനം, നിർഭയത്വം, സർവ്വോപരി ദൈവത്തിന്റെ ദാസനായുള്ള സമർപ്പണം, ഇവയെല്ലാം, തിരുമേനിയുടെ ശ്രേഷ്ഠ

സ്വഭാവ മഹിമകളാണ്. എളിമയുടെ പര്യായമായ തിരുമേനി, നിഷ്ഠകൾ, വരവണ്ണം തെറ്റിക്കാതെ നിർവ്വഹിച്ചിരുന്നു.

അമേരിക്കയിൽ നിന്ന് വന്നശേഷവും 3 പ്രാവശ്യം ഇവിടെ വരികയും കുർബ്ബാനയിൽ സംബന്ധിക്കുകയും ഞങ്ങൾക്ക് വേണ്ട ഉപദേശങ്ങൾ തരികയും ചെയ്തിരുന്നു. അവസാനമായി കണ്ടനാട് കർമേൽ ദയറായിൽ കുർബ്ബാനയിൽ സംബന്ധിച്ച ശേഷം 14-10-2012-ൽ ഉച്ചയ്ക്ക് ഇവിടെ വരികയും ഭക്ഷണം കഴിച്ച് വിശ്രമിച്ച് വൈകുന്നേരം 5 മണിയായപ്പോൾ പാമ്പാടിയിലേക്ക് പോവുകയും ചെയ്തു.

തിരുമേനിയുടെ ജീവിതം നമുക്ക് മാതൃകയാക്കാം. തിരുമേനിയുടെ പ്രാർത്ഥനയിൽ അഭയം പ്രാപിച്ചുകൊണ്ട് ബേത്‌ലഹേം ദയറായിലെ ആത്മീയ മക്കൾ.



സഖറിയാ മാർ നിക്കോളവാസ് തിരുമേനിക്കുള്ള ജന്മദിന ആശംസാസന്ദേശം എഴുതുന്ന ബർണബാസ് തിരുമേനി (പാമ്പാടി ദയറാ, ഓഗസ്റ്റ് 9, 2012).

25

പരിശുദ്ധിയുടെ പരിവേഷം

കോര ചെറിയാൻ

ആയിരത്തിതൊള്ളായിരത്തി അറുപതുകളുടെ കാലഘട്ടത്തിൽ വെല്ലൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ സഹപാഠിയായ ഒരു രോഗിയെ സന്ദർശിക്കുവാൻ എത്തിയപ്പോൾ യാദൃശ്ചികമായി വന്ദ്യ ബർണബാസ് തിരുമേനിയെ – അന്ന് കെ. കെ. മാത്യൂസ് അച്ചനായി – കാണുകയുണ്ടായി. യുവത്വത്തിന്റെ പ്രസരിപ്പും പൗരോഹിത്യത്തിന്റെ പ്രതിഭയും സർവ്വോപരി മഹത്വമായ മനുഷ്യത്വത്തിന്റെ ശാലീനതയും ഒരുപോലെ പ്രതിബിംബിക്കുന്ന വലിയ മനസ്സുള്ള ഒരു ചെറിയ മനുഷ്യൻ. ആശുപത്രി ചാപ്ലയിനായി സേവനം അനുഷ്ഠിച്ച ദാനശീലനായ അന്നത്തെ മാത്യൂസ് അച്ചനെ തമിഴർ 'മാത്യൂസ് പാതിരിയാർ' എന്നും 'ചിന്ന പാതിരിയാർ' എന്നും ബഹുമാനപുരസരം സംബോധന ചെയ്തിരുന്നു.

തുശ്ചമായി ലഭിക്കുന്ന ശമ്പളത്തിന്റെ മുഖ്യ ഭാഗവും സാധുക്കളായ രോഗികൾക്കും അവശത അനുഭവിക്കുന്നവർക്കുമായി നിർലോഭം ദാനം ചെയ്യുന്നതായി ഞാനും എന്നോടൊപ്പം ഉണ്ടായിരുന്ന രണ്ടു ഉത്തരേന്ത്യക്കാരായ സഹപാഠികളും അറിഞ്ഞപ്പോൾ അദ്ദേഹത്തെ ആത്മാർത്ഥമായി അഭിനന്ദിച്ചു.

സ്വന്തം ജീവിതം സഭയ്ക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും സമർപ്പിച്ച കർമ്മയോഗിയും താപസനും തത്വജ്ഞാനിയുമായ മാത്യൂസ് അച്ചനെ മലങ്കരസഭ മേൽപ്പട്ടക്കാരനായി അവരോധിച്ചു. ലളിത ജീവിതത്തിലൂടെ ക്രിസ്തീയ ദൗത്യം പ്രകടമാക്കി.

ഒരിക്കൽ അപ്രതീക്ഷിതമായി മരണമടഞ്ഞ ഒരു യുവ സുഹൃത്തിന്റെ മൃതശരീരം സന്ദർശിക്കുവാനും പൗരോഹിത്യത്തിന്റെ പരമപ്രധാനമായ അന്ത്യശുശ്രൂഷകർ അർപ്പിക്കുവാനും അദ്ദേഹത്തിന്റെ പരിധിക്കുള്ളിലുള്ള പള്ളിയിൽ ബർണബാസ് തിരുമേനി എത്തി. തികച്ചും ശോകാത്മകമായ അന്തരീക്ഷം. സൗരഭ്യം പരത്തുന്ന അനേകം പുഷ്പചക്രങ്ങളുടെ നടുവിലുള്ള ശവപ്പെട്ടിയിൽ ജീവനറ്റ തണുത്ത ശരീരം. ഭാര്യയും കുട്ടികളും ശത്രുക്കളും സതീർത്ഥ്യരും ഒരുപോലെ മൃതശരീരത്തെ നോക്കി വിലപിക്കുന്നു. നിശബ്ദനായി ശവപ്പെട്ടിയുടെ സമീപത്തു നിലകൊണ്ട വന്ദ്യ ബർണബാസ് തിരുമേനിയുടെ സമീപം ഇടവക വികാരി

MalankaraorthodoxTV

എത്തി ക്രോധാകുലനായി മുന്നറിയിപ്പ് നല്കി. "പതിനഞ്ചു മിനിറ്റിനകം ഇവിടെനിന്നും പൊയ്ക്കൊള്ളണം." യാതൊരു പ്രതികരണവും ഇല്ലാതെ ഹൃദയത്തിന്റെ അഗാധതയിൽനിന്നും ഉള്ള ആർത്തനാദം അടക്കി അന്ത്യോപചാരം അർപ്പിച്ചു നിറഞ്ഞ നയനങ്ങളോടെ നിർദ്ദേശം ലഭിച്ച സമയപരിധിക്കുള്ളിൽ തന്നെ മടങ്ങി. രണ്ടായിരത്തിലധികം വർഷം മുമ്പ് ആണിപ്പഴുതിലൂടെ ചൂടുള്ള രക്തം വമിക്കുമ്പോഴും "പിതാവേ ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കേണ"മെന്നരുളിയ അരുമനാഥന്റെ ശബ്ദവീചികൾ വന്ദ്യതിരുമേനിയുടെ കർണ്ണപുടങ്ങളിൽ നിരന്തരമായി നിലകൊണ്ടിരിക്കും.

സ്വന്തം ജീവിതശുദ്ധികൊണ്ടും നിരന്തരമായ പ്രാർത്ഥനകൊണ്ടും നൂറിലധികം പള്ളികളുള്ള അമേരിക്കൻ ഭദ്രാസനം സഭയുടേയും ഭദ്രാസനത്തിന്റേയും ശക്തമായ പരിധിക്കുള്ളിൽ മാത്യൂസ് മാർ ബർണബാസ് തിരുമേനി കൊണ്ടുവന്നു.

ന്യൂയോർക്കിലെ മോണ്ടി ബെല്ലോയിൽ ഭദ്രാസന കേന്ദ്രമായും മലയാളി മക്കളുടെ റിട്രീറ്റ് കേന്ദ്രമായും സഭാമക്കൾ തന്നെ പണം മുടക്കി വാങ്ങിച്ച വിശാലമായ സ്ഥലവും കെട്ടിടവും വിലപേശി വിറ്റതിലുള്ള വിങ്ങിപ്പൊട്ടലുകൾ കെട്ടടങ്ങുന്നതിന് മുമ്പായി, ന്യൂയോർക്കിൽത്തന്നെ ഏത് ഭാരതീയനും അഭിമാനിക്കാവുന്ന ആധുനികരീതിയിലുള്ള ഭദ്രാസനകേന്ദ്രത്തിനുവേണ്ടിയുള്ള കെട്ടിടങ്ങൾ വന്ദ്യ ബർണബാസ് തിരുമേനി വാങ്ങിച്ചു. അമേരിക്കയിൽനിന്നും ഇൻഡ്യയിലേയ്ക്ക് മടങ്ങുന്നതിനു മുമ്പായി സകല പണികളും പൂർത്തീകരിച്ചു.

പ്രായാധിക്യം മൂലം പല ശാരീരക്ലേശങ്ങളും പ്രത്യേകിച്ച് കേഴ്‌വിക്കുറവും ഉള്ള ബർണബാസ് തിരുമേനിയെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ വന്ദ്യ നിക്കോളവാസ് തിരുമേനി സ്വപിതാവിനെ എന്നപോലെ പരിചരിക്കുന്നതു നേരിൽ കാണുവാൻ പല പ്രാവശ്യം സാധിച്ചു. ശാരീരികവും മാനസികമായും സാമൂഹ്യമായും അനേകം പ്രതിബന്ധങ്ങൾ ബർണബാസ് തിരുമേനി അമേരിക്കൻ ജീവിതത്തിൽ നേരിടേണ്ടി വന്നു.

വന്ദ്യ ബർണബാസ് തിരുമേനി സ്നേഹിച്ചു ലാളിച്ച് ഏകീകരിച്ച അമേരിയ്ക്കൽ ഭദ്രാസനത്തെ കീറിമുറിച്ചപ്പോൾ രോമം കത്രിക്കുന്നവന്റെ മുന്നിൽ നിശ്ചലമായി നിലകൊള്ളുന്ന ആട്ടിൻകുട്ടിയെപ്പോലെ യാതൊരു പ്രതിഷേധമോ പരിഭവമോ പരാതിയോ പ്രകടിപ്പിക്കാതെ സർവ്വശക്തനിൽ ആശ്രയിച്ച് സകലതും നിശബ്ദവേദനയോടെ സഹിച്ചു.

ജീവിതത്തിന്റെ അന്ത്യകാലം പരിശുദ്ധനായ പാമ്പാടി തിരുമേനിയുടെ പാദങ്ങൾ പതിഞ്ഞ മണ്ണിൽ നിശ്ചലമായി നിലകൊള്ളുന്ന കബറിട

ത്തിന്റെ സമീപം എത്തിച്ചേർന്നത് ദൈവനിയോഗം തന്നെ ആയിരുന്നു. ബർണബാസ് തിരുമേനിയിലുള്ള ആത്മിക ചൈതന്യവും നിയതിയുടെ നിരന്തരമായ അനുഗ്രഹവും സകല പ്രശ്നങ്ങളേയും സധൈര്യം നേരിടുവാൻ ഉള്ള ബലം നൽകി. കാലങ്ങൾ കഴിയുമ്പോൾ ക്രിസ്തുമതത്തിലെ ഭീഷ്മാചാര്യർ ആയോ ആധുനിക യുഗത്തിലെ മദർ തെരേസയായോ മാർ ബർണബാസിനെ ലോകം ചിത്രീകരിക്കും. അങ്ങനെ ബർണബാസ് തിരുമേനി പരിശുദ്ധിയുടെ പരിവേഷമായി ലോകാന്ത്യം വരെയും നിലനിൽക്കും.

Malankaraorthodox TV

26

വാനിലുദിച്ച നക്ഷത്രമായി ബർണബാസ് തിരുമേനി

ജോർജ് തുമ്പയിൽ

മനസിൽ തീരാദുഖത്തിന്റെ തിരകളവശേഷിപ്പിച്ചുകൊണ്ടാണ് നമുക്കേറ്റവും ആദരണീയനായ ബർണബാസ് തിരുമേനി ശാശ്വത വിശ്രമത്തിനായി ഇഹലോകത്തുനിന്നും പറന്നകന്നിരിക്കുന്നത്. നാട്ടിൽ നിന്നുള്ള ആ വിയോഗ വാർത്തയറിഞ്ഞതുമുതൽ വല്ലാത്തൊരു ആത്മീയ നഷ്ടബോധം അലട്ടിക്കൊണ്ടിരിക്കുന്നു. ഓർമകൾ പിന്നാക്കം സഞ്ചരിക്കുകയാണ്. തിരുമേനിക്കൊപ്പം നടന്ന വഴിത്താരകൾ... അവിടെ സ്നേഹത്തിന്റെ മന്ദസ്മിതം തൂകുന്ന സുന്ദര മുഖം ചൈതന്യത്തോടെ തന്നെ ഞാൻ കാണുന്നു.... ലാളിത്യത്തിന്റെ പാദസ്പർശമേറ്റ ആ മൺതരികൾ എന്റെ കൺകോണുകളിൽ നിന്നുതിർന്നു വീണ കണ്ണീർ കണങ്ങൾ കൊണ്ട് നനഞ്ഞുവോ...

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപനായി ഇവിടെ എത്തിയതുമുതൽ തിരുമേനിക്കൊപ്പം സഭയുടെ പല മേഖലയിലും പ്രവർത്തിക്കാൻ സാധിച്ചത് തീർച്ചയായും ഒരു ദൈവ നിയോഗമായും അപൂർവ ഭാഗ്യമായും കാണുന്നു. ആത്മാവിൽ നന്മ മാത്രം നിറച്ച തിരുമേനിയുടെ സത്യസന്ധതയും ലാളിത്യവും വർണിക്കാൻ വാക്കുകൾ തേടി അലയേണ്ടി വരും. എന്നും പിതൃനിർവിശേഷ സ്നേഹം യഥേഷ്ടം ചൊരിഞ്ഞു തന്ന ബർണബാസ് തിരുമേനി എന്റെ ആത്മീയ ഗുരു മാത്രമല്ല, ജിവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങൾ തരണം ചെയ്യാൻ പ്രാപ്തനാക്കുന്ന മാർഗദർശി കൂടിയാണ്.

എന്റെ നാടായ പാമ്പാടിയിലെ ദയറായിൽ അംശവടിയേന്തിയ തിരുമേനിയുടെ ഭൗതിക ശരീരം പൊതുദർശനത്തനായി വച്ച് പ്രാർഥനകൾ നടക്കുന്നത് കർമഭൂമിയിലിരുന്ന്, ഓർത്തഡോക്സ് ടെലിവിഷനിലൂടെ കാണുമ്പോൾ മനസും ഏഴുകടലുകൾ കടക്കുന്നു. വിയോഗ വ്യഥ ഖനീഭവിച്ചു കിടക്കുന്ന വേളയിൽ ചില അനുഭവങ്ങൾ കുറിക്കട്ടെ...

വർഷങ്ങൾക്ക് മുമ്പാണ്. കോലഞ്ചേരി ആശുപത്രിയിൽ വച്ച് അദ്ദേഹത്തെ കാണാനിടയായി. തിരുമേനി അപ്പോൾ ആശുപത്രി ചാപ്ലെയ്ൻ

MalankaraOrthodox.TV

ആയിരുന്നു. പിന്നീട് ഇടുക്കി ഭദ്രാസനാധിപനായി. അക്കാലത്ത് അദ്ദേഹം കുമളി ചക്കുപള്ളത്തേയ്ക്ക് പ്രൈവറ്റ് ബസിലാണ് സഞ്ചരിച്ചിരുന്നത്. പുരോഹിത സമൂഹം പഞ്ച നക്ഷത്ര ആർഭാടത്തിൽ ജിവിക്കുന്ന ഇക്കാലത്ത് ബർണബാസ് തിരുമേനിയുടെ ഈ മഹത്തായ മാതൃക ഏവരേയും അത്ഭുതപ്പെടുത്തിയിരുന്നു. അത്രമേൽ എളിയവനായിരുന്നു ജീവിതത്തിലുടനീളം ഈ സഭാധ്യക്ഷൻ.

എന്റെ ജീവിത വ്യാപാരത്തിൽ ഋതുക്കൾ കൊഴിഞ്ഞു വീണു കൊണ്ടിരുന്നു... വസന്തവും ശിശിരവുമൊക്കെ മാറി മാറി വന്നു. കുറച്ചു കാലം ബോംബെയിൽ കറങ്ങി. പിന്നെ സൗദിയിൽ ജീവിച്ചു. ഒടുവിൽ അമേരിക്കയിലുമെത്തി. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അമേരിക്കൻ ഭദ്രാസന സാരഥിയായി തിരുമേനിയും ഇവിടെ വന്നു. വെസ്റ്റ് സെയ്‌വിൽ പള്ളിയിലെ സൂന്ത്രോണീസോ ശുശ്രൂഷാ സമയത്ത് ആദരണീയനായ റവ. സി.എം. ജോൺസൺ കോർ എപ്പിസ്കോപ്പയ്ക്കൊപ്പം തിരുമേനിയുമായി സംവദിക്കാനവസരം കൈവന്നു. പ്രസ്തുത ആഘോഷത്തോടനുബന്ധിച്ച് ഒരു സുവനീർ പുറത്തിറക്കാൻ നിശ്ചയിച്ചിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ തക്ക സമയത്ത് സുവനീർ പൂർത്തിയാക്കി കിട്ടിയില്ല. അതേ സമയം ഈ ചടങ്ങുമായി ബന്ധപ്പെട്ട് മലയാളം പത്രം ഒരു മൾട്ടികളർ സ്പെഷൽ സപ്ലിമെന്റ് തയ്യാറാക്കി നൽകി. ഇതാണ് സുവനീറായി തിരുമേനി പുറത്തിറക്കിയത്. അദ്ദേഹം അന്ന് പത്രത്തെ ശ്ലാഘിക്കുകയും ചെയ്തത് ഇത്തരുണത്തിൽ സ്മരിക്കുന്നു.

തിരുമേനിക്ക് എഴുപതു വയസു തികഞ്ഞസമയത്ത് അരമനയിൽ വച്ച് ഒരഭിമുഖസംഭാഷണം നടത്തുകയുണ്ടായി. ലളിത പൂർണമായ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയിലൂന്നിയാണ് അദ്ദേഹം വാചാലനായത്. തന്റെ ഇഷ്ടഭക്ഷണം കഞ്ഞിയും പയറുമാണെന്ന് അദ്ദേഹം പറഞ്ഞു. ഈ അഭിമുഖം മലയാളം പത്രത്തിന്റെ യു.എസ്. കോർണറിൽ അച്ചടിച്ചു വന്നതു കണ്ട് ഫോൺ വിളിച്ച് "വളരെ നന്നായിട്ടുണ്ട്" എന്നു പറയുകയും അദ്ദേഹത്തിന്റെ നിർലോഭമായ നന്ദി എന്നെ അറിയിക്കുകയും ചെയ്തു.

നെടുമ്പാശേരി വിമാനത്താവളം സാർഥകമാക്കുന്നതിനായി, അമേരിക്കൻ മലയാളികളുടെ പിന്തുണയോടെ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരന് ഒരു നിവേദനം സമർപ്പിക്കാൻ മലയാളം പത്രം ഒപ്പുശേഖരണ കാമ്പെയ്ൻ നടത്തുന്ന കാലം. പത്രത്തിന്റെ മാനേജിംഗ് എഡിറ്റർ വി. ജെ. മാത്യുവും (കൊച്ചുമോൻ) ഈ ലേഖകനും കൂടി ബർണബാസ് തിരുമേനിയെ അരമനയിൽ ചെന്നു കണ്ടു. ഈ സംഭവിത്തിന് സർവവിധ പിന്തുണയും ആശംസിച്ചു കൊണ്ട് തിരുമേനി ഒപ്പുവച്ച് കാമ്പെയ്നിൽ

പങ്കാളിയായി. ഇത് അതീവ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഭദ്രാസന ഫാമിലി കോൺഫറസുകളിൽ മീഡിയാ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്ന സമയത്തെല്ലാം തിരുമേനിയുടെ അകമഴിഞ്ഞ സഹായ സഹകരണങ്ങൾ എനിക്ക് ലഭിച്ചിരുന്നു. ഒരു ഓപറേഷനെ തുടർന്ന് വിശ്രമിക്കവെ സാന്ത്വനത്തിന്റെ പുനർജനി മന്ത്രവുമായി തിരുമേനി എന്റെ വസതിയിലെത്തി. ഒരനുഗ്രഹമെന്നോണം ഞങ്ങളോടൊപ്പം പലവട്ടം അദ്ദേഹം താമസിച്ചിട്ടുമുണ്ട്. തിരുമേനിയെ പരിപാലിക്കാൻ കിട്ടിയ അവസരങ്ങൾ അവകാശമായി തന്നെ കണ്ട് സന്തോഷിച്ചിരുന്നു. എത്രയോ തവണ തിരുമേനിയെ ബെൽറോസിലെ അരമനയിലേയ്ക്ക് കൊണ്ടുപോവുകയും മടക്കി കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഇത്തരമൊരു യാത്രയിൽ ആത്മകഥയ്ക്ക് ഉചിതമായ ഒരു പേര് കണ്ടെത്താൻ എന്നോടാവശ്യപ്പെടുകയുണ്ടായി. തിരുമേനിക്കിഷ്ടപ്പെട്ട ടൈറ്റിലിനോടൊപ്പം ഞാനും എളിയ അഭിപ്രായം പറഞ്ഞു. 'ദൈവത്തിന്റെ കൃപ' എന്ന പേരിലാണ് ആ ആത്മകഥ പുറത്തിറങ്ങിയത്. ഒരിക്കൽ ന്യൂജേഴ്സിയിൽ നിന്ന് ന്യൂയോർക്കിലേയ്ക്കുള്ള രണ്ടു മണിക്കൂർ യാത്രയ്ക്കിടെ തിരുമേനി ഈ പുസ്തകത്തെക്കുറിച്ച് സംസാരിച്ചു. ഇടയ്ക്കിടെ, അന്ന് ശെമ്മാശനായിരുന്ന ഫാ. ഷിനോജ് തോമസിനോട് ചില ചോദ്യങ്ങളും ചോദിക്കുകയുണ്ടായി. ജോൺസൺ അച്ചൻ (ഇപ്പോൾ ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത) അരമന മാനേജരായിരിക്കെ തിരുമേനിയെ കണ്ട് സംസാരിച്ച് അദ്ദേഹത്തിന്റെ ആശീർവാദങ്ങൾ സ്വന്തമാക്കുന്നത് എന്റെ പതിവായിരുന്നു.

കഴിഞ്ഞവർഷം മെയ്മാസത്തിൽ തന്റെ അമേരിക്കൻ ദൗത്യം പൂർത്തിയാക്കി നാട്ടിലേയ്ക്ക് മടങ്ങും മുമ്പ് ഭാര്യ ഇന്ദിരയ്ക്കും മക്കൾക്കുമൊപ്പം ഞാൻ മട്ടൻ ടൗൺ അരമനയിൽ തിരുമേനിയെ കണ്ടു. പതിവുപോലെ ഞങ്ങൾക്ക് മിഠായി തന്നു. ഞങ്ങൾക്കൊപ്പം നിന്ന് ഫോട്ടോ എടുത്തു. തിരുമേനിയുടെ കൈയൊപ്പ് ചാർത്തിയ ജീസസിന്റെ ചിത്രം അദ്ദേഹം സ്നേഹസമ്മാനമായി നൽകി. ഇതൊരു നിധിയായി ഇന്നും സൂക്ഷിക്കുന്നു. ഇക്കൊല്ലം നാട്ടിൽ പോയപ്പോൾ പാമ്പാടി ദയറയിൽ വിശ്രമിക്കുന്ന തിരുമേനിയെ സന്ദർശിച്ച് കുശലാന്വേഷണങ്ങൾ നടത്തി.

ആത്മീയതയുടെ കരുത്തുണ്ടെങ്കിലും ശാരീരികമായി അദ്ദേഹത്തിന് ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. വൃക്ക സംബന്ധമായി അസുഖത്തിന് ചികിത്സയിലായിരുന്നു അന്ന്. ശെമ്മാശനെ വിളിച്ച് ഞങ്ങൾക്ക് എന്തെങ്കിലും തരാൻ നിർദ്ദേശിച്ചു. ശെമ്മാശൻ കൊണ്ടുവന്ന പഴം തിന്നാൻ ഞങ്ങളെ നിർബന്ധിക്കുകയും ചെയ്തു. അന്ന് വണങ്ങി പിരിഞ്ഞശേഷം

തിരുമേനിയെ കണ്ടിട്ടില്ല. ഇപ്പോൾ കേട്ടത് അന്ത്യനിദ്രയുടെ വാർത്തയും.

സ്നേഹം ധൂർത്തടിച്ച ലാളിത്യത്തിന്റെ അപ്പോസ്തലനായിരുന്നു ഏഴാം വയസിൽ തന്നെ സന്യാസജീവിതം ആഗ്രഹിച്ച ബർണബാസ് തിരുമേനി. അമേരിക്കയിലേയ്ക്കു വരുമ്പോൾ അദ്ദേഹത്തിന്റെ കൈവശം ഒരു സ്യൂട്ട്കേസ് മാത്രമേ ഉണ്ടായിരുന്നുള്ളു. മടങ്ങിപ്പോയപ്പോൾ കൂടുതലായി ഉണ്ടായിരുന്നത് മരുന്നുകളും. പിന്നെ താൻ കൊടുത്ത്, അമേരിക്കൻ മലയാളികളിൽ നിന്ന് വാങ്ങിയ സ്നേഹം നിറച്ച ഹാൻഡ് ബാഗും. കൈമുത്തായി കിട്ടിയതും അല്ലാത്തതുമൊക്കെ ഭദ്രാസനത്തിനു കൊടുത്താണ് അദ്ദേഹം യാത്ര പറഞ്ഞത്.

മാനവികതയുടെ വക്താവായ ബർണബാസ് തിരുമേനിയുടെ സേവനകാലത്ത് വടക്കു കിഴക്ക് അമേരിക്കൻ ഭദ്രാസനവും വിവിധ ഇടവകകളും സാമ്പത്തികവും ആദ്ധ്യാത്മികവുമായ വളർച്ച കൈവരിച്ചു. പല പ്രശ്നങ്ങൾ അദ്ദേഹത്തന്റെ അവസരോചിതമായ ഇടപെടലുകളിലൂടെ പരിഹരിക്കുവാനും സാധിച്ചു. പഴകിയ കുപ്പായം ധരിച്ച് ഏറ്റവും കുറഞ്ഞ ജീവിതചെലവുമായാണ് തിരുമേനി അമേരിക്കയിൽ ഓർത്തഡോക്സ് സഭയ്ക്ക് ബലമുള്ള അടിത്തറ നിർമിച്ചത്. ഭിന്നതകളുടെയും പടലപ്പിണക്കങ്ങളുടേയും മേൽ ആ വിനയമുദ്ര പതിഞ്ഞപ്പോൾ അവയെല്ലാം അപ്രത്യക്ഷമായി എന്നതാണ് അനുഭവ യാഥാർഥ്യം. പുറമെ പരുക്കനായി തോന്നാമെങ്കിലും തിരുമേനിയുമായി അടുത്തുകഴിഞ്ഞാൽ അദ്ദേഹം ലോലഹൃദയനാണെന്ന് വേഗത്തിൽ മനസിലാക്കാം. പക്ഷേ തന്റെ തീക്ഷ്ണമായ വിശ്വാസ ജീവിതത്തെ സാക്ഷ്യപ്പെടുത്തി അപ്രിയ സത്യങ്ങൾ വെട്ടിത്തുറന്നു പറയാനും അദ്ദേഹം മടി കാട്ടിയിട്ടില്ല.

MalankaraOrthodox.TV

അമേരിക്കൻ ജീവിതം തീർത്തും തൃപ്തികരമായിരുന്നുവെന്നു പറഞ്ഞുകൊണ്ടാണ് തിരുമേനി നാട്ടിലേയ്ക്ക് മടങ്ങിയത്. ആരോഗ്യം അനുവദിച്ചാൽ നിങ്ങളെയൊക്കെ കാണാൻ വീണ്ടും വരുമെന്നും പറഞ്ഞു. പക്ഷേ കാലം ഒന്നിനും കാത്തു നിൽക്കില്ലല്ലോ..

ഓർത്തഡോക്സ് ടി.വി.യിൽ പാമ്പാടി പൊത്തൻപുറം ദയറയിൽ നിന്നുള്ള തത്സമയദൃശ്യങ്ങൾ 'His Grace Mathews Mar Barnabas Metropolitan Entered Into Eternal Rest'എന്ന ക്യാപ്ഷനോടു കൂടി.... തിരുവസ്ത്രങ്ങളണിഞ്ഞ് അംശവടിയേന്തി സിംഹാസനത്തിലിരിക്കുന്ന തിരുമേനിയുടെ ചേതനയറ്റ ശരീരം... ജീവിച്ചിരിക്കുമ്പോൾ അനേകർക്ക് വിശ്വാസ ചൈതന്യമേകി എല്ലാ ക്രൈസ്തവരുടേയും ആചാര്യ സ്ഥാനം സ്വന്തമാക്കിയ ഇടയൻ... ചാനലിൽ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തയെയും വിശ്വാസഗണങ്ങളേയും കാണാം. ഏവരും തങ്ങളുട പ്രിയ തിരുമേനിക്ക് ബാഷ്പാഞ്ജലി അർപ്പിക്കുകയാണ്.

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ സഖറിയാ മാർ നിക്കോളോവോസ് തിരുമേനിയും മറ്റ് സഭാനേതാക്കളും സംസ്കാര ചടങ്ങിന് നാട്ടിലെത്തും. വെങ്ങോല സെന്റ് തോമസ് ചെറിയ പള്ളിയിലായിരിക്കും തിരുമേനി അന്ത്യവിശ്രമം കൊള്ളുക. വന്ദ്യപിതാവേ... വിട... എങ്കിലും അങ്ങ് ഒരു സുവർണതാരകമായി വാനിലുദിച്ച് ഞങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കുമെന്നുറപ്പ്...

(നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മീഡിയ കറസ്പോണ്ടന്റ്)

Malankaraorthodox TV



'കുരിശിന്റെ വഴിയിലെ പുതിയ ഇതിഹാസം' എന്ന ഡോക്യുമെന്ററി ബർണബാസ് തിരുമേനി കാണുന്നു.

27

ലാളിത്യവും വിശുദ്ധിയും

ഡോ. പി. വി. കോശി പൂപ്പള്ളിൽ

മാത്യൂസ് മാർ ബർണബാസ് തിരുമേനിയെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് 1946-ൽ മദ്രാസ് ക്രിസ്ത്യൻ കോളജിൽ വച്ചാണ്. അന്ന് അദ്ദേഹം മാത്തുക്കുട്ടി ശെമ്മാശ്ശനായിരുന്നു. ഞങ്ങൾ രണ്ടുപേരും അവിടെ ബി.എസ്.സി. ക്കു പഠിക്കുകയായിരുന്നു. അദ്ദേഹം എന്നേക്കാൾ ഒരു വർഷം സീനിയർ ആയിരുന്നു. ഞങ്ങൾ ഒരേ ഹോസ്റ്റലിൽ ആയിരുന്നു താമസം. ഞങ്ങൾ ഒരുമിച്ച് മദ്രാസിലെ ബ്രോഡ്‌വേയിലെ ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ കുർബ്ബാനയ്ക്ക് പോയിരുന്നു.

ഒരു ദിവസം ഞങ്ങൾ രണ്ടുപേരും കൂടെ നടന്നു പോകുമ്പോൾ അവിടെയുള്ള മലയാളിയായ ഒരു വിദ്യാർത്ഥി പുറകിൽകൂടി വന്ന് ശെമ്മാശ്ശന്റെ തലയിൽനിന്ന് തൊപ്പി എടുത്തുകൊണ്ടു പോയിട്ട് കുറെ കഴിഞ്ഞ് പുറകിൽ കൂടി തന്നെ അദ്ദേഹത്തിന്റെ തലയിൽ വച്ചിട്ടു പോയി (ഒരു തമാശയായി ചെയ്തതായിരുന്നു). എന്നാൽ ഈ സംഭവത്തിൽ ശെമ്മാശൻ ഒരു പ്രതികരണവും കാണിക്കാതെ ശാന്തനായി മുമ്പോട്ടു നടക്കുകയായിരുന്നു. എന്നാൽ കൂടെ ഉണ്ടായിരുന്ന എനിക്ക് ഈ ചെയ്ത ആളിനോട് ഒരു അമർഷം ആണ് തോന്നിയത്. വൈദികരെ ബഹുമാനിക്കുന്നതാണല്ലോ നമ്മുടെ പാരമ്പര്യം.

ശെമ്മാശന്റെ ശാന്തസ്വഭാവത്തിന്റെ ആദ്യ ദൃഷ്ടാന്തമായിരുന്നു അത്. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്നും തിരിച്ചെത്തിയശേഷം അദ്ദേഹത്തെ മാത്യൂസ് അച്ചനായിട്ടാണ് ഞാൻ കാണുന്നത്. പുത്തൻകാവു പള്ളിയിൽ ഒരു കല്യാണത്തിനു സംബന്ധിക്കാൻ വന്നപ്പോഴായിരുന്നു അത്.

മെത്രാച്ചനായശേഷം അദ്ദേഹം ഞങ്ങളുടെ ചെങ്ങന്നൂർ - ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഒരു പെരുന്നാളിനു സംബന്ധിക്കുവാൻ വന്നപ്പോഴാണ് പിന്നീടു കാണുന്നത്. പെരുന്നാൾ കഴിഞ്ഞ് എന്റെ ഭവനത്തിൽ വന്നു പ്രാർത്ഥിക്കുകയും, പിന്നീട് എന്റെ ഉടമസ്ഥതയിൽ ചെങ്ങന്നൂരിലുള്ള പൂപ്പള്ളി ആശുപത്രിയിൽ വരികയും രോഗികളെ സന്ദർശിക്കുകയും തലയിൽ കൈ വച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അദ്ദേഹം ഒരു കാവികുപ്പായവും തടികൊണ്ടുള്ള വടിയും സ്ലീബായും ഉപയോഗിച്ചിരുന്നതായി ഞാൻ ഓർക്കുന്നു. അദ്ദേഹത്തിന്റെ

Malankaraorthodox.TV

ആർഭാടരഹിതമായ ലളിതജീവിതത്തിന്റെ തെളിവായിരുന്നു അത്. അച്ചനായിരിക്കുമ്പോൾ എല്ലായിടത്തും സൈക്കിളിലായിരുന്നു യാത്ര.

തിരുമേനിയുടെ കുടുംബവുമായി എനിക്കും ഒരു ബന്ധമുണ്ട്. അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരൻ പൗലോച്ചൻ എന്റെ പിതൃസഹോദരൻ പൂപ്പള്ളി കുട്ടിയച്ചന്റെ മകൾ ശോശാമ്മയെയാണ് വിവാഹം ചെയ്തിരുന്നത്.

ബർണബാസ് തിരുമേനി അമേരിക്കയിൽ പോകുന്നതിനു മുമ്പ് പഴയസെമിനാരിയിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ 50-ാം ചരമദിനാഘോഷത്തിലാണ് ഞാൻ അവസാനമായി കണ്ടത്. പിന്നീട് അദ്ദേഹം അമേരിക്കയിൽ നിന്നും റിട്ടയർ ചെയ്തു വന്നതിനുശേഷം തിരുവല്ലയിലെ പുഷ്പഗിരി ആശുപത്രിയിൽ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്തപ്പോഴാണ് അവിടെയുള്ള കാർഡിയോളജിസ്റ്റ് ആയ എന്റെ മകൻ ഡോ. ജോർജ് കോശിയിൽ നിന്നും വിവരം അറിഞ്ഞത്.

അതു മുതൽ ഞാൻ അദ്ദേഹത്തെ പുഷ്പഗിരിയിൽ അഡ്മിറ്റ് ചെയ്യുമ്പോഴെല്ലാം പോയി സന്ദർശിക്കുകയും കുറച്ചുസമയം അവിടെ ചിലവഴിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തെ വളരെ ആത്മാർത്ഥതയോടും, ത്യാഗത്തോടും ശുശ്രൂഷിച്ച ശ്രീ. കുറിയാക്കോസിനെയും, ശ്രീ. ഫീലിപ്പോസിനെയും ഞാൻ അഭിനന്ദിക്കുന്നു. തിരുമേനിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമ്പോഴെല്ലാം അവർ എന്നെ വിവരം അറിയിച്ചിരുന്നു. അവരെ അതിനു നിയോഗിച്ച അഭിവന്ദ്യ ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനിയെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു, ബഹുമാനിക്കുന്നു.

ഒരു ദിവസം ഞാൻ പുഷ്പഗിരി ആശുപത്രിയിൽ ചെന്നപ്പോൾ ബർണബാസ് തിരുമേനിയുടെ ക്ഷീണിത അവസ്ഥ കണ്ടപ്പോൾ അദ്ദേഹത്തിനു തൈലാഭിഷേകം നടത്തുന്നതിനു ഞാൻ ഈവാനിയോസ് തിരുമേനിയെ ഓർമ്മിപ്പിക്കുകയും അദ്ദേഹം പിറ്റേദിവസം തന്നെ നിരണം ഭദ്രാസനത്തിന്റെ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനിയേയും ബോംബെ ഭദ്രാസനത്തിന്റെ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയേയും അനവധി വൈദികരെയും ബർണബാസ് തിരുമേനിയുടെ ബന്ധുക്കളേയും കൂട്ടി തൈലാഭിഷേക ശുശ്രൂഷ പുഷ്പഗിരി ആശുപത്രിയിൽ വച്ചുതന്നെ നടത്തുകയും ചെയ്തു. അതിന്റെ ശേഷം ബർണബാസ് തിരുമേനിക്ക് വളരെയധികം രോഗശാന്തി ഉണ്ടായതായി കണ്ടു. എപ്പോഴും പുഷ്പഗിരിയിൽ നിന്നു മടങ്ങുമ്പോൾ ഓതറയിലെ അനാഥാലയം സന്ദർശിച്ചിരുന്നു.

അതിനുശേഷം ഒരിക്കൽ ഞങ്ങളുടെ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വന്ന് എട്ടുനോമ്പു ദിവസം സംബന്ധിക്കു

MalankaraOrthodox.TV

കയും എന്റെ ഭവനത്തിൽ വരികയും കുറെസമയം വിശ്രമിക്കുകയും ചെയ്തശേഷം പുത്തൻകാവ് സെന്റ് മേരീസ് പള്ളിയിൽ പീലക്സിനോസ് തിരുമേനിയുടെ കബറിങ്കൽ പ്രാർത്ഥിക്കുകയും, അതിന്റെശേഷം ചെങ്ങന്നൂരിൽ ബഥേൽ അരമനയിൽ തോമസ് മാർ അത്താനാസിയോസ് തിരുമേനിയെ സന്ദർശിക്കുകയും തുടർന്ന് പരുമല സെമിനാരി പള്ളിയിലേക്കും അവിടെനിന്നും പാമ്പാടി ദയറായിലേക്കും പോകുകയും ചെയ്തു. പുത്തൻകാവിലും, ചെങ്ങന്നൂരിലും നിരവധി വൈദികരുടെ സാന്നിദ്ധ്യത്തിൽ ഒരു വലിയ വരവേല്പാണ് അദ്ദേഹത്തിനു ലഭിച്ചത്. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ പ്രത്യേക താല്പര്യ പ്രകാരമായിരുന്നു അത്. ഞാനും അതിൽ സംബന്ധിച്ചിരുന്നു.

മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ പുഷ്പഗിരി ആശുപത്രിയിലെ അവസാന ദിവസം ഡോ. ജോർജ് കോശി ആയിരുന്നു അദ്ദേഹത്തെ ചികിത്സിച്ചതും; ഉറക്കത്തിലുണ്ടായ മരണം സ്ഥിരീകരിച്ചതും.

അങ്ങനെ സമാധാന മനുഷ്യർക്കുള്ള നല്ല അവസാനത്തിന് അദ്ദേഹം യോഗ്യനായി. ഒരു ദിവസം ഞാൻ പുഷ്പഗിരി ആശുപത്രിയിൽ തിരുമേനിയുടെ മുറിയിൽ ഇരിക്കുമ്പോൾ അനേക വർഷം അമേരിക്കൻ ഭദ്രാസനത്തിൽ ജോലിയിലിരുന്ന ഒരു ബഹു. വൈദികൻ, ബർണബാസ് തിരുമേനിയെ സന്ദർശിച്ചശേഷം, "ഇദ്ദേഹം ഒരു Living Saint ആണെ"ന്ന് എന്നോടു പറഞ്ഞതായി ഞാൻ ഓർക്കുന്നു.

അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ ആത്മാവിനു നിത്യശാന്തി നേരുകയും, അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നമുക്കു കോട്ടയായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Malankaraorthodox TV

28

ബർണബാസ് തിരുമേനിയും മലങ്കര മെഡിക്കൽ മിഷനും

ഡോ. സി. കെ. ഈപ്പൻ & പി. സി. പൗലൂസ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് അഭിമാനമായി ആതുരശുശ്രൂഷാ രംഗത്ത് നിസ്തുലമായ സേവനം കാഴ്ചവെയ്ക്കുന്ന എം.ഒ.എസ്.സി. മെഡിക്കൽ കോളജ് ആശുപത്രിയുടെ പ്രഥമ ചാപ്ലെയിനായി ആരംഭം മുതൽ ദീർഘകാലം സേവനം അനുഷ്ഠിച്ച ആദരണീയനായ ആത്മീയ ഗുരുവാണ് മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ.

1970 സെപ്തംബർ 14-ന് പ. മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് കോലഞ്ചേരിയിൽ മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയുടെ കൂദാശാകർമ്മം നിർവഹിച്ചപ്പോൾ സഹകാർമ്മികനായി പങ്കെടുത്തുകൊണ്ട് ഈ ആശുപത്രിയുടെ സേവനപാതയിൽ പദമുറപ്പിച്ച ശ്രേഷ്ഠ വൈദികനായിരുന്നു ബ. കെ. കെ. മാത്യൂസച്ചൻ. 1977-ൽ റമ്പാനായതിനു ശേഷവും അദ്ദേഹം ഇവിടെ ചാപ്ലെയിനായി തുടർന്നു. 1977-ൽ മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്യപ്പെട്ട തിരുമേനി മെഡിക്കൽ മിഷന്റെ വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നു.

രോഗാർത്തന്മാരുടെയും ദീനന്മാരുടെയും ആത്മശരീര മനസ്സുകൾക്ക് ആശ്വാസം പകരുക എന്ന ക്രിസ്തീയ ദൗത്യം ഉൾക്കൊണ്ടുകൊണ്ട് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചാപ്ലെയിനായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഭാഗ്യവശാൽ ബ. അച്ചൻ കോലഞ്ചേരി ആശുപത്രിയിൽ ചാപ്ലെയിൻ ആയി ചുമതല ഏറ്റെടുക്കുന്നത്. ആശുപത്രിയിലെ ഇപ്പോഴത്തെ ചാപ്പൽ നിർമ്മിക്കുന്നതിനു മുമ്പുതന്നെ ആശുപത്രിയുടെ മുൻവശത്തുണ്ടായിരുന്ന വരാന്തയിൽ താൽക്കാലിക ചാപ്പലിലാണ് വി. കുർബ്ബാനയും മറ്റ് ശുശ്രൂഷകളും ആരംഭിച്ചത്. രാപകലില്ലാതെ ആശുപത്രി വാർഡുകളിൽ കിടയ്ക്കക്കരികിൽ രോഗിയുടെ സമീപം നിന്ന് രോഗശമനത്തിനുവേണ്ടി പ്രാർത്ഥിച്ച് ആശ്വാസവചനങ്ങൾ നൽകിയിരുന്ന അച്ചനെ 'സമാശ്വസിപ്പിക്കുന്ന മാലാഖ' യായിട്ടാണ് രോഗികൾ വീക്ഷിച്ചിരുന്നത്. ചാപ്ലെയിനെ കാണാൻ വരുന്നവർക്ക് അധികം അന്വേഷിച്ച് അലയേണ്ടി വരാറില്ല. കാരണം, ആശുപത്രിയിലെ ഏതെങ്കിലും ഒരു വാർഡിൽ അച്ചന്റെ സാന്നിധ്യം ഉറപ്പായി

രുന്നു. വാർഡുകളിൽ മാത്രമല്ല, വഴിവക്കിൽ പോലും തന്നെ സമീപിക്കുന്ന രോഗികളുടെ തലയിൽ കൈ വച്ച് പ്രാർത്ഥിക്കുന്നത് ഒരു സാധാരണ കാഴ്ചയായിരുന്നു. ഭദ്രാസന മെത്രാപ്പോലീത്തായായി അമേരിക്കയിൽ ആയിരുന്നപ്പോഴും നാട്ടിൽ വരുന്ന സന്ദർഭങ്ങളിലെല്ലാം ആദ്യമായി സന്ദർശനത്തിന് എത്തുന്നത് മെഡിക്കൽ മിഷൻ ആശുപത്രിയിലായിരിക്കും. ആശുപത്രിയിൽ എത്തിയാൽ ഉടൻ പോകുന്നത് രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിനായി വാർഡുകളിലേക്കായിരുന്നു. വീണ്ടും ആശുപത്രിയിലെ ജീവനക്കാരെ കണ്ട് ക്ഷേമാന്വേഷണങ്ങൾ നടത്തും. ആശുപത്രിയുടെ കാന്റീനിൽ പോയി സ്റ്റാഫംഗങ്ങളോടും മറ്റുള്ളവരോടും കൂടെയിരുന്ന് ഭക്ഷണം കഴിക്കണമെന്നും തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു. ഭക്ഷണകാര്യങ്ങളിൽ കൃത്യനിഷ്ഠ പാലിക്കുന്ന തിരുമേനിക്ക് ലളിത ഭോജനമായിരുന്നു പതിവും സംതൃപ്തിയും.

അഭിവന്ദ്യ തിരുമേനിയുടെ പ്രസംഗവും പ്രവൃത്തിയും തമ്മിൽ അന്തരമുണ്ടായിരുന്നില്ല; പരസ്പരപൂരകങ്ങളായിരുന്നു. എളിമയും ജീവിതലാളിത്യവും തിരുമേനിയെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കി. കൃത്യനിഷ്ഠ തിരുമേനിയുടെ മുഖമുദ്രയായിരുന്നു. തെറ്റിനെ യാതൊരുവിധ നീക്കുപോക്കുകളിലൂടെയോ, ഉപാധികളോടെയോ അംഗീകരിച്ചിരുന്നില്ല. തെറ്റു ചെയ്യുന്നവരോട് തൽക്ഷണം കോപിക്കുമായിരുന്നു; എങ്കിലും കോപം ക്ഷണികമായിരുന്നു. വൈരാഗ്യം ഒളിപ്പിക്കാൻ തന്റെ ഹൃദയത്തിൽ ഒരിടം ഉണ്ടായിരുന്നില്ല. ജീവിതം തന്നെ ഒരു തുറന്ന പുസ്തകം. ഉചിതമായ കാര്യങ്ങൾക്ക് മറ്റുള്ളവരെ അനുമോദിക്കുകയും പ്രശംസിക്കുകയും ചെയ്തിരുന്നുവെങ്കിലും തന്നെ പ്രശംസിക്കുകയോ പ്രകീർത്തിക്കുകയോ ചെയ്യുന്നത് തീർത്തും തിരുമേനിക്ക് അനിഷ്ടമായിരുന്നു.

സാമ്പത്തികകാര്യങ്ങളിൽ തിരുമേനി അതീവ സൂക്ഷ്മതയും സുതാര്യതയും പുലർത്തിയിരുന്നു. രശീതു നൽകാതെ യാതൊരു സംഭാവനയോ, പിരിവോ കൈപ്പറ്റിയിരുന്നില്ല. രശീതു നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ പണം ഭണ്ഡാരത്തിൽ നിക്ഷേപിക്കാനായിരുന്നു നിർദ്ദേശം. കണക്കിൽപെടാത്ത വരവും കണക്കില്ലാത്ത ചെലവും ഒരുവനെ ദൈവസന്നിധിയിലും അവിശ്വസ്തനായി കണക്കാക്കുമത്രേ!

രോഗങ്ങളേയും വേദനകളേയും സംബന്ധിച്ച് തിരുമേനിയുടെ വിലയിരുത്തൽ വളരെ ശ്രദ്ധേയമാണ്. പ്രമേഹരോഗം തിരുമേനിയെ ശാരീരികമായി ദുർബലപ്പെടുത്തിയെങ്കിലും മനസ്സ് സദാ പ്രസന്നമായിരുന്നു. അസുഖത്തെപ്പറ്റി ചോദിച്ചപ്പോൾ ഒരിക്കൽ തിരുമേനി പ്രതിവചിച്ചു: “എല്ലാ അനുഗ്രഹങ്ങളും ദൈവം സൗജന്യമായി നൽകി; കൂടെ ദാനമായി ഒരു രോഗവും.” ശേഷം വാക്കുകളെല്ലാം ഒരു നിറഞ്ഞ ചിരിയിൽ ഒതുക്കി. രോഗക്കിടക്കയിൽ വേദന കടിച്ചമർത്തി കിടന്ന ഒരു രോഗിക്ക്

MalankaraOrthodox.TV

തിരുമേനി നൽകിയ ആശ്വാസവചനം ഇതായിരുന്നു: “ക്രൂശിൽ കിടന്നുകൊണ്ട് നമ്മുടെ കർത്താവ് അനുഭവിച്ച അത്രയും വേദനയില്ലല്ലോ; അതുകൊണ്ട് ക്രൂശിൽ കിടക്കുന്ന കർത്താവിനെ ധ്യാനിക്കുക, വേദനയ്ക്ക് ശമനം കിട്ടും.”

മനുഷ്യസമൂഹത്തെ നാശത്തിലേക്ക് നയിക്കുന്ന വലിയ ഒരു ശത്രുവാണ് ‘സ്വാർത്ഥത’ എന്ന് തിരുമേനി സൂചിപ്പിക്കാറുണ്ട്. സ്വന്തം കാര്യസാധ്യതയ്ക്കായി മറ്റുള്ളവരെ കൂടുതൽ ആശ്രയിക്കുകയോ, പരാതികളും പരിഭവങ്ങളും പറയുകയോ ചെയ്തിരുന്നില്ല എന്നുള്ളത് അദ്ദേഹത്തിന്റെ ആദർശങ്ങൾക്ക് പകിട്ടേകുന്നു. മറ്റുള്ളവരുടെ പ്രവൃത്തികളെ കുറ്റപ്പെടുത്തി ആരെങ്കിലും തന്നോട് സംസാരിച്ചാൽ, അവരുടെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ നിങ്ങൾ എന്തു ചെയ്യുമായിരുന്നു എന്നു കൂടി ചിന്തിക്കണമെന്ന് തിരുമേനി പറയുമായിരുന്നു.

ആശുപത്രിയിൽ ദയറാ സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് കിഴക്കമ്പലം ബേത്‌ലഹേം കോൺവെന്റിന്റെ ഒരു ശാഖ അഭി. തിരുമേനി ചാപ്ലെയിനായിരുന്നപ്പോൾ ഇവിടെ സ്ഥാപിക്കുകയുണ്ടായി. അഭി. തിരുമേനിയുടെ സഹോദരിയും കിഴക്കമ്പലം ദയറായുടെ മദർ സുപ്പീരിയറുമായിരുന്ന പരേതയായ സിസ്റ്റർ മേരിയുടെ മേൽനോട്ടത്തിൽ ഒരു സംഘം കന്യാസ്ത്രീകൾ ഇവിടെ താമസിച്ച് രോഗീപരിചരണം നടത്തിയിരുന്നതും സ്മരണീയമാണ്.

ഒരിക്കൽ അന്ധന്മാരുടെ ഒരു സമ്മേളനത്തിൽ തിരുമേനി അവർക്ക് നൽകിയ ആശ്വാസദൂത് ഇപ്രകാരമായിരുന്നു: “ഈ ലോകത്തിൽ മാത്രമേ നിങ്ങൾ അന്ധരായിട്ടുള്ളു. പരലോകത്തിൽ നിങ്ങൾ പൂർണ്ണ കാഴ്ചശക്തിയുള്ളവരായിരിക്കും.” ഐഹിക ജീവിതത്തിന്റെ നശ്വരതയും പാരത്രിക ജീവിതത്തോടുള്ള പ്രത്യാശയും അതിന്റെ നിത്യതയും സംബന്ധിച്ച് തിരുമേനി അവരെ പഠിപ്പിക്കുകയായിരുന്നു.

‘കെ. കെ. മാത്യൂസച്ചൻ’ എന്ന പേരിൽ ആശുപത്രി ചാപ്ലെയിനായി സദാ കർമ്മോന്മുഖനായിരുന്ന വന്ദ്യ യോഗിവര്യന്റെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വയംപരിത്യാഗത്തിന്റെയും ജീവിത മാഹാത്മ്യത്തിന്റേയും ശ്രേഷ്ഠത വിളിച്ചോതുന്ന പല സംഭവങ്ങളും ഓർമ്മയിൽ വരുന്നുണ്ട്. ഉല്ലാസത്തിനുവേണ്ടി യാത്ര ചെയ്യാറില്ല, ആരോഗ്യത്തിനുവേണ്ടി നടക്കാറില്ല, വിശ്രമിക്കാൻ വേണ്ടി ഇരിക്കാറില്ല, ആലസ്യംപൂണ്ട് ഉറങ്ങാറില്ല, ചിരിക്കാൻവേണ്ടി സംസാരിക്കാറില്ല, ആസ്വാദനത്തിനുവേണ്ടി ഭക്ഷിക്കാറില്ല, സുഖസൗകര്യങ്ങളെ കാംക്ഷിച്ചിട്ടില്ല. അങ്ങനെ എത്രയോ വിശിഷ്ടതകൾ. കിടക്കയും വിരിയും ഇല്ലാത്ത മരക്കട്ടിൽ ചുരുട്ടിവച്ചിരിക്കുന്ന തഴപായ്, തന്നെത്താൻ ശുചി

Malankaraorthodox TV

യാക്കി സൂക്ഷിക്കുന്ന കക്കൂസും കുളിമുറിയും സ്വയം കഴുകി ഉപയോഗിക്കുന്ന വിലകുറഞ്ഞ തുണികൊണ്ട് തുന്നിയ കുപ്പായങ്ങൾ, ഒരു ജോഡി പാദരക്ഷകൾ - ബ. മാത്യൂസ് അച്ചൻ താമസിക്കുന്ന ക്വാർട്ടേഴ്സിന്റെ അവലോകനമാണിത്.

പോസ്റ്റോഫീസിൽ പോകാനും മറ്റ് ചുറ്റുപാടുമുള്ള അത്യാവശ്യ യാത്രകൾക്കും ഉപയോഗിച്ചിരുന്നത് ആശുപത്രി വക സൈക്കിൾ, അകലെയുള്ള യാത്ര ബസ്സിൽ മാത്രം. അന്ന് ഒരു ബൈബിൾ വാങ്ങണമെങ്കിൽ കോട്ടയത്തിനു പോകണമെന്നിരിക്കെ, കോലഞ്ചേരിയിൽ, ആശുപത്രിയിൽ തന്നെ 'ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ'യുടെ ഒരു ബ്രാഞ്ച് സ്ഥാപിക്കുകയും സമീപപ്രദേശങ്ങളിലുള്ള കോളജുകളിലും സ്കൂളുകളിലും വി. വേദപുസ്തകവും അനുബന്ധ ലഘുലേഖകളും ഓരോ വർഷവും വിതരണം നടത്തുകയും ചെയ്തു. എല്ലായ്പോഴും വി. ബൈബിളും പ്രാർത്ഥനാപുസ്തകങ്ങളും ഇവിടെനിന്ന് ലഭ്യമാക്കുകയും ചെയ്തു.

രോഗികൾക്ക് ദൈവാശ്രയബോധവും ജീവനക്കാർക്ക് തമ്മിൽ തമ്മിൽ സഹകരണവും സേവന ഔത്സുക്യവും കൈവരിക്കാനുതകുന്നവിധം ചാപ്പലിൽ ദിവസേന പ്രാർത്ഥനകളും ആഴ്ചതോറും വി. കുർബ്ബാനയും ധ്യാനപ്രസംഗവും ആശുപത്രി ഡിപ്പാർട്ടുമെന്റുകൾ തിരിച്ചും സ്കൂളിലും, ഹോസ്റ്റലിലും, ക്വാർട്ടേഴ്സിലും ക്രമമായി ബൈബിൾ ക്ലാസ്സുകളും നടത്തിയിരുന്നു.

ആളില്ലാത്ത മുറികളിൽ തെളിഞ്ഞുകിടക്കുന്ന വൈദ്യുതി ബൾബും കറങ്ങുന്ന ഫാനും നിറുത്തിയിട്ട് ബന്ധപ്പെട്ട ആളുകളെ കണ്ടുപിടിച്ച് നിർദ്ദേശം നൽകാനും ശ്രദ്ധിച്ചിരുന്നു. ആശുപത്രി കാന്റീനിൽ ഭക്ഷണപദാർത്ഥങ്ങൾ സ്വയം വിളമ്പിയെടുത്ത് ബാക്കിയാക്കി ചവറ്റുകൊട്ടയിൽ തള്ളുന്നവരെ കണ്ടുപിടിച്ച് ശകാരിക്കുകയും ദരിദ്രരാജ്യമായ നമ്മുടെ ഇന്ത്യയിലെ പട്ടിണിപാവങ്ങളെ ഉദ്ധരിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തിരുന്നു. കൈ കഴുകുമ്പോൾ ഭക്ഷണാവശിഷ്ടങ്ങൾ വീണ് അടഞ്ഞ് നീരൊഴുക്ക് നിന്നുകിടക്കുന്ന വാഷ്ബേസിനുകളുടെ ചുറ്റും കൈ കഴുകാനാവാതെ, പരാതി പറഞ്ഞ് കൂടിനിൽക്കുന്നവരുടെ മുന്നിലെത്തി സ്വന്തം കൈ കൊണ്ട് അഴുക്കുകൾ എടുത്തുമാറ്റി കഴുകിവൃത്തിയാക്കിയിട്ട് നിസ്സംഗതയോടെ കൈ കഴുകി കുടഞ്ഞുകൊണ്ട് പോകുന്ന കാഴ്ച അത്ര വിരളമായിരുന്നില്ല.

വിവാഹങ്ങൾക്കും മറ്റ് ആഘോഷപരിപാടികൾക്കും ബ. മാത്യൂസ് അച്ചനെ ക്ഷണിച്ചിരുന്നുവെങ്കിലും സാധാരണയായി അതിലൊന്നും പങ്കെടുക്കാറില്ല. എന്നാൽ വിവാഹിതരാകുന്ന വധൂവരന്മാർക്ക് മംഗളാശംസ

നേത്രചികിത്സാക്യാമ്പിന്റെ ഉദ്ഘാടനചടങ്ങിൽ ചാക്കോപ്പിള്ള പ്രസംഗിക്കുന്നു. ഫാ. കെ. കെ. മാത്യൂസ് വലത്തേ അറ്റത്ത് നിൽക്കുന്നു.

കോലഞ്ചേരി ആശുപത്രിയിലെ അന്ധവനിതകൾക്കായുള്ള പുനരധിവാസകേന്ദ്രം കെ. കെ. മാത്യൂസ് റമ്പാച്ചൻ സന്ദർശിച്ച് അവരുടെ കരകൗശല വിഭവങ്ങൾ (പ്ലാസ്റ്റിക് കൊട്ടകൾ, പുൽപായ് മുതലായ) വളരെ കൗതുകത്തോടെ വീക്ഷിക്കുന്നു.

കൾ എഴുതി കയ്യിൽ കൊടുക്കുകയോ അയച്ചുകൊടുക്കുകയോ ചെയ്യാൻ മറക്കാറില്ല.

ആരാധനയുടെ കാര്യത്തിലും അച്ചന് സ്വന്തമായ മാനദണ്ഡങ്ങൾ ഉണ്ടായിരുന്നു. സംഗീതോപകരണങ്ങളുടെ അതിപ്രസരം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. സംഗീതോപകരണങ്ങൾ എത്ര മധുരതരമായി മീട്ടിയെന്നാലും നമ്മുടെ നാവുകൊണ്ടുള്ള സ്തുതിപ്പുകളെയത്രേ ദൈവം കൈക്കൊള്ളുന്നത് എന്ന് ആവർത്തിച്ചു പറയുമായിരുന്നു.

രോഗികൾക്ക് വായിച്ച് ആശ്വസിക്കുന്നതിനും വേദപഠനത്തിനും ഉതകുന്നതും അഭിവന്ദ്യ തിരുമേനി രചിച്ചിട്ടുള്ളതുമായ പല ഗ്രന്ഥങ്ങളും പ്രാർത്ഥനകളും വേദപഠന സഹായികളും സമയാസമയങ്ങളിൽ ആശുപത്രിയിൽ നിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സുവിശേഷകൻ, ഗ്രന്ഥകാരൻ, അദ്ധ്യാപകൻ, ഉപന്യാസകർത്താവ്, കൗൺസിലർ, വേദപുസ്തക വ്യാഖ്യാതാവ്, ധ്യാനഗുരു എല്ലാറ്റിനും ഉപരി രോഗികളുടെ മിത്രവുമായിരുന്നു വന്ദ്യ പിതാവ്.

അഭിവന്ദ്യ തിരുമേനി മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പ് ഇവിടെയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ നട്ടെല്ലിന് ഗുരുതരമായ ഒരു രോഗം ബാധിച്ചു. വെല്ലൂരാശുപത്രിയിൽ ഉടനെതന്നെ ഒരു മേജർ ശസ്ത്രക്രിയക്ക് വിധേയനാകണമെന്നും ശരീരത്തിന്റെ ചലനശേഷിയെ പ്രതികൂലമായി ബാധിക്കുമോ എന്ന് സന്ദേഹിക്കുന്നതായും ഡോക്ടർമാർ വിലയിരുത്തി. എട്ട് മണിക്കൂർ നീണ്ട ശസ്ത്രക്രിയക്കും വിശ്രമത്തിനും ശേഷം പൂർണ്ണ ആരോഗ്യം വീണ്ടെടുത്തപ്പോൾ നിറകണ്ണുകളോടെ, ആത്മപ്രശോഭയോടെ, ദൈവത്തെ സ്തുതിച്ച് പറഞ്ഞു: "ദൈവം എനിക്ക് പൂർണ്ണ സൗഖ്യം പ്രദാനം ചെയ്തു, ദൈവവേല എനിക്ക് ഇനിയും ചെയ്തു തീർക്കാനുണ്ട്."

തുടർന്ന് മെത്രാപ്പോലീത്താ പദവിയിലേക്ക് സ്ഥാനാരോഹണം ചെയ്യപ്പെട്ടു. ഭദ്രാസന മെത്രാപ്പോലീത്തായായും ഇതര ആത്മീയ സംഘടനകളുടെ ചുക്കാൻ പിടിച്ചും സഭയെ നയിച്ച് സീനിയർ മെത്രാപ്പോലീത്തായായി 88-ാമത്തെ വയസ്സിൽ ദൈവം തന്റെ സന്നിധിയിലേക്ക് വിളിച്ചു ചേർക്കുകയും നിത്യതയിലേക്ക് പ്രവേശിക്കുകയും ചെയ്തു. നല്ല പോർ പൊരുതി, ഓട്ടം തികച്ചു വിശ്വാസം കാത്ത തിരുമേനി വിശുദ്ധനാണ്. ആ വിശുദ്ധന്റെ പ്രാർത്ഥന നമുക്ക് അനുഗ്രഹവും കോട്ടയുമായിത്തീരണമേയെന്ന് പ്രാർത്ഥിക്കുന്നു.

MalankaraOrthodox.TV

29

പ്രബോധനപുത്രൻ

ഡോ. നയോമി ജെ. വെട്ടത്ത്

കോലഞ്ചേരിയിൽ മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയിൽ നേത്ര വിഭാഗത്തിൽ ഡോക്ടറായി പ്രവർത്തിച്ചുകൊണ്ടിരുന്ന കാലം. ബഹുമാനപ്പെട്ട തിരുമേനി 7 വർഷം ഞങ്ങളുടെ ചാപ്ലെയിനായിരുന്നു!

ഏറെ താമസിയാതെ നേത്രവിഭാഗത്തിന്റെ കീഴിൽ അന്ധവനിതകൾക്കായുള്ള പുനരധിവാസകേന്ദ്രം ആരംഭിച്ചു. അഭിവന്ദ്യ തിരുമേനി പലപ്പോഴും ഇത് സന്ദർശിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ തന്നു വളരെ അധികം സ്നേഹവും പ്രോത്സാഹനവും ഞങ്ങൾക്ക് നൽകുമായിരുന്നു. അന്ന് അഭിവന്ദ്യ തിരുമേനി റമ്പാച്ചനായിരുന്നു. അവരുടെ കരകൗശല വിഭവങ്ങൾ (പ്ലാസ്റ്റിക് കൊട്ടകൾ, പുൽപായ് മുതലായ) പ്രദർശിപ്പിക്കുന്നത് വളരെ കൗതുകത്തോടെ വീക്ഷിക്കുമായിരുന്നു.

ആ കാലത്ത് ആശുപത്രിയിൽ കമ്യൂണിറ്റി ക്ലിനിക് നടത്തുമായിരുന്നു. അതിൽ ഒന്നിന്റെ ചുമതല എന്റേതായിരുന്നു. മറ്റു ഡോക്ടർമാരും കൂട്ടത്തിൽ ഉണ്ടായിരുന്നു. എന്നാൽ ക്ലിനിക്കിനോടൊപ്പം ആദ്യത്തെ ഒരു മണിക്കൂർ എന്റെ ഭവനസന്ദർശന പരിപാടിയിൽ സോഷ്യൽ വർക്കിലും തിരുമേനിയും പങ്കാളിയാകുമായിരുന്നു.

വെല്ലൂരിൽ വച്ച് അപകടത്തിൽപെട്ട് രണ്ടു കാലുകളും തളർന്ന് വീൽ ചെയറിൽകൂടെ തന്റെ ജീവിതം സഫലമാക്കിയ ഡോക്ടർ മേരി വർഗ്ഗീസ് അന്ന് കോലഞ്ചേരിയിൽ മെഡിക്കൽ മിഷൻ ആശുപത്രിയിൽ തന്റെ ജീവിതസായാഹ്നം കഴിക്കുന്ന സമയമായിരുന്നു. ആ കൊച്ചമ്മയുടെ വീട്ടിൽ വച്ച് എല്ലാ ആഴ്ചയിലും ഒരു ദിവസം തിരുമേനി ഡോക്ടർമാർക്ക് ബൈബിൾ ക്ലാസ്സ് എടുത്തിരുന്നത് വളരെ കൃതജ്ഞതയോടെ ഓർക്കുന്നു.

പിന്നീട് ഓർമ്മയിൽ വരുന്നത്, ആശുപത്രിയിലെ ലബോറട്ടറി, എക്സ്റേ, ഫാർമസി പ്രവർത്തകർ, ഹോസ്പിറ്റൽ സഹായികൾ എന്നീ തസ്തികയിൽ ജോലി ചെയ്തിരുന്ന വനിതകൾക്ക് എല്ലാ ചൊവ്വാഴ്ചയും ഉച്ചയ്ക്ക് നടത്തിയിരുന്ന ബൈബിൾ ക്ലാസുകളാണ്. കൂട്ടത്തിൽ ഞാനും പോകുമായിരുന്നു. തിരുമേനിയുടെ സാന്നിധ്യവും ഉപദേശങ്ങളും അവയ്ക്ക് മാറ്റു കൂട്ടി. അന്ന് പാട്ടുകൾ പഠിപ്പിക്കുന്നതിൽ എനിക്കു ഒരു ചെറിയ ചുമതല തിരുമേനി തന്നു. പിന്നീട് ഞങ്ങളിൽ രണ്ടുമൂന്നു പേർക്ക്

Malankaraorthodox.TV

lankaraort

അറിയാവുന്ന പാട്ടുകളും കൂട്ടിച്ചേർത്ത് ആശുപത്രിയുടെ പേരിൽ ഒരു പാട്ടുപുസ്തകം ഇറക്കി. ഒരു തെറ്റും വരാതെ തിരുത്തലുകളെല്ലാം അദ്ദേഹം തന്നെ നിർവ്വഹിച്ചു. ഒരു പ്രാവശ്യത്തെ അദ്ധ്യയന വിഷയം വി. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനമായിരുന്നു. അദ്ദേഹം തന്നെ തന്റെ കൈ കൊണ്ട് അത് ചോദ്യോത്തരരൂപത്തിൽ ആക്കി ഫോട്ടോ കോപ്പി എടുപ്പിച്ച് ഞങ്ങൾക്ക് തന്നു. അത് വലിയ അനുഗ്രഹമായിരുന്നു. നമ്മുടെ സഭയിലെ അയ്മേനികൾക്ക് ഇതുപോലെ കറസ്പോണ്ടൻസ് കോഴ്സാക്കി (എഴുത്തുകുത്തുകളുടെ മാധ്യമത്തിൽകൂടി നടത്തുന്ന പരിശീലനപദ്ധതി) പല കാര്യങ്ങളും പഠിക്കാമല്ലോ എന്ന ആശയം പൊങ്ങി വന്നു. തിരുമേനി തന്നെ ഇതേപ്പറ്റി സെമിനാരിയിലെ അന്നത്തെ പ്രിൻസിപ്പളായിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി, ബ. ടി. ജെ. ജോഷ്വാ അച്ചൻ മുതലായവരോട് ചർച്ച ചെയ്യുകയും ഇപ്പോൾ വളരെ പ്രസിദ്ധി നേടി ആയിരങ്ങൾ പങ്കെടുത്തുകൊണ്ടിരിക്കുന്ന ദിവ്യബോധന പഠന പദ്ധതി 1983-ൽ ആരംഭിക്കുകയും ചെയ്തു.

ഏതൊരു സമയത്തും മനസ്സിന് ആശ്വാസം ലഭിക്കണമെങ്കിൽ തിരുമേനിയുടെ കൂടെ അല്പനിമിഷങ്ങൾ ചിലവഴിച്ചാൽ അത് ലഭ്യമാകും. ഒരു സമയം യാക്കോബിന്റെ മകനായ യോസേഫിന്റെ കഥയിൽ കൂടെയാണ് എന്നെ ആശ്വസിപ്പിച്ചത്. വിശ്വാസം കൈ വെടിയാതെ എല്ലാ പരീക്ഷകളിലും ദൈവസാന്നിധ്യം അനുഭവിച്ച് പരീക്ഷകളെ അതിജീവിച്ച യോസേഫിന്റെ ആ കഥ ഇന്നും എനിക്ക് ഉത്തേജനം തരുന്നു.

ഞങ്ങളുടെ വീട്ടിൽ വരുമ്പോൾ പലപ്പോഴും മോരുംവെള്ളം കൊണ്ട് തിരുമേനി തൃപ്തിപ്പെടുമായിരുന്നു. തന്റെ അവസാനകാലം ഞങ്ങളോടുകൂടെ ചിലവഴിച്ച എന്റെ അപ്പനെ മിക്ക ദിവസവും തിരുമേനി സന്ദർശിക്കുകയും ഇടയ്ക്കിടയ്ക്ക് വിശുദ്ധ കുർബ്ബാന നൽകുകയും ചെയ്യുമായിരുന്നു.

ഞങ്ങളുടെ രണ്ടാമത്തെ മകളുടെ വിവാഹം മംഗളകരമാക്കി തിരുമേനി ഞങ്ങളെ അനുഗ്രഹിച്ചു. ഒടുവിൽ 1999-ൽ ഞാനും എന്റെ ഭർത്താവും കൂടെ അമേരിക്കയിൽ പോകാൻ ദൈവം അനുവദിച്ചപ്പോഴും എയർപോർട്ടിൽ നിന്ന് വരുന്ന വഴി ആദ്യം തിരുമേനിയെ കണ്ട് അനുഗ്രഹം വാങ്ങുവാൻ ഇടയായി.

'അമൂല്യസത്യങ്ങൾ' എന്ന എന്റെ ചെറു ഗ്രന്ഥം 2002-ൽ പ്രസിദ്ധീകരിച്ചപ്പോൾ ആദിമുതൽ അവസാനം വരെ തിരുമേനി എന്റെ കയ്യെഴുത്തുപ്രതി ക്ഷമയോടെ വായിച്ച് വേണ്ടുന്ന തിരുത്തലുകൾ ചെയ്ത് അമേരിക്കയിൽനിന്ന് തിരിച്ച് അയച്ചു. ഒപ്പം തിരുമേനിയുടെ അപ്പോസ്തോല ആശീർവാദങ്ങൾ നൽകുന്ന കല്പനയും തിരുമേനിയുടെ ഒരു നല്ല പടവും അയച്ചുതന്നു. അത് എന്റെ പുസ്തകത്തിൽ ചേർക്കുവാൻ കഴിഞ്ഞു എന്നുള്ളത് കൃതജ്ഞതയോടെ ഓർക്കുന്നു. തിരുമേനിയുടെ സ്നേഹാശീർവാദങ്ങൾക്ക് അങ്ങേയറ്റം നന്ദി പറയുകയും ശിരസ് നമിക്കുകയും ചെയ്യുന്നു.

MalankaraOrthodox.TV

30

ദൈവിക വിശുദ്ധിയുടെ പര്യായം

ജോസ് കുര്യൻ, പുളിയേരിൽ

'ഓർത്തഡോക്സി' വാക്കിലും ചിന്തയിലും പ്രവൃത്തിയിലും എത്രത്തോളം അർത്ഥവത്തായും അനുഗ്രഹകരമായും പ്രാവർത്തികമായി പ്രതിഫലിപ്പിക്കുവാനാകുമെന്ന് സ്വജീവിതത്തിലൂടെ വ്യക്തമാക്കുകയും, ദൈവവിജ്ഞാനത്തിലും വേദവിജ്ഞാനത്തിലും ആഴമായ അവഗാഹവും വൈദഗ്ദ്ധ്യവും സ്വായത്തമാക്കിയ മെത്രാപ്പോലീത്തായുമായിരുന്ന അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുമായി 1960-കളുടെ ആദ്യനാളുകളിൽ തന്നെ പരിചയപ്പെടുവാനും, അന്നുമുതൽ യഥാർത്ഥ സ്നേഹത്തിന്റെ മൂർത്തീഭാവമായ പ. പിതാവിന്റെ സ്നേഹവാത്സല്യങ്ങൾ ഏറെ അനുഭവിപ്പാനും എനിക്ക് സാധിച്ചിട്ടുണ്ട്. അഭി. തിരുമേനി ബഹു. കെ. കെ. മാത്യൂസ് അച്ചനായി കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ പഠിപ്പിക്കുന്ന കാലയളവിലാണ് അന്ന് വിദ്യാർത്ഥിയായിരുന്ന എനിക്ക് അദ്ദേഹത്തെ പരിചയപ്പെടുവാൻ ഭാഗ്യം ലഭിച്ചത്. ഓർത്തഡോക്സ് വിശ്വാസമെന്നത് ലോകരക്ഷകനും മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പുകാരനും, രക്ഷകനുമായ യേശുതമ്പുരാൻ പഠിപ്പിച്ചതും പ. സഭയ്ക്ക് ശ്ലീഹന്മാരിലൂടെ തന്നതുമായ ജീവിതശൈലിയാണെന്ന് അടിയുറച്ച് വിശ്വസിക്കുകയും അതിനനുസരിച്ച് സ്വന്ത ജീവിതശൈലി രൂപപ്പെടുത്തിയതുമായിരുന്നു അന്നും പിൽക്കാലത്തും അദ്ദേഹത്തിന്റെ ആകർഷണഘടകം. പ. പിതാക്കന്മാർ കൈമാറിത്തന്ന സനാതന വിശ്വാസം മാറ്റംകൂടാതെയും മാറ്റ് കുറയാതെയും വിശ്വസിക്കുകയും, തന്റെ വിശ്വാസം ഉറക്കെ പ്രഖ്യാപിക്കുകയും പറയുന്നത് പ്രവർത്തിക്കുകയും ചെയ്തുവെന്നതാണ് പ. പിതാവിന്റെ മഹത്വവും ശ്രേഷ്ഠതയും.

ബ. കെ. കെ. മാത്യൂസ് അച്ചൻ സെമിനാരി പ്രൊഫസറും വാർഡനുമായിരിക്കുന്ന നാളുകളിലായിരുന്നു എന്റെ ഇളയ സഹോദരനും, ഇന്ന് മുംബൈ ഭദ്രാസനാധിപനുമായ അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി വൈദികവിദ്യാഭ്യാസം നടത്തിയിരുന്നത്. ഇളയസഹോദരന്റെ ക്ഷേമം അന്വേഷിച്ചും മറ്റുമായി ഞാൻ ഇടയ്ക്കിടെ പഴയസെമിനാരി സന്ദർശിക്കുമായിരുന്നു. മിക്കവാറും വൈകുന്നേരങ്ങളിലാണ് ഞാൻ പൊയ്ക്കൊണ്ടിരുന്നത്. സെമിനാരി ക്ലാസ്സുകൾ ഓരോ ദിവസവും കഴിയുമ്പോൾ തന്നെ ബഹു. മാത്യൂസ് അച്ചൻ സ്വന്തം സൈക്കിളിൽ കോട്ടയത്തെ ഗവ. ആശുപത്രിയിലേക്ക് അക്ഷരാർത്ഥത്തിൽ കുതിക്കുന്നത്

MalankaraOrthodox.TV

കാണാമായിരുന്നു. ആശുപത്രിയിൽ എത്തിയാൽ വാർഡുകളിൽ ഓരോന്നിലുമായി കുളിർതെന്നലെന്നപോലെ കടന്നുചെന്ന് ജാതിമത വിഭാഗീയ ചിന്താഗതികൾ കൂടാതെ വേദനിക്കുന്നവരും ദയയും കരുണയും അർഹിക്കുന്നവരുമായ ഏവർക്കും ഹ്രസ്വമായ പ്രാർത്ഥനയിലൂടെയും, ഹൃദ്യമായ ആശ്വാസവാക്കുകളിലൂടെയും, സ്നേഹനിർഭരമായ സ്പർശനത്തിലൂടെയും ആശ്വാസവും സമാധാനവും നൽകിപ്പോന്ന ഒരു ആശ്വാസദൂതനായിരുന്നു അദ്ദേഹം. സാമ്പത്തികസഹായം അർഹിക്കുന്നവർക്ക് തന്നാലാവത് ചെവിക്ക് ചെവി അറിയാതെ സസന്തോഷം ചെയ്യാനും താത്പര്യം കാട്ടിയിരുന്ന ഒരു പുണ്യാത്മാവായിരുന്നു പ. പിതാവ്. ഓരോ ആശുപത്രി സന്ദർശനവും കൃത്യസമയത്തിനുള്ളിൽ പൂർത്തിയാക്കി സെമിനാരിയിൽ തിരിച്ചെത്താൻ അദ്ദേഹം കാട്ടിയിട്ടുള്ള താത്പര്യവും ഉത്സാഹവും ഉത്തരവാദിത്വബോധവും ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. വിയർത്തൊലിച്ച് പരിക്ഷീണനായി തിരിച്ചെത്തുന്ന ബ. അച്ചൻ കുളിയും മറ്റും കഴിഞ്ഞ് എല്ലാവരെക്കാളും മുമ്പേ ചാപ്പലിൽ എത്തി സന്ധ്യാനമസ്ക്കാരത്തിന് മുമ്പുള്ള ധ്യാനത്തിനായി സ്വയം സമർപ്പിക്കുന്നതിൽ കാട്ടിവന്ന ആത്മാർത്ഥതയും, ശുഷ്ക്കാന്തിയും ഏറെ വൈദികവിദ്യാർത്ഥികളെ എങ്കിലും ഗണ്യമായി സ്വാധീനിച്ചിട്ടുണ്ടാവുമെന്നതിന് തർക്കമില്ല.

വാർഡൻ എന്ന നിലയിലും ബ. മാത്യൂസ് അച്ചൻ ഒരു വൻ വിജയമായിരുന്നു. അതിപ്രഗത്ഭരായ വാർഡന്മാരെന്ന് സെമിനാരി ചരിത്രം സാക്ഷ്യപ്പെടുത്താവുന്നവരിൽ എന്തുകൊണ്ടും പ്രാമുഖ്യവും പ്രാധാന്യവും അർഹിക്കുന്ന ഒരു പുണ്യനാമമായിരിക്കും അഭി. തിരുമേനിയുടേത്. അക്കാലങ്ങളിൽ വൈദിക വിദ്യാർത്ഥികളുടെ ആത്മീയ ശിക്ഷണം യഥായോഗ്യം യഥാസമയം നിഷ്ക്കർഷയോടെ നടത്തുന്നതിൽ നേടിയ വിജയം പ. സഭയുടെ സുവർണ്ണകിരീടത്തിലെ മാറ്റ് കൂടിയ ഒരു തൂവൽ തന്നെയാണ്. ഞങ്ങളുടെ ഇടവകപള്ളിയിലെ പെരുന്നാൾ ദിനത്തിന് തലേന്ന് മുതൽ പിറ്റേന്ന് വി. കുർബ്ബാന കഴിയുന്നത് വരെയെങ്കിലും ആദ്യകാലത്ത് ജോർജ്ജുകുട്ടിയും പിൽക്കാലത്ത് ബ. ജോർജ്ജ് കുര്യൻ ശെമ്മാശ്ശനുമായ ഇളയസഹോദരന്റെ സാന്നിദ്ധ്യവും മാതാപിതാക്കൾക്കും ഞങ്ങൾ എല്ലാവർക്കും ആഗ്രഹമായിരുന്നുവെന്ന് ബ. അച്ചനെ അറിയിച്ച് അനുവാദം ചോദിക്കുമ്പോൾ “നാളെ രാവിലെ പള്ളിയിലേക്ക് വിട്ടേക്കാം. ആരാധന കഴിയുമ്പോൾ തന്നെ തിരിച്ചുവരികയും വേണം” എന്ന് പറയുമായിരുന്നു. പരിചയവും സ്നേഹവും വേറെ, ആത്മീയ ശിക്ഷണം വേറെ എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രമാണം. പ്രമാണങ്ങൾ ശക്തമായി പാലിച്ചത് തന്നെ അദ്ദേഹത്തെ വിജയസോപാനത്തിലെത്തിച്ചു.

സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും നിറകുടവും എളിയവരും ആലംബഹീനരും ദയയും കരുതലും ആവശ്യമായവരുടെ ഉത്തമ അത്താണിയുമായിരുന്നു പ. പിതാവ്. ജീവിതത്തിലുടനീളം സമൂഹത്തിലെ താഴേക്കിടയിലുള്ളവരോടും മാനസ്സികമായും ശാരീരികവുമായി വേദനയും വിഷമവും അനുഭവിക്കുന്നവരോട് താദാത്മ്യം പ്രാപിക്കുവാനും അദ്ദേഹത്തിനുണ്ടായിരുന്ന നൈസർഗ്ഗിക കഴിവ് അപാരവും അതിശ്രേഷ്ഠവുമായിരുന്നു. മെത്രാപ്പോലീത്തായായി നാട്ടിൽ സേവനം അനുഷ്ഠിക്കുമ്പോഴും, അത്യാധുനിക സൗകര്യങ്ങളുടെ ഈറ്റില്ലമായ അമേരിക്കൻ ഐക്യനാടുകളിലെ ഭദ്രാസനാധിപനായിരിക്കുമ്പോഴും അദ്ദേഹത്തിന്റെ മനസ്സിനെ മഥിച്ചിരുന്ന ചേതോവികാരം സമൂഹത്തിൽ ബുദ്ധിമുട്ടും കഷ്ടതയും ഇല്ലായ്മയും വല്ലായ്മയും അനുഭവിക്കുന്ന ആയിരക്കണക്കിന് മനുഷ്യ സഹോദരങ്ങളെ ഓർത്തു മാത്രമാണ്. അവരെ ഉദ്ധരിക്കുകയും സഹായിക്കുകയും ചെയ്ക എന്നതായിരുന്നു ലക്ഷ്യവും താത്പര്യവും.

മാതൃകാപരമായ മിതത്വം ആയിരുന്നു അഭി. തിരുമേനിയുടെ മുഖമുദ്ര. വാക്കിലും പ്രവൃത്തിയിലും ഒരേപോലെ മിതത്വവും വിനയവും പ്രകടിപ്പിക്കാൻ അദ്ദേഹത്തിനായി എന്നതാണ് ജീവിത വിജയത്തിന്റെ പരസ്യമായ രഹസ്യം. എല്ലാ കാര്യത്തിലും മിതത്വം പാലിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. താരതമ്യേന ഒന്നും ഇല്ലാതിരുന്ന ഇടുക്കി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടപ്പോൾ വളരെ ചാരിതാർത്ഥ്യത്തോടെ ദൈവവിളി എന്ന നിലയിൽ കൈക്കൊള്ളാനായത് അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയുടെയും അത്യുന്നത ജീവിത പ്രമാണങ്ങളുടെയും ഫലമായാണ് എന്നുള്ളത് തർക്കമറ്റ സത്യമാണ്. ചുമതലയേറ്റപ്പോൾ തന്നെ ഭദ്രാസനത്തിൽ ഉണ്ടായിരുന്ന നാമമാത്ര ദൈവാലയങ്ങളും എല്ലാ വിശ്വാസികളുടെ ഭവനങ്ങളും സന്ദർശിച്ച് സഭയുടെ ഭിത്തിയെ ബലവത്താക്കുവാൻ തന്നാലാവത് ക്ലേശം വഹിച്ചും ബുദ്ധിമുട്ടിയും നിറവേറ്റി. ഭദ്രാസനത്തിന്റെ ഉന്നമനത്തിനും ഉയർച്ചയ്ക്കുമായി വളരെയേറെ കാര്യങ്ങൾ ചെയ്യാനായത് പ്രാർത്ഥനയുടെയും ദൈവാശ്രയത്തിന്റെയും ഫലമായാണ്.

ദീനാനുകമ്പയും കരുണയുമായിരുന്നു പ. പിതാവിന്റെ മറ്റൊരു ജീവിതശൈലി. മെത്രാപ്പോലീത്താ ആയ ശേഷവും അർഹിക്കുന്നവർക്ക് സഹായം എത്തിക്കുന്നതിൽ ഏറെ ശ്രദ്ധിച്ചിരുന്നുവെന്നതാണ് സത്യം. ഒരിക്കൽ ഒരു വൈദികൻ ആശുപത്രിയിൽ ചികിത്സയിലായിരിക്കുമ്പോൾ ബ. വൈദികന്റെ വീട്ടിലെത്തി ഒരു കവർ വൈദികന്റെ പിതാവിനെ ഏല്പിച്ച് അക്ഷരാർത്ഥത്തിൽ ഓടിമറഞ്ഞത് ഈ ലേഖകന് അറിയാവുന്ന സംഗതിയാണ്. തിരുമേനി ഒരു മിനിറ്റ് എന്നു പറഞ്ഞ് വൈദികന്റെ പിതാവ് പുറകെ ഓടിച്ചെന്ന് കവർ തിരികെ ഏല്പിക്കാൻ ശ്രമിക്കവേ

Malankaraorthodox TV

നിമിഷമാത്രയിൽ തിരുമേനി കാറിൽ കയറി ദൈവം അനുഗ്രഹിക്കുമെന്ന് ആശംസിച്ച് യാത്രയായി. തിരുമേനിയുടെ ദാനശീലവും തന്മൂലമുള്ള സാമ്പത്തികസ്ഥിതിയും അദ്ദേഹത്തിനറിയാമായിരുന്നതുകൊണ്ടാണ് കവർ തിരികെ ഏല്പിക്കാനാഗ്രഹിച്ചത്. അഭി. തിരുമേനി മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടപ്പോൾ ഞാൻ അബുദാബിയിലായിരുന്നതുകൊണ്ട് ചടങ്ങുകളിൽ സംബന്ധിക്കാനായില്ല. അതിനടുത്തു തന്നെ ഞാൻ അവധിക്ക് നാട്ടിലെത്തി. അഭി. തിരുമേനി ദേവലോകം അരമനചാപ്പലിൽ വി. കുർബ്ബാന അർപ്പിക്കുന്നുവെന്നറിഞ്ഞ് ഞാനും സംബന്ധിച്ചു. കൈ മുത്താൻ ചെന്നപ്പോൾ "താൻ എന്നെ കണ്ടിട്ടേ പോകാവൂ" എന്ന് കല്പിച്ചതനുസരിച്ച് ഞാൻ കാത്തുനിന്നു. തിരുമേനി പള്ളിയിൽ നിന്നും മുറിയിലെത്തിയപ്പോൾ എന്നെ വിളിച്ച് അഭി. പിതാവിന്റെ കാപ്പക്കൂട്ടം, അംശവടി, പ. സ്ലീബാ ഒക്കെ കാണിച്ചിട്ടു പറഞ്ഞു. "തനിക്ക് ഇതിലൊക്കെ താല്പര്യം ഉള്ളതുകൊണ്ട് ഒന്ന് കാണിക്കാമെന്ന് കരുതിയതാണ്." അംശവടിയും സ്ലീബായും തടിയിൽ തീർത്തതാണെന്നും അംശവടി അഹറോന്റെ തളിർത്ത വടിയ്ക്ക് സമമാണെന്നും വിശദീകരിച്ചതും ഇന്നത്തെപ്പോലെ അനുസ്മരിക്കുന്നു.

അഭി. തിരുമേനി വൈദികനായിരിക്കുമ്പോൾ 'ദശാംശപ്രസ്ഥാനം' എന്ന പേരിൽ ഒരു ആത്മീയ പ്രസ്ഥാനത്തിന് രൂപകല്പന നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് എം.ഡി. സെമിനാരിയിൽ വച്ച് പ. സഭാനേതൃത്വത്തിന്റെ അംഗീകാരത്തോടും ആശീർവാദത്തോടും കൂടി രണ്ടു മൂന്ന് മീറ്റിംഗുകൾ സംഘടിപ്പിക്കപ്പെട്ടപ്പോൾ വിദ്യാർത്ഥിയായ ഞാനും വീറോടെ സംബന്ധിച്ചിരുന്നു. വിശ്വാസികളെ ദശാംശം മാറ്റിവയ്ക്കുന്ന സ്വഭാവക്കാരായി മാറ്റാനും അതിനുള്ള ഉദ്ബോധനങ്ങളും ഉപദേശങ്ങളും സത്പ്രേരണകളും നൽകുവാനുദ്ദേശിച്ചുള്ളതായിരുന്നു ആ സംരംഭം. ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾ വളരെ ആവേശകരമായി തോന്നുകയും ആയതിൽ ആകൃഷ്ടനാകുകയും ചെയ്തുവെങ്കിലും പ്രായോഗികതയിൽ പരിപൂർണ്ണനാകാൻ കഴിയാത്തതിന്റെ തിക്താനുഭവവും അനുഭവിച്ചുവെന്ന് രേഖപ്പെടുത്തട്ടെ. വായനക്കാർക്ക് ഈ സത്യം മനസ്സിലാക്കുമ്പോൾ ദശാംശം മാറ്റിവയ്ക്കാൻ താത്പര്യം ഉണ്ടാവുമെന്ന് ബോദ്ധ്യപ്പെടുത്തുവാനാണ് ഈ സത്യം എഴുതിയത്.

അഭി. തിരുമനസ്സിലെ ഓർമ്മ നിത്യസ്മാരകമാകത്തക്കവിധം സഭാമക്കൾ ചെയ്യേണ്ടത് ദശാംശം കാര്യമായി മാറ്റിവച്ച് ഓരോ മാസത്തേയും ജീവകാരുണ്യ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതായിരിക്കും. ദശാംശ പ്രസ്ഥാനം ശക്തിപ്പെടുവാനും, ജീവനും ചൈതന്യവുമുള്ളതാകാനും പ. പിതാവിന്റെ മദ്ധ്യസ്ഥത സഹായമാകുമെന്ന് നമുക്ക് ഉറച്ച് വിശ്വസിക്കാം.

Malankaraorthodox.TV

പ. പിതാവ് അമേരിക്കയിൽ നിന്നും മടങ്ങിവന്ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ വിശ്രമിച്ച് വന്ന നാളുകളിൽ രണ്ടു മൂന്ന് പ്രാവശ്യം പ. പിതാവിനെ ഞാനും സന്ദർശിച്ചുവെങ്കിലും പരസ്പരം സംസാരിക്കുവാനായില്ല. എന്നാൽ പിന്നീട് പാമ്പാടി ദയറായിൽ വിശ്രമിച്ചിരുന്ന നാളുകളിൽ അഭി. തിരുമേനിയെ കാണുവാനും സംസാരിക്കുവാനും പഴയ കാര്യങ്ങൾ സാവധാനം പ. പിതാവ് ഓർത്ത് എടുത്ത് സന്തോഷം പങ്കിടുവാനും ഇടയായത് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

പാമ്പാടി ദയറാപള്ളിയിൽ വച്ച് ഇക്കഴിഞ്ഞ ഏപ്രിലിൽ നടന്ന അഖില മലങ്കര ശുശ്രൂഷകസംഘം പ്രധാന ശുശ്രൂഷകരുടെ ഗ്ലോബൽ സമ്മേളനത്തിൽ പ. പിതാവ് എഴുന്നള്ളി നടത്തിയ പ്രസംഗത്തിന്റെ മാറ്റൊലി ഇന്നും കാതുകളിൽ മുഴങ്ങുന്നു. ആരാധനാഗീതങ്ങൾ അതതിന്റെ ട്യൂണിൽ അല്ലാതെ പാടരുതെന്ന് വളരെ നിർബന്ധമായും കല്പിച്ചു. പ്രത്യേകിച്ച് അനുതാപം വരേണ്ട ഗീതങ്ങൾ നവീന ട്യൂണുകളിൽ പാടരുതെന്നും പ. പിതാവ് കല്പിച്ച സംഭവം കൂടി അനുസ്മരിക്കുകയാണ്.

പ. പൗലൂസ് ശ്ലീഹായുടെ ഉദ്ബോധനം പോലെ ഇടവിടാതെ പ്രാർത്ഥിക്കുകയും എപ്പോഴും സന്തോഷിക്കുകയും ചെയ്ത പ. പിതാവ് നമ്മെ അനുസ്മരിപ്പിക്കുന്നത്, ഐഹികമായ സ്വാർത്ഥതാത്പര്യങ്ങൾ വെടിഞ്ഞ് പരസ്പരം സ്നേഹിച്ച് ദൈവതിരുനാമ മഹത്വത്തിനായി നമ്മുടെ ഓരോരുത്തരുടെയും ജീവിതങ്ങളെ ക്രമീകരിക്കുവാനാണ്. ദൈവം ഏവരേയും അനുഗ്രഹിക്കുകയും പ. പിതാവിന്റെ ആത്മാവിന് നിത്യശാന്തി നൽകുകയും ചെയ്യട്ടെ.

MalankaraOrthodox.TV

31

ഞങ്ങളുടെ ആത്മീയ വഴികാട്ടി

റോമി വർക്കി

ഞാൻ 1978-ൽ ആലുവാ ക്രൈസ്തവ മഹിളാലയത്തിൽ ബോർഡിംഗ് സ്കൂളിൽ പഠിക്കുന്ന കാലം. ബോർഡിംഗിൽ ആയിരിക്കുമ്പോൾ ഞാൻ തിരുമേനിക്ക് ഇടയ്ക്കെല്ലാം കത്തുകൾ അയയ്ക്കുകയും അവയ്ക്കെല്ലാം വളരെ കൃത്യമായി തിരുമേനി മറുപടി അയക്കുകയും ചെയ്യുമായിരുന്നു. ആ സമയത്താണ് തിരുമേനി തൃക്കുന്നത്ത് സെമിനാരിയിൽ സഹായ മെത്രാനായി വരുന്നത്. അന്ന് ഒരു ഞായറാഴ്ച തിരുമേനി ഞങ്ങളുടെ സ്കൂളിലെ ചാപ്പലിൽ കുർബ്ബാന അർപ്പിക്കുന്നതിനായി വന്നു. ഞങ്ങൾക്കെല്ലാം അന്ന് ഉത്സവത്തിന്റെ പ്രതീതി ആയിരുന്നു. ആദ്യമായിയാണ് ഒരു തിരുമേനി ഞങ്ങളുടെ ചാപ്പലിൽ വരുന്നത്. കുർബ്ബാന കഴിഞ്ഞ് തിരുമേനി എല്ലാ കുട്ടികളെയും വിളിച്ച് കുറച്ചുനേരം സംസാരിച്ചു. നമ്മൾ എപ്പോഴും 100% കിട്ടുന്നതിന് aim ചെയ്യണമെന്നും എന്നാൽ മാത്രമേ 95% എങ്കിലും achieve ചെയ്യാൻ പറ്റുകയുള്ളുവെന്നും, എനിക്കിത്രയും കഴിവേ ഉള്ളൂ, അതുകൊണ്ട് ഇത്രയും പഠിച്ചാൽ മതി എന്ന് വിചാരിച്ചിരിക്കരുതെന്നും, നമ്മുടെ കഴിവിലും കൂടുതൽ നമ്മൾ aim ചെയ്യണമെന്നും പറഞ്ഞു. 34 വർഷം കഴിഞ്ഞ് തിരുമേനി കാലം ചെയ്തപ്പോൾ അന്ന് എന്റെ കൂടെ പഠിച്ച ഒത്തിരി കൂട്ടുകാർ എന്നെ വിളിക്കുകയും തിരുമേനി അന്ന് സ്കൂളിൽ വന്നതും പറഞ്ഞതുമായ കാര്യങ്ങൾ പങ്കുവെയ്ക്കുകയുമൊക്കെ ചെയ്തപ്പോൾ, തിരുമേനിയുടെ വാക്കുകൾ, ആ വ്യക്തിത്വം അന്ന് അവരിൽ എത്രമാത്രം സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിരുന്നു എന്നാലോചിച്ച് എനിക്ക് വളരെയധികം സന്തോഷവും അഭിമാനവും തോന്നി.

ഞങ്ങളുടെ ചെറുപ്പത്തിൽ തിരുമേനിയെ ഞങ്ങൾ അപ്പച്ചൻ എന്നാണ് വിളിച്ചിരുന്നത്. അപ്പച്ചൻ അന്ന് വീട്ടിൽ വരുന്നത് ഞങ്ങൾക്കെല്ലാം വളരെ സന്തോഷമുള്ള കാര്യമായിരുന്നു. ഒരു കറുത്ത ബ്രീഫ്കേയ്സുമായിട്ടാണ് എന്നും അപ്പച്ചൻ വന്നിരുന്നത്. ക്രിസ്തുമസ് കഴിഞ്ഞ് വരുമ്പോൾ ആ പെട്ടി നിറയെ പലതരത്തിലുള്ള ക്രിസ്തുമസ് കാർഡുകളായിരിക്കും. നാനാഭാഗങ്ങളിൽ നിന്നും അപ്പച്ചന് ആ കൊല്ലം കിട്ടിയ കാർഡുകളാണവ. എല്ലാ വർഷവും അതു കിട്ടുവാൻ ഞങ്ങൾ നോക്കിയിരിക്കുമായിരുന്നു. കാരണം അത്രയും ഭംഗിയുള്ള കാർഡുകൾ ഞങ്ങൾ ഒരിക്കലും കണ്ടിരുന്നില്ല.

Malankaraorthodox.TV

അന്ന് വലിയ അവധിക്ക് പപ്പയുടെ വീട്ടിലെ എല്ലാ കുട്ടികളും വീട്ടിലുണ്ടാകും. ആ സമയത്ത് അപ്പച്ചൻ വരുമ്പോൾ ഞങ്ങളെയെല്ലാം വിളിച്ചിരുത്തി പാട്ടുകളും ബൈബിളിലെ കഥകളുമെല്ലാം പറഞ്ഞുതരുമായിരുന്നു. സന്ധ്യാപ്രാർത്ഥനയ്ക്ക് എല്ലാ കുട്ടികളും വരിവരിയായി നിൽക്കണമെന്നുള്ളത് വളരെ നിർബന്ധമുള്ള കാര്യമായിരുന്നു. ആരെയും അതിൽനിന്ന് വിട്ടുനിൽക്കുവാൻ അപ്പച്ചൻ സമ്മതിക്കുമായിരുന്നില്ല. അതുകൊണ്ട് വളരെ ചെറുപ്പത്തിൽതന്നെ പ്രാർത്ഥനകളെല്ലാം ഞങ്ങൾ മനപാഠമാക്കിയിരുന്നു. തിരുമേനി ഞങ്ങളുടെയെല്ലാം ആത്മീയ ജീവിതത്തിനിട്ട തറക്കല്ലും അതിലൂടെ ഞങ്ങൾക്കു പകർന്നുതന്ന വെളിച്ചവും ജീവിതത്തിൽ എന്നും ഞങ്ങൾക്ക് ധൈര്യവും സമാധാനവും സന്തോഷവും തരുവാൻ സർവ്വശക്തൻ ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



32

ബർണബാസ് തിരുമേനിയും വളയൻചിറങ്ങര പള്ളിയും

കെ. വി. ചെറിയാൻ കണിയാൻകുടിയിൽ

"പ്രബോധനപുത്രൻ' എന്ന് അർത്ഥമുള്ള ബർണബാസ് എന്ന് അപ്പോസ്തലന്മാർ മറുപേർ വിളിച്ച കുപ്ര ദ്വീപുകാരനായ യോസേഫ് എന്നൊരു ലേവ്യൻ തനിക്കുണ്ടായിരുന്ന നിലം വിറ്റ്, പണം കൊണ്ടുവന്ന് അപ്പോസ്തലന്മാരുടെ കാൽക്കൽ വെച്ചു" (അപ്പോ. പ്രവൃത്തികൾ 4:36, 37).

ഒരു ജന്മി കുടുംബത്തിൽ ജനിച്ചു വളർന്ന്, സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച്, ദാരിദ്ര്യത്തിന്റെ അനുഭവത്തിൽ മറ്റുള്ളവർക്ക് മാതൃകയായി, ഒരു ഇടയൻ എങ്ങനെയാണ് തന്റെ ആടുകളെ മേയിക്കേണ്ടതെന്ന് സ്വന്ത ജീവിതത്തിൽ കൂടി കാണിച്ചുകൊടുത്ത്, സ്വന്തമെന്ന് പറയാൻ ഒന്നുമില്ലാതെ, മേൽപറയുന്ന വേദവാക്യങ്ങളെ അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കിക്കൊണ്ട് നമ്മളിൽനിന്നും അകന്ന ധന്യപിതാവാണ് സ്നേഹനിധിയും വാത്സല്യവാനുമായ മാത്യൂസ് മാർ ബർണബാസ് തിരുമേനി.

പിതൃസഹോദരൻ ഫാ. കെ. പി. പൗലോസ് ബി.ഡി. യുടെ നേതൃത്വത്തിൽ 1953-ൽ സ്ഥാപിതമായ വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് എന്ന കൊച്ചുപള്ളിയെ പുനരുദ്ധരിച്ച് ഇന്നു കാണുന്ന മനോഹര ദേവാലയമാക്കി പണിതുയർത്തിയത് ബർണബാസ് (മാത്തുക്കുട്ടി അച്ചൻ) തിരുമേനിയുടെ മേൽനോട്ടത്തിലും നടത്തിപ്പിലുമാണ്. കുടുംബസ്വത്തായി ലഭിച്ച ഭൂമിയത്രയും വിറ്റ് അതിൽനിന്നും കിട്ടിയ പണംകൊണ്ടു മാത്രം പള്ളിപണി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാതെ വന്നപ്പോൾ സ്വന്ത അദ്ധ്വാനത്തിൽ കൂടിയും, സ്നേഹനിധികളിൽ നിന്നും ലഭിച്ച സംഭാവനകളിൽ കൂടിയും, പാവപ്പെട്ട ഇടവകജനങ്ങളിലെ കായിക അദ്ധ്വാനങ്ങളിൽ കൂടിയുമാണ് ഇന്നു കാണുന്ന പള്ളിപണി പൂർത്തീകരിക്കുവാൻ സാധിച്ചത്. സഭാസമാധാനമുണ്ടായിരുന്ന അന്നത്തെ പരിതസ്ഥിതിയിൽ (1975) അങ്കമാലി ഭദ്രാസനാധിപൻ ഫിലിപ്പോസ് മാർ തെയോഫിലോസ്, കൊച്ചി ഭദ്രാസനാധിപൻ യൂഹാനോൻ മാർ സേവേറിയോസ്, കണ്ടനാട് ഭദ്രാസനാധിപൻ പൗലോസ് മാർ പീലക്സിനോസ് (ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ) എന്നീ മെത്രാപ്പോലീത്തന്മാരാലാണ് പുതിയ പള്ളിയുടെ കൂദാശ നിർവ്വഹിച്ചത്. അങ്ങനെ മാതൃദേവാലയമായി കരുതുന്ന ഈ പള്ളിയിൽതന്നെ തന്റെ പിതൃസഹോദരനോടും (റവ. ഫാ. കെ. പി. പൗലോസ് ബി.ഡി.), മാതാ

Malankaraorthodox.TV

വിനോടും, സഹോദരങ്ങളോടും, ചാർച്ചക്കാരോടുമൊപ്പം അന്ത്യവിശ്രമം കൊള്ളാൻ തിരുമേനി ആഗ്രഹിക്കുകയും ദൈവംതമ്പുരാൻ അതു നിവൃത്തിച്ചു കൊടുക്കുകയും ചെയ്തു എന്നുള്ളത് തിരുമേനിയെ സംബന്ധിച്ച് ഭാഗ്യവും ദൈവനിയോഗവുമായി കരുതാവുന്നതാണ്. സർവ്വോപരി വളയൻചിറങ്ങരയെ സംബന്ധിച്ചിടത്തോളം ഈ ധന്യപിതാവിന്റെ സാന്നിധ്യം ഭക്തിനിർഭരവും രക്ഷാകവാടവുമായി പരിലസിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

വളയൻചിറങ്ങര പള്ളിയിൽ വളരെ ചുരുങ്ങിയ കാലമേ മാത്തുക്കുട്ടി അച്ചൻ വികാരിയായി സേവനമനുഷ്ഠിച്ചിരുന്നുള്ളു എങ്കിലും, ആ കാലയളവിൽ ഇടവകജനങ്ങളിലും, നാട്ടുകാരിലും, സഹോദര സമുദായങ്ങളിലും ഉണ്ടാക്കിയെടുക്കാൻ സാധിച്ച ബഹുമാനവും, ഭക്തിയും തിരുമേനിയുടെ സ്നേഹത്തിന്റേയും, ലാളിത്യജീവിതത്തിന്റേയും, കർമ്മപദ്ധതികളുടേയും എല്ലാറ്റിനുമുപരി രോഗികളോടും നിർദ്ധനരോടുമുള്ള സഹായഹസ്തം കൊടുത്തുകൊണ്ടുള്ള പെരുമാറ്റത്തിന്റെയും പ്രതിഫലനമാണ്. തിരുമേനി, ലോകത്തിന്റെ ഏത് കോണിലായിരുന്നപ്പോഴും, സ്വന്ത നാടായ പെരുമ്പാവൂർ, വെങ്ങോല, വളയൻചിറങ്ങര ഭാഗത്തുനിന്നുള്ളവരെ കാണുമ്പോൾ ഒരു പ്രത്യേക പരിഗണനയും അർഹമായ സഹായങ്ങളും ചെയ്തുകൊടുക്കുമായിരുന്നു എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. സണ്ടേസ്കൂൾ, ബാലസമാജം, സ്ത്രീസമാജം, യുവജന പ്രസ്ഥാനം മുതലായവയ്ക്ക് തിരുമേനി തന്നെ നേതൃത്വം കൊടുത്ത് അവയെ പരിപോഷിപ്പിക്കുമായിരുന്നു. നടന്നും സൈക്കിളിലുമായി മൈലുകളോളം ദിവസവും യാത്രചെയ്ത് ഓരോ ഇടവകവീടുകളും സന്ദർശിച്ച് അവർക്ക് ആവശ്യമായ ഉപദേശവും ദിവ്യബോധനവും കൊടുത്ത് ആത്മീയതയിലേക്ക് കൊണ്ടുവരുവാൻ നിരന്തരം ശ്രമിച്ചിരുന്നു. രോഗികളുടെ നിത്യസന്ദർശകനായിരുന്ന അച്ചൻ എന്നും അത്തരക്കാർക്കൊരു തുണയും ദൈവാത്മാവുമായിരുന്നു.

ബർണബാസ് തിരുമേനിയുടെ ജീവിതത്തിൽ വളയൻചിറങ്ങര പള്ളിയിൽ നിന്നും അധിക കാലവും വളരെ ദൂരെ ആയിരുന്നുവെങ്കിലും ഇവിടുത്തെ ഓരോ ചലനങ്ങളും വളരെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടാണിരുന്നത്. അത്യാവശ്യ സന്ദർഭങ്ങളിൽ ആരും പറയാതെ തന്നെ ഓടി എത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും പതിവായിരുന്നു. 1953-ൽ തിരുമേനിയുടെ കൊച്ചപ്പൻ (ചിറ്റപ്പൻ) ബ. പൗലോസ് അച്ചന്റെ നേതൃത്വത്തിൽ സ്ഥാപിതമായ വളയൻചിറങ്ങര പള്ളിയിലെ ആദ്യ വികാരിയും പള്ളിയുടെ സെമിത്തേരിയിൽ ആദ്യമായി കബറടങ്ങിയതും ബ. പൗലോസ് അച്ചൻ തന്നെയാണ്. ബ. പൗലോസ് അച്ചനെ പുത്തൻപുരയിലെ (കല്ലറക്കപ്പറമ്പിൽ എന്ന വീട്ടുപേരിനു പകരമായി നാട്ടിൽ അറിയപ്പെടുന്നത്) വല്യച്ചൻ അല്ലെങ്കിൽ ബി.ഡി. അച്ചൻ എന്നും മാത്തുക്കുട്ടി അച്ചനെ കൊച്ചച്ചൻ എന്നുമാണ് നാട്ടിൽ പരക്കെ അറിയ

പ്പെട്ടിരുന്നത്. ഒസ്മാനിയ സർവ്വകലാശാലയിൽ എം.എസ്.സി. യ്ക്ക് പഠിക്കുമ്പോഴാണ് അച്ചന്റെ പേർ മാത്തുക്കുട്ടി എന്നതിൽ നിന്നും മാത്യൂസ് എന്നാക്കി മാറ്റിയത്. പരുമല തിരുമേനിയുടെ സഹോദരപൗത്രൻ ശ്രീ. സി. ഐ. ജോർജിന്റെ നിർദ്ദേശപ്രകാരമാണ് അങ്ങനെ ചെയ്തതെന്ന് തിരുമേനിയുടെ "ദൈവത്തിന്റെ കൃപ" എന്ന ആത്മകഥയിൽ വിവരിച്ചിട്ടുണ്ട്.

തിരുമേനിയുടെ കൊച്ചപ്പൻ ബ. പൗലോസ് അച്ചന്റെ നിര്യാണശേഷം (1955) രണ്ടു വർഷക്കാലം വളയൻചിറങ്ങര പള്ളിയിലെ വികാരിയായി സേവനമനുഷ്ഠിക്കുകയും തുടർന്ന് ഉപരിപഠനത്തിനും വൈദികവൃത്തിക്കുമായി കേരളത്തിനു പുറത്തേക്ക് പോകേണ്ടതായി വരികയും ചെയ്തു. പ്രത്യേകമായി ഇവിടെ എടുത്തു പറയാനുള്ളത്, തിരുമേനിയുടെ കൊച്ചപ്പൻ ബ. പൗലോസ് അച്ചനോ, മാത്തുക്കുട്ടി അച്ചനോ (തിരുമേനി) ഒരു പൈസ പോലും വളയൻചിറങ്ങര പള്ളിയിൽ നിന്നും പ്രതിഫലം പറ്റിയിരുന്നില്ല എന്നതാണ്. നേരേമറിച്ച് മാത്തുക്കുട്ടി അച്ചന്റെ അസാന്നിധ്യത്തിൽ വളയൻചിറങ്ങര പള്ളിയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന അച്ചന്മാർക്ക് തിരുമേനി (അന്ന് അച്ചൻ) തന്നെയാണ് ശമ്പളം അയച്ചു കൊടുത്തുകൊണ്ടിരുന്നത്. അങ്ങനെ തിരുമേനിയിൽ നിന്നും ഗുണഭോക്താവ് ആയവരിൽ ബ. സി. എം. തോമസ് (ഇന്നത്തെ ശ്രേഷ്ഠ തോമസ് പ്രഥമൻ) അച്ചനും ഉൾപ്പെടുന്നു.

വളയൻചിറങ്ങര പള്ളി ഇടവകാംഗമായ കോര വറുഗീസ് അച്ചൻ തിരുമേനിയുടെ ഉറ്റ തോഴനും എന്നും ഉപദേശങ്ങൾ സ്വീകരിക്കുന്നവനുമായിരുന്നു. അച്ചൻ ജർമ്മനിയിൽ പോയി സേവനമനുഷ്ഠിക്കുമ്പോൾ അവിടെനിന്നും ചാരിറ്റി പ്രവർത്തകരുമായി സഹകരിച്ച് അവരുടെ സഹായത്തോടുകൂടി ബ. കോര വറുഗീസ് അച്ചന്റെ നേതൃത്വത്തിൽ, വളയൻചിറങ്ങര പള്ളിക്കു സമീപം അനാഥരും, നിർധനരും, നിരാലംബരുമായ കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി ബാലഗ്രാം എന്നൊരു പ്രസ്ഥാനം കെട്ടിപ്പടുത്തു. ആയതിലേക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടങ്ങൾ നിർമ്മിച്ച് എല്ലാവിധ താമസ സൗകര്യങ്ങളോടും കൂടി ജർമ്മനിയിലെ ഉദാരമതികളുടെ സഹായത്താൽ മേൽ പ്രസ്ഥാനം നല്ല രീതിയിൽ പ്രവർത്തനവുമായി മുന്നോട്ടുപോയിക്കൊണ്ടിരുന്നു. ബർണബാസ് തിരുമേനിയുടെ ഒത്താശയോടുകൂടി തുടങ്ങിയതും വളരെ ഭംഗിയായ രീതിയിൽ പ്രവർത്തിച്ചു പോകുന്നതുമായ ഈ സംരംഭം വളയൻചിറങ്ങര പള്ളിക്കും, മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പ്രത്യേകിച്ചും എന്നും അഭിമാനിക്കാവുന്ന പ്രസ്ഥാനമായി പരിലസിക്കുന്നു. അമ്പതോളം (ആൺ, പെൺ ഉൾപ്പെടെ) കുട്ടികൾ ഇപ്പോൾ അവിടെ താമസിച്ച് പഠിച്ച് ജീവിതവുമായി മുന്നോട്ട് പോകുന്നു. ബാലഗ്രാമിന്റെ സുഗമമായ നടത്തിപ്പിനും കുട്ടികളുടെ മേൽനോട്ടത്തിനുമായി സഭാകേന്ദ്രത്തിൽ നിന്നും ഒരു അച്ചനെ സ്ഥിരതാമസത്തോടു കൂടി ഇവിടെ നിയമിച്ചിരിക്കുന്നു.

33

ജനകീയനായ മെത്രാച്ചൻ

ഡോ. എം. കുര്യൻ തോമസ്

പത്രപ്രസ്താവനകളും കവലപ്രസംഗങ്ങളും നടത്താതെയും ആവശ്യത്തിനും അനാവശ്യത്തിനും തെരുവോര പ്രകടനങ്ങൾ കാഴ്ചവെയ്ക്കാതയും ആധുനിക ലോകത്ത് ഒരു മെത്രാന് ജനകീയനാകാം എന്നു തെളിയിച്ച അപൂർവ വ്യക്തിത്വമായിരുന്നു മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ. പഠനാർഹങ്ങളായ അനേകം സ്വഭാവ വിശേഷങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് അവിതർക്കിതമായ വസ്തുതയാണ്.

ഒന്നാമതായി തന്റെ മെത്രാൻസ്ഥാനത്തിന്റെ മാഹാത്മ്യത്തെപ്പറ്റി അദ്ദേഹം തികച്ചും ബോധവാനായിരുന്നു. അതിനു കോട്ടം വരുത്തുന്ന രീതിയിൽ ഒരു നടപടിയും അദ്ദേഹം സ്വീകരിച്ചിരുന്നില്ല. മെത്രാനടുത്ത സ്ഥാനചിഹ്നങ്ങൾ - അതു തടിക്കുരിശും കയറുമാലയുമാണെങ്കിലും - ധരിക്കാതെ പൊതുജനസമ്പർക്കം നടത്തുകയില്ലായിരുന്നു. മുടി വയ്ക്കാതെ പള്ളികളിൽ ഔദ്യോഗികമായി പ്രവേശിക്കുകയുമില്ലായിരുന്നു.

അതേസമയം തന്നെ *അഹം* - ഞാൻ - എന്ന ഭാവം അദ്ദേഹത്തെ തൊട്ടുതീണ്ടിയിരുന്നില്ല. സ്വകാര്യബസുകളിൽ യാത്ര ചെയ്യുന്നതോ, സ്വന്തം ബാഗു ചുമക്കുന്നതോ, കിലോമീറ്ററുകളോളം നടക്കുന്നതോ, ദരിദ്രഭവനങ്ങൾ സന്ദർശിക്കുന്നതോ തനിക്കോ തന്റെ മെത്രാൻ സ്ഥാനത്തിനോ എന്തെങ്കിലും കുറവുവരുത്തുമെന്ന് അദ്ദേഹം ഒരിക്കലും ചിന്തിച്ചിരുന്നില്ല. പ്രസംഗങ്ങളിൽപ്പോലും *ഞാൻ* എന്ന പദം ഉപയോഗിച്ചിരുന്നില്ല. 1980-ൽ വടക്കൻമണ്ണൂർ പള്ളിയിൽ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾക്കിടയിലെ പ്രസംഗങ്ങളിലെല്ലാം *ഞാൻ* എന്ന പദത്തിനു പകരം എപ്പോഴും *ബർണബാസ് മെത്രാച്ചൻ* എന്നാണ് സ്വയം വിശേഷിപ്പിച്ചത്. പിന്നീടെല്ലാം ഇതേരീതിയിലാണ് സ്വയം സംബോധന ചെയ്ത് കേട്ടിരിക്കുന്നത്. അന്ന് ആവർത്തിച്ചു കേട്ട ഒരു വാചകമാണ് *ബർണബാസ് മെത്രാച്ചന് അമ്പത്താറു വയസായി* എന്നത്. ഇതിനിടയിൽ എന്തു ചെയ്തു എന്നു സ്വയം ചോദിക്കുന്നു. അതേപോലെ ഓരോരുത്തരും സ്വയം ചോദിക്കണം. അതായിരുന്നു പ്രസംഗങ്ങളുടെ കാതൽ.

തന്റെ ഇടയനടുത്ത കർത്തവ്യങ്ങളെപ്പറ്റി മാർ ബർണബാസ് മെത്രാപ്പോലീത്താ തികച്ചും ബോധവാനായിരുന്നു. അതിൽത്തന്നെ രോഗീസ്വാന്തനമായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടവിഷയം. 1980-ലെ കഷ്ടാ

നുഭവആഴ്ചയിലും, 1983-ൽ പ. മാർത്തോമ്മാശ്ലീഹായുടെ ദുഖറോനോയ്ക്കും (ഡിസം 18-21) വടക്കൻമണ്ണൂർ പള്ളിയിൽ താമസിക്കുമ്പോൾ കിലോമീറ്ററുകളോളം നടന്ന് അനേക രോഗികളെ സന്ദർശിക്കുവാൻ സമയം കണ്ടെത്തി. അതും ജാതിമതഭേദമില്ലാതെ. അദ്ദേഹത്തിനു രോഗശാന്തി വരം ഉണ്ടായിരുന്നതായി ഈ പ്രദേശത്ത് അനേകർ വിശ്വസിക്കുന്നുണ്ട്. 1983-നു ശേഷം കേരളത്തിലുണ്ടായിരുന്ന വർഷങ്ങളിലെല്ലാം അദ്ദേഹം ഡിസംബർ 18-21 പെരുന്നാളിന് വടക്കൻമണ്ണൂർ പള്ളിയിൽ എത്തുമായിരുന്നു. അപ്പോഴൊക്കെയും രോഗശാന്തി ലഭിച്ചവർ ആ വിവരം അറിയിക്കാനും, രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കാൻ അഭ്യർത്ഥിക്കാനും അനേകർ അദ്ദേഹത്തെ സമീപിച്ചതിന് ഈ ലേഖകൻ ദൃക്സാക്ഷിയാണ്. പാമ്പാടി ദയറായിൽ താമസിക്കുമ്പോഴും കാൽനടയായി ക്രമമായി രോഗീസന്ദർശനം നടത്തുന്നത് പതിവാക്കിയിരുന്നതായി അറിയാം.

അതേപോലെതന്നെ *ഗുരു* എന്ന തന്റെ ഇടയനടുത്ത കർത്തവ്യവും അതിപ്രധാനമായി അദ്ദേഹം കണക്കാക്കിയിരുന്നു. പലപ്പോഴും അനവസരത്തിലെന്നു പലരും കരുതുന്ന സമയത്തുപോലും ശ്രോതാക്കളെ പഠിപ്പിക്കുക എന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. പള്ളിപ്രസംഗങ്ങൾ പോലും പ്രബോധനങ്ങളേക്കാൾ ഉപരിയായി പാഠങ്ങളായിരുന്നു എന്ന് ശ്രവിച്ചിട്ടുള്ളവർക്കറിയാം.

മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ കൂദാശാനുഷ്ഠാനങ്ങളിലെ കർക്കശനിഷ്ഠ പ്രസിദ്ധമാണ്. യാതൊരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയാറായിരുന്നില്ല. അദ്ദേഹം അനുവർത്തിച്ചിരുന്ന *വടക്കൻചിട്ട*യുമായി ഒത്തുപോകുവാൻ പലർക്കും ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും ശ്രദ്ധേയമായ ചില പ്രത്യേകതകൾ അവയ്ക്കുണ്ടായിരുന്നു. ആരാധനാനുഷ്ടാനങ്ങളിൽ വർത്തമാനകാലത്ത് ഉപേക്ഷിക്കപ്പെട്ട പല സൂക്ഷ്മാംശങ്ങളും അദ്ദേഹം അനുഷ്ടിച്ചിരുന്നു. ഉദാഹരണത്തിനു പള്ളിയുടെ മദ്ധ്യത്തിൽ ബീമായിൽ നിന്നായിരുന്നു അദ്ദേഹം *ഹവ്ദ് മാലാഖേ* ചൊല്ലിയിരുന്നത്. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ അനിവാര്യമെങ്കിലും മലങ്കരയിൽ ദേവലോകത്തും പാമ്പാക്കുടയിലും മാത്രമേ ബീമാ ഉള്ളു. അതിനാൽ പകരം പള്ളിമദ്ധ്യത്തിൽ ഒരു മേശയിട്ടാണ് ഈ ശുശ്രൂഷ നടത്തിയിരുന്നത്. *ഹവ്ദ് മാലാഖേ* ചൊല്ലുമ്പോൾ നാലു ദിക്കിലേയ്ക്കും തിരിഞ്ഞ് അവിടെ നിൽക്കുന്ന ജനക്കൂട്ടത്തെ അനുഗ്രഹിക്കുകയാണെന്നും അതു മദ്ബഹായിൽ നടത്തിയാൽ മൂന്നു വശത്തെ (കിഴക്ക്, വടക്ക്, തെക്ക്) അനുഗ്രഹം വ്യർത്ഥമാണെന്നുമായിരുന്നു ഇതിനെക്കുറിച്ച് അദ്ദേഹത്തിന്റെ വിശദീകരണം.

കൂദാശാനുഷ്ടാനങ്ങളിൽ തന്റേതായ കാഴ്ചപ്പാടുകൾ വെച്ചുപുലർത്തുകയും അത് അഭംഗുരം പാലിക്കുകയും ചെയ്യുമ്പോഴും അതിനു വിപ

Malankaraorthodox.TV

രീതമായ പാരമ്പര്യങ്ങളെ അദ്ദേഹം നിരോധിച്ചിരുന്നില്ല. ഉദാഹരണത്തിന് താൻ വി. മൂന്നിന്മേൽ കുർബാന ചൊല്ലുകയില്ലെങ്കിലും മറ്റുള്ളവർ ചൊല്ലുന്നതിനെ അദ്ദേഹം നിരോധിച്ചിരുന്നില്ല. അതേപോലെ മറ്റാരെങ്കിലും ചൊല്ലുന്ന മൂന്നിന്മേൽ കുർബാനയിൽ പങ്കെടുക്കുകയും ചെയ്യുമായിരുന്നു. പെരുന്നാൾ മുതലായവയുടെ പ്രാദേശിക പാരമ്പര്യ ആചാരങ്ങളെ ഒട്ടും എതിർത്തിരുന്നുമില്ല.

ഡിസിപ്ലിൻ, സഭയുടെ ഡിസിപ്ലിൻ – ഇത് മാർ ബർണബാസ് മെത്രാപ്പോലീത്താ ആവർത്തിക്കുന്ന ഒരു പദമായിരുന്നു. സഭയുടെ അച്ചടക്കം അദ്ദേഹത്തിനു വിട്ടുവീഴ്ചയില്ലാത്ത ഒന്നായിരുന്നു. സ്വന്തം താല്പര്യങ്ങൾക്കും ആദർശങ്ങൾക്കും വിരുദ്ധമാണെങ്കിലും സഭയുടേയും സഭാദ്ധ്യക്ഷന്റെയും തീരുമാനങ്ങൾ അക്ഷരംപ്രതി ശിരസാ വഹിച്ചിരുന്നു. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്ക് അവിടെ യാതൊരു പ്രസക്തിയുമില്ലായിരുന്നു. സ്വേഷ്ടപ്രകാരം അത് വളച്ചൊടിക്കാൻ തയാറുമല്ലായിരുന്നു. എന്നാൽ സഭാദ്ധ്യക്ഷനോടു പോലും തന്റെ വ്യക്തിപരമായ അഭിപ്രായം – അതിനുചിതമായ വേദികളിൽ മാത്രം – വെട്ടിത്തുറന്നു പറയാൻ മടികാണിച്ചിരുന്നുമില്ല.

തന്റെ ചുതലയിലുള്ള ഒരു സേവനത്തിന് സഭ ഒരു ഫീസ് നിശ്ചയിച്ചിരുന്നു. അതിനപേക്ഷിച്ച ഒരു സഭാംഗം തികച്ചും അർഹനാണെങ്കിലും ഫീസടയ്ക്കുവാൻ കഴിയാത്തവിധം നിർദ്ധനനായിരുന്നു. ഈ ഫീസ് ഇളവു ചെയ്തു കൊടുക്കാൻ അദ്ദേഹം തയാറായില്ല. പകരം പലരിൽ നിന്നായി അത്രയും തുക അദ്ദേഹം സമാഹരിച്ചു ഫീസടച്ചു. അർഹനായ വ്യക്തിക്ക് സേവനവും നൽകി. ചുമതലക്കാരൻ എന്ന നിലയിൽ മാർ ബർണബാസ് മെത്രാപ്പോലീത്തായ്ക്ക് വേണമെങ്കിൽ അത് ഇളവു ചെയ്തു കൊടുക്കാമായിരുന്നു. പക്ഷേ, അത് അനാവശ്യമായ ഒരു കീഴ്‌വഴക്കം സൃഷ്ടിക്കുമെന്നും, ഭാവിയിൽ സഭയ്ക്ക് ദോഷം ചെയ്യുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

ഭദ്രാസന ഭരണത്തെ സംബന്ധിച്ചും സഭയോടുള്ള വിശ്വസ്തതയും വിധേയത്വവുമായിരുന്നു മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ മുഖമുദ്ര. കോട്ടയം, അങ്കമാലി, ഇടുക്കി, അമേരിക്ക ഇവിടങ്ങളിൽ മാറി മാറി നിയമിച്ചപ്പോഴും യാതൊരു പരാതിയോ എതിർപ്പോ കൂടാതെ പുതിയ ഭദ്രാസനത്തിലേയ്ക്കു യാത്രയാവാൻ അദ്ദേഹത്തിനു സാധിച്ചു. വാഗ്ദത്ത കനാൻ നാടായി പലരും മോഹിക്കുന്ന അമേരിക്കയും അദ്ദേഹത്തിനു മറ്റു ഭദ്രാസനങ്ങൾ പോലെ മാത്രമായിരുന്നു. എല്ലായിടത്തും ഏൽപ്പിച്ച താലന്തുകളൊക്കെയും വിശ്വസ്തതയോടെ വ്യാപാരം ചെയ്തെങ്കിലും അവയിലൊന്നും സ്വന്തമാക്കാൻ ശ്രമിച്ചില്ല. അതിനാൽ വേലസ്ഥലം മാറുക എന്നത് അദ്ദേഹത്തിന് അയത്ന ലളിതമായിരുന്നു. വല്ല

Malankaraorthodox.TV

പ്പോഴും ഭദ്രാസനത്തിൽ മുഖം കാണിച്ച് ബാക്കി സമയം മുഴുവൻ അദ്ദേഹം കറങ്ങി നടന്നുമില്ല. അമേരിക്കയിൽ നിന്ന് അത്യപൂർവമായി മാത്രമാണ് നാട്ടിലെത്തിയിരുന്നത്.

വർഷങ്ങളോളം അമേരിക്കയിൽ സേവനമനുഷ്ടിച്ചശേഷം നാട്ടിലേയ്ക്കു മടങ്ങിയത് അവിടെ എത്തിയതിനേക്കാൾ ദരിദ്രനായി – കുപ്പായവും വടിയും സ്ലീബായും – മാത്രമായിട്ടാണ്. താനും തന്റേതും സഭ നിശ്ചയിക്കുന്ന തന്റെ ഭദ്രാസനത്തിന്റേത് എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഈ വിശ്വസ്തതയാണ് അനായാസമായി ഭദ്രസനം മാറാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ചില ഭദ്രാസനങ്ങളിൽ ആത്മാർത്ഥത അദ്ദേഹത്തിനു വിനയായെങ്കിലും അദ്ദേഹം അതു ഗൗനിച്ചില്ല.

ഉദാത്തമായ ഒരു മാതൃക അവശേഷിപ്പിച്ചാണ് മാർ ബർണബാസ് മെത്രാപ്പോലീത്താ വിട വാങ്ങിയത്. ദീർഘകാലം സഹായ മെത്രാപ്പോലീത്തായെക്കൂടി പൂർണ്ണമായി ഉൾക്കൊണ്ടാണ് അദ്ദേഹം അമേരിക്കൻ ഭദ്രാസനം ഭരിച്ചത്. യാതൊരു അസ്വസ്ഥതകളും കൂടാതെ മലങ്കര സഭയ്ക്കു മുഴുവൻ മാതൃകയാകത്തക്കവിധം അധികാര വിഭജനവും സഹകരണവും അസിസ്റ്റന്റിനു കൂടി നൽകി സന്തോഷത്തോടെ ഇടയധർമ്മം നിവർത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതേപോലെ അമേരിക്കൻ ഭദ്രാസന വിഭജനവും പരാതികളും പരിഭവങ്ങളുമില്ലാതെ പൂർത്തിയാക്കാനും അദ്ദേഹത്തിനു സാധിച്ചു.

സഭ, നിയമം, നിഷ്ഠ എന്ന പദത്രയങ്ങളിൽ തന്റെ ജീവിതദർശനം ഒതുക്കി. അസഹനീയമെന്നു ചിലർക്കു തോന്നാവുന്ന ചില സ്വഭാവ വിശേഷങ്ങൾ ഉണ്ടായിരുന്നിട്ടും അദ്ദേഹത്തെ ജനമനസിൽ ശ്രേഷ്ഠനാക്കി നിലനിർത്തുന്നത് ഈ ലളിത ആദർശങ്ങളാണ്.

MalankaraOrthodox.TV

34

Reflections and Memories

Thomas Jacob (Thampi), New York

Anyone who has ever interacted with Barnabas Thirumeni will have some lasting memories to share about his divine qualities because he has touched the hearts of so many in so many different ways and I am no exception. My family has been fortunate to have been closely associated with Barnabas Thirumeni since his arrival in the United States so much so that he was more than a spiritual father for us. We are blessed to have truly witnessed and experienced the true answers to all his prayers for us and on behalf of our family.

Even though it was by default, our family was blessed with the opportunity to serve Barnabas *Thirumen*i and Bava *Thirumen*i, His Holiness Baselios Mar Thoma Mathews II when they both stayed in our home accompanied by Rev. Fr. Jacob John at the time of *Thirumeni's* enthronement at our parish in 1993 –our home was selected as an undisclosed location for their stay as a small precaution to prevent any probability of being served with any stay order from another faction in the American Diocese at the time. We consider this to be the happiest and the most memorable moment ever in our life. We still have vivid memories of Barnabas Thirumeni running from room to room and even to the kitchen to share with me and my wife, Sarada his thoughts and teaching about some bible verse or some article he wrote while we were busy doing other chores in the house. This gave us a sense of comfort, attachment and security with the august presence of two *Appachans* in our house.

When my wife got sick for some time, Barnabas Thirumeni made it a point to call and speak with her every day in the early morning to inquire about her well-being from different parts of the world he was in travel.

We were also blessed with the opportunity of Barnabas Thirumeni solemnizing the wedding of both our daughter and son, Jinni and Jeffrey.

Upon learning that my mother passed away in Kerala in February, 1994, Barnabas Thirumeni who arrived in Kerala from New York that same morning gave us all a pleasant surprise when showed up unaccounced at our home in Muttom early in the morning of the funeral. There were many neighbors, friends and relatives at the house that morning and Barnabas Thirumeni personally wanted to make sure every one was seated appropriately and wanted us to arrange chairs for all of them. His saintly presence, simplicity, humility and prayerful approach made an ever-lasting impression among all

MalankaraOrthodox TV

those non-christian spectators in that village.

His unconditional love for others which he preached and practiced was immense. He never approved of any one undermining others. At the time of inauguration of West Sayville Church when I was Secretary of the Parish, Thirumeni got really angry at me because the photograph of His Grace Dr. Thomas Mar Makarios in the souvenir was little dark and he found it to be unfair. He also found the tone of language in one of the articles in the souvenir to be a little controversial and he did not like it. He rebuked me and said, “Have you read the article?”I did not understand what he was aiming at and I stood silently scratching my head not realizing that I did not really read it. “Is this article fair? Don’t tell me that you don’t know English”, he continued. Silence was my answer.

Barnabas Thirumeni was very special also to our home parish, St. Mary’s Malankara Orthodox Church, West Sayville, New York. We had the opportunity to have witnessed several important milestones after Thirumeni’s arrival in the United States. We bought our Sayville Church in 1992, the same year Thirumeni arrived in the United States. Thirumeni consecrated our West Sayville Church. Thirumeni’s enthronement was held in West Sayville Church in 1993. Thrumeni conducted the feet-washing service in our Parish. Thirumeni ordained two of our young members to priesthood, Rev. Fr. Abi Chacko and Rev. Dn. Abey George, my Godson. He also ordained Rev. Dn. Dennis Mathai in our West Sayville Church. We ardently supported all of Thirumeni’s projects in the erstwhile American Diocese – the present North East American Diocese.

There are so many sweet memories we can share: After he went back to Kerala in 2011, our family had the opportunity to visit Kerala in January, 2012 and went to see Thirumeni in Kolencherry Hospital. At that time he was very sleepy and tired, and did not get a chance to communicate with him. We met two devoted Seminarians alongside Thirumeni, Bibin and Lipin. During our trip to Kerala again in October 2012, we visited Thirumeni in Pampady Dayara and he was very happy to see us all and we were fortunate to have had the opportunity to spend some quality time with him chatting about everything. Our son, Jeffrey, his wife, Jaisy, sons David and Michael also accompanied us. At that time he also spoke about the old days in America and said he completed his duty and he was now resting in Pampady Dayara.

Barnabas Thirumeni lived the life he preached, never deviated from his principles and his belief in God. There is no one like Barnabas Thirumeni, but only Barnabas Thirumeni. We see in Him our Lord Jesus Christ. We all kneel and submit ourselves before Your Grace; please intercede and pray for us in heaven!

MalankaraOrthodox.TV

35

കാപട്യമില്ലാത്ത നല്ല ഇടയൻ

പ്രൊഫ. മേരി മാത്യൂ

(ജനറൽ സെക്രട്ടറി, മർത്തമറിയം സമാജം)

ആധുനിക കാലഘട്ടത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ പ്രാർത്ഥനയുടെ നിറവുകൊണ്ടും ലളിതമായ ജീവിതം കൊണ്ടും ജീവിതത്തിലെ സുതാര്യമായ ശൈലികൊണ്ടും പ്രോജ്വലിക്കുന്ന പരിശുദ്ധിയുടെ കേദാരമായിരുന്നു അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനി. പ്രവർത്തിച്ച എല്ലാ മേഖലകളിലും അനുസ്യൂതമായ പ്രാർത്ഥനയിലൂടെ ദൈവികകൃപയിൽ ജീവിച്ച തിരുമേനി തുടക്കം കുറിച്ച വിവിധ കാര്യങ്ങൾ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുന്നത് കണ്ട് സന്തോഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും സാധിച്ചു. കാപട്യങ്ങളില്ലാതെ നല്ല ഇടയനായി സദാ ദൈവത്തോടൊപ്പം നിലകൊണ്ട് മനുഷ്യരുടെ നന്മയ്ക്കായി പ്രാർത്ഥിച്ചു ജീവിച്ചു ദൈവത്തോടു ചേർന്നു.

1978-1992 വരെ മർത്തമറിയം വനിതാ സമാജത്തിന്റെ പ്രസിഡണ്ടായിരുന്ന കാലഘട്ടത്തിൽ സമാജപ്രവർത്തനങ്ങൾക്കുണ്ടായ വളർച്ച തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. സമാജത്തിന്റെ നേതൃത്വം പൂർണ്ണ ഉത്തരവാദിത്തത്തോടെ ഏറ്റെടുത്ത് സമാജാംഗങ്ങളിൽ ദൈവിക ബോധ്യവും ശിക്ഷണവും ഏകി ഭൗതികവും ആത്മീയവുമായ വളർച്ചയ്ക്ക് പ്രേരിപ്പിച്ചു.

കൃത്യമായ പ്രാർത്ഥനയും വ്രതാനുഷ്ഠാനങ്ങളും

അഭിവന്ദ്യ ബർണബാസ് തിരുമനസ്സിന്റെ ജീവിതം ഓർത്തഡോക്സ് സഭാപിതാക്കന്മാരുടെ പാരമ്പര്യത്തിൽ തന്നെ നിലകൊണ്ടിരുന്നതിനാൽ മൂല്യാധിഷ്ഠിത ജീവിതത്താൽ മാതൃകയായി നിലകൊണ്ടു. നിഷ്ഠയായ പ്രാർത്ഥനയും കൃത്യമായ വ്രതാനുഷ്ഠാനങ്ങളും സമാജാംഗങ്ങളെ സ്വാധീനിച്ചു. പറയുന്നതുപോലെ ജീവിച്ചിരുന്നതിനാൽ അഭിവന്ദ്യ തിരുമേനിയുടെ സാന്നിദ്ധ്യവും പ്രസംഗവും പ്രവർത്തനശൈലിയും സമാജാംഗങ്ങൾക്ക് പുതുചൈതന്യം നൽകി. നാട്യങ്ങളില്ലാതെ പ്രാർത്ഥിക്കുവാനും പ്രാർത്ഥനയായി ജീവിതം മാറുന്നതിനും അഭിവന്ദ്യ തിരുമേനി മാതൃകയായിരുന്നു. പ. സഭയുടെ തനിമയും വിശ്വാസവും പഠിപ്പിക്കുവാനും വി. വേദപുസ്തക പരിജ്ഞാനം ആർജ്ജിക്കേണ്ടത് അനിവാര്യമാണെന്നും സമാജാംഗങ്ങളെ ബോധ്യപ്പെടുത്തി. പ്രാർത്ഥനയാൽ നിയ

Malankaraorthodox.TV

ന്ത്രിതമായ നാവ്, അനുകമ്പയുള്ള മനസ്സ്, സുതാര്യമായ പ്രവർത്തന ശൈലി, വിശുദ്ധമായ ജീവിതം ഇവ പ്രവർത്തകർക്കുണ്ടെങ്കിൽ പ്രവർത്തനം വിജയപ്രദമാകുമെന്നു അഭിവന്ദ്യ തിരുമേനി പഠിപ്പിച്ചു.

ജീവിതത്തിലെ ലാളിത്യം

ഒരു സന്യാസിയുടെ നിസംഗതയോടെ ലോകഇമ്പങ്ങളിൽ നിന്നും അകന്നുനിൽക്കുവാൻ അഭിവന്ദ്യ പിതാവിനു സാധിച്ചിരുന്നു. കീറിയ വസ്ത്രങ്ങൾ തയ്ക്കുവാൻ മർത്തമറിയം വനിതാസമാജം ഓഫീസ് പ്രവർത്തകരെ ഏല്പിച്ചിരുന്നത് ഓർക്കുന്നു. ജീവിതത്തിൽ നിന്ന് ആഡംബരശൈലി അകലെ നിർത്തിയിരുന്നു. എല്ലാവർക്കും ഉപയോഗിക്കുവാനുള്ളത് ചിലർ മാത്രം ആഘോഷമാക്കുന്നതിനോട് ദൈവഭക്തനായിരുന്നതിനാൽ താല്പര്യമുണ്ടായിരുന്നില്ല.

ഒരു ശിശുവിന്റെ നിഷ്കളങ്ക മനസ്സോടും ഉത്തമനായ ന്യായാധിപന്റെ നീതിബോധത്തോടും മർത്തമറിയം വനിതാസമാജത്തിന്റെ പ്രസിഡണ്ടായി അഭിവന്ദ്യ പിതാവ് വർത്തിച്ചു. സമാജത്തിന്റെ ആവശ്യങ്ങൾ ഓരോന്നും ശ്രദ്ധയോടെ പഠിച്ച് അവയുടെ പൂർത്തീകരണത്തിനായി കഠിനമായി അദ്ധ്വാനിച്ചു. കഞ്ഞിക്കുഴിയിലെ സമാജം കേന്ദ്രമന്ദിരത്തിന്റെ നിർമ്മാണത്തിനു വേണ്ടി അഹോരാത്രം കഷ്ടപ്പെട്ടു. കേന്ദ്രമന്ദിരത്തിന്റെ ഹാളിൽ അത്യന്തം ഭക്തിയോടെ വി. കുർബ്ബാന അനുഷ്ഠിക്കുമായിരുന്നു. അത്യുദാത്തമായ ധ്യാനമനനത്തിലൂടെയുള്ള വി. കുമ്പസാരത്താൽ മനുഷ്യചിത്തങ്ങളെ വിശുദ്ധീകരിച്ചു. സമാജാംഗങ്ങൾക്ക് നേതൃത്വപരിശീലനം, വാർഷികസമ്മേളനം, ഓരോ മെത്രാസനത്തിലെയും സമാജപരിപാടികൾ തുടങ്ങിയവയിൽ ആരംഭം മുതൽ അവസാനം വരെ ഉണ്ടായിരുന്ന നേതൃത്വവും സാന്നിദ്ധ്യവും ശിക്ഷണജീവിതത്തിലൂടെ സംക്രമിപ്പിച്ച അച്ചടക്കവും ആത്മീയപരിപോഷണവും വിസ്മരിക്കുവാൻ പറ്റുകയില്ല. ജീവിതത്തിൽ കൃത്യത, അച്ചടക്കം, വ്യക്തത ഇവയ്ക്ക് മുൻതൂക്കം കൊടുക്കുവാൻ എപ്പോഴും പഠിപ്പിച്ചിരുന്നു.

വനിതകൾക്ക് പ്രോത്സാഹനം

മർത്തമറിയം സമാജം പ്രസിഡണ്ടായിരുന്നപ്പോൾ സ്ത്രീകൾക്ക് പ്രസംഗിക്കുവാനും അഭിപ്രായം പറയുവാനും ധാരാളം അവസരങ്ങൾ നൽകിയിരുന്നു. വി. വേദപുസ്തകത്തിലെ വാക്യങ്ങളിലൂടെ സ്ത്രീകളെ പ്രസംഗിക്കുവാനും അത് കേൾക്കുന്നവരുടെ നിർദ്ദേശങ്ങൾ ആരായാനും സമയം കണ്ടെത്തിയിരുന്നു. അഭിവന്ദ്യ തിരുമേനി ശ്രദ്ധയോടെ പ്രസംഗങ്ങൾ കേട്ട് അഭിനന്ദിക്കുകയും മാറ്റങ്ങൾ വേണ്ട കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിരുന്നു. നവോത്ഥാനാശയങ്ങളോടെ സ്ത്രീകളെ പ്രോത്സാഹിപ്പിച്ചിരുന്ന കാര്യം നന്ദിയോടെ സ്മരിക്കുന്നു. പള്ളികളിൽ

Malankaraorthodox TV

പഴയനിയമം വായിക്കുവാൻ വനിതകൾ മുന്നോട്ടു വരണമെന്ന് തിരുമേനി നിർബന്ധം പിടിച്ചു. അമേരിക്കയിൽ സ്ത്രീകളുടെയും യുവാക്കളുടെയും പുതിയ നേതൃത്വനിര വളർന്നുവന്നു. വനിതകൾ ആരാധനയിൽ സജീവമായി.

ഉത്തമനായ ഭരണതന്ത്രജ്ഞന്റെ കാഴ്ചപ്പാടോടുകൂടി മർത്തമറിയം സമാജത്തിന്റെ ഭരണഘടനയിൽ കാലോചിതമായി മാറ്റങ്ങൾ വരുത്തുവാൻ പരിശ്രമിച്ച് വിജയം കണ്ടെത്തി. വി. വേദപുസ്തകം, ഓർത്തഡോക്സ് വിശ്വാസം എന്നിവയിൽ വനിതകൾ ജ്ഞാനം നേടുന്നതിനായി കേന്ദ്രപരീക്ഷ ചിട്ടയോടെ നടത്തുവാൻ ക്രമീകരണങ്ങൾ നടത്തി. ഇത് വി. വേദപുസ്തക പഠനത്തിന് സ്ത്രീകൾക്ക് പ്രോത്സാഹനമായി

നേതൃത്വം അർത്ഥവും പ്രവർത്തനവും തകിടം മറിഞ്ഞുകൊണ്ടിരിക്കുന്ന നവകാലത്ത് നേതൃത്വം സ്നേഹാധിഷ്ഠിതമായ സ്നേഹശുശ്രൂഷയാണെന്ന് ജീവിച്ചു കാണിച്ചു തന്നു. പ്രവർത്തകർ വിശുദ്ധരാകുവാനും വിനയമുള്ളവരാകുവാനും സന്തോഷമുള്ളവരാകുവാനും പരസ്പര സഹായികളാകുവാനും പഠിപ്പിച്ചു. ധാരാളം വായിക്കുകയും എഴുതുകയും ചെയ്തിരുന്ന അഭിവന്ദ്യ തിരുമേനി സ്ത്രീകൾ നന്നായി വായിക്കണമെന്നും എഴുതണമെന്നും നിരന്തരം ഓർമ്മിപ്പിച്ചിരുന്നു. എഴുതുന്നവരെ പ്രോത്സാഹിപ്പിക്കുവാൻ താല്പര്യം കാട്ടി.

സഹജീവികളുടെ ദുഃഖദുരിതങ്ങൾ ഉൾക്കൊണ്ടിരുന്ന ധന്യവ്യക്തിത്വം സ്ത്രീകളുടെ പരിഭവങ്ങളും പരിദേവനങ്ങളും തത്രപ്പാടുകളും ശ്രദ്ധിക്കുകയും കേൾക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു. കോലഞ്ചേരിയിലും പാമ്പാടിയിലും താമസിച്ചപ്പോൾ അനേകം സമാജാംഗങ്ങൾ സ്നേഹാദരവുകളോടെ സന്ദർശിച്ച് അനുഗ്രഹം തേടി. വാർദ്ധക്യസഹജമായ രോഗത്തിൽ ആ ധന്യാത്മാവിനെ ശുശ്രൂഷിച്ചവരുടെ സേവനവും മാതൃകാപരമായിരുന്നു. മർത്തമറിയം വനിതാസമാജത്തിന്റെ അഷ്ടദശതി സ്മരണികയ്ക്കു വേണ്ടി രോഗക്കിടക്കയിൽ വച്ചു സന്ദേശം നൽകുവാൻ അഭിവന്ദ്യ പിതാവ് കാട്ടിയ സ്നേഹത്തിന് സമാജം എന്നും കടപ്പെട്ടിരിക്കുന്നു.

അനുഗ്രഹാശിസ്സുകൾ

കുഴിമറ്റം ബഥനിയിൽ വച്ച് അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെ അനുസ്മരണ സമ്മേളന ദിനത്തിൽ അഭിവന്ദ്യ ബർണബാസ് തിരുമേനി അന്നത്തെ മീറ്റിംഗിനു ശേഷം അവിടെ എത്തി. ദൈവനിയോഗത്താൽ അഭിവന്ദ്യ പിതാവിനെ അന്നു കാണുവാൻ സാധിച്ചത് ഭാഗ്യമായി കരുതുന്നു. പിതൃസഹജമായ സ്നേഹത്തോടെ തലയിൽ കൈവച്ച് അനുഗ്രഹിക്കുകയും മർത്തമറിയം സമാജത്തിന്റെ പ്രവർ

ത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും എല്ലാക്കാര്യങ്ങളും പ്രാർത്ഥനയോടും ചിട്ടയോടും മുന്നോട്ടു കൊണ്ടുപോകണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. ഉത്തമ ആചാര്യന്റെ പ്രാർത്ഥനയും അനുഗ്രഹങ്ങളും ആശംസകളും സമാജത്തിന് എന്നും നന്മയ്ക്കായി നിലകൊള്ളുമെന്നതിൽ സംശയമില്ല.

ഉന്നതാദർശങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടും വ്യത്യസ്ത ജീവിതവീക്ഷണത്തിൽ ദർശനബോധത്തോടെ പൂർവ്വികപിതാക്കന്മാരുടെ പാത പിൻപറ്റിയ അഭിവന്ദ്യ തിരുമേനിക്ക് അന്ത്യോപചാരം അർപ്പിക്കുവാനും കബറടക്ക ശുശ്രൂഷയിൽ പങ്കെടുക്കുവാനും അനേകായിരങ്ങളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. പെരുമ്പാവൂർ വളയംചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ 12-12-12-ൽ കബറടക്ക ശുശ്രൂഷയും പൂർത്തീകരിക്കപ്പെട്ടു. ശുശ്രൂഷകളെല്ലാം അഭിവന്ദ്യ തിരുമേനിക്ക് പ്രിയമായിരുന്ന ചിട്ടയോടും ക്രമത്തോടും നടത്തി എന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

ജീവിതത്തിലുടനീളവും അന്ത്യയാത്രയിലും ആഘോഷപരമായ യാതൊന്നും ഇല്ലാതിരുന്ന അഭിവന്ദ്യ പിതാവേ, അവിടുന്നു തൊട്ടതൊക്കെ അനുഗ്രഹമായിത്തീർന്നുകൊണ്ടേയിരിക്കുന്നു. മർത്തമറിയം വനിതാസമാജവും സമാജപ്രവർത്തകരും നന്ദി നിറഞ്ഞ ഹൃദയത്തോടെ അവിടുത്തെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു.

36

വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിന്റെ ഭാവം

ബിബിൻ കുറിയാക്കോസ്

ലളിതമായി ജീവിക്കുക, മറ്റുള്ളവരെ കരുതുക, അവരുടെ ദുഃഖങ്ങളിൽ പങ്കുചേരുക, ക്രിസ്തു കാണിച്ചുതന്ന മാർഗ്ഗമാണിത്. ജീവിതത്തെ ബുദ്ധികൊണ്ട് നേടാൻ ശ്രമിക്കുമ്പോൾ യഥാർത്ഥമായ ആത്മദർശനം കൊണ്ട് ജീവിക്കാൻ പഠിപ്പിച്ച ഋഷിവര്യനാണ് അഭി. മാത്യൂസ് മാർ ബർണബാസ് തിരുമേനി. വ്യക്തിത്വത്തിന്റെ പൂർണത ഉണ്ടാകുന്നത് ഈ ആത്മദർശനത്തിലാണ്. ഈ പൂർണത കൈവരിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും. ഇക്കാര്യം അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പരിശോധിച്ചാൽ ഇത് മനസ്സിലാകും. The Sacrament of holy Qurbana, The Sacrament of holy Baptism, ക്രിസ്തീയ രൂപാന്തരം, ആശ്വാസപ്രദനായ പരിശുദ്ധ റൂഹാ, സൗഖ്യദായകനായ യേശുക്രിസ്തു, How to avoid and get - rid of stress, കർത്താവിൽ സന്തോഷിപ്പിൻ, ഇങ്ങനെ അദ്ദേഹത്തിന്റെ പുസ്തകമായാലും പ്രഭാഷണമായാലും വേഷത്തിലായാലും ഭക്ഷണത്തിലായാലും ജീവിതരീതിയിലായാലും എല്ലാം ഈ പൂർണ്ണത കൈവരിക്കുവാനുള്ള ഓട്ടമാണ് കാണുന്നത്. 'ബർണബാസ് മെത്രാച്ചൻ ഇങ്ങനെയാ' എന്ന് എപ്പോഴും പറയുമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം ക്രിസ്തീയസാക്ഷ്യമായി എപ്പോഴും ഉയർത്തിപ്പിടിച്ചിരുന്നു.

'ജീവിതം കൊണ്ട് മറ്റുള്ളവരെ ദൈവത്തിലേക്കടുപ്പിക്കുക' എന്ന നിലയിൽ സകലമനുഷ്യരോടും ഉള്ള അനുകമ്പയും, സ്നേഹവും അന്ത്യം വരെയും കാത്തുസൂക്ഷിച്ചു. അതുകൊണ്ട് ക്രിസ്തീയ ജീവിതത്തിന്റെ വലിയ പാഠപുസ്തകമാണ് തിരുമേനി. സാധാരണക്കാർക്കും വലിയവർക്കും അനുകരിക്കാൻ പറ്റിയ ആത്മീയരീതികളായിരുന്നു അദ്ദേഹം കാട്ടിത്തന്നത്. ഒരു മെത്രാപ്പോലീത്തായായി ക്രിസ്തുവിന്റെ പ്രതിപുരുഷനായി വിളങ്ങുമ്പോഴും ആ ആടയോ, അധികാരമോ, ലാളിത്യത്തിനും സ്നേഹത്തിനും തടസ്സമായില്ല. 'മനുഷ്യസേവനത്തിനുള്ള ചിന്തകളെ മനപൂർവ്വം മറന്നുകളയുന്ന വൈദിക ഭാവം' വേദപുസ്തകത്തിലും, ഇന്നത്തെ സഭാന്തരീക്ഷത്തിലും ഉണ്ടാകാറുണ്ട്. ഇത് തിരുമേനിയിൽ ഒരിക്കലും പ്രകടമായിരുന്നില്ല. ഫിലിപ്പ്യ ലേഖനത്തിൽ പറയുന്നതു

Malankaraorthodox.TV

പോലെ 'ക്രിസ്തുവിനെപ്പോലെ ദാസന്റെ രൂപം സ്വീകരിച്ച് തന്നെത്തന്നെ താഴ്ത്തി മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു.' ഈ ഭാവം പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ വലിയ ധൈര്യമാണ് അവസാനം വരെയും തിരുമേനിക്ക് നൽകിയിരുന്നത്. മനുഷ്യരെ സേവിക്കാനും ഏത് പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും അദ്ദേഹത്തിനുണ്ടായിരുന്ന ശക്തിയാണ് ക്രിസ്തുവുമായിട്ടുള്ള ബന്ധം (Personal intimacy with Christ). അത് വാക്കിൽ മാത്രമല്ല, ജീവിതത്തിലും.

"നിങ്ങളുടെ വിശ്വാസത്തിനു മനുഷ്യരുടെ ജ്ഞാനമല്ല ദൈവത്തിന്റെ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിന് എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നത്" (1 കോരി. 2:4, 5). ബർണബാസ് തിരുമേനിയുടെ ജീവിതം പൗലൂസ് അപ്പോസ്തോലന്റെ ജീവിതവുമായി കോർത്തിണക്കിയാൽ ഏറെക്കുറെ ഒരുപോലെ തോന്നും. പൗലൂസ് ശ്ലീഹായുടെ ശക്തമായ വിശ്വാസത്തിന്റെ പ്രകടനമാണ് ഈ ലേഖനങ്ങളിൽ കാണുന്നത്. ധൈര്യത്തോടെ മറ്റു നാടുകളിൽ പോയി സുവിശേഷം അറിയിച്ചും പീഡകൾ സഹിച്ചും സഭയെ വളർത്തി. 'ഒന്നും തനിക്കു വേണ്ടി നേടിയിരുന്നില്ല.' ത്യാഗമില്ലാതെ വളർച്ചയില്ല. ഇതു തന്നെ തിരുമേനിയുടെ ജീവിതത്തിലും കാണുവാൻ സാധിച്ചു. ഇളയവനായ യൗസേപ്പിനെ കൊണ്ടുപോയി പൊട്ടക്കിണറ്റിൽ തള്ളിയെങ്കിൽ അവിടെ നിന്നും യിസ്രേയേലിന്റെ രാജാവാക്കാൻ ദൈവത്തിനു കഴിയും എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഒന്നുമില്ലാത്ത തിരുമേനിയെ ഒന്നുമില്ലാത്ത ഇടുക്കിയിലേക്ക് വിട്ടതും പിന്നീട് പ്രശ്നസങ്കീർണമായ അമേരിക്കയിലേക്ക് അയച്ചതും ശാന്തമായി അവിടെയെല്ലാം പൊന്ന് വിളയിച്ചതും ഈ സാധുവായ തിരുമേനിയിൽ നിന്നാണ്. ഇവിടെയാണ് ക്രിസ്തീയത എന്താണെന്ന് പൗലൂസ് അപ്പോസ്തോലന്റെ വാക്കുകളിലൂടെ നമുക്ക് മനസ്സിലാക്കിത്തരുന്നത്.

"ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ തക്കവണ്ണം ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായത് തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു. ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ" (1 കോരി. 1:27-29).

തിരുമേനിയുടെ ജീവിതം എല്ലാവർക്കും ഒരു വെല്ലുവിളിയായിരുന്നു. ആഗ്രഹിക്കാതെ എല്ലാ സുഖങ്ങളും കിട്ടിയിട്ടും അതൊന്നും പാഴാക്കാതെ മറ്റുള്ളവർക്ക് പങ്കുവച്ചിട്ട് സന്തോഷത്തോടെ വിടവാങ്ങി. ധാരാളം സഹായിച്ചു, ദാനധർമ്മം നടത്തി. അദ്ദേഹം സഹായിച്ചവരുടെ വലിയൊരു നിര

Malankaraorthodox.TV

നമുക്കു ചുറ്റുമുണ്ട്. പ്രതിഫലം ഒന്നും അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. സ്വന്തം പേരിൽ ഒരു സ്ഥാപനം പോലും തുടങ്ങിയില്ല. അമേരിക്കയിലായാലും ഇന്ത്യയിലായാലും എല്ലാവരും തന്റെ മക്കളാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് തന്റെ ശിഷ്ടായുസിനുവേണ്ടി ഒന്നും സമ്പാദിക്കാതെ രണ്ടു കുപ്പായവും ഒരു കാപ്പായുമായി നാട്ടിലേക്ക് മടങ്ങി വന്നത്.

അദ്ദേഹത്തിന്റെ ശുശ്രൂഷകളൊന്നും യാതൊരുവിധത്തിലും ലോക ശക്തികൾക്കു മുമ്പിൽ തടസ്സമായിരുന്നില്ല. തിരുമേനി എപ്പോഴും പറയുന്നതുപോലെ, എല്ലാം ദൈവമഹത്വത്തിന് മാത്രം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ. അത് ഞങ്ങൾക്ക് കാട്ടിത്തന്നത് ജീവിക്കുന്ന സുവിശേഷമാണ്. ഒരിക്കൽ പാമ്പാടി ദയറായിലിരിക്കുന്ന പരുമലതിരുമേനിയുടെ കാലം ചെയ്ത ഫോട്ടോ കണ്ടിട്ട്, ഇത് തെറ്റാണ്. ജീവിച്ചിരിക്കുന്ന പരുമല തിരുമേനിയാണ് നമുക്കുള്ളത് എന്ന് അദ്ദേഹം പറഞ്ഞു. ക്രിസ്തുവിൽ ജീവിക്കാനാണ് അദ്ദേഹം നമ്മോടാവശ്യപ്പെട്ടത്.

ക്രിസ്തീയ സാക്ഷ്യം നൽകി ബർണബാസ് തിരുമേനിക്ക് സന്തോഷത്തോടെ പോകാൻ കഴിഞ്ഞതിൽ രണ്ടു കാര്യങ്ങൾ മർമ്മപ്രധാനമാണ്.

ഒന്ന് വിശ്വാസം. എന്തൊക്കെ വന്നാലും എല്ലാം ദൈവമഹത്വത്തിന് മാത്രമായിരിക്കണം എന്ന് വിശ്വസിച്ചിരുന്നു. ധാരാളം പ്രയാസങ്ങൾ വിവിധ കാലഘട്ടങ്ങളിൽ അനുഭവിച്ച പിതാവ് ആയിരുന്നു ബർണബാസ് തിരുമേനി. എന്നാൽ അതിന്റെ പരിഭവമോ ദുഃഖമോ ആ മുഖത്ത് ഇല്ലായിരുന്നു. ആരോടും പരാതിയുമില്ലായിരുന്നു. ഇയ്യോബിനെ കുപ്പയിൽ നിന്ന് ഉയർത്താമെങ്കിൽ ഏതു കഷ്ടതയിലും പ്രയാസങ്ങളിൽ നിന്നും ഉയർത്താൻ ദൈവത്തിന് കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഈ ധൈര്യമാണ് അദ്ദേഹത്തെ എവിടേക്ക് എറിഞ്ഞാലും അവിടെയെല്ലാം വളർച്ചയുടെ പടവുകൾ കാണുന്നത്.

രണ്ട്, പ്രത്യാശ. മരണം വരെയും പ്രത്യാശ ഉണ്ടായിരുന്നു. എല്ലാവരെയും പക്ഷാഭേദമില്ലാതെ ഒരുപോലെ സ്നേഹിച്ചു. തിരിച്ച് അദ്ദേഹം ഒന്നും പ്രതീക്ഷിച്ചിരുന്നില്ല. എങ്കിലും എല്ലാവരുടെയും സ്നേഹവും വാത്സല്യവും ഒരു കുഞ്ഞിനെപ്പോലെ അനുഭവിക്കുവാൻ സംഗതിയായി. എവിടെയായാലും ദൈവം നടത്തും, ഭംഗിയാക്കും എന്ന് പ്രത്യാശിച്ചിരുന്നു. സ്വദേശം എന്നോ വിദേശമെന്നോ അദ്ദേഹത്തിനില്ലായിരുന്നു. എവിടെയും ഒരുപോലെ ജീവിക്കുവാനും സ്നേഹിക്കുവാനും കഴിഞ്ഞു. അതുകൊണ്ടാണ് അമേരിക്കയുടെ എല്ലാ സുഖങ്ങളും വിട്ടിട്ട് കേരളത്തിലേക്ക് തിരിച്ചുവരുവാനുള്ള ധൈര്യം അദ്ദേഹത്തിനുണ്ടായത്. ഇവിടെ വന്നതിനുശേഷം അദ്ദേഹത്തിന്റെ ആഗ്രഹങ്ങളെല്ലാം ദൈവം നടത്തി. ഒരു

പക്ഷേ സ്വന്തമായി ആരുമില്ലാതിരുന്ന തിരുമേനിക്ക് എല്ലാവരും സ്വന്തക്കാരായി. വിശ്വാസവും പ്രത്യാശയും ഉണ്ടെങ്കിൽ അവിടെ സ്നേഹമുണ്ടാകുമെന്നും അവിടെ വളർച്ചയുണ്ടാകുമെന്നും അദ്ദേഹത്തിൽ നിന്ന് നമുക്ക് പഠിക്കാൻ കഴിഞ്ഞു.

നമ്മെ വിട്ടുപിരിഞ്ഞെങ്കിലും അദ്ദേഹം സന്തോഷത്തോടെ ഇരിക്കുന്നു. കാരണം വിശ്വസ്തതയോടെ എല്ലാ കാര്യങ്ങളും ചെയ്തു പൂർത്തീകരിച്ചാണ് ആ ദേഹി നമ്മിൽ നിന്നു വാങ്ങിപ്പോയത്. വേർപിരിഞ്ഞതിൽ നമുക്ക് പ്രയാസം ഉണ്ടെങ്കിലും ഒരു വലിയ മദ്ധ്യസ്ഥനെ കൂടെ കിട്ടിയതിൽ നമുക്ക് ധൈര്യപ്പെടാം. അദ്ദേഹം പറയുന്ന പൗലൂസ് ശ്ലീഹായുടെ വാക്കുകൾ കുറിക്കട്ടെ. “നിങ്ങൾക്കു ക്രിസ്തുയേശുവിൽ നല്കപ്പെട്ട ദൈവകൃപ നിമിത്തം ഞാൻ എന്റെ ദൈവത്തിൽ നിങ്ങളെക്കുറിച്ച് എപ്പോഴും സ്തോത്രം ചെയ്യുന്നു.” നമ്മെ അറിയുന്ന നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന ആ പുണ്യാത്മാവിന്റെ മുമ്പിൽ നമുക്ക് ശരണപ്പെടാം. തന്നെ മുഴുവനും തനിക്കുള്ളവയെയും മറ്റുള്ളവർക്കു നൽകി അത്യന്തം ദരിദ്രനായിട്ടാണ് അദ്ദേഹം ഈ വലിയ അദ്ധ്യായം പൂർത്തീകരിച്ച്, ലോകം വിട്ടത്. ഈ ധന്യപിതാവിന്റെ മഹാഭക്തിക്കു മുമ്പിൽ ഞങ്ങൾ കൈ കൂപ്പുന്നു.

MalankaraorthodoxTV

37

കുഞ്ഞുങ്ങളെ സ്നേഹിച്ച പിതാവ്

മേരി ജോൺ

എളിയ ജീവിതത്തിലൂടെ വിശ്വാസികളായ സഭാമക്കൾക്ക് മാതൃക കാട്ടിത്തന്നെ ഒരു മുനിശ്രേഷ്ഠനാണ് അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനി.

അഭിവന്ദ്യ ബർണബാസ് തിരുമേനി സഭാമക്കളിലും കുഞ്ഞുങ്ങളിലും നിറഞ്ഞു നിന്ന ഒരു വിളക്കായിരുന്നു. ഈ വന്ദ്യ പിതാവിന്റെ ദേഹവിയോഗം സഭയ്ക്കും സഭാമക്കൾക്കും ഒരു നഷ്ടമാണ്. വന്ദ്യപിതാവിന്റെ അമേരിക്കൻ ജീവിതം ആദിമുതൽ കല്ലും മുള്ളും നിറഞ്ഞതായിരുന്നു. ഈ കഷ്ടപ്പാടുകൾ എല്ലാം സഹിച്ച് ഓർത്തഡോക്സ് സഭയ്ക്ക് അമേരിക്കയിൽ ഒരു ആസ്ഥാനം ഉണ്ടാകണം, അത് ഇവിടുത്തെ സഭാമക്കൾക്ക് ആവിശ്യമാണെന്ന് മനസിലാക്കി അമേരിക്കയിൽ ഒരു ഭദ്രാസനകേന്ദ്രം പണിതുയർത്തി.

വന്ദ്യ പിതാവിന്റെ സുന്ത്രോണിസോ 1992-ൽ സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ഈസ്റ്റ് സായ്‌വില്ലയിൽ വച്ച് നടത്തപ്പെട്ടു. അന്നത്തെ ഇടവക വികാരി സക്കറിയാസ് അച്ചനായിരുന്നു. ഇതെല്ലാം സായ്‌വില്ല പള്ളി ഇടവകക്കാർക്ക് ഒരനുഗ്രഹമായി കാണുന്നു. വന്ദ്യ പിതാവിന്റെ 88-ാമത്തെ ജന്മദിനം 2012 ആഗസ്റ്റ് 9-ന് ആയിരുന്നു. എന്നാൽ എനിക്കും എന്റെ കുടുംബത്തിനും 2012 ആഗസ്റ്റ് 13-ന് തിരുമേനിയോടൊപ്പം അദ്ദേഹത്തിന്റെ ജന്മദിനം ആഘോഷിക്കുവാൻ സാധിച്ചു. കുഞ്ഞുങ്ങളെ ഏറ്റവും അധികം സ്നേഹിക്കുന്ന ഒരു വാത്സല്യ പിതാവായിരുന്നു തിരുമേനി. കുഞ്ഞുങ്ങൾ കുർബാന സമയത്ത് ബഹളം വച്ചാൽ പോലും അവരെ സ്വതന്ത്രമായി വിടുക എന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്.

കുറച്ചുനാളുകൾ അദ്ദേഹത്തെ ശുശ്രൂഷിക്കാനും ചെക്കപ്പിന് അദ്ദേഹത്തെ ഹോസ്പിറ്റലിൽ കൊണ്ടുപോകുവാനും ഉള്ള അവസരം എനിക്കു ലഭിച്ചത് വലിയ ഭാഗ്യമായി കരുതുന്നു. അഭിവന്ദ്യ പിതാവിന്റെ ജീവിതവും സാക്ഷ്യവും മലങ്കരസഭാ മക്കൾക്ക് എന്നാളും മാതൃകയാണ്.

Malankaraorthodox.TV

38

ബർണബാസ് തിരുമേനീ അന്ത്യാഭിവാദ്യം!!

എൽസി യോഹന്നാൻ ശങ്കരത്തിൽ

ഹൃത്തടം വിങ്ങിപ്പൊട്ടുന്നധരം വിതുമ്പുന്നു
ഉത്തമാചാര്യ ശ്രേഷ്ടാ, ബർണബാസ് തിരുമേനീ,
താവക വിയോഗത്തിലമേരിക്കൻ ഭദ്രാസനം
തീവ്രവ്യഥാ തപ്തരായ് അന്ത്യാഭിവാദ്യം നേരൂ.

എൺപത്തെട്ടാണ്ടുകളിൻ വസന്ത ശിശിരങ്ങൾ
പ്രാർത്ഥനാ മന്ത്രങ്ങളാൽ നോമ്പാചരണങ്ങളാൽ
ഭക്തിമാഗ്രിമനായി വിശ്വാസ സംരക്ഷണം
ജീവിത വൃതമാക്കി ജീവിച്ച തപോവൃതൻ,

കാവിവസ്ത്ര ധാരിയായ് തടിക്കുരിശണിഞ്ഞ്
സേവനവ്യഗ്രനായി, രോഗിക്കും പതിതനും
എപ്പോഴും സമീപനായ് ദൈവസ്നേഹം തെളിച്ച
താപസ ശ്രേഷ്ടനായോരാത്മീയ ദേവ ദൂതൻ.

'തുരുത്തിപ്ലി'ൽ പിറന്നു സഭാമേലദ്ധ്യക്ഷനായി
അമേരിക്കൻ ഭദ്രാസനസ്ഥനായ് തെളിഞ്ഞ്
രണ്ടു ദശാബ്ദങ്ങളായ് സധീര തേരാളിയായ്
ശാന്തതീരമേറ്റിയി ഭദ്രാസനം വളർത്തി.

തീജ്വാലയായ് ജീവിതം തപിച്ച നാളിൽപ്പോലും
തീക്ഷ്ണമാം പ്രാർത്ഥനയാൽ ശക്തിയാർജ്ജിച്ച ധന്യൻ
സർവ്വദാ കർമ്മോന്മുഖൻ വിജ്ഞാന വിദ്യാകരൻ
പൈതൃകസ്നേഹത്താലാരിലും കാന്തിതനായി,

ഐഹികാർഭാടങ്ങളിൽ ലേശവും ഭ്രമിക്കാതെ
താഴ്മയാൽ ദൈവസ്നേഹം ഏവരിലും പകർന്നും
മുപ്പത്തിമൂന്നാണ്ടുകൾ മെത്രാപ്പോലീത്താസ്ഥാനം
വിജ്ഞനായ് സംസ്തുത്യനായ് രാജിച്ചോരാചാര്യേശാ!

താവക വിയോഗത്തിലാർത്തരാം ഞങ്ങൾക്കായി
ദൈവിക സവിധത്തിൽ മാദ്ധ്യസ്ഥം അർപ്പിക്കുകേ!
താവക നാമമെന്നും ചിത്തത്തിൽ ചൈതന്യമായ്
ജീവിതകാലം നിൽക്കും, അർപ്പിപ്പേൻ പ്രണാമം തേ!

39

ഒളിമങ്ങാത്ത പ്രഭാപൂരം

സരോജാ വർഗീസ്, ന്യൂയോർക്ക്

ഡിസംബർ 8. ക്രിസ്തുദേവനെ എതിരേല്ക്കാൻ ഒരുങ്ങിനില്ക്കുന്ന വർണ്ണശബളിമയാർന്ന സായാഹ്നം.

മലങ്കര ഓർത്തഡോക്സ് സഭാവിശ്വാസികളെ ദുഃഖത്തിന്റെ താഴ്വരയിലേക്ക് ആഴ്ത്തിക്കൊണ്ട് ആ വാർത്ത പരന്നു. "മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ മെത്രാപ്പോലീത്താ അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് കാലം ചെയ്തു." ആ താപസശ്രേഷ്ഠനെ അടുത്തറിഞ്ഞവരെല്ലാം കണ്ണുനീരോടെ ആ വാർത്ത ഉൾക്കൊണ്ടു.

1992-ൽ അഭിവന്ദ്യ ബർണബാസ് തിരുമേനി അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തതു മുതലാണ് ഞാൻ ആ യോഗിവര്യനെ പരിചയപ്പെടുന്നത്. ക്രിസ്തീയ കൂട്ടായ്മയുടെ നേതൃത്വനിരയിൽ പ്രവർത്തിക്കുന്നതിനുള്ള പരിശീലനം അദ്ദേഹമാണ് എനിക്കു നൽകിയത്. അല്പം സാഹിത്യാഭിരുചിയുണ്ടായിരുന്ന എന്നെ നസ്രാണി സാഹിത്യത്തിലേക്കു നയിച്ചതും തിരുമേനി ആയിരുന്നു.

'രണ്ടു കുപ്പായമുള്ളവൻ ഒന്ന് ഇല്ലാത്തവനു നല്കണം' എന്ന ക്രിസ്തീയ ജീവിത തത്വം പ്രായോഗികമാക്കിയ ശ്രേഷ്ഠ പുരോഹിതനെ അടുത്തറിയാൻ കഴിഞ്ഞതുതന്നെ എന്റെ പുണ്യം. ലളിതമായ സ്വജീവിതം സഭാമക്കൾക്കു ശ്രേഷ്ഠമാതൃകയാക്കി, ഇടയശുശ്രൂഷ നിർവഹിച്ച ആ പിതാവിന്റെ സ്നേഹവാത്സല്യങ്ങൾക്കു പാത്രീഭൂതയാകാൻ സാധിച്ചത് എന്റെ സ്വകാര്യ ജീവിതത്തിലെ ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

തികഞ്ഞ ദൈവാശ്രയവും പ്രാർത്ഥനാ ജീവിതവും സഭയുടെ വിശ്വാസാചാരങ്ങളിലുള്ള കൃത്യനിഷ്ഠയും കൈമുതലാക്കി സത്യത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും വെന്നിക്കൊടി പാറിച്ച ഈ മുനിശ്രേഷ്ഠൻ ജീവിച്ചിരുന്നപ്പോൾ തന്നെ പരിശുദ്ധനെന്ന് അദ്ദേഹത്തെ അടുത്തറിഞ്ഞവർ വിശ്വസിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ തേജസ്സായിരുന്ന ആ പൊൻവിളക്ക് പൊലിഞ്ഞു. എന്നാൽ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വിശുദ്ധിയുടെയും അനർഘശോഭ പരത്തിക്കൊണ്ട് ആ കനകദീപം, ആയിരം ദീപങ്ങൾ ഒരുമിച്ചു കത്തുമ്പോഴുണ്ടാകുന്ന പ്രഭാപൂരം വിശ്വാസികളുടെ ഹൃദയങ്ങളിൽ എന്നും ജ്വലിച്ചു നില്ക്കും.

40

Our Beloved Bernabas Thirumeni

Mareena George

(Plus Two Student, NY)

The Orthodox faith has always been steeped in long held traditions; girls wearing shawls on their head during the church service, drinking 'pavakka' juice and bowing frequently on Good Friday. Another tradition is that only boys are allowed in the altar and therefore, are the only ones allowed to read the Bible during the church service. So imagine my surprise when, on the day Barnabas Thirumeni visited my church and expectations for holding on to tradition was at its peak, my older sister is the one who read from the Old Testament right before the Qurbana. This is only one of the various changes made by Barnabas Thirumeni.

Thirumeni, called Mathukutty as a child, was born on August 9, 1924 in Vengola, Kerela. He was the youngest of two sisters and four brothers, including his twin. He was surrounded by God since birth. His grandfather and uncle were both Orthodox priests, and his mother lived an exceedingly pious life. At the young age of 7, Mathukutty became a monk, giving up foods such as meat and fish. He was ordained by His Holiness Catholicos Baselios Geevarghese II as a Deacon in 1943 and became a Priest in 1951. The Catholicos of the East, His Holiness Catholicos Moran Mar Baselios Marthoma Mathews I ordained him as Metropolitan Mathews Mar Barnabas of the Malankara Orthodox Church on May 15, 1978.

Throughout his various ordinations, Thirumeni taught and helped others. He was a teacher at Kuruppumpady M.G.M. High School, MD Seminary High School, lectured at the Orthodox Theological Seminary, was a warden and resident faculty member at the Seminary, and served as chaplain in the Kolenchery Medical Mission Hospital. This shows Thirumeni's dedication to help others and make a difference in this world.

As a Thirumeni, he led the Idukki Diocese. With his guidance and direction, a Diocesan Center, living quarters for the Metropolitan, and the Idukki Medical Mission were established. In 1993, His Grace was appointed as the Metropolitan of the American Diocese by the Malankara Managing Committee. It is here that Barnabas Thirumeni spent the next 18 years devoting his life to building up and strengthening the American diocese. With Thirumeni's leadership, this American diocese; the Sunday school

MalankaraOrthodox.TV

and all religious organizations flourished, growing bigger and stronger. He frequently visited the various churches entailed in his jurisdiction. And in each church, Thirumeni was not hesitant to constructively criticize the achens, deacons, alter boys, or church members there to better their service. He was so strong in discipline and principles, but at the same time was a very good friend to the children and the elderly, the poor and the wealthy alike. When he comes to our church, after Qurbana, we all sit around him and talk to him. Barnabas Thirumeni attended most, if not all, of the Church and Sunday School activities and functions. One of the greatest changes that Thirumeni made was that he gave importance to women's rights and involvement in the Church. He also put a great emphasis on the youth and teaching them our ways. "Train up a child in the way he should go; even when he is old he will not depart from it," Proverbs 22:6.

Barnabas Thirumeni led an austere and simple life, filled with his devotion to God. He always reminded me of Parumala Thirumeni due to his figure and his simple, humble and prayerful life. He wasn't concerned about the way he looked or the way he dressed. He was the smallest in stature among all Metropolitans, but he was the greatest in humility, love, care and compassion for others. Even after Thirumeni was diagnosed with Parkinson's disease and suffering immensely from the pain and hit with tragedies such as the death of his twin brother, he still continued his responsibilities. He led us in times of great difficulties and allowed us to emerge stronger than before, like a shepherd leads his sheep. "He shall feed his flock like a shepherd; he shall gather the lambs with his arm, and carry them in his bosom, and shall gently lead. ..." Isaiah 40:11.

Thank God for giving us such a pious human being as our shepherd for 18 years. Through his great works, Thirumeni has left us with an impressive legacy and has entrusted us to keep his vision alive.

MalankaraOrthodox.TV

41

ഭാവി തലമുറ വിശ്വസിക്കുമോ?

പ്രൊഫ. ജോർജ് കെ. ഐസക്ക്

ഓർമ്മകൾ ചിറകു വച്ച് കാലത്തെ വെല്ലുവിളിച്ച് പുറകോട്ടു പറക്കുമ്പോൾ ഓർമ്മച്ചെപ്പുകളിൽ നിന്ന് മനോഹരങ്ങളായ വർണ്ണചിത്രങ്ങൾ പുറത്തെത്തും. അപ്പോൾ മൗനിയായിരിക്കുന്നത് അസാദ്ധ്യം. അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയെക്കുറിച്ചുള്ള എന്റെ ഓർമ്മകൾക്ക് ഏതാണ്ട് 4 പതിറ്റാണ്ടിന്റെ പഴക്കവും തിളക്കവും. അന്ന് ഞാനൊരു ഹൈസ്ക്കൂൾ വിദ്യാർത്ഥി. മാത്യൂസച്ചൻ മലങ്കര ഓർത്തഡോക്സ് മെഡിക്കൽ മിഷൻ ആശുപത്രിയുടെ ചാപ്ലെയിൻ. സഞ്ചാരം സൈക്കിളിൽ. എല്ലാ ഞായറാഴ്ചയും സൈക്കിൾ ചവിട്ടി സണ്ടേസ്കൂളിൽ എത്തി വേദഭാഗങ്ങൾ പറഞ്ഞു തരും. വെള്ളിയാഴ്ച തോറും യൂത്ത് ലീഗിന്റെ മീറ്റിംഗിനും എത്തും. വളരെ ലളിതമായ വസ്ത്രധാരണം. എളുപ്പത്തിൽ എല്ലാവരുടെയും ആദരവു പിടിച്ചുപറ്റാൻ കഴിയുന്ന വ്യക്തിത്വത്തിനുടമ. ചുരുങ്ങിയ കാലയളവുകൊണ്ട് ആത്മീയതയിലടിയുറച്ച ജീവിതത്തിന്റെ നേർക്കാഴ്ചയായി മാറി മാത്യൂസച്ചന്റെ പ്രവർത്തനങ്ങൾ. രോഗികളായിരിക്കുന്നവരുടെ ഭവനങ്ങളിൽ സൈക്കിളിൽ ചെന്ന് (അവർ എത്ര സാമ്പത്തികമായി താഴ്ന്ന നിലയിലുള്ളവരായാലും) രോഗശമനത്തിനായി പ്രാർത്ഥിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യുക എന്നത് അന്ന് അച്ചന്റെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗം മാത്രം. ബർണബാസ് തിരുമേനിയുടെ ജ്യേഷ്ഠന്റെ പുത്രിയെ ജീവിതസഖിയായി സ്വീകരിക്കാനുള്ള തീരുമാനത്തിലും മാത്യൂസച്ചന്റെ ആത്മീയ വിശുദ്ധിയുടെ സൂര്യതേജസ് വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഓർമ്മകളിൽ എന്നും ഒളിമങ്ങാതെ നിലനിൽക്കുന്ന ചില സംഭവങ്ങളുടെ വാങ്മയ ചിത്രങ്ങൾ ഞാൻ സമർപ്പിക്കട്ടെ. തിരുമേനി ഇടുക്കി ഭദ്രാസനത്തിന്റെ ചുമതല വഹിക്കുന്ന കാലം. കോർപ്പറേറ്റ് മാനേജ്മെന്റ് കോളജുകളുടെ മാനേജരായിരുന്നു. എന്റെ സുഹൃത്തായൊരു കോളജ് അദ്ധ്യാപകന് കോട്ടയത്തുള്ള കോളജിലേക്ക് സ്ഥലംമാറ്റം വേണമെന്നും അതിന് തിരുമേനിയോട് പറയുന്നതിന് ഞാൻ കൂടെ ചെല്ലണമെന്നും ആവശ്യപ്പെട്ടു. അന്ന് കുമളിയിൽ അദ്ദേഹം താമസിച്ചിരുന്ന വസതിയിലേക്ക് നാലു കോളജദ്ധ്യാപകർ പുറപ്പെട്ടു. സമയം സന്ധ്യ. തിരികെ വരുമ്പോൾ സ്വാദിഷ്ട വിഭവങ്ങൾ ലഭിക്കുന്ന ഒരു ഹോട്ടലിൽ നിന്നും ഡിന്നറും കഴിക്കാൻ പ്ളാനിട്ടു. തിരുമേനിയുമായി സംസാരിച്ചിരുന്നപ്പോൾ

Malankaraorthodox.TV

ഒരു ചോദ്യം. നിങ്ങൾ ആഹാരം കഴിച്ചോ? തിരുമേനിയോട് കള്ളം പറയാനുള്ള ധൈര്യം ഞങ്ങളിൽ ആർക്കും ഉണ്ടായിരുന്നില്ല. തിരികെ പോകുംവഴി അത്താഴം കഴിക്കാൻ ഒരുക്കങ്ങൾ ചെയ്തിട്ടുണ്ട് എന്നായി ഞങ്ങൾ. സാരമില്ല എന്നോടൊപ്പം ആഹാരം കഴിച്ചിട്ടു പോയാൽ മതി എന്നു തിരുമേനി. അങ്ങനെ അന്നത്തെ ആഹാരം ഒരു വലിയ കോപ്പ കഞ്ഞിയും ചെറുപയറും പപ്പടവുമായി മാറിയപ്പോൾ തിരുമേനിയുടെ ലാളിത്യത്തെക്കുറിച്ചു മതിപ്പുതോന്നിയെങ്കിലും ഞങ്ങളുടെ ഉദരഭാഗ്യമില്ലായ്മയിൽ ദുഃഖിച്ചു! അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതലയിലായിരുന്ന കാലം നാട്ടിൽ വരുമ്പോൾ പലപ്പോഴും ഞങ്ങളോടൊപ്പം താമസിച്ചിട്ടുണ്ട്. ആഹാരകാര്യങ്ങളിൽ ഇത്ര ലാളിത്യം മറ്റാരിലും ദർശിച്ചിട്ടില്ല. വളരെ ലളിതമായ ആഹാരം മതിയെന്നദ്ദേഹം കർശനമായി നിർദ്ദേശിക്കും.

ബഹുലതകളിൽ ഔട്ട് ഓഫ് ഫോക്കസ് ആയി പോകാറുള്ള തരത്തിലുള്ളതെങ്കിലും എന്നെ ഏറെ രസിപ്പിച്ചിട്ടുള്ള അനേകം സംഭവങ്ങളുണ്ട്. തിരുമേനിയുടെ ഭവനസന്ദർശനത്തിന് വാഹനവുമായി കൂടെ പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ ആഹാരക്രമം അറിയാവുന്ന വീട്ടുകാർ പഴങ്ങൾ വാങ്ങി കാറിൽ വച്ചു കൊടുക്കും. അടുത്ത വീട്ടിൽ ചെല്ലുമ്പോൾ ആ പാക്കറ്റ് സമ്മാനമായി കൊടുക്കും. ഈ പരിപാടി തുടർന്നുകൊണ്ടേ ഇരിക്കും. കൂടെ ഒരു കമന്റും. എനിക്കു ഭക്ഷിക്കാൻ എന്തിനാണിത്രയധികം പഴങ്ങൾ.

മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്. ദൈവത്തിന്റെ വായിൽ നിന്നു വരുന്ന വചനങ്ങൾ കൊണ്ടു കൂടിയാണ് എന്ന ദൈവവചനം അക്ഷരാർത്ഥത്തിൽ തിരുമേനി പ്രാവർത്തികമാക്കുന്നത് ദർശിക്കാനുള്ള ഭാഗ്യം അങ്ങനെ എനിക്കുണ്ടായി.

രസകരമായൊരു സംഭവം തിരുമേനിയുടെ അമ്മായിയുടെ മകൻ വറുഗീസ് കൊച്ചപ്പൻ വിവരിക്കുന്നു. തിരുമേനി വീട്ടിൽ വരുമ്പോൾ പേരക്കാ കരുതി വച്ച് കൊടുക്കുന്ന പതിവ് തിരുമേനിയുടെ അമ്മായിക്കുണ്ടായിരുന്നു. അമ്മായിയുടെ മരണശേഷവും അതു തുടർന്നു. ഒരിക്കൽ വീട്ടിൽ വന്നപ്പോൾ വറുഗീസ് കൊച്ചപ്പന്റെ മകൾ തിരുമേനിയോടുള്ള ആദരവു മൂലം പേരക്ക കഴുകി വൃത്തിയാക്കി പുറംതോട് ചെത്തി അദ്ദേഹത്തിനു കൊടുത്തു. തിരുമേനി ചെത്തിക്കളഞ്ഞ തൊണ്ട് കൊണ്ടുവരുവാനാവശ്യപ്പെട്ടു. അതു ഭക്ഷിച്ചശേഷം അവയിലടങ്ങിയിരിക്കുന്ന പോഷകങ്ങളെക്കുറിച്ചു വാചാലമായി സംസാരിച്ചു. ദൈവം ദാനമായി നൽകിയ പോഷകഗുണങ്ങളെ വൃഥാ കളയരുതെന്ന ഉപദേശവും.

ലാളിത്യം വസ്ത്രധാരണത്തിലും പ്രകടമായിരുന്നു. അമേരിക്കയിൽ

നിന്നും നാട്ടിൽ വന്ന തിരുമേനി കീറിയ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നതു കണ്ട് പുതിയ വസ്ത്രങ്ങൾ തുന്നിക്കൊടുക്കാൻ തിരുമേനിയുടെ ജ്യേഷ്ഠന് (യശശരീരനായ കെ. കെ. പൗലോസ്) മോഹം. അളവെടുക്കാൻ ഒരു വസ്ത്രം കൊടുക്കാൻ തിരുമേനിയോടാവശ്യപ്പെട്ടു. വളരെ ഭവ്യമായി തിരുമേനി പറഞ്ഞു. ജ്യേഷ്ഠാ ഞാനിട്ടിരിക്കുന്ന വസ്ത്രം മാത്രമേ ഉള്ളൂ. അത് ഊരിത്തരുവാൻ ബുദ്ധിമുട്ടാണ്. ഒടുവിൽ നിർബന്ധിച്ച് അയൽക്കാരന്റെ അടുത്തുകൊണ്ടു പോയി അളവെടുപ്പിച്ച് പ്രശ്നം പരിഹരിച്ചു. ഇതിനും ഞാൻ സാക്ഷി. തിരുമേനിയുടെ ജ്യേഷ്ഠപൗത്രി അർപ്പിത കഴുകുന്നതിനായി സോക്സഴിച്ചു കൊടുക്കുവാൻ ആവശ്യപ്പെട്ടപ്പോൾ "മോളെ ഇതഴിച്ചുതന്നാൽ പകരം മറ്റൊന്നില്ല" എന്നായിരുന്നു മറുപടി.

നിങ്ങൾ രണ്ടു വസ്ത്രം എടുക്കരുത് എന്നും തിരുവെഴുത്തു പറയുന്നുവല്ലോ!!

സമ്പന്നമായ അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല വഹിക്കുമ്പോഴാണിത് എന്നോർക്കുമ്പോൾ ഇതൊരു തമാശയായി തോന്നാം.

തിരുമേനിയുടെ സഹോദരീപുത്രൻ അവറാൻകുഞ്ഞിന് പറയാനുള്ളത് വസ്ത്രം തുന്നുന്ന കഥ. കോട്ടയം എം. ഡി. സെമിനാരിയിൽ മാത്യൂസച്ചൻ അദ്ധ്യാപകനായിരിക്കുന്ന സമയം. തിരുമേനിയുടെ സഹോദരി സിസ്റ്റർ മേരി, മാത്യൂസച്ചന്റെ ഉടുപ്പിനുള്ള തുണിയുമായി ഇളയ സഹോദരി മറിയാമ്മയുടെ വേളൂരുള്ള ഭവനത്തിലെത്തും. സിസ്റ്റർ മേരി തുണി വെട്ടി നല്കും. തയിക്കുന്നത് അവറാൻകുഞ്ഞും. വസ്ത്രത്തിനുവേണ്ടിയുള്ള ചിലവെത്ര ചെറുത്.

തിരുമേനിയുടെ അമ്മാച്ചന്റെ പൗത്രൻ മാത്തുക്കുഞ്ഞ് മറ്റൊരു സംഭവം വിവരിക്കുന്നു. വെല്ലൂർ മെഡിക്കൽ കോളജാശുപത്രിയിൽ മാത്യൂസച്ചൻ ചാപ്ലയിനായിരുന്നപ്പോൾ മാത്തുക്കുഞ്ഞ് കുറച്ചുകാലം അച്ചനോടൊപ്പം താമസിച്ചു. ആശുപത്രിക്കും കാട്പാടിക്കും ഇടയ്ക്കുള്ളൊരു പാഴ്സണേജിലാണ് താമസം. നിലത്തൊരു പായ് വിരിച്ച് മാത്യൂസച്ചന്റെ ഉറക്കം. കട്ടിലും മെത്തയും മറ്റു സൗകര്യങ്ങളും രോഗികളുടെ കൂടെ വരുന്നവർക്കു നൽകും. ഒരിക്കൽ മാത്തുക്കുഞ്ഞച്ചായൻ മാത്യൂസച്ചനോട് അച്ചന്റെ വസ്ത്രധാരണത്തെക്കുറിച്ചൊന്നു സൂചിപ്പിച്ചു. അച്ചന്റെ മറുപടി: "നമ്മുടെ വസ്ത്രധാരണം മറ്റുള്ളവരെക്കൊണ്ട് 'ഹെ!' എന്നും 'ഹൊ!' എന്നും പറയിക്കരുത്. അഴുക്കുപുരണ്ട് വൃത്തികേടായ വസ്ത്രവും വേണ്ടത്ര ശരീരഭാഗങ്ങൾ മറക്കാതെയുള്ള വസ്ത്രധാരണവും മറ്റുള്ളവരെക്കൊണ്ട് 'ഹെ!' എന്നു പറയിക്കും. ആഢംബര വസ്ത്രങ്ങൾ 'ഹൊ!' എന്നും. ഇതിനു മധ്യേ വൃത്തിയുള്ള വില കുറഞ്ഞ സാധാരണ വസ്ത്രം. അതുമതി എനിക്ക്."

Malankaraorthodox TV

അത്യുന്നതൻ ഭൂജാതനായപ്പോൾ ഒരു കീറ്റുശീല മാത്രമായിരുന്നല്ലൊ വസ്ത്രമായിരുന്നത്!!

ഇത്തരുണത്തിൽ ഞാനോർത്തത് ബൈബിൾ വെളിച്ചത്തിന്റെ കവചം എന്ന പുസ്തകത്തിൽ കെ. പി. അപ്പൻ ക്രിസ്തുവിനെക്കുറിച്ചു പരാമർശിച്ചതാണ്.

"അവൻ എഴുന്നേറ്റ് കാറ്റിനെയും കടലിനെയും ശാസിച്ചപ്പോൾ അവ ശാന്തമായി... രോഗികളെ സൗഖ്യമാക്കി. .... മരണത്തിനുമേൽ മശിഹായ്ക്ക് അധികാരമുണ്ടായിരുന്നു. ... എന്നാൽ അതിനേക്കാൾ വലിയൊരത്ഭുതം കാട്ടി അദ്ദേഹം എന്നെ നിത്യദാസനാക്കി. യേശു സാത്താനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ, നാൽപ്പതു ദിവസത്തെ ഉപവാസത്തിനുശേഷം പോലും സ്വന്തം വിശപ്പു മാറ്റാനായി ഒരത്ഭുതവും ചെയ്തില്ല."

അതെ സമ്പന്നമായ അമേരിക്കൻ ഭദ്രാസനാധിപന് ഉണ്ടായിരുന്നത് ഒരു പെയർ സോക്സും സാധാരണ കാവിത്തുണികൊണ്ടുള്ള കീറിത്തുടങ്ങിയ ഒരു വസ്ത്രവും!!

എന്റെ മോൻ ഉണ്ടായപ്പോൾ ഡാഡിക്ക് (തിരുമേനിയുടെ ജ്യേഷ്ഠൻ) ഒരു മോഹം. കുട്ടിയെ മാമോദീസാ മുക്കുന്നത് തിരുമേനിയാകണം. അന്ന് തിരുമേനിക്ക് ഇടുക്കി ഭദ്രാസനത്തിന്റെ ചുമതല. ഡാഡി ഡൽഹിയിൽ താമസം. തിരുമേനിയെ വിളിച്ച് ആവശ്യം പറഞ്ഞു. വരാമെന്ന് തിരുമേനി സമ്മതിച്ചു. തിരുമേനിയുടെ യാത്രയ്ക്കായി ഡാഡി പ്ലെയിൻ ടിക്കറ്റ് ബുക്ക് ചെയ്തു. തിരുമേനി പറഞ്ഞു "എന്റെ സമയത്തിനത്രയധികം വിലയൊന്നുമില്ല. ട്രെയിനിലെ യാത്ര ചെയ്യുന്നുള്ളു." ഡാഡി ഉടൻ തന്നെ ട്രെയിനിൽ ഫസ്റ്റ് ക്ലാസ് എ. സി. ടിക്കറ്റ് ബുക്കു ചെയ്തു. തിരുമേനിയുടെ പ്രതികരണം: "ഞാൻ ഓർഡിനറി തേർഡ് ക്ലാസ്സിലേ യാത്ര ചെയ്യാറുള്ളു." ഒടുവിൽ തിരുമേനിയുടെ നിർബന്ധത്തിന് വഴങ്ങേണ്ടി വന്നു.

അന്ന് സുഹൃത്തായ അദ്ധ്യാപകന്റെ കോട്ടയത്തേക്കുള്ള സ്ഥലംമാറ്റത്തിനുള്ള ആവശ്യം ഉന്നയിച്ചപ്പോൾ തിരുമേനിയുടെ മറുപടി: "സ്ഥലം മാറ്റം രണ്ടു കാര്യങ്ങൾ പരിഗണിച്ചു മാത്രമേ നൽകുകയുള്ളു. എന്നോട് നീരസം തോന്നരുത്. ഒന്ന് സ്ഥലം മാറ്റത്തിനപേക്ഷിച്ചിട്ടുള്ളവരുടെ സീനിയോറിട്ടി. രണ്ട് കോട്ടയത്തേക്കു മാറ്റാതിരുന്നാൽ വ്യക്തിപരമായി ഓരോ അപേക്ഷകർക്കും ഉണ്ടാകാവുന്ന പ്രയാസങ്ങളുടെ തീക്ഷ്ണത. ഇതു രണ്ടും കർശനമായി പരിശോധിക്കും." കേട്ടപ്പോൾ നിരാശ തോന്നി. ഇന്ന് പിന്തിരിഞ്ഞു നോക്കുമ്പോൾ പുതഞ്ഞു പൊന്തുന്ന ബഹുമാനവും.

താൻ വിശ്വസിക്കുന്ന ബൈബിളിലും, ദൈവവിശ്വാസത്തിലും സഭാ

MalankaraOrthodox.TV

പ്രമാണങ്ങളിലും അടിയുറച്ചു നിന്നു. അതിൽനിന്നും അണുവിട വ്യതിചലിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. അതിൽ നിന്നും വ്യതിചലിക്കുന്നവരെ ശാസിക്കുകയും ചെയ്യും.

ഒരിക്കൽ അമേരിക്കയിൽ നിന്നും നാട്ടിൽ വന്നപ്പോൾ വീടുപണിക്കുള്ള സഹായാഭ്യർത്ഥനയുമായി ഒരാൾ വന്നു. തിരുമേനി ആലോചിച്ച് ചെയ്യാമെന്നു പറഞ്ഞ് തിരിച്ചയച്ചു. ശേഷം എന്നെ വിളിച്ച് "വന്നയാൾ സഹായത്തിനർഹമായവിധത്തിൽ സാമ്പത്തിക പരാധീനതയുള്ള ആളാണോ? അയാൾ മദ്യപിക്കുമൊ?" എന്നിങ്ങനെയുള്ള കാര്യങ്ങൾ അന്വേഷിച്ച് പറയാൻ ആവശ്യപ്പെട്ടു. അർഹതപ്പെട്ടവർക്കു തന്നെ സഹായം എത്തണമെന്ന തിരുമേനിയുടെ തീരുമാനം എനിക്കു ബോദ്ധ്യപ്പെട്ടു. അന്ന് ഞാൻ കൊടുത്ത വിവരണത്തിന്റെ അടിസ്ഥാനത്തിൽ അർഹമായൊരു തുക തിരുമേനി അവർക്കു നൽകി.

തന്റെ മകൾ റോമിക്ക് കോളജഡ്മിഷൻ വാങ്ങിക്കൊടുക്കുവാൻ തിരുമേനിയുടെ സഹോദരൻ ആവശ്യപ്പെട്ടു. "ജ്യേഷ്ഠൻ വിചാരിച്ചാൽ എന്റെ സഹായമില്ലാതെ അവൾക്കൊരു അഡ്മിഷൻ വാങ്ങിക്കൊടുക്കുവാൻ സാധിക്കും. എന്നാൽ എന്റെ സഹായമില്ലാതെ അഡ്മിഷൻ കിട്ടാൻ സാധിക്കാത്ത സാധുക്കളായ കുട്ടികൾക്കുവേണ്ടിയല്ലേ ഞാൻ പറയേണ്ടത്" എന്നായി തിരുമേനി.

കുടുംബത്തിലെ ഓരോ വ്യക്തിയുടെയും ജനനത്തീയതി അദ്ദേഹത്തിനറിയാം. തിരുമേനിയുടെ ജന്മദിനാശംസകളോടുകൂടിയ കത്ത് അവർക്കെല്ലാം ലഭിച്ചിരിക്കും. കത്തിൽ മനുഷ്യജന്മത്തിന്റെ പ്രാധാന്യവും, ജീവിതം ദൈവനാമമഹത്വത്തിനായി ജീവിക്കേണ്ടതിന്റെ ആവശ്യകതയും ബൈബിൾ ഉദ്ധരണികളുടെ സഹായത്തോടെ ഓർമ്മിപ്പിക്കും. ഈ കത്തുകൾ സൂക്ഷിച്ചിരുന്നെങ്കിൽ ഇന്നൊരു പുസ്തകമാക്കാൻ കഴിഞ്ഞേനെ.

എളിമ തിരുമേനിയുടെ സ്വഭാവവൈശിഷ്ട്യങ്ങളിലൊന്നു മാത്രം. അരമണിക്കൂറിന്റെ മാത്രം പ്രായം കൂടുതലുള്ള ഇരട്ടസഹോദരനെ (അന്തരിച്ച ശ്രീ. കെ. കെ. ഏബ്രഹാം) അദ്ദേഹം കുഞ്ഞേട്ടൻ എന്നാണ് വിളിക്കുന്നത്.

തിരുമേനി വീട്ടിൽ താമസിച്ചിട്ടുള്ളപ്പോഴൊക്കെ സന്ധ്യ മയങ്ങുമ്പോൾ പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടും. പ്രാർത്ഥനാപുസ്തകം, ബൈബിൾ, ക്രിസ്തീയഗാനങ്ങൾ അടങ്ങുന്ന പുസ്തകം ഇവ കൊണ്ടുവരണം. നാലോ അഞ്ചോ പേർ മാത്രമേ വീട്ടിൽ ഉള്ളുവെങ്കിലും ആദ്യം ക്രിസ്തീയ ഗീതം ആലപിക്കുവാൻ ആവശ്യപ്പെടും. പിന്നീട് ബൈബിൾ വായന. അതിനുശേഷം വായിച്ച വേദഭാഗങ്ങളെക്കുറിച്ചദ്ദേഹം സംസാരിക്കും. ശേഷം പ്രാർത്ഥന. ഇത്രയും ഭക്തിയോടെ പ്രാർത്ഥനാജീവിതം നയി

ക്കുന്ന വ്യക്തികൾ അപൂർവ്വങ്ങളിൽ അപൂർവ്വം. പ്രാർത്ഥനയിൽ വീഴ്ച വരുത്തിയാലോ, വേണ്ടത്ര ഗൗരവം നൽകാതിരുന്നാലോ, ആ വ്യക്തി ആരായാലും തിരുമേനിയുടെ ശകാരത്തിനിരയാകും.

തിരുമേനിയുടെ മൂത്ത സഹോദരന്റെ (കെ. കെ. തോമസ്) പുത്രി ഗ്രേസി തന്റെ ജീവിതാനുഭവം പങ്കുവച്ചു: ഗ്രേസിയുടെ അനുജത്തി സൂസിക്ക് മക്കളില്ല. തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച് തന്റെ രണ്ടു പെൺമക്കളിൽ ഇളയവളെ സൂസിക്ക് നൽകി. ഏറെ താമസിയാതെ ഗ്രേസിക്കൊരു മകൻ കൂടി പിറന്നു. സ്വന്തം പുത്രിയെ മക്കളില്ലാത്ത സഹോദരിക്കു നൽകാൻ തയാറായതിന്റെ ദൈവസ്നേഹ ബഹിസ്ഫു രണമാണ് ഈ മകൻ എന്ന് തിരുമേനി പ്രാർത്ഥിച്ചശേഷം പറഞ്ഞു. തിരു മേനിയെ അനുസരിച്ചതു മൂലം തിരുമേനിയുടെ പ്രാർത്ഥനയാൽ ദൈവം തന്നെ കടാക്ഷിച്ചു എന്ന് ഗ്രേസി ഇന്നും തീക്ഷ്ണമായി വിശ്വസിക്കുന്നു.

പഠനത്തിൽ അതിസമർത്ഥനായിരുന്നു തിരുമേനി എന്ന് തിരുമേനി യോടൊപ്പം കളിച്ചും പഠിച്ചും വളർന്ന വറുഗീസ് കൊച്ചപ്പൻ സാക്ഷി ക്കുന്നു. അനേകർ മക്കളെ എഴുത്തിനിരുത്താനായി തിരുമേനിയെ സമീ പിച്ചിരുന്നു. 'യേശു എന്റെ ഗുരു' എന്ന് അരിയിൽ എഴുതിച്ചാണ് എഴു ത്തിനിരുത്തുക. അങ്ങനെ രാജാക്കന്മാരുടെ രാജാവും ഗുരുക്കന്മാരുടെ ഗുരുവുമായ യേശുവിനെ ഗുരുവായി കുഞ്ഞുങ്ങൾ സ്വീകരിക്കുന്നു. അക്ഷ രങ്ങളിലുള്ള അറിവു മാത്രമല്ല വിദ്യാഭ്യാസം എന്നദ്ദേഹം ഓർമ്മിപ്പിക്കും. ക്രിസ്തീയ വിശ്വാസത്തിന്റെ തേജസിൽ ദൈവശോഭയിൽ ജീവിക്കുവാൻ സജ്ജമാക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം എന്നദ്ദേഹം സമർ ത്ഥിക്കും. അതിനായി കുട്ടികളെ സജ്ജരാക്കുന്നവർ യഥാർത്ഥ സദ്ഗുരു ക്കളും.

തിരുമേനിയുടെ സഹോദരപുത്രി മേരി തന്റെ ഫ്ളാഷ്ബാക്കുകൾ നിരത്തുന്നതിപ്രകാരം: മേരിയുടെ ഭർത്താവ് മാത്തുക്കുട്ടി രോഗഗ്രസ്ഥ നായി മൃത്യു പുൽകാൻ കാലവിളംബം ഉണ്ടാകില്ലെന്നറിഞ്ഞപ്പോൾ തിരു മേനി നൽകിയ ആശ്വാസവും പിൻബലവും തന്നെ താങ്ങിനിർത്തി. പതി വായി വന്ന് പ്രാർത്ഥന നടത്തുകയും ആശ്വാസവാക്കുകൾ ചൊരിയു കയും ദൈവവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുകയും ചെയ്തു.

തിരുമേനിയുടെ നിഷ്കളങ്കമായ പുഞ്ചിരിയുടെ കുളിർതെന്നൽ തഴു കുമ്പോൾ ഏതൊരു മനസും ആശ്വാസത്തിന്റെ ഉറവകൾ കണ്ടെത്തും.

എവിടെ ആയിരിക്കുമ്പോഴും തിരുമേനിയുടെ പ്രധാന പ്രവർത്തനം രോഗികളായവരെ ആശുപത്രിയിലും ഭവനത്തിലും സന്ദർശിച്ച് ആശ്വ സിപ്പിക്കുക എന്നതായിരുന്നു. അതിന് സാമ്പത്തിക വലുപ്പചെറുപ്പങ്ങൾ തിരുമേനിയെ സ്പർശിച്ചിട്ടേയില്ല.

MalankaraOrthodoxTV

മാത്യൂസച്ചനെ റമ്പാൻസ്ഥാനം നൽകാനായി തിരഞ്ഞെടുത്തശേഷം വീട്ടിലെത്തിയപ്പോൾ വിഷണ്ണനായി കാണപ്പെട്ടു. കാരണം തിരക്കിയപ്പോൾ പറഞ്ഞത് രോഗികളെ സന്ദർശിക്കുന്നതിനും തന്റെ ആവശ്യം ഉള്ളവരുടെ സമീപം ഓടിഎത്തുന്നതിനും പുതിയ സ്ഥാനലബ്ധി ഒരു തടസമാകുമെന്ന് താൻ ഭയപ്പെടുന്നു എന്നാണ്. അമേരിക്കയിലായിരിക്കുമ്പോഴും ടെലിഫോണിൽ വിളിച്ച് എല്ലാവരെയും അന്വേഷിക്കാൻ അദ്ദേഹം മറക്കാറില്ലായിരുന്നു.

റമ്പാച്ചനായിരുന്ന സമയത്ത് സമ്പന്നഭവനങ്ങളിൽ രോഗികളെ സന്ദർശിക്കുന്ന അവസരങ്ങളിൽ കൈമുത്ത് ചിലർ കവറിലിട്ട് നിർബന്ധമായി പോക്കറ്റിൽ നിക്ഷേപിച്ച സന്ദർഭങ്ങൾ സോമൻ (ഇരട്ട സഹോദരന്റെ പുത്രൻ) ഓർമ്മിക്കുന്നു. ഉടനെ സന്ദർശിക്കുന്ന സാധുക്കളായ രോഗികളുടെ ഭവനങ്ങളിൽ ഈ കവർ തുറന്നുനോക്കുക പോലും ചെയ്യാതെ കൊടുത്തിട്ടു പോരുകയാണത്രെ പതിവ്.

വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുതെന്ന തത്വത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്നു തിരുമേനിയെന്ന് വറുഗീസ് കൊച്ചപ്പൻ. ബന്ധുക്കളുടെയും അയൽവാസികളുടെയും ബുദ്ധിമുട്ടുകൾ സ്വയം കണ്ടറിഞ്ഞ് അവരെ സഹായിക്കും. അവർ പറഞ്ഞല്ലാതെ, തിരുമേനിയിൽനിന്നും ഒരിക്കലും ആരും ഇതറിയുകയില്ല. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കാൻ കഴിയും?

തിരുമേനി കടമറ്റം പള്ളിയിൽ വച്ച് ആദ്യ മാമോദീസാ നടത്തിയത് ഇരട്ടസഹോദരന്റെ പുത്രൻ ചാർളിയെ ആയിരുന്നു. ചാർളി തന്റെ ഓർമ്മകൾ പങ്കുവയ്ക്കുന്നു: ഒരിക്കൽ തിരുമേനിയുടെ അമ്മ തന്റെ മകനോട് ഇത്തിരി പൈസാ ചോദിച്ചപ്പോൾ 'ഇതെല്ലാം സഭയുടേതാണ്, എന്റേതല്ല, സഭയുടെ പൈസ കൊണ്ടു വേണോ അമ്മയ്ക്ക് ജീവിക്കാൻ' എന്ന് പറഞ്ഞത് അമ്മയോട് സ്നേഹമില്ലാത്തതുകൊണ്ടല്ല, സഭയുടെ യാതൊരു വകയും കുടുംബത്തിലേക്ക് പോകരുത് എന്ന നിർബന്ധം കൊണ്ടാണ്. തിരുമേനി നടത്തിയ ആദ്യ മാമോദീസാ എന്റെയായിരുന്നുവെന്നതും അവസാനം നടത്തിയ മാമോദീസാ എന്റെ മകളുടെ കുഞ്ഞിന്റെയുമായത് തിരുമേനിക്ക് ഞങ്ങളോടുള്ള ആത്മാർത്ഥ സ്നേഹത്തിന്റെ ഫലമാണ് എന്ന് വിശ്വസിക്കുന്നു. തന്റെ അമ്മ മേരിയോടും, ജ്യേഷ്ഠൻ പൗലോസിന്റെ ഭാര്യ, തിരുമേനി 'ചേട്ടത്തിയാര്' എന്ന് വിളിക്കുന്ന ശോശാമ്മയോടും അവസാനംവരെയും പ്രത്യേക വാത്സല്യമുണ്ടായിരുന്നു. തിരുമേനി ഏറെ സ്നഹിച്ച ജ്യേഷ്ഠൻ തോമസിന്റെ മകൻ പൗലൂസ്കുട്ടിക്കും ഭാര്യ സിനിക്കും പറയാനേറെ കഥകൾ...

MalankaraOrthodoxTV

തിരുമേനിയുടെ ആത്മീയജീവിതത്തിന് അടിസ്ഥാനമിട്ടതിൽ തിരുമേനിയുടെ അമ്മയ്ക്കും പൗലൂസച്ചനും സിസ്റ്ററാന്റിക്കും വലിയ പങ്കുണ്ട്. ആരുമറിയാതെ 40 ദിവസവും വെള്ളം മാത്രം കുടിച്ച് ഉപവസിക്കുന്ന, എന്നാൽ പാടത്തെ പണിയുൾപ്പെടെ എല്ലാം ചെയ്യുകയും ചെയ്യുന്ന ഭക്തയായിരുന്നു അമ്മ. പരുമല തിരുമേനിയാണ് അമ്മയെ മാമോദീസാ മുക്കിയത്. പൗലൂസച്ചന്റെ എല്ലാ കഴിവുകളും തിരുമേനിക്ക് അതേപടി കിട്ടിയിട്ടുണ്ട്. സിസ്റ്ററാന്റി എന്നു വിളിക്കുന്ന സിസ്റ്റർ മേരിയാണ് തിരുമേനിയുടെ മിക്ക കാര്യങ്ങൾക്കും ഉപദേശം നൽകിയിരുന്നത്. മെത്രാപ്പോലീത്താ ആയിക്കഴിഞ്ഞും ഒരു കുഞ്ഞിനെകൊണ്ട് നടക്കുന്നതുപോലെയാണ് തിരുമേനിയെ സിസ്റ്ററാന്റി കൊണ്ടുനടന്നത്. കുപ്പായവും മസ്നപ്സയും ഒക്കെ തയിക്കുകയും അലക്കിതേച്ച് കൊടുക്കുകയും ചെയ്തിരുന്നു. സിസ്റ്ററാന്റിയുടെ ശാസനയും ഉപദേശവും തിരുമേനി ക്ഷമയോടെ കേട്ട് വേണ്ടത് ചെയ്യുമായിരുന്നു. ഇവരാണ് തിരുമേനിയുടെ ആത്മീയവളർച്ചയ്ക്ക് വേണ്ട പാഠങ്ങൾ നൽകിയിരുന്നത്. ഇങ്ങനെ അനേകം കഥകളും അനുഭവങ്ങളും എഴുതാൻ വളരെയേറെയുണ്ട്.

എബ്രായ ലേഖനം 13:7-ൽ പറയുന്നു, "നിങ്ങളോട് ദൈവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവീൻ; അവരുടെ ജീവാവസാനമോർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ." തിരുമേനിയുടെ ജീവിതം അനുകരിപ്പാൻ നമുക്ക് ശ്രമിക്കാം.

MalankaraOrthodox.TV

42

ഇടുക്കിയുടെ ശില്പി

ജോസഫ് റമ്പാൻ ഒ.ഐ.സി.

ഇടുക്കിയിൽ സഭ വളർന്നത് ബർണബാസ് തിരുമേനിയുടെ ജീവിതവും കഠിനാദ്ധ്വാനവും കൊണ്ടാണ്. ആർക്കും അന്നും ഇന്നും പോകുവാൻ വലിയ താല്പര്യമില്ലാത്ത ഒരിടമാണ് ഇടുക്കി ഭദ്രാസനം. കാരണം വലിയ നേട്ടങ്ങളൊന്നുമില്ല, കഷ്ടപ്പാട് മാത്രം. ആർക്കും വേണ്ടാത്ത ദുഷ്കരമായ വഴികളും കുന്നുകളും ഉള്ള ആ നാട്ടിലേക്ക് സ്വയമേവ പോകുവാനായി തീരുമാനിച്ച ഈ പിതാവ് കാണിച്ചുതന്നത് ത്യാഗത്തിന്റെ അനുഭവമായിരുന്നു. കോട്ടയത്തുനിന്ന് കൊണ്ടോടി ബസിൽ കയറി കുമളിയിൽ വന്നിറങ്ങുന്ന ഈ പിതാവിനെ ഇടുക്കിയിലെ ജനങ്ങൾ അന്നും ഇന്നും നെഞ്ചിലേറ്റി നടക്കുന്നു.

ഒരു പ്രാവശ്യം കരുണാപുരം പള്ളി കൂദാശയ്ക്ക് കൊണ്ടോടി ബസിൽ പോകുമ്പോൾ ഒരു സ്ത്രീയും കുഞ്ഞും നില്ക്കുന്നത് കണ്ടു. തിരുമേനി സീറ്റിൽ നിന്ന് ചാടിയെഴുന്നേറ്റ് അവരെ നിർബന്ധിച്ച് സീറ്റിലിരുത്തി. തിരുമേനി കമ്പിയിൽ കൈ പിടിച്ച് കുമളി വരെയും നിൽക്കുന്ന കാഴ്ച ബസിൽ ഇരിക്കുന്നവരെ എഴുന്നേല്പിച്ചു. അവിടെ ചെന്നപ്പോൾ 'വിശക്കുന്നു' എന്ന് പറഞ്ഞ് കടയിൽ നിന്ന് രണ്ടേത്തയ്ക്കാ മേടിച്ച് കഴിച്ചതും ചേറ്റുകുഴിയിൽ നിന്നും ജീപ്പിൽ സ്വീകരിച്ചുകൊണ്ടുപോയതും കൂദാശ നടത്തിയതുമെല്ലാം മറക്കാനാവാത്തതാണ്. അന്ന് ഞാനായിരുന്നു ആ പള്ളിവികാരി. ബഹളത്തോട് ഒട്ടും താല്പര്യമില്ലാത്ത തിരുമേനി, പോയിക്കഴിഞ്ഞാണ് ഒരു കഥാപ്രസംഗം അവിടെ നടത്തിയത്. തിരുമേനി കോട്ടയം ഭദ്രാസനാധിപനായിരിക്കുന്ന കാലത്ത് പാമ്പാടി ദയറായിൽ പെരുന്നാളിന് ഗാനമേള നടത്തണമെന്ന് ആളുകൾ തീരുമാനിച്ചു. 'ദയറായുടെ വെളിയിൽ സന്ധ്യാനമസ്ക്കാരത്തിനു മുമ്പ് വൈകുന്നേരം നടത്തിക്കോ, കൃത്യം 5.45 ആകുമ്പോൾ തീർക്കണം' എന്ന് തിരുമേനി പറഞ്ഞു. ഗാനമേള നീണ്ടു. 6 മണിയോടടുത്തു. കറുത്ത കുപ്പായം ഇട്ടുകൊണ്ട് ഓടിവന്ന് സ്റ്റേജിനടുത്തു വന്ന് 'സ്റ്റോപ്പ്' എന്ന് ഉറക്കെ പറഞ്ഞു ദേഷ്യപ്പെട്ടു. അവിടെയുണ്ടായിരുന്ന ഗാനമേളക്കാരും ആളുകളും തിരുമേനിയെ കണ്ട് കൈയിൽ കിട്ടിയതും കൊണ്ട് ഓടി. പിന്നീട് ഇതുപോലുള്ള പരിപാടികൾ തിരുമേനി നിർത്തിച്ചിരുന്നു.

ഇടുക്കി കുമളി ചക്കുപള്ളം 6-ാം മൈലിൽ തിരുമേനി ആസ്ഥാനം ആരംഭിച്ചു. ചെറിയൊരു മുറി പണിതു. കൂടാതെ കുറച്ച് ഏലത്തോട്ടവും

കാപ്പിത്തോട്ടവും മേടിച്ചു. മുപ്പത് പള്ളികളോളം തിരുമേനിയുടെ വിയർപ്പിൽ നിന്നും ഉണ്ടായതാണ്. അതിൽ ഏഴു പള്ളികളിൽ ഞാൻ വികാരിയായി ഇരുന്ന് പണിയിച്ചതാണ്. അതെല്ലാം കൂദാശ ചെയ്തതും അഭിവന്ദ്യ ബർണബാസ് തിരുമേനിയായിരുന്നു. എല്ലാ ദിവസവും ഭവനസന്ദർശനം നടത്തിയിരുന്നു. സമുദായം നോക്കിയിരുന്നില്ല. ഒരു ദിവസം കഞ്ഞിക്കുഴി പള്ളിയിൽ കുർബ്ബാനയ്ക്കുശേഷം കാപ്പികുടി കഴിഞ്ഞ് അവിടുത്തെ 30 കുടുംബങ്ങൾ സന്ദർശിച്ചു. ഭക്ഷണം കാര്യമായി കഴിക്കാതെ രാത്രി 10 മണി വരെ നടന്ന് നടന്ന് ക്ഷീണിച്ചു. ഷുഗർ താണുപോയി. പഞ്ചസാര കൊടുത്തതിനുശേഷം തിരുമേനി ചാടിയെഴുന്നേറ്റ് 'വാ ബാക്കി വീടുകൾ കൂടി കയറാം' എന്ന് പറഞ്ഞ് പൂർത്തീകരിച്ചു. കരിമ്പനയിൽ സ്ഥലം വാങ്ങിച്ച് പള്ളി പണിതു. ഉപ്പുകുന്നിൽ ആദിവാസികളായിരുന്നു. തിരുമേനി അവരുടെ ഇടയിലേക്കു ചെന്നു. സ്വർഗത്തിൽ നിന്ന് ഒരു മാലാഖ ഇറങ്ങിവരുന്ന പ്രതീതിയായിരുന്നു അവർക്ക്. തിരുമേനി കൈയിൽ നിന്ന് പൈസ മുടക്കി സ്ഥലം വാങ്ങിച്ച് അവിടെയും പള്ളി പണിതു. അതോടുകൂടി ഈ സ്ഥലമെല്ലാം ഇടുക്കിയുടെ പ്രധാന കേന്ദ്രമായി. അന്ന് 20 വീട്ടുകാർ അംഗങ്ങളായിരുന്നുവെങ്കിൽ ഇന്ന് 12-ായി ചുരുങ്ങി. തിരുമേനിയുടെ സ്നേഹവും കരുതലും കൊണ്ട് അന്ന് അനേകർ സഭയിൽ ഉറച്ചുനിന്നിരുന്നു.

ഇടുക്കിയിലെ വൈദികരുടെ കുറവ് പരിഹരിക്കാൻ 10-ാം ക്ലാസ് പാസ്സാകുന്ന പിള്ളേരെ പിടിച്ച് നിർബന്ധിച്ച് സെമിനാരിയിൽ വിട്ട് പഠിപ്പിക്കുമായിരുന്നു. ചിലവു മുഴുവൻ തിരുമേനി വഹിച്ചിരുന്നു. പഠനം കഴിഞ്ഞാലുടൻ തിരുമേനി തന്നെ പെണ്ണിനെ കണ്ടുപിടിച്ച് കെട്ടിച്ച് അച്ചന്മാരാക്കിയിരുന്നു. തിരുമേനിക്ക് കിട്ടിയിരുന്ന പൈസായും അച്ചന്മാർക്ക് കൊടുത്തിരുന്നു. തിരുമേനിയാണ് അവിടുത്തെ എല്ലാ ആധ്യാത്മിക സംഘടനകളും പ്രവർത്തനനിരതമാക്കിയത്. അതുപോലെ എല്ലാ ഞായറാഴ്ചയും എല്ലാ പള്ളികളിലും കുർബാന ചൊല്ലണമെന്ന് നിർബന്ധവുമുണ്ടായിരുന്നു. അതിനുവേണ്ടിയാണ് വളരെയേറെ ത്യാഗം അനുഭവിച്ചത്. അമേരിക്കയിൽ പോയതിനുശേഷവും അച്ചന്മാരുടെ ചെലവിനുള്ളതും ഭദ്രാസനകാര്യങ്ങൾക്കും നല്ലൊരു തുക എപ്പോഴും അയച്ചുകൊടുക്കുമായിരുന്നു. തിരുമേനിക്കു ശേഷം സ്ഥിരമായി ഒരാൾ ഭദ്രാസനഭരണം നടത്താഞ്ഞതു മൂലമായിരിക്കാം പിന്നീട് അല്പം മന്ദീഭവിച്ചത്. അതുപോലെ ഈ ചെലവെല്ലാം ഉണ്ടെങ്കിലും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഒരു കുറവും വന്നിരുന്നില്ല. അതിനു കൂടുതൽ നേതൃത്വം നൽകി. അതിന്റെ തുടക്കമെന്നോണമാണ് നെറ്റിത്തൊഴുവിൽ ഒരു ആശുപത്രി ഉണ്ടായത്. കൽക്കട്ടായിൽ വച്ച് തിരുമേനി സഹായിച്ച ഡോ. പി. പി. മത്തായി സേവനസന്നദ്ധനായി വന്നു. ഇങ്ങനെ തിരുമേനിയുടെ കഷ്ടപ്പാടും വിയർപ്പുമാണ് ഇന്ന് ഇടുക്കി ഭദ്രാസനം ഇങ്ങനെ നിൽക്കുന്ന

തിന്റെ അടിസ്ഥാനം. ബർണബാസ് തിരുമേനിക്ക് അദ്ദേഹത്തിന്റെ മുഖമുദ്ര എന്ന് പറയാവുന്ന ചില പ്രത്യേകതകൾ ഉണ്ടായിരുന്നു.

വചനശുശ്രൂഷ

ഏത് സാഹചര്യത്തിലായാലും ഏത് സമയത്തായാലും പ്രസംഗിക്കാൻ താല്പര്യം കാട്ടിയിരുന്നു. കുർബാനയ്ക്ക് ഏവൻഗേലിയോൻ കഴിഞ്ഞായിരുന്നു പ്രസംഗം. എപ്പോഴും പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. അതിനു തക്ക അവഗാഹവുമുണ്ടായിരുന്നു. ഒരിക്കൽ ഒരു പെന്തക്കോസ്ത് പാസ്റ്ററുടെ നേതൃത്വത്തിൽ കുമളിക്കടുത്ത് പ്രാർത്ഥനാഗ്രൂപ്പ് ആരംഭിച്ചു. പാസ്റ്ററുടെ വലിയ പ്രസംഗം കേട്ട് നമ്മുടെ ആളുകളെല്ലാം ആ പ്രാർത്ഥനാഗ്രൂപ്പിലേക്ക് പോയി. ഇത് തിരുമേനിക്ക് വിഷമമായി. ഒരിക്കൽ തിരുമേനി പാസ്റ്ററെ വിളിച്ച് സംസാരിക്കാൻ തുടങ്ങി. പാസ്റ്റർ വേദവാക്യങ്ങളെടുത്ത് വലിയ ചോദ്യങ്ങൾ ചോദിച്ചു. തിരുമേനിയുടെ ഉത്തരങ്ങൾക്കു മുമ്പിൽ പാസ്റ്റർ തോറ്റുപോയി. കൂടാതെ തിരുമേനി അങ്ങോട്ട് ചോദിക്കാൻ തുടങ്ങി. പാസ്റ്റർ ലജ്ജിച്ച് ഇറങ്ങിപ്പോയി. നമ്മുടെ ആളുകളെല്ലാം തിരുമേനിയുടെ ഒറ്റക്കുടക്കീഴിൽ അണിനിരന്നു. ഇങ്ങനെ ഏത് പ്രശ്നത്തിനും പരിഹാരമായി അവരോടൊപ്പം നിന്നിരുന്ന പിതാവായിരുന്നു ബർണബാസ് തിരുമേനി. ഞങ്ങളോടൊക്ക ധാരാളം ദേഷ്യപ്പെടുമായിരുന്നു എങ്കിലും അതിനപ്പുറമുള്ള സ്നേഹമുണ്ടായിരുന്നു.

കൃത്യനിഷ്ഠ

സമയം തക്കത്തിൽ ഉപയോഗിച്ച ഉത്തമദാസനാണ് തിരുമേനി. വെളുപ്പിനെ 4.30-ന് എഴുന്നേറ്റാൽ വൈകിട്ട് 10 മണി വരെയും കഠിനാദ്ധ്വാനമായിരിക്കും. അല്പം ആഹാരവും ജീർണവസ്ത്രവുമായിരുന്നു തിരുമേനിയുടെ കഷ്ടപ്പാടിനു മുതൽക്കൂട്ട്. ഒരിക്കൽ സുന്നഹദോസിന് തിരുമേനി ധ്യാനം നയിച്ചപ്പോൾ വട്ടക്കുന്നേൽ ബാവാതിരുമേനി താമസിച്ചാണ് വന്നത്. “ഈ സഭ എങ്ങനെ ശരിയാകാനാ, ഇടയന്മാർ ഇങ്ങനെയല്ലേ” എന്നു പറഞ്ഞു. പിറ്റേദിവസം ബാവാതിരുമേനി പത്ത് മിനിറ്റ് നേരത്തേ വന്ന് ‘ആബൂനേ ഇന്നെങ്ങനെ ഉണ്ട്’ എന്ന് ചോദിച്ചു. ‘ഹാ ഇങ്ങനെ വേണം’ എന്ന് സന്തോഷത്തോടെ പറഞ്ഞു. ആരുടെ മുമ്പിലും തന്റെ ആദർശശുദ്ധിക്ക് ഭംഗം ഏൽക്കാതെ കാത്തുസൂക്ഷിക്കുവാൻ തിരുമേനിക്ക് കഴിഞ്ഞിരുന്നു.

ആരാധന

ആരാധന ഭംഗിയാക്കണം എന്നല്ലാതെ മറ്റുള്ളവരുടെ പ്രശംസ പിടിച്ചുപറ്റുന്ന രീതികളൊന്നുമില്ലായിരുന്നു. അതിന്റേതായ ചിട്ടകൾക്ക് യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലായിരുന്നു. സന്ധ്യാനമസ്ക്കാരത്തിനു മുമ്പ്

ക്രിസ്തീയഗാനങ്ങൾ ആലപിക്കുന്നത് തിരുമേനിക്ക് ഇഷ്ടമായിരുന്നു. പ്രഭാതപ്രാർത്ഥനയ്ക്കു മുമ്പ് 'മനമെ പക്ഷിഗണങ്ങൾ...' എന്നുള്ളതും പാടുമായിരുന്നു. ആളുകളെ മനം മടുപ്പിക്കുന്ന രീതിയിൽ ആരാധന വലിച്ചുനീട്ടിക്കൊണ്ടു പോകില്ലായിരുന്നു. എന്നാൽ പ്രസംഗം രണ്ടെണ്ണം ഉണ്ടായിരിക്കും. ആളുകളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ ലഘുലേഖനങ്ങളും പ്രാർത്ഥനകളും എഴുതി വളരെ ചെറിയ വിലയിലും സൗജന്യമായും കൊടുക്കുമായിരുന്നു. വേദപുസ്തകപരമായി ഏതു ചോദ്യത്തിനും തക്ക ഉത്തരമുണ്ടായിരുന്നു. അത്രയ്ക്ക് സമർത്ഥനായിരുന്നു. എന്നാൽ അതൊന്നും അദ്ദേഹത്തിന്റെ വേഷത്തിലോ നടപ്പിലോ ഭാവത്തിലോ കാണിച്ചിരുന്നില്ല.

ഇടുക്കിയുടെ അമരക്കാരനായിരുന്ന അദ്ദേഹം കഷ്ടപ്പെട്ടതുപോലെ സഭയിൽ വേറാരും കഷ്ടപ്പെട്ടതായി കാണുവാൻ കഴിയുന്നില്ല. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും പാമ്പാടി തിരുമേനിയുടെയും ജീവിതരീതികൾ അദ്ദേഹത്തിൽ ദർശിക്കാൻ കഴിയും. അദ്ദേഹം തൊട്ടതെല്ലാം വിലയേറിയ പവിഴമുത്തുകളായി ഇന്ന് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങൾക്ക് നല്ല മാതൃക നൽകിയ പിതാവേ, അങ്ങയുടെ മദ്ധ്യസ്ഥത യാചിച്ചുകൊണ്ട് ആ നല്ല ജീവിതത്തിനു മുമ്പിൽ ഞങ്ങളും ശിരസ് നമിക്കുന്നു.

malankaraorthodox.tv

മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കാൻ പ. മാർത്തോമ്മാ ദിദിമോസ് ബാവാ എത്തിയപ്പോൾ.

43

വിശുദ്ധ കുർബ്ബാനയുടെ ധ്യാനപഠനം

കെ. വി. മാമ്മൻ

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിലെ പ്രഗത്ഭരും പ്രശസ്തരും പ്രമുഖ പ്രസംഗകരും ഉയർന്ന ചിന്തകരും ഗ്രന്ഥകർത്താക്കളുമായിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ബർണബാസ് എന്നീ മൂന്നുപേരുടേയും ആദ്യത്തെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അസുലഭ ഭാഗ്യം യാദൃശ്ചികമായി ലഭിച്ച വ്യക്തി എന്ന നിലയിൽ മാത്യൂസ് മാർ ബർണബാസിന്റെ പ്രഥമകൃതിയായ 'വിശുദ്ധ കുർബ്ബാനയുടെ ധ്യാനപഠനം' ഞാൻ അച്ചടിക്കാനിടയായ സാഹചര്യം ഈ കൃതിയിൽ ഒരളവിൽ പ്രസക്തമായിരിക്കുമെന്നു കരുതുന്നു.

അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ പുസ്തകം പ്രസിദ്ധപ്പെടുത്താൻ ഇടയായ സാഹചര്യം തികച്ചും വിഭിന്നമാണ്. അതെപ്പറ്റി കുറിക്കുമ്പോൾ അഞ്ചു ദശാബ്ദം പിന്നോട്ടു നാഴികമണി തിരിക്കേണ്ടി വരുന്നു.

1960 ഏപ്രിൽ മാസം. ഞാൻ നാഗ്പൂർ ഹിസ്‌ലപ്പ് കോളജിൽ ജേണലിസം കോഴ്സ് പഠനവും പരീക്ഷയും കഴിഞ്ഞ് നാഗ്പൂർ വൈ.എം.സി.എ. യിൽ തന്നെ താമസിക്കുന്നു. അക്കൊല്ലത്തെ ഹാശാആഴ്ച ഉരുക്കുനഗരമായ ഭിലായിയിൽ നടത്താനായി ഞാൻ വരുന്നുണ്ടെന്നും കഷ്ടാനുഭവ ആഴ്ച കഴിഞ്ഞ് നമുക്കൊന്നിച്ചു ഭിലായിയിൽ നിന്നു ജബൽപൂരുവരെ പോകാമെന്നും ഫാ. എം. വി. ജോർജ് എന്നെ എഴുതി അറിയിച്ചിരുന്നു. നിശ്ചിതസമയത്ത് നാഗ്പൂരിൽ എത്തിയ ഫാ. എം. വി. ജോർജും ഞാനും കൽക്കട്ടായിലെ ഹൗറായിലേക്കു പോകുന്ന ബോംബെ-ഹൗറ തീവണ്ടിയിൽ ദുർഗ്ഗ സ്റ്റേഷനിൽ എത്തി. അവിടെ ഞങ്ങളെ സ്വീകരിക്കുന്നതിനുള്ള ഇടവകപ്രതിനിധികൾ എത്തിയിരുന്നു.

ഞങ്ങൾക്കു റായ്പ്പൂർ, ബിലാസ്പൂർ, കട്നി, സീഹോറ എന്നീ സ്ഥലങ്ങൾ കടന്നു വേണമായിരുന്നു ജബൽപൂരിൽ എത്താൻ. റായ്പ്പൂരിലെ വൈ.എം.സി.എ. പോലെയുള്ള ഗാഡ് മെമ്മോറിയൽ ഹാളിന്റെ ചുമതലക്കാരൻ ഫാ. എം. വി. ജോർജിനോടൊപ്പം അമേരിക്കയിൽ പഠിച്ച ഒരു സ്നേഹിതനായിരുന്നതിനാൽ അവിടെ എത്തി അദ്ദേഹത്തിന്റെ ആതിഥ്യം

സ്വീകരിച്ചു. സുവിശേഷയോഗങ്ങൾ നടത്തിയിരുന്ന ഈ സ്ഥാപനം നേരത്തെ ഹൈന്ദവർ തീയിട്ടു നശിപ്പിച്ചതായിരുന്നു. പിന്നീട് പുതുക്കി പ്പണിത ഈ ഹാളിലാണു ഞങ്ങൾ എത്തിയതും ഏതാനും മണിക്കൂർ തങ്ങിയതും.

തുടർന്ന് ബിലാസ്പൂരിലേക്കും കട്നിയിലേക്കും പോയി. കട്നി മധ്യ പ്രദേശത്തെ ഒരു പ്രമുഖ തീവണ്ടി സ്റ്റേഷനായിരുന്നു. അവിടെനിന്നു ജബൽപൂരിൽ എത്തി. ജബൽപൂരിലുള്ള നമ്മുടെ വലിയപള്ളി ബ്രിട്ടീഷ് പട്ടാളക്കാരുടെ ഗാരിസൺ ചർച്ചായിരുന്നു. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ച ശേഷം ബ്രിട്ടീഷുകാർ സ്ഥലം വിട്ടപ്പോൾ ഈ പള്ളി നമ്മുടെ സഭാംഗ ങ്ങൾക്ക് ആരാധന നടത്താൻ തന്നതാണ്. ഏതാനും ഉദ്യോഗസ്ഥരും നഴ്സിംഗ് വിദ്യാർത്ഥികളും മാത്രമേ അന്നവിടെ നമ്മുടെ സഭാംഗങ്ങ ളായി ഉണ്ടായിരുന്നുള്ളു.

ജബൽപൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ അന്നത്തെ വികാരിയായിരുന്ന ഫാ. കെ. കെ. മാത്യൂസ് (പിന്നീട് മാർ ബർണബാസ്) ഞങ്ങളെ സഹർഷം സ്വാഗതം ചെയ്യുകയും അവിടെ താമസിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. എന്നും ലളിതജീവിതപ്രേമിയാ യിരുന്ന മാത്തുക്കുട്ടി അച്ചൻ അന്നു രാത്രി അതിഥികളായ ഞങ്ങൾക്കു അത്താഴമായി കഞ്ഞിയും ചെറുപയറും ദാളും (പരിപ്പ്) നാരങ്ങാ അച്ചാറും നൽകിയ കാര്യം ഇന്നലെ നടന്നതുപോലെ ഞാനോർക്കുന്നു. മാത്തു ക്കുട്ടി അച്ചനിൽനിന്നു ഒരു വി.ഐ.പി. പരിഗണന ലഭിക്കുമെന്ന ചിന്ത യൊന്നുമില്ലാതിരുന്ന ഞങ്ങൾ നാട്ടിൽനിന്നു മൈലുകൾ അകലെ നിന്ന സ്വന്തം ഇടത്തരം ഭവനത്തിലെപ്പോലെ സ്നേഹനിർഭരമായ ആതിഥ്യം ലഭിച്ചതിൽ അതീവ സന്തുഷ്ടരായിരുന്നു.

രണ്ടു കാര്യങ്ങൾ ഫാ. മാത്യൂസ് എടുത്തു പറഞ്ഞു. നമ്മുടെ പള്ളി വളരെ വലുതാകയാൽ സംരക്ഷണകാര്യം തലവേദന ഉണ്ടാക്കുന്ന പ്രശ്നമാണ്. വേണ്ടത്ര ആളും അർത്ഥവും ഇല്ലാത്തതിനാൽ പള്ളി തൂത്തും വൃത്തിയാക്കിയും സംരക്ഷിക്കുന്നത് ഒരു വല്ലാത്ത പ്രശ്നമാ ണെന്നും അതു പലപ്പോഴും തന്നെ അലട്ടിക്കൊണ്ടിരിക്കുകയാണെന്നും ബ. അച്ചൻ പല തവണ അറിയിച്ചു.

ജബൽപൂരിൽ ഒരു യുദ്ധോപകരണ നിർമ്മാണ ഫാക്ടറി ഉണ്ട്. പ്രസ്തുത ഓർഡൻസ് ഫാക്ടറിയിൽ ഒട്ടധികം മലയാളികൾ ജോലി ചെയ്തിരുന്നു. അവരിൽ പലരും ഓർത്തഡോക്സ് സഭാംഗങ്ങളു മായിരുന്നു. ഒരു ദിവസം വൈകിട്ട് അവിടെ വച്ചു ഫാക്ടറിയിലെ ക്രൈസ് തവർക്കുവേണ്ടി നടത്തിയ ഒരു മീറ്റിംഗിൽ ഫാ. മാത്യൂസിന്റെ സാന്നിദ്ധ്യ ത്തിൽ ഫാ. എം. വി. ജോർജും ഞാനും പ്രസംഗിച്ചു. സഭയുടെ ദൗത്യ

ത്തെപ്പറ്റി ഫാ. എം. വി. ജോർജിന്റെ ആവേശനിർഭരമായ പ്രസംഗം ശ്രോതാക്കളെ വളരെയധികം സ്വാധീനിച്ചു എന്നു പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു. ഫാ. ജോർജിന്റെ നിർദ്ദേശാനുസരണമാണ് ഞാൻ പ്രസംഗിച്ചത്. രണ്ടു ദിവസത്തെ താമസത്തിനിടയിൽ നമ്മുടെ സഭയിൽ പെട്ട ഏതാനും വ്യക്തികളുടെ വീടുകൾ സന്ദർശിച്ചു പ്രാർത്ഥിക്കുന്നതിനും സമയം ലഭിച്ചു.

ഞങ്ങൾ മടങ്ങുന്നതിനു മുമ്പ് ഫാ. കെ. കെ. മാത്യൂസ് എന്നോടിപ്രകാരം പറഞ്ഞു, "ഞാൻ വിശുദ്ധ കുർബ്ബാനയുടെ ധ്യാനപഠനം" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്താൻ രണ്ടു മൂന്നു നോട്ടുബുക്കുകളിലായി ചില സംഗതികൾ എഴുതി സൂക്ഷിച്ചിട്ടുണ്ട്. മാമ്മച്ചൻ ചില പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നുണ്ടല്ലോ. ഇതു കൂടി പ്രസിദ്ധപ്പെടുത്തി സഹായിക്കണം."

നമ്മുടെ ആരാധനയുടെ മകുടമായ വിശുദ്ധ കുർബാനയെപ്പറ്റിയുള്ള പഠനം ആവശ്യമാണെന്ന ചിന്തയാൽ ഞാനതു സസന്തോഷം സമ്മതിച്ചു. ഉടനെ ബ. മാത്തുക്കുട്ടി അച്ചന്റെ മുഖത്ത് ഒരു ബാലാർക്കോദയം ദർശിക്കാനും സാധിച്ചു. ഞാൻ കോട്ടയത്തു തിരിച്ചെത്തിയശേഷം വൈകാതെ പുസ്തകം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. പഠിച്ചെഴുതിയ നല്ല പുസ്തകമാകയാൽ കോപ്പികൾ പെട്ടെന്നു തീർന്നു. പിന്നീട് അതിന്റെ ഏതാനും പരിഷ്കരിച്ച പതിപ്പുകളും പ്രകാശം കണ്ടു. ബർണബാസ് തിരുമേനിയുടെ പ്രഥമ ഗ്രന്ഥവും പ്രസിദ്ധീകരിക്കാൻ സാധിച്ചതിലുള്ള ആത്മസന്തോഷം അദ്ദേഹം അന്തരിച്ചിട്ടും അസ്തമിക്കുന്നില്ല.

മെത്രാപ്പോലീത്താ ആയശേഷം, പാമ്പാടി തിരുമേനിയുടെ ജീവചരിത്രമായ "താബോറിലെ താപസവര്യൻ" എന്ന എന്റെ പുസ്തകത്തിന്റെ രണ്ടാം പതിപ്പ് അവതാരിക എഴുതി കനകപ്പലം പള്ളിയിൽ വച്ച് തിരുമേനി പ്രകാശനം ചെയ്ത കാര്യവും ഞാൻ ഓർക്കുന്നുണ്ട്. അദ്ദേഹം ഗ്രന്ഥങ്ങൾക്കു പുറമെ പഠനാർഹങ്ങളായ ഒട്ടധികം ശ്രദ്ധേയമായ ലേഖനങ്ങൾ രചിച്ചു സഭാംഗങ്ങളെ ഏറെ ധന്യരാക്കിയിട്ടുണ്ടെന്ന കാര്യവും ഇവിടെ എടുത്തുപറയാൻ ആഗ്രഹിക്കുന്നു. ലളിതജീവിതത്തിന്റെ ആധുനികപ്രവാചകനായിരുന്ന ആ പുണ്യപുരുഷന്റെ ധന്യജീവിതം നമ്മെ കോരിത്തരിപ്പിക്കും. സംശയമില്ല.

MalankaraOrthodox TV

44

അന്ത്യനാളിന്റെ യാത്രാവഴി...

ലിബിൻ രാജ്, ബിബിൻ കുറിയാക്കോസ് & റിറ്റു ഫീലിപ്പോസ്

അഭിവന്ദ്യ ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം ഞങ്ങൾ മൂന്നു പേരാണ് പല പ്രാവശ്യമായി മാത്യൂസ് മാർ ബർണബാസ് തിരുമേനിയെ ശുശ്രൂഷിച്ചത്. 2012 മെയ് മാസത്തിൽ വന്ന തിരുമേനിക്ക് പത്തു മാസത്തോളം കോലഞ്ചേരി ആശുപത്രിയിൽ ഡോ. ഈപ്പൻ, ഡോ. സോജൻ എന്നിവരുടെ നേതൃത്വത്തിൽ വേണ്ട എല്ലാ പരിചരണവും നൽകി. ചാപ്ലെയിൻ അച്ചന്മാരായിരുന്ന പൂവത്തുംമൂട്ടിലച്ചൻ, വർഗീസച്ചൻ, സിസിലച്ചൻ എന്നിവരും കിഴക്കമ്പലം സിസ്റ്റേഴ്സും എന്നും വരികയും തിരുമേനിക്ക് വേണ്ട എല്ലാ ശുശ്രൂഷകളും ചെയ്യുകയുമുണ്ടായി. ഫെബ്രുവരിയിൽ നേഴ്സുമാരുടെ സമരം നീണ്ടതിനെത്തുടർന്നും തിരുമേനിയുടെ ആരോഗ്യസ്ഥിതി അല്പം മോശമായതുകൊണ്ടും പെരുമ്പാവൂർ സാൻജോ ഹോസ്പിറ്റലിലേക്ക് മാറ്റി. ഡോ. സാബുവിന്റെ പരിചരണം മൂലം തിരുമേനിക്ക് വലിയ മാറ്റം കണ്ടുതുടങ്ങുകയും ചെയ്തു.

കോലഞ്ചേരി, പെരുമ്പാവൂർ ആശുപത്രികളിൽ കിടന്നപ്പോഴും, ക്ഷീണമാണെങ്കിൽപോലും തിരുമേനി വൈകുന്നേരം രോഗികളെ സന്ദർശിക്കാൻ പോകുമായിരുന്നു. കൂടാതെ അങ്കമാലി ഭദ്രാസനത്തിലെ പള്ളികളിൽ ഓരോ ഞായറാഴ്ചയും കുർബാനയിൽ സംബന്ധിക്കുകയും പ്രസംഗിക്കുകയും ചെയ്തിരുന്നു. ഇവിടെയെല്ലാം തിരുമേനിയുടെ കുടുംബത്തെ എടുത്തു പറയേണ്ടിയിരിക്കുന്നു. തിരുമേനിക്കും ഞങ്ങൾക്കുംവേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും തയ്യാറാക്കി തരുവാൻ അവർ വളരെയേറെ ബദ്ധപ്പെട്ടിരുന്നു. തിരുമേനിക്കും അതിരറ്റ വാത്സല്യം കുടുംബത്തോടുണ്ടായിരുന്നു. അവരെ എപ്പോഴും തിരക്കുകയും വീടുകളിൽ പോവുകയും കണ്ട് ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നത് തിരുമേനിക്ക് വലിയ സന്തോഷമായിരുന്നു. ഇവിടെയെല്ലാം തിരുമേനിയെ സ്വന്തം പിതാവിനെപ്പോലെ ശുശ്രൂഷിക്കുന്നതിന് മുൻപന്തിയിൽ നിന്നത് തിരുമേനിയുടെ ജ്യേഷ്ഠന്റെ മകൻ പൗലോസുകുട്ടിയും ഭാര്യ സിനിയുമാണ്. ആരോഗ്യത്തോടെ എഴുന്നേറ്റ തിരുമേനി വീട്ടിലും പിന്നീട് വളയൻചിറങ്ങര പള്ളിമുറിയിലും താമസിച്ചു. ഇവിടെ ഇടവകക്കാരുടെ സഹകരണം നിസീമമാണ്. തിരുമേനിക്ക് വേണ്ട എല്ലാ സൗകര്യങ്ങളും അവരുടെ

MalankaraOrthodox.TV

കഴിവിനു പരമാവധി ചെയ്തിട്ടുണ്ട്. കഷ്ടാനുഭവആഴ്ച ആയതുകൊണ്ട് ഓശാന ശുശ്രൂഷകൾക്ക് കുന്നക്കുരുടി കത്തീഡ്രലിലും പെസഹാ മുതൽ വളയൻചിറങ്ങര പള്ളിയിലും നേതൃത്വം നൽകി. പിന്നീട് തിരുമേനിക്ക് അനുയോജ്യമായ എല്ലാ സൗകര്യങ്ങളും ഉള്ള ഒരു താമസസ്ഥലം അന്വേഷിക്കുമ്പോഴാണ് അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി ബർണബാസ് തിരുമേനിയുടെ സംരക്ഷണചുമതല പൂർണ്ണമായും ഏറ്റെടുത്തത്. അത് ദൈവനിയോഗവും പാമ്പാടി തിരുമേനിയോടുള്ള ബർണബാസ് തിരുമേനിയുടെ മദ്ധ്യസ്ഥത മൂലവുമാണെന്നു വിശ്വസിക്കുന്നു. തിരുമേനിക്കു പൂർണ സന്തോഷമായിരുന്നു ഈ തീരുമാനം. തിരുമേനി നേരിട്ട് ഈവാനിയോസ് തിരുമേനിയെയും മാത്തുക്കുട്ടി അച്ചനേയും വിളിച്ച് 'ഞാൻ അങ്ങോട്ട് വരികയാണ്' എന്ന് പറയുകയും പാമ്പാടിത്തിരുമേനിയുടെ 47-ാം ഓർമ്മപ്പെരുന്നാൾ കഴിഞ്ഞ ഉടൻ ഏപ്രിൽ 20-ാം തീയതി വെള്ളിയാഴ്ച വളയൻചിറങ്ങര പള്ളിക്കാരോടൊന്നിച്ച് വൈകുന്നേരം ദേവലോകത്ത് ചെന്ന് പരിശുദ്ധ ബാവായുടെ അനുവാദവും ചോദിച്ച് സന്ധ്യയ്ക്ക് പാമ്പാടി ദയറായിൽ എത്തിച്ചേർന്നു. ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. അന്നുമുതൽ ഡിസംബർ 8 വരെ ദയറാ എങ്ങനെയായിരുന്നുവെന്ന് അവിടെ വന്നവർക്കെല്ലാവർക്കും അറിയാം. മാത്തുക്കുട്ടി അച്ചനും ചാമക്കാല വർഗീസ് അച്ചനും ദയറായിൽ താമസിക്കുന്നവർക്കും അതുമായി ബന്ധപ്പെട്ടവർക്കും അദ്ദേഹത്തിന്റെ ജീവിതമെന്താണെന്ന് മനസ്സിലായവരാണ്.

"ശെമ്മാശനായിരുന്നപ്പോൾ പാമ്പാടിതിരുമേനി പലവട്ടവും താമസിക്കാൻ ഇങ്ങോട്ടു വിളിച്ചതാണെന്നും ഇപ്പോഴാണ് അത് സാധിച്ചതെന്നും" തിരുമേനി പറയുമായിരുന്നു. കബറിങ്കൽ വരുന്നവരെല്ലാം തിരുമേനിയെ സന്ദർശിച്ചേ പോകുമായിരുന്നുള്ളു. വരുന്നവർക്കെല്ലാം കഴിക്കാൻ കൊടുക്കണമെന്ന് നിർബന്ധവുമായിരുന്നു. അവരെ ഇരുത്തി കഴിപ്പിച്ച് ക്ഷേമാന്വേഷണം നടത്തി 'എന്താ പ്രയാസം' എന്നു ചോദിച്ച് തലയിൽ കൈവച്ച് പ്രാർത്ഥിക്കുന്ന ആത്മാർത്ഥതയും ഉത്തരവാദിത്തബോധവുമുള്ള ഒരു വലിയ ഇടയനാണ് നമുക്കു നഷ്ടപ്പെട്ടത്. വീണ്ടുമൊരു പാമ്പാടി തിരുമേനിയെയാണ് നമുക്കു ലഭിച്ചത്. ക്ഷീണമാണെങ്കിൽപോലും മറ്റുള്ളവരെ, ഞങ്ങളെപ്പോലും കരുതുന്ന സ്നേഹിക്കുന്ന ആ നിഷ്കളങ്ക മനസ്സിനു മുമ്പിൽ എത്ര കുമ്പിട്ടാലും മതിയാവുകയില്ല. അതിനു തെളിവുമുണ്ട്. തിരുമേനിയെ സന്ദർശിക്കുവാൻ വരുന്ന അമേരിക്കയിലെ വിശ്വാസികൾ പ്രത്യേകിച്ച് യുവജനങ്ങൾ തിരുമേനിയുടെ സ്നേഹവാത്സല്യമേറ്റശേഷം തിരികെ പോകുമ്പോൾ ഉണ്ടാകുന്ന അവരുടെ വികാരനിർഭരമായ യാത്രപറച്ചിൽ ആരെയും വിനയപ്പെടുത്തും. അവർ തിരുമേനിയുടെ കയ്യിലല്ല മുത്തുന്നത്, തിരുമേനിയുടെ കാലിലാണ് മുത്തുന്നത്.

MalankaraorthodoxTV

കണ്ണീരോടെ പലരും തിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തി നിൽക്കുന്നത് ഞങ്ങളെ വിസ്മയിപ്പിച്ചിട്ടുണ്ട്. അത്രയ്ക്ക് സ്നേഹം വാരിവിളമ്പി സ്വയം ഇല്ലാതാകുന്ന സ്വഭാവമായിരുന്നു തിരുമേനിയുടേത്. തിരുമേനിയുടെ പെട്ടെന്നുള്ള ദേഷ്യമാണ് അദ്ദേഹത്തിന്റെ ഒരു ബലഹീനതയായി പലർക്കും കാണാൻ കഴിയുന്നത്. പലപ്പോഴും ആദ്യം ഉൾക്കൊള്ളാൻ സാധിക്കില്ലെങ്കിലും അതിനെയൊക്കെ മാറ്റിനിർത്തുന്ന എന്തോ ഒരു ദൈവികത അദ്ദേഹത്തിനുണ്ടായിരുന്നു എന്നുള്ളത് സാക്ഷ്യപ്പെടുത്തട്ടെ. ഒരു പക്ഷേ ആദ്യം ദേഷ്യപ്പെട്ടാലും പെട്ടെന്ന് ശാന്തനാകുകയും 'Yes you are right, you are right' എന്ന് പറയുകയും ചെയ്യും. സ്വന്തം മക്കളെപ്പോലെ സ്നേഹിക്കുകയും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ, അദ്ദേഹത്തിന് ആരോടും വ്യക്തിവിദ്വേഷമോ ആരെയും തകർക്കണമെന്നോ ഇല്ലായിരുന്നു. എപ്പോഴും പഠിപ്പിച്ചിരുന്നു. ക്ഷീണമാണെങ്കിൽപ്പോലും പള്ളികളിൽ പോകുമ്പോൾ കുർബാനയ്ക്ക് കാപ്പാ ഇട്ട് നേതൃത്വം നൽകുകയും പ്രസംഗിക്കുകയും ക്ഷേമം അന്വേഷിക്കുകയും ചെയ്തിരുന്നു.

ആദ്യം ഡോ. പത്രോസ് മത്തായി, ഡോ. ജോയി എന്നിവരുടെ പരിചരണത്തിലും പിന്നീട് ഡോ. പി. വി. കോശി മകൻ ഡോ. ജോർജ് കോശി എന്നിവരുടെ പരിചരണത്തിൽ പുഷ്പഗിരിയിലും ചികിത്സിച്ചിരുന്നു. ആശുപത്രിയിലാണെങ്കിലും തിരുമേനി ഡോക്ടേഴ്സിനെയും നേഴ്സസിനെയും വിളിച്ച് വിവരം മനസ്സിലാക്കി അവർക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു (അതു വരാന്തയിൽ ആണെങ്കിൽപോലും).

MalankaraOrthodox TV

ഒരിക്കൽ തിരുമേനിയുടെ പുസ്തകങ്ങളെക്കുറിച്ച് ഡോ. സാബു വിലയിരുത്തിയപ്പോൾ ഏറ്റവും ഗുണപ്രദമായ പുസ്തകം 'സന്ദർഭോചിത പ്രാർത്ഥനകൾ' ആണെന്ന് പറഞ്ഞു. അതിലൊരു കുറവും ഉണ്ടെന്ന് ഡോ. സാബു ചൂണ്ടിക്കാട്ടി. "എല്ലാത്തിനും വേണ്ടിയുള്ള പ്രാർത്ഥന അതിലുണ്ട്. എന്നാൽ വിവാഹം കഴിക്കാത്തവർക്കുവേണ്ടിയുള്ള പ്രാർത്ഥന അതിലില്ല" എന്നു പറഞ്ഞു. തിരുമേനി അല്പം തല താഴ്ത്തി ചിരിച്ചുകൊണ്ടു പറഞ്ഞു, "അതിന്റെ ഗ്രന്ഥകർത്താവ് വിവാഹം കഴിച്ചിട്ടില്ല" എന്ന്. ഇങ്ങനെ തിരുമേനിയുടെ നേരെയുള്ള ചോദ്യങ്ങൾക്കെല്ലാം തക്ക മറുപടി തമാശയിലാണെങ്കിലും പറഞ്ഞിരുന്നു. ഏതു സാഹചര്യമാണെങ്കിലും അവിടെയെല്ലാം സന്തോഷവും സമാധാനവും വിതറാൻ അദ്ദേഹത്തിന് അസാമാന്യ കഴിവുണ്ടായിരുന്നു.

ഒരിക്കൽ പാറേട്ട് ഹോസ്പിറ്റലിൽ കിടക്കുമ്പോഴാണ് തിരുമേനിയുടെ ജ്യേഷ്ഠന്റെ മകന്റെ (പൗലോസ്കുട്ടി) മകൻ വർഗീസിന് (പൊന്നു) ബൈക്കപകടം ഉണ്ടായത്. തിരുമേനി കോലഞ്ചേരിയിൽ ചെന്ന് തൈലാ

ഭിഷേകം നൽകി. ഒരാഴ്ച തീവ്രപരിചരണ വിഭാഗത്തിൽ കിടന്നുവെങ്കിലും മരിച്ചു. തിരുമേനി തന്നെ ശവസംസ്കാരവും നടത്തി. തിരുമേനിയെ വളരെയേറെ വേദനിപ്പിച്ച ഒരു സംഭവമാണിത്. തന്റെ കുടുംബത്തിന്റെ കഷ്ടതയോർത്ത് തിരുമേനി പലപ്പോഴും കരയുമായിരുന്നു. ഇതിനുമുമ്പ് ജ്യേഷ്ഠന്റെ മൂത്തമകന്റെ (ഏലിയാസ്) ഭാര്യ ഗീത ക്യാൻസർ ബാധിച്ച് മരിച്ചിരുന്നു. ഈ പ്രയാസങ്ങൾ മൂലമായിരിക്കാം പിന്നീട് തിരുമേനിക്ക് വലിയ ക്ഷീണം അനുഭവപ്പെടുകയും ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി, ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി എന്നിവരുടെ നേതൃത്വത്തിൽ തൈലാഭിഷേകം നടത്തുകയും ചെയ്തു. അത്ഭുതമെന്നു പറയട്ടെ, അന്നു വൈകിട്ട് തിരുമേനി പത്രം എടുത്ത് വായിക്കുന്നതും കണ്ടു. പിന്നീട് പൂർവ്വാധികം ആരോഗ്യത്തോടെ ആശുപത്രി വിടുകയും ആറാട്ടുപുഴ പള്ളി, പുത്തൻകാവ്പള്ളി, ബഥേൽ അരമന എന്നിവിടങ്ങളിൽ പോവുകയും അവിടെയെല്ലാം സ്വീകരണം ഏറ്റുവാങ്ങുകയും ചെയ്തു. പിന്നീട് നിലയ്ക്കൽ ഭദ്രാസനത്തിന്റെ സ്വീകരണം, 3 ദിവസത്തെ ബാലസമാജം ക്യാമ്പ് (ബഥനി ആശ്രമത്തിൽ വച്ച്), പരുമല പള്ളിയിൽ വലിയബാവായുടെ 92-ാം ജന്മദിനം, അഖിലമലങ്കര ശുശ്രൂഷകസംഘം കോൺഫറൻസ് എന്നിവയിലും പങ്കെടുത്തു പ്രസംഗിച്ചു. കൂടാതെ പാമ്പാടി ദയറായിലെ മിക്ക പരിപാടികൾക്കും ശുശ്രൂഷകൾക്കും നേതൃത്വം നൽകാൻ അദ്ദേഹത്തിന് സാധിച്ചു. ഇങ്ങനെ നേതൃത്വം നൽകാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ശാരീരികവും മാനസികവുമായ ക്ഷീണാവസ്ഥയ്ക്ക് വളരെ മാറ്റമുണ്ടായി. ഓതറാ ദയറായിലെ സിസ്റ്റേഴ്സിന്റെ അന്വേഷണവും പരിചരണവും ആശുപത്രിയിൽ വച്ചും മറ്റും തിരുമേനിക്ക് സന്തോഷം നൽകിയിരുന്നു.

തിരുമേനിക്ക് വേണ്ട വാഹനസൗകര്യം ഏർപ്പെടുത്തിയത് ശ്രീ. ജേക്കബ് മാത്യുവാണ് (ജോജോ മലേഷ്യ). തിരുമേനിയുടെ ക്ഷേമം അന്വേഷിക്കുകയും വേണ്ടതെല്ലാം ചെയ്തുതരുന്നതിൽ ജോജോ അങ്കിളിന് വലിയ പങ്കുണ്ട്. കൂടാതെ എടുത്തുപറയേണ്ട ഒരാളാണ് തിരുമേനിക്ക് കിട്ടിയ ഡ്രൈവർ സുനിൽ. ജോജോ അങ്കിളിന്റെ നിർദ്ദേശമനുസരിച്ച് ഒരു പ്രതിഫലവും വാങ്ങാതെ വളരെ ബഹുമാനത്തോടെ തിരുമേനിയെ എവിടെയും ഏതുസമയത്തും കൊണ്ടുപോകുന്നതിന് സുനിൽ വളരെ ശ്രദ്ധാലുവായിരുന്നു. തിരുമേനിക്ക് വലിയ സ്നേഹവുമുണ്ടായിരുന്നു സുനിലിനോട്.

യാത്ര ചെയ്യുമ്പോഴുള്ള തിരുമേനിയുടെ പ്രത്യേകതകൾ കുറിക്കട്ടെ: കൃത്യസമയം ചോദിച്ചു മനസ്സിലാക്കി കാറിൽ വച്ചും നമസ്കരിക്കുമായിരുന്നു. ഒരിക്കൽ പരുമലയിൽ സന്ധ്യാനമസ്കാരം നടത്തി മാവേലി

Malankaraorthodox.TV

ക്കരയ്ക്ക് പോകുന്ന സന്ദർഭത്തിൽ 'ഒമ്പതാംമണി നമസ്കരിച്ചില്ല' എന്നു പറഞ്ഞ് നമസ്കരിച്ചത് ഓർത്തുപോകുന്നു (പരുമലയിൽ നേരത്തെ ഒമ്പതാംമണി കഴിഞ്ഞിരുന്നു). അതുപോലെ വെളുപ്പിന് രണ്ടു മണി മുതൽ 'ചെമ്മാച്ചാ' വിളി ആരംഭിക്കും. 'നമസ്ക്കരിക്കാം' എന്നു പറഞ്ഞ് തുടരെ തുടരെ എഴുന്നേൽക്കും. 'സമയമായില്ല' എന്നു പറഞ്ഞ് ഞങ്ങളും. ഇങ്ങനെ പലവട്ടം പറഞ്ഞ് തിരുമേനി നേരം വെളുപ്പിക്കും. "കഴിച്ചില്ലെങ്കിലും കുഴപ്പമില്ല നമസ്കാരം മുടക്കരുത്" എന്നു പലപ്പോഴും പറഞ്ഞത് ഓർത്തുപോകുന്നു. പള്ളികളിൽ പോയാൽ 'എന്റെ ശെമ്മാശന്മാരെയും ഡ്രൈവറെയും വിളിച്ചുകൊണ്ടു വാ' എന്ന് പള്ളിക്കാരോട് ഭക്ഷണസമയത്ത് പറയുമായിരുന്നു. ഞങ്ങളിരിക്കാതെ തിരുമേനി കഴിക്കില്ലായിരുന്നു. അതുപോലെ തിരുമേനിയുടെ ബന്ധുക്കളുടെ വീട്ടിൽ പോയാൽ തിരുമേനി കാർന്നോരായിരിക്കും, അതിഥികളായി ഞങ്ങളെയും ഇരുത്തി കഴിപ്പിക്കും.

ഒരിക്കൽ കുന്നക്കുരുടി പള്ളിയിൽ ഓശാന ശുശ്രൂഷ കഴിഞ്ഞ് ദേഷ്യപ്പെട്ട് കാപ്പി കുടിക്കാൻ മുറിയിൽ വന്നു. അപ്പവും കറിയും മൂന്ന് ഏത്തയ്ക്കായുമുണ്ട് കഴിക്കാൻ. രണ്ടെണ്ണം അച്ചന്മാരെടുത്തു. ഒരെണ്ണം തിരുമേനിയും (തിരുമേനി അപ്പം കഴിച്ചില്ല). 'എനിക്ക് ഇതു മതി' എന്ന് പറഞ്ഞ് അതിന്റെ പകുതി ബിബിന്റെ പ്ലേറ്റിലേക്കു വച്ചത് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. സ്നേഹവും കരുതലും വാരിക്കോരി കൊടുക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒരു പക്ഷേ ദേഷ്യപ്പെട്ടാലും പെട്ടെന്ന് അത് മറന്ന് സ്നേഹിക്കുവാനുള്ള മനസ്സ് ഈ പിതാവിനുണ്ടായിരുന്നു.

ഇങ്ങനെ അവസാനം വരെയും സന്തോഷത്തോടെ ദൈവം തന്നതെല്ലാം സ്വീകരിക്കുവാനും പങ്കിടുവാനും അദ്ദേഹത്തിന് കഴിഞ്ഞു. നവംബർ ആദ്യ ആഴ്ച ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട തിരുമേനി ഒരാഴ്ചയോളം കിടക്കുകയും പ്രത്യേകമായി അസുഖങ്ങളില്ലാത്തതുകൊണ്ട് ഡിസ്ചാർജ്ജ് ആകുകയും ചെയ്തു. അന്ന് അവിടെ വന്ന തിരുമേനിയുടെ കുടുംബക്കാരായ സോമനോടും അവറാൻകുഞ്ഞിനോടും "ഇനി വീട്ടിൽ പോയേക്കാം, അധികനാളൊന്നുമില്ല, എല്ലാവരും ഒരു ദിവസം മരിക്കും, ഞാനും ഒരു ദിവസം പോകും, അറിയിക്കേണ്ടവരെ ഒക്കെ അറിയിക്കണം" എന്ന് പറഞ്ഞു. വീട്ടിൽ പോകണമെന്ന് നിർബന്ധം പറഞ്ഞപ്പോൾ ഡിസ്ചാർജ്ജ് ആയി.

നവംബർ 15-ാം തീയതി തിരുമേനി വെറുതെ ഇരുന്നപ്പോൾ പറഞ്ഞു, "ചെമ്മാച്ചാ, ഞാൻ മരിക്കുകയാണെങ്കിൽ എന്നെ ഇവിടെയൊന്നും അടക്കണ്ട, എന്നെ വളയൻചിറങ്ങരയിൽ കൊണ്ടുപോയി അടക്കണം." "അതിന് ഇപ്പോൾ എന്തിനാണ് ഇതൊക്കെ പറയുന്നത്" എന്ന് ഞങ്ങൾ ചോദിച്ചു. "നേരത്തെതന്നെ എല്ലാം തീരുമാനിക്കണം" എന്നു തിരുമേനി

മറുപടി പറഞ്ഞു. “അങ്ങോട്ടു പോണോ, ഇവിടെ പാമ്പാടി തിരുമേനിയുടെ അടുത്തു കിടന്നാൽ പോരേ, എല്ലാ ദിവസവും രാവിലെയും വൈകിട്ടും ധൂപം കിട്ടും, ഞങ്ങളൊക്കെ ഇവിടെയല്ലേ” എന്നൊക്കെ ഞങ്ങൾ പറഞ്ഞു. “വേണ്ട എനിക്കു ഞായറാഴ്ച മാത്രം ധൂപം മതി. എന്റെ അമ്മയുടെയും അനന്തരവന്റെയും അടുത്താണ് എന്റെ കബർ പണിതിട്ടിരിക്കുന്നത്” എന്നും അവിടെ മതി എന്നും ഉറപ്പിച്ചു കല്പിച്ചു. തിരുമേനിയുടെ ആത്മകഥയിൽ അതുണ്ടെന്നു പറഞ്ഞ് എടുക്കുകയും ഇല്ല എന്ന് കണ്ടപ്പോൾ അതിൽ എഴുതിചേർക്കണമെന്ന് പറഞ്ഞ് “മാർ ബർണബാസിന്റെ കബറടക്കം വളയൻചിറങ്ങരയിൽ” എന്ന് എഴുതി ‘ഇതു മതി’ എന്നു പറഞ്ഞ് ഡേറ്റും ഒപ്പും ഇട്ടു തന്നിരുന്നു.

നവംബർ 17-ാം തീയതി ശനിയാഴ്ച വീട്ടിൽ കൊണ്ടുപോകുകയും ആരുമില്ലാഞ്ഞതിനെ തുടർന്ന് വൈകിട്ട് വളയൻചിറങ്ങര പള്ളിയിൽ താമസിച്ച് പിറ്റേദിവസം കുർബ്ബാനയ്ക്ക് നേതൃത്വം നൽകുകയും പ്രസംഗിക്കുകയും തിരുമേനിയുടെ അമ്മയുടെയും കൊച്ചപ്പൻ പൗലോസ് അച്ചന്റെയും ജ്യേഷ്ഠന്റെ മൂത്തമകന്റെ ഭാര്യ ഗീതയുടെയും രണ്ടാമത്തെ മകന്റെ മകൻ പൊന്നുവിന്റെയും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. ഇതെല്ലാം തിരുമേനിക്ക് പോകുവാനുള്ള ഒരുക്കങ്ങളായിരുന്നുവെന്ന് അന്ന് മനസ്സിലായിരുന്നില്ല. ഭക്ഷണം കഴിച്ചശേഷം ‘പോകാമെന്ന്’ പറഞ്ഞപ്പോൾ ‘ഇനി എന്തിനാ പോകുന്നത് വീട്ടിൽ പോയേക്കാം’ എന്ന് ജ്യേഷ്ഠന്റെ മകനോടും (ഏലിയാസ്) ഞങ്ങളോടും പറയുകയും ചെയ്തു. ഞങ്ങളുടെ നിർബന്ധപ്രകാരം ഉച്ചയ്ക്ക് കണിയാംകുടിയിൽ കൊച്ചുകുഞ്ഞിന്റെ ഭവനത്തിൽ കയറി ഭക്ഷണം കഴിച്ച് വിശ്രമിച്ച് വൈകുന്നേരം അവിടെനിന്ന് തിരിച്ച് പാമ്പാടിയിലേക്കും വന്നു.

ഇതിനുശേഷം നാലു ദിവസം ദയറായിൽ സന്ധ്യനമസ്കാരത്തിന് നേതൃത്വം നൽകി. കാതോലിക്കേറ്റിന്റെ വിളംബരജാഥ പാമ്പാടി ദയറായിൽ വന്നപ്പോൾ കബറിങ്കൽ ചെന്ന് സ്വീകരിക്കുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. അന്ന് തിരുമേനി കബറിങ്കലിരുന്ന് വിങ്ങിപ്പൊട്ടുന്നതും കരയുന്നതും കാണാൻ ഇടയായി. ധൂപപ്രാർത്ഥന മുഴുവൻ അതുകൊണ്ട് ചൊല്ലാൻ സാധിച്ചില്ല. പിന്നീട് 23-ാം തീയതി ബോംബെ ഭദ്രാസനത്തിൽ നിന്ന് വന്ന എല്ലാവരേയും കൈ മുത്തിച്ചെങ്കിലും ക്ഷീണം വർദ്ധിച്ചു. പെട്ടെന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രത്യേകിച്ച് അസുഖമൊന്നും ഇല്ലെന്നും വേണമെങ്കിൽ ഡിസ്ചാർജ്ജ് ആകാമെന്നും ഡോക്ടർ പറഞ്ഞു എങ്കിലും ക്ഷീണം കുറയട്ടെ എന്നു പറഞ്ഞ് രണ്ടാഴ്ച കിടന്നു. ഡിസംബർ 1-ാം തീയതി ഓതറയിൽ കുർബാനയ്ക്ക് സംബന്ധിക്കാൻ പോയെങ്കിലും മാനസികമായ എന്തോ പ്രയാസം മൂലം സാധിച്ചില്ല. ഈവാനിയോസ് തിരുമേനി വന്ന് കാണുകയും പെട്ടെന്ന്

പോകണമെന്ന് ബർണബാസ് തിരുമേനി പറയുകയും ചെയ്തു. ഡിസംബർ 4-ാം തീയതി ഡിസ്ചാർജ്ജ് ആകുകയും പാമ്പാടിയിലേക്ക് പോകുകയും ചെയ്തു. പിന്നീട് മൂന്നു ദിവസവും ആരോഗ്യമായിരിക്കുകയും തിരുമേനിക്ക് എവിടെയെങ്കിലും പോകണമെന്നുള്ള നിർബന്ധം മൂലം ദയറായിലെ തമ്പിയുടെ കാറിൽ വൈകുന്നേരം ഔട്ടിങ്ങിന് കൊണ്ടുപോകുകയും അഭയഭവൻ, കോൺവെന്റ് തുടങ്ങിയവ സന്ദർശിക്കുകയും ചെയ്തിരുന്നു.

വെള്ളിയാഴ്ച രാവിലെതന്നെ എഴുന്നേറ്റ് കുളിച്ചൊരുങ്ങി ഇരിക്കുകയും വരുന്നവരോട് കാര്യമായി സംസാരിക്കുകയും ചെയ്തു. ഉച്ചയ്ക്ക് കുർബ്ബാന കഴിഞ്ഞുവന്ന മാത്തുക്കുട്ടി അച്ചനെയും ഞങ്ങളെയും വളരെ സന്തോഷത്തോടെ വിളിച്ച് അടുത്തിരുത്തുകയും തിരുമേനിയുടെ ഇടവകയെപ്പറ്റി വാചാലനാവുകയും പരിചയപ്പെടുത്തുകയും ചെയ്തു.

"ഞാൻ ഇവിടെ ഇരിക്കാൻ പോകുകയാണ്, ഇടത്തുവശത്ത് ഞാൻ പഠിച്ച സ്കൂൾ, വലതുവശത്ത് അമ്പലം, അച്ചന് അറിയാമോ" എന്ന് പല പ്രാവശ്യം ചോദിക്കുകയും ചെയ്തു. മറവിയാണെന്ന് ഞങ്ങൾ വിചാരിച്ചു. അതും പോകുന്നതിന്റെ സൂചനയായിരുന്നു. 'വാ നമുക്ക് ഭക്ഷണം കഴിക്കാം' എന്നു പറഞ്ഞ് ചാടി എഴുന്നേൽക്കുകയും മുമ്പോട്ടു നടക്കാൻ തുടങ്ങിയപ്പോൾ 'നമസ്കരിച്ചില്ല' എന്നു പറഞ്ഞ് നിന്നനിൽപ്പിൽ നമസ്കരിക്കുകയും ഭക്ഷണം കഴിക്കാൻ പോകുകയും ചെയ്തു. അന്ന് ഞങ്ങൾ കൂട്ടത്തിലിരുന്ന് കഴിക്കാതെ തിരുമേനി കഴിക്കില്ലായിരുന്നു. തിരുമേനിയുടെ നിർബന്ധം മൂലം ഞങ്ങൾ ഇരിക്കുകയും തിരുമേനി കഴിക്കുകയും ചെയ്തു. പിന്നീട് പോയി പത്രം വായിക്കുകയും വൈകുന്നേരമായപ്പോൾ പല്ലുവേദനയാണെന്ന് പറയുകയും ചെയ്തു. പാമ്പാടിയിൽ ഡോക്ടറെ കൊണ്ടുപോയി കാണിക്കുകയും ഉടനെ പല്ല് എടുക്കാൻ സാധിക്കില്ല, മൂന്നു ദിവസം മരുന്നു കഴിച്ചിട്ട് എടുക്കാമെന്ന് ഡോക്ടർ പറയുകയും ചെയ്തു. തിരിച്ചുവന്ന് ചാപ്പലിൽ സന്ധ്യാനമസ്കാരവും നടത്തി ഭക്ഷണം കഴിച്ചു കിടന്നു. എന്നാൽ വൈകിട്ട് തിരുമേനി ഒട്ടും ഉറങ്ങിയില്ല. വയറുവേദനയോ മൂത്രതടസ്സമോ, എന്താണെന്ന് അറിയാതെ വിഷമിച്ചു. വൈകിട്ട് മുഴുവൻ 'ചെമ്മാച്ചാ' വിളിയായിരുന്നു. ഞങ്ങൾ തിരുമേനിയുടെ കൂട്ടത്തിൽ ഇരുന്നു. വെളുപ്പിനെ 1.30 ആയപ്പോൾ ആശാകിരണിലെ സിസ്റ്റർ മേരിയെ കൊണ്ടുവന്ന് ബി.പി.യും പനിയും നോക്കി. കുഴപ്പമൊന്നുമില്ലെങ്കിലും മൂത്രം പോകുന്നില്ലായിരുന്നു. വയറ്റിൽ കെട്ടികിടക്കുകയാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. എങ്ങനെയോ തിരുമേനിയെ തലോടിക്കൊണ്ട് നേരം വെളുപ്പിച്ചു. ആറു മണിയായപ്പോൾ സുനിൽ കാറുമായി വന്ന് പുഷ്പഗിരിയിലേക്ക് പോയി. അവിടെ ചെന്ന് പല ഡോക്ടർമാർ നോക്കി. കുഴപ്പമൊന്നുമില്ല. തിരുമേനിയോടു ചോദി

MalankaraOrthodox.TV

ച്ചപ്പോഴും കുഴപ്പമൊന്നും ഇല്ല. അപ്പോഴും മൂത്രം പോകുന്നില്ലായിരുന്നു. യാദൃശ്ചികമായി ഡോ. ജോർജ് കോശി അതുവഴി വരികയും വയറ്റിൽ തട്ടിനോക്കാൻ ഞങ്ങൾ ആവശ്യപ്പെടുകയും ഡോക്ടർ നോക്കിയപ്പോൾ മൂത്രതടസ്സമുണ്ടെന്ന് മനസ്സിലാകുകയും ചെയ്തു. ഉടനെതന്നെ യൂറോളജി വിഭാഗത്തിൽ നിന്ന് ഡോക്ടർ വരികയും കെട്ടിക്കിടന്ന മൂത്രം എടുത്തുകളയുകയും ചെയ്തു. ഇതൊക്കെ ചെയ്യുവാൻ തിരുമേനി സമ്മതിക്കയില്ലായിരുന്നു. 'എന്തിനാ ഇനി ഇതൊക്കെ ചെയ്യുന്നത്' എന്നു പറയുകയും ചെയ്തു. തിരുമേനി സുഖം പ്രാപിച്ചു. പിറ്റേന്ന് സെമിനാരിയിൽ പോകുവാനാണിരുന്നത്. തിരുമേനി അതിനുള്ള ഒരുക്കങ്ങളെല്ലാം തുടങ്ങി. 'പല്ലെടുത്തിട്ടു പോകാം' എന്നു പറഞ്ഞു. പിറ്റേന്ന് ഞായറാഴ്ചയാണെങ്കിലും പല്ല് എടുക്കാൻ ഡോക്ടർ വരാമെന്ന് പറഞ്ഞിരുന്നു.

അന്നു വൈകുന്നേരം അവിടെ നടന്ന റാലിയിലെ ചെണ്ടകൊട്ട് കേട്ടിട്ട് "ചെമ്മാച്ചാ കരോളുകാര് വന്നോ, പൈസാ കൊടുക്കണം" എന്ന് പറയുകയും ചെയ്തു. സന്ധ്യാ നമസ്കാരം നടത്തുകയും ഭക്ഷണത്തിനു ശേഷം മരുന്ന് എണ്ണിനോക്കി രണ്ടു പ്രാവശ്യമായി കഴിക്കുകയും ചെയ്തു. അതിന്റെശേഷം റോബസ്റ്റാ പഴം കൊടുത്തപ്പോൾ 'ഗുഡ്' എന്നു പറഞ്ഞ് കഴിച്ച് ഒരു സൈഡു ചേർന്ന് കിടന്നു. സമയം 8.30. ഞങ്ങളും ക്ഷീണം കാരണം നേരത്തെ കിടന്നു. 10.30 ആയപ്പോൾ തിരുമേനി വിളിച്ചു, 'ചെമ്മാച്ചാ പെസഹാ കുർബ്ബാന എപ്പോഴാ' എന്നു ചോദിച്ചു. തിരുമേനിയെ വെറുതെ ബുദ്ധിമുട്ടിക്കണ്ട എന്ന് വിചാരിച്ച് വെളുപ്പിനെ ആണെന്നു പറയുകയും ചെയ്തു. തിരുമേനി കിടന്നതുപോലെ തന്നെ കിടന്നുറങ്ങി. ലൈറ്റണച്ച് ഞങ്ങളും കിടന്നു. വെളുപ്പിനെ രണ്ടര ആയപ്പോൾ ഫിലിപ്പോസ് എഴുന്നേൽക്കുകയും എന്നെ വിളിക്കുകയും ചെയ്തു. 'തിരുമേനി നല്ല ഉറക്കമാ. ശല്യപ്പെടുത്തേണ്ട' എന്നു പറഞ്ഞ് ബിബിൻ എഴുന്നേറ്റില്ല. വീണ്ടും വിളിച്ചപ്പോൾ എഴുന്നേറ്റു. തിരുമേനി കിടന്നതുപോലെ അങ്ങേ സൈഡിലോട്ടു തലയ്ക്ക് കൈ വച്ചുകൊണ്ടാണ് കിടക്കുന്നത്. കിടപ്പിൽ വലിയ മാറ്റമൊന്നുമില്ല. തിരുമേനിയുടെ ദേഹത്തിൽ തൊട്ടുനോക്കി നല്ല തണുപ്പുണ്ട്. എ.സി. യുടെ കൂടുതൽ കൊണ്ടാണ് എന്ന് ഞങ്ങൾ വിചാരിച്ചു നോക്കിയപ്പോൾ അത് ഏറ്റവും കുറച്ചാണ് ഇട്ടിരുന്നത്. തിരുമേനിയെ വിളിച്ചിട്ട് അനക്കമില്ല. പിന്നീട് മുഖം തിരിച്ചു നോക്കിയപ്പോൾ വല്ലാതെ കണ്ടു. നേഴ്സുമാരു വന്നു പൾസ്, ശ്വാസം എല്ലാം നോക്കി. എല്ലാം നിശ്ചലമായിരിക്കുന്നു. ഡോക്ടർ ജോർജ് കോശിയെ ഞങ്ങൾ വിളിച്ചു. അടുത്തു താമസിക്കുന്നതുകൊണ്ട് ഡോക്ടർക്ക് പെട്ടെന്ന് വരാൻ പറ്റി. ഹൃദയാഘാതമാണ് മരണകാരണമെന്നും അധികനേരം ആയില്ലെന്നും അദ്ദേഹം സ്ഥിരീകരിച്ചു. തിരുമേനിയുടെ അവസാനം വരെയുള്ള ആഗ്രഹപ്രകാരം മാതൃഇടവകയായ വളയൻചിറങ്ങര പള്ളിയിൽ ഡിസംബർ 12-ന് കബറടക്കി.

Malankaraorthodox.TV

45

സത്യം മുറുകെപ്പിടിച്ച സന്യാസി

എം. എൻ. ഉണ്ണികൃഷ്ണൻ

സത്യത്തെ മുറുകെപ്പിടിച്ച സന്യാസി. അതായിരുന്നു ഞായറാഴ്ച അന്തരിച്ച മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ. രണ്ടു പതിറ്റാണ്ടു മുമ്പ് പ്രായോഗിക പത്രപ്രവർത്തനത്തിന്റെ ആദ്യ ചുവടു വച്ച ഈ ലേഖകന് തിരുമേനി എഴുതിത്തന്ന കുറിപ്പും കൂടെ പ്രസിദ്ധീകരിക്കാനുള്ള ചിത്രവും ഇതിന്റെ സാക്ഷ്യപത്രമാണ്. 1991–ലെ പൊതുതെരഞ്ഞെടുപ്പിന് ഏതാനും ദിവസം മുമ്പ് ദേശാഭിമാനിയിൽ തിരുമേനിയുടെ അഭിമുഖം പ്രസിദ്ധീകരിച്ചു. തിരുമേനിയുടെ അറിവോ സമ്മതമോ ഇല്ലാതെ ചിലർ അദ്ദേഹത്തിന്റെ പേരിൽ രാഷ്ട്രീയ ലക്ഷ്യത്തോടെ നിഷേധക്കുറിപ്പിറക്കുകയും ഹൈറേഞ്ചിൽ കൂടുതൽ പ്രചാരമുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പിന്റെ തലേന്നാൾ വരത്തക്കവിധമായിരുന്നു ആസൂത്രണം. എന്നാൽ, രാജീവ്ഗാന്ധിയുടെ വധത്തെത്തുടർന്ന് തെരഞ്ഞെടുപ്പ് മാറ്റിവച്ചു. എങ്കിലും റിപ്പോർട്ടിംഗ് മേഖലയിലെ തുടക്കക്കാരനായ ലേഖകന്റെ അപേക്ഷ പരിഗണിച്ച് ദേശാഭിമാനിയിൽ വന്ന അഭിമുഖം താൻ പറഞ്ഞ കാര്യങ്ങൾ മാത്രമാണെന്ന് പത്രാധിപർക്ക് ലെറ്റർപാഡിൽ കത്തെഴുതി നൽകി. 'ആളുകൾ പല ആശയക്കാരാകാം. പക്ഷേ, സത്യം പറയണം' എന്ന് എല്ലാവർക്കുമായി ഒരു ഉപദേശവും.

തിരുമേനിയെ അടുത്തറിയാൻ ഇടയാക്കിയ അഭിമുഖത്തിന്റെയും തുടർ സംഭവങ്ങളുടെയും ചുരുക്കം ഇങ്ങനെ: പത്രപ്രവർത്തന പരിശീലനത്തിന്റെ അവസാനകാലത്ത് ഇടുക്കി ജില്ലാ ലേഖകനായി നിയമനം. കട്ടപ്പനയിലെ ഒറ്റ മുറി ഓഫീസിൽ അവിടുത്തെ ലേഖകൻ കെ. ജെ. മാത്യുവിനൊപ്പം താമസം (മാത്യു കഴിഞ്ഞ വർഷം അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞു). അണക്കരയിലെ അരമനയിൽ താമസിക്കുന്ന സ്വന്തമായി കാറില്ലാത്ത ആളാണെന്നും, സാക്ഷരതാ പ്രവർത്തനത്തിൽ സഹകരിച്ചിരുന്നെന്നുമെല്ലാം തിരുമേനിയെക്കുറിച്ചു കേട്ടപ്പോൾ കാണാൻ താൽപ്പര്യം. അനുവാദം വാങ്ങി അവിടെയെത്തി. അതാണോ അരമന എന്നു തോന്നിക്കുന്ന കെട്ടിടം. പരുത്തിത്തുണിയിലുള്ള വേഷത്തിൽപ്പോലും ലാളിത്യം. തിരുമേനിയുടെ കൈ കൊണ്ടുതന്നെ പ്രകൃതിക്കാപ്പിയും കേക്കും.

MalankaraOrthodox.TV

തെരഞ്ഞെടുപ്പു കാലമായതുകൊണ്ട് സംഭാഷണത്തിൽ അതും കടന്നുവന്നു. വടകരയിലെയും ബേപ്പൂരും കോ–ലീ–ബി സഖ്യവും ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സംരക്ഷണം നൽകുന്ന ഭരണഘടനയുടെ 30–ാം വകുപ്പ് നീക്കം ചെയ്യുമെന്ന ബി.ജെ.പി.യുടെ പ്രഖ്യാപനവും അക്കാലത്ത് സജീവ ചർച്ചയായിരുന്നു. കക്ഷിരാഷ്ട്രീയത്തിനു പുറത്തുള്ളവരും സമുദായനേതാക്കളും വരെ ഇക്കാര്യത്തിൽ പത്രങ്ങളിലൂടെ അഭിപ്രായം പറയുന്നു. ഒരു രാഷ്ട്രീയ പാർട്ടിക്കുവേണ്ടിയും വാദിക്കാത്ത തിരുമേനി പക്ഷേ, സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സുചിന്തിതമായ അഭിപ്രായം വ്യക്തമാക്കി. വിവിധ മതക്കാർ തമ്മിലും വിശ്വാസിയും നിരീശ്വരവാദിയും തമ്മിലും സൗഹൃദം പുലർത്തണമെന്ന് നിർദ്ദേശിച്ചു.

എന്നാൽ, മെയ് 16–നു വന്ന അഭിമുഖത്തിൽ എൽ.ഡി.എഫ്. സർക്കാരിന് കേരളത്തിൽ അഴിമതി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞെന്ന പരാമർശമാണ് കുഴപ്പമായത്. തിരുമേനിയെക്കൊണ്ടുതന്നെ നിഷേധക്കുറിപ്പിറക്കാൻ നടത്തിയ ശ്രമങ്ങൾ വിഫലമായി. പിന്നെ കുടിലതന്ത്രമായി. തിരുമേനി പറഞ്ഞതിന് കടകവിരുദ്ധമായ പ്രസ്താവനയാണ് ദേശാഭിമാനിയിൽ വന്നതെന്ന് സഭയുടെ ചുമതലക്കാരൻ എന്ന പേരിൽ ഒരാളുടെ വാർത്താസമ്മേളനമായി നിഷേധക്കുറിപ്പ് രൂപംകൊണ്ടു. അത് തെരഞ്ഞെടുപ്പിന്റെ തലേദിവസമായ 22–ന് വരത്തക്കവിധം പത്രലോകത്ത് കറങ്ങാൻ തുടങ്ങി.

വിവരമറിഞ്ഞ് ഞാനും മാത്യുവും ഏറെ വൈകി അരമനയിലെത്തി. “ആ അഭിമുഖം വായിച്ചവർക്കെല്ലാം അത് എന്റെ ഭാഷയാണെന്നു മനസ്സിലാകും” തിരുമേനി സമാധാനിപ്പിച്ചു. ഏറെ വൈകിയിരുന്നെങ്കിലും ട്രങ്ക് ബുക്കു ചെയ്ത് മണിക്കൂറുകൾ കാത്തിരുന്ന് തിരുമേനി പത്രം ഓഫീസുകളിൽ വിളിച്ചു. താൻ നിഷേധിച്ചിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തു.

എന്നാൽ, പിറ്റേദിവസം നിഷേധക്കുറിപ്പ് പത്രങ്ങളിൽ വന്നത് ഞങ്ങളെ നിരാശരാക്കി. പലരും പരിഹസിച്ചു. ഞങ്ങൾ വിഷമിച്ച് അരമനയിലെത്തി. തുടക്കക്കാരന്റെ ബുദ്ധിമുട്ടും ആശങ്കകളും പറഞ്ഞു. ഒരു മടിയുമില്ലാതെ ലെറ്റർപാഡിൽ പത്രാധിപർക്ക് കത്തെഴുതി. ദേശാഭിമാനിയിൽ വന്നത് ഞാൻ പറഞ്ഞ കാര്യങ്ങൾ മാത്രമാണ്. “നിഷേധക്കുറിപ്പ് ആരോ വ്യാജമായി നൽകിയതും എന്റെ അറിവോ സമ്മതമോ ഇല്ലാതെ ചെയ്തിട്ടുള്ളതുമാണ്.” ഞങ്ങൾ സമാധാനത്തോടെ അരമനയിൽ നിന്നിറങ്ങി.

തിരുമേനിയുടെ കത്തും അതു സംബന്ധിച്ച വാർത്തയും 23–ന് ദേശാഭിമാനി പ്രസിദ്ധീകരിച്ചതോടെ രാഷ്ട്രീയലക്ഷ്യത്തോടെ വ്യാജനിഷേധക്കുറിപ്പിറക്കിയവർ പത്തി മടക്കി. ദേശാഭിമാനിയിലെ വാർത്ത ശ്രദ്ധ

യിൽപ്പെട്ട ഞങ്ങളുടെയൊക്കെ ഗുരുനാഥൻ പി. ജി. യെ പിന്നീട് നേരിൽ കണ്ടപ്പോഴാണ് പെരുമ്പാവൂർ മേഖലയിലുള്ള എനിക്ക് തിരുമേനി നാട്ടുകാരനാണെന്ന പുതിയ അറിവ് കിട്ടിയത്. സസ്യശാസ്ത്രത്തിൽ ബിരുദാനന്തരബിരുദമുള്ള കുറുപ്പംപടി എം.ജി.എം. ഹൈസ്കൂളിലെ ശാസ്ത്രാധ്യാപകൻ ഡീക്കൻ മാത്തുക്കുഞ്ഞെന്ന പഴയകാല സുഹൃത്തിനെക്കുറിച്ച് പി.ജി. യാണ് (മാർക്സിസ്റ്റ് സൈദ്ധാന്തികനായ അടുത്തകാലത്ത് അന്തരിച്ച പി. ഗോവിന്ദപ്പിള്ള – എഡിറ്റർ) ഏറെ പറഞ്ഞു തന്നത്.

(ദേശാഭിമാനി, ഡിസം. 10, 2012)

karaorthodox TV

46

ഇടുക്കിക്കുള്ള ബസിലെ യാത്രക്കാരൻ

ലാളിത്യത്തിന്റെയും സേവനത്തിന്റെയും ആൾരൂപമായിരുന്നു കാലം ചെയ്ത മാത്യൂസ് മാർ ബർണബാസ്. മെത്രാപ്പോലീത്താ സ്ഥാനത്ത് എത്തിയപ്പോഴും യാത്രചെയ്തിരുന്നത് കെ.എസ്.ആർ.ടി.സി. ബസിൽ.

പാമ്പാടി ദയറായിൽ താമസിച്ചാണ് ഇടുക്കിയിലേക്കു സ്ഥിരം യാത്ര ചെയ്തിരുന്നത്. പാമ്പാടി സ്റ്റാൻഡിലെത്തിയ ശേഷം ഇടുക്കിയിലേക്കു ബസിൽ കയറും. ഇരിക്കാൻ സീറ്റില്ലെങ്കിൽ ആരെങ്കിലും എഴുന്നേറ്റാൽ വേണ്ട എന്ന് സ്നേഹപൂർവ്വം നിരസിക്കും.

കയ്യിൽ ബാഗും തൂക്കി ബസിന്റെ കമ്പിയിൽ പിടിച്ചുനിന്നു യാത്ര ചെയ്യുന്ന ഉന്നതപുരോഹിതൻ പലപ്പോഴും യാത്രക്കാർക്കു കൗതുകക്കാഴ്ചയായിരുന്നു.

ഇടുക്കിയിൽ എത്ര ദൂരമുള്ള സ്ഥലത്താണെങ്കിലും രോഗികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി പ്രാർത്ഥിക്കണമെന്നതു നിർബന്ധമുള്ള കാര്യമായിരുന്നു. ഇടുക്കിയിൽ ചെന്നു കഴിയുമ്പോൾ അവിടെനിന്നാരെങ്കിലും കാറിൽ കയറ്റി മറ്റു സ്ഥലങ്ങളിലേക്കു പോകും. ഇങ്ങനെ പോകുമ്പോൾ നടന്നുപോകുന്നവരെ കയറ്റി കൃത്യസ്ഥലത്തു കൊണ്ടുചെന്നിറക്കുമായിരുന്നു അദ്ദേഹം.

ഒരു ദിവസം, പ്രായമായ ഒരു സ്ത്രീ നടന്നുപോകുന്നതു കണ്ടു വാഹനം നിർത്തി അവരെ വീട്ടിൽ കൊണ്ടുചെന്നാക്കി. ലാളിത്യം നിറഞ്ഞ പെരുമാറ്റം ആ അമ്മയെ വളരെ ആകർഷിച്ചു.

അദ്ദേഹത്തിന്റെ പേരു ചോദിച്ചറിഞ്ഞാണ് അവർ യാത്രയാക്കിയത്. സഹോദരസഭയിലെ അംഗമായിരുന്ന ആ അമ്മയുടെ മകൻ പിന്നീട് മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർന്നു. ഏത് പേരു സ്വീകരിക്കണമെന്ന ചോദ്യത്തിന് ഒറ്റപ്പേര് മാത്രമേ ആ അമ്മയ്ക്കു നിർദ്ദേശിക്കാനുണ്ടായിരുന്നുള്ളു– 'ബർണബാസ്.'

ജാതിമതഭേദമെന്യേ ആളുകൾ ബർണബാസ് തിരുമേനിയെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തു.

ചെറുപ്പം മുതലുള്ള ജീവിതശൈലി മരിക്കുന്നതിനു തലേന്നുവരെ അദ്ദേഹം കാത്തുസൂക്ഷിച്ചു. രോഗികളുടെ വീടുകൾ സന്ദർശിക്കുകയും പ്രാർത്ഥന നടത്തുന്നതിനുമായി വിശ്രമജീവിതവേളയിലും സമയം

Malankaraorthodox.TV

കണ്ടെത്തി. പാമ്പാടി ദയറായുടെ സമീപഭാഗങ്ങളിലുള്ള വീടുകളിലും ധർമസ്ഥാപനങ്ങളിലും കഴിഞ്ഞ ദിവസവും അദ്ദേഹം എത്തിയിരുന്നു.

വൈദികസെമിനാരിയിൽ നിന്നും കിലോമീറ്ററുകൾ താണ്ടി സെക്കിളിൽ എന്നും മെഡിക്കൽ കോളജിൽ രോഗികളെ സന്ദർശിച്ചു ശുശ്രൂഷിക്കുവാൻ മാത്യൂസ് മാർ ബർണബാസ് പോകുമായിരുന്നുവെന്ന് അന്നു ശിഷ്യനായിരുന്ന പരിശുദ്ധ കാതോലിക്കാബാവാ പറഞ്ഞു.

മഴയായാലും വെയിലായാലും ഇതിനു മാറ്റമില്ല. ഒരു ലേഡീസ് സൈക്കിളാണ് ഉണ്ടായിരുന്നത്. സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പായി തിരിച്ചു വിയർത്തു കുളിച്ചു സൈക്കിൾ ചവിട്ടി സെമിനാരിയിൽ എത്തും.

(മനോരമ, ഡിസം. 10, 2012)

Malankaraorthodox TV

അഭിമുഖം

വിശുദ്ധിയുടെ സ്നേഹരൂപം

അടയാളങ്ങളെക്കാൾ ആത്മാവിന്റെ വിശുദ്ധിക്കുവേണ്ടി വാദിക്കുന്ന മഹിതാചാര്യൻ... ദൈവസ്നേഹം വിളമ്പരം ചെയ്യുവാനായി വാനിൽ നിന്നിറങ്ങിവന്ന മാലാഖയാണോ എന്ന് സംശയം ജനിപ്പിക്കും... സ്നേഹദൂതുകളുടെ ഉടമ....

കുടിയേറ്റ ഗ്രാമത്തിന്റെ കണ്ണീരൊപ്പാൻ മലകയറി ഇറങ്ങിയ അജഗണങ്ങളുടെ ആത്മീയ പിതാവ്.... വിലാപങ്ങൾക്ക് കാതോർക്കുന്ന ശ്രേഷ്ഠ ഇടയൻ... നിറഞ്ഞ പുഞ്ചിരിയോടെ ആരെയും സ്വീകരിക്കുന്ന മുഖം....

അമേരിക്കൻ ഭദ്രാസനത്തിന്റെ ആത്മീയ ഇടയനായി ഒരു വ്യാഴവട്ടക്കാലത്തിലധികം പ്രവർത്തിച്ച സ്നേഹത്തിന്റെ വിശുദ്ധരൂപം... മാത്യൂസ് മാർ ബർണബാസ്.

വിശ്രമജീവിതത്തിന് കോലഞ്ചേരി മെഡിക്കൽ കോളേജ് തിരഞ്ഞെടുത്തത് തിരുമേനിക്ക് രോഗികളോട് പ്രത്യേക വാത്സല്യം ഉള്ളതുകൊണ്ടാണെന്ന് വിശ്വസിക്കാമോ?

രോഗികളോട് പ്രത്യേക സ്നേഹവും കരുതലും എനിക്കുണ്ട് എന്നത് വാസ്തവം തന്നെ. എന്നാൽ കോലഞ്ചേരി ആശുപത്രിയിൽ വിശ്രമജീവിതം നയിക്കണമെന്ന് ഒരു ശാഠ്യവും എനിക്കില്ലായിരുന്നു. ഭദ്രാസന ഭരണം ഒഴിഞ്ഞപ്പോൾ ഞാൻ ചിന്തിച്ചത് വളയഞ്ചിറങ്ങരയിൽ താമസിക്കണമെന്നായിരുന്നു. (പകൽ ഭവനത്തിലും രാത്രി പള്ളിയിലും) എന്നാൽ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനി എന്നോടു പറഞ്ഞു, തിരുമേനിക്ക് വിശ്രമ ജീവിതം നയിക്കുവാൻ തിരുമേനി ദീർഘകാലം ചാപ്ലയിൻ ആയി ശുശ്രൂഷ അനുഷ്ഠിച്ച കോലഞ്ചേരി ഹോസ്പിറ്റൽ നല്ലതായിരിക്കും എന്ന്. ആ അഭിപ്രായത്തെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്തു. ഇപ്പോൾ വളരെ സന്തോഷം.

ഭദ്രാസന ഭരണം ഒഴിഞ്ഞത് അനാരോഗ്യം മൂലമാണോ അതോ വിശ്രമജീവിതം കാംക്ഷിച്ചതുകൊണ്ടാണോ?

1992 മുതൽ 2011 ജനുവരി മാസം 18-ാം തീയതി വരെ അമേരിക്കൻ ഭദ്രാസനത്തിന്റെ ശുശ്രൂഷകനായി ഞാൻ സേവനം ചെയ്തു. എന്റെ കഴിവോ, പ്രാപ്തിയോ അല്ല ദൈവകൃപ ഒന്നുമാത്രം. നീണ്ട 19 വർഷം... ശാരീരികമായി അല്പം ക്ഷീണം അനുഭവപ്പെട്ടപ്പോൾ ഞാൻ ഭദ്രാസന ഭരണം ഒഴിയുവാൻ സന്നദ്ധനായി... ദൈവകൃപയാൽ എന്നെ സ്വന്തം

MalankaraOrthodoxTV

പിതാവിനെപ്പോലെ സ്നേഹിക്കുകയും കരുതുകയും ചെയ്ത അഭി. നിക്കോളാവോസ് തിരുമേനിയെ തന്നെ എന്റെ പിൻഗാമി ആയി ലഭിക്കുകയും ചെയ്തു.

അമേരിക്കൻ ഭദ്രാസനത്തെ കുറിച്ചുള്ള കാഴ്ചപ്പാടും, വിലയിരുത്തലും?

അമേരിക്കൻ മെത്രാസനം മറ്റു ഭദ്രാസനങ്ങളെപ്പോലെ തന്നെയാണ്. ഒട്ടേറെ സഭാസ്നേഹികൾ അവിടെയുണ്ട്. വേണ്ടതുപോലെ നടത്തിയാൽ നല്ലൊരു ഭാവി അമേരിക്കയ്ക്കുണ്ട്.

സഭയിലെ വൈദികരെക്കുറിച്ചും, അത്മായരെക്കുറിച്ചുമുള്ള തിരുമേനിയുടെ കാഴ്ചപ്പാടും, അഭിപ്രായവും?

വൈദികൻ സഭയുടെ നട്ടെല്ലാണ്... വിശ്വാസികൾ സഭയുടെ സമ്പത്തും... ആത്മാർത്ഥമായി സഭയെ സ്നേഹിക്കുന്ന വൈദികരും, അൽമായരുമുണ്ട് എനിക്ക് നേരിട്ടറിയാം പലരേയും.. മറിച്ചുള്ളവരും കുറവല്ല... മക്കളേ! സഭയാണ് നമ്മുടെ ശക്തിയും ബലവും. ഈ സഭയുടെ മക്കളെന്ന നിലയിൽ പുരോഹിതരെ നിങ്ങൾ സ്നേഹിക്കണം... പുരോഹിതരേ! നിങ്ങളുടെ അജഗണത്തെ ഭംഗിയാംവണ്ണം പരിപാലിക്കണം....

ജീവിതത്തിലെ സന്തോഷപ്രദങ്ങളായ അനുഭവങ്ങൾ ഏതൊക്കെയാണെന്നാണ് തിരുമേനി കരുതുന്നത്?

വൈദികസെമിനാരിയിൽ അദ്ധ്യാപനം നടത്തിയ കാലം, കോലഞ്ചേരി ആശുപത്രിയിലെ ചാപ്ലെയിൻ ശുശ്രൂഷയും, ഭദ്രാസന ഭരണവുമൊക്കെ സന്തോഷപ്രദം തന്നെ... കർത്താവു തന്റെ ജീവിത വ്യാപാരത്തിൽ കഷ്ടതയിലും സന്തോഷിച്ചില്ലേ... നാമും അങ്ങനെ തന്നെ ആയിരിക്കേണ്ടേ!

ആത്മകഥ എഴുതുവാനുണ്ടായ സാഹചര്യവും, ആത്മകഥയ്ക്ക് 'ദൈവത്തിന്റെ കൃപ' എന്ന് പേരു നൽകാനിടയായതും വ്യക്തമാക്കാമോ?

എന്നെ സ്നേഹിക്കുന്ന നിരവധി അച്ചൻമാരും, സഖറിയ മാർ നിക്കോളാവോസ് തിരുമേനിയും ആത്മകഥ എഴുതുവാൻ എന്നെ പ്രേരിപ്പിച്ചു. 'ദൈവത്തിന്റെ കൃപ' എന്ന് ആത്മകഥയ്ക്കു പേരു നൽകിയത് വേറൊന്നുംകൊണ്ടല്ല എന്റെ ബാല്യം മുതലേ ആ ദൈവിക കൃപ അനുഭവിച്ചു വളരാൻ ഭാഗ്യം ലഭിച്ചതുകൊണ്ടാണ് എന്റെ ജീവിതം മുഴുവനും ദൈവകൃപ ഒന്നുമാത്രം.

അമേരിക്കയിലെ സഭാമക്കളുടെ ആത്മീയ ജീവിതം തിരുമേനി എങ്ങനെ വിലയിരുത്തുന്നു...?

അമേരിക്കയിൽ നല്ലൊരു സംഘം യുവാക്കൾ പ്രത്യേക പ്രേരണകൾ ഒന്നും കൂടാതെ തന്നെ ആത്മീയ വേലയ്ക്കായി, വൈദിക ശുശ്രൂഷയ്ക്കായി വന്നു. അത് ദൈവത്തിന്റെ വിളി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മനുഷ്യരുടെ പ്രവർത്തനത്തെക്കാൾ ഉപരിയായി ദൈവം തമ്പുരാൻ അവരെ വിളിച്ചു... അവർ അതിനനുസൃതമായി പ്രതികരിച്ചു...

പൗരോഹിത്യ പദവിയിലേക്ക് ആകർഷിക്കപ്പെടുവാനുണ്ടായ സാഹചര്യം?

സന്യാസി ആകുവാനാണ് വളരെ ചെറുപ്പത്തിൽ തന്നെ ആഗ്രഹിച്ചത്. എന്നാൽ ഞാൻ പോകാനിരുന്ന പിറമാടം ദയറായിൽ ഉള്ളവർ അതുവിട്ടുപോയി നാമാവശേഷമായി കഴിഞ്ഞപ്പോൾ 6-ാം ക്ലാസ്സ് പാസായ എനിക്ക് എങ്ങോട്ടു പോകണമെന്ന് നിശ്ചയമില്ലാതായി... പോകുവാനാഗ്രഹിച്ച ദയറായിൽ ആരുമില്ല അപ്പോൾ വൈദിക വൃത്തിയിലേക്ക് പ്രവേശിച്ച് ദൈവത്തെ സേവിക്കാമെന്ന് തീരുമാനിച്ചു. എന്നാൽ മെത്രാപ്പോലീത്തായാകുമെന്നുള്ള ഒരു മുൻനിശ്ചയമോ അതിനുള്ള ആഗ്രഹമോ എനിക്കില്ലായിരുന്നു.... എന്നാൽ ദൈവം തിരഞ്ഞെടുത്തു. ബലഹീനനായ ഞാൻ സമർപ്പിച്ചു അത്രമാത്രം.

സന്യാസ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ....?

സന്യാസ പ്രസ്ഥാനങ്ങളും സന്ന്യസ്തരും സഭയ്ക്കാവശ്യം തന്നെ. എന്നാൽ സന്യസ്ത പ്രസ്ഥാനങ്ങളുടെ ഇന്നത്തെ അവസ്ഥ അതിന്റെ ആത്മീയമായ ശക്തി ദുർബ്ബലമായികൊണ്ടിരിക്കുന്നു. എന്ന പരമാർത്ഥത്തെയാണ് കാണിച്ചു തരുന്നത്.... വളരെയധികം സമർപ്പണം ഉള്ള ആളുകളെയാണ് സന്യാസ പ്രസ്ഥാനങ്ങൾക്കാവശ്യം.

തിരുമേനിയുടെ പ്രസംഗങ്ങളും, ലേഖനങ്ങളും ഒക്കെ അവസാനിക്കുന്നത് 'സ്നേഹം' എന്ന ആശയത്തിലാണല്ലോ സ്നേഹരാഹിത്യത്തിന്റെ ഒരു ലോകത്ത് എങ്ങനെ ദൈവസ്നേഹം യാഥാർത്ഥ്യമാക്കും?

ഇതിന് ഒറ്റ വാക്കിൽ ഉത്തരം നൽകിയാൽ ഇത്രേയുള്ളൂ.. "സ്നേഹിക്കുക", "സ്നേഹിക്കുക", "സ്നേഹിക്കുക". സ്നേഹമില്ലാത്ത ലോകം സ്വപ്നം കാണാൻ പോലുമാവില്ല. നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വീൻ എന്നല്ലേ (1 കൊരി. 16:14) ദൈവകൃപയുണ്ടെങ്കിൽ സ്നേഹമില്ലാത്ത ലോകം സ്നേഹപാതയിൽ വരും. സംശയം വേണ്ട!

അങ്ങനെയെങ്കിൽ കക്ഷിവഴക്കിനെ കുറിച്ചുള്ള തിരുമേനിയുടെ അഭിപ്രായം എന്താണ്?

കക്ഷിവഴക്ക് മനുഷ്യന്റെ ബലഹീനതയിൽ നിന്നുണ്ടായതാണ്. അതു

MalankaraorthodoxTV

തീരാത്തതിന്റെ കാരണം മനുഷ്യന്റെ ബലഹീനതയുമാണ്.

ഇടുക്കി, അങ്കമാലി, കോട്ടയം എന്നീ മെത്രാസനങ്ങളിലെ ശുശ്രൂഷാ കാലയളവിനെക്കുറിച്ച്?

അങ്കമാലിയിലും, കോട്ടയത്തും കാര്യമായി പ്രവർത്തിക്കുവാൻ എനിക്ക് സാധിച്ചില്ല. ഇടുക്കിയിലും അമേരിക്കയിലുമാണ് പ്രവർത്തിച്ചത്. ദൈവാശ്രയത്തോടെ പല പ്രതിസന്ധികളെയും തരണം ചെയ്യുവാൻ സാധിച്ചു. പ്രത്യേകിച്ച് 'ഇടുക്കി' വളരെയേറെ കഷ്ടതയും, പ്രയാസവും ഉള്ള നാടാണ്. അവർക്കുവേണ്ടി ഞാൻ എന്തൊക്കെയൊ ചെയ്തു. അവർക്കെല്ലാവർക്കും എന്നോട് വളരെയേറെ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. സ്വയപരിത്യാഗത്തിൽ കൂടിയല്ലാതെ ഇടുക്കിയിലേക്ക് ആരും ചെല്ലുകയില്ല. എന്നാൽ അമേരിക്കയിലെ കാര്യം മറിച്ചാണ്. ധാരാളം പണമുള്ള, എല്ലാത്തരത്തിലും ഉന്നതിയുള്ള ഒരു രാജ്യത്ത് ഒരു മെത്രാച്ചനോ മറ്റോ ചെന്ന് അവരെ സേവിക്കണം എന്ന ചിന്ത അവരിൽ അധികമാർക്കും ഉണ്ടായിരുന്നോ എന്ന് സംശയമാണ്... അവിടെയും ദൈവാശ്രയമുള്ളവർ ഉണ്ടായിരുന്നതുകൊണ്ട് ഞാൻ സംതൃപ്തനായി.

ജീവിതം എന്തു പഠിപ്പിച്ചു?

ദൈവകൃപ കൂടാതെ മനുഷ്യർക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല എന്ന സത്യം പഠിപ്പിച്ചു...

ഇവിടെയുള്ള ജീവിതം?

നിറഞ്ഞ സന്തോഷം... (ചിരിക്കുന്നു) പ്രാർത്ഥിക്കാം, രോഗികളെ സന്ദർശിക്കാം..., സന്തോഷവും, സമാധാനവും അനുഭവിച്ച് കഴിയാം.... പിന്നെ നിങ്ങളെല്ലാവരുടെയും വാത്സല്യം അനുഭവിക്കാം. വേറെ എന്താണ് ഈ ജീവിതത്തിനുവേണ്ടത്... 21-ൽപ്പരം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ദൈവം അനുവദിക്കുന്നപക്ഷം ഇനിയും എഴുതാൻ ആഗ്രഹവുമുണ്ട്....

സഭാമക്കളോടുള്ള സന്ദേശം?

മനുഷ്യർ പരസ്പരം മനുഷ്യരെ ദൈവമക്കളായി കാണാൻ തുടങ്ങണം. ദൈവത്തിന്റെ മക്കളായി മനുഷ്യനെ കാണുവാനും സ്നേഹിക്കുവാനും ബഹുമാനിക്കുവാനും മനുഷ്യൻ പഠിക്കണം. അപ്പോൾ സ്വാർത്ഥതയ്ക്കു സ്ഥാനമില്ലാതെയാകും.

ഇത് കൂടാതെ നിങ്ങൾക്ക് ഏവർക്കും ഉണ്ടായിരിക്കേണ്ട 10 സുകൃതങ്ങൾ. ഇവ നിങ്ങൾ ജീവിതത്തിൽ എപ്പോഴും ഓർമ്മയിലുണ്ടാവണം.

Malankaraorthodox.TV

1) കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ (ഫി. 14:4). 2) തോൽവികളെ വിജയത്തിന്റെ ചവിട്ടുപടികളാക്കുക. 3) കഷ്ടതകളിൽ നിന്നും ദൈവം നമ്മെ കരകയറ്റും എന്ന നല്ല പ്രത്യാശയുണ്ടാവുക. 4) മറ്റുള്ളവരെ നമ്മെപ്പോലെ കണ്ട് അവരുമായി താദാത്മ്യം പ്രാപിക്കുക. 5) സത്യസന്ധത കൈവിടരുത്. 6) ക്ഷമയുള്ളവരാവുക. 7) പൊതുവിന്റെ നന്മയ്ക്ക് വേണ്ടി കഠിനാധ്വാനം ചെയ്യുക. 8) ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുക. 9) മറ്റുള്ളവരിലെ നന്മകളെ തിരിച്ചറിഞ്ഞ് അഭിനന്ദിക്കുക. 10) മദ്യവും മയക്കുമരുന്നും മറ്റ് ലഹരി പദാർത്ഥങ്ങളും പാടെ ഉപേക്ഷിക്കുക.

(87-ന്റെ നിറവിൽ കോലഞ്ചേരി മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ വിശ്രമജീവിതം നയിച്ച മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുമായി ഓർത്തഡോക്സ് സെമിനാരി വിദ്യാർത്ഥികളായ ***അനൂപ് ജോസഫ്, തോമസ് രാജു*** *എന്നിവർ നടത്തിയ അഭിമുഖം. മലങ്കരസഭാ മാസിക, 2011 ജൂലൈ.)*

Malankaraorthodox.TV



ഭൗതികദേഹം
പാമ്പാടി
ദയറായിൽ

ഭൗതികദേഹം
ഓർത്തഡോക്സ്
സെമിനാരിയിൽ

ഭൗതികദേഹം
വളയഞ്ചിറങ്ങര
പള്ളിയിൽ

എപ്പോഴും സന്തോഷിക്കുക

എപ്പോഴും സന്തോഷിക്കുക എന്നത് ഏവർക്കും സന്തോഷകരമാണ്. ആർക്കാണ് ദുഃഖം വേണ്ടത്. ആർക്കാണ് വെറുപ്പ് വേണ്ടത്. എല്ലാവർക്കും സന്തോഷം മതി. എല്ലാവർക്കും മറ്റുള്ളവരുടെ സ്നേഹം വേണം.

ഏവരേയും സ്നേഹിക്കുന്ന ഒരു സ്വഭാവം വളർത്തിയിട്ടുണ്ടെങ്കിൽ മാത്രമേ കർത്താവിൽ സന്തോഷിക്കുന്ന അനുഭവം ഉണ്ടാകൂ.

തോൽവികൾ വരുമ്പോൾ അതിന്റെ കാരണം കണ്ടുപിടിക്കുന്നെങ്കിൽ വിജയത്തിലേക്കുള്ള ചവിട്ടുപടിയാകും. പലരും തോൽവി വരുമ്പോൾ നിരാശപ്പെട്ടു പോകും. ഇതിന്റെ കാരണം കണ്ടുപിടിക്കുവാനുള്ള പരിശ്രമം വേണം.

കഷ്ടത വരുമ്പോൾ ദൈവം നമ്മെ തള്ളിക്കളഞ്ഞു എന്നു വിചാരിക്കരുത്. കഷ്ടതകളിൽ നിന്നും നന്മ ഉളവാക്കുവാൻ ദൈവത്തിന് സാധിക്കും എന്നുള്ള ജിജ്ഞാസ ആർക്കെല്ലാം ഉണ്ടാകുന്നുവോ അവർക്ക് കൂടുതൽ കൂടുതൽ ഉയരുവാൻ സാധിക്കും.

മറ്റുള്ളവരുമായി താദാത്മ്യം പ്രാപിക്കുമ്പോൾ നമുക്ക് നിസ്വാർത്ഥരായി തീരുവാൻ കഴിയും. നമ്മൾ പലപ്പോഴും സ്വാർത്ഥരായി ജീവിക്കും. അത് നാശത്തിലേക്ക് നയിക്കും. അന്യരുടെ സന്തോഷം നമ്മുടെ സന്തോഷമാകണം. അന്യരുടെ തോൽവി നമ്മുടെ തോൽവിയാകണം. അന്യരുടെ ഉയർച്ച നമ്മുടെ ഉയർച്ച. അതാകണം നമ്മുടെ ലക്ഷ്യം.

ജന്മദിനം, എല്ലാദിനവും ഒരുപോലെയാണ്. എല്ലാ ദിനവും പ്രധാനപ്പെട്ടതാണ്. Every day is equally important.

നമ്മെ ദൈവം തമ്പുരാൻ സൃഷ്ടിച്ചിരിക്കുന്നത് ഏത് ഉദ്ദേശത്തോടുകൂടിയാണെന്ന് മനസ്സിലാക്കണം. ദൈവം നമ്മെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചിരിക്കുന്നു. ദൈവത്തെപ്പോലെ ആയിത്തീരുക എന്നതാണ് ഉത്തരവാദിത്വം. ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചിരിക്കുന്ന നമ്മുക്ക് എപ്പോഴും ഓർക്കുവാനുള്ളത്, ദൈവത്തെപ്പോല ആയിത്തീരുക എന്നുള്ളതാണ്. ലോകത്തിൽ നമുക്ക് പലതും ചെയ്യുവാനുണ്ട്. എങ്കിലും ഒരു കാര്യം പ്രധാനം. ദൈവത്തെപ്പോലെ ആയിത്തീരുക. ദൈവത്തെപ്പോലെയുള്ള സ്നേഹം, ദൈവത്തെപ്പോലെയുള്ള വിനയം, ദൈവത്തെപ്പോലെയുള്ള സർവ്വസ്വവും നേടണം. അതിൽ കവിഞ്ഞ് ഒന്നുമില്ല.

ദൈവത്തിൽ ആശ്രയിച്ച് ദൈവത്തിന്റെ സഹായത്തോടുകൂടി ദൈവത്തേപ്പോലെ ആയിത്തീരുക. അതിനായി പ്രാർത്ഥിക്കുക. അതിനായി പ്രവർത്തിക്കുക.

(88-ാം ജന്മദിനത്തിൽ നടത്തിയ സ്വകാര്യ പ്രഭാഷണം 9 ആഗസ്റ്റ് 2012)

MalankaraOrthodox.TV

ഭൗതികദേഹം വളയഞ്ചിറങ്ങരപള്ളിയിൽ